ഈ ഗ്രന്ഥത്തിൽ സുംഭൻ നിസുംഭൻ എന്ന അസുരന്മാരെ ദേവി നിഗ്രഹിക്കുന്നു. ഗ്രന്ഥത്തിൽ 13 അദ്ധ്യായങ്ങളുണ്ട്. കൎത്താവ് തുഞ്ചത്തു രാമാനുജനെഴുത്തച്ഛനാകുന്നു. ഗ്രന്ഥാവസാനത്തിൽ ദേവിമാഹാത്മ്യത്തെയും ദേവിയുടെ നാമസഹസ്രങ്ങളേയും ഗദ്യരൂപേണ പ്രതിപാദിക്കുന്നു. ഇതു പൂൎണ്ണമായി കാണുന്നില്ല. ഈ ഗ്രന്ഥം കേരളത്തിൽ പല സ്ഥലങ്ങളിലും അച്ചടിച്ചു പ്രസിദ്ധം ചെയ്തിട്ടുണ്ട്.

No. 20. ദേവീമാഹാത്മ്യം.

DĒVĪMĀHĀTMYAM.

Substance, palm-leaf. Size, $7\frac{5}{8} \times 1\frac{1}{2}$ inches. Foll. 59. Lines, 8 on a page. Character, Malayalam. Condition, good. Appearance, old.

Complete.

Same work as the above.

ഈ ഗ്രന്ഥത്തിൽ ദേവീമാഹാത്മ്യം 13 അദ്ധ്യായങ്ങളും ഉള്ളതിന്നപുറമെ ദേവീപൂജാക്രമവും ദേവിയുടെ നാമങ്ങളും മററും ഗദ്യരൂപമായി 14 ഏടുകളിൽ പ്രതിപാദിക്കുന്നു. ഗ്രന്ഥാവസാനത്തിൽ "ഇതി ശ്രീമാൎക്കണ്ഡെയപുരാണെ മനന്തരെ ദേവീമാഹാത്മ്യെ അഷ്ടാദശോദ്ധ്യായഃ" എന്നു എഴുതിയതായി കാണുന്നതുകൊണ്ടു ഈ ഗ്രന്ഥം 18 അദ്ധ്യായങ്ങളുള്ളതാണെന്നു മനസ്സിലാകുന്നു. പക്ഷെ പതിമൂന്നദ്ധ്യായമെ അച്ചടിച്ചു പ്രസിദ്ധം ചെയ്തിട്ടുള്ളു. ബാക്കി അഞ്ചദ്ധ്യായം പദ്യരൂപമായി ഒരിടത്തും കണ്ടുകിട്ടീട്ടില്ല. അതുകൊണ്ടു ഈ ഗ്രന്ഥാനുസാരേണ ബാക്കി അഞ്ചദ്ധ്യായവും ഗദ്യരൂപമാണെന്ന് ഊഹിക്കേണ്ടിയിരിക്കുന്നു. ഇതു കേരളത്തിൽ അച്ചടിച്ചിട്ടുള്ളതായി കേട്ടിട്ടില്ല.

No 21. ദേവീമാഹാത്മ്യം.

DĒVĪMĀHĀTMYAM.

Substance, palm-leaf. Size, $5\frac{1}{4} \times 1\frac{3}{8}$ inches. Foll. 100. Lines, 7, 8, 9, 4, or 5 on a page. Character, Malayalam. Condition, good. Appearance, old.

13 Adhyāyas complete.

Same work as the above.

No. 22. സേതുമാഹാത്മ്യം.

SĒTUMĀHĀTMYAM.

Substance, paper. Size, $10 \times 10\frac{3}{8}$ inches. Pages, 411. Lines, 20 on a page. Character, Malayalam. Condition, good. Appearance, new. Complete.

A free rendering of the Sanskrit "Sētumāhātmya" which deals with the holiness and religious importance of Sētu or Rāmēśvaram.

This work has been printed.

Beginning :

ശങ്കരശിവശിവ ശങ്കരശിവ
ശങ്കരശിവശങ്കര ശിവശിവ
തിങ്കൾതൻകലയിനാലംകിതമൌലെമണി
സംഗശോഭിതപാണിപങ്കജമഹാദേവ.

അങ്കിലോചന മലമങ്കകാങ്കയിൽ(ങ്ക?)
ക(ം)മ(ക)മകരം കരപങ്കില കളേബരം
സംകടാപഹ വിഭോ നിൻ കഴി(ഴ)വി(ലി)ണയുഗ
മെൻകരളിങ്കൽ സദാകാലവും വസിക്കേണം.

ഏണിലോചനെ വാണി നാണി(യോ) ശ്ശുണാഞ്ചിതെ
നാണീടെല്ലാതും മമ നാവിന്മേൽ വാണീടുവാൻ
കൃഷ്ണനും കൃഷ്ണദ്വൈപായനനും തുണക്കേണം
കൃഷ്ണ നാമഗ്രജ(ൻ മെൻറ)(നും) കാരുണ്യമുണ്ടാകേണം.

സേതുമാഹാത്മ്യം കഥാഭാഷയായ് ചൊല്ലീടുവാൻ
ചേതസി പാരം വളന്നീടുന്ന കൌതുഹലം.

Colophon :

ഇതിഹാസെ ശ്രീമൽ സേതുമാഹാത്മ്യെ ചക്രതീൎത്ഥമഹിമാകാണ്ഡം സമാപ്തം.

End ;

ഇങ്ങിനെ നിങ്ങൾക്കു ഞാൻ സേതുമാഹാത്മ്യം ചൊന്നേൻ
മംഗലതമമിദം മോക്ഷസാ(ദാ)യകം വരം
നിത്യവും പഠിക്കതാൻ കേൾക്കതാൻ ചെയ്യുന്നാകിൽ
എത്രീടുമവന്നു വേണ്ടുന്ന സൌഖ്യങ്ങളെല്ലാം.

അഗ്നിഷ്ടോമാദിയജ്ഞം ചെയ്ത പുണ്യവുമുണ്ടാം
നിത്യവും ചതുർവ്വേദാദ്ധ്യായപുണ്യവുമുണ്ടാം
ദേഹാന്തെ കൈലാസമാമചലമകംപുക്കു
മോഹനം ശൈവപദം ലഭിക്കുമസംശയം.

ഭൂതവേതാളപ്രേതപീഡയുമുണ്ടാകയില്ല
വ്യാധിപീഡയുമില്ല തസ്കരഭയമില്ല
ഗ്രഹപീഡയുമുണ്ടാകയില്ല സത്യമെന്നറിഞ്ഞാലും.
ഏതൽ പുസ്തകമിരിക്കും ഗൃഹം രാമേശ്വരമല്ലൊ

ചേതസി സന്ദേഹമുണ്ടാകേണ്ട മുനിമാരെ
ഗന്ധമാദനം ചതുർവ്വിംശതി തീർത്ഥങ്ങളും
സന്തതം തത്ര വാണീടുകെന്നറിഞ്ഞാലും
ബ്രഹ്മാവും വിഷ്ണു മഹേശ്വരന്മാരെന്നുവേണ്ട

നിർമ്മലന്മാരായ ദേവന്മാരും തത്ര വാഴും
സുതന്മമേവമുരചെയ്തു രാമനാഥനെ
ചേതസാ ചിന്തിച്ചു കൊണ്ടാനന്ദം തേടീടിനാൻ
ശ്രീരാമേശ്വര ദയാവാരിധെ രക്ഷിക്കേണം.

(ശ്രീ)രാമരാമ ജഗന്മംഗല രക്ഷിക്കേണം.

Colophon :

ഇതി ശ്രീമൽ സേതുമാഹാത്മ്യെ രാമനാഥകാണ്ഡം സമാപ്തം.

Adds :

ശ്രീരാമചന്ദ്രകരുണാകര രാമചന്ദ്ര
രാജേന്ദ്രചന്ദ്രരഘുവംശസമുദ്രചന്ദ്ര
സുഗ്രീവനേത്രയുഗളോല്പല പൂർണ്ണചന്ദ്ര
ശ്രീരാമ( ) കുമുദചന്ദ്രനമോനമസ്തെ.

കൊല്ലം 1021-ാമതു കർക്കടകമാസം 28-ാനു- ബോധിനാഴിച്ച (ബുധനാഴ്ച) എഴുതിത്തീർന്ന പുസ്തകം—

ഈ ഗ്രന്ഥത്തിൽ പ്രധാനമായി രാമേശ്വരത്ത് ശ്രീരാമൻ കെട്ടിയ സേതുവിന്റെയും മററു പല പുണ്യതീർത്ഥങ്ങളുടെയും മാഹാത്മ്യത്തെ വിസ്തരേണ പ്രതിപാദിക്കുന്നുണ്ട്. ഇതു സംസ്കൃതത്തിലുള്ള സേതുമാഹാത്മ്യത്തിന്റെ ഒരു സ്വതന്ത്ര തർജ്ജിമയാകുന്നു. ഇതിന്റെ കർത്താവ് ഇതുവരെ ആരെന്നു നിർണ്ണയിച്ചിട്ടില്ല. ഇതു കേരളത്തിൽ പലസ്ഥലത്തും അച്ചടിച്ചു പ്രസിദ്ധം ചെയ്തിട്ടുണ്ട്. ഗ്രന്ഥത്തിൽ അബദ്ധങ്ങൾ ധാരാളമുണ്ട്.

No. 23. കാവേരീമാഹാത്മ്യം.

KĀVĒRĪMĀHĀTMYAM.

Substance, paper. Size, $10\frac{3}{4} \times 9\frac{3}{4}$ inches. Pages, 156. Lines, 20 on a page. Character, Malayalam. Condition, good. Appearance, new. Complete.

This work deals with the sanctity and the religious importance of the river Kāvēri and is apparently based on the Sanskrit "Kāvērī-māhātmya." The name of the author is not given, but it is stated that he was a pupil of Gōvinda and Kṛṣṇa.

This work has been printed.

Beginning :

ശ്രീരാമേശ്വര കമലേശ്വര മഹേശ്വര
ശ്രീധര(ാ)ഗൌരീഗംഗാശയഭാരതീനാഥജീവ
ജീവേശജീവജീവ മന്ദിര കൃഷ്ണ ജീവ(ാ)
(ജീവാ)ത്മാ പരമാത്മാ മായാ വല്ലഭാ ദേവ.

ശ്രീമഹാലക്ഷ്മീ തവ വൈഭവം ലോകമെല്ലാം
സോമഹേമാദ്രീന്ദ്ര സൂര്യ്യഗ്രഹദിശീശരെ
വ്യാസനും വാഴ(ല്) മീ (മീ)കിയും നാരദൻ ശുകൻ താതൻ
ദാസനാമെന്റെ ഗുരു ഗോവിന്ദകൃഷ്ണന്മാരും.

ബ്രാഹ്മണപ്രവരരും വാണിയും ഗണേശനും
സന്മതപ്രവരരും തുണക്ക വന്ദിക്കുന്നേൻ
പഞ്ചവർണ്ണത്തിൽ സ്വർണ്ണരത്നമാം കിളിപ്പെണ്ണേ
സഞ്ചാരശീലെ കഥ ചൊല്ലെടോ പാപംപോവാൻ.

ഭക്ഷ്യസാധനമെല്ലാം ഭുജിച്ചു തൃപ്തയായി
ശിക്ഷയിൽ ഭഗവാന്റെ ചരിതം ചൊൽകെന്നപ്പോൾ
പൈങ്കിളിമകൾ പൈദാഹാദികൾ തീർത്തുകൊണ്ടു
എങ്കിലോ കാവേരിതൻ മാഹാത്മ്യം കേട്ടുകൊൾക.

ദുഷ്കൃത സമൂഹത്തെ സത്വരം നശിപ്പിക്കു-
മക്കനഗ്നിയുമെന്നപോലെ കാവേരീതീർത്ഥം.

Colophon :

ഇതി ശ്രീരംഘ(ഗേ)ശവാസെ കാവേരീപുരാണെ വേദാംശകെ പ്രഥമച്യുതഃ

End :

ഈരേഴലോകത്തിൽ പ്രസിദ്ധമഹാമായ
പാരാതെ എല്ലാവരും ഇക്കഥ സ്മരിച്ചീടിൽ
ഇക്കഥയൊരുത്തന്റെ മന്ദിരെ ഇരിക്കിലോ
ചൊൽകൊണ്ട ഭയമൊന്നു മണയയില്ലയല്ലോ.

ഇക്കഥ കഥിപ്പവൻ മുക്തനാമന്ത്യകാലെ
സൽക്കഥാ ഇതുപോലെ ഭൂതലെ ഇല്ലയെടോ
ഇക്കഥാ എഴുതിയും പഠിപ്പും കേട്ടുകൊൾകിൽ
വെക്കമങ്ങുടൻ മുക്തി സിദ്ധിക്കുമെളുപ്പമായ്
കാവേരിസ്നാനത്തിന്നു പോകുമ്പോളിതെന്നിയെ
കേവലമൊരു കഥ വർണ്ണിപ്പാനുണ്ടോ ലോകെ

ശൌനകാഖ്യാനെ കേട്ടുകൊള്ളുവിൻ ശേഷം ചൊല്ലും
മൌനഭാവത്തെ വിട്ടു കേട്ടാലും സുഖത്തോടെ

ശ്രീരങ്ഗനാഥൻ തന്നെ സ്മരിച്ചു കൊൾവിൻ നിത്യം
ശ്രീരംഗ സന്നിധിയിൽ സ്നാനവും ചെയ്തു കൊൾവിൻ
അദ്ധ്യായമഷ്ടാവിംശമിവിടെ കഴിഞ്ഞിതു
സ്വാദ്ധ്യായത്തോടെ ശേഷം കേട്ടാലും സുഖത്തോടെ

Colophon:

ഇതി ശ്രീരംഗേശ്വരദാസെ കാവേരിമാഹാത്മ്യമഹാകാവ്യെ ശ്രീനാരായണ വിലാസെ ചതുത്ഥ്യ.

End:

കൊല്ലം 1018-മാണ്ടു വൃശ്ചിക മാസം 1-ാംനു ഉത്രട്ടാതിയും ഞായറാഴ്ചയും വെളുത്തപക്ഷം മഹാനവമിയും കൂടിയ ദിവസെ വ്യാഘ്യസൂകരക്കരണവുംകൂടി അന്ന അപരാഹ്നികാലെ എഴുതി തീൎത്ത പുസ്തകമിദം സമാപ്തം.

ഇവിടെ മാമുനികൾ സൂതനോടു തീൎത്ഥമാഹാത്മ്യങ്ങളെ പറയുവാൻ അപേക്ഷിച്ചതനുസരിച്ചു സൂതൻ ഹരിശ്ചന്ദ്രന് പാപശാന്ത്യൎത്ഥം വ്യാസമഹൎഷി ഉപദേശിച്ച കാവേരിമാഹാത്മ്യത്തെയാണ് കിളിപ്പാട്ടായി ഭാഷയിൽ എഴുതിയിരിക്കുന്നതു്. ഇതിൽ 28 അദ്ധ്യായങ്ങളാണ് ഉള്ളതെന്നു ഗ്രന്ഥാവസാനത്തിൽ പറയുന്നു. മംഗളശ്ലോകങ്ങളെക്കൊണ്ടു ഗ്രന്ഥകൎത്താവു ഗോവിന്ദൻ, കൃഷ്ണൻ എന്ന രണ്ടു ആചാൎയ്യന്മാരുടെ ശിഷ്യനാണെന്നു കാണുന്നു. ഈ ഗ്രന്ഥം കേരളത്തിൽ അച്ചടിച്ചു പ്രസിദ്ധം ചെയ്തിട്ടുണ്ടു്.

No. 24. ഏകാദശീമാഹാത്മ്യം.

ĒKĀDAŚĪMĀHĀTMYAM

Substance, paper. Size, 9½ × 10 inches. Pages, 35. Lines, 20 on a page. Character, Malayalam. Condition, good. Appearance, new.

Begins on page 1. The other work herein is—Vedikkampavidhi 37 a.

Complete.

Deals with the religious efficacy and importance of fasting on the Ēkādaśī day by relating the story of Rukmāṅgada. This work has been printed and is also known as Rukmāṅgada caritra.

Beginning:

ബാരണം (വാരണ) ബന്ദ മുഖവനും ബാ(വാ)ണി(യും)
പാരെഴും ദേവകിനന്ദനനും
ബ(വ)ാരിജജന്മാവും ഭോനിം(ഗി) ശയ(ന)നും
ബ(വ)ാരിജ വാ(ബാ)ണ വിനാശ(ന)നും.
ആറുമുഖവനും അച്ചനും കാളിയും
ആരണ(ാ)ധീശനാം വാല്മീകിയും
വ്യാസനുമെൻ ഗുരുനാഥനുമെന്നുടെ
ചേതസി തന്നിൽ വിളങ്ങേണമെ.

കാരുണ്യപൂരമിനിക്കരുളീടുവാൻ
ചാരു ശ്രു(വാം) പാദങ്ങൾ കൂപ്പുന്നു ഞാൻ
ഏകാദശീമാഹാത്മ്യത്തെ പുകൾവാനൊ-
രാശയുണ്ടുള്ളത്തിലുണ്ടാകുന്നു
ഊനം മഹാലോകർചെല്ലുമെന്നോത്തൊരു
ദീനതയുമുണ്ടു പൂരിക്കുന്നു.
ദുർജ്ജനമെൻ കുററം കണ്ടാൽ ചിരിച്ചീടും
സജ്ജനരെല്ലാം ക്ഷമിക്കമല്ലൊ.

Colophon:

ഇതി ഏകാദശിമാഹാത്മ്യം പ്രഥമാദ്ധ്യായ(ം) സമാപ്തഃ(ം).

End:

ഭക്തിയുള്ളോർകളെ രക്ഷിക്കുമെന്നതോ
യുക്തിയിതുകൊണ്ടു ചൊല്ലാമെല്ലോ
എപ്പോഴും നിൻപാദ പത്മയുഗങ്ങളെ
ഉൾപൂവിൽവെച്ചു സേവിക്കുന്നെ ഞാൻ.
അക്കസുതനായൊരന്തകദൂതന്മാ
രൊക്കവെ തിക്കി വന്നന്ത്യകാലെ.
കെട്ടിയടിച്ചീടുംപോഴെന്നെയും
പെട്ടെന്നു പാലിച്ചു കൊൾകസ്വാമി.
ലക്ഷ്മിപതെശന വിഷ്ണോ ദയാനിധെ
പുഷ്കരലോചന(ാ) തമ്പുരാനെ.
ചൊൽക്കൊണ്ട കണ്ണിപറമ്പിലമന്നിടും
തെക്കുംനാഥാ പോററി കൈതൊഴുന്നേൻ
ഇക്കഥാനിത്യവും ചൊല്ലുന്നവർകളും
ഭക്തിയോടെ യിതുകേൾക്കുന്നോരും
ദുഃഖമകന്നു സുഖിച്ചിരുന്നങ്ങിനെ
വില്ലനജീവവിയോഗത്തിങ്കൽ.
ക്ഷീരാംബുധിയിലനന്തനമൽ വാഴുന്ന(ാ)
നാരായണൻ പാദം ചേരുവാറെ.

Colophon:

ഇതി ഏകാദശിമാഹാത്മ്യം സമാപ്തം.

ഏകാദശി മാഹാത്മ്യം എന്ന ഒരം ഗ്രന്ഥത്തിൽ രുക്മാംഗദൻ എന്ന ഒരു രാജാവിൻെറ രാജ്യഭരണം, രാജ്യവാസികളുടേയും രാജാവിൻെറയും മററും ഏകാദശിവ്രതാനുഷ്ഠാനം കൊണ്ടു ഒരുത്തരും യമലോകത്തേക്കു പോകാത്തതിനാൽ ബ്രഹ്മാവിൻെറ അട്ടക്കൽ യമൻെറയും മററും ആവലാതി മുതലായ വിഷയങ്ങളെ പ്രതിപാദിക്കുന്നു. ദേവന്മാരുടെ ആവലാതി അനുസരിച്ച് ബ്രഹ്മാവ് രുക്മാംഗദൻെറയും മററും വ്രതഭംഗത്തിന്നു മോഹിനിയെ സൃഷ്ടിച്ച് ഭൂലോകത്തേക്കയക്കുന്നു. മോഹിനിയെ രുക്മാംഗദൻ പരിഗ്രഹിക്കുന്നു. അവളുടെ വ്രതഭംഗത്തിന്നുള്ള അപേക്ഷ; വ്രതത്തിന്നു ഭംഗം വരുത്തുവാൻ ഇഷ്ടമില്ലെങ്കിൽ രാജാവിൻെറ സീമന്തപുത്രനെ അമ്മയുടെ മടിയിൽവെച്ചു രാജാവു തന്നെ വെട്ടണം എന്നുള്ള മോഹിനിയുടെ നിർബ്ബന്ധം; വിഷ്ണു ഭക്തനും ഏകാദശി

വ്രത പ്രിയനും ആയ രാജാവ് വ്രതഭംഗം ചെയ്യാതെ പുത്രവധത്തിന്നൊരുങ്ങുന്നു. വെട്ടുവാൻ തുടങ്ങുമ്പോൾ വിഷ്ണുഭഗവാൻ തന്റെ ഭക്തനെ അനുഗ്രഹിച്ചു പുത്രവധത്തെ നിഷേധിച്ചു മോഹിനിയെ പറഞ്ഞയക്കുന്നു. ഇങ്ങിനെ ഏകാദശിവ്രതമാഹാത്മ്യത്തെ സംഗ്രഹേണ പ്രതിപാദിക്കുന്നു.

No. 25. രുക്മാംഗദചരിതം.

RUKMĀṄGADACARITAM.

Substance, palm-leaf. Size, $1\frac{3}{4} \times 11$ inches. Pages, 128. Lines, 9 on a page. Character, Malayalam. Condition, good Appearance, new. Complete.

Similar to the work described under No. 24.

The name of the author is not given.

Beginning :

ശ്രീമഹാഗണേശനും വാണിയും ഗിരീശനും
ശ്രീമണാളനും മഹാലക്ഷ്മിയും ശർവ്വാണിയും.
ശ്രീമതിജനനിയും ശ്രീഗുരുപാദങ്ങളും
ശ്രീമതാം വരന്മാരും ഭൂസുരശ്രേഷ്ഠന്മാരും.
നാലു വേദങ്ങൾക്കെല്ലാമാശ്രയമായുള്ളൊരു
നാന്മുഖഭഗവാനും നാരദൻ വ്യാസൻതാനും.
ബാലഗോപാലകൃഷ്ണസ്വാമിയും സദാ നമ്മെ
പാലനം ചെയ്തീടേണം ഞാനിതാ വണങ്ങുന്നേൻ.
വില്വാമലതന്നിൽ വിശ്രമിച്ചരുളുന്ന
വീരരാഘവസ്വാമിദേവനെ ധ്യാനംചെയ്തു.
ചൊല്ലെടോ കിളിപ്പെണ്ണേ വിഷ്ണുദേവന്റെ ലോകെ
ചെല്ലുവാനെളുപ്പമായുള്ളൊരു പെരുവഴി
ചൊല്ലിനാളതുകേട്ടു മെല്ലവെ കിളിപ്പെണ്ണും
ചൊല്ലെഴുമേകാദശി നോററു കൊള്ളേണം നിങ്ങൾ.

End :

ഇങ്ങിനെ ഏകാദശീമാഹാത്മ്യം വസിഷ്ഠനാൽ
ഭംഗിയോടുദീരിതം കേട്ടുടൻ മാന്ധാതാവും.
മുഖ്യമാമേകാദശിസുവ്രതമനുഷ്ഠിച്ചു
സൌഖ്യമായ് വിഷ്ണുപദം പ്രാപിച്ചു സുമംഗലം.
അക്കഥാ സൂതൻ മുനിശ്രേഷ്ഠരോടുരചെയ്തു
സൽകഥാപരന്മാരെ സാധുമാനുഷന്മാരെ.
വില്വാദ്രിപുരംതന്നിൽ വാണരുളീടും ദേവൻ
കല്യാണപ്രദൻ വിഷ്ണു ശ്രീരാമചന്ദ്രസ്വാമി,
നല്ലതു വരുത്തേണം നാട്ടിലെ പരദൈവം
നല്ലൊരു സുമംഗളം കല്യാണം,

Colophon:

ഇത്യേകാദശീമാഹാത്മ്യേ രുക്മാംഗദചരിതേ കേരളഭാഷാഗാനേ ചതുൎത്ഥപാദം സമാപ്തം.

Adds:

ദുൎമ്മതിനാമസംവത്സരം തുലാമാസം ൨൯-നു (29) അമാവാസ്യദിനം സമാപ്തം.

ഇതിൽ ഏകാദശീമാഹാത്മ്യത്തിൽ പറഞ്ഞ കഥ തന്നെ സവിസ്തരം കിളിപ്പാട്ടിൽ എഴുതിയിരിക്കുന്നു. ഈ ഗ്രന്ഥം കേരളത്തിൽ പല സ്ഥലത്തും അച്ചടിച്ചു പ്രസിദ്ധം ചെയ്തിട്ടുണ്ടു്. കഥാവിവരണം ഏകാദശീമാഹാത്മ്യത്തിൽ എഴുതിയിട്ടുള്ളതുകൊണ്ടു ഇവിടെ പ്രത്യേകം പ്രസ്താവിക്കുന്നില്ല. ഗ്രന്ഥകൎത്താവു തന്റെ പേർ പറഞ്ഞിട്ടില്ല.

RELIGION.

No. 26. ഷോഡശക്രിയാകാരികാ.

ṢŌḌAŚAKRIYĀKĀRIKĀ.

Substance, paper. Size, $9\frac{3}{4} \times 10\frac{7}{8}$ inches. Pages, 119. Lines, 20 on a page. Character, Malayalam. Condition, good. Appearance, new.

Complete.

Describes the religious rites of the twice-born in accordance with the Bōdhāyana school. The work is also called *Bōdhāyana smārtaprayōga*. The author of the work is Jayantan Nambudiri son, of Nīlakaṇṭhan Nambūdiri and disciple of one Śaṅkara.

Beginning:

കൊമ്പും തുമ്പിക്കയ്യും
ചെമ്പഞ്ഞിനിറം പഴിക്കുമുടൽവടിവും
സമ്പ്രതികോലും കോലും
സമ്പദമരുളീടുകമ്പിൽ മമ വചനാം.
പനിമതിനെറിമാളും
തന്മൊഴികളെങ്ങൾ നാവിൽനടമിടുക.
കനിവിലിടകുന്നിലിരിക്കും
പനിമലമകളും നമുക്കു തരിക വരം,
ബോധായനനെ വന്ദിച്ചു ഷോഡശക്രിയ ഭാഷയാ
ആഖ്യാസ്യാമീഹ ബാലപ്രബോധായ ചെറുതേഷ ഞാൻ
കാരികകണ്ടും പണ്ടേ
ഗുരുചരണസരോജസേവകൊണ്ടുമിത
വാരിവലിച്ചുചമച്ചോ-
വോരികയെന്നോക്കലാ മഹാജനമെ.
ഗുരുമുഖമിങ്ങാതെപോ-
കരുതൊന്നിന്നുമെന്നു കണ്ടു ചെറുതിവിടെ
പറയാതെയുണ്ടാമെ-

സാമാന്യമുള്ളവറെറക്കൊണ്ടാമെല്ലോ പറവാൻനടെ
പ്രമാദിയാതെചെയ്യെല്ലാം ക്ഷമയോടെ യഥാവലെ.

ഈറനുടുത്തിട്ടൊരു
കർമ്മംചെയ്യീലെങ്കിലുമിതുണ്ടൊരാചാരം.

സംസ്കാരാദികൾപിണ്ഡ-
ത്തോളവുമഥജാതകർമ്മീറനൊടെ.

വേളിചൌളം സമാവർത്തം സീമന്തമുപനീതിയും
ഗോദാനവുമിവാറിന്നും നന്ദിനാലിൽ കുറക്കൊലാ.
ദേവകൾക്കും പിതൃക്കൾക്കും ഒപ്പിച്ചിരിരിവക്കത.
മററുമെന്നിന്നുമോരോന്നിൽ കുറയച്ചെയ്യുതില്ലപോൽ.
തന്നെതുടൽ പിറന്നോരെ വിശ്വദേവകളാക്കുക.
തൻഗോത്രമല്ലയാത്തോരെ പിതൃക്കളെയുമാക്കുക.
ക്രിയമററൊരുവർക്കാകിൽ വലത്തവരെവെച്ചുടൻ·
തമ്മിൽപലകമേൽ പുല്ലു ഉടന്നിട്ടു തുടങ്ങുക.

End.

മൂവേഴുടെ മുടിക്കുതീന്ദ്രകുലമെ മുന്നം മുടിച്ചീടുവാൻ
ആവിർഭൂതമപൂർവ്വധാമപരമം ബ്രാഹ്മം ജയിച്ചീടുക.

വാമെ (വ്വ)ധനധാന്യശാലിമലനാടെട്ടു സംഖ്യാവതാം
ഗ്രാമാണാം നിലയം ജയിക്ക നിതരാമാകല്പഭൂതം ക്ഷിതേഃ

അരിയമഖഹവിർഗ്ഗന്ധങ്ങളെക്കൊണ്ടജസ്രം
സുരഭിതളവനാന്തം ക്ഷാന്തഭൂദേവകാന്തം.

പരശുധരമുനീന്ദ്രം തന്നുടെ ശാസനത്താൽ
പെരിയപെരുമനഗ്രാമം ജയിച്ചീടുകെന്നും.

വേദംവേദാംഗമുച്ചൈ സ്മൃതിപുനരുപവേദാംഗവും
ധർമ്മശാസ്ത്രം
വേദാന്തം മററുമോരോതരമതുമിയലും വിദ്യ
കൈക്കൊണ്ടുലാരാഃ
വ്യാസാദീനാംകഥപോലെ പുളകനിരശനൈരുത്തമാം-
ഗേപികമ്പം
നാസാഗ്രെ തർജ്ജനീം കണ്ണിണയിൽ മുകുളതാം തനപതെ
യഥപിജേന്ദ്രാഃ ॥

ചൊൽക്കൊണ്ടീടുമിരട്ടയപ്പനരികെ മാടത്തില . . പമ്പുരെ
മുക്കണ്ണൻ മിഴിയിൽ പിറന്നിതമെഴും മേൽക്കാവമന്നമ്മയും.
അക്ഷീണഭൃതിവെല് വൃതാകനിതരാം മററൂരകം ചേന്നെഴും.
ദുർഗ്ഗാദേവിയുമമ്പിലത്തിരുവലക്കയ്യുരമന്നപ്പനും.
പാരിടങ്ങളിലിണങ്ങിന കീർത്തിപൂ
ണ്ടാരിയുക്കളമൂലാവിന ദൈവതം

ചാരുതാരിൽ മകൾവെങ്കളിക്കൊങ്കയിൽ
ചേരമിന്ദ്രമണി വാഴക നീളെനാൾ.

നൺപെടാതൊരു ബൃഹസ്പതിതന്മദം
കമ്പിടുന്ന സഭ എന്ന കണക്കിനോ
അമ്പലത്തിലമരും ഗുരുസന്നിധൌ
ശ്രു(ം)ഭദ്ര(ഉ)ദ്വിജകുലം കലിതോദയം.

പൂർവ്വാംനാരിപുരസ്ഥിപൂവലടിയിൽ ചേരുംപരാംഗോശ്ചര
ശ്രീവായിന്നശിഖാഭിരാമശിശുകം നിശ്ശേഷവിദ്യോദയം.

നാവിട്ടന്നപകീർത്തി പാരെഴുമിടക്കുന്നിത്തലം ചേർന്നഭൂ
ദേവാനാം കുലമേററവും വിജയതാംനീണാൾ നിരൂഢാത്മനാം

ഏഷാമഭീഷ്ടം മുഴുവൻകൊടുപ്പാൻ
ആഷാഢമാസെ മുകിലെന്നപോലെ.

ഏഷാ കനിഷ്ഠാക്ഷമയ ക്ഷമായാം
താഴാത കാരുണ്യരസേന ഗൌരീ.

യാകുന്നിൻമങ്ക കുളിർകൊങ്കയുമംഗജാരെ,
വാർകോലുമാഴിമകൾ ഭൂമിയുമംബുജാക്ഷം

വാങ്കാതധാത്രിമനോഹരവാണിമാതു
മാകിന്നതമ്പിയൊടു മൂലമവിക്രിയാണാം.

വാട്ടംവരാതെധനധാന്യ സമൃദ്ധികളേകാ
ണായുദ്ധ്യാതഴച്ചസുഹൃദൌസകലേഷ്ടയേഷാം.

ആടിത്തിരട്ടിവരുമാപദിനാകഭാജാം
മൈത്ര്യത്തിലീശമുരവൈരികളെന്നപോലെ,

വൃത്ത്യാവിളങ്ങീടിനവിദ്യകൊണ്ടും
നിത്യംനിറക്കുന്ന വിനീതികൊണ്ടും
വദ്യോകിരങ്ങാടിതി * ഭാസുരൌഘൈ
ചന്ദ്രാംശുമന്താവിവദീപ്തിജാലൈഃ

വിദ്വാൻവിനീതോ നിറമാർന്നലാവ-
ണ്യത്തേനനാരായണനാമധേയഃ.

തദംശഭാജോജനി നീലകണ്ഠാ
ദഭീന്ദ്രജാപാദപരാഗരാഗീ.

അത്യാദരത്താലചലേന്ദ്രപുത്രീ
നിത്യാമവം നിത്യവചോവിലാസൈഃ

ഭക്ത്യാചകന്നാനതുകൊണ്ടുതന്നെ
പുത്രോവിജജ്ഞേസ ജയന്തനാമാ.

അത്യന്തമൂഢനവനെങ്കിലുമംബികായാം
ഭക്ത്യാ ഗുരുക്കളികരണെ നിപുണസ്വഭാവഃ.

---

*ഗ്രാങ്ങാട്ടുമന.

യസ്യായമൻപുതടവീടിന ഭാവഷ്യദ്യോ
വിദ്യോപദേശഗുരു ശങ്കരനാമധേയഃ.

കേരളങ്ങളിലിണങ്ങിനഭാഷകൊ
ണ്ടാരചയ്യ ചെറുതങ്ങവനിങ്ങിനെ.

കേരളീതി ലളിതാം നിറമാറ്റെഴും
പേരമിട്ടതുപലക്ഷ്വപകാരമാം.

സൽകാചാരമുഖീ സതീ മൃദുപദന്യാസാ സുബോധാ മുദ
ന്മാനാകമ്മപരായണാ സഹചരീ ധമ്മ നൃവൃത്തോത്തമാ.

ആലൊകൈ ലളിതാത്മനാം രുചികരീ ഭാഷാവിശേഷോദിതാ
വിപ്രാണാംഹൃദയംഗമാവിജയതാം വർണ്ണാജപാകേരളീ.

കരകൃതമപരാധംക്ഷന്തു മർഹന്തിസന്തഃ.

തപോഭിഃക്ഷീണപാപാനാം
ശാന്താനാം വീതരാഗിണാം
മുമുക്ഷൂണാമപേക്ഷ്യായ
മാത്മബോധോ വിധീയതെ.

ഈ ഗ്രന്ഥത്തിൽ ബ്രാഹ്മണൎക്ക വേണ്ടതായ കൎമ്മങ്ങളെ പദ്യരൂപമായി പ്രതിപാദിക്കുന്നു. ഈ സംപ്രദായം ബോധായന മതത്തെ അനുസരിച്ചാകുന്നു. ഈ പുസ്തകത്തിൽ അക്ഷര വീഴ്ചകൾ ധാരാളമുണ്ട്. ബൌധായനസ്മാൎത്തപ്രയോഗമെന്നും ഈ ഗ്രന്ഥത്തിന്ന മറെറാരു നാമധേയമുണ്ട്. ഗ്രാങ്ങാട്ടുമനക്കൽ നാരായണൻ എന്ന നമ്പൂതിരിയുടെ വംശജനായി നീലകണ്ഠൻ എന്ന ബ്രാഹ്മണൻ ജനിച്ചു. അദ്ദേഹത്തിന്ന പാൎവ്വതീപ്രസാദംകൊണ്ടു ജയന്തൻ എന്നൊരു പുത്രനും ഉണ്ടായി. ഇദ്ദേഹമാണ് പ്രകൃതഗ്രന്ഥകൎത്താവ്. ഇദ്ദേഹത്തിന്റെ ഗുരു ശങ്കരൻ എന്ന ഒരാളെന്ന ഇതിൽ പറയുന്നു. മലയാളഭാഷയിൽ പദ്യരൂപമായി നിൎമ്മിച്ചിട്ടുള്ള ഈ ഗ്രന്ഥം അച്ചടിച്ചു പ്രസിദ്ധം ചെയ്തിട്ടില്ല.

No. 27. ഷോഡശക്രിയാകാരികാ.

ṢŌḌAŚAKRIYĀKĀRIKĀ.

Substance, paper. Size, $9\frac{3}{4} \times 10\frac{1}{3}$ inches. Pages, 74. Lines, 20 on a page. Character, Malayalam. Condition, good. Appearance, new.

Begins on page 1. The other work herein is Āśaucāvidhi 74.

Complete.

Same work as the above.

No. 28. തന്ത്രസമുച്ചയം ഭാഷാവ്യാഖ്യാനസഹിതം.

TANTRASAMUCCAYAM WITH MALAYALAM COMMENTARY.

Substance, paper. Size, 10 × 10⅜ inches. Pages, 1083. Lines, 20 on a page. Character, Malayalam. Condition, good. Appearance, new.

Complete.

Bound in 3 Volumes.

The Sanskrit *Tantrasamuccaya* deals with the consecration of divine images set up in temples and the performance of worship and ceremonies to these images in accordance with Śāstras. This Sanskrit work is followed herein by a commentary in Malayalam.

Beginning:

വിക്ഷ്ണ്പീ.(ക്ഷ്ണപീ) ശേശാച്യുതാംബാഗുഹഗണപതിശാസ്ത്രാഖ്യയാഖ്യാതമൂർത്തിം
തത്പരാത്മാനം വരംതം ശ്രുതിശിരസി ഗതം സച്ചിദാനന്ദരൂപം.
ശ്രീമന്നാരായണഃ ഖ്യദ്വിജവരധിഷ്ണൈകക്ര തന്ത്രാ(ം) സുമുച്ചി-
ത്യ(ത്യ)ാബദ്ധം വ്യാകരിഷ്യാമ്യഹമിഹ വിദൂഷാം ഭാഷയാ തോഷണായ.
വന്ദിച്ചുവാരണമുഖം വിരവോടു വാണിം
കാമപ്രദാം ഭഗവതീം ഗുരുനാഥനേയും
ചെന്നെ സമുച്ചയ മതിന്നിഹ ഭാഷയായി
റ്റ(ന്നി)ൻമിപ്പതിന്ന വിവൃതിം തുനിയുന്നഹോ ഞാൻ.
ശ്രീചമ്മശൈലനിലയൻ ശശിമൌലിതാനും
ശ്രീവല്ലഭേശ്വരനു മിങ്ങനുകമ്പയോടെ
ശ്രീഭദ്രകാളിപരദേവതയും നമുക്ക
ശ്രീഭദ്രസന്തതികൾ നൽകുക സാർവ്വകാലം.
ഇല്ലെങ്കിലും മതിബലം മമ തെല്ലുപോലും
ഉല്ലാസമാന്ന ഗുരുനാഥകൃപാബലത്താൽ
മെല്ലെന്നരപ്പതിന്ന പാരമൊരിമ്പെടുന്നേൻ.
നല്ലോരു സജ്ജന മനുഗ്രഹമേകിടേണം.

ഇവിടെ തന്ത്രസമുച്ചയത്തെ ചമപ്പാൻ തുടങ്ങുന്ന ആചാര്യൻ നടെ അതിന്റെ വിഘ്ന പരിസമാപ്തിക്കായിക്കൊണ്ടു കുലദേവതകൾക്കും കാരണമായിരിക്കുന്ന പരമാത്മാവിനെ ഉദ്ദേശിച്ച വിഷയപ്രയോജന സംബന്ധാധികാരി (അധികാരി) കളെ അർത്ഥാൽ സൂചിപ്പിച്ചും കൊണ്ടു "ആശീന്നമസ്ക്രിയാ വസ്തുനിർദ്ദേശോവാപിതന്മുഖം—എന്ന വചനമുണ്ടാകയാൽ ആശീർവ്വാദത്തിന്ന ഗ്രന്ഥാരംഭത്തിങ്കൽ യോഗ്യത ഉണ്ടാകകഹേതുവായിട്ടു ശിഷ്ടന്മാരാൽ ആചരിക്കപ്പെട്ടിരിക്കുന്ന ആശീർവ്വാദരൂപമായ മംഗളത്തെ ആചരിച്ച ആയതിനെ ശിഷ്യന്മാരും ഇവ്വണ(ണ്ണ)ം ചെയ്യേണമെന്ന വിചാരിച്ച ഗ്രന്ഥത്തിൽ എഴുതുന്നു.

ശ്രീമൽസദ്ഗുണസംഭൃതം വപുരധിഷ്ഠായാന്ദ്ര ഗ്രഹണാതിയഃ
ശ്രദ്ധാഭക്തിപവിത്രിതോപഹരണൈഃ സ്വാരംഭഭൃതാത്മകൈഃ
പൂർണ്ണാനന്ദരസാനുഭൂരപി സദാസന്തൃപ്തിതോ യജ്വനഃ
തം ദേവം നിഗമാഗമാദ്യധിഗതം നിത്യം സമാരാധ്നയാം.

അർത്ഥം.

ഞാൻ ആ സ്വതന്ത്രനായിരിക്കുന്ന പരമാത്മാവിനെ എല്ലാ സമയത്തിങ്കലും വഴിപോലെ പൂജിക്കേണമെ എന്നു പറകകൊണ്ട് പരമാത്മസ്വരൂപമായിട്ടു തീരണം എന്നു താല്പര്യം—"യഃസദാപൂർണ്ണാനന്ദ രസാനുഭൂഃ അപിശ്രീമൽഷഡ്ഗുണ സംഭൃതംവപുഃ അധിഷ്ഠായ സ്വാരംഭഭൂതാത്മകൈഃശ്രദ്ധാഭക്തി പവിത്രിതോപഹരണൈഃ സംതൃപ്തിതഃ, യജതഃ അനുഗൃഹ്ണാതി. യാതൊരു പരമാത്മാവ് എല്ലാ സമയത്തിങ്കലും നിറഞ്ഞു ഇരിക്കുന്ന പരമാനന്ദത്തെ അനുഭവിക്കുന്നു എങ്കിലും ഏററവും ശോഭയോടുകൂടി "ജ്ഞാന സന്തോഷ നിത്യതൃപ്ത സ്വാതന്ത്ര്യാവിഘ്നവൈഭവൈഃ. ഹൃദയാദി ഗുണൈഃ യുക്തഃ സകലോനുഗ്രഹേൽ" ഇങ്ങനെ ആഗമങ്ങളിൽ ചൊല്ലപ്പെട്ടിരിക്കുന്ന ആറു ഗുണങ്ങളോടുംകൂടി ഇരിക്കുന്ന ശരീരത്തെ ആശ്രയിച്ചിട്ടു തന്റെ ഉദ്ഭവത്തിന്നു കാരണഭൂതങ്ങളായി (രിക്കു)ന്ന പൃഥിവ്യാദി പഞ്ചഭൂതങ്ങളാകുന്ന സ്വരൂപങ്ങളോടുകൂടി ശ്രദ്ധകൊണ്ടും ഭക്തി കൊണ്ടും ശുദ്ധിവന്നിരിക്കുന്ന ജല ഗന്ധ പുഷ്പധൂപാദി പൂജാദ്രവ്യങ്ങളെകൊണ്ടു പ്രസാദിച്ചിട്ടു പൂജിക്കുന്നവരെ അനുഗ്രഹിക്കുന്നു. ആ ദേവനെ പൂജിക്കേണമെന്ന് സംബന്ധം. പൂജാദ്രവ്യങ്ങൾ ശുദ്ധങ്ങൾ എങ്കിലും ഭക്തിശ്രദ്ധാവിശ്വാസബഹുമാനാദികൾകൂടെ ഉണ്ടായിരുന്നെങ്കിലെ ശുദ്ധിവരു. എന്നു താല്പര്യം.

ഭക്ത്യൈവ പരയാതുഷ്ടോ
ദേവദേവഃ സയോഗിനാം.
പൂജാദ്യനുഗ്രഹായാമൈ
തവംഭേജെ ചതുർഭുജം.—എന്നതാകകൊണ്ട് ഭക്തിയോടുകൂടി

പൂജിച്ചാൽ വേഗേന ദേവന്നു പ്രീതിയും അതുകൊണ്ട് അനുഗ്രഹവും സൂചിപ്പിച്ചു. ഇവിടെ അനുഗ്രഹം സാധകന്മാർ ദേവന്നു തങ്ങളിൽ ഐക്യം വരുവോളമുള്ള പ്രീതി. ദേവൻ എവിടെ എന്നുള്ളതിനെ പറയുന്നു. നിഗമാഗമാദ്ധ്യധിഗതം. അങ്ങിനെയും ഇരുന്നു. ദേവൻ വേദങ്ങളിലും വിഷ്ണുസംഹിതാദി ആഗമങ്ങളിലും വ്യാപ്തനായിരുന്നു. വേദങ്ങളിലും ആഗമങ്ങളിലും പറയപ്പെട്ടിരിക്കുന്നു എന്ന പൊരുൾ ആദിശബ്ദംകൊണ്ടു സദാചാരത്തേയും പ്രമാണമായ് പറയപ്പെട്ടു. നിത്യ മെന്ന പറകകൊണ്ട് ജനനമരണരഹിതൻ എന്നും സമാരാധ്യനയാം എന്നതുകൊണ്ട് ഇപ്രബന്ധത്തിങ്കൽ ദേവപൂജാദി വിഷയമെന്നും അനുഗൃഹ്ണാതി എന്നതുകൊണ്ട് ദേവാനുഗ്രഹം പ്രയോജനമെന്നും യജതഃ എന്നതുകൊണ്ട് പൂജകന്മാർ അധികാരികളെന്നും അഭിധായകാഭിധേയഭാവം സംബന്ധം സൂചിപ്പിക്കപ്പെട്ടു.

Colophon :

ഇതി തന്ത്രസമുച്ചയെ ഭാഷായാം പ്രഥമഃ പടലഃ സമാപ്തഃ

End :

സേയം കൃതിസ്തന്ത്രരഹസ്യലബ്ധാ
രക്ഷ്യാമുഹുർമ്മൂർഖ മുഖപ്രപാതാൽ
ആചാര്യവര്യൈരിയ മേവശശ്വ
ദപിശേഷശ(ഭ)ര(ാ)ജ്യാസ്സമന്വീ(ഷ്ടി) താസ്സു. ഇതി

തന്ത്രരഹസ്യലബ്ധാ സാഇയം കൃതിഃ തന്ത്രങ്ങളുടെ രഹസ്യങ്ങളായിരിക്കുന്ന അർത്ഥങ്ങളെ കൊണ്ട് സംപൂർണ്ണയായിരിക്കുന്ന എന്റെ ഗ്രന്ഥം ആചാര്യവര്യൈഃ മൂർഖമുഖപ്രപാതാൽ രക്ഷ്യം. ആചാര്യന്മാരാൽ മൂർഖരായ ദുർജ്ജനങ്ങളുടെ മുഖത്തിങ്കൽ പ്രവേശിക്കാതെ ഇരിക്കുന്നതിന്നു രക്ഷിക്കപ്പെടണം. അപരതാല്പര്യം വിചാരിക്കാതെ ഒന്നിനൊന്നായിട്ടു

പ്രവൃത്തിയാൽ ക്രിയാലോപവും ഭവിക്കും ശശാൽ അസ്മദനുഷ്ഠിതാ ഇയം വിശേഷാ (ര)രജ്യാ അസ്തു. എല്ലാദേവന്മാഴും എന്നാൽ ഉണ്ടാക്കിയിരിക്കുന്ന ഈ ഗ്രന്ഥനിൎമ്മാണം സകലദേവന്മാരുടെ പൂജയായിട്ടുതന്നെ ഭവിക്കണം. ഗ്രന്ഥാരംഭത്തിങ്കലും ഭഗവാനെ പൂജിക്കേണമെന്ന ഈ ഗ്രന്ഥനിൎമ്മാണം പൂജാനിമിത്തമെന്ന താല്പൎയ്യം.

> ഇതിതന്ത്രസമുച്ചയേ ശ്രുതാഷ്ടാ
> ക്രമഗുപ്യൈ രവിജന്മസം പ്രണീതേ.
> പടലഃപരിശിഷ്ടകൎമ്മവാദീ
> ദശമോഭ്രദപിപുരസ്സരഃ സമാപ്തം.—ഇതി.

ശ്രുതാഷ്ടാക്രമഗുപ്ത(യ)പ്യൈ രവിജന്മസംപ്രണീതേ തന്ത്രസമുച്ചയേ. ഇപ്രകാരം രവിയുടെ പുത്രനായിരിക്കുന്ന എന്നാൽ പൂജാക്രമത്തെ രക്ഷിപ്പാനായിക്കൊണ്ട് നിൎമ്മിതമായ ഈ തന്ത്രസമുച്ചയത്തിങ്കൽ പരിശിഷ്ടകൎമ്മവാദീ ദപിപുരസ്സരം ദശമഃ പടലഃ സമാപ്തഃ അഭ്രൽ. കൎമ്മശേഷങ്ങളേയും മന്ത്രോദ്ധാരമുറകളേയും പറഞ്ഞിരിക്കുന്ന പന്ത്രണ്ടാമത്തെ പടലം സമാപ്തമായി ഭവിച്ചു. പടലം പന്ത്രണ്ടിലും കൂടി ശ്ലോകങ്ങൾ 1896

Colophon;

തന്ത്രസമുച്ചയഭാഷായാം ദ്വാദശഃ പടലഃ സമാപ്തഃ.

Adds :

> അത്യുക്തിവക്തവ്യാനുക്ത സംകീൎണ്ണോക്തി ദുരുക്തിഭിഃ
> ദയ ദോഷാ ഇഹ ജായേരൻ ആൎത്ഥികാഃ ശോധയന്തു തേ.
> ഗത്താരണ്യമഹേശ്വര ക്ഷിതിസുരൻ ബാലപ്രബോധാത്ഥമായ്
> വൃത്തിംതന്ത്രസമുച്ചയത്തിന്നു ചമച്ചപ്പോട്ടു ഭാഷാമയീം.
> ഉൾത്താരിൽ കുതുകേന സജ്ജനമിദം ശോധിച്ചു ചെമ്മെ കൃപാ-
> ശക്ത്യാസാധു പരിഗ്രഹിച്ചു സതതം നൽകീടണം മംഗളം.
> (ഉള്ളിൽ പ്രീതികൈക്കൊണ്ടു മലവസുമതീ മരത്രദോഷങ്ങളെല്ലാം
> തള്ളിത്തെളിഞ്ഞിതൊന്നാൽ ഗുണലവചതുകൈ കൊണ്ടാടിടുന്നു.
> വെള്ളത്തിൽ പാലുചേൎന്നീട്ടു കിലുമതിജവം രാജഹംസങ്ങൾ ചെമ്മെ
> കള്ളംകൂടാതെ ഹോമാവാലന്തിരുചി വിഭജിച്ചാസ്വദിക്കുന്നപോലെ.)

തന്ത്രസമുച്ചയം എന്ന ഈ ഗ്രന്ഥം പുരാതനമായ തന്ത്രഗ്രന്ഥങ്ങളിൽ വിസ്തരിച്ചു പ്രതിപാദിച്ചിട്ടുള്ള ദേവപ്രതിഷ്ഠാ പൂജോത്സവാദിവിധികളുടെ സാരത്തെ സംഗ്രഹിച്ചു പറയുന്നതാകുന്നു. ഈ ഗ്രന്ഥത്തിന്നു സംസ്കൃതത്തിൽ തന്നെ ഒരു വ്യാഖ്യാനം ഗ്രന്ഥകൎത്താവിന്റെ പുത്രനായ ശങ്കരൻ നമ്പൂതിരി എഴുതിയിട്ടുള്ളതു് തിരുവനന്തപുരത്തുനിന്നു പ്രസിദ്ധം ചെയ്തിട്ടുണ്ട്. ആ സംസ്കൃതവ്യാഖ്യാനത്തെ അനുസരിച്ചാണ് ഈ ഭാഷാ വ്യാഖ്യാനമെന്നു പറയുന്നതിൽ വിരോധമുണ്ടാകാൻ അവകാശമില്ല. ഇതിൽ പന്ത്രണ്ടു പടലങ്ങളുണ്ട്. ഗ്രന്ഥകൎത്താവ് ക്രി. അ. 1462 ൽ ജീവിച്ചിരുന്ന *ചേന്നാസ് മനക്കൽ നാരായണൻ നമ്പൂതിരിയാണ്. ഇദ്ദേഹത്തിന്റെ അച്ഛൻ രവി എന്ന ബ്രാഹ്മണനാണ്. ഭാഷാവ്യാഖ്യാനം ആരുടെ കൃതിയാണെന്നുള്ളതിന്നു ലക്ഷ്യമൊന്നുമില്ല. ഇതു അച്ചടിച്ചിട്ടുള്ളതായി അറിവില്ല.

No. 29. ക്രിയാദീപികാ.

KRIYĀDĪPIKĀ.

Substance, paper. Size, $10\frac{3}{4} \times 9\frac{3}{4}$ inches. Pages, 407. Lines, 20 on a page. Character, Malayalam. Condition, good. Appearance, new.

Complete.

A free rendering in Malayalam of the Sanskrit *Tantrasamuccaya*, by Vāsudēva Nambudiri. The Malayalam rendering is not printed.

Beginning:

ഒള്ളിൽവെണ്ണുഴലും ലോകക്കല്ലൽ തീർപ്പാനൊരൌഷധം
നല്ലതിന്നാസ്സുണങ്ങുന്നേൻ ചൊല്ലൂർനാഥം സദാശിവം.

തന്ത്രമായ സമുദ്രത്തിന്നന്തയാനെ സുബോധകം
ചിന്തയെ പാണ്ഡരംഗാഖ്യം സന്തതം ഗുരുസത്തമം.

തന്ത്രീണാം മന്ദബുദ്ധീനാം വ്യക്തമായറിവാനിഹ
പ്രതിമാസ്ഥാപനാദീനാമെളുതായ വിധിം ബ്രുവെ.

പ്രതിമാസ്ഥാപനംചെയ്യിട്ടർപ്പിപ്പാൻ ശ്രദ്ധയുള്ളവൻ
വരിപ്പൂ മുമ്പിലാചാര്യ്യ മൂർത്തിപാലസമന്വിതം.

ദീക്ഷിതന്നെ പ്രതിഷ്ഠിപ്പാനധികാരവിധിസ്തതഃ
തത്ര ദീക്ഷാപ്രകാരത്തെ ചൊല്ലുന്നിഹ സമാസതഃ
സംസ്കൃതെ മണ്ഡപെ വഹ്നിം ജ്വലിപ്പിച്ചു യഥാവിധി
ദേ സചക്ഷുമന്ത്രേശസംയുക്തമണ്ഡപെ ഭദ്രകാദിയിൽ
കഷായാദിനിറച്ചോരു കലശം പൂജയേൽ സുധീഃ

ശിഷ്യംഗവ്യമശിപ്പിച്ചിട്ടന്തരാനിച ചാഗ്രതഃ
ഇരുത്തി ഭൂതസംഹാരസൃഷ്ടിമന്ത്രോദയാദിയും
ന്യാസം ച പൂജയും ചെയ്തു മന്ത്രഹസ്താഭിമർശവും
മണ്ഡപത്തിൽസമർപ്പിച്ച മന്ത്രമൂർത്തിംപ്രദർശ്യ ച
തതഃഹോമം പ്രകുർവ്വീതശിഷ്യന്റെ ദേഹശുദ്ധിയെ
മുമ്പിൽ മൂലേന നൂറെറട്ടു ഘൃതാഹുതിവിധായച
തതസ്സൂത്രൈഃപൃഥിവ്യാദ്യൈരാജ്യം ഹോമിച്ചുശക്തിതഃ

നിവൃത്ത്യാദ്യൈരഞ്ചുകൊണ്ടും കലായുക്തൈരപിക്രമാൽ
അന്ത്യംസ്വാത്മനിയോജിച്ചു . , . ണ്ടാക്കീതതഃവിഗ്രഹം.

Colophon:

ഇതിക്രിയാദീപികയിൽ നടെപ്പടല ഈരിതഃ
നാരായണതനൂജേന ചെല്ലൂർ നാഥപ്രസാദതഃ

End:

ഇങ്ങിനെ ദേവദേവന്റെ സപൂൎയ്യായജനക്രിയാ
സമീരിതാ ഇതിച്ചൊല്ലാത്തതെല്ലാം(ം) ഗ്രാഹ്യമാഗമാൽ
ഗുരൂപദേശംകൂടാതെ ചെയ്യൊല്ലായിവയൊന്നുമെ.

ധാൎഷ്ട്യതഃ ചെയ്കിൽവിഫലം കൎമ്മ സ്യാൽ ദേവകോപവും
സുമനോവാടികാം ജാതവി·പ്ര : വാസുദേവനാൽ
മദ്ദേശചരപിതൃവ്യേണ പഠിച്ചുണ്ടായതൊക്കെയും
ശ്ലോകരൂപേണ ബന്ധിപ്പൂ ഭാഷാമിശ്രിതസംസ്കൃതൈഃ
പുസ്തകെ ലിഖിതം പിന്നെ മറക്കുമ്പോൾ സമീക്ഷിതും
ഗ്രന്ഥലക്ഷണമില്ലാഞ്ഞിട്ടധിക്ഷേപിച്ചുമാത്സൎയ്യജൽ
ഗുണഗ്രാഹികളായുള്ള തന്ത്രിണോ ലാളയന്തുച.

അസൂയയുള്ളവരുടെ മുമ്പിൽ നൈവ പ്രകാശയേൽ
ലഘുക്രിയാക്രമം കാണ്മാനധികം നല്ലദീപികാ
അതഃക്രിയാദീപികേതി പേരുണ്ടായതിതിന്നിഹ.

ഏവംകൃതാ തന്ത്രഭാഷാ തന്ത്രാണാം മാൎഗ്ഗദൎശിനീ.
ചെല്ലൂരാധിപതീജ്യേയം ഭൂയാദസ്മദനുഷ്ഠിതാം.
ഇത്ഥംക്രിയാദീപികയിൽ ദ്വാദശഃപടലഃകൃതഃ.
നാരായണതനൂജേന ചെല്ലൂർ നാഥപ്രസാദതഃ.

ഈ ഗ്രന്ഥം ചേന്നാസ് നാരായണൻ നമ്പൂതിരി സംസ്കൃതത്തിൽ എഴുതിയിട്ടുള്ള തന്ത്രസമുച്ചയത്തിന്റെ ഒരു വിവൎത്തനമാകുന്നു. ഗ്രന്ഥത്തിൽ 12 പടലങ്ങളുണ്ട്. ഇതിന്റെ കൎത്താവ് തന്ത്രസമുച്ചയ ഗ്രന്ഥകൎത്താവായ നാരായണൻ നമ്പൂതിരിയുടെ മകനായ വാസുദേവൻ നമ്പൂതിരിയാണ്. പദ്യരൂപമായ ഈ ഗ്രന്ഥം അച്ചടിച്ചിട്ടുള്ളതായി അറിവില്ല. ഇതിൽ ദേവപ്രതിഷ്ഠ മുതലായ പല തന്ത്രവിധികളേയും പ്രതിപാദിക്കുന്നു.

No. 30. സന്ന്യാസകല്പം.

SANYĀSAKALPAM.

Substance, paper. Size, $9\frac{3}{4} \times 10\frac{3}{4}$ inches. Pages, 18. Lines, 20 on a page
Character, Malayalam. Condition, good. Appearance, new.
Complete.

Deals with the conduct and behaviour of a person as well as the religious ceremonies to be performed by him, prior to taking holy orders as a Sanyāsin.

Beginning:

ശ്രീഗുരും ശ്രീഹരിം നത്വാ കൎമ്മഭ്രംശജിഹാസയാ.
സന്ന്യാസകല്പം വ്യാഖ്യാസ്യേ ഭാഷയാ കേരളോത്ഥയാ.

മൂന്ന ഗ്രാമത്തിത്താൻ അതിൽ ചെന്നിട്ട താൻ ഒരുത്തൻ സന്ന്യസിപ്പാനായിക്കൊണ്ടു വന്നാൽ യോഗപട്ടം കഴിഞ്ഞ സന്ന്യാസി ശിഷ്യർകളോടു അന്വേഷിച്ച അവന്റെ യോഗ്യത അറിഞ്ഞാൽ ചാതുർമ്മാസ്യവും അരമാസവും അല്ലാത്തെ കാലങ്ങളിൽ ചാതുർമ്മാസ്യമിരിക്കുന്ന സ്ഥലത്തു ക്രിയ തുടങ്ങു. വൈഷ്ണവമായിരിക്കുന്ന ദിവസത്തിന്റെ തലനാൾ എതിരെ പല്ലുതേച്ചു കുളിച്ചു അന്തിമുടിച്ചാൽ സന്ന്യാസികളെ ജ്യേഷ്ഠക്രമേണ എല്ലാവരേയും നമസ്കരിച്ച സന്ന്യസിപ്പിക്കുന്ന ഗുരുക്കൾക്കു ഒരു സമ്മാനം കാഴ്ചവെച്ച പന്ത്രണ്ടു നമസ്കരിച്ച ഗരുഡാസനത്തിന്മേലിരുന്ന സന്ന്യാസത്തെ അപേക്ഷിപ്പൂ. ഇനിക്കു സന്ന്യസിക്കവേണ്ടിയിരിക്കുന്നു യന്നിങ്ങിനെയന്നാൽ ക്രിയതുടങ്ങുകയെന്നു ചൊല്ലൂ ഗുരുക്കൾ. യന്നാൽ വൈദികനെവരുത്തി കുളിച്ചു തററുടുത്തു മേല്പ്പുടവയും ഉടുത്തു കാൽ കഴുകിയാചമിച്ച കിഴക്കുനോക്കിനിക്കുന്ന തന്റെ ഹൃദയത്തിങ്കൽ പരമാത്മാവിനെ ധ്യാനിച്ച "ഞാൻ മോക്ഷാശ്രമത്തെ ചെയ്യുന്നുണ്ടയെന്ന സംകല്പിച്ച യോഗ്യതയുണ്ടാവാനായിട്ടു ഒരു കൃച്ഛ്രംചെയ്യൂ. അനാശ്രമിയാകുന്തുയങ്കിൽ നാലു കൃച്ഛ്രം ചെയ്യേണം.

End:

പിന്നെ കുറുക്കനും പട്ടിയും തൊടാതെ വഴിപോലെ മൂടി അവിടെ ഒരാല നട്ടേപ്പൂ. അതിന്റെ മൂട്ടിൽ പ്രണവംകൊണ്ടു ബലിതൂകു. അരയാലിന്ന എല്ലാ ദേവതാസാന്നിദ്ധ്യം ഉണ്ടെന്നു അറികു. ദേഹത്തിന്മേൽ വെളിഞ്ഞ പുഴക്കൾ താൻ ചൈകിൽ കള്ളന്മാർ വദ്ധിക്കും. പട്ടിമൃഗങ്ങൾ തുടങ്ങിയുള്ള ദുഷ്ടമൃഗങ്ങൾ ഭക്ഷിളൊകതും ശ്രീയും ധർമ്മവും നശിക്കും പിന്നെ എഴുന്നീററുനിന്നു പുരുഷസൂക്തം. വൈഷ്ണവമായുള്ള സൂക്തങ്ങളെക്കൊണ്ടും അഷ്ടാക്ഷരംകൊണ്ടും പന്ത്രണ്ടു നമസ്കരിപ്പൂ ഇതിന്നു അശ്വമേധം ചെയ്തഫലമുണ്ട്. ആയവർ ഇതിന്നു ചിലർ പിന്നാലെ പോകുന്നും അലങ്കരിക്കയും കഴിക്കയും തൊടുകയും ചെയ്യുന്നു. അവക്കു ഒക്കെക്കുളിച്ചാൽ ശുദ്ധിവരും.

Colophon:

ഇതി സന്ന്യാസകല്പഃ സമാപ്തഃ

ഇതിൽ സന്ന്യാസം സ്വീകരിക്കേണ്ടതായ ശാസ്ത്രീയസംപ്രദായത്തെ പ്രതിപാദിക്കുന്നു. ഗ്രന്ഥകർത്താവ് ആരെന്നു ഇതിൽ നിർദ്ദേശിച്ചിട്ടില്ല. അച്ചടിച്ചിട്ടുള്ളതായും കേട്ടിട്ടില്ല.

No. 31. പതിതപരിത്യാഗപ്രക്രിയാ.

PATITAPARITYĀGAPRAKRIYĀ.

Substance, paper. Size, $9\frac{1}{4} \times 10\frac{1}{2}$ inches. Pages, 16. Lines, 20 on a page. Character, Malayalam. Condition, good. Appearance, new. Complete.

Deals with the excommunication of a woman guilty of adultery in accordance with the customs prevailing in the Kērala country.

Beginning:

ഒരെടത്തു ഒരു വ്യഭിചാരശങ്ക കണ്ടാകിൽ അത്തറവാട്ടിൽ ഉള്ളവർ തന്റെ അമ്പലത്തിൽ ചെന്ന ഇന്നങ്ങരോടും ഓതിക്കനോടും അറിയിക്കേണം. നമ്മുടെ തറവാട്ടിൽ

അടുക്കള ശുദ്ധമല്ല എന്നുണ്ടൊരു ശങ്കനോക്ക. അതിനെന്തു ഞാൻ വേണ്ടുന്നതെന്ന. എന്നാൽ ഇണങ്ങരോടുകൂടി നാടുവാഴിയോടു അറിയിപ്പൂ. പിന്നെ ഇണങ്ങരും നാടുവാഴി മനുക്ഷ (ഷ്യ)വും കൂടി നിരൂപിച്ച സ്മാർത്തന്റെ ഇല്ലപ്പേരു ചൊല്ലൂ. എന്നാൽ നാടുവാഴി മനുഷ്യവും ഇണങ്ങരും തറവാട്ടിൽ ഉള്ളവനും കൂടി സ്മാർത്തന്റെ തളത്തിൽ ചെന്ന സ്മാർത്തന്റെ മുമ്പിൽ നാല്പണം ദർശനവും വെച്ച അവസ്ഥയറിയിപ്പൂ. പിന്നെ ഇരിവത്തെട്ടു കാൽപണം അഴിവും കൊടുത്ത കൂട്ടിക്കൊണ്ടുപോന്ന അമ്പലത്തിൽ യോഗത്തിങ്കൽ പലകയുംകൊടുത്ത അവിടെ ഇരുത്തുന്നോൻ. അവിടുന്നും ദർശനംവെച്ച അവസ്ഥയറിയിപ്പൂ. എന്നാൽ സ്മാർത്തൻ നിരൂപിച്ച ചൊല്ലൂ. വെളളാട്ടി വിചാരം പൈയ്യേ മതിയാവൂ എന്ന. അതിനെന്തുവേണ്ടതു് എന്ന ചോദിച്ചാൽ ചൊല്ലൂ. കൊന്തലയും കൊയിമയും ഉണ്ടോ എന്ന ഉണ്ടെന്ന കേട്ടാൽ ചൊല്ലൂ.—

End :

ഇതിന്നടുത്ത ചിങ്ങമാസം 29-ാംനു ശുചീന്ദ്രത്തു മുക്കാൽവട്ടത്തു ചെന്ന അവിടെ കീഴ്കം കഴകമൊപ്പിച്ച അവിടെ ഒക്കം ചൂഴററു കാണവുമൊപ്പിച്ചുകോലുംപാലികയും മാറുംമുമ്പെ കാരകയിൽ വരൻ പെറുക്കിക്കൊളളുക. വെട്ടത്തു നാട്ടിൽ തൃക്കൈക്കാട്ടു ദേശത്ത ആടച്ചേരി ശ്രീധരൻ നാരായണനൻ ഇപ്പരിച അറിയും സാക്ഷി തൃക്കൈകാട്ടു സഭയിലെ ജനവും ആലത്തൂർ സഭയിലെ ജനവും തൃക്കണ്ടിയൂർ സഭയിലെ ജനവും ഇവർകളറിയക്കേട്ടു കേൾപ്പിച്ച വെട്ടത്തുമേനോക്കി കയ്യെഴുത്ത പട്ടെരി ശിക്ഷ്യൻ കയ്യെഴുത്താകിലുമാം —

ഇതിൽ സ്ത്രീകൾക്കു ജാരസംസൎഗ്ഗം പ്രതിലോമ ജാതിസംസൎഗ്ഗം മുതലായതുകൊണ്ടു പാതിത്യം സംഭവിച്ചാൽ അവരുടെ പരിത്യാഗത്തെ കേരളസമ്പ്രദായാനുസാരേണ പ്രതിപാദിച്ചിരിക്കുന്നു. ഈ ഗ്രന്ഥം അച്ചടിച്ചു പ്രസിദ്ധംചെയ്യിട്ടില്ല. കൎത്തൃനാമവും നിൎദ്ദേശിച്ചിട്ടില്ല.

No. 32. ത്രിസന്ധ്യാജപക്രമം.

TRISANDHYĀJAPAKRAMAM.

Substance, paper. Size, $10\frac{3}{4} \times 9\frac{3}{4}$ inches. Pages. 6. Lines, 20 on a page. Character, Malayalam. Condition, good. Appearance, new. Complete.

Begins on page 45. The other work herein is Kucēlavṛtta 1-*a*.

On the performance of the morning, midday and the evening (prayers or) Sandhyāvandana ordained for the twice-born (Brāhmaṇa, Kṣatriya and Vaiśya).

Beginning :

ത്രിസന്ധ്യ തുടങ്ങുമ്പോൾ രാതിക്കൻ കിഴക്കുനോക്കിയിരുന്ന ഗണപതി നിവേദിച്ച സരസ്വതിയും വ്യാസനും നിവേദിച്ച സരസ്വതിയുടേയും വ്യാസന്റെയും വിട്ടൂരൂണ്ടേടത്തും പ്രസന്നപൂജയായി മുന്നൂന്ന ജലഗന്ധപുഷ്പങ്ങൾ അൎച്ചിച്ച മൂന്നേടത്തും മൂലം കൊണ്ടു പുഷ്പാഞ്ജലിയും ചെയ്തു അഭിവാദ്യംചെയ്തു ശതധാരം ജപിച്ച ശിഷ്യകളും അഭിമുഖമായിരുന്ന അഭിവാദ്യംചെയ്തു ശതധാരം ജപിച്ചാൽ പ്രണവം ചൊല്ലി ശിഷ്യകളും പ്രണവം ചൊല്ലിയാൽ "അഗ്നി മീളെ പുരോഹിതം" എന്ന പാദമായിട്ടു ചൊല്ലി

കൊടുത്തു അവർ മൂന്നുരു ചൊല്ലിയാൽ പിന്നെത്തെ പാഠംതുടങ്ങി വർഗ്ഗം കഴിവോളം ഈ വണ്ണം പാദമായിട്ടു ചൊല്ലികൊടുത്തു അവർ മൂന്നുരു ചൊല്ലിയാൽ പിന്നെ പ്രണവം ചൊല്ലാതെ "അഗ്നിമീളെ" എന്നു തുടങ്ങി അന്തമായിട്ടു വർഗ്ഗം മുഴുവൻ ചൊല്ലിക്കൊടു ത്താൽ അവർ ഒരുരു ചൊല്ലിയാൽ പിന്നെ കൂടമ "യമംഗദാശ്രുക്ഷേതപം" എന്ന പാദമാ യിട്ടു ചൊല്ലിക്കൊടുത്താൽ അവർ ഒരുരു ചൊല്ലി "അഗ്നിമീളെ" എന്നു തുടങ്ങി അന്തമാ യിട്ടു തന്നെ ചങ്ങലയുടെ പൊക്കരു ചൊല്ലിയാൽ "ദേവോ ദേവേഭിരാഗമൽ" എന്ന കഴിഞ്ഞാൽ യമംഗ എന്ന ക്രമമായി ഒരുരുവചനം—etc.

End:

ചതുഷ്പ്പദെ ഓം മഹതെകരോമി. ഓം സംസമിൽ എന്നു തുടങ്ങി മേൽപ്പട്ടു ഒക്ക മുറമുടിക്കുന്നവർ തന്നെ ചൊല്ലേണം. മുറമുടിക്കുന്ന ദിവസം തുടങ്ങിയ ദിവസത്തെപ്പോ ലെ തന്നെ ഗണപതിയും സരസ്വതിയും വ്യാസനും നിവേദിക്കേണം. മുറമുടിച്ചാൽ വിടപ്പു. രണ്ടുക്രൂട്ടവും കൂടി ഒരു ദിവസം തുടങ്ങാം. മുറമുടിക്കുക ഒന്നേ ആവൂ. മുറ മുടിച്ചാൽ പിന്നെ അന്നുചൊല്ലരുത പിറെറന്നാൾ അനപാരംഭവും വേണം. നിവൽത്ഥപം എന്ന വർഗ്ഗം ചൊല്ലുമ്പോൾ നാലൊട്ടം കൂടമവെക്കുക. ഭ്രംനോ അപിവാതയമനം.

Note:

ഇവിടെ ത്രിസന്ധ്യയിലും അനുഷ്ഠേയമായ ജപക്രമത്തെ പ്രതിപാദിക്കുന്നു. ഗ്രന്ഥ കർത്താവു ആരെന്നു വെളിപ്പെടുത്തിയിട്ടില്ല. ഇതു അച്ചടിച്ചിട്ടില്ല.

No. 33. ക്ഷത്രിയബലിക്രമം.

KSATRIYABALIKRAMAM.

Substance, paper. Size, $9\frac{1}{2} \times 10\frac{3}{4}$ inches. Pages, 52. Lines, 20 on a page. Character, Malayalam. Condition, good. Appearance, new.

Complete.

On the different kinds of religious rites and ceremonies to be performed by the Kṣatriyas living in the Kērala country. The name of the author is not known.

Beginning:

ക്ഷത്രിയരുടെ ചടങ്ങു എഴുതുന്നു. ക്രിയകൾ എല്ലാം പകഴിയാ ആയിട്ടെ ഉള്ളൂ. ക്രിയകൾ എല്ലാം ആശ്വലായനന്മാരായ ബ്രാഹ്മണർ ഒരുത്തര ചെയ്യുകൊടുപ്പൂ. പ്രധാന ങ്ങളായുള്ള ക്രിയകളും മററുള്ളതും എല്ലാം കൌഷീതകര ചെയ്യുകൊടുക്കുവെങ്കിലും ആവ ത്തിക്കേണ്ട മദ്ധ്യമം ക്രിയകൾ എല്ലാം ആശ്വലായനന്മാരായ ബ്രാഹ്മണരുടെതുപൊലെ ചെയ്യുമ്പോൾ അതിൽ ഭേദം ഉള്ളതു എഴുതുന്നു. വേൾപാൻമാത്രം ആശ്വ പട്ടർ ആക ന്നതു വേളിക്ക ആശ്വപട്ടര അയതി ഉണ്ട്. മംഗലസൂത്രങ്ങളും ജപിച്ച പുറപ്പെടുക തുട ങ്ങിയെല്ലാം പ്രസിദ്ധമായിചെയ്യുമ്പോൾ അഭിവാദ്യവും കാലുകഴിക്കയും ലാജം അവദിക്ക കയും മാത്രം പെണ്ണിന്റെ സോദരൻ ചെയ്യുകൊള്ളു. ഉദകപൂർവ്വം ഭർത്താവിന്റെ സ്ഥാനം കളിച്ചു വേൾക്ക എന്നു തുടങ്ങി മറെറല്ലാം പകഴിയന്മാരായ ബ്രാഹ്മണര ഒരുത്തര ചെവു തുടന്നിരുന്ന ഗണപതിനിവേദിക്കയും പ്രായശ്ചിത്തവും നാന്ദീമുഖവും പുണ്യാഹവും കണ്ഠ സൂത്രം എക്ക (ര) ടിക്കകയും ഉദകപൂർവ്വവും ബ്രാഹ്മണന്തന്നെ ആകുന്നത. മറെറല്ലാം

ആശ്വലായനന്മാർക്കുചൊല്ലിയവണ്ണം പ്രസിദ്ധമായി ചെയ്തു മുടിച്ച കാച്ചുകതുടങ്ങി രണ്ടാം ഹോമവും ദീക്ഷവിരിക്കുകയും ഔപാസനം വേളിയും വൈശ്വദേവവും ഇവയെല്ലാം പ്രസിദ്ധമായിചെയ്തു നാലാംദിവസം അന്തിക്കത്തെ ഔപാസനം വേളിയും വൈശ്വദേവവും ശേഷവും പുണ്യാഹവും പ്രസിദ്ധമായിചെയ്തു ഗണപതി വിട്ടത്താൽ തുടന്നിരുന്ന ഒരു ചമത എടുത്ത മുന്നെപ്പോലെ ഔപാസനം കാച്ചിവെപ്പൂ.

End:

നാന്ദീമുഖം ഊട്ടിയെങ്കിൽ പിന്നെ കുളിച്ചുവന്നാൽ പുണ്യാഹം തുടങ്ങികൊള്ളു. വെളക്കത്ത പണം വെക്കുക ഊട്ടുമ്പോൾ ആകുന്നത നാന്ദീമുഖം ഊട്ടുന്നേടത്ത ഒക്ക അന്നതന്നെ ഊട്ടി ക്രിയ ചെയ്കയുമാം. നാന്ദീമുഖം ഊട്ടുക ഉപനിയത്തുങ്കൽ പറയുന്നു. അപരരാത്രം തുടങ്ങീട്ട കുളിച്ച വേറിടുന്നതിന്നും അപ്പോൾ ഓത്തു തുടങ്ങുന്നതിന്നും ഗണപതി നിവേദിക്കുമ്പോൾ പ്ലാക്കുവാൻ പകൽതെളു തന്നെ ആകുന്നതു. ഇത ഒക്കെ കൌഷീതകന്നും പകഴിയന്നും ഭേദമില്ല (ശുഭമസ്തു ഹരിഃ)

ഏകോദ്ദിഷ്ടം ബഹ്വൃദ്ദിഷ്ടം കാര്യ്യമേകം ദിനേ യദി
കൃതപാപൂർവ്വം ബഹ്വൃദ്ദിഷ്ടം സ്യാദൈകോദ്ദിഷ്ടമാചരേൽ
ശ്രാദ്ധാനേകയുതെ ബലിക്രമമിഹ ബ്രൂമോബ്ദൈതോദിതം
മാതാ മാതുലസോദരാഃ സഹജവോ മാതൃഭഗിന്യാത്മജം (ഃ)
മാതാമഹ്യ ഥസോദരീനിജ ജനന്യപാഹകാചാര്യ്യകൌ
പിണ്ഡം കിന്തപനയോർമ്മതൌ വിദധതാമേകാദശേ വാസരെ.

Colophon:

ഇതി ക്ഷത്രിയബലിക്രമഃ സമാപ്തഃ.

ഇതിൽ ക്ഷത്രിയരുടെ വിവാഹം മുതലായ ചടങ്ങുകളെ പ്രതിപാദിക്കുന്നു. ഇതു കേരളീയ ക്ഷത്രിയർക്കുമാത്രം വിഹിതമായ ഒരു അനുഷ്ഠേയ ക്രിയാപദ്ധതിയാകുന്നു. ഈ ഗ്രന്ഥം അച്ചടിച്ചിട്ടുള്ളതായി അറിവില്ല. കർത്തൃനാമവും ഇതിൽ ഇല്ല—ഇതിൽ അക്ഷരച്യുതികളും അപശബ്ദങ്ങളും ധാരാളമുണ്ട്.

No. 34. അഗ്നിഹോത്രം.

AGNIHŌTRAM.

Substance, paper. Size, $9\frac{3}{4} \times 10\frac{3}{4}$ inches. Pages, 55. Lines, 20 on a page. Character, Malayalam. Condition, good. Appearance, new.

Complete.

On the details of procedure for the performance of the Agnihōtra ceremony.

Beginning:

ഹരിഃ അഗ്നിഹോത്രം തുടങ്ങുവാൻ പത്നീയജമാനന്മാരസ്വായതനത്ത ഇരുന്ന യജമാനൻ ഗണപതി നിവേദിച്ച പ്രായശ്ചിത്തവും നാന്ദീമുഖവും ചെയ്തു ഗണപതിവിട്ടത്ത യജമാനൻ എഴുനീററ എടുത്തതിരിഞ്ഞു പ്രദക്ഷിണം വെ . . . . . പ

ത്തിടെ അകമെപോയ് എല്ലാവരേയും പ്രദക്ഷിണം വെണ്ണി നമസ്കരിച്ച അധ്വർയ്യുവിനെ . . . . രിപ്പു. അധ്വർയ്യുവും എല്ലാവരേയും പ്രദക്ഷിണം വെണ്ണി നമസ്കരിക്കണം. അഗ്നിഹോത്രങ്ങളൊക്കെ അധ്വർയ്യുവും ചെയ്തു തരേണം. ബൌധായനീയ സ്നാനം പവനം. ആചമനം പുണ്യാഹം ഇവ പ്രസിദ്ധമായി ചെയ്യുമ്പോൾ പുണ്യാഹത്തിന "അഗ്നിഹോത്ര ദേവതാഭ്യോനമഃ ഓം അഗ്നിഹോത്ര ദേവതാ പ്രീയന്താം. ശുദ്ധ്യന്തം ചൈവ. ഫല സങ്കല്പത്തിങ്കൽ" സ്വർഗ്ഗകാമോഗ്നിഹോത്രം ഹോഷ്യാമി. തത്തച്ഛുദ്ധ്യന്താം" എന്ന കഴിക്കാത്താൽ എല്ലാവരും വലത്താരിരിഞ്ഞ അധ്വർയ്യുവും പത്നിയും യജമാനനും അഗ്നിഹോത്രശാലയിൽ ചെന്ന ഉൽകരത്ത കിഴക്കു നോക്കി നിപ്പു.

End;

യന്ന പിന്നയു (ം) കേൾക്കായാൽ അപോവാ അന്നം അന്നംവാ ആപഃ" യന്ന വചനമുണ്ടാകയാൽ അന്നമയമായി ഇരിപ്പുന്ന ഈ ജഗത്തു എല്ലാ ഭൂതങ്ങളും അന്നത്തിങ്കൽ നിന്നു എല്ലോ ഉണ്ടാകുന്നതു. അന്നംകൊണ്ടത്രെ വൎദ്ധിക്കുന്നത്.

അന്നാൽ ഭൂതാനിജായന്തെ ജാതാന്യന്നേന വൎദ്ധന്തെ" യന്ന ഇങ്ങിനെ പിതൃതപ്രാപ്തീടെ വിശ്ലേഷഭാവത്തിന്നായിക്കൊണ്ടു സ്ഥൂണാഖനനന്യായേന സ്ഥിരീകരണാൎത്ഥമായി ഇരിപ്പുന്നു. ഈ പിണ്ഡ സംയോഗമാകുന്നതു കല്പാദിയിങ്കലെ സൃഷ്ടിക്രമമുണ്ടു. ഉപനിഷത്തുകളിൽ ശ്രവിക്കപ്പെടുന്നു. "തസ്മാദ്വാ ഏതസ്മാദാത്മന ആകാശഃ സംഭൂതഃ. ആകാശാദ് വായുഃ. വായോരഗ്നിഃ അഗ്നേരാപഃ. അദ്ഭ്യഃ പൃഥിവീ പൃഥിവ്യാ ഓഷധയഃ ഓഷധീഭ്യോന്നം. അന്നാൽ പുരുഷഃ ഏവംഭൂതമായി ഗുണവിശിഷ്ടമായി ഇരിക്കുന്ന പിണ്ഡസംയോഗത്തിങ്കൽ അഷ്ടകാദിബഹുദ്രവ്യത്തിങ്കൽ സഹപിണ്ഡഭോക്താവായി പ്രീതമനസ്സായി ഭവിച്ചിട്ട ചിരകാലം സ്വകീയവംശ്യന്മാൎക്കായിക്കൊണ്ടു പുത്രപൌത്രപ്രപൌത്രാദി പ്രജാതന്തു പിതാനുഗ്രഹ കൎത്താവായിരുന്ന പൂൎവ്വോക്തസൃഷ്ടെ വ്യുൽക്രമപരംപരയാ സത്യജ്ഞാനാനന്താനന്ദാത്മകമായിരുന്ന സത്യംജ്ഞാനങ്ങളു മനന്തംബ്രഹ്മായന്നുണ്ടാകയാൽ പരംബ്രഹ്മത്തിങ്കൽ ചെന്നുലയിക്കും എന്നതുകൊണ്ടുനിൎണ്ണയം. സ്ത്രീസപിണ്ഡിയുടെ വിശേഷമെഴുതുന്നു. സ്ത്രീ ഭൎത്താവിനോടുകൂടുന്നു. യാതൊരു സ്ത്രീ, സഹധൎമ്മശ്ചൎയ്യതാം, എന്ന നിയോഗം ഹേതുവായിട്ടു വിവാഹം തുടങ്ങിയുള്ള കൎമ്മങ്ങളിൽ സഹധൎമ്മചാരിണിയായിട്ടു ചരിക്കുന്നു. അങ്ങിനെ ഇരിക്കുന്ന ധൎമ്മപത്നി മരിച്ചാൽ തന്റെ ഭൎത്താവിനോടുകൂടെ ഐക്യത്തെ പ്രാപിച്ച ഫലത്തെ അനുഭവിക്കുന്നു.

ഈ ഗ്രന്ഥത്തിൽ യാജ്ഞികസമ്പ്രദായാനുരോധേന അഗ്നിഹോത്രകൎമ്മാനുഷ്ഠാനത്തെ പ്രതിപാദിക്കുന്നു. ഗദ്യരൂപമായ ഈ ഗ്രന്ഥത്തിന്റെ കൎത്താവു ആരെന്ന നിശ്ചയമില്ല. അച്ചടിച്ചിട്ടുള്ളതായും കേട്ടിട്ടില്ല. ഗ്രന്ഥത്തിൽ അക്ഷരവീഴ്ചകൾ ധാരാളമുണ്ട്.

No. 35. ആചാരസംഗ്രഹം.

ĀCĀRASAṄGRAHAM.

Substance, paper. Size, $9\frac{3}{4} \times 10\frac{3}{4}$ inches. Pages, 96. Lines, 20 on a page. Character, Malayalam. Condition, good. Appearance, new.

Deals with Āśauca (pollution) and Prāyaścitta (expiation) in accordance with the Āśvalāyana school.

Beginning :

ഗണേശാദീൻ നമസ്കൃത്യ ബാലന്മാൎക്കറിവാനഥ.
തക്ഷകോഹം പ്രവക്ഷ്യാമി പ്രായശ്ചിത്തം സമാസതഃ
ആശൌചങ്ങളുമാം വണ്ണം പറയുന്ന സമാസതഃ.
നിത്യനൈമിത്തികം കൎമ്മ വക്ഷ്യേ കിഞ്ചിൽ സമാസതഃ.

ഒരുത്തന്ന ഉണ്ണി ഉണ്ടായി ജാതകൎമ്മം കഴിഞ്ഞാൽ മറ്റുള്ള പിതൃകൎമ്മങ്ങൾക്കൊക്കയും അധികാരമുണ്ട്. ജാതക്രിയാനന്തരമേവ ബാലഃ പ്രേതക്രിയാദാവധികാരവാൻ സ്യാൽ എന്നുണ്ട്. ഉണ്ണി ജനിച്ചപ്പോൾ അച്ഛനും അമ്മയും കൂട മരിച്ചുവെങ്കിലും ജാതകൎമ്മം ചെയ്തിട്ടുതന്നെ അവരുടെ സംസ്കാരങ്ങൾ രണ്ടും ചെയ്കയും വേണം.

"ജാതെ പുത്രെ മൃതിമ്മാതുഃ പിതുൎവ്വാ യുഗപദ്യദി"
ജാതകൎമ്മ വിധായൈവ പിത്രോഃ സംസ്കാരമാചരേൽ"

എന്നുണ്ട്. ഒരു ഉണ്ണി ജനിച്ച പുലയിൽ തനിക്ക പുണ്യാഹമിരിക്കവെ അച്ഛൻ താനമ്മ താൻ മരിക്കിൽ സംസ്കാരാദി തുടങ്ങി ഒക്കയും ചെയ്യാം. അപ്പന്മാർ സഹോദരന്മാർ ഇത്യാദി തുടങ്ങിയുള്ളവൎക്ക താൻ പിണ്ഡകൎത്താവായി വരുമ്പോൾ സംസ്കാരവും സഞ്ചയനവും ഒഴിച്ച ദശാഹ ബലികൾ തുടങ്ങി ഒക്കയും ചെയ്കയും വേണം. എന്നിങ്ങിനെ നമ്മുടെ ഉപദേശമാകുന്നു. മററു ചിലർ ചെയ്യിപ്പിക്കുന്നില്ലേപോൽ. പുല പോയിട്ടു പുണ്യാഹം ചെയ്തുകഴിഞ്ഞാൽ പിന്നെ ഉപനിക്കും മുമ്പെയുള്ള വയസ്സുകളിൽ നേരെ അച്ഛൻ താനമ്മതാൻ മരിക്കിൽ സംസ്കരിപ്പാൻ സംശയമില്ലല്ലോ.

End :

ഖ്യാപനേനാനുതാപേന
പ്രശസ്താദ്ധ്യയനേനച
പാപകൃന്മുച്യതെപാപാൽ
തഥാദാനേനചാപദി.

ഇത്യാദി വചനങ്ങളും വിചാരിച്ചുചെയ്വൂ. പ്രായശ്ചിത്തങ്ങൾ പലതും നോക്കീട്ടു പറഞ്ഞോട്ടു അടിതിരി ആശ്വലായനന്മാരുടെ വിശേഷങ്ങളെ ഈ വണ്ണം ഒക്ക ചുരുക്കി പ്പറഞ്ഞുചേൎത്തു എഴുതിയതു്. ആകയാൽ അതിൽ ഏതാനും പിഴയുണ്ടെങ്കിൽ ഇതിലും ഉണ്ടായിട്ടുവരും. അങ്ങിനെയുള്ളതു അന്നന്നത്തെ മഹത്തുക്കൾ വിചാരിച്ചുകൊള്ളൂ. പൂമുള്ളിനമ്പൂരിയോടും നാരാത്ത ചോമാതിരിയോടും കൂടി വിചാരിച്ച അവൎക്കുകൂടെ ബോധിച്ചിരിക്കുന്ന ആചാരത്തെ . . . ങ്ങളെ ഒരുപന്തി ഒക്കയും എഴുതുകയും ചെയ്തു ആചാരസംഗ്രഹമെന്നി ഗ്രന്ഥത്തിന്റെ പേരാകുന്നതു്.

Colophon :

ഇത്യാചാര സംഗ്രഹഃ സമാപ്തഃ

ഈ ഗ്രന്ഥം തക്ഷകകൃതമായ പ്രായശ്ചിത്തഗ്രന്ഥത്തിന്റെ വിവൎത്തനമാകുന്നു. ഇതിൽ ആശൌചവും പ്രായശ്ചിത്തവും പ്രതിപാദിച്ചിരിക്കുന്നു. പ്രായശ്ചിത്തഭാഗം പറഞ്ഞോട്ടു അടിതിരി ചുരുക്കിപറഞ്ഞിട്ടുള്ളതിനെ ഇതിൽപകൎത്തു എഴുതിയതായി ഗ്രന്ഥകൎത്താവു് പ്രതിപാദിക്കുന്നു. പ്രായശ്ചിത്തഭാഗം ആശ്വലായനമതത്തെയാണു് അവലംബിച്ചിരിക്കുന്നതു്. ഗ്രന്ഥകൎത്താവു, പൂവുള്ളി നമ്പൂതിരിയും നാരാത്ത ചോമാതിരിയും ഈ ഗ്രന്ഥം ശ്രേഷ്ഠമാണെന്ന സമ്മതിച്ചിരിക്കുന്നതായി ഇതിൽ പറയുന്നു. കൎത്തൃനാമം ഇതിൽ ഇല്ല. ഇതു അച്ചടിച്ചു പ്രസിദ്ധപ്പെടുത്തീട്ടില്ല.

No. 36. ആചാരസംഗ്രഹം.

ĀCĀRASAṄGRAHAM.

Substance, paper. Size, $9\frac{3}{4} \times 10\frac{3}{4}$ inches. Pages, 81. Lines, 20 on a page. Character, Malayalam. Condition, good. Appearance, new. Complete.

Deals with Āśauca, i.e., the nature and duration of pollution to be observed consequent on the birth or death of near relations. This work does not appear to have been printed.

Beginning:

അനന്തരം ആചാരങ്ങളെ കുറയക്കാട്ടുന്നു. നമ്മുടെ ഉപദേശംപോലെ ഒരു പുത്രൻ ജനിച്ചാൽ അപ്പോഴെ ജാതകർമ്മംചെയ്തു കഴിഞ്ഞാൽ സംസ്കാരാദിസപിണ്ഡ്യാന്തമുള്ള പിതൃകർമ്മങ്ങൾക്ക ഒക്കെയും അവൻ അധികാരിയാകുന്നു. താൻ ജനിച്ച ചില തന്നിക്കുളള്ളപ്പോൾ പുണ്യാഹനിമിത്തമിരിക്കയാൽ തന്റെ നേരെ അച്ഛൻ താൻ പെററമ്മതാൻ മരിച്ചു എങ്കിൽ അവരുടെ സംസ്കാരാദി ക്രിയകൾ ഒക്കെയും ചെയ്യാം. അച്ഛന്മാർ, സഹോദരന്മാർ തുടങ്ങിയുളള സപിണ്ഡന്മാൎക്ക താൻ പിണ്ഡകർത്താവായിവരുമ്പോൾ സംസ്കാരവും സഞ്ചയനവും ഒഴിച്ചു ദശാഹബലികൾ തുടങ്ങി ഒക്കചെയ്യിപ്പിക്കാം. ഈ അവസ്ഥ രണ്ടിലും നമ്മുടെ പക്ഷത്തിൽ ചെയ്യുമാറാകുന്നു.

മററു ചിലർ ഇവരണ്ടും ചെയ്യിപ്പിക്കുന്നില്ലപോൽ. ചില പോയിട്ടു പുണ്യാഹം കഴിഞ്ഞാൽ പിന്നെ ഉപനിക്കും മുമ്പെയുള്ള വയസ്സുകളിൽ നേരെ അച്ഛനൊ അമ്മയൊ മരിച്ചാൽ സംസ്കാരത്തിന്നു സംശയിക്കുകയും വേണ്ടല്ലൊ. മററു ദത്തച്ഛൻ, ദത്തമ്മ, അച്ഛന്മാർ, സഹോദരന്മാർ എന്നു തുടങ്ങിയുളളവൎക്ക താൻതന്നെ പിണ്ഡകർത്താവായി വരുമ്പോൾ അവർ മരിച്ചാലത്തെ സംസ്കാരത്തിന്നു തറവാട്ടു സപിണ്ഡസോ(സോ)ദകന്മാരായി സ്നാതകന്മാരായിട്ടു ആരുമില്ലെന്നു വരികിൽ അനുപനീതനെക്കൊണ്ടുതന്നെ സംസ്കരിപ്പിക്കേണമെന്നു തന്നെ നമ്മുടെപക്ഷം.

End:

ഉദകുംഭദാനംചെയ്തു വീടിയവന സക്രദാച്ഛിന്നം വേറെവേണം. കവ്യവും ഉന്മാ(ണ്മാ)നാളും ഒന്നു തന്നെ മതി. ഇങ്ങിനെയുമരുതാശ്ശയില്ല. ഇതു മദ്ധ്യം.

ആളുകൾ കുറയുമെങ്കിൽ ഇങ്ങിനേയും ചെയ്യാം. മുമ്പിൽ ബലിയെ ഉളളു എങ്കില്ലു ഉദകുംഭദാനംചെയ്തു വി (വീ)ടി ദീക്ഷിക്കുമ്പോൾ നിത്യശ്രാദ്ധമൂട്ടിത്തന്നെ ബലിവേണം. ഉദകുംഭദാനം ചെയ്യുവൻ വേറെ നിത്യശ്രാദ്ധമൂട്ടുക ഉത്തമം. ഒരുത്തനെ വീട്ടുകതന്നെ എങ്കിൽ മാസപിണ്ഡങ്ങളും നിത്യപിണ്ഡങ്ങളുമൊക്കെവെച്ചവിട്ടു. നിത്യപിണ്ഡങ്ങൾ ഒക്ക സാദ്ധ്യമില്ലെങ്കിൽ അതിന്നു പ്രായശ്ചിത്തംചെയ്തു മാസപിണ്ഡങ്ങൾ ഒക്കവെപ്പു.

"മാതാപിത്രോർവ്വിശേഷേണ ക്ഷേപേതപരിവത്സരം"

അച്ഛന്റെയും അമ്മേടേയും ദീക്ഷ സംവത്സരംതന്നെവേണമെന്നു കൃത്യമുണ്ട്. പുത്രനു ൨ തിനാറു വയസ്സു ജനനാൽ തുടങ്ങിയന്ന മാതാപിതാക്കന്മാർ മരിച്ചദീക്ഷ അകപ്പെട്ടാൽ ഉദകുംഭാദിദാനംചെയ്തു ഉപനിപ്പു.

അതീതെ ഷോഡശെ വൎഷെ
പതിതഃസ്യ(ാ)ദ്ധ്രുവംശിശുഃ

എന്നുണ്ട്. ഇങ്ങിനെ ഉപനയനം പതിനാറു വയസ്സിൽ ആകിൽ പതിനെട്ടാം വയസ്സിൽ ഗോദാനവും കൊള്ളൂ.

Adds :

വീഴക്ഷരം വരിപിണങ്ങുക പുള്ളിപുള്ളി
ദീർഘാദിവസ്തു ചിലവിന്ദുവിസർഗ്ഗവീഴ്ച.
ഇത്യാദിപുസ്തകമെഴുത്തിൽ വരുന്ന ദോഷം
ബുദ്ധിഭ്രമാൽ ബുധ ജനങ്ങൾ സഹിച്ചുകൊൾക

ആചാരസംഗ്രഹം എന്ന ഈ ഗ്രന്ഥം ആശൌചത്തെയും പ്രായശ്ചിത്തത്തേയും വിധിക്കുന്ന ആചാരസംഗ്രഹത്തിൽനിന്നു വ്യത്യസ്തമാകുന്നു. ഗ്രന്ഥനാമം ഒന്നാണെങ്കിലും വിഷയവും മററും ഭിന്നമാകുന്നു. ഇതിൽ ആശൌചത്തെയാണു വിചാരിക്കുന്നത്. കർത്തൃനാമം നിർദ്ദേശിച്ചിട്ടില്ല. അച്ചടിച്ചിട്ടുള്ളതായും കേട്ടിട്ടില്ല.

No. 37. ആശൌചചിന്താമണി, ഭാഷാവ്യാഖ്യാന സഹിതം.

ĀŚAUCACINTĀMAṆI WITH MALAYALAM COMMENTARY.

Substance, paper. Size, $9\frac{5}{8} \times 10\frac{7}{8}$ inches. Pages, 44. Lines, 20 on a page. Character, Malayalam. Condition, good. Appearance, new.

Complete.

Contains the Āśducacintāmaṇi in Sanskrit with commentary in Malayalam language. The Malayalam commentary is written after each stanza of the Sanskrit work.

Beginning:

നമാമിനിലയക്രോധ നിലയം നീലലോഹിതം.
അംബാംഗിരീന്ദ്ര നിലയാമംബികാ മപിസാദരം.

ആശൌചചിന്താമണി സംജ്ഞകമായിരിപ്പോരു പ്രബന്ധത്തെ ചമപ്പാൻ തുടങ്ങുന്നേടത്തു ഗ്രന്ഥകാരൻ അതിന്റെ അവിഘ്നപരിസമാപ്ത്യാദി സിദ്ധിക്കായിക്കൊണ്ട് സ്വാഭീഷ്ടദേവതാനമസ്കാരപൂർവ്വകമാകുംവണ്ണം അഭിമതത്തെ പ്രാർത്ഥിക്കുന്നു ആദിശ്ലോകം കൊണ്ട്.

ഗണേശ വാണീ ഗുരു ദക്ഷിണേശാൻ
വന്ദേ ദയാബ്ധീൻ വരദാനശീലാൻ
(ഗണേശവാണി ഗുരസ്യചാഘാ
ന്നമീദിശന്ത്വാശു മമാത്മശുദ്ധീം.||)
ജന്മാദി മൂലാനി നിരസ്യചാഘാ
ന്നമീദിശന്ത്വാശു മമാത്മശുദ്ധിം.||

"അഹം" ദയാബ്ധീൻ വരദാനശീലാൻ ഗണേശവാണീഗുരുദക്ഷിണേശാൻ വന്ദേ. എന്നു മുന്നിലത്തെ അന്വയം. ദയാസമുദ്രങ്ങളായി വരദാനം തന്നെ ശീലമായുള്ള ഗണേശവാണീ ഗുരുദക്ഷിണേശന്മാരെ വന്ദിക്കുന്നേൻ. ദക്ഷിണേശൻ ദക്ഷിണാമൂർത്തി അമീമമജന്മാദി മൂലാനി അഘാനി നിരസ്യ ആശു ആത്മ ശുദ്ധിം ദിശന്തു ച. ഇവൻ

എൻെറ ജന്മാദി മൂലങ്ങൾ ജനന മരണഹേതുക്കളായുള്ള പാപങ്ങളെ സംഹരിച്ച് പോട്ടുന്നനവെ അന്തഃകരണ ശുദ്ധിയെ വരുത്തി പരമാത്മത്തെ തോന്നിച്ചരുളേണമെ. എന്ന സാമാന്യതഃ ഉള്ള അർത്ഥം.

"ആശൌച മംഗലശബ്ദേന പ്രോക്തമത്ര വിശാരദൈഃ"

എന്ന വചനമുണ്ടാകയാൽ അംഘ ശബ്ദംകൊണ്ട് ആശൌചത്തെ കൂടെ ഗ്രഹിക്കുന്നു. (എന്നാൽ ഇവിടെ ജനനമൃ) എന്നാൽ ഇവിടെ ജനനമരണാദി നിമിത്തങ്ങളായുള്ള ആശൌചങ്ങളുടെ കാലവ്യവസ്ഥയും അശുദ്ധി വിശേഷങ്ങളെയും അതതിനെ പോക്കി ആത്മശുദ്ധി വരുത്തേണ്ടും പ്രകാരത്തേയും മററുള്ളവർക്ക് എളുപ്പത്തിൽ അറിവാൻ തക്കവണ്ണമുള്ള പദപദാർത്ഥരചനാകൌശലങ്ങളെയും നമുക്ക് അനുഗ്രഹിച്ച് അവിഘ്നേന പരിസമാപ്ത്യാദി പ്രയോജനങ്ങളെയും അനുഗ്രഹിച്ചരുളേണമെ.

End:

സഹ സർവ്വാംഘെ അപി അഗ്നിഹോത്രി സന്ധ്യയോഃ സ്നാത്വാ ആപഃ വിക്ഷിപ്യ പുനഃ മന്ത്രേണ ആങ്ഗപ്ലുത്യ അഗ്നിഹോത്രാദിനഹവനവിധൌ ശുദ്ധഃ സ്യാദിതി ശേഷഃ അഥസഃ അപി അംഘ സ്യാൽ

ഇവിടെ എല്ലാ പുലയിലും സന്ധ്യകളിൽ അഗ്നിഹോത്രി കുളിച്ചുത്തു പത്തന്തി തൊഴുതു മന്ത്രസ്നാനം ചെയ്താൽ അഗ്നിഹോത്രാദിതഹവനവിധിവിഷയം ശുദ്ധനായി ചമയിന്നു. പിന്നയുമവസാനാനന്തരം തന്നെ മന്ത്രസ്നാനാനന്തരം അശുദ്ധനായിട്ടും ഭവിക്കും. മുമ്പിലത്തെ കുളിയും ഊക്കവും പത്തന്തി തൊഴുകയും പുലയിലെ പോലെ തന്നെ മന്ത്രസ്നാനാന്തരം അഗ്നിഹോത്രം വേളികഴിവോളവും പുലയില്ല. അതു കഴിയുമ്പോൾ തന്നെ പുലയുണ്ടാകയും ചെയ്യും. പിന്നെ അന്തിമുടിക്ക പുലയിലെ പോലെ തന്നെ എന്നതാല്പര്യം.

—ഇതിൽ ആശൌചചിന്താമണി എന്ന സംസ്കൃത പദ്യവും അതിന്നു മലയാളത്തിൽ ഒരു വ്യാഖ്യാനവും ഉണ്ട്. അക്ഷരവീഴ്ചകൾ ഇതിൽ പലേടത്തും ഉണ്ട്. ഗ്രന്ഥാവസാനത്തിൽ മൂലത്തെ മാത്രം എഴുതിച്ചേർത്തിട്ടുണ്ട്. ഇത് കേരളത്തിൽ എങ്ങും അച്ചടിച്ചിട്ടുള്ളതായി അറിവില്ല. ഗ്രന്ഥകർത്താവും ആരെന്നു നിശ്ചയമില്ല. ഇതിലും ആശൌചത്തെയാണ് പ്രതിപാദിക്കുന്നത്.

No. 38. ആശൌചദീപം, ഭാഷാവ്യാഖ്യാന സഹിതം.

ĀSAUCADĪPAM WITH MALAYALAM COMMENTARY.

Substance, paper. Size, $9\frac{3}{4} \times 10\frac{7}{8}$ inches. Pages, 143. Lines, 20 on a page. Character, Malayalam. Condition, good. Appearance, new. Complete.

This work contains the Sanskrit work "Āśaucadīpa" with a commentary in Malayalam. The Malayalam commentary is written at the end of each of the stanzas of the Sanskrit original.

Beginning:

ആശൌചദീപകത്തെ ചമെപ്പാൻ തുടങ്ങുന്ന ആചാര്യനെൻെറ അവിഘ്നമസ്തു പരിസമാപ്ത്യാദി പ്രയോജന സിദ്ധ്യർത്ഥമായിട്ടു അ (ശി) ഷ്ടാചാരത്തെ അനുസരിച്ചു നിന്നു(ന്നു) വസ്തുനിർദ്ദേശഗർഭമാം വണ്ണം മംഗലാചാരത്തെ ചെയ്യുന്നു.

യതോ വാ ജന്മാസ്യ സ്ഫുരതി ച യതോ വാ തദിതര-
ദ്വയേനാപ്യേതേനാ പ്രകടിതനിദാനാഘ മഖിലം.
വ്യതീയാന്മെ ശുദ്ധോനിരഘ ഇഹയഃ സ്വാവഗമനാ-
ദുപാസ്സെ തത്വാ (തൽ) പ്രശമിത വികല്പം ചഉദം—

ഇതി. തൽ (തത്വം) ഉപാസ്സെ. ആ ഈ തത്വത്തെ ഉപാസിക്കുന്നേൻ യതഃ സ്വജന്മ സ്ഫുരതീവ ചയതഃ തദിതരാൽ സ്ഫുരതീവ യാതൊരു തത്വത്തിങ്കൽ നിന്ന ഇപ്രപഞ്ചത്തിന്റെ ജന്മവും ഭവിക്കുന്നു. യാതൊന്നിങ്കൽ പിന്നെ ഇപ്രപഞ്ചത്തിന്റെ നാശവും ഭവിക്കുന്നു. ഇഹയഃ സ്വാവഗമനാൽ ദ്വയേനാപ്യേതേനാപ്രകടിതനിദാനാഘമഖിലംവ്യതീയ ശുദ്ധോ നിരഘഃ ആന്മെ—

End:

ലവണം നാശ്നി (ശ്നു) യാൽ, ഉപ്പു ക്രൂട്ടരുത, നാഗവല്ലികാപത്രാണി ന സഞ്ചർവ്വയേൽ, വെററിലതിന്നരുത, കാമ്യകർമ്മചനാചരേൽ. ഗണഹോമാദി കാമ്യ കർമ്മത്തെ ചെയ്യരുത. അഥ നിത്യനൈമിത്തികെ വിദധ്യാൽ. നിത്യകർമ്മങ്ങളും ചാത്തമൂട്ടകയും ചെയ്യാം, സ്വാദ്ധ്യായവും വൈശ്വദേവവും ചെയ്യാമെന്നു ചിലർ ആശ്വലായനന്റെ സഞ്ചയനത്തിന്നു മുമ്പെയുള്ള ഇരിച്ചു വെരിച്ചു ദേഹത്തിന്നു ശുദ്ധിയുണ്ടെന്നു പൊരുൾ :—

ശുഭമസ്തു ശ്രീ ഗുരുഭ്യോ നമഃ ഹരിഃശ്രീ ഗണപതയെ നമഃ,
കരകൃതമപരാധം ക്ഷന്തുമർഹന്തിസന്തഃ.

വള്ളി പുള്ളി വരിപിഴ വരികിൽ കവികൾതീൎക്ക.

Colophon :

ഇത്യാശൌചദീപം സമാപ്തം."

"ഈ ഗ്രന്ഥവും ആശൌചത്തെ പ്രതിപാദിക്കുന്നു. മൂലം സംസ്കൃത ഭാഷയിലും വ്യാഖ്യാനം മലയാളത്തിലും ആകുന്നു. അക്ഷര വീഴ്ചകൾ ഇതിൽ പലസ്ഥലത്തും ഉള്ളതായി കാണുന്നു. ഇതു അച്ചടിച്ചിട്ടുള്ളതായി അറിവില്ല. ഗ്രന്ഥകർത്താവു സ്വനാമത്തെ ഇതിൽ നിർദ്ദേശിച്ചിട്ടില്ല.

No. 39. ആശൌചവിധി.

ĀŚAUCAVIDHI.

Substance, paper. Size, 9¾ × 10⅛ inches, Pages 11. Lines, 20 on a page. Character, Malayalam. Condition, good. Appearance, new.

Complete.

Begins on page 74 *a.* of the Ms described under No. 27 by Jayanta. Similar to the above.

Beginning :

അമ്പിൽ തുണെക്കെനിക്കെന്നും
തുമ്പിക്കയ്യുള്ള തമ്പുരാൻ.
ഇമ്പത്തിൽ മേവുകെന്നാവിൽ
വ(ണ്ണ)മ്പൊത്തൊന്നക്ഷരങ്ങളും.

സ്വായംഭുവനെ വന്ദിച്ചിട്ടായോളമെളുതായിഞാൻ
ആയവണ്ണം പുലയുടെഞായത്തെ ഇത ചൊല്ലുന്നേൻ
ഏറിപ്പോയീടിലും ചെറുവേ(ാ)രാത വരുമാകിലും
തേറേണം നല്ലമാലോകരാരുമേറപ്പിഴക്കൊലാ.

സപിണ്ഡന്മാർ സോദകന്മാർ ബന്ധുക്കളിവ(ർ)മൂവരും
പുലകൊൾവാനവരെ ഞാൻ വെവ്വേറെ ഇതചൊല്ലിനേൻ
അച്ഛൻ മുത്തച്ഛനും നാലഞ്ചാറേഴാമച്ഛനോളവും
താനും മകനുമങ്ങേഴാമകനോളവുമിങ്ങിനെ.

പതിമൂന്നു വകക്കാക്കപ്പിറന്നോർമക്കൾമക്കളും
ഇങ്ങനെപലപില്ലങ്ങളുണ്ടായാലവരേവരും
പെ [illegible]ങ്ങളുമിതിന്നിട്ടുത്തുള്ളോരുംകിടാങ്ങളും
ആണുങ്ങൾടെ സപിണ്ഡന്മാർ തന്നുടെ ഗോത്രമായവർ.

പിന്നെ പത്തോളവും കീഴുമേലെല്ലാം പൂകസോദക(ൻ)
അച്ഛന്റെ മക്കളും പിന്നെ മുത്തച്ഛനുള്ളമക്കളും
അവർ തൻമക്കളെല്ലാരു മവരെപ്പെററ . . ന്മയും
മുത്തച്ഛനുമിവരെല്ലാരും, വെട്ടുളായോരുമിങ്ങിനെ.

End :

അറിവുള്ളവരിൽ ചൊൽകകുറയുള്ളവയെങ്കിലും
മറുക്കൊല്ലാപൊറുക്കേണം വെറുക്കൊല്ലാ ഒരിക്കലും
അറിവില്ലെന്നമുക്കൊട്ടു മറിവില്ലെപറഞ്ഞതും
അറിവൊന്നില്ല യാതൊന്നക്കൊട്ടറിയുന്നെ പറഞ്ഞതും.

തട്ടക്കുന്നു വരുമ്പേടിതട്ടുക്കുന്നൊരു വൈഭവം
ഇടക്കുന്നിൽ ഭഗവതി കടക്കണ്ണെന്നെരക്ഷതാം
ആശൌച കേരളീ നാമ്നാ ജയന്തേന പ്രകീർത്തിതാ
ബൊധായ മന്ദബുദ്ധീനാമുപകാരായക . . . .

Colophon :

ശ്രീദക്ഷിണാമൂർത്തയെനമഃ
സ്മൃതെയത്രജഗന്നാഥെ സർവ്വാരിഷ്ടവിചിന്തനം
മംഗളായഭവേന്നിത്യം തസ്മൈ ശ്രീപതയെ നമഃ.

Adds :

അക്ഷരം യൽപരിഭ്രഷ്ടം മാത്രാഹീനന്തുയൽ ഭവേൽ
ക്ഷന്തുമർഹന്തി വിദ്വാംസഃ കസ്യനാസ്തിവ്യതിക്രമഃ

ഈ ഗ്രന്ഥത്തിൽ കേരളത്തിലുള്ള ആശൌചത്തെ വിധിക്കുന്നു. ഗ്രന്ഥകർത്താവ് ജയന്തൻ എന്ന നമ്പൂതിരിയാകുന്നു. പദ്യരൂപമായ ഈ ഗ്രന്ഥം കേരളത്തിൽ എങ്ങും അച്ചടിച്ചു പ്രസിദ്ധം ചെയ്തിട്ടുള്ളതായി കേട്ടറിവില്ല. ഗ്രന്ഥാവസാനത്തിൽ ഗ്രന്ഥാന്തരത്തിലുള്ള ആശൌചത്തേയും രണ്ടു മൂന്നു ഭാഗംകൊണ്ടു വിചാരിക്കുന്നു.

No. 40. ഏകാശ്വാസവിധാനം.

ĒKĀŚVĀSAVIDHĀNAM.

Substance, paper. Size, 9⅝ × 10¾ inches. Pages, 86. Lines, 20 on a page. Character, Malayalam. Condition, good. Appearance, good.

Complete.

On certain expiatory ceremonies to be performed by the followers of the Bōdhāyana school, when the sacrificial offering becomes impure on any account such as by the eating of the offering by certain birds or by its being smelt by certain animals. The work has not been printed, and its author is not known.

Beginning :

സസ്മൃതം പാർവ്വതീനാഥം വണങ്ങിക്കൊണ്ടു ഭാഷയായ്,
സ്മാർത്ത കർമ്മവിധിക്കിപ്പോൾ പ്രായശ്ചിത്തം വദാമ്യഹം.

അവിടെ നടേ ഹവിർദ്ദോഷങ്ങളെയും അഗ്നിദോഷങ്ങളേയും ചൊല്ലുന്നു.

പൂച്ചയുണ്ടഹവിർദ്ദോഷം കീരിതൊട്ടഹവിസ്സപി
വറളാതെ ചോരമാറീട്ടിരിക്കും പുണ്ണുതട്ട്യതും
ഹസ്സെ ഖഗ്ഗന്ധ സഹിതം കനകം തട്ട്യതും പുനഃ
തുംബീ ചുമച്ചുതൽവിന്ദു തട്ട്യതും ഭ്രമിതട്ട്യതും.

പശ്ശുതാൻ കാളതാൻ പിന്നെ ഗന്ധിച്ചൊരുഹവിസ്സപി
നല്ലാട്ടശ്വങ്ങളൊഴിയ മഹിഷാദികളാകിലും
അജാശ്വ മുഖതൊ മേദ്ധ്യമെന്നുള്ളവചനാദിഹ
ഇത്ഥം ചൊല്ലിഹവിർദ്ദോഷം പായസത്തെയൊഴിച്ചിഹ.

പക്ഷീണാമെച്ചിലും പിന്നെ നിത(ര)വദിച്ചഹവിസ്സപി
ബലിതുകിയതും പിന്നെ മുരിങ്ങക്കറിക്രൂട്ട്യതും
കായം ക്രൂട്ട്യൊരു കറിയും വിശേഷിച്ചു ചുവന്നത

Colophon :

ഇതി ഏകാശ്വാസവിധാനെ പ്രഥമോദ്ധ്യായഃ.

End :

സർവ്വൌഷധം കഴിഞ്ഞാറെ പത്നിയും യജമാനനും
കളിക്കിലങ്ങനാദിക്കു പ്രായശ്ചിത്തം ചരിക്കണം
പത്നിക്കും യജമാനന്നും ദശഹോ തന്നുമുമ്പിലേ
പുലയങ്ങളുളായെങ്കിൽ പുലപോവാൻ തുടങ്ങിത.
അതിന്മീതെ ഉളായെങ്കിൽ അഗ്നിഹോത്രം ചരിപ്പിത
ദമ്പതീമാരൊരുത്തർക്കു ശുദ്ധിവന്നാൽ തുടങ്ങൊലാ
കർമ്മാരംഭിച്ചു തൊട്ടുക്കമിതു തുല്യം പുലയിലും
രജസ്സിലപി ദോഷോക്തിഃ ഹവ്യവഹ്ന്യൊ . . . . .

. . . . മഥമമഥ വടോഃ ഹോമകൎമ്മാംഗ ഭേദഃ
പ്രാധാന്യോക്തിഃ ക്രിയാണാം സകലഹവനസാന്നിക്ഷ്കൃതിഃ പുംസവാദ്യേ
മൌഞ്ജീ ബന്ധാദി കാൎയ്യേ പരിണയനമുഖെ പൈതൃകെ ഝാചകാൎയ്യേ
പുഷ്പേ ചാൎഘേ ക്രിയാന്തസ്തുതിവിഹിതവിധിഃ പ്രോക്തമാശൌചമന്ത.

Colophon:

ഇതി ഏകാശപാസത്തിൻെറ ചൊല്ലിയതിൻെറ ക്രമം.

ഏകാശപാസം എന്ന ഈ ഗ്രന്ഥത്തിൽ ഹവിർദ്ദോഷാദി സംഭവിച്ചാൽ ചെയ്യേണ്ടതായ പ്രായശ്ചിത്തം മുതലായതു പദ്യരൂപേണ സവിസ്തരം പ്രതിപാദിക്കുന്നു. ഇതിൻെറ കൎത്താവ് ആരെന്നു നിശ്ചയമില്ല. ഗ്രന്ഥം അച്ചടിച്ചിട്ടുള്ളതായും അറിവില്ല. ഈ പ്രായശ്ചിത്തം ബോധായന മതസ്ഥന്മാൎക്കുള്ളതാണ്.

No. 41. ബോധായനസ്മാൎത്ത പ്രായശ്ചിത്തം.

BŌDHĀYANASMĀRTAPRĀYAŚCITTAM.

Substance, paper. Size, $9\frac{3}{4} \times 10\frac{3}{4}$ inches. Pages, 209. Lines, 20 on a page. Character, Malayalam. Condition, good.

Begins on fol. 6-a. The other work herein is Smārtaprāyaścitta in Sanskrit 1-a.

Incomplete.

A treatise dealing with the expiatory ceremonies to be performed by a person as laid down in the work " Ēkāśvāsavidhānam " described under No. 40.

This work has not been printed, and its author is not known.

Beginning:

ബോധായന കൎമ്മം പിഴച്ചാലത്തെ പ്രായശ്ചിത്തം. മുമ്പിൽ അഗ്നിദോഷത്തെ ചൊല്ലുന്നു.

പുണ്ണിലെവെള്ളം. ചോര. മാംസം. അസ്ഥി. വിഷ്ഠ. ശുക്ലം. മജ്ജ. മാംസത്തിലെ നെയ്യ്. മാംസം പുഴുങ്ങിയ വെള്ളം. ചലം. പലശവം. ഇവ നേക്ക്യത്തേത. പട്ടി. ചണ്ഡാളൻ. കാക്ക. കഴുത. പതിതൻ. തീണ്ടായിരുന്നവൾ. ശൂദ്രൻ. ദാഹകൻ. ഇവറിൻെറ തൃതീയോപസ്പൎശത്തിങ്കൽ തീക്കളയൂ. നല്ല ശൂദ്രൻ മൂന്നടി. ചാലിയൻ മരക്കായൻ ഇത്യാദി ശൂദ്രക്ക ആറടി. പതിതൻ വെളുത്തേടൻ അവൎക്ക ആറടി. ഉദക്യക്ക പന്ത്രണ്ടടി. സൂതികക്ക പതിനെട്ടടി.

End:

നിത്യ കൎമ്മത്തിന്ന ശ്രൌതമാകുന്നകൎമ്മം ചെയ്യുമ്പോൾ മന്ത്രം വേണം. സ്മാൎത്തങ്ങളായിരിക്കുന്ന കൎമ്മങ്ങൾക്കു മന്ത്രം വേണ്ടാ. പുലയിൽ പൂണനൂൽ മുറികിൽ മന്ത്രം ചൊല്ലിക്കേണമെന്ന ചൊല്ലുന്നു ചിലർ. മന്ത്രം ചൊല്ലാതെ ഇട്ടിട്ടു പിലപോയാലെന്ന സമന്ത്രമായിട്ടു കൊള്ളൂ എന്ന ചിലർ. പിണ്ഡകൎത്താവിങ്കൽ പുണ്യാഹം കഴിഞ്ഞാലൊന്ന സമന്ത്രമായിട്ടു

ഭക്ഷിക്ക ആവശ്യമെന്നു ചൊല്ലുന്നു മററു ചിലർ. അഗ്നിഹോത്രിക്കു തന്റെ അഗ്നിഹോത്രഹോമം ചെയ്യുമ്പോൾ പില ഇല്ല അതല്ലാതപ്പൊളൊക്കെപ്പിലയുണ്ട്. എന്നിട്ടഗ്നിഹോത്രി രണ്ടു സന്ധ്യയിങ്കലും കുളിച്ചു താൻ പിന്നെയും കുളിപ്പൂ. അപ്പോൾ മന്ത്രം ചൊല്ലിത്തളിച്ചു കുളിക്കേണം. പിന്നെ തന്റെ അഗ്നിഹോത്രം വേൾപ്പൂ അതു കഴിഞ്ഞാൽ. . . . .

ഈ ഗ്രന്ഥത്തിലും ഏകാദശപാസത്തിൽ വിധിച്ചിട്ടുള്ള പ്രായശ്ചിത്തങ്ങളെത്തന്നെ ഗദ്യരൂപമായി പ്രതിപാദിച്ചിരിക്കുന്നു. ചില സ്ഥലങ്ങളിൽ ഏകാദശപാസത്തിലില്ലാത്തതായ സംഗതികളും വിവരിക്കുന്നുണ്ട്. ഈ ഗ്രന്ഥം അപൂർണ്ണമാകുന്നു. ഇതു കേരളത്തിൽ ഒരിടത്തും അച്ചടിച്ചു പ്രസിദ്ധം ചെയ്തിട്ടില്ല. കർത്താവും ആരെന്നു അറിവില്ല.

No. 42. മഹാവ്രതാദി.

MAHĀVRATĀDI.

Substance, paper. Size, $9\frac{3}{4} \times 10\frac{3}{4}$ inches. Pages, 11. Lines, 20 on a page. Character, Malayalam. Condition, good. Appearance, new. Complete.

Begins on page 73-a. The other work herein is Śilpiratna 1-a.

Deals with the manner in which the Śiṣya (student) and Ācārya (teacher) should behave towards each other as a necessary preliminary to the study of the Vēdas by the Śiṣya.

Beginning:

"പൂർവ്വം മഹാ വ്രതം പശ്ചാൽ ഉപനിഷത്ത ചതുർത്ഥിയും"

നവമിയും അല്ലാത്തെ പൂർവ്വ പക്ഷത്തെ സ്വാദ്ധ്യായത്തിൽ വ്രതം ചൊല്ലുവന്നങ്ങ ദിവസത്തെ. കഴിഞ്ഞാൽ ഉണ്ണിയോടു ചോദിപ്പൂ. ദേഹ ശുദ്ധിയുണ്ടോ കാലകഴുകിയാചമിച്ചു ഒണ്ണെ കൊണ്ടുവന്നാൽ ആചാര്യൻ അഭിവാദ്യം ചെയ്തു ശരധാരം ജപിച്ചാൽ ഉണ്ണി ആചാര്യനെ അഭിവാദ്യം ചെയ്യാൽ ആചാര്യൻ ഉണ്ണിടെ കയ്യുംതൊട്ടു ചൊല്ലു. സ്വസ്തി (നായ)യുക്ഷ്മാൻ ഭവസെ ശർമ്മ്യ നാരായണശർമ്മൻ അഇരിവരും കൈ കഴുകി പലകമേൽ കംമ്പുലിട്ടാൽ പവിത്രമിട്ടു കമണ്ഡലുവും പിടിച്ചിരുന്നാൽ ആചാര്യൻ ഉണ്ണിയെ നോക്കി മന്ത്രം ചൊല്ലു.—

End:

തച്ഛംയോഃ യന്നൊടത്തെ ശിക്ഷ്യകൾ ഒരുരുച്ചത്തെ ജപിച്ച പദത്തിന ഒരന്തം ചൊല്ലി കൊടുത്തവർ മൂന്നരു ചൊല്ലിയാൽ പിന്നേത്തേതും അവ്വണ്ണമെ ചൊല്ലിച്ച പൊക്കരുക്കഴിഞ്ഞാൽ നമോബ്രഹ്മണെ എന്നൊരുപാദം ചൊല്ലികൊടുത്തവർ ഒരുരുച്ചൊല്ലിയാൽ പിന്നെ അവ്വണ്ണമെ.—

"നമഃ. ഞയ. ഭൃഃയെ. മിഠം. നമഃ. ഭൃഃമി, ഓം. നമഃ."

മിഠം. ഇതൊക്കെ മരൊര ഉത്തമതി. കഴിഞ്ഞാൽ ന്റ (നി) ത്തേ (ത്ത) ണ്ട. അഭിവദ്യം എല്ലാവരുടേയും കഴിച്ചു ദക്ഷിണ കിഴക്കുനോക്കി ഇരുന്നു കഴിഞ്ഞാൽ വിഘ്നവിസർജ്ജനം. ദക്ഷിണ കഴിഞ്ഞാൽ പിന്നെത്തെ അഭിവാദ്യം കിഴക്കുനോക്കി ഇരുന്നു ഒക്കെ മതിക്ക.

" ഭേദഃ ഏവമേവ പക്ഷോദ്ധശ്ച്ഛശോനപാനം."

ഇതിൽ ബ്രാഹ്മണൎക്ക വേദാദ്ധ്യയനകാലത്തിൽ വേണ്ടതായ ആചാൎയ്യ കൎമ്മങ്ങളെയും ശിഷ്യകൎമ്മങ്ങളേയും മററും പ്രതിപാദിക്കുന്നു. ഈ ഗ്രന്ഥത്തിൻെറ കൎത്താവ് ആരെന്ന ഇതിൽ പറഞ്ഞിട്ടില്ല, അച്ചടിച്ചിട്ടുള്ളതായും കേട്ടിട്ടില്ല. അക്ഷരവീഴ്ചകളും അബദ്ധങ്ങളും ഇതിൽ ധാരാളമുണ്ട്.

No. 48. വ്യവഹാരമാല.

VYAVAHĀRAMĀLA.

Substance, paper. Size, 11 × 9½ inches. Pages, 17. Lines, 20 on page. Character, Malayalam. Condition, good. Appearance, new.

This work begins on page 1-a. The other works herein are Malayalam Prabhucarita 18-a. Nāyāṭṭuvidhi 21-a. Kṛṣigīta 33-a.

Deals with diverse topics bearing on the general knowledge, which every man in a society, should possess, e.g., how a king should investigate a case, how to lend money and maintain accounts, etc.

Beginning:

" ഹരി ശ്രീ ഗണപതയെനമഃ അവിഘ്നമസ്തു."

ഗണനാഥനെ വന്ദിച്ചു വാണിമാതാവുതന്നെയും
വ്യവഹാരം സമുച്ച(ട്ടി)ശ്യ ഭാഷാരൂപേണ കത്ഥ്യതെ
ഋണദാനംതുടങ്ങീട്ടു പതിനെട്ടുവിധം പുരാ
വ്യവഹാരപദം പ്രോക്തം നാരദാദി മുനീശ്വരൈഃ.

ധൎമ്മാധൎമ്മങ്ങളും കാലം ദേശവും ജാതി കൎമ്മവും
രാജ ബ്രാഹ്മണവാക്യത്താൽ ഗ്രഹിക്കേണം വിശേഷതഃ
ബ്രാഹ്മണ പ്രവരന്മാരാം സഭാമത്തിലൊരുത്തമൻ
വിവാദേന വിളിച്ചവം ചോദിക്കേണം നൃപാജ്ഞയഃ.

ചിന്തിച്ച കാൎയ്യമെന്തെന്നും എന്തുതൊട്ടുവിവാദവും
അന്തൎഗ്ഗതങ്ങളെല്ലാമെ ഹന്തസത്യേന ചൊല്ലുവിൻ
വൃത്താന്ത മറിയിക്കുമ്പോൾ വാക്കിൻെറ സ്ഥിതിഭേദവും
സ്ഥിതിയും ഭാവവും തദാൽ ദൃഷ്ടിചേഷ്ടയുമോൎക്കണം.

സത്യംചൊല്ലുകയുംവേണം നേരുമാൎഗ്ഗമഴിക്കണം
ചിന്തിക്ക അന്യരോടേവം ഗുണദോഷം മഹാമതേ
അന്യകരുണ ഉളേളാരനന്തൻ ഗുണമുളളവൻ
നിക്ഷേപം വെച്ചവണ്ണം അമതിഅദിതിനക്കാണവും പത്തിനൊരന്നം.
മിച്ചാരപ്പുരിചാമതിന്നു വിധിയെന്നത്രെവകേചിജ്ജനം
നിക്ഷേപം കൊണ്ടവന്താൻ അറിയാതെവെച്ചിട്ടുകിൽതാൻ
മിച്ചാരം വിട്ടുപോമെന്നഴകിയ വിധിയന്നു കേൾപ്പുണ്ടു ശാസ്ത്രേ
വെള്ളിപ്പൊന്നെയും കരുണവും മുറിയും തഥൈവ.

നാൽകിട്ടുവാൻ മുറിയുന്നതു കേൾക്കയാലെ
നൽകസ്സിലന്ന പലവും പിന്നഴെയയിപറെയും
മദ്ധ്യേഫലമതിന്ന ചൊല്ലുകകാലവാരെ
"ഹരി ശ്രീ ഗണപതയെ നമഃ അവിഘ്നമസ്തു ശ്രീ ഗുരുഭ്യോനമഃ."

ഈ ഗ്രന്ഥത്തിൽ പണത്തെ സംബന്ധിച്ച പലിശ മുതലായതിൽ ഉള്ള വ്യവസ്ഥ, ഭൂമിയുടമസ്ഥനും കുടിയാനും തമ്മിൽ വിവാദത്തിൽ അനുവർത്തിക്കേണ്ട നയം മുതലായ പതിനെട്ടുവിധം വ്യവഹാരങ്ങളെ പ്രതിപാദിക്കുന്നു. ഗ്രന്ഥകർത്താവ് ആരെന്ന അറിയുന്നില്ല. അക്ഷരപ്പിഴകൾ ധാരാളമുണ്ട്. ഗ്രന്ഥത്തിൻെറ പേർ എന്തെന്ന അറിയുന്നില്ല. ഗ്രന്ഥം പകർത്തിയതിന്ന ശേഷം ആരൊ ഇതിന്ന കേരള രാജ ജാതി നിർണ്ണയമെന്നും അതെ സമയത്തുതന്നെ പതിനെട്ടുവിധം വ്യവഹാരമെന്നും പേർ കൊടുത്തിരിക്കുന്നു. ഒരു കോപ്പിയുടെ അവസാനത്തിൽ കേരളോല്പത്തി മഹാസാരം എന്നും മറെറാന്നിൽ കേരള വ്യവഹാരമാലയെന്നും കാണുന്നു. ഈ പുസ്തകത്തിൽ പ്രഭുചരിതം, നായാട്ടു വിധി, കൃഷിഗീതം എന്നിവയുമുണ്ട്.

No. 44. വ്യവഹാര മാല.

VYAVAHĀRAMĀLA.

Substance, palm-leaf. Size, 6 × 1½ inches. Pages, 48. Lines, 7 on a page. Character, Malayalam. Condition, good. Appearance, old.

Begins on fol. 115-*a*. The other work herein is Kēraḻōtpatti 1-*a*.

Same work as the above.

Colophon:

ഇതു് കേരളോല്പത്തി മഹാസാരം. വളരെ ആക്ഷം കാട്ടരുതു്. എൻഗുരവേ ശരണം.

കൊല്ലം ൯വ്വ ആമത് കുംഭ വ്യാഴം കർക്കിടകമാസത്തിൽ പൂർവ്വപക്ഷത്തിൽ ദ്വിതീയയും ചതയവും കൂടിയ ദിവസം മങ്ങാട്ടു ശങ്കരൻ അങ്ങ(ാ)ടിപ്പുറത്തുനിന്ന എഴുതിതീർന്ന പുസ്തകം.

ഠരം ഗ്രന്ഥത്തിന്നും ഇതിന്ന മുമ്പു കാണിച്ച ഗ്രന്ഥത്തിന്നും വ്യത്യാസമില്ല. ഗ്രന്ഥത്തിൽ വളരെ അക്ഷരപ്പിഴകളുണ്ട്. ഇതിൽ കേരളോല്പത്തി, പ്രഭുചരിതം, നായാട്ടു വിധി, കേരള വംശചരിത്രം എന്നിവയുമുണ്ട്.

No. 45. വ്യവഹാര മാല.

VYAVAHĀRAMĀLA.

Substance, palm-leaf. Size, 9½ × 1¾ inches. Pages, 21. Lines, 9 on a page. Character, Malayalam. Condition, good. Appearance, old.

Begins on fol. 54-*a*. The other works herein are Kēraḻōtpatti fol. 1-*a*. Malayālaprabhucarita fol. 65-*a*. Nāyāṭṭuvidhi, fol. 68-*a*. Kēraḻōtpatti fol. 75*a*.

Same work as the above.

No. 46. വ്യവഹാര മാല.

VYAVAHĀRAMĀLA.

(തമിഴ് വ്യാഖ്യാനത്തോടുകൂടി.)

Substance, paper. Size, 18¾ × 11 inches. Pages, 32. Lines, 27 on a page. Character, Malayalam and Tamil. Condition, good.

Same work as the above with a Tamil commentary in addition.

Beginning:

ഗണനാഥനെ വന്ദിച്ച വാണി മാതാവുതന്നെയും
വ്യവഹാരം സമുദ്ദിശ്യ ഭാഷാരൂപേണ കഥ്യതെ.

കണനാതനയും വാണിമാതാവൈയും വൻതനം പണ്ണിക്കൊണ്ടു വിപകാരചമുത്തിരത്തിൻ ചുരുപത്തൈ വിപരിത്തു ചൊല്ലുകിരേൻ.

End:

വെള്ളോലയും കരണവും മുറിയും തദൈവ
നൽകീട്ടവാൻ മുറിയുണ്ടതു കേൾക്കയാലെ
നൽകാശ്ശിലന്ന വിലവും പിഴയായതേയും
മധ്യെഫലമതിന്ന ചൊല്ലുകകാലവാരെ.

വെള്ളപത്തിരംപത്തിരംചീട്ടയിതുകള്ളമൊരുവനുക്കു കുടുത്തു തന്നുടൈയ തിരവിയം വാങ്കിനാൽ ഉടയവൻ കിട്ടെപ്പോകറതുക്കും മതിപ്പീട്ടു കൂടിക്കവേണം. ഇല്ലാവിട്ടാൽ അനേകം തപ്പു എൻട്ര ചൊല്ലുകിറാർ. യിപ്പടി കപലനൈ ചൊല്ലവും.

Colophon:

കൊല്ലം ൯൮൫, (985) മതിൽ ചെന്നപട്ടണത്തിൽനിന്ന എഴുതിയതു.

മലൈയാളം വരിഷം തുളായിരിത്തിൽയൻപത്തഞ്ചു പിരട്ടാചി മാചത്തിൽ ചെന്നൈ പട്ടണത്തിലിരുന്തു എഴുതിതീർത്തതു.

ഈ ഗ്രന്ഥത്തിൽ തമിഴ് വ്യാഖ്യാനംകൂടി അടങ്ങിയുണ്ടെന്നല്ലാതെ മററു പ്രതികളിൽനിന്ന ഇതിന്ന ഭേദമില്ല. തമിഴ്ലിപിയിലാണ് തമിഴ് വ്യാഖ്യാനം.

No. 47. കൌടിലീയ ഭാഷാ വ്യാഖ്യാനം.

KAUṬILĪYA BHĀṢĀVYĀKHYĀNAM.

Substance, paper. Size, 10 × 10¾ inches. Pages, 545. Lines, 20 on a page. Character, Malayalam. Condition, good. Appearance, new.

Incomplete.

Bound in two volumes.

The first volume contains Adhikaraṇas 1, 2, 5, 6 and the 7th omitting Adhyāyas 7 to 13; and Adhikaraṇas 3 and 4 are contained in the second volume.

The first Adhikaraṇa is published in Śrī Vañci Sētu Lakṣmi Series, Trivandrum.

This is a commentary in old Malayalam on the Sanskrit work "Arthaśāstra" of Kauṭilya. It closely follows the Sanskrit commentary by Bhaṭṭasvāmi. The name of the Malayalam commentator is not known.

Beginning:

ആചാൎയ്യൻ ചാണക്യൻ ചൊന്ന ശാസ്ത്രത്തിന്നു എന്തു സംബന്ധമെൻറാൽ ധൎമ്മാൎത്ഥകാമങ്ങളിൽ അൎത്ഥം പ്രധാനമാ ഉള്ള പുരുഷാൎത്ഥമാവിതു. അൎത്ഥമില്ലാക(ക്ക)ൽ ധൎമ്മകാമങ്ങളും അരുതാകിൻറമെയാൽ അവററിന്നു മൎത്ഥമെകാരണമാകിൻറമെയാലുമൎത്ഥം തേടുവാനുള്ളുപായമറിയിപ്പാനായി ഇശ്ശാസ്ത്രം തുടങ്ങിൻറിതു.

ഇശ്ശാസ്ത്രത്തിന്നു അൎത്ഥലാഭോപായ പരിജ്ഞാനം പ്രയോജനമാവിതു. ഇശ്ശാസ്ത്രത്തോടും പ്രയോജനത്തോടും തമ്മിൽ ഉപായോപേയ ലക്ഷണസംബന്ധമാവിതു. അൎത്ഥപ്രാപ്തിക്കു പ്രയോജനമാവിതു. ത്രിവൎഗ്ഗലക്ഷണമാ ഉരുന്ത പുരുഷാൎത്ഥങ്ങളുടെയ സംപത്ത എല്ലാം കൎമ്മങ്ങളും ശാസ്ത്രങ്ങളും ആരംഭിക്കുമിടത്തു ഇഷ്ടദേവതാനമസ്കാരം ചെയ്തുകൊണ്ടുമാരംഭിക്കക്കണ്ടിതുമാകിൻറമെയാൽ "ആചാൎയ്യനമിഷ്ടദേവതാനമസ്കാരംനമഃ ശുക്രബൃഹസ്പതിഭ്യാം" എന്നും വാക്യംകൊണ്ടു നമസ്കാരം ചെയ്യാൻ.

Colophon:

ഇതിപ്രഥമാദ്ധ്യായം സമാപ്തം.

End:

വ്യവഹാരസ്ഥാപനം വിവാദപദനിബന്ധഃ. വിവാഹസംയുക്തം. ദായവിഭാഗഃ വാസ്തുകം. സമയസ്യാനപാകൎമ്മം. ഋണദാനം. ഔപനിധികം. ദാസ(ഃ)കൎമ്മകര(ഃ)കല്പഃ. സംഭൂയസമുത്ഥാനം. വിക്രീതക്രീതാനുശയഃ. ദത്തസ്യാനപാകൎമ്മം. അസ്വാമിവിക്രയഃ. സ(സ്വ)സ്വാമിസംബന്ധഃ. സാഹസം. വാക്പാരുഷ്യം ദണ്ഡപാരുഷ്യം ദ്യൂതസമാഹ്വയം. പ്രകീൎണ്ണകാനി. കാരുകരക്ഷണം വൈദേഹകരക്ഷണം. ഉപനിപാതപ്രതീകാരഃ. ഗൂഢ(ാ)ജീവിനാംരക്ഷാ. സിദ്ധവ്യഞ്ജനൈഃ മാണവപ്രകാശനം. ശംകാരൂപകൎമ്മാഭിഗ്രഹഃ. ആശുമൃതകപരീക്ഷാ. വാക്യകൎമ്മാനുയോഗഃ. സൎവ്വാധികരണലക്ഷണം. ഏകാംഗവധനിഷ്ക്രയഃ. ശുദ്ധഃചിത്രശ്ച ദണ്ഡകല്പഃ. കന്യാപ്രകൎമ്മം. അതിചാരദണ്ഡഃ.

ചാണക്യകൃതമായ കൌടലീയാൎത്ഥശാസ്ത്രത്തിൻെറ ഭാഷാവ്യാഖ്യാനമാണ് പ്രകൃതഗ്രന്ഥം. ഇതിന്നു ഒന്നും രണ്ടും ഭാഗങ്ങൾ ഉണ്ടു്. ഒന്നാം ഭാഗത്തിൽ ഒന്നും രണ്ടും അഞ്ചും ആറും ഏഴും അധികരണങ്ങൾ അടങ്ങിയിരിക്കുന്നു. രണ്ടാം ഭാഗത്തിൽ മൂന്നും നാലും അധികരണങ്ങൾ ആണ് ഉള്ളതു്. ഏഴാം അധികരണത്തിൽ 7 മുതൽ 13 വരെയുള്ള അദ്ധ്യായങ്ങൾക്കു ഭാഷാവ്യാഖ്യാനം കാണുന്നില്ല. എട്ടു മുതൽ 15 അധികരണങ്ങൾ ഇല്ലാത്തതിനാൽ ഈ ഗ്രന്ഥം അപൂൎണ്ണമാകുന്നു. ഭട്ടസ്വാമി വ്യാഖ്യയായ പ്രതിപദപഞ്ചികയെ അനുസരിച്ചാണ് ഈ ഭാഷാവ്യാഖ്യാനം എഴുതീട്ടുള്ളതെന്നു മഹാമഹോപാദ്ധ്യായൻ ടി. ഗണപതിശാസ്ത്രികൾ പറയുന്നു. പ്രതിപദപഞ്ചികക്കു ഒരു ഭാഷാ വ്യാഖ്യാനമാണു മൂലമെന്നും പക്ഷാന്തരമില്ലാസ്സയില്ല. ഇതിൻെറ കൎത്താവ് ആരാണെന്നു ഇതുവരെ തീൎച്ചയായിട്ടില്ല. മൂലവും ഇതിൽതന്നെ കൊടുത്തിട്ടുണ്ട്. ഈ ഗ്രന്ഥത്തിൻെറ ആദ്യഭാഗമായ വിനയാധികാരികംമാത്രം തിരുവനന്തപുരത്തുനിന്നു ശ്രീ വഞ്ചിസേതുലക്ഷ്മീഗ്രന്ഥാവലിയിൽ ശ്രീമാൻ സാംബശിവശാസ്ത്രികൾ ഭാഷാവ്യാഖ്യാനസഹിതം പ്രസിദ്ധീകരിച്ചിട്ടുണ്ട്.

No. 48. ബാൎഹസ്പത്യസൂത്രവും വ്യാഖ്യാനവും.

BĀRHASPATYASŪTRA WITH MALAYALAM COMMENTARY.

Substance, paper. Size, 10 × 10¾ inches. Pages, 56. Lines, 20 on a page. Character, Malayalam. Condition, good. Appearance, new.

A commentary on the Bārhaspatya Sūtras, dealing with the duties of a king. The name of the commentator is not known.

Beginning:

(1) സുഖസ്യമൂലമൎത്ഥം. (2) അൎത്ഥസ്യമൂലം ധൎമ്മഃ. (3) ധൎമ്മസ്യമൂലം രാജ്യം. (4) രാജ്യസ്യമൂലം ഇന്ദ്രിയജയഃ. (5) ഇന്ദ്രിയജയസ്യമൂലം വിനയം. (6) വിനയസ്യമൂലം വൃദ്ധോപസേവാ. (7) വൃദ്ധോപസേവായാ മൂലംവിജ്ഞാനം. (8) വിജ്ഞാനേനാത്മാനം സംപാദയേൽ. (9) സംപാദിതാത്മാജിതാത്മാ ഭവതിസ്സ. (10) ജിതാത്മാ സൎവ്വാൎത്ഥൈഃ സംയുജ്യതെ. (11) സ്വാമിസംപൽ പ്രകൃതിസംപദം കരോതി. (12) പ്രകൃതിസംപൽ അനായകമപിരാജ്യം നീയതെ. (13) പ്രകൃതികോപഃ സൎവ്വകോപേഭ്യോഗരീയാൻ. (14) അവിനീതസ്വാമിലാഭാൽ അസ്വാമിലാഭഃ ശ്രേയാൻ.—വിനയമില്ലാതെ ഉള്ള രാജാവു ഉണ്ടാകുന്നതിനെക്കാൾ രാജാവു ഇല്ലാതെ ഇരിക്കനല്ല. (15) സംപാദ്യാത്മാനമന്വിച്ഛേൽ സഹായവാൻ. തനിക്കു ഉറപ്പു വരുത്തിയുംകൊണ്ടു് സഹായത്തെ ഉണ്ടാക്കണം. (16) നാസഹായസ്യകാൎയ്യപ്രാപ്തിഃ. നൈകംചക്രം പരിഭ്രമതി. സഹായമില്ലാത്തവന്നു കാൎയ്യലാഭമുണ്ടാകയില്ല. ഒരു ചക്രമുള്ള തേരു ഉരുളുകയില്ലല്ലോ.

End:

ജ്ഞാനേനസംസാരം നിവൎത്തയേൽ. ആത്മജ്ഞാനംകൊണ്ടു ജനനമരണത്തെ നിവൎത്തിക്കണം. യഥാജ്ഞാനവാൻ ലോകബാഹ്യഃ തഥാപുണ്യപാപകൎമ്മസുബാഹ്യഃ. ആത്മജ്ഞാനമുള്ളവൻ യാതൊരുപ്രകാരം ലൌകികത്തെ അതിക്രമിച്ചു ഇരിക്കുന്നു, അപ്രകാരം അവൻ പുണ്യകൎമ്മങ്ങളേയും പാപകൎമ്മങ്ങളേയും ചെയ്യാതെ ഇരിക്കുന്നു. ജ്ഞാനിനഃ പൂജനീയാ വിശേഷതഃ. ആത്മജ്ഞാനമുള്ളവരെ വിശേഷിച്ചും പൂജിക്കണം.

Colophon:

സമാപ്തം

ഇതിൽ രാജധൎമ്മങ്ങളെ സവിസ്തരം പ്രതിപാദിക്കുന്നു. മൂലമായ സൂത്രം സംസ്കൃതത്തിലാകുന്നു. ഭാഷാവ്യാഖ്യാനകൎത്താവു് ആരെന്നു നിൎണ്ണയിച്ചിട്ടില്ല. ഗ്രന്ഥമദ്ധ്യത്തിൽ ഒരിടത്തു ഗ്രന്ഥപാഠം മൂലമായി പതിനൊന്നുവരികൾ വിട്ടിരിക്കുന്നു. ഈ ഗ്രന്ഥവും അച്ചടിച്ചിട്ടുള്ളതായി പ്രസിദ്ധിയില്ല.

No. 49. യോഗസംഗ്രഹം ഭാഷാവ്യാഖ്യാനസഹിതം.

YŌGASAṄGRAHAM WITH MALAYALAM COMMENTARY

Substance, paper. Size, 9¾ × 10 inches. Pages, 37. Lines, 20 on a page. Character, Malayalam. Condition, good. Appearance, new.

Complete.

Begins on fol. 19-*a*. The other works herein are Vaśyaprayōga 1-*a* and Āśaucavidhi 17-*a*.

Deals with the methods of practising Rāja yōga and Haṭha yōga according to the Yōga system. The name of the commentator is not known.

Beginning :

അഥയോഗ സംഗ്രഹഃ പ്രാരഭ്യതെ

ഏകാന്തെ ഗുരുമാസീനമവ്യഗ്രോഽചലമാനസം.
പപ്രച്ഛ ശിഷ്യോ മേധാവീ പ്രണമ്യൈവംസമാഹിതഃ.

ശിഷ്യ :—

യോഗാഭ്യാസക്രമം സമ്യക് ഭഗവൻ വക്തുമർഹസി.
യോഗഃ കിലപരം വിദ്വൻമുക്തയെ സർവ്വദേഹിനാം
ശുശ്രൂഷുണാ സ്വശിഷ്യേണ പൃഷ്ടോ ഗുരുരുദാരധീഃ
കൃപയാശ്രുകളോ ഭൂത്വാതമുവാചാഭിനന്ദ്യച

ഗുരു :

തന്റെ ഗുരുവിനോടു ശിഷ്യൻ യോഗാഭ്യാസക്രമം ചോദിച്ചതിന്നു ശിഷ്യനോടു ഗുരു അറിയിക്കും ചെയ്യുന്നതു—

സ്വാംഗുലീഭിർമ്മനുഷ്യാണാം ഷണ്ണവത്യംഗുലായതം
ശരീരം വത്സ തന്മധ്യെ മൂലാധാരം വിദുർബ്ബുധാഃ

തന്റെ തന്റെ വിരൽകൊണ്ടു തൊണ്ണൂറാറു വിരൽ നീളം മനുഷ്യർക്കു ശരീരം. അശ്ശരീരത്തിന്റെ നേരെ നടുവു മൂലാധാരം.

End :

ആസന്നമരണോയോഗീ സമാധിസ്ഥോഭവേൽ സദാ
സമാധിനാ പരംബ്രഹ്മ നചിരേണാധിഗച്ഛതി.

മരണ മടുത്താൽ യോഗി സമാധിയെ ഒരിക്കലും വേറിടല്ല. എന്നാൽ പരബ്രഹ്മത്തിങ്കൽ തന്നെ ലയിക്കും.

ഇതിവാക്യം ഗുരോഃശ്രുത്വാ ശിഷ്യോവിമല മാനസഃ
ബഭൂവ സദ്യോമതിമാൻ പൂർവ്വസംസ്കാര ഗൌരവാൽ

ഇങ്ങിനെ ഗുരുവാക്യത്തെ കേട്ടു തെളിഞ്ഞിരിക്കുന്ന ശിഷ്യൻ മനസ്സിലെ മലങ്ങളും പോയിതെളിഞ്ഞൊരു മനസ്സോടുകൂടി പൊടിന്നനവെ മതിമാനായിചമെഞ്ഞു.

Colophon :

ഇതി യോഗസംഗ്രഹം സമാപ്തം.

ഇതിൽ യോഗശാസ്ത്രോക്തമായ രാജയോഗം ഹഠയോഗം എന്ന രണ്ടു യോഗങ്ങളുടെ അഭ്യാസക്രമത്തേയും, നാഡികളുടേയും ശരീരത്തിന്റെയും സ്ഥിതിഗതികളേയും, ക്രമമായി പ്രതിപാദിക്കുന്നു. ഇതിലെ കാരികസംസ്കൃതവും വ്യാഖ്യാനം മലയാളവും ആകുന്നു. ഗുരുശിഷ്യസംവാദരൂപമായ ഈ ഗ്രന്ഥം കേരളത്തിൽ അച്ചടിച്ചിട്ടുള്ളതായി അറിവില്ല. ഗ്രന്ഥകർത്താവു ആരെന്നു ഇതിൽ നിർദ്ദേശിച്ചിട്ടില്ല.

No. 50. യോഗസംഗ്രഹം ഭാഷാവ്യാഖ്യാനസഹിതം.

YŌGASAṄGRAHAM WITH MALAYALAM COMMENTARY.

Substance, paper. Size, 9¾ × 10 inches. Pages, 34. Lines, 20 on a page. Character, Malayalam. Condition, good. Appearance, new.

Complete.

Same work as the above.

No. 51. യോഗസംഗ്രഹം ഭാഷാവ്യാഖ്യാനസഹിതം.

YŌGASAṄGRAHAM WITH MALAYALAM COMMENTARY.

Substance, palm-leaf. Size, 1¾ × 7½ inches. Pages, 58. Lines, 9 on a page. Character, Malayalam. Condition, good. Appearance, old.

Begins on fol. 51-a. The other work herein is Jātakādēśa in Sanskrit 1-a.

Incomplete.

Same work as the above, containing only a small portion of Haṭhayōga.
ഈ ഗ്രന്ഥത്തിൽ ഹഠയോഗംതന്നെ പൂൎണ്ണമായിട്ടില്ല.

No. 52. യോഗഭാഷാദി.

YŌGABHĀṢĀDI.

Substance, paper. Size, 10¾ × 9½ inches. Pages, 8. Lines, 20 on a page. Character, Malayalam. Condition, good. Appearance, new.

Begins on fol. 145 (*a*). The other works herein are Jvaracikitsa 1-a, Sāṅkhyayōga 129-a and Vijñānaratnam 141 (*a*).

Complete.

Some of the principles of the Yōga system and the respective duties of Brahma, Viṣṇu and Mahēśvara are described in this. The work is written in Old Malayalam. The name of the author is not known.

Beginning :

അഥസാധനചതുഷ്ടയസംപത്ത്യ(ാ)നന്തരം ആത്മാനാത്മ വിവേക മു(െ)ച്ച്യതെ. ആത്മാ ശരീരത്രയവിലക്ഷണാൽ അവസ്ഥാത്രയസാക്ഷി പഞ്ചകോശാഖ്യത്തിരന്താർ നിത്യശുദ്ധബുദ്ധമുക്തസത്യപരിപൂൎണ്ണ സമ്മി(ച്ചി)ദാനന്ത(ന്ദ) കതാംനാമകാലത്രയ നാശ രഹിതതാം. (നാമകാലത്ര(യ)വിദ്യമാനപ്രകാശതാം(ഝയക്തസാംസംസയഭ്ഥി) സാക്ഷ

പം(ജ്ഞാജ്ഞാ) സച്ചിദാനന്ദസ്വരൂപ ബ്രഹ്മണശ്ശുഭയാതഃ(?) ആകാശമുല്പന്നം ആകാശാദ്വായുഃ വ(ാ)യോരഗ്നി(ഃ) അഗ്നെരാ(പ്പ)ാപഃ (അദ്)ഭ്യഃപൃ(ഥ)ഃഥിവീ. പ ഥിവ്യ(ാ)ഃ ഓഷധയഃ ഓഷധിഭ്യോന്നം അന്നാൽ പുരുഷഃ ഏതാനിപഞ്ചഭൂതാനി ആകാശത്തെദൈതമായാച്ചിരിക്കും സാത്വികാംശത്തിലെ ഇരുന്നുജ്ഞാനേന്ദ്രിയമഞ്ചും ഉൽപത്തി. ആകാശത്തിലെ ദൈതമായടച്ചിരിക്കും (ര)രജോഗുണാംശത്തിലെ ഇരിന്നു കർമ്മേന്ദ്രിയമഞ്ചും ഉൽപ്പത്തിച്ചു ആകാശത്തെദൈതമായടച്ചിരിക്കും സാത്വികാംശമഞ്ചും ഒന്നായിക്കൂടിനതു അന്തഃകരണമാച്ചിതു.

End :

ഇവാളുടയ പാപത്തെ പോക്കടിത്ത ബ്രഹ്മാവുക്കു സരസ്വതിം വിവാഹംപണ്ണി വിഷ്ണുവുക്കു ലക്ഷ്മിയേയും വിവാഹംപണ്ണി തനക്കു ഗൌരിയേയും വിവാഹം ചെയ്യു കൊടുത്തു ബ്രഹ്മാവുക്കു സൃഷ്ടിയാധിക്യവും കൊടുത്തു വിഷ്ണുവുക്കു ജഗത്തെ രക്ഷിക്ക ചൊല്ലി ആജ്ഞാപിച്ചു തനക്കു ഉപസംഹാരം ചെയ്യച്ചൊല്ലി കട്ടിളൈ ഇട്ടു സരസ്വതി ഇടത്തിലെ ചതുസ്സുതി (ചതുഷ്ഷഷ്ടി) കലൈയുംവച്ചു ലക്ഷ്മി ഇടത്തിലെ . . . .

Colophon :

സമാപ്തം.

ഇതിൽ യോഗശാസ്ത്രാനുസാരേണ ചിലതു പ്രതിപാദിച്ചു അവസാനത്തിൽ ബ്രഹ്മവിഷ്ണുമഹേശ്വരന്മാരുടെ അധികാരാദികളേയും സംഗ്രഹേണ പ്രതിപാദിക്കുന്നു. ഇതിലെ ഭാഷ തമിഴ്കലന്ന പ്രാചീനമലയാളമാകുന്നു. ഗ്രന്ഥത്തിൽ അക്ഷരവീഴ്ചകളും അബദ്ധങ്ങളും ധാരാളമുണ്ട്. ഇതും അച്ചടിച്ചിട്ടില്ല. കർത്താവും ആരെന്നു വിവരമില്ല.

No. 53. സാംഖ്യയോഗം.

SĀṄKHYAYŌGAM.

Substance, paper. Size, $10\frac{3}{4} \times 9\frac{1}{2}$ inches. Pages, 13. Lines, 20 on a page. Character, Malayalam. Condition, good. Appearance, new.

Begins on Page 129 (*a*) of the MS. described under No. 52.

Complete.

Deals with some of the principles of the Sāṅkhya system and with the methods of practising Yōga. The name of the author is not known.

Beginning :

പഞ്ചഭൂതാദിദശേന്ദ്രിയാണി വിഷയാഃ പ്രാണാഃ ഷഡധ്വാശ്രയാഃ
രാഗാദ്യന്തഃകരണാനി ചാക്ഷവിഷയൈഃ സപ്താപ്യമീധാതവഃ
നാഡീമണ്ഡലലക്ഷണൈക്ഷണഗുണാവസ്ഥാശതാ പത്രികാഃ
കോശാഃ പഞ്ചതനുശ്ച ഷണ്ണവതികം തത്വംഹി ജീവാത്മനഃ

പൃഥിവി, അപ്പ്, അഗ്നി, വായു, ആകാശം, പഞ്ചഭൂതങ്ങൾ അഞ്ചും; ശ്രോത്രത്വക്ചക്ഷുഃജിഹ്വ(ാ)ഘ്രാണജ്ഞാനേന്ദ്രിയം അഞ്ചും; ശബ്ദം, സ്പർശം, രൂപം, രസം, ഗന്ധം

ജ്ഞാനേന്ദ്രിയവിഷയം അഞ്ചും; വാക്ക്, പാണി, പാദ, പായു, ഉ(ഉ)പസ്ഥകർമ്മേന്ദ്രിയം അഞ്ചും; വചനാദാനഗമനവിസർഗ്ഗാനന്ദകർമ്മേന്ദ്രിയ വിഷയം അഞ്ചും; പ്രാണൻ, അപാനൻ, വ്യാനൻ, ഉദാനൻ, സമാനൻ, നാഗൻ, കൂർമ്മൻ, കൃകലൻ, ദേവദത്തൻ, ധനഞ്ജയൻ, പ്രാണവായുക്കൾ പത്തും; മൂലാധാരം, സ്വാധിഷ്ഠാനം, മണിപൂരകം, അനാഹതകം, വിശുദ്ധി, ആജ്ഞ, ആധാരം ആറും; രാഗം, ദ്വേഷം, കാമം, ക്രോധം, ലോഭം, മോഹം, മദം, മാത്സര്യം, രാഗങ്ങൾ എട്ടും; മനസ്സ്, ബുദ്ധി, ചിത്തം, അഹങ്കാരം, അന്തഃകരണം നാലും; സംകല്പം, നിശ്ചയം, അഭിധാനം, അവിധാരണം, അന്തഃകരണവിഷയം നാലും; ത്വ(ത്വ)ക്ക്, രുധിരം, മാംസം, മേദസ്സ്, അസ്ഥി, മജ്ജ, ശുക്ല, ധാതുക്കൾ ഏഴും; ഇഡ പിംഗല, സുഷുമ്ന, നാഡി മൂന്നും; അഗ്നിമണ്ഡലം, ആദിത്യമണ്ഡലം, ചന്ദ്രമണ്ഡലം മണ്ഡലം മൂന്നും; വാത പിത്ത ശ്ലേഷ്മ, ദൂഷണം മൂന്നും; അർത്ഥേഷണ, പുത്രേഷണ, ദാരേഷണ, ഏഷണ മൂന്നും; സത്വഗുണം, രജോഗുണം, തമോഗുണം, ഗുണം മൂന്നും; ജാഗ്ര(ൽ) സ്വപ്നസുഷുപ്തി, അവസ്ഥ മൂന്നും വിശ്വൻ, തൈജസൻ, പ്രാജ്ഞൻ, അവസ്ഥാവിഷയം മൂന്നും; ആദ്ധ്യാത്മികം, ആധിഭൌതികം, ആധിദൈവികം, താപം മൂന്നും; അന്നമയം, പ്രാണമയം, മനോമയം, വിജ്ഞാനമയം, ആനന്ദമയം, കോശങ്ങൾ അഞ്ചും; സ്ഥൂലദേഹം, സൂക്ഷ്മദേഹം, കാരണദേഹം, ശരീരം മൂന്നും; ആകെ തത്വങ്ങൾ തൊണ്ണൂറാറ്.

End :

നൂറു സംവത്സരം മഴപെയ്യായ്കകൊണ്ടു സകല ജീവന്മാരും അന്നത്തിങ്കൽ ലയിക്കുന്നു, അന്നം ബീജങ്ങളിൽ ലയിക്കുന്നു. ബീജങ്ങൾ മൊളവായ്കകൊണ്ടു പൃഥിവിയിങ്കൽ ലയിക്കുന്നു. പൃഥിവി ഗന്ധത്തിങ്കൽലയിക്കുന്നു. ഗന്ധംജലത്തിങ്കൽ ലയിക്കുന്നു. ജലം രസത്തിങ്കൽ ലയിക്കുന്നു. രസം അഗ്നിയിങ്കൽ ലയിക്കുന്നു. അഗ്നി രൂപത്തിങ്കൽ ലയിക്കുന്നു. രൂപം വായുവിങ്കൽ ലയിക്കുന്നു. വായു സ്പർശത്തിങ്കൽ ലയിക്കുന്നു. സ്പർശം ആകാശത്തിങ്കൽ ലയിക്കുന്നു. ആകാശം ശബ്ദത്തിങ്കൽ ലയിക്കുന്നു. ശബ്ദം താമസാഹങ്കാരത്തിങ്കൽ ലയിക്കുന്നു. ഇന്ദ്രിയങ്ങൾ രാജസാഹങ്കാരത്തിങ്കൽ ലയിക്കുന്നു. ദൈവതങ്ങൾ സാത്വീകാഹങ്കാരത്തിങ്കൽ ലയിക്കുന്നു. അഹംതത്വം മഹാതത്വത്തിങ്കൽ ലയിക്കുന്നു. മഹാതത്വം ത്രിഗുണങ്ങളിൽ ലയിക്കുന്നു. ത്രിഗുണങ്ങൾ പ്രകൃതിയിങ്കൽ ലയിക്കുന്നു. പ്രകൃതി കാലത്തിങ്കൽ ലയിക്കുന്നു. ആ കാലം പുരുഷങ്കൽ ലയിക്കുന്നു. പുരുഷൻ പരമാത്മാവിങ്കൽ ലയിക്കുന്നു. ഏകമായി പരിപൂർണ്ണമായി ഇരിക്കുന്ന പരമാത്മാവിങ്കൽ തന്നെ സ്ഥിതിചെയ്യുന്നു. ഇങ്ങിനെ അഖണ്ഡമായി അദ്വൈതമായി ആനന്ദമായി പരിപൂർണ്ണമായി ഇരിക്കുന്ന ബ്രഹ്മം തന്നെ ആയി ശേഷിക്കുന്നു. അനുലോമ പ്രതിലോമമായി പിന്നേയും പിന്നേയും ഇടവിടാതെ നിരൂപിക്കുന്നവരു അദ്വൈതഭ്രമാ അശേഷം ഇല്ലാതെ പോകുന്നു. ആ പുരുഷൻ അഖണ്ഡമായി അദ്വൈതമായി ആനന്ദമായി പരിപൂർണ്ണമായി സത്യമായിരിക്കുന്ന പരബ്രഹ്മമായിട്ടു തന്നെ സ്ഥിതിചെയ്യുന്നു. നിശ്ചയം, നിശ്ചയം.

Colophon :

ഇതി സാംഖ്യം സമാപ്തം—

ഈ ഗ്രന്ഥത്തിൽ സാംഖ്യമതത്തേയും യോഗാനുഷ്ഠാനരീതിയേയും സംഗ്രഹേണ പ്രതിപാദിക്കുന്നു. യോഗാനുഷ്ഠാനം യോഗസംഗ്രഹത്തെ അനുസരിച്ചു എഴുതീട്ടുള്ളതാണ്. ഗ്രന്ഥാവസാനത്തിൽ "സാംഖ്യംസമാപ്തം" എന്നു എഴുതീട്ടുണ്ടെങ്കിലും യോഗത്തേയും പറഞ്ഞിട്ടുണ്ട്. ഇതിന്റെ കർത്താവു ആരെന്നു നിശ്ചയമില്ല. ഗദ്യരൂപമായ ഈ ഗ്രന്ഥം അച്ചടിച്ചിട്ടുള്ളതായി അറിവില്ല.

No. 54. അദ്ധ്യാത്മരാമായണം.

ADHYĀTMARĀMĀYAṆAM (KIḶIPPĀṬṬU).

Substance, paper. Size, $8\frac{1}{2} \times 19\frac{1}{4}$ inches. Pages, 665. Lines, 20 on a page. Character, Malayalam Condition, good. Appearance, new.

Complete in six Kāṇḍas.

A free rendering by Tuñjattu Ezhuttaccan in Malayaḷam verse of the Sanskrit work *Adhyātmarāmāyaṇa* which is described under No. 2153 of the D. C. S. Kt. MSS. 283 IV.

Beginning :

ശ്രീരാമ(ാ) രാമ(ാ) രാമശ്രീരാമ(ാ) രാമ(ാ) (രാമ)
ശ്രീരാമ(ാ) രാമ(ാ) രാമ(ാ) ശ്രീരാമചന്ദ്ര(ാ) ജയ(ാ)
ശ്രീരാമരാമ(ാ) രാമ(ാ) ശ്രീരാമഭദ്ര(ാ) ജയ(ാ)
ശ്രീരാമരാമ(ാ) രാമ(ാ) സീതാഭിരാമ(ാ) രാമ(ാ)
ശ്രീരാമരാമരാമ ലോകാഭിരാമ(ാ) ജയ(ാ)
ശ്രീരാമ രാമരാമ രാവണാന്തക(ാ) രാമ(ാ)
ശ്രീരാമ(ാ) മമഹൃദിരമതാം രാമ രാമ(ാ)
ശ്രീരാഘവാത്മാ രാമ ശ്രീരാമ(ാ) രമാപതെ
ശ്രീരാമ(ാ) രമണീയവിഗ്രഹ(ാ) നമോസ്തുതെ
നാരായണാ(യ) നമോ നാരായണാ(യ) നമോ
നാരായണായ നമോ നാരായണായ നമഃ
ശ്രീരാമനാമം പാടി വന്നപൈങ്കിളിപ്പെണ്ണേ
ശ്രീരാമചരിതം നീ ചൊല്ലേണം മടിയാതെ
ശാരികപ്പൈതൽ താനും വന്ദിച്ചുവന്ദ്യന്മാരെ
ശ്രീരാമസ്മൃതിയോടെ പറഞ്ഞു തുടങ്ങിനാൻ
കാരണനായ(ാ) ഗണനായകൻ ബ്രഹ്മാത്മകൻ
കാരുണ്യമൂർത്തി ശിവശക്തി(സംഭവ) സംഭവൻ ദേവൻ
വാരണമുഖൻ മമ പ്രാരബ്ധവിഘ്നങ്ങളേ
വാരണം ചെയ്തീടുവാൻ ആവോളംവന്ദിക്കുന്നേൻ.

Colophon :

ഇത്യദ്ധ്യാത്മരാമായണെ ഉമാമഹേശ്വര സംവാദെ ബാലകാണ്ഡം സമാപ്തം.

End :

ദേവപിതൃ ഗ്രഹ(ാ)താപസമുഖ്യന്മാ
രേവരുമേററം പ്രസാദിക്കു മന്ത്യതും
കന്മഷമെല്ലാ മകലുമതെയല്ല
ക(ധ)ർമ്മാർത്ഥകാമമോക്ഷങ്ങൾ സാധിച്ചീടും.
അദ്ധ്യാത്മരാമായണം പരമേശ്വര

നടിസുതെക്കുപദേശിച്ചിതാദ(ാ)രാൽ
അദ്ധ്യയനം ചെയ്കിലും മുദാ കേൾക്കിലും
സിദ്ധിക്കുമെല്ലാ മഭീഷ്ടമെന്നിങ്ങിനെ
ഭക്ത്യാപറഞ്ഞുടങ്ങീ കിളിപ്പൈതലും.

Colophon :

ഇത്യദ്ധ്യാത്മരാമായണെ ഉമാമഹേശ്വരസംവാദെ യുദ്ധകാണ്ഡം സമാപ്തം.

Adds :

കൊല്ലം ൯൮൨-ാമതു കന്നി ഞായറ ൨൧ നു വെള്ളിയാഴ്ച എഴുതിത്തീൎന്ന ഗ്രന്ഥത്തിൽ നിന്നും പകൎത്തു.

ഈ ഗ്രന്ഥം സംസ്കൃത ഭാഷയിലുള്ള അദ്ധ്യാത്മരാമായണത്തെ കേരളഭാഷയിലേക്കു വിവൎത്തനം ചെയ്തിട്ടുള്ളതാണ്. ഇതിൽ ബാലകാണ്ഡം, അയോദ്ധ്യാകാണ്ഡം, ആരണ്യകാണ്ഡം, കിഷ്കിന്ധാകാണ്ഡം, സുന്ദരകാണ്ഡം, യുദ്ധകാണ്ഡം, ഇങ്ങിനെ ആറു കാണ്ഡങ്ങളുണ്ട്. ഗ്രന്ഥകൎത്താവു കേരളത്തിൽ പ്രസിദ്ധനായ തുഞ്ചത്തുരാമാനുജനെഴുത്തച്ഛനാകുന്നു. ഈ ഗ്രന്ഥം കേരളത്തിൽ പല സ്ഥലങ്ങളിലും അച്ചടിച്ചു പ്രസിദ്ധം ചെയ്തിട്ടുണ്ട്.

No. 55. അദ്ധ്യാത്മരാമായണം.

ADHYĀTMARĀMĀYAṆAM (KIḺIPPĀṬṬU).

Substance, palm-leaf. Size, $1\frac{7}{8} \times 13\frac{1}{2}$ inches. Pages, 187. Lines, 10 on a page. Character, Malayalam. Condition, good. Appearance, new.

Complete.

Same work as the above.

No. 56. അദ്ധ്യാത്മരാമായണം (കിളിപ്പാട്ട്).

ADHYĀTMARĀMĀYAṆAM (KIḺIPPĀṬṬU).

Substance, palm-leaf. Size, $1\frac{3}{4} \times 14$ inches. Pages, 259. Lines, 8 on a page. Character, Malayalam. Condition, good. Appearance, old.

Complete in 5 Kāṇḍas.

Same work as the above.

No. 57. അദ്വൈതവേദാന്തം.

ADVAITAVĒDĀNTAM.

Substance, paper. Size, $10 \times 10\frac{3}{4}$ inches. Pages, 128. Lines, 20 on a page. Character, Malayalam. Condition, good. Appearance, new.

Incomplete.

A treatise on the Advaita Vēdānta in accordance with the views of Śrī Śaṅkarācārya with quotations from the Upaniṣads, Smṛtis and *Bhagavadgīta* as authorities.

Beginning:

മൂക്ഷാജഡപരിച്ഛേദ്ദ്ഖവിതരഹമായി തക . . . . പ്രതമായി അവിക്രിയമായി ഇരുന്ന വിഷ്ണുവിൻെറ പരമ പദത്തെ നമസ്കരിക്കുന്നേൻ

ചിദാനന്ദജലനിധേർകോപ്യഭിന്നവസ്തരങ്ഗഃ ശുദ്ധസ്ത്വം
തസ്യൈവ ഘനീഭാവഃ കൃഷ്ണാദിമൂർത്തിഃ
സത്യം ജ്ഞാനമനന്തം യൽ കൂടസ്ഥം സുഖവിഗ്രഹം
നിത്യമുക്തം പരംബ്രഹ്മ ഭവാമി തദഹംസദാ

End:

ബ്രഹ്മൈവേദം എന്നുള്ള ശ്രുതിയും വിദ്വദനുഭൂതിയും ഇവിടേക്കു പ്രമാണമാകുന്നു അപ്പോളോ ഇദം സർവ്വശംഭു എന്നറിക. മുത്ത് യാതൊരു പ്രകാരം ശരാവാദിരൂപേണ ഭാനം ചെയ്യുന്നു, അവ്വണ്ണം സർവ്വതയാശിവൻ ഭാനം ചെയ്യുന്നു.

ആകാശെന്ധകാര (പ്രകാശ) പ്രകാശവൽ മഹോദധൌ
വീചീതരങ്ഗാദിവച്ച മഹദാദിവിശേഷാന്തം ജഡംസർവ്വം
പരമാത്മനിഭാതി (ഭൂതാനിശംഭുർവനാനി)
ഭൂതാനി ശംഭുർവ്വനാനിശംഭു—
ർവ്വനാനിശംഭുർഗ്ഗിരയശ്ചശംഭുഃ
സ ഏവസർവ്വംനതതോതിരിക്തം
തതഃസഏകഃ പരമാർത്ഥമേതൽ
യജ്ഞദാനജപാനാം നിഷ്ഠാശിവഃ തപോഭിർമ്മുനീ
ന്ദ്രാഏനമേവ പൂജയന്തിനമന്തിസ്തുവന്തിച അഹം-
പദപ്രത്യയസാക്ഷിഭൂതം ചിദാത്മാനമേനമേവ
യതീന്ദ്രവൃന്ദാഹൃദിസന്നിവിഷ്ടം ജാനന്തിശിവമശേഷ
മിദംപശ്യത സകല ജന്മജരാമരണാദയോനിഖിലലോ
കഗതിഞ്ചനിരാകൃശംപരശിവത്തയൈവവിഭാതി.
വേദവചോഭിഃ പരമയോഗേന ചസർവ്വംശിവം
പശ്യതഃ കഥമശേഷപ്രതിഭാസ്യാൽ പുണ്യപാ
പാദികർമ്മജാതംതല്ലപതയാഭാതിഭചേൽഅനാ
ത്മതിരേവസർവ്വം ബ്രഹ്മതയാ പശ്യൻ ബ്രഹ്മവിദേവ
സർപ്പാദിഭാവേനവിഭാസമാനാരജ്ജുഃ സദാരജ്ജുരേവ
തഥാപ്രപഞ്ചാത്മതയാഭാസമാനഃശിവഃശിവഏവ.
നപ്രപഞ്ചഃ യഥാതോയാത്മതയാ മഹീംജാനൻനരോ
മേദിനിം നജാനാതി തഥാവിശ്വാത്മതയാ വിശ്വംശിവം
ശിവതയാ നപശ്യതി അതഃപ്രപഞ്ചാനുഭവേ
സ്വരൂപ ബോധാനുഭവഏവ.
സ്വസ്വരൂപമേവ സർവ്വമിതിപശ്യൻ മുക്തഏവ
പഞ്ചദശഃ
നമസ്തേജഗന്ത്രയീസർഗ്ഗ വിശ്രാന്തിസ്ഥാനശക്തയെ-

ഈ ഗ്രന്ഥത്തിൽ ശങ്കരാചാര്യമതാനുരോധേന അദ്വൈതവേദാന്തത്തെ സംഗ്രഹേണ പ്രതിപാദിക്കുന്നു. പ്രമാണതയാ ഉപനിഷദാദിവാക്യങ്ങളേയും ഗീതയേയും സ്മൃതിയേയും ദേവനാഗരിയിൽ തന്നെ എഴുതിയിരിക്കുന്നു. ഈ ഗ്രന്ഥം അച്ചടിച്ചിട്ടില്ല. ഗ്രന്ഥകർത്താവും ആരാണെന്നു ഇതിൽ എഴുതിയിട്ടില്ല, അക്ഷരവീഴ്ചകൾ ധാരാളമുണ്ട്.

No. 58 കിളിവണ്ടുസംവാദം (കിളിപ്പാട്ട്).

KI̱LIVAṆḌUSAṀVĀDAM (KI̱LIPPĀṬṬU).

Substance, paper. Size, $8\frac{1}{2} \times 11\frac{1}{4}$ inches. Pages, 126. Lines, 18 on a page. Character, Malayalam. Condition, good. Appearance, new. Complete.

A treatise of a philosophical character in "Ki̱lippāṭṭu" verse. It is in the form of a conversation between a parrot and a beetle.

Beginning:

ബാലികെ മംഗളശീലേ ശുകമണി
മാലികെ മഞ്ജുളഗാത്രി മനോഹരീ.
ലീലാഹരിൽ ഹരീ ധീര പീതാംബര
ലീലാംബുജാ ലോലവിലോചനെ.

കാലമേതും കള(ാ)യാതെ കണ്ടോരോരോ
ലീലകൾ ചൊല്ലു നീ ഏതുംമടിയാതെ.
ചൊല്ലുകിൽ നല്ലവ നല്ലവണ്ണം മമ
അല്ലലകല നീങ്ങീട്ടു മാ(േ)റാമലേ.

ഭൂമിയിൽ നാനായോനി ജീവജന്തുക്കൾ
ഭീമഗജാദിപിപീലികാന്തങ്ങളിൽ
ശ്രേഷ്ഠ ജന്മങ്ങളേതെന്നു ചൊല്ലീടുകിൽ
കേട്ടീടുവാൻ മോഹമുണ്ടിനിക്കേററവും.

ഭൂലോകവാസ് നാനാജീവജന്തുക്കൾ
നാലു വഴിയായതിൻ ത്രിവിധങ്ങളും.
ജന്മ ഗുണ ഗ ണ ഭേദങ്ങളെങ്ങിനെ
സമ്മതിയല്ലാത (സമ്മതിയല്ലാത) ഞാനറിയുന്നതും.

എങ്കിലും ഞാനൊരുപായമുണ്ടാക്കുന്നു
സംകടം നിങ്ങൾക്കു തീരുമെന്നാകിലൊ.

End:

ശംഭു ഭക്തന്മാക്ക് ശൈവലോകം ല(േ)ഭ(ൽ)
സംഭവിക്കും വിഷ്ണുഭക്തനു വൈഷ്ണവം.
ലോകമതിന്നു വികല്പമില്ലേതുമെ
ലോകസാദ്ധ്യമിതൊഴിക്കരുതാരുമെ.

ധന്യവാന്മാരെന്നറിഞ്ഞു കൊള്ളേണമെ.
ധന്യമതികളാംശാരികാ ഭൃംഗവു
മന്യോന്യസല്ലാപവും ചെയ്തുപിന്നെയ
ങ്ങെന്നുടെ കൂട്ടരെകാണ്മതിന്നായ്ക്കൊണ്ടു

പോകുന്നിതെന്നുപറഞ്ഞിതു ശാരികാ.
അങ്ങിനെതന്നെ നീ പോകെന്നു ഭൃംഗവും
യാത്രയയെപ്പിച്ചുപോയിതു ശാരികാ

ഭൃംഗവും തന്റെ ഗുഹയിലുൾപ്പുക്കടൻ
നന്നായ് സുഖിച്ചു മുന്നെപ്പോലെ വാണിതു.

Colophon:

ഇതി കിളിവണ്ടു ലീലാസംവാദം കഥാ.

ഈ ഗ്രന്ഥത്തിൽ അദ്ധ്യാത്മപരമായ കിളിയുടെയും വണ്ടിന്റേയും സംവാദത്തെ കിളി പാടുന്നതായി എഴുതിയിരിക്കുന്നു. ഗ്രന്ഥകർത്താവ് ആരെന്നു ഇവിടെ എഴുതിയിട്ടില്ല. ഗ്രന്ഥം അച്ചടിച്ചിട്ടുള്ളതായും അറിവില്ല. അക്ഷരവീഴ്ചകൾ ഇതിൽ ധാരാളമുണ്ട്.

No. 59. കൈവല്യനവനീതം.

KAIVALYANAVANĪTAM.

Substance, paper. Size, 10 × 10¾ inches. Pages, 55. Lines, 20 on a page. Character, Malayalam. Condition, good. Appearance, new.

Begins on page 1-a. The other works herein are Paraśurāmavijaya 57-a and Ambarīṣacaritam 77-a and Bhīmayōgam 93-a.

Complete.

A treatise bearing on the Advaita Vēdānta and apparently based on the Tamil work *Kaivalyanavanīta*, which is described under No. 1481 in the Tamil Descriptive Catalogue, Vol. 3. The author of the Malayalam work says that he was a disciple of Nārāyaṇa Śāstri.

Beginning:

ഗുരുശ്രീപാദാംബുജം മനസ്സിൽ സദാകാലം
ശിരസ്സിലാദരവും ധരിച്ചുവാഴുന്നമെ.
ഗുരുശ്രീകടാക്ഷമെവരു . . . . . . കുഞ്ചു
ശ്രേയസ്സന്നസ്മരിക്കെന്നതേ വേണ്ടു.

ഗുരുശ്രീകരം ശ്രീമൽ ഗുരുകീർത്തനംസമു-
ച്ചരിച്ചു സുഖേനസംചരിക്കും കിളിപ്പെണ്ണേ.
കുറുക്കു പാലും പഞ്ചസാരയും പകങ്ങളും
പെരുകും മധുവു മാസ്വദിച്ചു യഥാരസം.

ഉരത്തോരജ്ഞാനത്തിൽ പെരുത്തനാരായവേ-
രൻതത്വ(രുക്കും) ബോധംനൽകും കൈവല്യ നവനീതം.
സ്സുരിച്ചുതമിഴ്പ്പൊരുളറിയാത്തങ്ങൾക്കർത്ഥം
തിരിച്ചു ചൊല്ലേണം നീ കേരളഭാഷയാലെ

ഉറച്ച ഭക്തി ശ്രദ്ധാ വിനയങ്ങളെക്കൊണ്ടു
നിറച്ച മനസ്സോടു മിങ്ങനെകേട്ടനേരം.
മറച്ചൊല്ലിന്റെ പൊരുൾ കാതലാം ഗുരുനാമ-
മുരച്ചൊല്ലുന്ന കിളിപ്പൈതലുമുരചെയ്യാൾ.

ഗുരിക്കന്മാരുമാദി ഗുരുവാം ഗണേശനും
വന്നത്തത്തര(രു)റ(ം) വാഗീശ്വരിയും ശ്രീകൃഷ്ണനും.
ചരിത്ര(ാ)വാനാം വേദവ്യാസനും വാല്മീകിയും
ധരിത്രീസുരന്മാരും തുണപ്പാൻ വണങ്ങുന്നേൻ.

End:

ദുർജ്ജനം ദുഷിക്കിലും പരിഹാസം ചെയ്യവെ
ഗർജ്ജനം ചെയ്തീടിലും നമുക്കെന്തൊരു ചേതം,
സജ്ജനനിന്ദകൊണ്ടും പരിഹാസങ്ങൾകൊണ്ടും
തർജ്ജനംകൊണ്ടുമല്ലോ ദുർജ്ജനം രസിച്ചീടു.

ശ്രീഗുരു ശ്രീപാദപങ്കേരുഹ പുണ്യതീർത്ഥ
ശീകരശക്ത്യാ ചൊന്നകൈവല്യ നവനീതം
മൂ(മൂ)ക(ാ)രെന്നിയെയുള്ളോർ പഠിക്കിലാത്മാനന്ദ-
സാഗര നിമഗ്നരാസ്സാണീടാമനാരതം.

ഹീനസംസാരദുഃഖം പിന്നെയുണ്ടാകയില്ല
നൂനമാരെന്നാകിലു മൊരുനാളുമെയെന്നു
സ്വാനന്ദമറിയിച്ച നിശ്ചല ഗുരുപദ
ധ്യാനേന മേവീടിനാൽ പൈങ്കിളിപ്പൈതലന്നേ.

Colophon:

കൈവല്യനവനീതം സമാപ്തം.

ഈ ഗ്രന്ഥം തമിഴിൽ ഉള്ള കൈവല്യനവനീതത്തിൻെറ സാരത്തെ പ്രതിപാദിക്കുന്നതാകുന്നു. അദ്വൈത വേദാന്ത തത്വത്തെ ഇവിടെ സവിശേഷം പ്രതിപാദിക്കുന്നു. ഇതിൻെറ കർത്താവു നാരായണ ശാസ്ത്രിയുടെ ശിഷ്യനാണെന്നു പറയുന്നു. അച്ചടിച്ചിട്ടുള്ളതായും കേട്ടറിവില്ല—ഇതിൽ അക്ഷര വീഴ്ചകൾ ധാരാളമുണ്ട്.

No. 60. ജ്ഞാനപീയൂഷം.

JÑĀNAPĪYŪṢAM.

Substance, paper. Size, 10 × 10 ¾ inches. Pages, 56. Lines, 20 on a page. Character, Malayalam. Condition, good. Appearance, new.

Complete.

A treatise of a philosophical nature stating that the three Puruṣārthas viz.—Dharma, Artha and Kāma are intended and useful for the attainment of Mōkṣa, i. e. salvation, which is the fourth Puruṣārtha.

Beginning:

ശ്രീരാമ രാമ രാമ ശ്രീനീലകണ്ഠ ജയ
ശ്രീരാമ രാമ രാമ ശ്രീ(നീല)കണ്ഠ ജയ
ശ്രീരാമ രാമ രാമ ശ്രീരമണാത്മാരാമ.

ശ്രീരഘുപതെ ഹരെ ശ്രീജഗന്നാഥഹരെ.
ശ്രീമഹാദേവശംഭോ ശ്രീമഹാദേവ ശംഭോ.
ശ്രീമഹാദേവ ജഗൽകാരണ ഹൃഷീകേശ.

അച്യുതാനന്ദ പരമാനന്ദ സദാനന്ദ
വിശ്വസാക്ഷിണെ പരമാത്മനെ നമോ നമഃ

സച്ചിദാനന്ദ പരമപ്പദാംബുജ സ്ഥലെ
നിശ്ചലമായ ഭക്തിസിദ്ധിച്ചുമരുവുന്ന
വിശ്വമോഹനശീലെ വിശ്വാസഭക്തിയുതെ

വിശ്വസമ്മതെ ശുകബാലികെ വരികടോ
മായാസാഗരത്തിൽ വീണന്ധനായുഴലും ഞാൻ
മായാ മാനസമകന്നാനന്ദം വരുവാനായ്.

End:

ദുർവ്വാസനകളായുള്ള മേഘങ്ങളെ
ഛിന്നമാക്കും ചണ്ഡമാരുതനാമിത്.

സൽബുദ്ധിചേരും വിവേകികൾ മാനസ—
പത്മത്തിനർക്കനെന്നേ പറഞ്ഞീടാവൂ.

ഇങ്ങിനെ ചൊന്നോരവിരോധമാകുമി
ജ്ഞാന ചൂഡാമണിയായൊരിതു മുദാ.

കേൾക്കിലും ചൊല്കിലു മുള്ളിൽ സ്മരിക്കിലും
അർക്കമുള്ളോരവിജ്ഞാന മുണ്ടാവ്വരും.

കാട്ടുമിതു ഹാ സൽഗ്ഗുരുനാഥനെ
ക്കാട്ടും ഗുരുവും പരമ സ്വരൂപത്തെ.

കാട്ടുകയില്ലനാഥൻ മറവുകിഞ്ചന.
കൂട്ടും പരമ സായൂജ്യം പരാപരം.

ഇത്ഥമുരചെയ്തു വേദാന്ത വേദ്യമാം
നിത്യ സ്വരൂപനിൽ ചിത്തമുറപ്പിച്ചു

ബുദ്ധിതെളിഞ്ഞു ഭഗവൽസ്തുതിചെയ്തു
ഭക്ത്യാപറന്നുപോയാൾ കിളിപ്പൈതലും

Colophon:

സമാപ്തം.

ഇതിൽ ചതുർത്ഥപുരുഷാർത്ഥമായ മോക്ഷമാർഗ്ഗത്തെ സവിസ്തരം പ്രതിപാദിക്കുന്ന ഗ്രന്ഥത്തിൽ ധർമ്മാർത്ഥകാമങ്ങൾ, ഭക്തി, കർമ്മം, മുതലായതും മോക്ഷോപയോഗിതയാ പറയുന്നുണ്ട്. ഈ കഥ കിളി പറയുന്നതായി കവി കല്പിച്ചിരിക്കുന്നു. ഇതിന്റെ കർത്താവ് ആരെന്നു ഇവിടെ പറഞ്ഞിട്ടില്ല. ഗ്രന്ഥത്തിൽ അക്ഷരവീഴ്ചകൾ ചില സ്ഥലങ്ങളിൽ ഉണ്ട്.

No. 61. പരമപദപ്രകാശവഴി.
PARAMAPADAPRAKĀŚAVAḺI.

Substance, paper. Size, $10\frac{3}{4} \times 9\frac{3}{4}$ inches. Pages, 17. Lines, 20 on a page. Character, Malayalam. Condition, good. Appearance, new.

Begins on page 5. The other works herein are Mallayuddhakrama, 1, Upāyatantrabala 22, Tippuyuddha, 24, Tuñcattezhuttaccan caritra 26, Pallivanarcaritra, 29.

Complete.

A tract showing how meditation on God will avert untimely death and its evil consequences, and open the way for salvation.

Beginning :

ന്നൻ ൧-൦ാം വൎഷം മേടമാസം ൧-ാംനു തിരുവഞ്ചിക്കുളമെന്ന പേരുടയ രാജസ്ഥലത്തു നിന്നു ബൌദ്ധമതസ്ഥനായി മക്കമെന്ന ദ്വീപിലേക്കു പോയ പള്ളിവാണർ എന്നു പേരുടയ രാജാവ് സൎവ്വവേദ സാരാൎത്ഥപ്രമാണമായും തന്നുടെ വിവേകജ്ഞാന പ്രമാണമായും ലോകോപകാരാൎത്ഥമായി കലിയുഗ ഭവിഷ്യൽപ്രമാണത്തിൽ നാലു വഴിയുള്ളതിൽ "പരമപദപ്രകാശ വഴി" എന്നു പേരുടയ വാന്തിഭേദികാരണ വഴിയും ജംഗമ ഭക്ഷികൃതമായിരിക്കുന്ന ഔഷധയോഗോക്തംകൊണ്ടു വാന്തിഭേദിയുടെ നിവൃത്തി വഴിയും പറയുന്നു.

End :

ഗൈൗഡപ (൨) ഭക്ഷത്തിൽ വാന്തിഭേദി നിവൃത്തി യോഗങ്ങൾ ഇല്ല. പിന്നെ ഒരു വീട്ടിൽ ഒരുവൎക്കു വാന്തിഭേദി കാണുമ്പോൾ ഉടനെ വേറെയുള്ളവർ ഇഞ്ചിതൻ നീരും തേനും കലൎന്നു കുടിച്ചു മുന്നൂററി അറുപതടി നടന്നുള്ള ദൂരത്തിൽ വാങ്ങിപ്പോകാ. വേറെയുള്ളവൎക്കു പറുകയില്ല. അല്ലെങ്കിൽ ഒരുവന് കാണുമ്പോൾ വേറെയുള്ളവർ, ഇഞ്ചിരസവും ചെറുനാരങ്ങ രസവും ഇളന്നീർവെള്ളവും ഗോമൂത്രവും പഞ്ചസാരയും കൽക്കണ്ടിയും തേനുംകൂട്ടി സേവിക്ക. മൂന്നു നേരവും പരബ്രഹ്മത്തെ എങ്കിലും ത്രിമൂൎത്തികൎത്താക്കളെ എങ്കിലും ധ്യാനിച്ച് കുടിച്ചുകൊണ്ടിരിക്ക. വേറെ ഉള്ളവൎക്കു പറുകയില്ല. ഇതു ദൃഷ്ടാന്ത ഉപദേശമെന്നറിക——ഇതി——.

ഈ ഗ്രന്ഥത്തിൽ പണ്ടു കേരളചക്രവൎത്തിയായ പള്ളിവാണർ മുഹമ്മദുമതം സ്വീകരിച്ചു മക്കത്തേക്കു പോകുമ്പോൾ തന്റെ രാജ്യത്തു വരുവാൻപോകുന്ന അധൎമ്മാചാരംകൊണ്ടു വാന്തിഭേദ്യാദിവ്യാധികൾ പിടിപെട്ടു ലോകത്തിൽ അകാലമൃത്യുമുതലായതുണ്ടാകുമെന്നുപന്യസിച്ച് അതിന്റെ പരിഹാരം ഈശ്വരോപാസനകൊണ്ടും ഔഷധയോഗങ്ങളെക്കൊണ്ടും സമ്പാദിക്കാമെന്നുപദേശിച്ച് ഒടുവിൽ വാന്തിഭേദിയുടെ ചികിത്സയെ വ്യക്തമായി എഴുതി ഗ്രന്ഥം അവസാനിപ്പിക്കുന്നു. ഇതിൽ അക്ഷരവീഴ്ചകൾ ധാരാളമുണ്ട്.

No. 62. വിജ്ഞാന രത്നം.

VIJÑĀNARATNAM.

Pages, 4. Lines, 20 on a page.

Begins on page 141 of the Ms. described under No. 52. Complete.

A work bearing on the Advaita Vēdānta.

Beginning :

ഓരോരോ ജന്മജന്മാന്തരമതിലുള്ള ...യുള്ള പുണ്യാതിരേകാൽ
മാനം മാനുഷ്യ ജന്മം സകലസുഖകരം പ്രാപ്യമായുന്നതിപ്പോൾ
നേരോടാരാഞ്ഞുനോക്കീടിൽ ജനിമൃതിമയ സംസാര ദുഷ്പാരമായി
പ്പാരാവാരം കടപ്പാൻ തരണി കരകടത്തീട്ടവാൻകഃ സ്വധാതാൻ

എന്നാൽ ദൃഢമുണ്ടുന്നതിപ്പോൾ ഗുരുവരചരണാംഭോജ
യുഗത്തെ നത്വാ

നന്നായ് ചോദ്യങ്ങൾ ചെയ്യാൽ ഗുരുവരനതൾ ചെയ്തീട്ട-
മാത്മാർത്ഥമെല്ലാം.

എന്നീവണ്ണം നിനച്ചിട്ടൊരു സുകൃതിമഹാ ബുദ്ധിമാനായ
ഇഢ്യം

നന്നായ് ചോദ്യങ്ങൾചെയ്യാൻ ഗുരുതിരുവടി കൈക്കുപ്പിനാൽ
പ്രീതിമോദാൽ.

End :

(വിജ്ഞാന രത്നനാ ഇവരുവതി പദ്യസുഹൃജ്ജര :
ജ്ഞാനപ്രദമാകയാൽ ഭോർവിജ്ഞാനരത്നം സദാ.)
പ്രജ്ഞാവാനിതിനെ പ്പഠിച്ചു പരമാത്ഥം ഗ്രഹിച്ചിട്ടവോർ
സുജ്ഞാനം ലഭതെ സുഖംചലഭതെ സ്വാത്മാഭിരാമം ഭവേൽ.

ഇതിൽ അദ്വൈതവേദാന്ത മതാനുരോധേന ചിലതു പറഞ്ഞിട്ടുണ്ട്. ഗ്രന്ഥത്തിൽ അക്ഷരവീഴ്ചകളും അബദ്ധങ്ങളും ധാരാളമുണ്ട്. ഗ്രന്ഥമദ്ധ്യത്തിൽ ഗ്രന്ഥപാതവും ഏപ്പെട്ടിട്ടുണ്ട്.

No. 63. വൈരാഗ്യചന്ദ്രോദയം.

VAIRĀGYACANDRŌDAYAM.

Substance, paper. Size, $9\frac{c}{8} \times 10\frac{3}{8}$ inches. Pages, 84. Lines, 20 on a page. Character, Malayalam. Condition, good. Appearance, new.

Complete.

A treatise of a philosophical nature. It is in the form of a question put by a king of Travancore to a swan as to the means of attaining liberation from the bondage of the world, and the swan's reply thereto explaining the means of attaining salvation.

Beginning :

നന്ത(ന്ദ)ാത്മജ സ്സുരജനൈരഭി വന്ദ്യമാന-
സ്സന്താനകല്പ തരുദാനസമാനശീലഃ.
കന്ദേന്ദുമന്ദഹസിതഃ പരിപാഹ'മാമോ
വൈരാഗ്യ ചന്ദ്രജനിതം വിലിഖാമിഗാനം.

നാരായണായനമോ നാരായണായനമോ
നാരായണായനമോ നാരായണായനമഃ
നാരായണായ ജയനാരദ(ാ) വന്ദ്യ(ാ)ജയ
കാരണ(ാ) മൂർത്തേജയ കരുണാനിധേ ജയ.
സാരസ(ാ) നേത്ര(ാ) ജയ സാരവിഗ്രഹ(ാ) ജയ
വാരണാവഹ(ാ) ജയ വരദ(ാ) ജയജയ
നാഗശായിനെ ജയ നാഗാരിദ്ധ്വജ ജയ
ഭോഗമോക്ഷദ ജയ യോഗേശ ജയ ജയ
ലോകപാലന ജയ ഗോകുലപതെജയ.
ഭാഗവതാർത്ഥജയ ഭഗവൻ ജയജയ
ഇത്തരമോരോ തര മുച്ചരിച്ചാനന്ദേന
ചിത്തമോദേന വരുന്നന്നത്തെ കണ്ടനേരം
രാജഹംസമെ ജന്മമോചനം കഥായദ
രാജമാനമാനസാവാസ സാദരംമുദാ

End :

ജനനമരണവും ദേഹവും ദുഃഖങ്ങളും
ഭോഗഭോഗ്യാദികൊണ്ടു കഴിയും കാലമെല്ലാം.
സൌഖ്യങ്ങൾ വരുന്നേരം ഞാനന്നുമോദിച്ചീടും
ദുഃഖത്തിന്നീശ്വരൻതാൻ വരുത്തിയെന്നും ചൊല്ലും
ആകയാൽ മുക്തിലഭിച്ചീടുവാൻ പണിയെല്ലോ
സുകൃതസാരംകൊണ്ടു സുബുദ്ധിയുണ്ടാകിലാം.
സുബുദ്ധിയുണ്ടാകുമ്പോൾ സുവൃത്തിയുണ്ടായ്വരും.
സുവൃത്തികൊണ്ടുതന്നെ നിവൃത്തിലഭിപ്പതും
വൈരാഗ്യംകൊണ്ടു (വിദ്വൈതവിദ്യകൾ) ഗുരുഭക്തി
സാരമായുള്ള ശാസ്ത്രജ്ഞാനവും ലഭിച്ചീടും
ശാസ്ത്രജ്ഞാനത്താലുപശാന്തമായുമുള്ളജ്ഞേയം.
ഈശ്വരൻ കടാക്ഷത്താൽ മോക്ഷവും ലഭിക്കുന്നു.
മോക്ഷാനന്ദങ്ങൾ പാർത്താലെങ്ങിനെന്നറിയുന്നു
[illegible]യായ് വിചാരിക്കിലിത്തരംമതിയല്ലോ.

വഞ്ചിഭൂപാല തവനെഞ്ചകം തെളിയെന്നും
അച്യുതാനന്ദ നാമമിച്ഛയാസ്സിചാരിക്കി
(ലിഖ്യയായി സിനിങ്ങലാൽ-)
സച്ചിദാനന്ദപദം മെച്ചമായ് ധ്യാനിച്ചുടൻ
സത്യലോകത്തുചെന്നു പുക്കിതന്നവുമന്ദെ(ന്ന)

Colophon:

ഇതി വൈരാഗ്യ ചന്ദ്രോദയം സാരം സംക്ഷേപം കേരള ഭാഷാഗാനം സമാപ്തം.

ഈഗ്രന്ഥത്തിൽ തിരുവിതാംകൂർ മഹാരാജാവ് ഭഗവദ്ഭക്തനായ ഒരു രാജഹംസത്തോടു വൈരാഗ്യ ജനകമായ വേദാന്തതത്വത്തെ പറയുവാൻ അപേക്ഷിച്ചതനുസരിച്ച് ഹംസം വേദാന്ത രഹസ്യത്തെ പറയുന്നു. ഗ്രന്ഥത്തിൽ അക്ഷരവീഴ്ചകൾ ധാരാളമുണ്ട് ഗ്രന്ഥകർത്താവു ആരെന്നു ഇവിടെ എഴുതിക്കാണുന്നില്ല.

No. 64. വൈരാഗ്യചന്ദ്രോദയം.

VAIRĀGYACANDRŌDAYAM.

Substance, paper. Size, $9\frac{5}{8} \times 10\frac{3}{4}$ inches. Pages, 132. Lines, 20 on a page. Character, Malayalam. Condition, good. Appearance, new.

Same work as the above.

Incomplete.

No. 65. സർവ്വലോകസംഭവം.

SARVALŌKASAMBHAVAM.

Substance, paper. Size, $9\frac{1}{4} \times 11$ inches. Pages, 82. Lines, 20 on a page. Character, Malayalam. Condition, good. Appearance, new.

Complete in four Adhyāyas.

Deals with the process of the creation of the various worlds including the world in which we live.

Beginning:

ശങ്കരപാദസരോജകംബിട്ടംബുജാക്ഷിയാം ദേവി
ശങ്കവിട്ടിങ്ങിഹലോകസംഭവമന്വേഷണാർത്ഥമുച്ചൃതെ.

സർവ്വലോകേശ്വരിയായിരിക്കുന്ന ശ്രീപാർവ്വതി സർവ്വലോകേശ്വരനായിരിക്കുന്ന ശ്രീമഹാദേവന്റെ തൃക്കാൽവന്ദിച്ചുനിന്നു സർവ്വലോകങ്ങളും സർവ്വജന്തുക്കളും ഉണ്ടായപ്രകാരം അരുളിച്ചെയ്തു കേൾക്കണം എന്നിങ്ങനെ ശ്രീപാർവ്വതിയുടെ ചോദ്യത്തെകേട്ടു ശ്രീ മഹാദേവൻ അരുളി ചെയ്യുന്നു.

എന്നാലെ നീ എന്നോടു ഇപ്രകാരം ചോദ്യംചെയ്തു കേട്ടിട്ടു ഏററവും പ്രസാദിച്ചു തല്ലൊ. എന്നാലും സർവ്വലോക സംഭവം ഭാരതകർത്താവായിരിക്കുന്ന കൃഷ്ണ ദ്വൈപായനനെന്നിയെ മററാർക്കും എളുതല്ലാ എന്നിങ്ങിനെ ശ്രീ മഹാദേവൻ ശ്രീപാർവ്വതിയോടരുളി

ചെയ്യുവാനെ ശ്രീപാൎവ്വതി ശ്രീ മഹാദേവനെത്തൊഴുത വിനയത്തോടെ പറഞ്ഞു. ഭൎത്താവെ സൎവ്വലോകേശനായിരിക്കുന്ന ഭഗവാനെല്ലോ നിന്തിരുവടി. എന്നാൽ ഈ സൎവ്വലോകസംഭവം നിനക്കു കേൾപ്പാനാഗ്രഹമുണ്ടെന്നാകിൽ ഒട്ടൊട്ടു സംക്ഷേപിച്ചു ചൊല്ലാമെന്ന ശ്രീ മഹാദേവൻ അരുളിച്ചെയ്യുന്നു. ബ്രഹ്മപ്രളയകാലത്ത അളവില്ലാത്ത വെള്ളമെന്നിയെ ഇല്ലാ എന്നിരിക്കുംകാലത്തു സൎവ്വ രാജാവായിരിക്കുന്ന അനന്തനാകുന്ന അരയാലിലമേൽ വിഷ്ണുഭഗവാൻ പള്ളിക്കുറുപ്പുകൊള്ളും കാലത്തു വിഷ്ണുഭഗവാന്റെ നാഭിസ്ഥാനത്തു ഒരു താമരപ്പൂവുണ്ടായി. അപ്പൂവിൽനിന്നു ബ്രഹ്മാവുണ്ടായി.

Colophon :

ഇപ്രകാരമെല്ലാമിരിക്കുന്ന ലോക സംഭവം പൂൎവ്വാദ്ധ്യായം ചൊല്ലിത്തീൎന്നു.

End :

കുന്ദപ്പു മത്തമാതംഗഘാതനം ചെയ്യു തമ്പുരാൻ. കാലിണകൾ വണങ്ങീട്ടു കാളിയൊന്നുര ചെയ്യുതും. ഭഗവാനെ നിന്തിരുവടി ഇപ്രകാരമെല്ലാം അരുളിച്ചെയ്യുവല്ലോ. അടിയനു പരമാത്മജ്ഞാനമുണ്ടാവാൻ തക്ക ഒരു ഉപദേശം അരുളിച്ചെയ്തു കേൾക്കേണം എന്ന ശ്രീ പാൎവ്വതിയുടെ ചോദ്യത്തെ കേട്ടു ശ്രീ മഹാദേവൻ അരുളിച്ചെയ്യുന്നു. എന്നാലോ കേട്ടാലും ദേവി അവ്യക്തമായിരിക്കുന്ന സ്വരൂപത്തെ എങ്ങിനെ ഞാൻ സുവ്യക്തമാകുംവണ്ണം ചൊല്ലുന്നു. എന്നാലുമൊട്ടു സംക്ഷേപിച്ചു ചൊല്ലുന്നു. അരൂപമായി ആനന്ദമായി തത്വപരാപരമായിരിക്കുന്ന പരമേശ്വരൻ തിരുവടി ധരാതലം പരേക്കത്താനായി പരത്തിങ്കൽ പരം തോന്നി. പരത്തിൽ ശിവൻ തോന്നി. ശിവനിൻ ശക്തി തോന്നി, ശക്തിയിൽ ബുദ്ധി തോന്നി, ബുദ്ധിയിൽ ഭൂതാദി തോന്നി. ഭൂതാദിയിൽ ബിന്ദു തോന്നി. ബിന്ദുവിങ്കൽ നാദം തോന്നി. നാദത്തിങ്കൽ നാദാന്തം തോന്നി. നാദാന്തത്തിങ്കൽ സദാശിവൻ തോന്നി. സദാശിവങ്കൽ രുദ്രൻ തോന്നി, രുദ്രങ്കൽ മഹേശ്വരൻ തോന്നി, മഹേശ്വരങ്കൽ വിഷ്ണു തോന്നി, വിഷ്ണുവിങ്കൽ ബ്രഹ്മൻ തോന്നി, ബ്രഹ്മങ്കൽ ആത്മാവു തോന്നി, ആത്മാവിങ്കൽ അവകാശം തോന്നി, അവകാശത്തിങ്കൽ ആകാശം തോന്നി, ആകാശത്തിങ്കൽ വായു തോന്നി, വായുവിങ്കൽ അഗ്നി തോന്നി, അഗ്നിയിങ്കൽ അപ്പു തോന്നി, അപ്പിങ്കൽ ഔഷധം തോന്നി, ഔഷധത്തിങ്കൽ അന്നം തോന്നി, അന്നത്തിങ്കൽ രസം തോന്നി, രസത്തിങ്കൽ മാതാപിതാക്കന്മാർ തോന്നി, മാതാപിതാക്കന്മാരിൽ രുധിരം തോന്നി, രുധിരത്തിങ്കൽ മാംസം തോന്നി, മാംസത്തിങ്കൽ മേദസ്സു തോന്നി, മേദസ്സിങ്കൽ മജ്ജ തോന്നി, മജ്ജയിങ്കൽ അസ്ഥി തോന്നി, അസ്ഥിയിങ്കൽ ശുക്ലം തോന്നി, ശുക്ലത്തിങ്കൽ ശോണിതം തോന്നി, ശോണിതത്തിങ്കൽ ഒരു പുഴുവുണ്ടായി, അപ്പുഴുവിങ്കൽ മൈർ പ്രാണനെന്ന ഒരു ദ്വാരമുണ്ടായി, അവിടെ ഓം എന്ന അക്ഷരം ജനിച്ചു, നിരംജന പിണ്ഡമുണ്ടായി, എഴുപത്തീരായിരം നാഡികളാലും എണ്പതിനായിരം രോമങ്ങളാലും അമ്പത്തൊന്നക്ഷരത്താലും അറുപത്തുനാലു കലാജ്ഞാനത്താലും തൊണ്ണൂറ്ററാറു തത്വത്താലും ഏഴാഴ്ചയാലും പതിനഞ്ചു പക്കത്താലും ഇരുപത്തേഴു നാളാലും പന്ത്രണ്ടു രാശിയാലും ഇരുപത്തോരായിരത്തറുനൂറു ശ്വാസങ്ങളാലും മുഴയെന്നിയെ മുച്ചാണെ ലിംപ മുച്ചാൻ ഷശതൈലം അത്താഴി ഉണ്ണിൽ മുഴക്കണ്ണിൽ ആഴക്കു ശ്ലേഷ്മം പന്തിരുനാഴി രുധിരം നാഴി തല ചോറു, എൺപതിനാലു കഴഞ്ചു മൂത്രം മുന്നാഴി മൂഴക്ക, അസ്ഥി ഇരു ഉലാം, മാംസം മുത്തുലാം, കുടൽ മുപ്പതു, മുമ്മാറു ചെറുനാക്കു, മൂക്ക മുക്കാണം, കണറു കഴഞ്ചു, കാതെങ്കഴഞ്ചു, ദന്തം മുപ്പത്തു രണ്ടു, ഒരു കാണം, പൊതി പന്തിരുപലം, രണ്ടു കാലും രണ്ടു കയ്യും എൺചാൺ, നീളം നാൽചാൺ, വലിയവസരം രുധിരം, മാംസം മജ്ജാ അസ്ഥി ശുക്ലം, ശോണിതം, എന്നിച്ചൊല്ലു

പ്പെട്ടിരിക്കുന്ന സന്ധ്യസാധുക്കളാൽ അടക്കപ്പെട്ട ഒമ്പതു ചാൺ ഖണ്ഡപിണ്ഡ ശരീരങ്ങളാലും അന്നമാകുന്നത്. ഉണ്ണപ്പെട്ടതിൽ ഒരുക്കൂറു മലം, ഒരുക്കൂറു മൂത്രം, ഒരുക്കൂറു പുരീഷം, ഒരുക്കൂറു ശുക്ലം, എന്നിച്ചൊല്ലപ്പെട്ട ശരീരങ്ങളിൽ ചൊല്ലുവാനുലകിങ്കൻ വല്ലഭം തരിഗ്ഗുണം മൂന്നാം കോശം താൻ നാളീരത്തി അറിവു അറിവെന്നിച്ചൊല്ലാമിതു പരമാനന്ദ തത്വം എന്നറിക.

ഇങ്ങിനെ ശ്രീ മഹാദേവൻ അരുളിച്ചെയ്തതു കേട്ടപ്പോൾ ശ്രീപാർവ്വതി പരബ്രഹ്മത്തിങ്കൽ മനസ്സു ലയിച്ചു ധ്യാനിച്ചു മഹാദേവന്റെ പാദ പത്മത്തിങ്കൽ നമസ്കരിച്ചു സുഖേന ഭഗവാന്റെ വാമോത്സംഗത്തിങ്കൽ ഇരുന്നരുളി ഇതി.—

പാർവ്വതീ പരമേശ്വര സംവാദ രൂപമായ ഈ സർവ്വലോക സംഭവത്തിൽ പ്രപഞ്ചോത്പത്തിക്രമത്തേയും മറ്റും സവിസ്തരം ഗദ്യരൂപേണ പ്രതിപാദിക്കുന്നു. ഇതിൽ അക്ഷര വീഴ്ചകൾ ധാരാളമുണ്ട്. ഇതിൽ നാലു അദ്ധ്യായങ്ങളും അദ്ധ്യായാവസാനത്തിൽ പരമാത്മ സ്വരൂപത്തേയും പറയുന്നു. ഇതു അച്ചടിച്ചിട്ടുള്ളതായി അറിവില്ല. ഗ്രന്ഥ കർത്താവു ആരെന്ന ഇതിൽ പറയപ്പെട്ടിട്ടില്ല.

No. 66. സർവ്വസാരം.

SARVASĀRAM.

Substance, paper. Size, $10\frac{3}{4}\times 9\frac{3}{4}$ inches. Pages, 19. Lines, 20 on a page. Character, Malayalam. Condition, good. Appearance, new.

Complete.

A treatise enumerating the various categories or Tattvas, and intended to be an easy introduction to the study of Indian philosophy.

Beginning :

സർവ്വസാര സംഗ്രഹത്തെ നിരൂപിക്കുന്നേൻ. എപ്പടി എന്നാൽ അദ്ധ്യാരോപം, അപവാദം ഇന്ത രണ്ടും സൃഷ്ടിലയക്രമത്തിനാലെ ആത്മസ്വരൂപത്തെ അറിയുമാറജ്ഞാനങ്കൽ ആത്മൻ, അനാത്മൻ ഇന്ത രണ്ടും പതാർത്ഥങ്കൾ; സമഷ്ടി വ്യഷ്ടി ഇന്ത രണ്ടും ജീവേശ്വരോപാധികൾ ; ഉപാദാനം, നിമിത്തം ഇന്ത രണ്ടും കാരണങ്കൾ ; ചേതനം, അചേതനം ഇന്ത രണ്ടും വസ്തുഭേദങ്ങൾ; അശരീരമുക്തി, സശരീരമുക്തി ഇന്ത രണ്ടും മുക്തിഭേദങ്കൾ; അജ്ഞാനം, പുനരുത്ഥാനം ഇന്ത രണ്ടും സൃഷ്ടിപ്പൂട്ടിയിനുടെ ദോഷങ്കൾ ; അന്വയം, വ്യതിരേകം ഇന്ത രണ്ടും കർമ്മ. കർത്തൃത്വം അകർത്തൃത്വം ഇന്ത രണ്ടും ജീവാത്മവൃത്തികൾ, മുഖ്യം അവാന്തരം ഇന്ത രണ്ടും കർമ്മഫലങ്കൾ ; ശബ്ദം സ്പർശം ഇന്ത രണ്ടും വായുഗ്ഗുണങ്കൾ; തീവ്രം, മന്ദം ഇന്ത രണ്ടും ശാസ്ത്രീയപ്രപഞ്ചങ്കൾ; കിട്ടം, സാരം ഇന്ത രണ്ടും വായുവിനാലെ പചിക്കപ്പെട്ട അന്നഭേദങ്കൾ; അർച്ചനാദി ധൂപാദി ഇന്ത രണ്ടും പ(ര)ലോക മാർഗ്ഗങ്കൾ ; വർണ്ണാത്മകം ധ്വന്യാത്മകം ഇന്ത രണ്ടും ശബ്ദഭേദങ്കൾ ; ആവരണം വിക്ഷേപം ഇന്ത രണ്ടും അജ്ഞാനത്തിനുടെയ ശക്തികൾ.

Colophon :

രണ്ടാം വർണ്ണകം സമാപ്തം.

End :

അക്രോധം, ആരോഗ്യം, ജിതേന്ദ്രിയത്വം, ദയെ, ക്ഷമെ, ജനപ്രിയത്വം അലോഭം, ദാതൃത്വം, അഭയം, നിമ്മദം, പററും ജ്ഞാനജീവങ്കൾ, ബാല്യം, (വൃദ്ധികലം,) നേത്രം, ചമ്മം, ബുദ്ധിശ്രോത്രം, വിഷയം, ഉദാസീനം, പതനം, പററും പഞ്ചവർഗ്ഗങ്ങൾ ഒന്നേ നാശമറുതുകൾ ; നേത്രമലം, ശ്രോത്രമലം, നാസാമലം, ദന്തമലം, ജിഹ്വാമലം, കക്ഷമലം, അക്ഷിമലം, ഗുദമലം, ഗുഹ്യമലം, പററും മലങ്ങൾ.

Colophon ;

സർവ്വസാരം സമാപ്തം.

Adds :

ത്വങ്മാംസം ശോണിതം ചാപി,
മാതൃശ്ശോണിതസംഭവം
സ്നായുമ്മജ്ജാസ്ഥി ച ത്രീണി.
ഭവന്തിപിതൃശുക്ലതഃ —ഇതു ഷൾകോശങ്ങൾ.
ഇത്ഥം ഷൾകോശകമിദം
പ്രാണിനാം ദേഹമാശ്രിതം.

സർവ്വസാരം എന്ന ഈ ഗ്രന്ഥത്തിൽ പദാർത്ഥങ്ങൾ, പദാർത്ഥഗുണങ്ങൾ മുതലായവയെ പറയുന്നു. ഗ്രന്ഥം അച്ചടിച്ചിട്ടില്ല. ഗ്രന്ഥഭാഷ തമിഴ് കലന്ന മലയാളമാകുന്നു. ഇതിൽ രണ്ടാം വർണ്ണകം മുതൽ ആരംഭിച്ചതായിട്ടാണ് കാണുന്നതു്. ആദ്യം രണ്ടാം വർണ്ണകം സമാപ്തം, എന്നു എഴുതിയിട്ടുണ്ടെങ്കിലും പിന്നെ ഓരോ ഖണ്ഡങ്ങളുടെയും അവസാനത്തിൽ മൂന്നാം വാക്യം സമാപ്തം, നാലാം വാക്യം സമാപ്തം എന്നു കാണുന്നതു കൊണ്ടു വാക്യവും വർണ്ണകവും ഏകാർത്ഥകമാണെന്നു മനസ്സിലാക്കാം. ഇതിൽ ഇപ്രകാരം ഒൻപതു വർണ്ണകങ്ങളുണ്ടു്.

No. 67. സിദ്ധാന്തപഞ്ജരം ഭാഷാവ്യാഖ്യാസഹിതം.

SIDDHĀNTAPAÑJARAM WITH MALAYALAM COMMENTARY.

Substance, paper. Size, 9 × 11 inches. Pages, 198. Lines, 20 on a page. Character, Malayalam. Condition, good. Appearance, new.

Complete in 8 Upadēśas.

The Sanskrit work *SiddhantaPañjara of* Vināyaka is described under R. No. 2941 of the Sanskrit Triennial Catalogue, Volume IV. This work is herein followed by a commentary in the Malayalam language.

Beginning :

വിശ്വാത്മനാവതീർണ്ണേന രാഘവാനന്ദയോഗിനാ
മദീയചിത്തരംഗേസ്മിൻ നൃത്തലീലാ വിധീയതാം.

രാഘവാനന്ദയോഗിനാ അസ്മിൻ മദീയ ചിത്തരംഗേ നൃത്തലീലാ വിധീയതാം. രാഘവാനന്ദയോഗിയാൽ മദീയമായിരിക്കുന്ന ഇച്ചിത്തരംഗത്തിങ്കൽ നൃത്തലീല ചെയ്യപ്പെട്ടു

താക. എങ്ങിനെയിരുന്നൊരുത്തൻ രാഘവാനന്ദയോഗി, വിശ്വാത്മനാ അവതീർണ്ണന. വിശ്വാത്മാവായിട്ടു അവതീർണ്ണനായിരുന്നൊരുത്തൻ, സൎവ്വാത്മാവായി അവതരിച്ചിരുന്നൊരുത്തൻ ഇവ്വണ്ണം ഗുരുവിനെ നമസ്കരിപ്പതും ചെയ്തിട്ടു ഇഷ്ടദേവതകളുടെ നമസ്കാരത്തെ ചെയ്യുമെടത്തെന്നടെ തന്റെ ബോധസ്വരൂപനായിരി(ക്കുന്ന) ശിവസ്വരൂപത്തെ നമസ്കരിക്കിന്റാൻ രണ്ടു ശ്ലോകങ്ങളെക്കൊണ്ടു.

Colophon :

ഇതിപ്രഥമോപദേശഃ

End :

സിദ്ധാന്തപഞ്ജരം ശാസ്ത്രമേതൽ കേരളവൎമ്മണഃ

. . . . നമിടിക്കേന്ദ്രസ്യവിഘ്ന രാജേ(ജ)മുഖോദിതം.

ഏതൽ സിദ്ധാന്തപഞ്ജരം ശാസ്ത്രം മടിക്കേന്ദ്രസ്യ കേരള വൎമ്മണഃ സന്നിധൌ വിഘ്ന രാജമുഖോദിതം.

ഏതൽ സിദ്ധാന്തപഞ്ജരം ഈ സിദ്ധാന്തപഞ്ജരമാകിന്റ ശാസ്ത്രം മടിക്കേന്ദ്രനായിരിക്കിന്റ കേരളവൎമ്മന്റെ സന്നിധിയിങ്കൽ വിഘ്നരാജന്റെ മുഖത്തിങ്കൽ നിൻറുദിതമായി.

Colophon :

ഇത്യഷ്ടമോപദേശഃ

സിദ്ധാന്തപഞ്ജരം സമാപ്തം.

ഈ ഗ്രന്ഥം വിനായകകൃതമായ സംസ്കൃത ഭാഷയിലുള്ള സിദ്ധാന്തപഞ്ജരത്തിന്റെ ഭാഷാവ്യാഖ്യാനമാകുന്നു. ഗ്രന്ഥത്തിൽ സംസ്കൃതമായ മൂലവും അതിന്റെ താഴെ വ്യാഖ്യാനവും ചേൎത്തിരിക്കുന്നു. ഇതിൽ എട്ടു ഉപദേശങ്ങളുണ്ടു. ഗ്രന്ഥവും സംപൂൎണ്ണമാകുന്നു, ഭാഷാവ്യാഖ്യാനകൎത്താവു ആരെന്നു ഇവിടെ പ്രതിപാദിച്ചിട്ടില്ല.

No. 68. അമൃതമഥനം.

AMṚTAMATHANAM.

Substance, paper. Size, 11 × 10 inches. Pages, 4. Lines, 20 on a page. Character, Malayalam. Condition, good. Appearance, new.

Begins on page 100. The other works herein are Pārvatīswayamvaram 1, Prahlādotpatti 30, Damayantīswayamvaram 53, Kāliyamardanam 65, Dhruvacarita 76, Kharavadha 90, Gajendramōkṣa 96, Pāñcalīsatyabhāmāsamvāda 98, Sītāswayamvaram 103, Pūtanāmōkṣa 105, Rādhāmādhavasaṁvāda 113, Pulindīmokṣa 115, and Kīcakavadha 124.

A poem dealing with the churning of the milk ocean by the Dēvas and Asuras to get the celestial Amṛta or Ambrosia. The story begins with sage Durvāsā's curse on Indra for showing disrespect to the garland which the sage gave to him.

Beginning :

കളമൊഴി കേശവൻെറ കളികളെ ചൊല്ലുമ്പോലെ
കിളികളിലളിമൌലെ കളെകൊല്ല വൃഥാകാലം.
മധുരാ തരമാമൃത മഥനമാംകഥ കേട്ടാൽ
മതിയാകയില്ലെന്നുകേട്ടിതു ചൊന്നാൽ ശാരികയും.
ഗണപതി ഭഗവാനും ഗുണവതി ഭാരതിയും
തുണചെയ്തീടേണമെൻെറ ഗുരുഭൂതന്മാരും നിത്യം.
വിരവോടെ നെല്ലുവായി മരുവീടും വാസുദേവൻ
പരിതാപമെല്ലാം തീർത്തു വിരവോടെ പാലിക്കേണം.
പസ(സു)രനാരീജനം മുനിവരനാകും ദുർവ്വാസാവി(ൻ)
ന്നൊരുമാല നല്കിയതു പുരുഹൂതനായ്ക്കൊടുത്തു.
പെരിയവാരണേന്ദ്രൻെറ പരിമുഖത്തിട്ടമാല
ഇരുളൊത്ത തലമുടി കുതു മവരുത്തും നേരം.

End :

ഭക്തവാത്സല്യ മിത്രമററാക്കും
ഇത്രിലോകത്തിലില്ലയെല്ലോ.
നെല്ലുവാ(യി)ദ്ദേവം മല്ലാരെ ഹരെ
കല്യാണാകൃതേ കൈതൊഴുന്നേൻ.
സൽക്കഥയിതു ചൊല്ലീടുന്നോർക്കു
ദുഃഖമൊക്കയും ദൂരെനീങ്ങും.
രോഗമൊക്കയും വേഗാൽ വേർവിട്ടും
ഭാഗധേയവും വർദ്ധിച്ചീടും.

Colophon :

ഇതി അമൃതമഥനം കഥാസാരസംക്ഷേപം.

ഇതിൽ ദുർവ്വാസസ്സിൻെറ ശാപംകൊണ്ടു് ഇന്ദ്രന്നു ജരാനര വന്നതിനെ പരിഹരിക്കേണ്ടതിന്നു ദേവാസുരന്മാർ ഒത്തുകൂടി പാലാഴി മഥനംചെയ്തു അമൃതെടുക്കുന്നതായി പറയുന്നു. ഈ കഥ ഭാഗവതത്തിലുണ്ടു്.

No. 69. അർജ്ജുന തപം പാട്ടു്

ARJUNA TAPAM PĀṬṬU.

Substance, palm-leaf. Size, 6 × 2¼ inches. Fol. 4. Lines 13 on a page. Character, Malayalam. Condition, good. Appearance, old.

Begins on fol. 44-b. The other works herein are Subhadrāharaṇa, fol. 1, Kāliyamardanampāṭṭu, fol. 3-b, Nalakūbaramokṣam, fol. 4-b, Kēṣādipādampāṭṭu, fol. 4-a, Pārvatīsvayamvarampāṭṭu, fol. 5-b, Indumatisvayamvaram, fol. 16-a, Syamantakampāṭṭu, fol. 20-b, Rukminīsvayamvarampāṭṭu, fol. 22-a, Krṣṇalīlāppāṭṭu, fol. 25-a, Kucēlavrttam, fol. 26-b; Kurattippāṭṭu, fol. 28-a; Pārvatīsvayamvaram, fol. 29-a; Ṣākuntalampāṭṭu, fol. 38-a; Rāmānukaraṇamtullal, fol. 47-a; Subhadrāharaṇam, fol. 47-a; Bhūtanāthōtpatti, fol. 52-b, Kummippāṭṭu, fol. 53-b; Krṣṇappāṭṭu, fol. 54-b; Śambaravadham, fol. 58-a;

Rāmāyaṇamkurattippāṭṭu, fol. 63-a, Brahmaśāpamōkṣam, fol. 65-a; Dēvīmāhātmyam, fol. 68-a, Ramōmāsamvādam, fol. 71-a; Kaikoṭṭikkalippāṭṭu, fol. 73-b; Mausalam, fol. 74-b; Bāṇayuddham, fol. 78-a; Sitāsvayamvaram, fol. 83-a, Kummippāṭṭu, fol. 94-b, Kārtavīryārjunavijayam, fol. 90-b.

Incomplete.

The portion contained in this manuscript describes the penance of Arjuna for getting the Pāśupatāstra from God Śiva and the unsucessful attempts made to tempt Arjuna by means of celestial damsels with a view to spoil the penance.

Beginning :

കല്യാണശീലേ കിളിമകളെ
നല്ലവിശേഷങ്ങൾ ചൊല്ലുബാലെ
എല്ലാലോകങ്ങൾക്കുമീശനായ
ചൊല്ലുള്ള കാഭിമുഖവനേയും
മല്ലവിലോചനാവാണിയേയും
മല്ലാരിയാകും മുകുന്ദനേയും
കല്യരാമെന്റെ ഗുരുക്കന്മാരും
കല്യാണശീലരാം ഭൂസുരരും
യെല്ലാവരേയും ചടനങ്ങിക്കൊണ്ടു
ചൊല്ലുവനെങ്കിലോ കേട്ടുകൊൾവിൻ
പൂരുവംശത്തിൽ പിറന്നുണ്ടായ
പൂരുഷശ്രേഷ്ഠന്മാർ പാണ്ഡവന്മാർ
അക്കുലജാതൻ ധൃതരാഷ്ട്രന്റെ
മക്കളായുണ്ടായ നൂററുപേരിൽ
ജ്യേഷ്ഠനതാകും ദുരിയോധനൻ
ദുഷ്ടതകൈക്കൊണ്ടു പാണ്ഡവരെ
പെട്ടെന്നു ചൂതിനാൽ വഞ്ചിച്ചിട്ട്
ശിഷ്ടരാം പാണ്ഡുതനയരേയും.

End :

എന്നതുകണ്ടു പുരന്ദരസുന്ദരിമാരെല്ലാരുംകൂടി
പ്പിന്നെയുമൊരുവക കളികൾ തുടർന്നിതുമേളത്തോടെ
മദ്ദളവീണകൾ തംബുരുവേണുനിനാദത്തോടെ നല്ല
ഉത്തമവാദ്യധ്വനികളുമനവധിഘോഷത്തോടെ
പദവും പാട്ടുകൾ വർണ്ണവുമൊരുവക ഗീതങ്ങളും നല്ല
പദ്യവുമതിരസമായ തരുക്കളുമെന്നിതെല്ലാം.
വെൺപാകത്തുറയക്കിലുകളനവധിപല്ലവിയും മോദാ
ലിമ്പമിയന്നൊരു സരളികളനവധിയെന്നെ വേണ്ടു
ചെമ്പടത്രിപുടയടന്തയിലൊരുവക താളങ്ങളും നല്ല
ചമ്പയുമമ്പൊടു ധ്രുവവും നല്ലൊരു പഞ്ചാരിയും
പാടിവരാടി മുഖാരി സുരട്ടികൾ മോഹനവും നല്ല
തോടിയുമതിശയമലഹരിബിലഹരി കല്യാണിയും.

ഇതിൽ ചൂതിൽ തോററു കാട്ടിൽ നിവസിക്കുന്ന പാണ്ഡവന്മാരെ കാണുന്നതിന്നു വ്യാസമഹർഷി വരുന്നു. അദ്ദേഹത്തിന്റെ ഉപദേശപ്രകാരം പാശുപതാസ്ത്രത്തിന്നു വേണ്ടി അൎജ്ജുനൻ കാട്ടിലേക്കുപോയി തപസ്സുചെയ്യുമ്പോൾ ഇന്ദ്രോപദേശപ്രകാരം തപോവിഘ്നത്തിന്നു ദേവസ്ത്രീകൾ അൎജ്ജുനന്റെ അടുക്കൽവരുന്നു. അവരുടെ ക്രീഡാദികൾ കൊണ്ടൊന്നും ഫലമുണ്ടാകുന്നില്ല. ഇതാണ് ഗ്രന്ഥവിഷയം.

No. 70. അഹല്യാമോക്ഷം.

AHALYĀMŌKṢAM.

Substance, palm-leaf. Size, $9\frac{1}{2} \times 1\frac{3}{4}$ inches. Fol. 20. Lines, 8 on a page. Character, Malayalam. Condition, good. Appearance, new.

Begins on fol. 53. The other works herein are Kalyāṇasaugandhikam 1-a. Kirātam 28-a.

Describes the story of ' the Rāmāyaṇa" relating to the curse of Ahalyā to be turned into a stone by Gautama for the sin of her having fallen in love with Indra and of the metamorpho sis of the stone back again as Ahalyā by its contact with Rāma's feet, when he went to Janaka's court along with Viśvāmitra.

Beginning :

വാരിജനേത്രന്റെ നാമങ്ങളുംപാടി
പാരിടം തന്നിൽ വനങ്ങൾതോറും,
പാരംസുഖിച്ചു കളിച്ചുനടക്കുന്ന
ശാരികപ്പൈതലെ വന്നാലും നീ.
പാലും വഴവും ഗുളവും ഭുജിച്ചുകൊ-
ണ്ടാലസ്യമുള്ളതു തീൎത്തുവേഗം-
കാലം കളയാതെ നല്ലൊരു സൽകഥ
നാലഞ്ചുനാഴിക പോലുമിപ്പോൾ-
വൎണ്ണിച്ചുപാടി മടിയാതെങ്ങൾ
കൎണ്ണസുഖം വരുത്തീടണം നീ.
എന്നതു കേട്ടൊരു നേരം കിളിപ്പെണ്ണും
നന്ദികലൎന്നു പറഞ്ഞാളേവം.
എങ്കിലോ കേട്ടാലും മങ്കമാരെ നിങ്ങൾ.
സങ്കടമെല്ലാമകററീടുവൻ
അണ്ടർകുലാധിപൻ തന്നുടെ വൃത്താന്തം
പണ്ടുളവായതു ചൊല്ലീടുവൻ.

End :

തിങ്ങിനലജ്ജകൊണ്ടുള്ളിൽ—തലാ
പൊങ്ങിപ്പതിന്നെളുതല്ല.
കഷ്ടം പരിഹാസത്തിന്നു—വഴി
പെട്ടെന്നു വന്നു ഭവിക്കും.

വിഷ്ണുപവാസികൾക്കെല്ലാ — മതി-
നൊട്ടുമെ സംശയമില്ല.
ചിത്തത്തിലേവം നിറയും—നിജ
ഭർത്തൃ സമീപത്തുനിന്നു.
താത്രു പുറത്തങ്ങിറങ്ങി—സുര
സത്തമൻമാരെ വിളിച്ചു.
വൃത്താന്തമൊക്കെപ്പറഞ്ഞു—പുന-
രുൾത്താപമോടവൾ ശ്രദ്ധം.
ഭർത്താവിനിങ്ങിനെ വന്നൊരു—വിധി
വൃത്തുവാനെന്തൊരുപായം.
എന്തു ന മുക്തിനിവേണ്ടു—എന്നു
ചിന്തിച്ചു ചൊല്ലേണം നിങ്ങൾ.
എന്നു പറഞ്ഞതു കേട്ടു — സുര-
വൃന്ദവുമേവം പറഞ്ഞു.

ഇതിൽ ഗൌതമധർമ്മപത്നിയായ അഹല്യയെ ഇന്ദ്രൻ പ്രാപിക്കുന്നു. കോപാവിഷ്ട നായ മുനി ഇന്ദ്രനേയും അഹല്യയേയും ശപിക്കുന്നു. ഇതാണ്' കഥാസാരം. ഈ കഥ ഭാരതത്തിലുള്ളതാണ്'.

No. 71. ഇന്ദുമതിസ്വയംവരം.

INDUMATĪSVAYAMVARAM.

Fol. 5. Lines, 13 on a page.

Begins on fol. 16-a, of the MS. described under No. 69.

Complete.

Describes the Svayamvara ceremony (self-choice of a bridegroom by a bride) of Indumatī, daughter of the King of Vidarbha, who chose Aja, son of King Raghu of the Solar race.

Beginning :

മന്നിടത്തിനു മണ്ഡനമായ, കുണ്ഡിനമെന്നപേരാം
പത്തനം തന്നിൽ വൈദർഭൻ തന്റെ, പുത്രിയായുണ്ടായി പണ്ട്'.
ഇന്ദുമതിയെന്നപോടവളും, ഇന്ദുകലയെപ്പോലെ
നിത്യംവളർന്നു യൌവനകാലം, എത്തിയനേരത്തേറ്റം
ചന്തമിയന്ന കന്തളഭാരം, ബന്ധുരമായിനീണ്ട
തിങ്കൾ മുഖിതൻകൊങ്കകളോട്ട, പങ്കജമൊട്ടിനൊവ്വാ
വാനവർതന്റെ നാരികൾപോലും, മാനിനിക്കില്ല തുല്യം
സൌന്ദര്യത്തിന്നു ഭാജനമായി, ഉർവ്വീശപുത്രിവാണാൾ.
അക്കാലം വൈദർഭനൾക്കാമ്പിലോർത്തിതു
മൈക്കണ്ണിതന്റെ സ്വയംവരത്തെ.
ചൈവതിനായിട്ടു കോപ്പുകൾക്കൂട്ടീട്ടു
സേവകന്മാരുടെ കയ്യിലുടൻ

മന്നിടം തന്നിലെ മന്നവന്മാരെല്ലാം
സന്ദേശപത്രമെഴുതിയിട്ടാൻ.
ചോളനും പാണ്ഡ്യനും കേരളൻ കൊങ്കണൻ
മാളവൻ വംഗമഹാരാഷ്ട്രനും.

End :

രഥതുരഗനിരകളനവധി നടതുടർന്നു
രാജാധിരാജനാം രാജരാജോപമൻ.
രഘുതനയനജനുമഥകാന്തയോടുംകൂടി
രഞ്ജിച്ചു സാർവ്വഭൌമൻ സ്യന്ദനം തന്നിലേറി
സാമന്തഭൂപരോടും നന്ദിച്ചു നാകരാജൻ പ്രാഭവം പൂണ്ടുപാരം.
തടിനികളൊടചലഗണ മാശുകടന്നുടൻ
തോട്ടുകൾ മാട്ടുകൾ പിന്നിട്ടുവേഗേന
അടവികളൊടനവധി പുരങ്ങൾ നഗരങ്ങൾ
ഒക്കക്കടന്നുചെന്നനാകേശ മന്ദിര
ത്തോടൊത്തു നന്നായ് വിളങ്ങും.
സാകേതമാം പുരത്തിൽ സാദരംചെന്നപൂക്കു
സകലപുര ജനവുമത്തു പൊഴുതുവന്നഞ്ജസാ
സന്തോഷമോടുടൻ കാഴ്ചയുംവെച്ചിതു.
പകലിരവു മുതുസുഖമൊടിന്ദുമതിയോടും
ഒന്നിച്ചജൻ വസിച്ചു.

Colophon:

ഇന്ദുമതീ സ്വയംവരം.

ഈ ഗ്രന്ഥത്തിൽ വിദർഭരാജ പുത്രിയായ ഇന്ദുമതിയെ സൂര്യവംശ രാജാവായ അജൻ വിവാഹം ചെയ്യുന്നു.—

No. 72. ഇരുപത്തുനാലു വൃത്തം.

IRUPATTUNĀLUVṚTTAM.

Substance, paper. Size, 11 × 9 inches. Pages, 152. Lines, 20 on a page. Character, Malayalam. Condition, good. Appearance, new.

Complete.

This work begins on a page 117. The other works herein are Keralōtpatti 1 and Kucēlavṛttam 269.

A poem describing the story of the " Rāmāyaṇa from the Bālakāṇḍa to the Yuddha Kāṇḍa." The work is divided into 24 parts, each part being written in a different vṛtta, i.e., metre. The author of the work is Tuncattu Rāmānujam Ezhuttacchan.

Beginning :

വെണ്മതികലാഭരണ നംബിക ഗണേശൻ
നിർമ്മലഗുണാകമല വിഷ്ണുഭഗവാനും
നാന്മുഖനുമാദികവിമാതൃ ഗുരുഭൂതൻ
നന്മകൾ വരുത്തുക നമുക്കു ശിവരാമ. (1)

ഉത്തമപുരാണ പുരുഷന്റെ ചരിതാനാ-
മുത്തമമിതാഹി രഘുനായക(ച)രിത്രം.
ഭക്തിയൊ(ട്ട) ചൊല്ലുവതിനിന്നു മതിതന്നേ-
ന്മുക്തി പദമേകുക നമുക്കു ശിവരാമ.
സാ(രാ)ക്ഷസ കുലാധിപതി രാ ണ്ണ ളജ്ഞാഷ്മാ
തീക്കനലിൽ വീണുഴലു മതിദശപാളി-
പാൽക്കടലിൽ മേവിനപുരാണ പുരുഷന്റെ
കാക്കലടിപെട്ടു ഭവിപിണ്ണ ശിവരാമ.

End :

രാമായസൂര്യകുല ജാതായ കാനനനി
വാസായയാളു ഹൃതദാരായ, വീരകപികാലായ
രാവണ വിനാശായ വിശ്വജന പാലായ
തെവരാമ നാരായണായനമ : (49)

നാരായണായനര രൂപായധീരജന
പാരായണായ പരകാലായ രാമനമ
ശ്രീരാമരാമ കരുണാവാരിധേ വരദ
ശ്രീരാമരാമജയ നാരായണായ നമഃ (50)

മാലാരുമാററിയ രാമായണം കഥയെ
ബാലാദിപോലു മുരചെയ്യിൽ
ശ്രീലോകവൈകുമാളാം അവൻ പരമനാടേകി-
ഭവിപ്പതിനു മാളാസ്സുരുന്നു ഹരിനാരായണായനമഃ (51)

മീനാമപന്നിസി നരസിംഹായവാമന
മഹാരാമ ദാശരഥി രാമായരാമനമ
കൃഷ്ണായ ശുദ്ധനനുബുദ്ധായ കല്ക്കിവപുഷെ
കാരണായ നമ നാരായണായനമഃ (52)

Colophon :

ഇതോടുകൂടി ഇരുപത്തിനാലു സങ്കീർത്തനം മുററും വെല്ലുംമയിലും മുന്നടക്ക, ഗുരുസാക്ഷി—

ഈ ഗ്രന്ഥത്തിൽ രാമായണകഥ മുഴവൻ പറയുന്നു. ഗ്രന്ഥത്തിൽ 24 പാദങ്ങൾ (അദ്ധ്യായങ്ങൾ) ഉണ്ട്. ഓരോ പാദങ്ങളിലും കാണുന്ന വൃത്തങ്ങൾ ഭിന്നങ്ങളാണ്. ഗ്രന്ഥകർത്താവ് തുഞ്ചത്തു രാമാനുജനെഴുത്തച്ഛനാണ്. ഇതു അച്ചടിച്ചു പ്രസിദ്ധപ്പെടുത്തിട്ടുണ്ട്.

No. 73. ഉണ്ണിനീലിസന്ദേശം.

UṆṆINĪLISANDĒŚAM.

Substance, paper. Size, 10 ⅝ × 9 ⅝ inches. Pages, 49. Lines, 20 on a page. Character, Malayalam. Condition, good. Appearance, new.

Complete.

A poem describing the love message sent by a lover to her beloved, Uṇṇinīli by name, through a King named Ādityavarman, the lover having been mysteriously separated by a Yakṣi without the knowledge of his wife.

Beginning :

അമൃതകര കരോടീ സ്പർദ്ധി നിബദ്ധ ചൂഡ-
ന്തിരളൊളിതിരു നിറാമംഗരാഗാഭിരാമം.
കരകലിതകപാലം മംഗലം പിംഗലാക്ഷം
മലമകൾമുല പൂണ്ടൊന്നുദൈവതം വെൽവുതാക.
ശ്രീകണ്ഠ(ഃ) സ്വയമാനയാസ്ഥൂരിണിയ(ാ)യ് കാന്ത്യാമലക്കന്നിതാ
നാബദ്ധപ്രണയേന ചെന്നിരുവരു(ം) തമ്മിൽകളിച്ചോരുനാൾ
ഉണ്ടോ നാരകരീന്ദ്ര ചാരുവദനാ വന്ദിച്ചു ഞാങ്കോലിനെ
മുണ്ടക്കൽ തകുമുണ്ണി നീലിവിഷയെ സന്ദേശകണ്ണാമൃതം.
ഇന്ദുക്ഷീരാബ്ധി രാമാമടി തൊഴുതുഗിരാംനായികാമായവണ്ണം
മന്ദപ്രജ്ഞോപി മാരജ്വര പരവശനാശ്ലേഷലിനെൻഞാനി ദാനീം,
കണ്ടിക്കാർ ക്രന്തൽകാലിൽ തടവിന മടവാർനായികാം വാഴ്ത്തുവാനാ-
യ്മുണ്ടക്കൽക്കെൻറു മാക്കം കരുതിനമറിമാൻകണ്ണിയാമുണ്ണിനീലി.

Colophon :

ഇതി പൂർവ്വ സന്ദേശഃ സമാപ്തഃ.

End :

എൻറീവണ്ണം മമസഹചരീ മുമ്പിലെൻവാക്കുകൊണ്ടു-
ന്നൻറുന്നല്ലാർ മനസിജസഖെ മിക്ക നിൻ വാക്കുകൊണ്ടും.
എൻറല്ല(ാ)യോളവുമളികുലാപാംഗിതന്നൻപുനമ്മിൽ
കൻറുംവണ്ണം കുളുർ മയിലുണർത്തീടുകല്യാണകീർത്തേ.
കാരുണ്യംകൊണ്ടുഴകിൽ മനോപത്തു തീർത്തെങ്ങൾ വാഞ്ഛാ-
മിതംപൂരിച്ചിരവർ കരുതുംമിക്ക ഭൂകല്പകന്നീ.
പണ്ടേപോലെ വിരഹസുചിരം നമ്മിലെ ചെയ്യുവെന്നി
ട്ടുണ്ടാകേണ്ടും വിരവൊടു പുനർദ്ദർശനാനന്ദലക്ഷ്മീഃ.

Colophon :

ഇതി മുണ്ടക്കൽ സന്ദേശഃ സമാപ്തഃ.

തിരുവനന്തപുരത്തുനിന്ന് 'ഉണ്ണുനീലി' എന്ന നായികാവിരഹംകൊണ്ടു കാതരനായ ഒരു വിരഹി ആദിത്യവർമ്മയെ സന്ദേശവും കൊടുത്തയക്കുന്നു. ഇതാണ് കഥാവിഷയം.

No. 74. ഉത്തരരാമായണം പാട്ടു്.

UTTARARĀMĀYAṆAM PĀṬṬU

Substance, palm-leaf. Size, $7\frac{3}{4} \times 1\frac{1}{2}$ inches. Fol. 15. Lines, 8 on a page. charactor, Malayalam. Condition, good. Appearance, old.

Begins on fol. 88-a. The other works herein are Kumāraharaṇam 1-a, Sīlāvatīcaritam 47-a. Somavāravratamāhātmyam 74-a.

Similar to the work described under No. 3.

Beginning :

മന്നവനും മൈഥിലിയെ വെടിഞ്ഞുശേഷം
മാതാക്കന്മാരുമായിട്ടിരുന്ന കാലം.
ജാനകിയും ഇരുഷിതന്റെ ആശ്രമത്തിൽ
ജന്മമതായിരിക്കുന്ന ഭക്തിയോടെ.
അന്നരസം കുറഞ്ഞിരുല്ലോ സീതക്കപ്പോൾ.
അവൾക്കും ഗർഭം തികഞ്ഞു പത്തുമാസമതായി.
മാസമത്തുതികഞ്ഞില്ലല്ലോ സീതക്കിപ്പോൾ
മൈനോന്നു വിളിവിളിച്ചു തുടങ്ങിനാളെ.

End :

സരയൂവിങ്കലെഴുന്നെള്ളും നേരമെല്ലാം
സ്തുതിച്ചല്ലോ സിദ്ധവിദ്യാധരരും മററും.
നരനായവഴത്തെ മറഞ്ഞുനേരം.
നന്മയോടെ ലക്ഷ്മണനെ കാണായെല്ലോ.
അരികിലുടൻ വിളിച്ചുകൊണ്ടു തഴുകുന്നേരം
അനന്തനുടെ രൂപമായി അവനുമപ്പോൾ.
പുരികുഴലാളായാസീതെവിളിച്ചുകൊണ്ടു്
പുണരുമ്പോൾ മലർക്കാമിനിയുണർത്തിയായിവന്നു.
വന്നുനിന്നു ശത്രുഘ്ന ഭരതന്മാരായി
എന്നുടനെ തൃക്കയ്യിൽ പിടിച്ചനേരം
യോഗനാഥൻ തൃക്കയ്യിൽ ചങ്കചക്രം
നിന്നതൊരുദേവകളും സ്തുതിച്ചാരൊക്ക
നിമ്മലനെ പരമ്പുരുഷാപരമാനന്ദാ.
വന്ദിച്ചു ദേവകളോടരുളിചെയ്തു
വിരികംപോയിദേവലോകം വാഴ്ക നിങ്ങൾ
ആഴിമാതി മണവാളനനന്തൻ തന്മേൽ
ഭൂവപാരംതീർത്തു പള്ളികൊണ്ടിതെല്ലോ.
നാവാലെയുരപ്പതിനായിച്ചമെച്ചകാവ്യം
നല്പതിനോടങ്ങു മെഴുംപടിച്ചു കൊണ്ടാൽ.
ദേവലോക മുടയോനെന്നുള്ള കാലം
ബന്ധമില്ലാ ഭയമിണ്ടൊരുനാളും കേൾ.
അഴകിനേടെശ്രീ രാമദേവൻ തന്റെ
ശ്രീപാദം കൈതൊഴുതു മണവർത്താമെ.

ഉത്തരരാമായണം കഥയാണ് ഇതിൽ പ്രതിപാദിക്കുന്നതു്. കഥാഭാഗത്തിൽ ചില മാററങ്ങൾ കവി കല്പിച്ചിട്ടുണ്ടു്. കർത്താവാരെന്നു പറയുന്നില്ല. ഗ്രന്ഥം പൂർണ്ണമാകുന്നു.

No. 75. കല്യാണസൌഗന്ധികം തുള്ളൽ.

KALYĀṆASAUGANDHIKAM TUḶḶAL.

fol. 27. Lines, 8 on a page.

Begins on page 1-a, of the MS. described under No. 70. Incomplete.

Describes the "Mahābhārata" story of Bhīma going out to bring the Saugandhika flower in order to satisfy his wife Draupadī. By Kunjan Nambiyar.

Beginning :

ദന്തിദാനവതാരം ദലനംചെയ്യൊരു ദേവൻ
ദന്തിവേഷവും പൂണ്ടുദൈയ്യ(ദയിത)ാ സംഗതനായി.
അന്തികെ വിളങ്ങുന്നോരടവീ വീഥിയിൽചെന്നു
അന്തിനേരവും കാററുമനുകൂല മതുനേരം.
ചിന്തിച്ചീടിനകാര്യം ചിതമെന്നു വഴിപോലെ
ചിന്തയിലുറപ്പിച്ചു ചിലകാലമിരിക്കുമ്പോൾ.
ദന്തികാ(ഗാ)മിനീദേവീ ദയവോടെ പ്രസവിച്ചു
ദന്തിമുഖനനൻ തന്നെ ദർശിച്ചീടിനനേരം.
കാന്താ ! നമ്മുടെ പുത്രൻ കമനീയാകൃതിലോകെ
സന്തോഷമിവൻമൂലം സമ്പദിസംഭവിച്ചീടും.
സന്താപമൊഴിപ്പാനും സകലാർത്ഥം ഭവിപ്പാനും
സന്താനമുത്തമത്തേക്കാൾ സരസൻ നമ്മുടെബാലൻ.
വമ്പൻമാരിലുമേററം മുൻമ്പനാമ്പുതമൊററ-
കൊമ്പൻ കോമളാകാരൻസംഭ(പ)ന്ന പ്രഭാവത്താൽ.

End :

കല്ലോലജാലം കളിക്കുന്നകണ്ടു
അനവരത മലരുടയകളി വിരുതുകണ്ടു.
കല്യാണിമാരും കുളിക്കുന്നകണ്ടു
പുളിനഭുവിനളിനദധി(നികടെ) തെളിവിനൊടുകണ്ടു
ഫുല്ലാരവിന്ദം വിളങ്ങുന്നകണ്ടു
മദനനുടെ കൊടിയുടയ മകരമപികണ്ടു
മാരാരിക്രൂററൻ മദിക്കുന്നകണ്ടു
വലിയജല തിരനിരകൾ വിരവിനൊടുകണ്ടു
നക്രങ്ങളായുള്ള തീരങ്ങൾകണ്ടു
നക്രങ്ങൾ കേറിക്കിടക്കുന്നകണ്ടു

ച്ഛത്രപുറവുമഥരജനിചരവസതികണ്ടു
ഉംഗിതംചേരുന്ന പുഷ്പങ്ങൾകണ്ടു
ചാടിമെല്ലവെ പുഷ്പവാടി വാപിയിൽ ഭീമൻ
മോടിനായ് മുടിതന്നിൽ ചൂടിനല്ലൊരു പുഷ്പം.
ഒ പടിപൂണ്ടു നക്രങ്ങളോടീ ദൂരവെമാറി
താടിമീശയുംകണ്ടു മേനിമോടി രോമവും
വാടീവാരിജം തന്നിലാടീട്ടുമരയന്നം
വാടീടാത പുഷ്പങ്ങൾതേടും ചക്രവാകങ്ങൾ.
കോടീസാഗരങ്ങളുംകൂടി എത്രയുമുള്ളിൽ
പേടികാരണമപ്പോൾ കാരണ്ഡങ്ങളും നല്ല.
സാരണ്ഡങ്ങളുമെല്ലാം ദൂരത്തുപറന്നങ്ങു
തീരത്തുവസിക്കുന്ന ആധിക്യമുടയോരു
സഹജൻ ഭീമസേനൻ താൻചാരുതചമിയലും-
കൽഹാരത്തെക്കരംകൊണ്ടു കണ്ഡിച്ചുമുതലയെ
മണ്ഡിച്ചുവരുന്നതു കണ്ടപ്പോഴരക്കരും
ശുണ്ഠിച്ചുപുറപ്പെട്ടു കിങ്കരൻമാർ പലർകൂടി
ചെണ്ടക്കാക്കിഭിമാനം കൊണ്ടാപത്തി(ന്നി?)ടക്കൂടി.

ഇതിൽ വനത്തിൽ വസിക്കുന്ന പാണ്ഡവഗൃഹിണിയായ പാഞ്ചാലിയുടെ അഭീഷ്ട സമ്പാദനത്തിന്നായി ഭീമസേനൻ വൈശ്രവണാലയത്തിൽപോയി കല്ഹാര പുഷ്പം കൊണ്ടുവരുന്ന ഈ കഥ ഭാരതത്തിലുണ്ട്. ഇതിന്റെ കർത്താവു കുഞ്ചൻ നമ്പ്യാരാണ്. ഗ്രന്ഥം അച്ചടിച്ചിട്ടുണ്ട് അച്ചിടച്ച പ്രതിയിലും ഈ പ്രതിയിലും പലേടത്തും പാഠഭേദം കാണുന്നു. ഈ ഗ്രന്ഥത്തിൽ ഭീമസേനൻ കല്ഹാര പുഷ്പങ്ങളെ കാണുന്നതുവരെയുള്ള കഥയെ പ്രതിപാദിക്കുന്നതുകൊണ്ട് ഇതു അപൂർണ്ണമാകുന്നു.

No. 76. കാർത്തവീര്യാർജ്ജുന വിജയം.

KĀRTAVĪRYĀRJUNAVIJAYAM.

Fol. 5. Lines, 12 on a page.

Begins on fol. 90 b of the MS. described under No. 69.

Complete.

Describes the story, of how Kārtavīryārjuna defeats and captures Rāvaṇa and keeps him in prison and how Rāvaṇa was set free by the interference of Pulastya. The name of the author is not known.

Beginning :

പാർവ്വതീകാന്തൻ പദാരവിന്ദം
പാരാതെ ചിന്തിക്കുന്നേൻ.
ശാരികബാലെ ചാരത്തുവന്നു
ക്ഷീരവും നല്ല തേനും
നീലക്കരിമ്പിൻ നീരിളനീരും

ചാലവെ സേവിച്ചാലും
ചൊല്ലെഴന്നൊരു ശോഭനമായ
നല്ല കഥയെച്ചൊൽക.
ഭംഗികലന്നൊരംഗനാവാക്യ
മിങ്ങിനെ കേട്ടനേരം.
പൈങ്കിളിതാനും പാരാതെ ചൊന്നാ-
ളെങ്കിലോ ചൊൽവൻ കേൾപ്പിൻ.
മന്നിൽ പ്രസിദ്ധമാം മാഹിഷ്മതീപുരി
തന്നിലൊരു മന്നൻ മുന്നമുണ്ടായി.
കാൎത്തവീൎയ്യാജ്ജനനെന്നവനു നാമം.
കീൎത്തിമാന്മാരിൽ വെച്ചഗ്രേസരൻ
പൂജ്യനായ് ഭൂമിയിലുള്ള നൃപന്മാരാൽ
രാജ്യവും പാലിച്ചുവാഴും കാലം.

End :

അജ്ജനൻ വാക്യമേവം കേട്ടനേരം പുലസ്ത്യൻ
മജ്ജനംചെയ്തു ചൊന്നാൻ സന്തോഷസാഗരത്തിൽ
മമതനയപുത്രനാം രാവണൻ തന്നെ നീ
മാനേനവിട്ടയക്കേണം മഹാമതെ.
കിമപിചവിളംബനം കൂടാതെ വേഗേന
കേട്ടിവണ്ണം നരേന്ദ്രൻ രാവണൻതന്നെ വേഗാൽ
വിട്ടയച്ചോരുനേരം ഭാവം തെളിഞ്ഞു ചൊന്നാൻ
പാരാതെ താപസേന്ദ്രൻ
പരിചിനൊടു പാരിടം പാലിച്ചു ഭൂപതെ
ഭാഗ്യവും കീൎത്തിയും വദ്ധിച്ചിരിക്കനീ.
വിരവിനൊടിവണ്ണമാശീൎവ്വാദവും ചൊല്ലി
വീണ്ടുപോയാൻ പുലസ്ത്യൻ.
പിന്നെദ്ദശാനനനും പ്രീതിപൂൎവ്വം നരേന്ദ്രന്തന്നോടു സഖ്യംചെയ്തു.
തന്നുടെ ഭൃത്യരോടും
പുരുഷമണിതന്നോടു യാത്രയും ചൊല്ലീട്ടു
പുഷ്പകമായ വിമാനം കരേറി.
വിരവിനൊടുലങ്കാപുരം ചെന്നകംപുക്കു
വീരൻ സുഖേനവാണാൻ.

Colophon :

ഇതി കാൎത്തവീൎയ്യാജ്ജുന വിജയം.

ഇതിൽ ലോകകണ്ടകനായ രാവണനെ കാൎത്തവീൎയ്യാർജ്ജുനൻ ബന്ധിച്ചു കാരാഗൃഹത്തിലാക്കുന്നു. രാവണൻെറ പിതാമഹനായ പുലസ്ത്യൻെറ അപേക്ഷയനുസരിച്ചു രാവണനെ മോചിച്ചു ബഹുമാനപുരസ്സരം ലങ്കയിലേക്കയക്കുന്നു—ഇതാണ് കഥാവിഷയം.

No. 77. കാളിയമർദ്ദനം പാട്ട്.

KĀLIYAMARDANAM PĀṬṬU.

Fol. 2. Lines, 13 on a page.

Begins on fol. 3 b of the MS. described under No. 69.

Complete

A poem describing the destruction of the serpent Kāliya by Śrī Kṛṣṇa. The name of the author is not known.

Beginning :

ഇന്ദിരാവല്ലഭൻ സുന്ദരവിഗ്രഹൻ,
നന്ദസുതനരവിന്ദനേത്രൻ.
കാളിന്ദീതീരത്തു കാലികൾതന്നെയും
നീളവെ മേച്ചു നടക്കുംകാലം.
കാളിയകാകോളകീലാകുലങ്ങളായി
കാലികൾ മോഹിച്ചു വീണനേരം
ഈക്ഷണവീക്ഷണ പീയൂഷപ്രോക്ഷണെ(ാ)
ലക്ഷണം രക്ഷണം ചെയ്തുപിന്നെ.
നീളത്തിൽ കൂലത്തിൽ നില്ക്കും കടമ്പേറി
മേളത്തിലോളത്തിൽ പോയി കൃഷ്ണൻ.
ചെന്നളവുന്നമിച്ചുന്നതപന്നഗം
നിന്നപ്പോളന്യോന്യം ജന്യമാർന്നു.

End :

അന്നേരം വീണിതു പന്നഗനാരിമാർ
കണ്ണീരൊലിപ്പിച്ചു കണ്ണൻ കാക്കൽ
ലോലവനമാലാ ബാലാബലാനുജ
ലീലാവതാര നീ പാലിക്കേണം.
ആർത്തിപൂണ്ടിത്തരം കീർത്തിപ്പപ്പോൾകൃപാ
മൂർത്തിയും പാർത്തരുൾചെയ്താനേവം.
വാരിധിമദ്ധ്യരമണകദ്വീപത്തിൽ
പാരാതെ ചെന്നിനിച്ചേരുക നീ.
എന്നങ്ങു കാളിയൻതന്നെയയച്ചപ്പോൾ
പന്നഗനായകൻ കാഴ്ചവെച്ചാൻ
മിന്നുന്ന രത്നങ്ങൾ തന്നെയും കൈക്കൊണ്ടു
പിന്നെക്കരാ തന്നിൽവന്നു കൃഷ്ണൻ.
ഗോപാലബാലന്മാരോടു മിടചേർന്നു.
ഗോപാളിയോടും തൻ വീടുപുക്കാൻ.

Colophon :

കാളിയമർദ്ദനം.

ഈ ഗ്രന്ഥത്തിൽ ശ്രീ ഭാഗവതത്തിൽ വ്യാസമഹർഷി ഭാഗവതത്തിൽ പ്രതിപാദിച്ചിരിക്കുന്ന കാളിയമർദ്ദനത്തെ സംഗ്രഹേണ പാടിയിരിക്കുന്നു. ഇതിന്റെ കർത്താവ് ആരാണെന്നു നിശ്ചയിക്കുവാൻ യാതൊരു ലക്ഷ്യവും ഇല്ല. അച്ചടിച്ചിട്ടുള്ളതായും കേട്ടിട്ടില്ല.

No. 78. കാളിയമർദ്ദനം.

KĀLIYAMARDANAM.

Pages, 12. Lines, 20 on a page.

Begins on page 65 of the MS. described under No 68. Complete.

Similar to the work described under No. 77.

Beginning :

തരുണിമണിശാരികെ ചാരുശീലെ
വിരചിനൊടു വന്നിങ്ങിരുന്നാലും നീ.
മധുരതരം നല്ല പഴവും പാലും
മധുഗുളവും നന്നായ് ഭുജിച്ചാലും നീ.
മധുരിപുവായീടുന്ന നാരായണൻ.
മധുരയിൽവന്നുത്ഭവം ചെയ്തശേഷം
ജനകനതായീടുന്ന ശൌരിതന്നാൽ
കനകമയമായുള്ളൊരമ്പാടിയിൽ
അതിരഹസികൊണ്ടു ചെന്നാക്കിവേഗാൽ
അതികുതുകമോടങ്ങുപോയശേഷം
അനുദിനമങ്ങോരോരോ ലീലചെയ്തു
അനവരതംവാഴുന്ന കാലത്തിങ്കൽ
അഹിവരനായീടുന്ന കാളിയൻ്റെ
മഹിതമദംതീർത്ത ചരിതത്തെ നീ
അറിവുപെരുതുള്ള കിളിക്കിടാവെ
അറിവതിനായ്ക്കൊണ്ടു പറഞ്ഞിടേണം.

End :

അഗ്രജനാകും രാമനുംകൂടി
വ്യഗ്രതതീർന്നുമോദേന
അമ്പിനോടെ നടന്നു ചെന്നവ-
രമ്പാടിതന്നിൽപുക്കിതു.
സ്നാനഭോജനമാദികർമ്മങ്ങൾ
ആനന്ദത്തോടെ ചെയ്തിതു.
ഗോപവൃന്ദവും ഗോപികമാരും
ഗോപബാലകൻകൃഷ്ണനും
കൂടിയൊന്നിച്ചു ഗോകുലംതന്നിൽ
ആടൽതീർന്നുവസിച്ചു.
ഇത്തരം കൃഷ്ണലീലകൾ ചൊല്ലി
ചിത്തമോദേനശാരിക.
മന്ദം മന്ദം പറന്നുപോയിതു
നന്ദജാ കൃഷ്ണാ പാഹിമാം.

Colophon:

ഇതി കാളിയമർദ്ദനം കഥസാരസംക്ഷേപം.

ഇതിൽ കാളിന്ദീനദിയിൽ കിടക്കുന്ന കാളിയന്റെ മദത്തെ ശ്രീകൃഷ്ണഭഗവാൻ ഒതുക്കി കാളിയനെ അനുഗ്രഹിച്ച രമണകദ്വീപിലേക്കു പറഞ്ഞയക്കുന്നു. ഈ കഥ ഭാഗവതത്തിൽ പറഞ്ഞിട്ടുള്ളതാണ്. ഇതിൽ അക്ഷരവീഴ്ചകളും പിഴകളും ധാരാളം കാണുന്നുണ്ട്.

No. 79. കിരാതം തുള്ളൽ.

KIRĀTAMTULLAL.

Fol. 18. Lines, 8 on a page.

Begins on fol. 28 of the MS. described under No. 70.

Incomplete.

Describes the penance of Arjuna for getting the Pāśūpatāstra from God Śiva.

The name of the author is Kunjan Nambiyar.

Beginning:

അമരവരസുതനുടെയ ഉത്തര തപസ്സിനാൽ
ആകെദ്ദഹിച്ചുതുടങ്ങി മഹീതലം.
കരികരടികിരികിരണി ശരഭയുതസംഘങ്ങൾ
കാട്ടുതീകത്തിദ്ദഹിക്കും കണക്കിനെ
അവരുടെയപരവശത വിരവിനൊടു കാണ്കയാൽ
മാമുനീന്ദ്രന്മാർ പുറപ്പെട്ടതൽക്ഷണെ.
തരി(ര)ണമുനിദധികമുനി കുശികമുനി എന്നിവർ
വാമദേവൻ ജലജാതനും വ്യാസനും
കലശഭവമുനിതിലകനധികരുചികൻതദാ
കണ്വൻ പുലസ്ത്യനും പിന്നെ വാല്മീകിയും.
പലമുനികളിവർ പലരുമതിജവമിയന്നുടൻ
പാർവ്വതീകാന്തനെക്കാണ്മാൻ പുറപ്പെട്ടു.
വിരവിനൊടു രജതഗിരിമുകളിലൂടനേറിനാൻ
വിശ്വൈകനാഥനെക്കുപ്പിനിന്നീടിനാൻ.

End:

വത്സധനഞ്ജയ മർത്ത്യകളേബര
വത്സരമനവധിജീവിച്ചീടുക
മത്സരമുള്ള രിപുക്കളെയെല്ലാം
നഷ്ടമതാക്കാൻ നീ മതിയാകും
ഭീമപരാക്രമനാകിയ നിന്നുടെ
ഭീമബലങ്ങൾപരുക്കിപ്പതിനിഹ

ഭീമകിരാത ശരീരംപൂണ്ടിഹ
വാമഭയം ബഹുയുദ്ധം ചെയ്തു
പാശുപതാസ്ത്രംവാങ്ങുക തവഹിത
മാശുലഭിക്കും ഫല്ഗുനവീര,
കർണ്ണസുയോധന ഭീഷ്മാദികളാം
അർണ്ണവമാശു കടപ്പാൻ നല്ലൊരു
കപ്പൽ മരക്കലമെന്നതുപോലെന്നുടെബാണം
കെല്പൊടുകൊണ്ടു ഗമിക്കഭവാനിഹ.
മുരരിപുഭഗവാനിദ മരുൾചെയ്തു
ശരവും വരവും ദാനംചെയ്തു.
ഗിരിമകളോടും പ്രണതാദികളൊടു
മൊരുമിച്ചങ്ങു മറഞ്ഞുദശായാം.

ഇതിൽ പരമേശ്വരൻ കിരാതവേഷം എടുത്തു അർജ്ജുനനെ പരീക്ഷിച്ചു പാശുപതാസ്ത്രം കൊടുക്കുന്നു. ആരംഭത്തിലും അവസാനത്തിലും ഗ്രന്ഥപാതം ഉള്ളതുകൊണ്ടു ഇതു അപൂർണ്ണമാകുന്നു. ഇതിന്റെ കർത്താവു് കുഞ്ചൻ നമ്പ്യാരാണു്. ഇതു അച്ചടിച്ചു പ്രസിദ്ധം ചെയ്തിട്ടുണ്ടു്.

No. 80. കീചകവധം.

KĪCAKAVADHAM.

Pages, 8. Lines 20 on a page.

Begins on page 124 of the MS. described under No. 68.

Complete.

A poem describing the " Mahābhārata " story of the killing of Kīcaka by Bhīma. The name of the author is not known.

Beginning :

കിളിമകളെ വന്നാലുമെന്നരികിൽ
കളകളമായുള്ള കഥകൾ ചൊൽവാൻ
കളമുള്ളവാണികൾ വാക്കുകേട്ടു
കളമൊഴിമാർ മൌലിയാംപ (പൈ)ങ്കിളിയും
കളഭമുഖാദ്യന്മാരാം വന്ദ്യന്മാരെ
തെളിവിനോടെവന്ദിച്ചു ചൊന്നാളേവം.
നളിനപതിപുത്രാര നയനാകും
നളിനശരതുല്യനജാതശത്രു.
തെളിവിയലുമാറനുജന്മാരോടും
അളിരുചിരാപാംഗിയാം ഭാര്യയോടും.
അളവിയലാതുള്ളൊരുമോദത്തോടും
നളിനരിപുവാസേശൻ വാഴുംകാലം
കളവുപെരുത്തീടുന്ന കൌരവന്റെ.
കളിപൊളിയാലാശു പരാജിതനായി

ലളിതതനുവാകം കളത്രത്തോടും.
കളഭവരിപൂൎണ്ണമാം കാട്ടിൽപുക്കു
നളിനദളനേത്ര ഭക്താവതംസൻ.
ജളതനിരു (പി) ച്ചീടാതെ തത്രവാണു

End :

പററലർ കുലകാലൻ ഭീമനുമതുകണ്ടു്
കാററിനെക്കാളും വേഗമോടു ചെന്നു
പഞ്ചാസ്യൻ ഗജങ്ങളെ പഞ്ചതവരുത്തുവാ
നഞ്ചാതെ ചെന്നടുത്തീടുന്നപോലെ
അഞ്ചാതെ ചെന്നടുത്തു പഞ്ചാസ്യപരാക്രമൻ
പഞ്ചതാം പ്രാപിപ്പിച്ചാനായവരെ.
ചഞ്ചലനേത്രതന്നെ തത്രനിന്നഴിച്ചിട്ടു്
പുഞ്ചിരിയോടും പറഞ്ഞങ്ങയച്ചു.
സാധുജനത്തിനാധി നൽകീടുന്നവർകളെ
പ്രേതാധിനാഥപുരെ ചേൎത്തീടേണം.
സാധുക്കൾപാദമെവമെന്നുരചെയ്തുഭീമൻ
സാധുവെന്നാല്ലാവരും ഘോഷിച്ചിതു.
മാധവഭക്തന്മാരാം പാണ്ഡവന്മാർ ചരിതം
മാധുൎയ്യമോടുമുരചെയ്തുടനെ.
മാധവപദാംബുജങ്ങൾ മാനസെ ചേൎത്തുകൊണ്ടു്
മോദേനഗമിച്ചിതു ശാരികയും.

Colophon :

കീചകവധം—

ഇതിൽ പാണ്ഡവന്മാരുടെ അജ്ഞാതവാസകാലത്തിൽ വിരാടനഗരത്തിൽ താമസിക്കുമ്പോൾ കീചകൻ സൈരന്ധ്രിയായ പാഞ്ചാലിയെ കാമിക്കുന്നു. ഈ സംഗതി പാഞ്ചാലി ഭീമനെഗ്രഹിപ്പിച്ചതനുസരിച്ചു ഭീമൻ രാത്രിയിൽ കീചകനെയും തദനുയായികളായ ഉപകീചകന്മാരേയും കൊല്ലുന്നു. ഈ കഥ ഭാരതം വിരാടപൎവ്വത്തിലുണ്ടു്.

No. 81. കുചേലവൃത്തം.

KUCĒLAVṚTTAM.

Pages 17. Lines, 20 on a page.

Begins on a page 269 a, of the MS described under No. 72.

Complete in four chapters

A poem describing the story of Kucēla as found in " Bhāgavata " Each of the four chapters is written in a different metre. The name of the author is Ramanujan Ezhuttacchan.

Beginning :

ഘോരതരരായസുരവീരരിടയാതെ
വാരിനിധിതന്നിലമരാവതിയൊടൊപ്പം |
ദ്വാരവതിയെന്നപുരിയുണ്ടുയദുവീര-
ഞ്ചാരുതരമായച്ചമച്ചു (യ്ചമച്ചു) പുക്കഹരികൃഷ്ണാ ||
ചിത്രതരമായമതിൽ ഗോപുരവുമോരോ-
ന്നെത്രവലുതെന്നതുപുകൾത്തരുതു പാർത്താൽ. |
രത്നമയമൊക്കയുമയത്ന മതിരമ്യം
തത്രപണിതീർത്തുമുരവൈരി ഹരികൃഷ്ണാ. ||

End :

മുകുന്ദ ഭക്തവത്സല . . . . കുചേലഭക്തിയും
പുകഴ്ന്നപാടുവോർക്കു ദുഃഖമൊക്കയും
അകന്നുപോമതില്ലകില്ല മല്ലവൈരിതാന്തെളി-
ഞ്ഞകക്കരുന്നിൽ വാഴമാശുരാമരാമ (രാമചന്ദ്ര) പാഹിമാം.
മുകുന്ദകേശവാഖിലേശകൃഷ്ണ രാമപാഹിമാം.
ജഗന്നിവാസ ! വാസുദേവ ! ദേവദേവ പാഹിമാം. |
ശിഖണ്ഡി ബാലബർഹിശേഖരാഘനാശ പാഹിമാം.
രഘുപ്രവീര രാമചന്ദ്ര രാമരാമ പാഹിമാം |

Colophon :

കുചേലവൃത്തം സമാപ്തം:

ഈ ഗ്രന്ഥത്തിൽ ദരിദ്രനായ കുചേലബ്രാഹ്മണൻ ശ്രീകൃഷ്ണാനുഗ്രഹംകൊണ്ടു സമ്പന്നനായ്ഭവിച്ചു എന്നുള്ള ഭാഗവതകഥയെ പ്രതിപാദിക്കുന്നു. ഇതിൽ നാലു സർഗ്ഗങ്ങളും ഓരോ സർഗ്ഗങ്ങളിലും ഓരോ തരത്തിലുള്ള വൃത്തങ്ങളും നിബന്ധിച്ചിരിക്കുന്നു. ഗ്രന്ഥകർത്താവു തുഞ്ചത്തു രാമാനുജനെഴുത്തച്ഛനെന്നാണു പ്രസിദ്ധി: ഈ ഗ്രന്ഥം അച്ചടിച്ചു പ്രസിദ്ധം ചെയ്തിട്ടുണ്ട്.

No 82. കുചേലവൃത്തം.
KUCĒLAVṚTTAM.

Fol. 3. Lines, 12 on a page.

Begins on fol. 26-b of the MS. described under No. 69.

Incomplete.

A poem describing the same story as the above, by a different author whose name is not found in this work.

Beginning :

പണ്ടു കുചേലനെന്നുത്തമശീലൻ
ഉണ്ടായിനല്ലൊരു ഭൂമിസുരേന്ദ്രൻ
ഇന്ദിരാകാന്തനാം നന്ദതനൂജൻ
തന്നോടുകൂടവെ ശൈശവകാലെ
. . . .

സാന്ദീപനി തന്റെ സന്നിധിയിങ്കൽ
സാമോദം വിദ്യാ പഠിച്ചിതവൻ താൻ
പിന്നെ വിവാഹവും ചെയ്തുകുചേലൻ
നന്ദനന്മാരുമുണ്ടായതവന്ന്
ദാരിദ്ര്യദുഃഖവുംവന്നു ഭവിച്ചു
പാരമതുകൊണ്ടു കുണ്ഠതയന്യെ
നിർമ്മലനാമവൻ തന്റെ മനസ്സിൽ
കർമ്മവശമിതെന്നോർത്തു വസിച്ചാൻ
അങ്ങിനെ വാഴുന്ന കാലമവന്റെ
മംഗലശീലയാം വല്ലഭ താനും.

End :

കാന്തന്റെ വാക്കുകളേവം കേട്ടു
കാന്തയും മെല്ലവെ ചൊന്നാൾ
കൊണ്ടൽവർണ്ണനത്രബന്ധുവെന്നു
പണ്ടുഭവാനല്ലൊ ചൊല്ലി.
നന്ദതനൂജൻ മുകുന്ദൻ തന്നെ
ചെന്നുഭവാനങ്ങു കണ്ടാൽ
നമ്മുടെ ദാരിദ്ര്യംനീങ്ങും പിന്നെ-
സ്സമ്മാനം വല്ലതും കിട്ടും.
ഇന്നതു ചെയ്യുതിനോർത്താൻ കൃഷ്ണ
നൊന്നും പരാധീനമില്ല.
കാരുണ്യമേറും മുകുന്ദനെന്നു
പാരതിലേററം പ്രസിദ്ധം.
വല്ലഭതാമസമന്യെ,ഭവാൻ
മല്ലാരിയെച്ചെന്നു കാൺക.

ഇതിൽ ദരിദ്രനായ കുചേല ബ്രാഹ്മണന്റെ കഥയെ പ്രതിപാദിക്കുന്നു.

No. 83 കുമാരഹരണം.

KUMĀRAHARAṆAM.

Substance, palm-leaf. Size, $7\frac{3}{4} \times 1\frac{1}{2}$ inches. Fol. 46. Lines, 7 on a page. Character, Malayalam. Condition, good. Appearance, old.

Begins on fol. 1-a of the MS. described under No. 74.

Describes the "Mahābhārata" story which runs as follows : Once a Brahmin, whose children used to die immediately after birth, went to Śrī Kṛṣṇa and requested him to save the ensuing issue from falling into the hands of the God of Death. Before Śrī Kṛṣṇa gave any reply, Arjuna promised to the Brahmin that he (Arjuna) would save the child, failing which he would enter into the fire. But even that child died

in spite of Arjuna, and Arjuna aft^r failing in his promise, was about to enter into the fire; just then Śrī Kṛṣṇa stopped him ; and brought all the children back to life, and restored them to the Brahmin who was immensely satisfied.

Beginning :

ശ്രീമഹാഗണനാഥനും വാണിയും
ശ്രീമണാളനും വാഴ്കാഗിരീശനും
ശ്രീ നീലകണ്ഠനെൻ ഗുരുനാഥന്റെ
ശ്രീപാദങ്ങളും വാഴ്കു വിശേഷിച്ചു
മതിചേർന്ന കുമാരഹരണമാം
കഥതന്നിൽ മുഴകിച്ചമെകയാൽ.
അതുകൊണ്ടിതാ വാഴ്ത്തിസ്തുതിക്കുന്നേൻ
അതിമോഹമിതെന്നേ പറയാവൂ.
മതിയില്ല നമുക്കിതിനെങ്കിലും
മതിയുണ്ടെന്നവെസ്സ്ലാ മഹാജനം.
എങ്കിലോ പണ്ടുകൃഷ്ണൻ തിരുവടി
സങ്കടംതീർത്തു ധാത്രിക്കനന്തരം.
മങ്കമാർ പതിനാറായിരത്തെട്ടും.
സംഖ്യയില്ലാതോളം തനയന്മാരും
ജ്യേഷ്ഠനാകിയ ശ്രീബലഭദ്രരും.
ഇഷ്ടനായ്മരുവീട്ടും കിരീടിയും.
അററമില്ലാത വൃഷ്ണിവരന്മാരും.
മററും നാനാ യദുക്കളും താനുമായി

Colophon :

ഇതി പ്രഥമപാദം സമാപ്തം.

End :

കടൽവണ്ണൻ ധനഞ്ജയനോടുമാ
കടൽമദ്ധ്യേ വിളങ്ങും പുരിതന്നിൽ.
മടവാർ പതിനാറായിരത്തെട്ടും
വിരവോടവർ പെററസുതന്മാരും
നീടിലേക്കുണതുല്യനാം ജ്യേഷ്ഠൻ താനും
ഒട്ടുങ്ങാതായദുക്കളും താനുമായി
ഉഡുനാഥനും നക്ഷത്രപങ്ക്തികൾ
നടുവിൽ മരുവീടും കണക്കിനെ
സകലത്തിനുമാധാരമായൊരു
സകലേശ്വരനംബുജാലോചനൻ
സുഖിച്ചമ്പോടിരുന്നരുളീടിനാൻ
ഇക്കഥപഠിച്ചീടും ജനങ്ങൾക്കും
ആസ്ഥയോടിതു കേൾക്കും ജനങ്ങൾക്കും
പുത്രസമ്പത്തധികമുണ്ടായ്വരും
അർത്ഥമിത്രകളത്ര സുഖാദിയും

അന്ത്യകാലത്തു മുക്തിയും നല്കീടും
നിത്യമായി കേട്ടുകൊണ്ടിരിപ്പോരല്ലോ
കേട്ടുകൊൾവിൻ മഹാജനങ്ങളുമിന്നു.

Colophon :

ഇതി കുമാരഹരണം കഥാസാരം സംക്ഷേപം സമാപ്തം
കൊല്ലം 1023-ാമതു മീനമാസം 8-ാംനു എഴുതിയതു്.

ഇതിൽ പുത്രന്മാരെല്ലാം മരിക്കുന്നതുകൊണ്ടു ദുഃഖിതനായ ഒരു ബ്രാഹ്മണന്റെ അപേക്ഷയനുസരിച്ചു് അൎജ്ജുനൻ ഇനിയുണ്ടാകുന്ന പുത്രനെ രക്ഷിച്ചുതരാമെന്നും അല്ലാത്ത പക്ഷം താൻ അഗ്നിയിൽ ചാടി മരിക്കുന്നതാണെന്നും പ്രതിജ്ഞ ചെയ്യുന്നു. അതനുസരിച്ചു ചെയ്വാൻ കഴിയാതെ വിഷണ്ണനായ അൎജ്ജുനൻ പ്രാണത്യാഗത്തിന്നൊരുമ്പെട്ടപ്പോൾ കൃഷ്ണഭഗവാൻ പ്രത്യക്ഷീഭവിച്ചു അൎജ്ജുനനെ സമാധാനപ്പെടുത്തി, ബ്രാഹ്മണന്റെ മരിച്ചപുത്രന്മാരെയെല്ലാം വിഷ്ണുലോകത്തുപോയി കൊണ്ടുവന്നു ബ്രാഹ്മണന്നു കൊടുപ്പിക്കുന്നു. ഇതാണ് കഥാസാരം. ഇതിൽ നാലുപാദങ്ങൾ (അദ്ധ്യായങ്ങൾ) ഉണ്ട്. ഗ്രന്ഥം പൂൎണ്ണമാകുന്നു.

No. 84. കുമാരോല്പത്തി (ഭാഷാ വ്യാഖ്യാനത്തോടുകൂടിയതു്).

KUMĀRŌTPATTI (WITH MALAYALAM COMMENTARY).

Substance, paper. Size, $10\frac{1}{2} \times 9\frac{3}{4}$ inches. Pages 194. Lines, 20 on a page. Character, Malayalam. Condition, good. Appearance, new.

Complete in 8 chapters.

Contains the 8 chapters, 225 to 232 of the "Vanaparva (Mahābhārata)" dealing with the story of the birth of Kumāra, with a running commentary in Malayalam.

Beginning :

അഗ്നീനാം വിവിധോവംശഃ കീൎത്തിതസ്തേമയാനഘ !
ജന്മ ത്വം ശൃണുകൌരവ്യ ! കാൎത്തികേയസ്യധീമതഃ

—മഹൎഷി ജനമേജയനു ശ്രീമഹാഭാരതമാകുന്ന ഇതിഹാസത്തെ പ്രതിപാദിക്കുന്നു. അവിടെ ഇങ്ങിനെയെല്ലാം പാണ്ഡവർകൾ വനത്തിങ്കൽ വസിക്കുന്ന കാലത്തു മഹത്തുക്കളായുള്ള മഹൎഷികളെല്ലാം ചെന്നു പാണ്ഡവർകളെ കാൺമാനായിക്കൊണ്ടു. അവരെല്ലാം പാണ്ഡവർകളാൽ സംഭാവിതരായി ഇരുന്നിരുന്ന നേരത്തു ചിരംജീവിയായിരുന്ന ശ്രീമാൎക്കണ്ഡേയനും എഴുന്നള്ളി. എഴുന്നള്ളിയ ശ്രീമാൎക്കണ്ഡേയൻ ധൎമ്മപുത്രരാൽ പൂജിതനാവുകയും ചെയ്തു. ധൎമ്മപുത്രൎക്കായിക്കൊണ്ടു വിവിധങ്ങളായുള്ള ധൎമ്മങ്ങളേയും അത്ഭുതങ്ങളായ കഥകളേയും എല്ലാം അരുളിച്ചെയ്തു. അവിടെ ബ്രാഹ്മണമാഹാത്മ്യത്തെ അരുളിച്ചെയ്തു. ബ്രാഹ്മണ മാഹാത്മ്യത്തെ കേട്ടപ്പോൾ തോന്നി ധൎമ്മപുത്രൎക്കു ബ്രാഹ്മണന്റെ ധൎമ്മത്തിന്നു രക്ഷിതാവാകുന്നതു് ക്ഷത്രിയനെല്ലോ. അപ്പോൾ ക്ഷത്രിയമാഹാത്മ്യത്തെ അറിയണം എന്നു കല്പിച്ചു് അതിന്നായിക്കൊണ്ടു ചോദിച്ചു ധൎമ്മപുത്രർ അപ്പോൾ

ശ്രീമാൎക്കണ്ഡേയൻ സരസ്വതിയും താൎക്ഷ്യനും തങ്ങളിലുള്ള സംവാദംകൊണ്ടും (വൈൻ) പൃഥുവിന്റെ വൃത്താന്തംകൊണ്ടും ക്ഷത്രിയന്റെ മാഹാത്മ്യത്തെക്കേട്ടെടത്തു തോന്നി. ബ്രാഹ്മണന്റെ മാഹാത്മ്യത്തിന്നു കാരണമാകുന്നതു് വൈദികാനുഷ്ഠാനം. വൈദികാനുഷ്ഠാനത്തിന്നു കാരണമാകുന്നതു അഗ്നി. എന്നാൽ അഗ്നീടെ സ്വരൂപത്തെ ഉള്ളവണ്ണമറിയേണം. എന്നിട്ടു അഗ്നിയുടെ സ്വരൂപത്തെ അറിവാനായിക്കൊണ്ടു ചോദിച്ചു. അപ്പോൾ ശ്രീമാൎക്കണ്ഡേയൻ അഗ്നിയുടെ സന്തതിവിസ്താരത്തെ എല്ലാമറിയിക്കുന്നേടത്തു പ്രസംഗാൽ അത്ഭുതനാകുന്ന അഗ്നിയുടെ പുത്രൻ ശ്രീ സുബ്രഹ്മണ്യൻ എന്നു, അപ്പോൾ ധൎമ്മപുത്രർ ശ്രീ സുബ്രഹ്മണ്യന്റെ ജന്മകൎമ്മങ്ങളെ എല്ലാം അറിവാനായിക്കൊണ്ടു ചോദിച്ചു. അപ്പോൾ ഉക്താനുവാദം ചെയ്യുന്നിന്ന സുബ്രഹ്മണ്യന്റെ ജന്മകൎമ്മങ്ങളെ എല്ലാം അരുളിച്ചെയ്യുന്ന ശ്രീ മാൎക്കണ്ഡേയൻ ധൎമ്മപുത്രൎക്കു അതിനെ അറിയിക്കചെയ്യുന്നതു്.

Colophon :

ഇത്യാരണ്യപൎവ്വണി കുമാരോല്പത്തൌ പഞ്ചമോദ്ധ്യായഃ.

End :

സ ഹത്വാ ദാനവഗണാൻ പൂജ്യമാനോ മഹൎഷിഭിഃ
ഏകാഹ്നേന ജഗൽസൎവ്വം ത്രൈലോക്യം വഹ്നിനന്ദനഃ.

അഗ്നി പുത്രനായിരിക്കുന്ന ആ ശ്രീ സുബ്രഹ്മണ്യൻ അസുരകളെ എല്ലാം നിഗ്രഹിച്ചു ഒരു കൊണ്ടു ത്രൈലോക്യത്തെ മുഴുവൻ ജയിച്ചാൻ. "സ്കന്ദസ്യേദം ജന്മപഠേത സുസമാഹിതഃ". സുപുഷ്ടിമിഹ സംപ്രാപ്യ സ്കന്ദസാലോക്യമാപ്നുയാൽ. ശ്രീ സുബ്രഹ്മണ്യന്റെ ശരീരത്തെ കേട്ടാലെ ഫലത്തെ ചൊല്ലുന്നു. യാവനൊരുത്തൻ സാവധാനനായി ശ്രീ സുബ്രഹ്മണ്യന്റെ ജന്മപ്രകാരത്തെ കീൎത്തിക്കുന്നതു അവനിവിടെ പുഷ്ടിയെ പ്രാപിച്ചിട്ടു സ്കന്ദസാലോക്യത്തെ പ്രാപിക്കുന്നോൻ. അവന്നിഹലോകത്തിങ്കൽ പുഷ്ടിയുണ്ടായിട്ടു വരുന്നു. മരിച്ചാൽ പിന്നെ ശ്രീ സുബ്രഹ്മണ്യന്റെ സാലോക്യവുമുണ്ടായിട്ടുവരുന്നു. സാലോക്യം = സമലോകത. ഒരു ലോകത്തിലെ ഉള്ളൊരുവാസം. അതിനെ ലഭിക്കുന്നോൻ, സ്കന്ദസ്യേതി. ഇങ്ങിനെ കുമാരോല്പത്തിയെച്ചൊല്ലി ഉപസംഹരിക്കുന്നു. സ്കന്ദസ്യയാ.

വ്യാസകൃതമായ മഹാഭാരതം വനപൎവ്വത്തിലെ 225 അദ്ധ്യായം മുതൽ 232 വരെയുള്ള കുമാരോല്പത്തി എന്ന മൂലഗ്രന്ഥത്തിന്റെ ഭാഷാവ്യാഖ്യാനമാകുന്നു ഇതു്. ഇതിൽ 8 സൎഗ്ഗങ്ങളുണ്ടു്. മൂലമായ ഭാരത പദ്യവും ഇതിൽ തന്നെ എഴുതീട്ടുണ്ടു്. ഈ ഭാഷാവ്യാഖ്യാനത്തിന്റെ കൎത്താവു ആരെന്നു ഇവിടെ എഴുതിയിട്ടില്ല. ഗ്രന്ഥം അച്ചടിച്ചിട്ടുള്ളതായും അറിവില്ല. ഇതിൽ സുബ്രഹ്മണ്യന്റെ ഉല്പത്തിയേയും തൽകൃതമായ മഹിഷാസുരവധത്തേയും പ്രതിപാദിക്കുന്നു.

No. 85. കുമ്മിപ്പാട്ടു.

KUMMIPPĀṬṬU.

Fol. 2. Lines, 13 on a page.

Begins on fol. 53-*a* of the MS. described under No. 69.

Complete.

Songs, in the *Kummippāṭṭu* style, on the story of Ūrvaśī and other celestial damsels propitiating God Śiva and Goddess Pārvatī with their sweet songs. The women of Malabar recite these songs when they dance in circular groups.

Beginning :

പാരിൽ പുകൾപെററ നാരിമാൎക്ക
നേരൊടെ പാടികളിപ്പതിന്നായ്
പാരാതെ നിൎമ്മിതകുമ്മിപ്പാട്ടിന്നിഹ
ശാരികപ്പൈതലെ ചൊല്ലവേണം.
എങ്കിലോ ചൊല്ലുവൻകേട്ടുകൊൾവിൻ
മങ്കമാൎക്കെല്ലാം കളിപ്പതിന്നായ്
ശങ്കരൻ താൻ പണ്ടുകൈലാസപൎവ്വതെ
ശങ്കരിയോടും വസിക്കുംകാലം.
ഉൎവ്വശി മേനകാരംഭാദിയാം
ഗീൎവ്വാണ വേശ്യകളൊക്കക്കൂടി
ശൎവ്വനെസേവിപ്പാൻ ചെന്നൊരുനേരത്തു
ശൎവ്വാണിതന്നുടെ ശാസനയാൽ

End :

ചിന്തുകളോരോന്നെ പാടിക്കൊണ്ടിങ്ങുടൻ
കുന്തളെ ! നീവന്നു കുമ്മിയടി.
ഫുല്ല നളിനദളനയനെ !
ഉല്ലാക്ഷിമാർ കുലമൌലിമാലെ !
പല്ലവതുല്യാധരി പരിചോടിപ്പോൾ
മല്ലികെ ! നീവന്നു കുമ്മിയടി.
നന്ദീശ്വരന്റെ വചനം കേട്ടു
വന്നുള്ള ഗീൎവ്വാണവേശ്യമാരും.
വന്ദിച്ചുഗൌരീ ഗിരീശപാദാംബുജം
നന്ദിച്ചു കുമ്മിയടിച്ചുനിന്നാർ.

Colophon :

കുമ്മിപ്പാട്ടു—

ഇതിൽ പാൎവ്വതീപരമേശ്വരന്മാരെ വന്ദിക്കുവാൻവന്ന ഉൎവ്വശ്യാദി സ്വർല്ലോകവനിതകൾ ചിന്തുകൾ പാടികളിക്കുന്നതായി പറയുന്നു. ഈ പാട്ടു കേരളത്തിലെ പെൺകുട്ടികൾ കൈകൊട്ടിക്കളികളിൽ പാടിവരുന്നുണ്ട്. കൎത്തൃനാമം നിർദ്ദേശിച്ചിട്ടില്ല.

No. 86. കുമ്മിപ്പാട്ടു.

KUMMIPPĀṬṬU.

Fol. 2. Lines, 12 on a page.
Begins on fol. 94-b of the MS. described under No. 69.
Complete.

Contains philosophical songs generally sung by girls, while dancing in batches.

Beginning :

വാരണവക്ത്രനും വാണിമാതും
വാല്മീകിമുമ്പാം കവിവരരും.
ആരണന്മാരുമെന്നാചാര്യരു
മാവോളമിന്നു തുണച്ചിടേണം.
നല്ലവരുണേശ പാദയുഗം
നന്മവരുവാൻ നിനച്ചുകൊണ്ടു്
ചൊല്ലിക്കൊണ്ടിന്നൊരു കുമ്മിപ്പാട്ടു്
അമ്പോട്ടു ചൊല്ലൊടെനിന്നാടിക്കുമ്മിയട
അജ്ഞാനമായതുമായയെന്നും
അധിഷ്ഠാനമായതു ബ്രഹ്മമെന്നും
കാണിവിനാഴികപോലുംമറക്കാതെ
കല്യാണം ചേരുവാൻ കുമ്മിയടി.
സംസാരമായതു ദേഹമെന്നും
സർവ്വദാ ദേഹമനിത്യമെന്നും
ഹംസ വചനങ്ങളോർത്തുവിചാരിച്ചു
ഹർഷേണ ധീനാടിക്കുമ്മിയടി.
കാണുന്നതെല്ലാമനിത്യമെന്നും
കാരണമായതു ബ്രഹ്മമെന്നും.

End :

ഭാഗീരഥീധര മസ്തകവും
ചാലച്ചുവന്നൊരു കോടീരഭാരവും
സന്തതം ചിന്തിച്ചുകുമ്മിയടി
തിങ്കൾകലയും തിരുനെററിയിൽ
തീക്കനൽതൂകുന്നലോചനവും
പങ്കജ മിത്രസുധാംശുനേത്രങ്ങളും
പാരാതെ ചിന്തിച്ചുകുമ്മിയടി.
എള്ളിൻ കുസുമത്തിനുള്ളിൽതാപം
ഏകുന്ന നല്ലതിരുനാസിക.
ഉള്ളത്തിലാക്കീട്ടുണർന്നു വഴിപോലെ
ഉള്ളമാം നർത്തകികുമ്മിയടി.

Colophon :

ഇതി കുമ്മിപ്പാട്ടു്.

അദ്ധ്യാത്മതത്വത്തെ ചുരുക്കി ഇതിൽ പ്രതിപാദിക്കുന്നു. ഇതിൽ അവസാനത്തിൽ രാവണോത്ഭവം കഥകളിയിലെ ചില ഭാഗങ്ങളും ശാകുന്തളം പാട്ടിലെ ചില ഭാഗങ്ങളും എഴുതിച്ചേർത്തു് കാണുന്നുണ്ടു്.

No. 87. കുറത്തിപ്പാട്ട്.

KURATTIPPĀṬṬU.

Fol. 2. Lines, 13 on a page.
Begins on fol. 28-a of the M.S. described under No. 69.
Complete.

The Kuravas are a caste, the females among whom profess to have the power of foretelling events by looking at the palm of a person. The work under notice contains songs sung by a Kuratti (female of Kurava caste); and they deal with the story of a Kuratti foretelling the birth of Śrī Kṛṣṇa by looking at the palm of Dēvakī.

Beginning :

ശ്രീമധുരാ പട്ടണത്തിൽ ശീലവതിയെന്ന
നാമസമേതാ കുറത്തിവീട്ടുകളിൽച്ചെന്നു
ഭിക്ഷയെടുത്ത(ത്ത്)വരവർ തൻകൈകളേയുംനോക്കി
ലക്ഷണങ്ങൾ ചൊല്ലിമനഃപ്രീതിയുമുണ്ടാക്കും.
അവളൊരുനാൾ ദേവകൻെറ മന്ദിരത്തിൽച്ചെന്നാൾ
അതുനേരം ദേവകനും കുറത്തിയോടുചൊന്നാൻ
എന്നുടെയകന്യകയാം ദേവകിതൻകയ്യെ
യിന്നുനോക്കിച്ചൊല്ലവേണം ലക്ഷണങ്ങൾമെയ്യെ
എന്നതു കേട്ടുകുറത്തികന്യകയെനോക്കി
പിന്നെയുരച്ചാളിവണ്ണം ഖിന്നതയെപ്പോക്കി.
നന്ദിനിയാംയോരിവളിൽ നാരായണൻവന്നു
നന്ദനനായുളവാകും പേരുകൃഷ്ണനെന്നു.
ആദിശേഷൻ രാമനെന്നു മൂത്തവനായ്ത്തീരും
ആമിയിലമ്പാടി തന്നിലവരും പോയ്ചേരും.

End :

ഇത്ഥമുരച്ചുകുറത്തി നില്ക്കുമതുനേരം
ചിത്തമതിൽ ദേവകനും പ്രീതിപൂണ്ടുപാരം.
പട്ടുതുണിവിത്തമലംകാരം കിണ്ടികിണ്ണം
ശിക്ഷനവൻനൽകിനിന്നാൻ തുഷ്ടിവരുംവണ്ണം.
ദീനതയെ കൈവെടിഞ്ഞുപോന്നുവാണുപിന്നെ
സാനന്ദം കുറത്തി നിജമന്ദിരത്തിൽതന്നെ.

Colophon :

ഇതി കുറത്തിപ്പാട്ട്.

ഈ ഗ്രന്ഥത്തിൽ ഒരു കുറത്തി ദേവകൻെറ മകളായ ദേവകിയുടെ കൈനോക്കി അവളുടെ പുത്രനായി ഭഗവാൻ അവതരിക്കുമെന്നും മററുമുള്ള ഫലങ്ങളെ പറയുന്നു.

No. 88. കൃഷ്ണഗാഥാ.

KṚṢṆAGĀTHĀ.

Substance, palm-leaf. Size, $14\frac{1}{4} \times 1\frac{7}{8}$ inches. foll. 200. Lines 8 or 9 on a page. Character, Malayalam. Condition, good. Appearance old.

Complete.

A poem describing the entire story of the "Bhāgavata". The name of the author is Ceruśśeri Nambūdiri.

Beginning :

ഇന്ദിരാതന്നുടെ പുഞ്ചിരിയായൊരു
ചന്ദ്രികാമെയ്യിൽ പരക്കയാലെ
പാലാഴിവെള്ളത്തിൽ മുങ്ങിനിന്നീടുന്ന
നീലാഭമായൊരു ശൈലംപോലെ.
മേവിനിന്നീടുന്ന ദൈവതംതന്നെ ഞാൻ
കൈവണങ്ങീടുന്നേൻ കാത്തുകൊൾവാൻ.
ഈരേഴുലോകവും മേവിനിന്നീടുന്നോ
രീശനും ബ്രഹ്മനും കാർവർണ്ണനും.
കീർത്തിച്ചുകൂടാത വാർത്തയാദ്യേവുമെ
ന്നാർത്തിയെ തീർത്തുതുണെക്കേണമെ.
ദേശികനാഥൻതൻ പാദങ്ങളേശുമ
പ്പേശലമായൊരു രേണുലേശം.
ക്ലേശങ്ങളേശുന്ന പാശങ്ങളേശാസ്ഥാ
നാശയംതന്നുള്ളിലാക്കുന്നേൻ ഞാൻ.
വാരണവീരൻ തന്നാനനം കൈക്കൊണ്ടു
പൂരിച്ചവന്മദ വാരിമെയ്യിൽ.
നിന്നുവിളങ്ങുന്ന ദൈവംതൻ തൻകനി
വിന്നുവിളങ്ങുകയെന്നിൽ മെന്മേൽ.
ഭാരതിദേവിതൻ ഭൂരിയായുള്ളൊരു
കാരുണ്യപൂരവും ചേറിടാതെ.
നന്മധു കോലുന്ന നന്മൊഴി നല്കുവാൻ
താർമകളെങ്ങും വിളങ്ങുകെന്നിൽ
ഭാരതമായൊരു പീയൂഷരാശിക്കു
കാരണമായൊരു വാരിധിയായി.
വ്യാസനായുള്ളൊരു മാമുനി തൻകൃപാ
ഭാസനാമെന്നിൽ പുലമ്പേണമെ.

Colophon :

ആജ്ഞയാകോലഭൂപസ്യ പ്രാജ്ഞസ്യോദയ വർമ്മണഃ
കൃതായാം കൃഷ്ണഗാഥയാം കൃഷ്ണോല്പത്തി(ഃ) സമീരിതാ.

End :

എന്മനംതന്നിൽ പണ്ടുന്മേക്ഷിച്ചുള്ളവ
ഉണ്മയെംയെന്നതു നിർണ്ണയിപ്പാൻ.
ഗാഥയിൽചൊന്നുള്ള രേഖകളൊന്നൊന്നെ
ബാധയെ കൈവിട്ടു നോക്കി നോക്കി.
മെല്ലെമെല്ലന്ന തലോടിനിന്നന്നേരം
പല്ലവം വെല്ലുമപ്പാദങ്ങളെ.
പാണികൾക്കീടുന്നോരാനന്ദം പൂരിച്ചു
വാണീടവേണമെ ദൈവമേ ഞാൻ.

Colophon :

പൊന്നും കിങ്ങിണിയും ചിലമ്പിനൊലിയും പൂമാലയും താലിയും
മിന്നും കുണ്ഡലവും കുഴഞ്ഞകുരുളും കാർക്കുന്തലും പീലിയും
ഉണ്ണിക്കണ്ണനുടെ കറുത്തനിറവും മാഴ്കുന്ന നേത്രങ്ങളും
പുണ്യ ശ്രീമുഖചന്ദ്രനും മറുവലും തോന്നീടുകെന്മാനസെ.

പ്രായേന(ണ) മാതൃകാദോഷാൽ
പ്രമാദാദപി മാമകാൽ.
യദിഹന്യൂനമധികം
തത്സവ്വം ശോദ്ധ്യതാംബുധൈഃ.
അയിമുരളി മുകുന്ദസ്മേരവക്ത്രാരവിന്ദ
ശ്വസനമധുരസംജ്ഞ ത്വാംപ്രണമ്യാദ്യ യാചെ.
അധരമണിസമീപം പ്രാപ്തവത്യാം ഭവത്യാം.
കഥയ രഹസി കർണ്ണെമദ്ദശാം നന്ദസൂനോ

Adds:

കൊല്ലം 1057 (. . .) മതശ്ശുഭകൃദബ്ദം എടവ മാസം 20-ാംനു വെള്ളിയാഴ്ച തിരുവോണവും പഞ്ചമിയും കൂടിയ ദിവസം എഴുതിതീർന്ന പുസ്തകമിദം—

ഇതിൽ ഭാഗവത കഥയെ സവിസ്തരം ഗാഥാരൂപത്തിൽ പ്രതിപാദിക്കുന്നു. കർത്താവ് ചെറുശ്ശേരി നമ്പൂതിരിയാണെന്നു ചിലർ പറയുന്നു. ഗ്രന്ഥം അച്ചടിച്ചിട്ടുണ്ട്.

No. 89. കൃഷ്ണപ്പാട്ട്.

KṚṢṆAPPĀṬṬU.

Fol. 5. Lines, 13 on a page.

Begins on fol. 54–b of the M.S described under No. 69.

Complete.

A poem describing the wonderful deeds of Śrī Kṛṣṇa as a boy, such as breaking milk pots. The name of the author is not known.

Beginning :

ആനമുഖവനും വാണിമാതും
പരമാനന്ദമൂർത്തി മുകുന്ദൻതാനും
മാനത്തു ചാത്തും നളനും കുമാരനും

നന്മുഖന്താനും ഗുരുനാഥനും
നിഷ്കളന്നിർഗ്ഗുണന്നാരായണന്തൻെറ
മായയാവന്നിങ്ങവതരിച്ച
ശ്രീകൃഷ്ണൻതന്നുടെ ലീലകൾപാടി-
ക്കളിപ്പാനായിന്നു തുണെക്കിനിക്ക.
നന്ദജൻ ബാലന്മാരോടും കളിപ്പാനായ്
പോയോരുനേരം യശോദയിക്കു്.
കാണാഞ്ഞു ദുഃഖിച്ചു തൻെറ സഖിയോടു
ചൊന്ന വിശേഷത്തെപ്പാട്ടുന്നേൻ ഞാൻ.
മുന്നിലും പിന്നിലും പിള്ളർപലർകൂടി
മെല്ലെനിന്നോമനക്കയ്യുംവീശി
പീലിമുറുക്കി കുഴലും വിളിച്ചുകൊ
ണ്ടിന്നലെപ്പോയൊരു പൈതലെന്റു.
അമ്മയെന്നൊന്നു വിളിച്ചതുകേട്ടു ഞാൻ
ഇന്നുപുലർച്ചയുറങ്ങുന്നേരം.
ഇണ്ടലുണ്ടുളളത്തിലെന്നുടെ പൈതലെ
ക്കണ്ടുമുറുകെത്തഴുകാഞ്ഞിട്ടു്.
കണ്ണൻ കിനാവത്തു പാലിരന്നുവന്നു
കിണ്ണവും കയ്യിൽ പിടിച്ചുംകൊണ്ടു.

End :

താടിയെടുത്തു വിതുമ്പിക്കിടക്കുമ്പോൾ
ദാമോദര വന്നു താങ്ങേണമെ
കാൽകൊണ്ടു ചെങ്കനൽ ചിക്കി നടത്തുമ്പോൾ
കാർമുകിൽവർണ്ണ നീ താങ്ങേണമെ.
ചുട്ടമണലിലുഴുതു നടത്തുമ്പോൾ
സുന്ദരമേനി നീ താങ്ങേണമെ.
ചക്കിലിട്ടെന്നെ ഞെരുഞ്ഞെരയാട്ടുംപോൾ
ചക്രപാണി വന്നുതാങ്ങേണമെ.
നാരായം ചുട്ടു ചെവിയിൽ തിരുകുമ്പോൾ
നാരായണ വന്നു താങ്ങേണമെ.
ചെമ്പുരുക്കീട്ടെൻെറ നാവിൽ പകരുമ്പോൾ
ചെന്താമരക്കണ്ണ താങ്ങേണമെ.
തൃച്ചമ്മരം വാഴും ചെന്താമരക്കണ്ണൻ
ചേവടിക്കൽ ചെന്നു ചേരേണമെ.

Colophon :

കൃഷ്ണപ്പാട്ടു്.

ഇതിൽ കൃഷ്ണഭഗവാൻെറ ബാല്യകാലത്തെ ക്രീഡയെ വർണ്ണിക്കുന്നു.

No. 90. കൃഷ്ണലീലാ പാട്ട്.

KṚṢṆALĪLĀ PĀṬṬU.

Fol. 2. Lines, 12 on a page.

Begins on fol. 25-a of the M.S. described under No. 69.

Complete.

A poem describing the love sports of Śrī Kṛṣṇa and Rādha on the banks of the river Kālindī.

Beginning :

കാളിന്ദീ തീരത്തൊരു ദിവസം
കാർവ്വർണ്ണൻ കേളിക്കു ചെന്നിരുന്നു.
രാധികാതന്നെ വിളിപ്പതിന്നായ്
ദൂതികാതന്നെയയച്ചു കൃഷ്ണൻ
മാനിനിതന്റെ വരവുംപാർത്ത
മാധവൻവാഴുന്ന നേരത്തിങ്കൽ
ദൂരവെ കാണായിവന്നിതല്ലോ.
ദൂതിയോടുംകൂടിരാധികയെ
കുന്തൽ നഖങ്ങളാൽ കോതികോതി.
ക്കൊണ്ടാടികൊണ്ടുടൻ ദൂതി ദൂതി
കാന്തന്മയിലതായാതിയാതി
കണ്ടാലുമെന്നേവ മോതിയോതി.
പുഞ്ചിരിവെൺമയിൽ തൂകിത്തൂകി
പൂബാണൻ തൻവല പാകിപ്പാകി
കൊഞ്ചുംമൊഴികൊണ്ടു കൂകിക്കൂകി
ശ്ലോകം കയിലിനെയെകിയേകി
കൺമുനത്തെല്ലിനാൽ നോക്കി നോക്കി.
കൈവള മേല്പോട്ടു നീക്കി നീക്കി

End :

പക്ഷികൾ മരക്കൊമ്പതിലേറിയേറിച്ചില
ശിക്ഷയോടെ മാനംതന്നിൽ പാറിപ്പാറി.
ചെമ്പകമുല്ലമല്ലികാ വല്ലികളും കാൺക.
ഇമ്പമോടെ പടർന്നിതു പൂത്തുപൂത്തു.
ഏവമോരോന്നരചെയ്തു രാധയോടുംകൂടി
ദേവകിതനയൻ വനെ വാഴും കാലം.
ഗോപികമാർ കോഴപ്പൂണ്ടുകേഴുന്നതും കേട്ടു.
ഗോവിന്ദനുമവർ മുമ്പിൽചെന്നപിന്നെ,
കാമിനീമാരോടുംകൂടി കാമലീലാപൂണ്ടു.
കാളിന്ദി പുളിനം തന്നിൽ സ്വൈരം വാണാൻ.

ഇതിൽ ശ്രീകൃഷ്ണൻ കാളിന്ദീ തീരത്തിൽ സഖിയോടുകൂടിവരുന്ന രാധയോടു സല്ലാപം ചെയ്യുന്നു. ഗ്രന്ഥത്തിന്റെ കർത്താവ് ഇവിടെ പ്രസ്താവിച്ചിട്ടില്ല. അച്ചടിച്ചിട്ടുള്ളതായും കേട്ടിട്ടില്ല. ഈ കഥയും ഭാഗവതത്തിൽനിന്നു എടുത്തിട്ടുള്ളതാണ്.

No. 91. കൃഷ്ണവിലാസ കഥാസാരം.
KṚṢṆAVILĀSAKATHĀSĀRAM.

Substance, paper. Size, $10\frac{3}{4} \times 9\frac{3}{4}$ inches. Pages, 28. Lines, 20 on a page. Character, Malayalam. Condition, good. Appearance, new. Complete.

Describes the story of the incarnation of Śrī Viṣṇu as Śrī Kṛṣṇa at the request of the Dēvas, and the deeds of Śrī Kṛṣṇa as a boy. The name of the author is not known.

Beginning :

ശ്രീഗണപതിയും കവിമാതാവും
ശ്രീപതിയും ശിതികണ്ഠദേവനും.
ശ്രീഗുരുനാഥൻതാനും മമഹൃദി
സാദരം വിളങ്ങിടുക സന്തതം.
വ്യാസനാദി മുനിഗണമെന്നുടെ
മാനസെ കുടികൊണ്ടരുളേണമെ.
എങ്കിലോ പണ്ടസുരഭാരംകൊണ്ടു്
സങ്കടത്തോടും മേദിനീ ദേവി താൻ.
പങ്കജാസനൻ തന്നുടെ മുമ്പിൽചെ-
ന്നങ്കരിച്ചൊരുവേദന ചൊന്നപ്പോൾ
വാനവരോടുമൊന്നിച്ചു നാന്മുഖൻ
നീലലോഹിതൻ തന്നോടുണർത്തിപ്പാൻ.
കൈലാസാചലം വാഴുന്ന ദേവനോ-
ടാധിയെല്ലാ മുണർത്തിച്ചനന്തരം.
വാരിജാസന നാദികളേവരും
ക്ഷീരവാരിധിതീരം പ്രവേശിച്ചു.
കാളമേഘാഭിരാമശരീരനാം
കാരണാത്മാവുതന്നെ സ്തുതിചെയ്തു.

End :

ആറേഴെട്ടു വയസ്സാകുമ്പോൾ
മാറിക്കൊള്ളും കാട്ടുകളെല്ലാം.
എത്ര കൊതിച്ചു ജനിച്ചൊരു പുത്രൻ
എത്ര മനോഹരനായ ശരീരൻ.
അവനോടപ്രിയ മുരചെയ്യാൻ മമ
ശിവശിവശങ്കര സങ്കടമെല്ലോ.
ഗോപിനിമാരെ താമസമാഗജ
ഗാമിനിമാരെ ഭാമിനിമാരെ.

നാമിനിമോദാൽ മേളിച്ചഖിലം
താമസരഹിതം തരുവൻ ചിരമിൽ,
എന്നു പറഞ്ഞുയശോദ തദാനീം
വന്നു നിറഞ്ഞുനിതംബിനിമാർക്ക്
വന്നീതനവധി മോദത്തോടെ
ചെന്നവരവരവർ നിലയംപുക്കാർ.

Colophon :

ശ്രീകൃഷ്ണവിലാസം കഥാസാരം.

ഇതിൽ ശ്രീകൃഷ്ണന്റെ ബാലക്രീഡകളെ വർണ്ണിക്കുന്നു. ഈ ഗ്രന്ഥം മദിരാശി സർവ്വകലാശാലയിൽ നിന്നു അച്ചടിച്ചു പ്രസിദ്ധം ചെയ്തിട്ടുണ്ട്. ഗ്രന്ഥം പൂർണ്ണമാണ്. കർത്താവാരെന്നു ഇതിൽ പറയുന്നില്ല.

No. 92. കേശാദിപാദം പാട്ടു.

KĒŚĀDIPĀDAM PĀṬṬU.

Fol. 1. Lines, 13 on a page.

Begins on fol. 4-b of the M.S. described under No. 69.

Complete.

Written in praise of God Śiva, describing each limb from head to foot.

Beginning :

ഉമ്പ്രതടിനി തുളസി വിളങ്ങുന്ന
ചെമ്പൊന്നിറമാം ജടമുടിയും
അമ്പിലണിഞ്ഞുള്ളൊരമ്പിളി രേഖയും
തുമ്പമലർമാല ചേർന്നഴകും.
തീക്കനൽ കണ്ണും തിരുനെററിമുററവും
ഭാസ്കര ചന്ദ്രമാനേത്രങ്ങളും.
വർണ്ണിപ്പതിന്നെളുതല്ലാതെയുള്ളൊരു
കർണ്ണികാനാസാ പുറവടിവും
കുണ്ഡലീനായക കുണ്ഡലമണ്ഡിത
കർണ്ണങ്ങളും ശുഭഗണ്ഡങ്ങളും
കുന്ദമുകുളസമാനദന്തങ്ങളും
മന്ദസ്മിത മധുരാധരവും-
മാന്തംമഴവും കടുന്തുടിമുമ്പായ
നാനായുധമേന്തും ബാഹുക്കളും.

End :

മാരന്റെ തൂണീര ഭംഗികലർന്നൊരു
ചാരുക്കളാം കണങ്കാലുകളും
വെള്ളാമെക്കുളത്തിലുള്ളൊരു ഗർവ്വത്തെ
തള്ളും പുറവടി തൻവടിവും.

താരകവാരങ്ങൾ തന്നുടെ കാന്തിയെ
ദൂരവെനീക്കും നഖരുചിയും
കല്പകവല്ലിതൻ പല്ലവംവെല്ലുന്ന
ചിൽപദമായ പദയുഗവും
പാലിനെക്കാളും വെളുത്തുവിളങ്ങീടും
കോലവുമെന്നുള്ളിൽ തോന്നീടെണം.
ഇങ്ങിനെയുള്ള വരുണേശൻ തന്നുടെ
മംഗളരൂപമെന്നുള്ളിൽ വാഴ്ക
കിംപുരുഷാദി നിലിമ്പനികുരുംബം
കുമ്പിട്ടുകൂപ്പുന്ന തമ്പുരാനെ
എപ്പോഴുമെന്നിലെലപ്പുള്ളിയപ്പ ! നീ
കല്പിക്ക കല്യാണം കൈതൊഴുന്നേൻ.

Colophon :

കേശാദിപാദം.

ഈ ഗ്രന്ഥത്തിൽ പരമശിവന്റെ കേശാദിപാദത്തെ വൎണ്ണിക്കുന്നു. ഗ്രന്ഥകൎത്താവു ആരെന്നു ഇതിൽ നിൎദ്ദേശിച്ചിട്ടില്ല. ഇതും അച്ചടിച്ചതായി പ്രസിദ്ധിയില്ല.

No. 93. കൈകൊട്ടിക്കളിപ്പാട്ട്.

KAIKOṬṬIKKALIPPĀTTU.

Fol. 2. Lines 13 on a age.

Begins on fol. 73-b of the MS. described under No. 69

Complete.

Contains songs sung by girls, while dancing in groups. Such songs generally deal with some Puranic events, and the work under notice deals with the story of the birth of the Pāṇḍavas.

Beginning :

അഞ്ചുനിറമുള്ള കൊഞ്ചുമൊഴിയാളെ
യെങ്ങുനിന്നിങ്ങു പറന്നുവന്നു
ഞാനിപ്പോൾ നല്ലൊരു ഇന്ദ്രപ്രസ്ഥം തന്നിൽ
പൂങ്കാവിൽനിന്നു പറന്നുപോന്നു.
ഭാരതമായ കഥാപറഞ്ഞീടെണം
പാരാതെ നല്ല കിളിക്കിടാവെ.
എങ്കിലോ കേട്ടാലും മങ്കമാരെല്ലാരും
ശങ്കകളഞ്ഞു പറഞ്ഞിടുന്നേൻ.
കേൾക്കേണമെന്നുള്ളൊരിച്ഛയുണ്ടെങ്കിലോ
പാരംചുരുക്കിപ്പറഞ്ഞിടുന്നേൻ.
ആനനമുഖവനും വാണിയും വ്യാസനും
ആനന്ദത്തോടെ തുണച്ചിടേണം.
നാരിമാൎക്കിക്കഥാ പാടിക്കളിപ്പാനായ്
ഗൌരി മഹേശ്വരി കാത്തരുൾക.

End :

മാദ്രീകപുത്രന്മാരില്ലായ്കകാരണം
ഖേദംവളരുന്ന മേല്ക്കുമേലിൽ
എന്നതുകണ്ടങ്ങു കുന്തിദേവീതാനും
രണ്ടുപദേശം കൊടുത്താംളല്ലോ
അശ്വിനീദേവകൾ തന്നെസ്തുതിച്ചപ്പോൾ
രണ്ടുസുതന്മാരവൾക്കുണ്ടായി.
അഞ്ചുകുമാരന്മാരോടും നൃപവരൻ
ഭാൎയ്യമാർ തമ്മോടുമാനന്ദിച്ചു
ഇപ്പാട്ടുപാടിക്കളിക്കുന്ന മങ്കമാ-
ക്കർഭകന്മാരും ധനവുമുണ്ടാം.
ദേവകീദേവി തിരുമകൻ കൃഷ്ണന്റെ.
പാദംവണങ്ങിയിരുന്നാളല്ലോ
ബാലസ്ത്രീമാൎക്കു കളിപ്പാൻ തുണക്കേണം
ബാലെ മൂകാംബികെ കാത്തരുൾക.

പാണ്ഡവന്മാരുടെ ജനനത്തെ ഇതിൽ പറയുന്നു. കേരളീയ സ്ത്രീകൾ ഇതു പാടി കളിക്കാറുണ്ടു്.—

No. 94, ഖരവധം പാട്ടു്.

KHARAVADHAM PĀṬṬU.

Pages, 7. Lines, 20 on a page.
Begins on page 90 of the MS. described under No. 68.
Complete.

Verses containing the story of *Vālmīki's Rāmāyaṇa* from the advent of Śūrpanakhā in the Daṇḍaka forest to the slaying of Khara.

Beginning :

രാഘവനെകണ്ടു പാരം മോഹമുള്ളിലുണ്ടായൊരു
മോഹിനീചെന്നണത്തിച്ച മോഹനമാം വാക്കുകേൾപിൻ.
ധന്യശീല ഗുണനിധേ എന്നെയിന്നു കയ്ക്കൊള്ളേണം
അന്യപുരുഷന്മാൎക്കിന്നു ധന്യതയില്ലിതുചെയ്വാൻ.
കന്യകമാരുടെവാക്കു ഛിന്നമാക്കീടൊല്ലനാഥചാരു
സുന്ദരാ(ം)ഗനിന്റെ ചാരത്തുവന്നതുമൂലം.
പാരമുള്ളിലൊരുമോഹം സാരമായ്യി (യ്യ) ളന്നീടുന്നു
ഇത്തരമുരചെയ്യൊരു നക്തംചരി തന്നോടേവം
ഉത്തരമായരുൾചെയ്തു ഉത്തമപൂരുഷൻ രാമൻ.
മോഹിനീതന്നുടെ വാക്കുകേട്ടു
മോഹനമായരുൾചെയ്തു.
ശോഭയുണ്ടിന്നിതു ചെയ്വാൻനിന്റെ

രൂപഗുണങ്ങൾ വിശേഷം
മട്ടോലും വാണിധരീക്കാബാലെ
തെററെന്നിതിന്നൊരുമോക്ഷം.
പണ്ടേഞാൻ പാണിഗ്രഹണം ചെയ്തി
ട്ടുണ്ടൊരു ഭാര്യയിനിക്ക്
രണ്ടാമതൊന്നിനിവേട്ടാലവൾ
ശണ്ഠതുടങ്ങീടും മേലിൽ

End :

അമരന്മാരപ്സരസ്ത്രീഗണവുമാകാശേവന്നു
കുസുമങ്ങൾതൂകീടുന്നു നിയതമോടെ.
പരമപൂരുഷനെന്നതറിഞ്ഞു രാഘവൻതന്റെ
പദതാരിൽ വീണിവണ്ണം സ്തുതിതുടങ്ങി.

<u>നന്ദജപാദേന ട്ടരെ എന്നവണ്ണം.</u>

പാഹി മാം ശ്രീരാമചന്ദ്ര ! പാലയ മാം വിഭോ !
ദേഹി മെ സന്തതം ദേവപാവകപാദസരോജെ
ചേരുവാൻ സംഗതി മമ കേവലം ഭവിച്ചിതെല്ലോ
സാരമുള്ളിലറിയാഞ്ഞു പാരമുള്ളപരാധങ്ങൾ
ഏവമഹംചെയ്തതെല്ലാം ദേവ ! ഭവാൻ ക്ഷമിക്കേണം
പാഹി മാം ശ്രീരാമചന്ദ്ര ! പാലയ മാം വിഭോ.

Colophon :

ക(ഖ)രവധം കഥാസാരസംക്ഷേപം.

ഇതിൽ ശൂർപ്പണഖയുടെ ആഗമനം മുതൽ ഖരവധ പര്യന്തമുള്ള വാല്മീകിരാമായണകഥയെ പ്രതിപാദിക്കുന്നു. ഗ്രന്ഥത്തിൽ അക്ഷരവീഴ്ചകൾ ധാരാളമുണ്ട്.

No. 95. ഗജേന്ദ്രമോക്ഷം.

GAJĒNDRAMŌKṢAM.

Pages, 3. Lines. 20 on a page.

Begins on page 96 of the MS. described under No. 68.

Complete.

Verses embodying this *Śrī Bhāgavata* story. A King by name Indradyumna is cursed by the sage Agastya to be born as an elephant. One day this elephant descends into the waters of the Narmadā, where a Gandharva, converted into a crocodile by a curse, drags him into the river. In deep distress the elephant praises God Viṣṇu and invokes His help. With His disc, the God kills the crocodile, and rescues the elephant.

Beginning :

അ(ം)ഭോജ(ാ)സനന്താനും ശ(ം)ഭുവും മുകുന്ദനും
ക(ം)ഭീന്ദ്രവദനനും ഭാരതിയും
ജ(ം)ഭാരിമുമ്പായുള്ളോരമ്പരും തുണക്കേണം
കു(ം)ഭീന്ദ്രമോക്ഷംചൊല്‌വാനമ്പിനോടെ
കു(ം)ഭ.സ(ം)ഭവശാപാൽ വമ്പനാമിന്ദ്രദ്യുമ്നൻ
കു(ം)ഭികുലാധിപനായിസ(ം)ഭവിച്ചു.
വമ്പിച്ച കു(ം)ഭങ്ങളും തുമ്പിക്കരവുംകൊമ്പും
ഗ(ം)ഭീരലീലചെന്ന സ(ം)ഭവവും
ക്ഷീരവാരിധിമദ്ധ്യേ ചാരുവാംത്രിക്രൂടാദ്രൌ
വാരണയൂഥെചെന്നു ചേർന്നുമോദാൽ
വീരനാമവൻ പിടിമാരോടങ്ങിടചേർന്നു
മാരലീലയാ വനെ ക്രീഡിക്കുമ്പോൾ.

End :

ഏവംസ്തുതികേട്ടനേരം ദേവ
ദേവൻ തെളിഞ്ഞു കൃപയാൽ
ശ്രദ്ധസ്ഥനായ മുകുന്ദൻ
ഗരുഡാരൂഢനായെഴുനള്ളി.
താനുകിടക്കും ഗജേന്ദ്രൻതന്റെ
മീതെപറന്നു താർക്ഷ്യൻ.
ഹസ്തീന്ദ്രൻതന്നെ മുകുന്ദൻവാമ
ഹസ്തേന താങ്ങിയെടുത്തു
നക്രത്തെക്കണ്ടതികോപാൽ നാഥൻ
ചക്രമെറിഞ്ഞുപിളന്നു
ഹൂഹൂവാം ഗന്ധർവ്വവീരൻ മുനി
ശാപവും തീന്നു തെളിഞ്ഞു.
വൈകുണ്ഠൻതന്നെ ഭജിച്ചു നൃപൻ
വൈകുണ്ഠലോകം ഗമിച്ചു.

Colophon :

ഇതി ഗജേന്ദ്രമോക്ഷം കഥാസാരസംക്ഷേപം.

ഈ ഗ്രന്ഥത്തിൽ ഇന്ദ്രദ്യുമ്നൻ എന്ന രാജാവു അഗസ്ത്യ മഹർഷിയുടെ ശാപംകൊണ്ടു ഗജേന്ദ്രനായി ഭവിച്ചു കരിണികളോടൊന്നിച്ചു വനത്തിൽ ക്രീഡിച്ചു ഒരു ദിവസം നമ്മദാ നദിയിലേക്കിറങ്ങുന്നു. അവിടെ ഹൂഹൂ എന്ന ഗന്ധർവ്വൻ മുതലയായി കിടന്നിരുന്നു. ആ നക്രം ഗജേന്ദ്രനെ കാലിൽ കടിച്ചു വലിച്ചു. കുറെ കാലത്തോളം അവർ ഇങ്ങിനെ യുദ്ധംചെയ്യുമ്പോൾ ഗജേന്ദ്രൻ വളരെ ക്ഷീണിച്ചു. സാക്ഷാൽ ഭഗവാനായ വിഷ്ണുവിനെ ആപത്തിൽനിന്നു രക്ഷിക്കുവാൻ പ്രാർത്ഥിച്ചതനുസരിച്ചു ഭഗവാൻ വന്നു നക്രത്തെ സംഹരിച്ചു ഗജേന്ദ്രനു മുക്തികൊടുക്കുന്നു. ഈ കഥ ഭാഗവതത്തിലുണ്ടു്.

No. 96. ദമയന്തീസ്വയംവരം.

DAMAYANTĪSVAYAMVARAM.

Pages, 13. Lines, 20 on a page.

Begins on page 53 of the MS. described under No. 68.

On the *Svayamvaram* (bridal choice of the bridegroom) of Damayantī. An episode based on the *Mahābhārata*.

Beginning :

(മധുരമൊഴി എന്ന വണ്ണം.)
നാരായണ ശുഭഭൂസുരൻ താൻ
നാരായണൻതന്നെ ധ്യാനിച്ചുള്ളിൽ
സാരമായുള്ള നളചരിതം
പാരം ചുരുക്കി ഞാൻ ചൊല്ലിടുന്നു.
പാരിൽ പ്രസിദ്ധമാം പുവ്വകൊട്ടിൽ
വാരണവക്ത്രൻ തുണിച്ചീടേണം.
മാരാരിതാനും വിശേഷാലെന്നെ
പാരം കുതുകാലനുഗ്രഹിക്ക.
കാരുണ്യശാലിയാം മൽഗുരുവും
നാരദവ്യാസാദിമുഖ്യന്മാരും.
സാരസലോചന വാണിതാനും
പാരാതെ വിഘ്നങ്ങൾ തീർത്തുകൊൾക.
പാരിൽനിഷധപുരിയിൽ പണ്ടു്
വീരസേനാത്മജനായ ഭൂപൻ.
പാരിടം രക്ഷിക്കും കാലത്തിങ്കൽ
ദാരിദ്ര്യമെന്നതു കേൾപ്പാനില്ല.

End :

എന്നതു കണ്ടൊരുദേവന്മാരും
വന്നൊരു സന്തോഷത്തോടെ
കന്ദർപ്പതുല്യനാം നൈഷധനെ
നന്നായനുഗ്രഹം നൽകി.
നാല് വരു മീരണ്ടു നൽകി
ദേവേന്ദ്രനാദികൾ മോദാൽ
ക്ഷോണീസുതക്കു വരവും നൽകി-
വാണിയും പോയൊരുശേഷം.
മന്നവൻമാർ ചിലർ കോപത്തോടെ
നിന്നതു കണ്ടൊരു ഭീമൻ
പൊന്നുംപണങ്ങളും നൽകിനൽകി
നന്നായ് പ്രസാദംവരുത്തി.
പാർത്ഥിവന്മാരും നളനെവാഴ്ത്തി
ചീർത്തമോദേന നടന്നു.
ഉത്തമമാകിയ തങ്ങളുടെ
പത്തനെച്ചെന്നു വസിച്ചു.

ഈ ഗ്രന്ഥത്തിൽ ദേവാദികളാൽ അലംകൃതമായ സ്വയംവര സദസ്സിൽവെച്ചു ദമയന്തി നളനെ വരിക്കുന്നു. സന്തുഷ്ടരായ ദേവന്മാർ നളനു ഈരണ്ടു വരങ്ങളെക്കൊടുത്തു പോകുന്നു. പുരാണപ്രസിദ്ധമായ കഥയെ ഇവിടെ ചുരുക്കി പാടിയിരിക്കുന്നു. ഗ്രന്ഥകർത്താവ് നാരായണൻ നമ്പൂതിരിയാണ്. ഗ്രന്ഥശൈലിനോക്കുന്നതായാൽ ഈ പുസ്തകത്തിലുള്ള മററു പത്തു കൃതികളും ഇദ്ദേഹത്തിൻെറതന്നെയാണെന്നു തോന്നുന്നുണ്ട്.—

No. 97, ദേവീമാഹാത്മ്യം പാട്ടു.
DĒVĪMĀHĀTMYAM PĀṬṬU.

Fol. 4. Lines, 12 on a page.

Begins on fol. 74 of the MS. described under No. 69.

Songs, in the *Kiḷippāṭṭu* style, on the sacred greatness of Goddess Dēvī (Pārvatī). The Author of the work is Nārāyāṇa.

Beginning :

സാരസ്യമേറുന്ന ശാരികപ്പൈതലെ
സാരമായുള്ള കഥകൾ ചൊല്ക.
ലോകമാതാവായ ദേവീകഥകൾ നീ
യാകവെ വന്ദിച്ചു ചൊൽകബാലെ.
അക്കഥയൊക്കെ ഗ്രഹിപ്പതിന്നിക്കാല-
മുൾക്കാമ്പിൽ കൌതുകംവൎദ്ധിക്കുന്നു.
പാരിൽപ്രജകൾക്കു പാപം നശിപ്പാനായി
പാരാതെചൊല്കകിളിക്കിടാവെ.
എന്നതുകേട്ടു കിളിപ്പൈതലന്പോടെ
വന്ദനംചെയ്തു പറഞ്ഞുമെല്ലെ.
കുംഭിവദനനും വാണിയും വ്യാസനും
സംപ്രതി മൽഗുരുനാഥൻതാനും
ഇന്നിനിക്കിക്കഥ(ാ)യൊക്കെ പ്രകാശിപ്പാൻ
നന്നായനുഗ്രഹം നൽകിടേണം.
ഇത്ഥംപറഞ്ഞുടൻ വന്ദിച്ചുപൈങ്കിളി
സത്വരംസൽക്കഥാ ചൊല്ലിമെല്ലെ.
ചൈത്രവംശത്തിങ്കലെട്ടാം മനുശ്രേഷ്ഠ
നാദിത്യപുത്രനായുണ്ടായ്വന്നു.
നാമമവന്നു സുരഥനെന്നെല്ലോകേൾ
ഭൂമിയടക്കി വസിച്ചാനവൻ.

End :

ഇത്ഥംദാനവ ഭാഷിതംകേട്ടു
സത്വരംവിഷ്ണു ചൊല്ലിനാൻ.
എങ്കിൽവേണ്ട വരങ്ങൾ കേൾക്കുവിൻ
ശങ്കകൂടാതെ ദൈത്യരെ.
എൻെറകയ്യിൽനിന്നിന്നുമൃത്യു
വരേണം നിങ്ങൾക്കിരിവൎക്കും.

എന്നതല്ലാതെനിങ്ങളോടിനി
ക്കെന്തിനുവരം ദൈത്യരെ.
എന്നതുകേട്ടു ശോകത്തോടുകൂ
ടന്നേരമവർ ചൊല്ലിനാർ.
ഇന്നുനീജലംതന്നിൽ നിന്നങ്ങു
കൊന്നുകൊള്ളാതെ കൊൽകെടോ.
ഇത്ഥംകേട്ടപ്പോൾ മാധവൻതന്റെ
തുത്തുടതന്മേൽ വെച്ചുടൻ.
ചക്രംകൊണ്ടു ഗളംമുറിച്ചിതു
വിക്രമത്തോടെ നാഥനും.
വേദനായകനെന്നനേരത്തു
ഖേദംകൈവിട്ടു തുഷ്ടനായി.
ദൈത്യമേദസ്സു കൊണ്ടുനാഥനും
മേദിനിയേയും നിർമ്മിച്ചാൻ.
എന്നതുകൊണ്ടു മേദിനിയെന്നു-
മിന്നു ഭൂമിക്കു നാമമായി.
ഏവംബ്രഹ്മനാൽ സ്തോത്രംചെയ്കയാൽ
ദേവിയുമുത്ഭവിച്ചിതു.
ദേവിതന്റെ പ്രഭാവമിന്നിയും
ചൊൽവൻ കേട്ടു കൊണ്ടീടുവിൻ,
താപസഗിരം കേട്ടു വൈശ്യനും
ഭൂപനും പ്രീതിപൂണ്ടിതു.
ദേവിമാഹാത്മ്യംതന്നിലെകഥാ
ഏവംചൊല്ലിനേനിന്നെടോ.
അദ്ധ്യായമൊന്നിലുള്ള സൽകഥാ
ഇത്ഥമെന്നറിയേണം നീ.
അദ്ധ്യായമിന്നുമുണ്ടുമേൽ
പതിനേഴമെന്നറിയേണംനീ.
സൽകഥാശേഷം ചൊൽവതിനിഹ
നാളെയാമെന്നു ചൊല്ലിനാൾ.
ഇകഥ(ാ)ശ്രവിച്ചീടുന്നോൎക്കഭിലാഷ
മൊക്കവെ സാധിക്കും
ഇത്ഥംപൈങ്കിളി മെല്ലവെചൊല്ലി
സത്വരം പറന്നീടിനാൾ.

Colophon :

ഇതി ദേവീമാഹാത്മ്യം പാട്ട്.

ഈ ഗ്രന്ഥം തുഞ്ചത്തു രാമാനുജനെഴുത്തച്ഛൻ എഴുതിയ ദേവീമാഹാത്മ്യം എന്ന ഗ്രന്ഥത്തിലെ പ്രഥമാദ്ധ്യായത്തെ മാത്രം എടുത്തു സംഗ്രഹിച്ചു കിളിപ്പാട്ടായി നിർമ്മിച്ചിരിക്കുന്നു. ബാക്കി ഭാഗങ്ങൾ ഉള്ളതായി കേട്ടിട്ടില്ലാത്തതുകൊണ്ടു ഇതു പൂർണ്ണമാകുന്നു. ഗ്രന്ഥകർത്താവിന്റെ നാമം ഇതിൽ നിർദ്ദേശിച്ചിട്ടില്ല. ഗ്രന്ഥം ആരംഭിക്കുന്നതു് 74-ാമത്തെ ഭാഗം മുതല്ക്കാകുന്നു.

98. ധ്രുവചരിതം.

DHRUVACARITAM.

Pages, 14. Lines, 20 on a page.

Begins on page 76 of the MS. described under No. 68.
Complete.

Contains the story of Dhruva, the devotee of God Viṣṇu.

Beginning :

വരമൊഴിമാർ ചൂടുന്നരരാമെന്നീ
വരികരികെ ശാരികെ ചാരുശീലെ.
വരിയവില്ലും പാലും പഴവ(വു)ംതേനും
വിരവിനൊടെ നന്നായ് ഭുജിച്ചുകൊൾക.
ധ്രുവചരിതം കേൾപ്പതിന്നാശപാരം
അവിരതമെന്നുള്ളിൽ വളർന്നീടുന്നു.
അകമലരിലാനന്ദം വന്നുകൂട്ടും
അഖിലമകലുമക്കഥ ചൊല്ലീടേണം.
മതിമുഖി മാരിങ്ങിനെ ചൊന്നനേരം
അതികുതുകം പൂണ്ടു പറഞ്ഞാൾമെല്ലെ (വാ)
വരദഹരെ ഗോവിന്ദ വാസുദേവ
പരമദയാവാരിധെ കാത്തുകൊൾക.
ഗണപതിയും വാണിയും വ്യാസന്താനും
ഗുണമിയലും നല്ല ഗുരുവരനും.
തുണയരുളീടേണം ഞാൻ കൈതൊഴുന്നേൻ.
കനിവരുളീടേണമെ ലോകനാഥെ.
മനസിമുദാ കേട്ടാലു മെങ്കിൽ നിങ്ങൾ.
മനുതിലകൻ സ്വായംഭുവിന്നുപണ്ട്
ഇരിവർ കുമാരന്മാരുളയ്യി (ള്ളി) ന്നു.

End :

അത്രമറഞ്ഞനേരം ഉത്താനപാദൻ തന്റെ
പുത്രനായീടുന്നൊരു ധ്രുവനാം ബാലൻ.
ചിത്തെ മുകുന്ദരൂപം ചേർത്തുനടന്നു നിജ
പത്തന മകംപുക്കുസുഖമായ് വാണു.
മുവ്വേഴും പുനരഞ്ചും സംവത്സരസഹസ്രം
ഉർവ്വിയിൽ വാണിരുന്നു സുഖമായ്പിന്നെ.
ദിവ്യവിമാനമേറി ദിവ്യലോകങ്ങൾമീതെ
ദിവ്യപുരുഷനിന്നു മിരിക്കുന്നുപോൽ.
മറക്കാതലായവനെ മറക്കാതെ ഭക്തിയോടെ
സ്മരിക്കുന്നവർക്കു നന്മ ഭവിക്കുമേവം.
മനക്കാമ്പെ മാധവനെ നി (ന) ക്കനീ നിരന്തരം
നിനക്കുനല്ലതു മെന്നേൽ ഭവിക്കുമെല്ലോ.

Colophon :

ധ്രുവചരിതം കഥാസാരസംക്ഷേപം.

ഇതിൽ ഉത്താനപാദന്റെ പുത്രനായ ധ്രുവൻ സുരുചി എന്ന രണ്ടാമത്തെ പത്നിയുടെ കഠോരമായ വാക്‌ശല്യമേററു പരിഭവത്തോടുകൂടി തന്റെ അമ്മയുടെ അനുവാദവും വാങ്ങി സാക്ഷാൽ മഹാവിഷ്ണുവിനെ കുറിച്ചു തപസ്സുചെയ്യുന്നു. ഭക്താനുഗ്രഹതല്പരനായ ഭഗവാൻ ധ്രുവന്നു അഭീഷ്ടവരത്തെ കൊടുത്തുമറയുന്നു. ധ്രുവൻ സ്വരാജ്യത്തുപോയി അനവധികാലം രാജ്യഭാരം ചെയ്തു ദിവ്യവിമാനമേറി ദിവ്യലോകങ്ങൾക്കുമീതെ സ്ഥിതിചെയ്യുന്നതായുള്ള കഥയെ പ്രതിപാദിക്കുന്നു. ഈ കഥയും ഭാഗവതത്തിലുണ്ടു്.

No. 99. നളകൂബര മോക്ഷം.

NALAKŪBARAMŌKṢAM.

Fol. 2. Lines, 13 on a page.

Begins on fol. 4-b of the MS. described under No. 69.

Complete.

Narrates the Purānic story of the liberation by the child Kṛṣṇa of Nalakūbara and Maṇigrīva, who had been converted into two trees by the curse of the sage Nārada.

Beginning :

കളമൊഴി തെളിവൊടു കിളിമകളെ കാൎയ്യനിതിന്നിരുന്ന
കലിമലമകൽവതിനെളിയ നല്ല കാർവൎണ്ണലീലകൾ ചൊല്ലു.
തരുണികളുടെ ഗിരമിവണ്ണം കേട്ടു തത്തമ്മാതാനും ചൊന്നാൾ
അഴകിനൊടൊരുമിക്കു മനഘമതാമമ്പാടിതന്നിൽ.
വെളുതയിർ കടഞ്ഞിരിക്കുമ്പോൾ നന്ദപത്നിതാമരക്കണ്ണൻ ചെന്നു
മടിയതിൽ കിടന്നുടൻ മുലകുടിച്ചാൻ.

End :

ഉടൻ തുടച്ചലിവൊടു മടിയിൽ വെച്ചു്
ഉരുതിച്ചു പേടി പോവാൻ മുലകുടിച്ചുടനഥ ചിരിച്ചു കൃഷ്ണൻ.
മോദവും പൂണ്ടിതമ്മാ
പരിചിനൊടിതി ഹരിചരിതം ചൊല്ലിപ്പൈങ്കിളി താനിരുന്നാൾ.

ഇതിൽ നാരദശാപം കൊണ്ടു രണ്ടു വൃക്ഷങ്ങളായിത്തീൎന്ന നളകൂബര മണിഗ്രീവന്മാൎക്കു കൃഷ്ണാനുഗ്രഹംകൊണ്ടു ശാപമോക്ഷം സിദ്ധിക്കുന്നു. ഈ കഥയും ഭാഗവതത്തിൽ ഉള്ളതു തന്നെയാണു്.—

No. 100. നളചരിതം (കിളിപ്പാട്ടു്).

NAḶACARITAM (KIḶIPPĀṬṬU).

Fol. 128. Lines 8 on a page.

Begings on fol. 1-a of the M.S. described under No. 14.

The story of Naḷa, the Purāṇic celebrity, in *Kiḷippāṭṭu* style.

By Rāmapāṇivāda.

Beginning :

ശ്രീരാമ! ഗോവിന്ദ! ഗോപാല! പാഹി മാം
നാരായണാനന്ത വിഷ്ണോ നമോസ്തുതെ.
ഈരേഴുലകിനുമീശനായുള്ളൊരു
ശൌരെ ഭവൽപാദപങ്കേരുഹം ഭജെ.
ആരോമലീവണ്ണമാനന്ദഹേതുവാം
മോരോ ഹരിസ്തുതി ചെയ്യുമേവീടുന്ന
ശാരികപ്പൈതലേ ചൊല്ലെടോ മെല്ലവെ
ചാരുപ്രസന്നം നളന്റെ കഥാമൃതം.
പാരിടംതന്നിൽ പരക്കും കലിയുടെ
ഗൌരവം നീങ്ങുവാനേററം പ്രസിദ്ധമാം.
കാരണം വീരസേനാത്മജന്റെ കഥാ
സാരമാം നല്ലൊരു പാരിജാത ദ്രുമം.
ഭൂരികല്യാണവും ഭൂതിയും ഖ്യാതിയും
ദാരിദ്ര്യ ഭംഗവും തേജസ്സുമോജസ്സും.
ആരംഭസിദ്ധിയും ബുദ്ധിപ്രസാദവും
പാരാതെ കണ്ടുലഭിപ്പതിന്നൌഷധം.

Colophon :

ഇതി പ്രഥമപാദം സമാപ്തം.

നിഷധേശസ്യ ചരിതെ
പാണിവാദ വിനിർമ്മിതെ
സംപൂർണ്ണഃ പ്രഥമഃ പാദഃ
സംപ്രദായ സമന്വിതഃ.

End :

നളചരിതമിങ്ങിനെ നല്ല കല്യാണദം
തെളിവൊടുരചെയ്കിലും കേൾക്കിലും ഭൂതലെ
കലികലഹമൊക്കവെ ശാന്തമാകും ധ്രുവം
കുലധനസമൃദ്ധിയും ശുദ്ധിയും സിദ്ധമാം
ദുരിതവുമകന്നുപോം ദു:ഖമുണ്ടായ്വരാ
മുരമഥനനേററവും പ്രീതിയുണ്ടായ്വരും
സകലഫലസിദ്ധിയും സാരമാം മോക്ഷവും
സകലമനുജർക്കുമുണ്ടായ്വരും മംഗലം.
പരമശിവപാഹിമാം പാർവ്വതീവല്ലഭ
പുരമഥനപാഹിമാം പൂജനീയാകൃതെ.
ശുകപുരവരസ്ഥിതെ ശൂലപാണേ വിഭോ
സകലദുരിതങ്ങളെപ്പോക്കി രക്ഷിക്കമാം.
കിളിമകളുമിങ്ങിനെ കീർത്തിച്ചു സാദരം
തെളിവൊടു പറന്നുപോയീടിനാൾ മംഗലം.

Colophon :

ഇതി നളചരിതെ ചതുർത്ഥപാദം സമാപ്തം.

നളചരിതം കിളിപ്പാട്ടു എന്ന ഈ ഗ്രന്ഥത്തിൽ നളന്റെ ചരിത്രം പൂർണ്ണമായി പ്രതിപാദിക്കുന്നുണ്ട്. ഗ്രന്ഥകർത്താവ് പാണിവാദൻ എന്നു മാത്രമെ ഗ്രന്ഥത്തിൽ നിർദ്ദേശിച്ചിട്ടുള്ളു. ഇദ്ദേഹം കേരളത്തിൽ പ്രസിദ്ധനായ രാമപാണിവാദൻ എന്ന അപരാഭിധനായ രാമമാരാർ ആകുന്നു.

No. 101. കുചേലവൃത്തം.

KUCELAVṚTTAM.

Pages, 43. Lines 20 on a page.

Complete.

Begins on Page 1–a of the MS deseribed under No. 32.

Verses, each group being composed in one of ten different metres, on the Purāṇic story of Kucēla and Śrī Kṛṣṇa.

Beginning :

ദന്തിവദനനാകിയ ദേവനെ
സന്തതംഞാനിതാ കുമ്പിടുന്നേൻ.
അന്തരായങ്ങളെയൊക്കെയൊഴിച്ചവൻ
സന്തോഷമാർന്നെന്നെ കാത്തുകൊൾക.
പൂന്തേൻമൊഴിയും സരസ്വതിയും രസ
നാന്തെവിളങ്ങേണമെപ്പോഴുംമെ
ശാന്തസ്വഭാവന്മാരെൻ ഗുരുനാഥന്മാർ
സ്വാന്തപ്രകാശത്തെനൽകീടേണം.
ചിന്തകന്മാർക്കൊരു സന്താനപാദപ
ചെന്തളിരാംപദമുള്ളവനെ.
സന്താപശാന്തിക്കനന്തശയനനെ
അന്തരംഗാന്തരെ ചിന്തയാമി.
വ്യാസാദിമാമുനിവൃന്ദമശേഷവും
ദാസനാമെന്നെക്കടാക്ഷിക്കണം.
ചേതോഹരമാം കുചേല ചരിതത്തെ
ഏതാനുമൊന്നു ചുരുക്കിച്ചെമ്മെ.
ഭോഷനായുള്ളൊരു ഞാനിന്നതിമോഹാൽ
ഭാഷയായ് ചൊൽവാൻ തുനിഞ്ഞീടുന്നു.
ദൂഷണമൊക്കെയകററി ബുധകുല
ഭൂഷണന്മാർ പരിശോധിച്ചിടേണം.
പങ്കജനേത്രവിലാസ വിശേഷത്തെ
എങ്കിലോകേൾപ്പിനിന്നെല്ലാവരും.
കുന്തീസുതന്മാർക്കു ബന്ധുവായ് മേവിന
ചെന്താമരാക്ഷൻ ജഗന്നിവാസൻ.

Colophon :

പ്രഥമവൃത്തം സംപൂർണ്ണം.

End :

കൃഷ്ണകേശവ കേശിസൂദനഹേ ഹരേ..........
വൃഷ്ണിവംശപയോധിചന്ദ്ര മുനീന്ദ്രമാനസഹംസ ഭോ !
ഉഷ്ണദീധിതി കോടിഭാസുര കൌസ്തുഭാഭരണപ്രഭോ
ജിഷ്ണുസോദര സാരസംമമദേഹി ദേഹസുഖം സദാ.
പത്തുവൃത്തമിദംപുന:പുതക്ഷോത്തമസ്യരമാപതേ -
ത്വിത്തമോദമാസ്ഥരേനമെ നിത്യമാഹിതമംഗലം.

Colophon :

ദശമവൃത്തം സംപൂർണ്ണം.

ലീലാമാനുഷദേഹനായകമലാഭർത്തു: കഥാസൂവ്യഥാ
ബാലസ്ത്രീജനകേളയെവിരചിതാ ഭാഷാമയീയംമയാ.
പാലോലുംമൊഴിമാതരോ മനുദിനം പാടിക്കളിച്ചീടുകിൽ
താലോലിപ്പതിനാശു പുത്രരുളവാമത്ഥാപ്തിമംഗല്യവും
യംശംസന്തി ബുധാവിധൂതതുലനം വൈദുഷ്യ മുഖ്യൈഗ്ഗുണൈ
ഗ്ഗ്രായന്ന്യാത്മയശോനിശംജനിരസംസ്മൃതെ പതേനാഹിതെ
വിജ്ഞാനവ്യ ഗ്ഗുരുപ്രമേയമഹിതെ ഭാഷൈകഗീതാത്മകെ
സൂരി (രി) ക്ഷ്മാപതിനാകുചേലചരിതെ കോ വാ ന രാഗീഭവേൽ.

ഈ ഗ്രന്ഥത്തിലും കുചേലവൃത്തത്തിലെ കഥതന്നെയാകുന്നു. ഇതിൽ പത്തുവൃത്തങ്ങൾ ഉള്ളതുകൊണ്ടു ഇതിന്നു പത്തുവൃത്തം എന്നും പറയപ്പെടുന്നു. ഇതു അച്ചടിച്ചു പ്രസിദ്ധം ചെയ്തിട്ടുണ്ട്.

No. 102. പാഞ്ചാലീസത്യഭാമാസംവാദം.

PĀÑCĀLĪSATYABHĀMĀSAMVĀDAM.

Pages, 3. Lines, 20 on a page.

Begins on page 98 of the Ms. described under No. 68

Complete.

Gives the substance of the talk of Pāñcālī, a Mahābhārata celebrity with Satyabhāmā on devotion to one's husband and on the means of gaining and retaining his love.

Beginning :

പാഞ്ചാലരാജതനയെ കേൾക്ക
ഞാൻചൊല്ലും വാക്കുകളെല്ലാം.
നിന്നോടുനേരായ നാരീയിപ്പോൾ
മന്നിടംതന്നിലില്ലല്ലോ.
പഞ്ചഭർത്താക്കന്മാരോത്താലവർ
പഞ്ചശരന്നുസമാനം.

യോഗ്യന്മാരാകുമവരോടുള്ള
യോഗംഭവിച്ചതു മൂലം
നിൎമ്മലമായൊരു വൈരമവർ
തന്മേലൊരിക്കലുമില്ല
നിന്നിലനുരാഗം പാരമവർ
ക്കൊന്നുപോലെയുണ്ടുതാനും
ഒട്ടല്ലഹോപതിനാറായിര-
ത്തെട്ടുപേരുണ്ടല്ലോ ഞങ്ങൾ
എന്നതിലിന്നൊരിത്തിക്കുവശ-
മല്ലെന്നുവന്നു മുകുന്ദൻ
സാരസ്യരീതികളെല്ലാം ഞാനും
പാരംപരീക്ഷിച്ചു നോക്കി
സ്വാധീനമായില കൃഷ്ണൻപാരം
ആധിയതുകൊണ്ടിനിക്കും
എന്തെങ്കിലും പറഞ്ഞീടാമെല്ലോ
നോംതമ്മിൽ സ്നേഹംകൊണ്ടിപ്പോൾ
മന്ത്രമെനിക്കുപദേശിക്കേണം
സന്തോഷമുൾക്കൊണ്ടു ശ്രഘം.

End :

ഇത്തരം ദ്രുപദന്റെ പുത്രിചൊന്നതുകേട്ടു
സത്യഭാമയും പാരംമടങ്ങിപ്പോയി.
നാണിച്ചുമുഖം താഴ്ത്തിവാണീടുന്നതുകണ്ടു
നാണിയമിയന്ന പാഞ്ചാലിചൊന്നാൾ.
സത്യംഞാൻ പറഞ്ഞീടും സത്യഭാമെ! കേട്ടാലും
ചിത്തത്തിലിതുകൊണ്ടു വിഷാദംവേണ്ട.
സാരസ്യ സൌന്ദൎയ്യാദിസാരങ്ങൾ നിന്നെപ്പോലെ
സാരസാ[illegible]ിലോചനെ മററാൎക്കുള്ളു.
തങ്കലെ രമിക്കുന്ന പങ്കജവിലോചനൻ
മങ്കമാർ മയക്കിയാൽ മയങ്ങീടുമോ.
ചൊല്ലെഴുംഗുണഗണമില്ലാഞ്ഞുയല്ല ബാലെ
മല്ലാരി, വശഗതനായീടാത്തു.
ഭക്തിയുള്ളവർകൾക്കു സത്വരം വശനാകും
ഭക്തവത്സലനെന്നതറിഞ്ഞീടുക.
പുഞ്ചിരിപൂണ്ടീവണ്ണം പാഞ്ചാലി പറഞ്ഞപ്പോൾ
ചെഞ്ചെമ്മെ തെളിഞ്ഞിതു സത്യഭാമ.
ഇരിവരുമൊരുമിച്ചു സരസംവാണിടും തത്ര
പരിചോടിക്കഥ കേട്ടാൽ ദുരിതം നീങ്ങും.

ഈ ഗ്രന്ഥത്തിൽ പാഞ്ചാലി സത്യഭാമയ്ക്കു ഭൎത്തൃവശീകരണോപായമായ പതിവ്രത ധൎമ്മത്തെ ഉപദേശിക്കുന്നു.

No. 103. പാൎവ്വതീസ്വയംവരം.

PĀRVATĪSVAYAMVARAM.

Pages, 30. Lines, 20 on a page.

Begins on page 1-a of the Ms. described under No. 68.

Complete.

Recounts how Goddess Pārvatī chose, out of Her sweet will, God Śiva for Her Consort and wedded Him.

Beginning :

കല്യാണികളവാണി എന്ന വൎണ്ണം.

ചൊല്ലുവനിനിയും ഞാൻ നല്ലൊരു കഥാശേഷം
മല്ലാക്ഷിമണിയാകും പാൎവ്വതിയും
ഉല്ലാസമോട്ടു തത്ര നല്ലൊരു ലീലയോടും
കല്യാണഗാത്രി വളൎന്നീടും കാലം
മുല്ലസായകനുടെ നല്ലൊരുധനമാകും
വല്ലഭമേറുന്നൊരു യൌവനവും
മെല്ലെമെല്ലെവെവന്നു പ്രാപിച്ചിതതുനേരം
കല്യാണഗാത്രിയായ പാൎവ്വതിയെ.
നീണ്ടുചുരുണ്ടു നല്ല കാൎകുന്തൽ കണ്ടുപാ..
(മി) ഞ്ഞൽ പൂണ്ടിടുന്നു കാൎമേഘങ്ങൾ.

End :

നിന്നുടെയ ചിന്തിതങ്ങളെന്തുനാഥാ
നിന്റെ കാന്തയാകുമെന്നോടിഹ ചൊല്ലിടാതു
ബന്ധുരാംഗിമാരും നിജകാന്തന്മാരോടേവം
ചിന്തിതം പറഞ്ഞീടുക ഇല്ല എല്ലോ.
ഇത്തരം പാൎവ്വതിതന്റെ വാക്യം
ലജ്ജയോടും കേട്ടനേരം ദേവനേററം മോദാൽ
മുഗ്ദ്ധഗാത്രിയാകും ദേവിതന്നെ പ്രേമമോടും
സത്വരംപുണൎന്നു ദേവദേവൻ ലോകനാഥൻ
മോദമോടുംതന്റെ ദേവിയാകും പാൎവ്വതിയോടൊരുമിച്ചു
തത്രലോകങ്ങളെ പരിപാലിച്ചേനേററ-
മാനന്ദേന സ്വൈരമോടെ വസിച്ചുദേവൻ.

Colophon :

ഇതി പാൎവ്വതീസ്വയംവരം കഥാസാരം സംക്ഷേപം.

ഈ പാൎവ്വതീസ്വയംവരംപാട്ടു കൈകൊട്ടിക്കളിയിൽ പാടിക്കളിച്ചു വരുന്നു. മുൻ പറഞ്ഞ പാൎവ്വതീപരിണയത്തിന്നും ഇതിന്നും തമ്മിൽ കഥാംശത്തിൽ വ്യത്യാസമൊന്നുമില്ല. ഇതിന്റെ കൎത്താവ് ആരെന്നു ഈ ഗ്രന്ഥംകൊണ്ടു നിൎണ്ണയിക്കുവാൻ തരമില്ല.

No. 104. പാൎവ്വതീസ്വയംവരംപാട്ടു.

PĀRVATĪSVAYAMVARAMPĀṬṬU.

Fol. 12. Lines, 12 on a page.

Begins on fol. 5-b of the Ms. described under No. 69
Complete.

On the wedding of God Śiva with Goddess Pārvatī.

Beginning :

പഞ്ചവൎണ്ണമാം പൈങ്കിളിയെ നീ പാരാതെവന്നുചൊല്ലു
പഞ്ചസാര പാൽപഴംതേനും പാരാതെ സേവിച്ചിപ്പോൾ.
പങ്കങ്ങൾപോവാൻ പാൎവ്വതിതന്റെ പാണിഗ്രഹണം ചൊല്ലു
പങ്കജാക്ഷിമാരുടെ വാക്യം പൈങ്കിളികേട്ടുചൊന്നാൾ
മങ്കമാരെ ചൊല്ലുവനെങ്കിൽ മംഗളമുണ്ടാം കേട്ടാൽ.

ദക്ഷപ്രജാപതിതന്റെ മകളായ
ദാക്ഷായണീ സതീദേവി പണ്ടു്
തന്നുടെകാന്തനാം കാലാരിതന്നോടു-
മൊന്നിച്ചുവാഴുന്ന കാലത്തിങ്കൽ
താതനായുള്ളൊരു ദക്ഷനുമേകദാ
പൂതമാംസത്രവുമാരംഭിച്ചു.
ബന്ധുക്കളായുള്ളോരെല്ലാരെയുമവൻ
സന്ധിപ്പിച്ചാൻ നിജഗേഹം തന്നിൽ
ഇക്കഥകേട്ടിട്ടു ദാക്ഷായിണിതാനും
മുക്കണ്ണനോടുരചെയ്യാളെല്ലോ.
മല്പിതാവിന്നു മഹായജ്ഞമാരംഭി-
ച്ചപ്പുരിതന്നിലെ ഘോഷംകേട്ടു
അദ്ധ്വരവ്യാകുലാൽ വിസ്മൃതിപൂണ്ടവ-
നാഹ്വാനം ചെയ്തീല നമ്മെ നാഥ.
കുററമതുകൊണ്ടുകൂടാതെ പോകനാം
തെററന്നു യജ്ഞത്തെകാണ്മതിന്നായ്
ഇങ്ങിനെ വല്ലഭ ചൊന്നതു കേട്ടപ്പോ-
ളംഗജവൈരി ചിരിച്ചു ചൊന്നാൻ

End :

ദിവ്യമാംദുകൂലഭൂഷണാംഗരാഗമാലിയാം
ദ്രവ്യമങ്ങസംഖ്യമായ്കൊടുത്തു പാൎവ്വതിക്കതാൻ
ഇന്ദുചൂഡനും ധരാധരേന്ദ്രനോടനാകുലം
വന്ദനപുരസ്കൃതം പറഞ്ഞു യാത്രയുംമുദാ
മാധവാംബുജാസനാദിഭിസ്സു വല്ലഭൈസ്സമം
മാനമോടുപാൎവ്വതീ സമേതനായ് നിജാലയെ.

ചെന്നുചെന്നു സല്ക്കരിച്ചു മാധയാദ്യമർത്ത്യരെ
വന്നുസന്തോഷവും മനസിലേററവും പരസ്പരം
ഈശനോടുമാധവാദികൾ പറഞ്ഞു യാത്രയും
സാശമഗിപുത്രിയോടു മിന്ദിരാദികൾതഥാ
ചെന്നുപുക്കു തങ്ങൾതങ്ങൾ മന്ദിരങ്ങളേവരും
ഇന്ദുമൌലി ഗൌരിയോടുമിങ്ങുവാണു സൌഖ്യമായ്
ഇക്കഥാപഠിപ്പവർക്കും കേൾപ്പവർക്കു മാദരാൽ
മിക്കതുലഭിക്കു മിഷ്ടമെന്നുരച്ചു ശാരിക
പാൽപഴം ഭുജിച്ചുടൻപറന്നു ചെന്നിരുന്നിതു
നീപശാഖിതന്നിൽ തന്റെ കാന്തനോടുക്രൂടവെ

Colophon :

ഇതി പാർവ്വതീ സ്വയംവരം—

ഈ ഗ്രന്ഥത്തിൽ ദക്ഷയാഗം മുതൽ പാർവ്വതീപരിണയംവരെയുള്ള കഥയെ സംക്ഷേപേണ പ്രതിപാദിക്കുന്നു. ഈ കഥ സ്കാന്ദപുരാണത്തിലുള്ളതാകുന്നു.

No. 105. പാർവ്വതീസ്വയംവരം പാട്ടു.

PĀRVATĪSVAYAMVARAM PĀṬṬU.

Fol. 10. Lines, 13 on a page.

Begins on fol. 29-a of the Ms. described under No. 69

Complete.

Same work as the above.

Beginning :

പണ്ടുമഹേശ്വരൻ പാർവ്വതിയെ
പാണിഗ്രഹം ചെയ്തു വൃത്താന്തങ്ങൾ
പങ്കങ്ങളെല്ലാമകപ്പുവാനായ്
പൈങ്കിളിപ്പൈതലേ ചൊല്ലെന്നോടു
എന്നതുകേട്ടു കിളിക്കിടാവും
വന്ദിച്ചു നെല്ലുവാഴ്മാധവനെ
ചാരുകുളപ്പുര മംഗലത്തു
മാരാരിയേയും വണങ്ങിച്ചൊന്നാൾ
മുന്നം മഹേശന്റെ പത്നിയായ
സുന്ദരഗാത്രി സതിയാം ദേവി.
അച്ഛനാം ദക്ഷന്റെയാഗം കാണ്മാൻ
ഇച്ഛാകലൎന്നു ചെന്നനേരം
ദക്ഷനധിക്ഷേപം ചെയ്കമൂലം
തൽക്ഷണം യോഗാഗ്നി തന്നിൽ തന്റെ
ദേഹം ദഹിപ്പിച്ച ദേവിപിന്നെ
മാഹാത്മ്യമേറും ഹിമവാന്റെ

പുത്രിയായ്വന്നു പിറന്നു പാരിൽ
ചിത്തം തെളിഞ്ഞു ഗിരിവരനും.
തൽപത്നി മേനയാമമ്മ താനും
താല്പര്യത്തോടെ വളർത്തുമെല്ലെ.
പർവ്വതാധീശൻ നിജമകൾക്കു
പാർവ്വതിയെന്നു വിധിച്ചു നാമം.

End :

ആർത്തുചെന്നകത്തുപുക്കനേരം മംഗനമാ-
രാന്ധ(ത്ത) മോദമെതിരേറ്റുനേരെ.
വേളിക്കുള്ള ക്രിയകൾക്കു ചെമ്മെ കല്പിച്ചിതു
കാളകണ്ഠൻ സപ്തർഷികൾതമ്മെ.
മംഗളാംഗികളും ഭൂഷണങ്ങൾ പാർവ്വതിയെ
ഭംഗിയിൽ ചമയിപ്പിച്ചു മന്ദം.
ഉത്രത്തുന്നാൾ മൈത്രമാം മുഹൂർത്തെ പാർവ്വതിയെ
ആർത്തരംഗത്തിങ്കൽ കൊണ്ടെ നൃത്തി
പർവ്വതേശൻ ചെയ്തു കർമ്മം സർവ്വം പാർവ്വതിയെ
ശർവ്വനു കൊടുത്തുദക പൂർവ്വം.
സർവ്വസാക്ഷി സർവ്വലോക ഹേതു സാന്ദ്രമോദം
പാർവ്വതിയെ പാണിഗ്രഹം ചെയ്തു.
ശേഷമൊക്കയും കഴിച്ചു കർമ്മം ദേവിയോടും
ഖേദഹീനം ചെയ്തു സംഹധർമ്മം.
മേനക്കും ഹിമവാനു മങ്ങപ്പോൾ മാനസത്തി-
ലാനന്ദം വളർന്നിതന്നുവേലം.
ജിഷ്ണുമുമ്പാം മുമ്പരോടും കൂടിയാത്ര ചൊല്ലി
വിഷ്ണുവും വിരിഞ്ചനും ഗമിച്ചു.
സുന്ദരിയാമുമയോടും കൂടി ശ്രീകൈലാസെ
ചന്ദ്രമൌലിവാണു മോദത്തോടെ
ഇക്കഥ ചൊല്ലിടും നാരിമാർക്കു
ഭർത്തൃ പുത്രസൌഖ്യങ്ങൾ പലകാലം ഭവിക്കും.

Colophon :

ഇതി പാർവ്വതീ സ്വയംവരം.

ഇതിൽ പരമേശ്വരൻ പാർവ്വതിയെ വിവാഹം ചെയ്യുന്ന കഥയെ പറയുന്നു.—

No. 106. പാർവ്വതീസ്വയംവരം പാന.

PĀRVATĪSVAYAMVARAM PĀNA.

Substance, paper. Size, 10½ × 10 inches. Pages, 77. Lines, 20 on a page. Character, Malayalam. Condition, good. Appearance, new. Complete.

The other work herein is Sītāsvayamvaram Kilippāṭṭu 79.

This work narrates the story of the wedding of God Śiva with Goddess Pārvatī, who performs severe and austere religious exercises to win His love. The version here given is that of the "Skāndapurāṇa."

Beginning :

ശ്രീ ശുകാലയെ വാണരുളീടുന്ന
ശ്രീ മഹേശനും ശ്രീ ഗണനാഥനും
ദേശികന്മാരും വാണി വിരിഞ്ചനും
കേശവൻ താനും കാത്തരുളേണമെ.
വേദവ്യാസനും വാല്മീകി നാരദൻ
വേദിയന്മാരും വേദസാരൂപിയാം
ആദിത്യൻ താനു മിന്ദ്രനും ചന്ദ്രനും
ആദരേണ തുണച്ചരുളേണമെ.
എങ്കിലോപണ്ടു താരകദാനവൻ
ശങ്കകൂടാതെ ദേവേന്ദ്ര ലോകത്തിൽ.
പങ്കജാസനസേവാ ബലത്തിനാൽ
തങ്കലാക്കിയടക്കി വാഴുംകാലം.
സങ്കടപ്പെട്ടു സംക്രന്ദനാദികൾ
സംഘം കൂടി വിചാരിച്ചു സാദരം
പങ്കജാസ്ത്രനെ ചിത്തെ നിരൂപിച്ചു
പങ്കജാസന ശാസനം കാരണം
കാമദേവനമ്മാധവ മാസവും
കാമിനിരതിയോടു മൊരുമിച്ചു
താമസിയാതെ ദേവാധിരാജന്റെ
ധാമം പ്രാപിച്ചു വന്ദിച്ചുരചെയ്തു.

End :

നാരായണനും നളിനാസനനും
നാരദസനകസനന്ദാദികളും
മാരാന്തകനൊടു യാചന ചെയ്തു
മാരനു ദേഹം ദാനം ചെയ്വാൻ.
ശങ്കരഭഗവാനരുളിച്ചെയ്തു
ശതമഖനോടും ശതധൃതിയോടും
പങ്കജശരനും ദേഹവിനാശന-
സങ്കടസാഹസമെന്നുടെ കോപാൽ
വന്നുഭവിച്ചിതു വിധിബലയോഗാൽ.
വരമിനിവിരവൊടു നല്കീടുന്നേൻ.
അംഗജ! വരിക മനോഹരമാകിന
മംഗളമംഗല മംഗോപാംഗം.
രതിയൊടു സഹിതനതാകിന രതിപതി
നരപതിപാദെ ചെന്നു വണങ്ങി
അതിശയ സുഖമൊടു ഹിമഗിരിഭവനെ

തത്ര വസിച്ചു രമിച്ചൊരു ഭഗവാൻ.
അത്രഭവാന്മാൎക്കഭിമതമഖിലം
ശുഭമപി വിതരതു ശുകപുരമമരും
മമ പരദൈവം മംഗല നിലയം.

Colophon :

പാൎവ്വതീ സ്വയംവരം സമാപ്തം.

ഈ ഗ്രന്ഥത്തിൽ പാൎവ്വതിയുടെ തപസ്സുകൊണ്ടു സംപ്രീതനായ ശിവൻ ദേവിയുടെ ഇഷ്ടത്തെ അനുസരിച്ചു വിവാഹം ചെയ്യുന്നു. സ്കാന്ദപുരാണത്തിൽ പറഞ്ഞിരിക്കുന്ന കഥയെ അനുസരിച്ചാണു് ഇതു എഴുതിയിരിക്കുന്നതു്. ഗ്രന്ഥകൎത്താവു ആരെന്നു നിശ്ചയമില്ല.

No. 107. പുളിന്ദീമോക്ഷം.

PULIṆDĪMŌKṢAM.

Pages, 10. Lines 20 on a page.

Begins on page 115 of the Ms. described under No. 68

Complete.

This work narrates the following sacred story of two devotees. A hunter named Caṇḍaka used to worship his Śivaliṅga with the ashes of the funeral pyre. One day he could not get these ashes. Not willing that the usual worship of the Śivaliṅga should thus be impeded, Caṇḍaka's wife set fire to her hut and died in the flames. With her ashes, Caṇḍaka worshipped his Lord, and Lo ! when he called his wife, after his worship was over, she stood before him in flesh and blood !

Beginning :

—വായുതനയനും എന്ന വൎണ്ണം—.

ഗജവദനൻ താനും സരസ്വതിയും
അജനഖിലനാഥനാം കൃഷ്ണൻ താനും
സ്മരഹരസമ്രമയുമിഹ മുനിവരരൊടു ദേവന്മാരും
കനിവിനൊടു മൽഗുരുഭൂതന്മാരും
മുനിവരനായീടുന്ന വ്യാസന്താനും
കുതുകമൊടു മമ മനസി വിരവിനൊടിഹശോഭിക്കേണം
അഖില ജഗൽ കൎത്താവു ദേവനെല്ലൊ.
അഖിലജഗൽകൎത്താവു മുദ്ധൎത്താവു
പദകമലവിനതനത ജനനിഖിലമശിവ പാലയമാം
ശിവനുടയ നാമസംകീൎത്തനത്താൽ
ശിവശിവ പാപങ്ങൾ നശിച്ചുപോകും
ഹരഹരശിവശിവ തവചരണപങ്കജെ വന്ദിക്കുന്നേൻ
ഹരചരിതമെന്നിലുദിപ്പതിന്നായ്

പരിചോടു ഞാനേററവും വന്ദിക്കുന്നു
പരമശിവമഹിമകളിലഹമൊരു കഥാചൊല്ലീടുന്നു.
ശബരവരനായൊരു ചണ്ഡകാഖ്യൻ
നിബിഡതരമായൊരു കാനനത്തിൽ
ജനനവുമതു ചെയ്തുകൊണ്ടു പണ്ടു് അവനുമഥവാഴും കാലം
അടവികളിലുള്ള മൃഗങ്ങളേയും
അടനമതു ചെയ്യുവൻ കൊന്നുകൊന്നു്
കഠിനതരദുരിതമതുമവിനയമൊടു ചെയ്തുവാണു.

End :

ഇത്തരം ഗുരു ഭൂതന്മാരായുള്ള
സത്തമന്മാർ പറഞ്ഞിഹകേൾക്കയാൽ
മന്ദതയോടെ ഞാനിഹ ചൊന്നതു
മന്നിലുള്ള മഹാജനം കേൾക്കുമ്പോൾ
കുററങ്ങൾ തീൎത്തു കാത്തരുളീടണം
മുററും ഞാനിഹവന്ദെഭവാന്മാൎക്ക
പാൎവ്വതീകാന്ത! ശംഭോ പുരാന്തക!
സൎവ്വമംഗലദേവ! മഹാദേവ!
ഭക്തിയോടിതു കീൎത്തനം ചെയ്യുന്ന
ഭക്തന്മാൎക്കു മുക്തിയെ നൽകണം
ഭക്തനാകു മടിയനു സന്തതം
ഭക്തിനൽകേണം പാലയ മാം വിഭോ.

Colophon :

ഇത പുളിന്ദീമോക്ഷം കഥാസാര സംക്ഷേപം—

ചണ്ഡകൻ എന്നു പേരായ ഒരു വേടൻ കാട്ടിൽ വേട്ടയാടി നടക്കുമ്പോൾ അവിടെ ഇടിഞ്ഞുപൊളിഞ്ഞു കിടക്കുന്ന ശിവക്ഷേത്രം കാണുകയും അവിടെ കിടന്നിരുന്ന ശിവലിംഗത്തെ എടുക്കയുംചെയ്തു. ആ അവസരത്തിൽ പാഞ്ചാലരാജസൂനുവായ സിംഹകേതു എന്ന രാജാവും നായാട്ടിന്നു അവിടെവന്നിരുന്നു. വേടൻ വിവരം രാജാവിനെ അറിവിക്കയും ജാതിധൎമ്മപ്രകാരം രാജാവു അവൻെറ അപേക്ഷാനുസാരേണ ശിവലിംഗപൂജാക്രമത്തെ ഉപദേശിക്കയുംചെയ്യുന്നു. അതനുസരിച്ചു അവൻ പ്രതിദിനം ശിവലിംഗപൂജചെയ്തുവന്നു. ഒരിക്കൽ പൂജക്കാവശ്യമായ പുടലഭസ്മം കിട്ടാതെ വന്നു. ദുഃഖാൎത്തനായ വേടൻ വിവരം തൻെറ ധൎമ്മപത്നിയായ പുളിന്ദിയെ ഗ്രഹിപ്പിക്കുന്നു. അവൾ സ്വദേഹത്യാഗം ചെയ്തും ശിവപൂജ നിൎവ്വഹിക്കണമെന്നു ഭൎത്താവിനോടു പറഞ്ഞു ഗൃഹത്തിന്നു തീകൊളുത്തി അതിൽ ചാടിമരിക്കുന്നു. വേടൻ ആ ഭസ്മമെടുത്തു ഭക്തിപൂൎവ്വം ശിവപൂജചെയ്തു പതിവനുസരിച്ചു ഭാൎയ്യയായ പുളിന്ദിയെ വിളിക്കുന്നു. ഈശ്വരകാരുണ്യത്താൽ പുളിന്ദി അക്ഷതശരീരയായി തൻെറ മുമ്പിൽ പ്രത്യക്ഷയാകുന്നു. അത്ഭുതപരവശനായ വേടൻ ശിവമാഹാത്മ്യത്തെ വിചാരിച്ചു അന്നു മുതൽ മുട്ടാതെ ശിവപൂജചെയ്തു പത്നിയോടുകൂടി സുഖമായിരുന്നു. ഈ കഥയാണു് ഇതിൽ പറയുന്നതു്.

No. 108. പൂതനാമോക്ഷം.

PŪTANĀMŌKṢAM.

Pages, 9. Lines 20 on a page.

Begins on page 105 a of the Ms. described under No. 68.

Complete.

Gives the *Bhagavata* episode of Pūtanā, who at the instigation of Kaṁsa, the uncle and enemy of Śrī Kṛṣṇa, suckles the Divine Infant, Śrī Kṛṣṇa, with her breasts coated with poison. The Lord sucks away her life and leaves her dead.

Beginning :

കളവാണീ ശാരികെ?കൾ കനിവോടെ വന്നാലുംനീ
കദളി പഴവും പാലും തെളിവോടെ ഭുജിച്ചാലും
കരിമുകിൽവണ്ണൻ തന്റെ ചരിതങ്ങൾ കേട്ടീടുവാൻ
മനതാരിൽ മോഹമേററം വളരുന്നു കിളിപ്പെണ്ണേ.
അതുകേട്ടു കിളിതാനുമുരചെയ്തു മോദത്തോടെ
മധുരിപുതന്റെ നല്ല ചരിതങ്ങളുര ചെയ്വാൻ.
ചതുരത നമുക്കില്ല അറിഞ്ഞതു പറഞ്ഞീടാം
ധരണീഭാരത്തെക്കൊണ്ടു സഹിയാഞ്ഞു ഭൂമിതാനും
വിരിഞ്ചനും ശിവൻതാനും മുനിമാരും ദേവകളും
ഒരുമിച്ചു പുറപ്പെട്ടു മരുവിനാർ പാലാഴിയിൽ.
പരിതാപത്തോടുംകൂടി ഭഗവാനെ സ്തുതിചെയ്താർ
അതുനേരം നാരായണൻ വിരവോടെ പ്രസാദിച്ചു
കരുണാസാഗരനായ ഭഗവാനുമരുൾചെയ്തു
മധുരയാം പുരിതന്നിൽ വസുദേവർ സുതനായി.
അനന്തരം ഞാനുംകൂടി അവതരിച്ചീടും വേഗാൽ
അഖിലസന്താപമെല്ലാം മരുതിവരുത്തീടുവാൻ.
അവരവരുടെ ദിക്കിൽ സുഖമോടെ വസിച്ചാലും
അതുകേട്ടങ്ങെല്ലാവരും കുതുകേനപോന്നുവേഗാൽ.

End :

പൂതനാമോക്ഷതി (മി) തു നേരോടെ ചൊല്ലീടുകിൽ
ഭൂതപ്രേതാദികളെ പേടിക്കേണ്ട.
മല്ലാക്ഷിമാരെ നിങ്ങളുല്ലാസത്തോടും നല്ല
മല്ലാരികഥപാടി കളിച്ചീടുവിൻ.

മോഹങ്ങൾ ലഭിപ്പാനും പാപങ്ങൾ നശിപ്പാനും
ഇത്ര നന്നായിട്ടൊരു കഥകളില്ല.
ഇന്നിനി നേരം പോര സൽകഥയുര ചെയ്വാൻ
നാളെഞാൻ വന്നീടുവൻ കളിയല്ലേതും.
ഇത്തരമുരചെയ്തു തത്തയും പോയശേഷം
മത്തഗാമിനിമാരും സുഖിച്ചുവാണാർ.

Colophon :

ഇതി പൂതനാമോക്ഷം കഥാസാര സംക്ഷേപം സമാപ്തം.

ഈ ഗ്രന്ഥത്തിൽ ഭൂമീദേവിയുടെ അപേക്ഷാനുസാരേണ ഭഗവാൻ വിഷ്ണു ഭൂഭാര നാശാൎത്ഥം കംസാദികളെ നശിപ്പിക്കുന്നതിന്നു കൃഷ്ണനായി അവതരിക്കുന്നു. കംസപ്രേരിതയായ പൂതന ബാലനായ ശ്രീകൃഷ്ണനെ എടുത്തു വിഷം തേച്ച മുലകൊടുത്തു കൊല്ലുവാൻ വിചാരിക്കുന്നു. സൎവ്വജ്ഞനായ ഭഗവാൻ അവളുടെ ഇംഗിതമറിഞ്ഞു മുലകുടിച്ച് ഒടുവിൽ അവളുടെ പ്രാണനേയും വലിച്ചെടുത്തു അവളെ കൊല്ലുന്നു. ഈ കഥ ഭാഗവതത്തിൽ വിസ്തരിച്ചു പറഞ്ഞിട്ടുണ്ട്.

No. 109. പ്രഹ്ളാദോല്പത്തി.

PRAHLĀDŌTPATTI.

Pages, 23. Lines, 20 on a page.

Begins on page 31-a of the Ms. described under No. 68

Contains an account of Prahlāda, the devotee, whom God Viṣṇu, in the form of Narasimha, saves by killing his impious father, Hiraṇya-kaśipu. The story is taken from the *Bhāgavata.*

Beginning :

മധുരമൊഴി എന്ന പോലെ വൎണ്ണം.

കരിമുഖനും വാണിയും വ്യാസൻ താനും
ഗുരുവരനും മറ്റുള്ള ദേവന്മാരും.
കരുണയോടെന്നെങ്കൽ പ്രസാദിക്കേണം
കരുണയോടെ ചൊൽക കിളിക്കിടാവെ.
ഗുളകദളി പക്വവും പായസവും
മതിതെളിയുമാറു ഭുജിച്ചനന്നായ്
നരജനനം മിത്ഥ്യയായ് വന്നീടായ്വാൻ
നളിനദളനേത്രന്റെ സൽക്കഥയെ
അതികുതുകമെന്നോടു ചൊല്ലീടേണം.
വിരവൊടതു കേട്ടൊരു ശാരികയും
കുതുകമൊടു മെല്ലെ പറഞ്ഞാളേവം.
അസുരകുലത്തിങ്കൽ പ്രസിദ്ധനായി
മഹിത ഗുണവാനാം ഹിരണ്യനെന്നു-
ണ്ടൊരു മനുജനുണ്ടായി പണ്ടൊരുനാൾ
കഠിനതരമായ തപസ്സു ചെയ്തു
കമലഭവനോടു വരങ്ങൾ വാങ്ങി.
അകമലരിൽ മോദാൽ വിടവഴങ്ങി
അമരപുരി പുക്കടനിന്നുൻതന്നെ

End :

ചാരുശീലെ നിന്റെ കാന്തൻതന്റെ
ദാരുണമായൊരു കോപം കണ്ടു.
പാരം പരീതാപമിന്ത ഞങ്ങൾക്കുള്ളു
പാരാതകററുക നീരജാക്ഷി.
എന്നതു കേട്ടരുൾ ചെയ്തു ദേവി
എന്നാൽ പണിയതിന്നാവതല്ല.
മുന്നം ഞാനിങ്ങിനെ കണ്ടതില്ലെന്നതു
നന്നായ് ധരിച്ചാലും ദേവകളെ.
എന്നതുകേട്ടു സുരന്മാരെല്ലാം
വന്നനുതാപം പൊറാഞ്ഞു വേഗാൽ
വന്ദിച്ചു നില്ക്കുന്ന പ്രഹ്ലാദൻ തന്നോടു
മന്ദമായ് മെല്ലെ പറഞ്ഞാരേവം.
ദാഃക ഇന്നിതു കേൾക്ക നീയും
ന(ാ)രസിംഹാകൃതികാഴ്ക (ൺ്ക) യാലെ
പാരമായുള്ള പരിതാപത്തെ എല്ലാമെ
ദൂരെയകലേണം നീയുമിപ്പോൾ.

Colophon :

ഇതിപ്രഹ്ലാദോല്പത്തി സമാപ്തം.

ഈ ഗ്രന്ഥത്തിൽ ഭഗവാൻ നരസിംഹാവതാരം സ്വീകരിച്ചു ദുഷ്ടനായഹിരണ്യാസുരനെ കൊന്നു ഭക്തനായ പ്രഹ്ലാദനെ അനുഗ്രഹിക്കുന്നു. ഭാഗവതത്തിൽ പറഞ്ഞിരിക്കുന്ന കഥയെയാണ് കവി ഇവിടെ പാടിയിരിക്കുന്നത്. ഗ്രന്ഥത്തിന്റെ കർത്താവു ആരെന്നു അറിയുവാൻ വഴി കാണുന്നില്ല.

No. 110. ബാണയുദ്ധം.

BĀṆAYUDDHAM.

Fol. 6. Lines, 12 on a page.

Begins on fol. 83 of the MS. described under No. 69.

Complete.

An account, in verse, of Śrī Kṛṣṇa's fight with the demon named Bāṇa.

Beginning :

അമ്പിളിച്ചൂടുന്നല്ല തമ്പുരാൻ വരുണേശൻ
തമ്പദയുഗമകമതിൽ നിനച്ചു
ഏണീലോചനകൾക്കു താണുകളിപ്പതിന്നായി

ബാണയുദ്ധമാം കഥ വർണ്ണിച്ചിടുന്നേൻ.
പണ്ടു ബലിസുതനായുണ്ടായിതവനിയിൽ
അണ്ടർകോനരികളിലൊരു ദനുജൻ
ബാണനെന്നവനു പേർ പാണികൾ നാലുണ്ടവ-
നേണാങ്കചൂഡൻതന്റെ നടനം തന്നിൽ
മദ്ദള മടിക്കയാലെത്രയും പ്രസന്നനായ്
മൃത്യുഭഞ്ജനൻ താനുമരുളിച്ചെയ്തു.
ആയിരം കരം നിനക്കായിരിക്കട്ടെ എന്നു
തോയദഗളൻ വരംകൊടുത്തു പിന്നെ.
ചിന്തിതം തരുവൻ ഞാൻ അന്തരമതിനില്ല
കിന്തുതെ മനസി നീ വരിച്ചുകൊൾക.
ഇങ്ങിനെ കേട്ട നേരം തിങ്ങിന മോദത്തോടു-
മങ്ങുണർത്തിച്ചു നിന്നു ബലിസുതനും
എന്നുടെ പുരം ഭവാനിന്നു തൊട്ടനുദിനം.
നന്ദ്യാദിഗണങ്ങളോടൊന്നിച്ചുടൻവന്നു.

End :

കൃഷ്ണൻ രാമൻ പ്രദ്യുമ്നൻ മുതലായിട്ടുള്ളനല്ല
വൃഷ്ണികളൊക്കദ്വാരക പുക്കു വസിച്ചാരെല്ലോ.
തദനു ബലഭദ്രനും ദേവകിതൻ
തനയനോടു യാദവന്മാരെല്ലാരും.
രമണിമണി രേവതി രുക്മിണിയും
രചിത സുഖം സത്യയും ബന്ധുക്കളും
കനിവിനൊടു സമ്മോദമാർന്നു പിന്നെ
കമലശര പുത്രന്റെ കല്യാണത്തെ
വിരവിനൊടു ഘോഷിച്ചു നാലുനാളും
വിവിധമതായുള്ള വിഭവത്തോടും
ഉഷയുമനിരുദ്ധനുമാത്തമോദം
ഉചിതതരമായൊരു മന്ദിരത്തിൽ.
മതികുതുകമുൾക്കൊണ്ടനുദിനവും
മദന വിലാസേന വസിച്ചാരെല്ലോ.
ചരതമൊടു നിത്യവുമമ്പിനോടെ
ചരിതമിതു ചൊല്ലും ജനങ്ങൾക്കെല്ലാം
ജലനസരോജേക്ഷണൻ കാരുണ്യത്താൽ
ജനനഭയവും തീർന്നു സുഖം വരുമെ.

ഇതിൽ ഢക്കാവാദ്യം കേട്ടു സന്തുഷ്ടനായ ശിവൻ ബാണാസുരന്നു അഭീഷ്ടവരങ്ങളെ പ്രദാനം ചെയ്യുതനുസരിച്ചു ബാണന്റെ വാതിൽ കാത്തു നില്ക്കുന്നു. ഒരിക്കൽ ബാണപുത്രിയായ ഉഷ മാരമാലേറ്റു അനിരുദ്ധനെ ആനയിച്ചു ക്രീഡ ചെയ്യുന്നതു ബാണൻ അറിഞ്ഞു അനിരുദ്ധനെ ബന്ധനത്തിലാക്കുന്നു. വിവരം അറിഞ്ഞു കൃഷ്ണൻ ബാണനെ ജയിക്കുന്നു. അനിരുദ്ധൻ ഉഷയെ വിവാഹംചെയ്തു സുഖമായിരിക്കുന്നു. ഇതാണ് കഥാവിഷയം.

No. 111. ബാണയുദ്ധം കിളിപ്പാട്ട്.

BĀṆAYUDDHAM KIḶIPPĀṮṮU.

Pages, 23. Lines, 20 on a page.

Begins on page 1-*a* of the MS. described under No. 13.

Verses, in the *Kiḷippāṭṭu* style, on Śrī Kṛṣṇa's fight with the demon named Bāṇa, and the liberation of Aniruddha from the prison where Bāṇa had confined him. The marriage of Aniruddha with Uṣā is also described herein.

Beginning :

ഗുളഗുളിക മധു മധുരമിയലുമൊരുപാൽ
മേളിച്ചതും ഭുജിച്ചാദരാലിന്നുനീ.
കളെക കിളിമകളെ കളിവചന മിവയൊക്കവെ
കാലഭയം കളഞ്ഞീടുവാൻ ശാരികെ.
വളരുമൊരു ദുരിത മതു കളെവതിനുനല്ലവ(ാ)
ചൊല്ലേടോമെല്ലവെ കല്യമോദേനനീ.
കിളിമകളുമതുപൊഴുതു ?തളിവൊ (വിനൊ)ടുചൊല്ലിനാൾ
മേളമാർന്നുള്ളൊരുബാണയുദ്ധം കഥാ.
തളരുമൊരുജ്വരവുമതും വളരുമൊരുപാപവും
മാലോകരെ കളഞ്ഞീടുവാൻ കേൾപ്പിനെ.
കളഭവര മുഖനെയുമിതുപൊഴുതു സാംപ്രതം
കല്യാണവാരിരാശെ തൊഴുന്നേനഹം.
അമിതഗുണമിയലുമൊരു സംസിജമതിന്നുമേ
ലാമോദമോടുഴന്നുള്ളുന്ന ദേവനും
മനമൊടനുദിനമരികിൽ മരുവിന സരസ്വതീ
കാരുണ്യലോചനെനാവിൽ കളിക്കനീ.
കുവലയവുമുരുകുമൊരു നിറമുടെയ കണ്ണനും
കണ്ണുമൂന്നുള്ള (ാ) പുരഹരൻ തന്നെയും

Colophon:

ഇതി ബാണയുദ്ധം കഥാ യുദ്ധാരംഭം സമാപ്തം.

End :

വിരുതനായുള്ളോരനിരുദ്ധനെയും
തരുണിമാർ മണിയുഷയൊടുംകൂടി
കൊടുത്ത നേരത്തു മുദിതനാം കൃഷ്ണൻ
തിരുവടിതാനും തിരിച്ചുദ്വാരകാ
നഗരിയിൽ ചെന്നങ്ങണെയും നേരത്തു
മുദിതമാനസമൊടങ്ങിരുന്നാവർ.
രഥങ്ങളൊക്കയു മടുത്തു കൂട്ടിനാർ
എടുത്തു തോരണം നിരക്കത്തൂക്കിനാർ

എതൃത്തു കൊണ്ടവർ വിളക്കുകൾ താല
പ്പൊലികളും നല്ല നവരത്നം പൊന്നും
തളികയിൽ നിറെച്ചവാശ (വസ) രമവ (ാ)
രെടുത്തുമങ്ങനെ
മതൃത്തു ഭൂസുരവരന്മാരൊക്കവെ
എതൃത്തു വേദങ്ങളുരത്തുമങ്ങിനെ
അലസനേർമിഴികളുമൊരുമിച്ചു
തെളിവൊടു കൃഷ്ണ (ാ) നെതൃത്തുചെന്നപ്പോൾ
തെളിഞ്ഞൊരക്കൻ വന്നുദിക്കുന്നനേരം
നളിനങ്ങൾ നന്നായ്വിരിഞ്ഞതുപോലെ
തരുണിമാരുടെ വദനപങ്കജം
വിരിഞ്ഞു കൃഷ്ണന്റെ തിരുമെയ്കണ്ടപ്പോൾ
തെളിഞ്ഞു ദ്വാരകപുരവാസി (െ)കളും
കുതുകമോടവർ സുഖിച്ചുവാണതെ.

Colophon :

ബാണയുദ്ധം കഥാസമാപ്തം.

ഈ ഗ്രന്ഥത്തിൽ ബാണാസുരന്റെ മകളായ ഉഷ സ്വപ്നത്തിൽ അനിരുദ്ധനെ സ്വപ്നം കാണുന്നു. ഉണൎന്നതിന്നു ശേഷം സ്വപ്നദൃഷ്ടനായ അനിരുദ്ധനെക്കൊണ്ടു വരുന്നതിന്നു തന്റെ സഖിയായ ചിത്രലേഖയെ നിയോഗിച്ചതനുസരിച്ചു ഗൂഢമായി അവൾ ഉഷയുടെ സമീപത്തിൽ അനിരുദ്ധനെ ദ്വാരകയിൽനിന്നു കൊണ്ടുവന്നു കൊടുക്കുന്നു. അവർ അങ്ങിനെ ഗൂഢമായി കാമസുഖങ്ങളനുഭവിച്ചു ക്രീഡിച്ചിരിക്കുന്നതു അച്ഛനായ ബാണൻ അറിഞ്ഞു അനിരുദ്ധനെ ബന്ധനസ്ഥനാക്കുന്നു. തന്റെ പൌത്രനായ അനിരുദ്ധനു സംഭവിച്ച സംഗതി നാരദൻ മുഖേന ശ്രീകൃഷ്ണ ഭഗവാൻ അറിഞ്ഞു. ഉടനെതന്നെ ബാണനെ യുദ്ധത്തിൽ തോല്പിച്ചു പൌത്രനേയും ഉഷയേയും ദ്വാരകയിലേക്കു കൊണ്ടുപോകുന്നു. ഇതിന്റെ കൎത്താവു ആരെന്നു നിശ്ചയമില്ല. ഗ്രന്ഥത്തിൽ അക്ഷരവീഴ്ചകൾ ധാരാളമുണ്ടു്.

No. 112. ബ്രഹ്മശാപമോക്ഷം.

BRAHMAŚĀPAMŌKṢAM.

Fol. 4. Lines, 12 on a page.

Begins on fol. 71 of the MS. described under No. 69.

Wants some portion of the beginning.

An account, in verse, of the liberation of God Śiva from the curse of Brahmā by the alms which the Goddess Lakṣmi gave at the instance of Her Consort, God Viṣṇu, and which filled the Brahmakapāla.

Beginning:

. . . . നടന്നുപിന്നെ.
ഇന്ദിര തമ്പുരമെങ്ങും നടന്നിട്ടു
മിന്നു കപാലം നിറഞ്ഞതില്ലെ.
ചെന്നളകാപുരമെങ്ങും നടന്നിട്ടു

മിന്നു കപാലം നിറഞ്ഞതില്ല.
ധമ്മരാജൻ പുരമെങ്ങും നടന്നിട്ടു-
മിന്നു കപാലം നിറഞ്ഞിതില്ല.
പിന്നെ വരുണന്റെ ലോകമിരന്നിട്ടു-
മിന്നു കപാലം നിറഞ്ഞതില്ല
അഗ്നി നിരൃതി മരുത്താദി ദിക്കെല്ലാ-
മെന്നിവർതൻ പുരിചെന്നനേരം.
വാരിയും കോരിയുമോടിനടന്നിട്ടു-
മിന്നു കപാലം നിറഞ്ഞതില്ല.
രാജ്യങ്ങൾ തോറും നടന്നാലൊരുത്തരും
ഭിക്ഷയിട്ടീടുവാനാരുമില്ല.

End :

മുന്നേയിരിക്കുന്ന ശ്രീ പീഠം തന്മീതെ
നന്നായ് സുഖിച്ചു വസിച്ചാളെല്ലോ.
ലക്ഷ്മീ ഭഗവതി വിഷ്ണു തന്മാറിങ്കൽ
ചിത്തം ലയിച്ചു വസിച്ചാളെല്ലോ.
ഇങ്ങിനെയുള്ളൊരു സൽകഥാ കേൾക്കിലോ
മംഗളം വന്നീടും മങ്കമാരെ.
ജാംബവാൻ ശ്രീരാമൻ തന്നോടു കേൾപ്പിച്ചു
സാരമായുള്ള കഥയിന്നിപ്പോൾ
നിങ്ങൾക്കു പാടിക്കളിപ്പതിന്നായിട്ട്
ബ്രഹ്മശാപ മോക്ഷം പാടിത്തന്നു.

ഇപ്പാട്ടു പാടിക്കളിക്കുന്ന മങ്കമാർ
ഭർത്താവുതന്നോടു കൂടിച്ചേർന്നു
കാമൻ രതിയുമായ്വാഴുന്നതു പോലെ
ഏറസുഖത്തോടെ വാണിരിക്കാം.

ഇതിൽ ബ്രഹ്മശാപ മോക്ഷാർത്ഥം പരമേശ്വരൻ ബ്രഹ്മ കപാലം കയ്യിലെടുത്തു ഭിക്ഷാടനം ചെയ്യുന്നു. ഭിക്ഷാപാത്രം ഇന്ദ്രാദിദിക്പാല ലോകങ്ങളെല്ലാം പോയിരന്നിട്ടും നിറയുന്നില്ല. ഭിക്ഷാപാത്രം നിറയാതെ ശാപമോക്ഷം സംഭവിക്കുന്നതുമല്ല. അവസാനം വിഷ്ണു ഭഗവാന്റെ സമീപത്തിലെത്തുന്നു. ഭഗവാൻ തൃച്ചക്രം കൊണ്ടു തൃക്കൺ മറച്ചു കൊണ്ടു ലക്ഷ്മീ ഭഗവതിയോടു ഭിക്ഷ കൊടുപ്പാൻ കല്പിക്കുന്നു. പാത്രം നിറയുന്നു. അതോടു കൂടി ശാപവും അവസാനിക്കുന്നു. ഇതാണ് കഥാ സാരം. ഇതിന്റെ ആരംഭം കുറെ ഭാഗം വിട്ടുപോയിരിക്കുന്നു.

No. 113. ഭഗവദ്ദൂത് (തുള്ളൽ)

BHAGAVAD DŪTU (TULLAL).

Substance, paper. Size, $10\frac{3}{4} \times 9\frac{3}{4}$ inches. Pages, 52. Lines, 20 on a page. Character, Malayalam. Condition, good. Appearance, new.

Incomplete.

This gives an account, in verse, of Śrī Kṛṣṇa's embassy to the Kauravas from the Pāṇḍavas.

Beginning:

ഹേമാലങ്കാര രാമാളുല ചലരമാദൃക്ഷിലോലംബരാമാ-
രാമാത്മാ ഖ്യാത ഭ്രമാ നിരുപമപരമാനന്ദ പീയൂഷധാമാ |
ശ്രീമാടക്ഷേമകാമാദിനമനുപരമാ ദേവതാ ഭാഗ്യസീമാ
ശ്യാമാലോകാഭിരാമാദിശതുമമസുഖം സംഗമാധീശനാമാ ൧
ശാസ്ത്രാംഭോനിധി പാരശങ്കരലസൽ കോദണ്ഡബാണോജ്ജ്വലം.
സൂത്രാമാദിഭിരച്ചിതാംഘ്രിയുഗളം വൈകുണ്ഠാശവ്വാത്മജം |
ഗോത്രാലങ്കൃതമീന കുണ്ഡലയുഗം കേരാമൃതം കാംക്ഷിണം
ശാസ്താരം ഭുവനാഭിഷേക തടിനീതീരസ്ഥമാദ്യം ഭജെ ൨.

അത്തൊൾശത്രുക്കളെ കൃത്തുമൂത്ത ശൂലംകൊണ്ടു
മൂത്തി കുത്തിക്കോത്തു കൊന്നമിത്ര പുത്രപത്തനത്തിൽ
ചേത്തു പാത്ഥലത്തിനള്ളോരാത്തിതീത്തു സമ്പത്തിന്റെ
പൂത്തിചേത്തു വളത്തിനൽകും കീത്തിയുള്ള ചേത്തലയിൽ.
കത്ത്യായിനികാൽ ത്താരിണകളെ ചീത്ത ഭക്ത്യാചിത്തതാരിൻ
ചേത്തിതാഞ്ഞാൻ വണങ്ങുന്നേൻ സംഗമനാഥാ.

End:

ഇത്തരം ചിലമൊഴിയതളീ
ട്ടുത്തമ പൂരുഷനാകിയ ഭഗവാൻ
ഭക്തനതാകിയ ഭഗവാൻതന്നുടെ
പത്തനസീമനി ചെന്നു കരേറി.
നിശ്ചല ഭക്തികലന്നഥ വിദുരനു
മച്ചനം ചെയ്തു കൈക്കൊണ്ടുടനെ
അച്ഛൻപെങ്ങളതാകിയ കുന്തീ
അച്യുതനമ്പൊടു ശൌരെ കൃഷ്ണാ !
കാമപാലകര ശോഭിതനാം ബല
രാമ!രാമാ ശൌരെ കൃഷ്ണ !
ഗോപ വധൂകുച മണ്ഡലമണ്ഡിത
മാധവ കൃഷ്ണാ ശൌരെ.- കൃഷ്ണ !
മ്ലേച്ഛമണ്ഡല വിനാശനകാരണ
കല്കിശരീരാ, ശൌരെ!കൃഷ്ണ !
ഈദൃശവിവിധരൂപ പുരാതന
പുരുഷകേശവ ശൌരെ!കൃഷ്ണ!
ശ്രീമദനന്തപുരേശഹരേ!പരി-
പാലയ പങ്കജനാഭ!കൃഷ്ണ!
വന്ദിച്ചവളുടെ വാച്ചൊരു ഭേദമടക്കി-
ഭക്ഷണ മിച്ഛകൊത്തതുപോലെ കഴിച്ചു
സുഖിച്ചവരോരോരോകഥകൾ പറഞ്ഞു, രസിച്ചുശയിച്ചു.

ഇതിൽ യുധിഷ്ഠിരപ്രേരിതനായ ഭഗവാൻ ശ്രീകൃഷ്ണൻ ദൌത്യം അംഗീകരിച്ചു ദുര്യോധനന്റെ അടുക്കലേക്കു പോകുന്നു. ദുര്യോധനൻ ഭക്ഷണത്തിന്നു ക്ഷണിച്ചെങ്കിലും അതു തൃപ്തികരമല്ലെന്നുപറഞ്ഞു ഭഗവാൻ വിദുര ഗൃഹത്തിലേക്കു പോയി ഭക്ഷണവും മററും കഴിച്ചു കുന്തീദേവിയുമായിസംഭാഷണം ചെയ്യുന്നു. ഇതുവരെയുള്ള കഥയാണു് ഇതിൽ പറയുന്നതു്. ശേഷം കഥ ഇതിലില്ലാത്തതിനാൽ ഇതു അപൂർണ്ണമാകുന്നു.

No. 114. ഭൂതനാഥോല്പത്തി.

BHŪTANĀTHŌTPATTI.

Fol. 2. Lines, 12 on a page.

Begins on fol. 52-*a* of the MS. described under No. 69.
Complete.

Verses on the Purāṇic episode of the origin of Bhūtanātha, who was born of the embrace of Mōhinī, the female disguise of God Viṣṇu, by God Śiva.

Beginning :

താമരക്കണ്ണൻ പണ്ടൊരുകാലം
കാമിനീ വേഷം പൂണ്ടുപോൾ
കാമവൈരിതാൻ കേട്ടു കൌതുകം
കാണ്മതിന്നായ്പുറപ്പെട്ടു.
കാമിനീമണിയോടു മൊന്നിച്ചു
കാളതന്മുതു കേറിനാൻ.
അംബുജാക്ഷനിരുന്നരുളുന്ന
മന്ദിരെയെഴുന്നള്ളിനാൻ.
സർപ്പശയനൻ മുപ്പുരാരിയെ
സ്സൽക്കരിച്ചങ്ങിരുത്തിനാൻ
ഉൾക്കനിവോടോരോവിശേഷങ്ങൾ
മുക്കണ്ണരോടു ചോദിച്ചു.
ഗൌരിയോടൊരുമിച്ചിഹ പര
മേശ്വര ഭവാൻ വന്നതിൽ
കാരണം ചൊല്ലവേണമെന്നോടു
മാരാരെയെന്നു മാധവൻ
ചൊന്നതുകേട്ടു മന്ദഹാസംപൂ-
ണ്ടിന്ദുമൌലിതാൻ ചൊല്ലിനാൻ
പന്നഗശയന നീപണ്ടൊരു
തന്വംഗീവേഷം പൂണ്ടുപോൾ.

End :

ഇത്തരം പറഞ്ഞുത്തമാംഗിതൻ
ഹസ്തപദ്മം പിടിപ്പാനായി.
ചെന്നതുനേരം സുന്ദരാംഗിയും
മന്ദംമന്ദംഗമിച്ചിതു.
പിന്നെയും കരപങ്കജം പിടി
ച്ചീടുവാൻ തുടങ്ങുന്നേരം
പിന്നോക്കം വാങ്ങിനിന്നു പിന്നെയും

ചെന്നങ്ങു പിടിച്ചീടിനാൻ.
മാറിടത്തിലണച്ചുതന്നുടെ
മാരതാപ മകററിനാൻ.
അത്ഭുതാംഗിയാം മായക്കപ്പൊഴെ
ഗർഭവും പുനരുണ്ടായി.
അപ്പൊഴെ പ്രസവിക്കയും ചെയ്തു
ഉത്ഭൂതനാം കുമാരനെ
ഭൂതനാഥനെന്നുള്ള നാമവും
ഭൂതലത്തിൽ പ്രസിദ്ധമായ്
ഇഭ്ഭുവനത്തിൽ നരന്മാർക്കേകിപ്പാൻ
മുപ്പുരാരിസുതൻ മുദാ.
ചെന്നു കുന്നംകളങ്ങരെ മരു
വീടിനാൻ ഭൂതനാഥനും
മാരവൈരിയും ഗൌരിയും കൂടി
മാമലയിൽ വസിച്ചിതു.

ഇതിൽ ഭഗവാൻ വിഷ്ണു പണ്ടു് അസുരന്മാരുടെ അടുക്കൽ അമൃതം കൊണ്ടുവരേണ്ടതിന്നു സ്വീകരിച്ച മോഹിനീവേഷം കാണേണമെന്നു ഭഗവാൻ പരമേശ്വരൻ അപേക്ഷിച്ചതനുസരിച്ചു അദ്ദേഹം ആ വേഷത്തെ കൈക്കൊള്ളുന്നു. മാരാരി, കാമാതുരനായി അവളെ ആലിംഗനം ചെയ്യുന്നു. അവളിൽനിന്നു ഉടനെ ഭൂതനാഥൻ എന്നു പേരായ പുത്രനുണ്ടാകുന്നു. ഇതാണ് കഥാവിഷയം.

No. 115. മുദ്രാരാക്ഷസം (കിളിപ്പാട്ടു്.)

MUDRĀRĀKṢASAM (KILIPPĀTTU).

Substance, paper. Size, $10\frac{3}{4} \times 9\frac{3}{4}$. inches. Pages, 258. Lines, 20 on a page. Character, Malayalam. Condition, good. Appearance, new. Complete.

Verses, in the *Kilippāttu* style, embodying the story of the annihilation of the Nine Nandas by the indignant Cāṇakya, and the coronation of Candragupta, as set forth in the *Mudrārākṣasa.*

Beginning :

പാലൊത്ത മൊഴിതുകംശാരികത്തരുണീനീ
ചാലെത്തന്നീടും മധു സേവിച്ചാലസ്യം തീർത്ത
മാലെത്തും മന്നമതിൽ മോദത്തെ വളർത്തുവാൻ
കാലത്തെ കളയാതെ ചൊല്ലുക വിശേഷങ്ങൾ.
ദൂരത്തുനിന്നു പറന്നിങ്ങു പോരുന്നനേരം
ചാരത്തു കണ്ട വിശേഷങ്ങൾ നീ പറയേണം.
മോദത്തോടിതു നേരം നല്ലപൈങ്കിളിപ്പെണ്ണു
ഖേദത്തെക്കളഞ്ഞു ചൊല്ലീടിനാൾ തെളിവോടെ.
ബുദ്ധിസാമർത്ഥ്യമില്ല ചൊല്ലുവാനിനിക്കേതും
ബുദ്ധിയുണ്ടെന്നാകിലേ വാക്കുകൾ ഫലിച്ചീടു.

ശക്തിയാകുന്നതെല്ലാം ബുദ്ധിയെന്നറിഞ്ഞാലും
ബുദ്ധിതാനൊന്നു തന്നെ സൎവ്വവും ഫലിക്കുന്നു.
ബുദ്ധിയുള്ളവർകൾക്കു സാദ്ധ്യമല്ലാതെയൊന്നും
ഇത്രിലോകത്തിങ്കലില്ലെന്നു നിർണ്ണയമെല്ലോ.

Colophon:

ഇതി മുദ്രാരാക്ഷസെ നവനന്ദാഭിഷേകം നാമ ഗാനവിശേഷം സമാപ്തം—

End:

ഭൂമിനായക കുലമൌലിനായകക്കല്ലെ.
ഭൂമിയെപ്പാലിച്ചു ജീവിക്ക നീ ബഹുകാലം.
ആശിയും പലതരമിങ്ങിനെ ചൊല്ലിച്ചൊല്ലി
ദേശികനായ വിഷ്ണുഗുപ്തനാം ദ്വിജശ്രേഷ്ഠൻ.
യാത്രയും പറഞ്ഞുപോയാശ്രമം പുക്കുപിന്നെ
നിത്യവും തപസ്സുകൾ ചെയ്തുകൊണ്ടിരുന്നതെ.
പിന്നെയുംവന്നു ചന്ദ്രഗുപ്തനെക്കണ്ടും നിജ
മന്ദിരം പുക്കുമിരുന്നീടിനാൻ വിഷ്ണുഗുപ്തൻ.
ഭാഗ്യവാനായിട്ടുന്ന ചന്ദ്രഗുപ്തനും പിന്നെ
യോഗ്യമായ് പിതൃ ഭ്രാതൃനാശത്തിൻ പ്രതിക്രിയ
ചിന്തിച്ച വണ്ണംതന്നെ സാധിച്ചു സന്തുഷ്ടനായ്
മന്ത്രിയോടനുദിനം ചേർന്നു കൊണ്ടവനിയെ
ധൎമ്മത്തിൽ പിഴയാതെ പാലിച്ചു വഴിപോലെ
സമ്മോദം പൂണ്ടു പുഷ്പ മന്ദിരെ വാണീടിനാൻ.
ഇക്കഥ ചുരുക്കി ഞാനൊക്കവെ പറഞ്ഞുവെ-
ന്നുൾക്കുരുന്നേററം തെളിഞ്ഞുകിളിമകൾ താനും.
ആലസ്യം കളഞ്ഞവൾ രാമനാമവും പാടി-
കാലത്തു പറന്നു പോയീടിനാളതുകാലം.

Colophon:

ഇതി മുദ്രാരാക്ഷസം സമാപ്തം.—

ഇതിൽ ചാണക്യ കോപം കൊണ്ടു നവനന്ദന്മാരുടെ നാശം, ചന്ദ്ര ഗുപ്ത പട്ടാഭിഷേകം മുതലായതു സവിസ്തരം വൎണ്ണിക്കുന്നു. കൎത്തൃനാമം ഇതിൽ നിർദ്ദേശിച്ചുകാണുന്നില്ല.

No. 116. മൌസലം.

MAUSALAM.

Fol. 3. Lines, 12 on a page.

Begins on fol. 80 of the MS. described under No. 69

Verses on the following episode of the *Mahābhārata*. Sāmba, a scion of the Yādava race, disguises himself as a female, and asks a sage what kind of child he would give birth to. In accordance with the curse of the enraged sage, he gives birth to an iron pestle, which destroys the whole race of Sāmba.

Beginning :

ചന്ദനക്കാവിൽ തളരാതിരുന്നീടും
സുന്ദരി പൈങ്കിളിപ്പെൺകിടാവെ.
ചൊല്ലുക നല്ല കഥകളെ വല്ലതും
ചോദിച്ചനേരം കിളിയും ചൊന്നാൾ.
എങ്കിലോ കേൾപ്പിൻ ചുരുക്കി ഞാൻ ചൊല്ലുവൻ
പങ്കേരുഹാക്ഷിമാരെ നിങ്ങളും
നന്നായ് ചെവിതന്നു കേട്ടാലൊരുത്തർക്കും
സങ്കടമുണ്ടാകയില്ലയെല്ലൊ.
ഭാരതയുദ്ധം കഴിച്ചു ശ്രീമാധവൻ
ദ്വാരകതന്നിൽ വസിക്കും കാലം.
പത്തുമൊരെട്ടു സഹസ്രവും നാരിമാർ
പേറുള്ള പുത്രന്മാരങ്ങുണ്ടുപോൽ.

End :

അത്തലില്ലാതൊരു നിത്യനാമീശ്വരൻ
മർത്ത്യജന്മംകൊണ്ടു ഭാവിച്ചിതു.
ആൽത്തറതന്നിലിരുന്നരുളുന്നേരം
കാട്ടാളൻ തൃക്കാലിലെയ്തുവെല്ലോ.
പക്ഷിയെന്നോർത്തവൻ ചെന്നണയുന്നേരം
പത്മപത്രാക്ഷനെ കാണായ്‌വന്നു.
ഏറക്കരഞ്ഞു സ്തുതിച്ച കിരാതനു
പാരാതെനല്ല ഗതിയും നൽകി.
ദാരുകൻതന്നോടു യാത്രയും ചൊല്ലിപ്പോയ്
കാരുണ്യമൂർത്തി വൈകുണ്ഠം ചേർന്നു.
അച്ഛനമ്മയും ഭാര്യമാരെല്ലാരും
അച്യുതനോടും വൈകുണ്ഠം ചേർന്നു
ഇപ്പാട്ടു പാടിക്കളിക്കുന്ന മങ്കമാർ-
ക്കർഭകന്മാരും ധനവുമുണ്ടാം.

ഇതിൽ കൃഷ്ണഭഗവാനെ കാണുന്നതിന്നു മാമുനിമാർ ദ്വാരകയിലേക്കു വരുമ്പോൾ യാദവന്മാർ മാമുനിമാരെ അപമാനിക്കണമെന്നു കരുതി സാംബനെ സ്ത്രീവേഷം കെട്ടിച്ചു അവരുടെ മുമ്പിൽകൊണ്ടു നിർത്തി ഇവൾ പ്രസവിക്കുന്ന ശിശു ആണൊ പെണ്ണൊ എന്നു ചോദ്യം ചെയ്യുന്നു. ത്രികാലജ്ഞന്മാരായ മഹർഷിമാർ കുട്ടികളുടെ ഈ അവിവേകം കണ്ടു കോപാകുലന്മാരായിട്ടു "ഇവൾ പ്രസവിക്കുന്നതു് ഇരുമ്പുലക്കയാണെന്നും അതുകൊണ്ടു ഈ വംശനാശം ഏർപ്പെട്ടുമെന്നും" പറഞ്ഞു ഭഗവാനെ സംദർശിച്ചു മടങ്ങിപ്പോകുന്നു. ഋഷികളുടെ വാക്കനുസരിച്ചു ആ ഇരുമ്പുലക്കമൂലം വംശനാശവും സംഭവിക്കുന്നു.

No. 117. യുധിഷ്ഠിര വിജയ ഭാഷാവ്യാഖ്യാനം.

YUDHIṢṬHIRAVIJAYA BHĀṢĀVYĀKHYĀNAM.

Substance, palm leaf. Size, $13\frac{3}{4} \times 1\frac{3}{4}$ inches. Fol. 157. Lines, 9 on a page. Character, Malayalam. Condition, good. Appearance, old. Incomplete.

A commentary, in Malayālam, on the poem entitled *Yudhiṣṭhira-vijaya* by Vāsudēva.

Beginning :

പ്രദിശതുഗിരിശഃ (സ്തി) മിതാം ജ്ഞാനദൃശം വഃ ശ്രീയം ച ഗിരിശസ്തിം ഇതാം. പ്രശമിത പരമദമായം സ(ന്തഃ) സഞ്ചിന്തയന്തി പരമദമാഃ യം.—

ഗിരിശഃ വഃ ജ്ഞാനദൃശംപ്രദിശതു· ഗിരം ശ്രിയം ച ഗിരീശൻ ഞങ്ങൾക്കായിക്കൊണ്ടു ജ്ഞാനദൃക്കിനെ പ്രദാനം ചെയ്‌വുതാക. ഗീരിങ്കലെ ശ്രീയേയും ഗിരിശൻ ശ്രീമഹാദേവൻ. ജ്ഞാനദൃക്—ദൃക്കുപോലെ ഇരിക്കുന്ന ജ്ഞാനം· ദൃക്—കണ്ണ്. ജ്ഞാനം—അഭിപ്രായം. ദാനംചെയ്ക—തരിക. ഗീർ—വാക്ക. ശ്രീയ്—ശോഭ. സ്തിമിതാം—അങ്ങിനെ ഇരിക്കണം —ജ്ഞാനദൃക്—സ്തിമിതയായിരിക്കെണം. സ്തിമിതം—നിശ്ചലം. ശസ്തിം ഇതാം—അങ്ങിനെ ഇരിക്കണം. ഗീരിങ്കലെ ശ്രീയ് ശസ്തിയെ ഇതയായിരിക്കേണം. ശസ്തി പ്രസ്തുതി. ഇത പ്രാപ്ത സന്തഃയം സഞ്ചിന്തയന്തി—സത്തുക്കൾ യാതൊരു ഭഗവാനെ സഞ്ചിന്തിക്കുന്നത്. സത്തുക്കൾ—സജ്ജനങ്ങൾ സഞ്ചിന്തിക്ക—ഉപാസിക്ക. പ്രശമിദ പരമദമായം—അങ്ങിനെ ഇരുന്ന ഭഗവാൻ· പ്രശമിത പരമദമായനായിരിന്നു. പ്രശമിതപരമദ മായൻ—പ്രശമിതകളായിരിക്കിന്ന പരമദമായകളോടുകൂടിയവൻ. പ്രശമിതകൾ—പ്രകർഷേണ ശമിതകൾ. ശമിതകൾ—ശമിപ്പിക്കപ്പെട്ടവ. ശമിപ്പിക്ക—അടക്കുക. പരമദമായകൾ—പരന്മാരുടെ മദമായകൾ. പരന്മാർ—ശത്രുക്കൾ. മദമായകൾ—മദവും മായയും. മദം—അഹങ്കാരം. മായാ—ചതി. പരമദമാഃ—അങ്ങിനെ ഇരുന്ന സത്തുക്കൾ—പരമദമന്മാരായിരിന്നു. —പരമദമന്മാർ— പരമമായിരിക്കിന്ന ദമത്തോടു കൂടിയവർ. പരമം—ഉൽകൃഷ്ടം. ദമം—അടക്കം.

Colophon :

ഇതി യുധിഷ്ഠിര വിജയെ പ്രഥമ ആശ്വാസഃ.

End :

വിപുലതരൂപേതസ്യ പ്രസ്ഥെ പ്രാപുഃ മനോജ്ഞരൂപെതസ്യ സൂചിത ഭാവിജയേന പ്രഭയാ യോഗം നരഷഭാ വിജയേന.

നരഷഭാഃ തസ്യപ്രസ്ഥെ വിജയേനയോഗം പ്രാപുഃ—നരഷ(ഭ)ന്മാർ അരിന്റെ പ്രസ്ഥത്തിങ്കൽ വിജയനോടു യോഗത്തെ പ്രാപിച്ചു. നരഷഭന്മാർ—പാണ്ഡവന്മാർ. പ്രസ്ഥം—താഴ്‌വര. വിജയൻ—അജ്ജുനൻ. യോഗം—സംയോഗം. വിപുലതരൂപേതസ്യ—അങ്ങിനെ ഇരിന്നു. അതു വിപുലതരൂപേതമായിരുന്നു. വിപുലതരൂപേതം വിപുലതരുക്കളോടു ഉപേതം. വിപുലതരുക്കൾ—വിപുലങ്ങളായിരിക്കുന്ന തരുക്കൾ. വിപുലങ്ങൾ—പെരുകിയവ. തരുക്കൾ—വൃക്ഷങ്ങൾ. ഉപേതം—കൂടിയതു. മനോജ്ഞരൂപെ അങ്ങിനെ ഇരിന്നു. പ്രസ്ഥം മനോജ്ഞരൂപമായിരിന്നു. മനോജ്ഞരൂപം. മനോജ്ഞമായിരിക്കിന്ന രൂപത്തോടു കൂടിയതു. മനോജ്ഞം—മനോഹരം. പ്രഭയാ സൂചിതഭാ(ഭാ) വിജയേന—അങ്ങിനെ ഇരിന്നു. വിജയൻ പ്രഭകൊണ്ടു് സൂചിതഭാവിജയനായിരിന്നു. പ്രഭ—ശോഭ. സൂചിതഭാവിജയൻ—സൂചിതമായിരിക്കിന്ന ഭാവിജയത്തോടു കൂടിയവൻ. സൂചിതം—സൂചിക്കപ്പെട്ടതു്. സൂചിക്ക—തോന്നിക്ക. ഭാവിജയം—ഭാവിയായിരിക്കിന്ന ജയം. ഭാവീ—വരുവാനിരിക്കുന്നതു്.

വിനിവൃത്താഃ ശേഷതസ്യ പ്രസ്ഥാൽ. തെ അഭ്യാഗതെ സിതാശെ തസ്യ അധിഗതസദ്യോഗസ്യ പ്രാന്തം അഗുഃ യാമുനസ്യ സദ്യഃ അഗസ്യ.

സിതാശേച അഭ്യാഗതേ തസ്യ ശേചതസ്യ പ്രസ്ഥാൽ വിനിവൃത്താഃ തെസഖ്യഃ അഗസ്യ പ്രാന്തം അഗ്രഃ സിതാശചൻ അഭ്യാഗതനായിരിക്കം വിഷയത്തിങ്കൽ ശേചതത്തി. . . . .

ഭാരതകഥയെ അനുസരിച്ചു എഴുതിയിരിക്കുന്ന യുധിഷ്ഠിരവിജയം എന്ന ഗ്രന്ഥത്തിൻെറ ഒരു ഭാഷാവ്യാഖ്യാനമാകുന്നു ഇതു്. കഥ പാണ്ഡുവിൻെറ മൃഗയാവിഹാരം മുതല്ക്കാണു് ആരംഭിക്കുന്നതു്. യുധിഷ്ഠിരവിജയം സംസ്കൃതത്തിൽ എഴുതിയിരിക്കുന്ന ഒരു യമകകാവ്യമാണു്. ഇതിൻെറ കർത്താവു കുലശേഖരപ്പെരുമാളുടെ കാലത്തു ജീവിച്ചിരുന്ന വാസുദേവൻ നമ്പൂതിരിയാകുന്നു. ഇതിന്നു രാജാനകരത്നകണ്ഠൻ എന്ന ഒരു കാശ്മീരദേശീയൻ സംസ്കൃതത്തിൽ ഒരു വ്യാഖ്യാനം എഴുതിയിട്ടുണ്ടു്. അതിനെ അനുസരിച്ചാണു് ഈ ഭാഷാവ്യാഖ്യാനം എഴുതീട്ടുള്ളതു്. ഭാഷാവ്യാഖ്യാന കർത്താവു് ആരാണെന്നുള്ളതിന്നു ഇതുവരെ യാതൊരു തെളിവും കിട്ടീട്ടില്ല. ഇതും അച്ചടിച്ചിട്ടുള്ളതായി അറിവില്ല. ഭാഷാവ്യാഖ്യാനം 4 ആശ്വാസം മുഴുവനും 5-ാം ആശ്വാസത്തിൽ 38 ശ്ലോകവും വരെയാണു് ഇതിൽ ഉള്ളതു്. ഇതിൽ പദം അന്വയം അന്വയാർത്ഥം ഇങ്ങിനെയാണു് വ്യാഖ്യാനിച്ചിരിക്കുന്നതു്.

No. 118. രമോമാസംവാദം.

RAMŌMĀSAMVĀDAM.

Fol. 2. Lines, 12 on a page.
Begins on fol. 77-b of the MS. described under No. 69
Complete.

On an imaginary altercation between Goddess Ramā (Lakṣmī) and Goddess Umā (Pārvatī), in the course of which One points out the supposed defects of the Other's consort. The altercation is made up; and the Goddesses part in the best of spirits.

Beginning :

മാമല മങ്കയും പൂമാതും തങ്ങളിൽ
പ്രേമമില്ലാതെകണ്ടെന്നപോലെ,
ചൊല്ലിരസിച്ചൊരു സല്ലാപലീലക
ളല്ലലകലുവാനുള്ളവണ്ണം.
പൈങ്കിളിപ്പൈതലെ ഭംഗിയിൽ ചൊല്ലെടൊ
പങ്കമകലുവാനുള്ളവണ്ണം,
എങ്കിലോ കേട്ടാലും മങ്കമാരെല്ലാരും
ശങ്കരദൈവമെ കാത്തുകൊൾക.
ആനമുഖവനും വാണിയും കൃഷ്ണനും.
ആനന്ദത്തോടെ തുണെക്കെപ്പോഴും.
ശങ്കരനും മലമങ്കയാം ദേവിയും
പങ്കജസംഭവൻ താനുംകൂടി.

ഇന്ദ്രാദികളായ വൃന്ദാരകന്മാരും
ഒന്നിച്ചു മേദിനീ ഭാരം തീൎപ്പാൻ.
ക്ഷീരാംബുധി തന്റെ തീരം പ്രവേശിച്ചു
നാരായണനോടുണൎത്തിപ്പാനായി.

End :

കണ്ണൽ മിഴിയാളെ നിന്നുടെ കാന്തനു
മിന്നും മുടിയിലൊരു ത്തിയില്ലെ.
രാധയെപ്പണ്ടു ചുമലിലെടുത്തിലെ
നാണംകൂടാതെ നിൻ പ്രാണനാഥൻ
ആനനമുഖവനും ആറുമുഖവനും
മാനിനി നിങ്ങൾക്കു മക്കളല്ലെ.
എണ്ണിരണ്ടായിരം മങ്കമാർ പെററിട്ടു
ണ്ടെണ്ണമില്ലാതോളം മക്കളില്ലെ.
നക്ഷത്രജാലങ്ങളെ ത്രയുണ്ടെന്നാലും
അൎക്ക ചന്ദ്രന്മാരോടൊത്തുവരാ.
ഭൎത്താക്കന്മാരെക്കൊണ്ടിത്തരം നോംൎമ്മിൽ
വിസ്തരിക്കുന്നതും കഷ്ടംതന്നെ.
നന്നല്ലയെന്നുള്ളതെന്നുള്ളിലും തോന്നി
ധന്യേ ഗിരിവരകന്യേ പാൎത്താൽ

ഇതിൽ രമാദേവി പരമേശ്വര ദോഷങ്ങളെ പറയുമ്പോൾ അതിന്നുത്തരമായി പാൎവ്വതി വിഷ്ണുഭഗവാന്റെ ദോഷങ്ങളെ ചൂണ്ടിക്കാണിച്ച് അവസാനത്തിൽ സൌഹാൎദ്ദമായി രണ്ടുപേരും പിരിയുന്നു.

No. 119. രാധാമാധവ സംവാദം.

RĀDHĀMĀDHAVA SAMVĀDAM.

Pages, 3. Lines, 20 on a page.
Begins on page 113-a of the MS. described under No. 68
Complete.

Verses on the supposed banter of the lovers Śrī Rādhā and Śri Mādhava (Kṛṣṇa).

Beginning :

പൂമാതിൻമണാളൻ പണ്ടു ഭൂമിഭാരം തീൎപ്പാൻ
ശ്രീമതിയായൊരു ശൌരിപുരിയിലവതാരം ചെയ്തു.
കാമപാലനാമമാകും ജേ (ജ്യ) ഷ്ഠനോ മേഘശ്യാമള
കോമളഗോപകിശോര ശരീരംപൂണ്ടു
നന്ദഗോപനന്ദനനായ് തന്നിലയെ ചെന്നു
സാന്ദ്രാനന്ദമിയന്നു വളൎന്നുവരുന്ന കാലം.
പൂതനവാതാതിശീല ഘാതകന്മാരുടെ

ചേതനപോക്കി ജനാധികൾ നീക്കിവസിക്കുംകാലം
ഹേമന്തഭവനംതന്നിലാസമന്തായിവന്നു
(ഹ്യേ)മാന്തരമുടനഖിലം തിരയതിളുഹിനം.

End :

പന്നഗരാജനോ മററാരാനോ എന്നു
നിണ്ണയമെന്നോടു ചൊല്ലീടണം.
പന്നഗനല്ലഞാനന്നനടയാളെ !
പന്നഗമർദ്ദനനെന്നറിക.
വിണ്ണുരഥമെന്തിവിടെവരുവാനും
വിണ്ണു ഇവി,ട വസിക്കുന്നില്ല.
പക്ഷീന്ദ്രനല്ല ഹരിയെന്നറിഞ്ഞാലും
പക്ഷ്മളലോചനെ ഇജ്ജനത്തെ.
മർക്കടനെങ്കിലോ ഇക്കാലം കാഴ്ചക്കായ്
നില്ക്കപ്പലരുവാൻ നേരത്തോളം.
ഇ (ഉ) ത്തരമിത്തരം കേട്ടാരുമാധവൻ
ഉത്തരമില്ലാഞ്ഞുഴന്നുപിന്നെ.
നീരജബന്ധു ഉദിക്കുവോളംതത്ര
പ്രീതനായ് വന്നിതുപദ്മനാഭൻ.

ഇതിൽ രാധാമാധവന്മാരുടെ വക്രസല്ലാപമാകുന്നു. ഗ്രന്ഥത്തിൽ അക്ഷരവീഴ്ചകൾ ധാരാളമുണ്ടു്.

No. 120. രാമചരിതം.

RĀMACARITAM.

Substance, paper. Size, $10\frac{3}{4} \times 9\frac{3}{4}$ inches. Pages, 390. Lines, 20 on a page. Character, Malayalam. Condition, good. Appearance, new.

A poem containing the story of the Yuddhakāṇḍa in the *Rāmāyaṇa*. The authorship of this poem is attributed to a King named Rāma Varma, and its language and style are very old.

Beginning :

കാനനങ്ങളിലരൻ കളിറുമാസ്സുരിണിയായി
ക്കാനെടുംകണ്ണുമതമ്മിൽ വിളയാടിനടന്റ-
ന്നാനെനംപടിവുള്ളയുരുവായവതരിത്തശക്തിയെ
നല്ലവിനായകനെമ്മൊര മേലെനെ
ഞാനിതൊൻറുമുനിയിൻറതിനെപ്പാനതമെന്നും
നാളതാതന്നിൽ നിരൽനിരന്തരമിരുന്തരുൾതെളി-
ഞ്ഞുനമറററിവെനിക്കുവൻ മുതിക്കുംവണ്ണമെ
ഉഴിയേഴിയുൻറിറെന്ത മറഞ്ഞാനപ്പൊരുളേ !

End :

ഏതുന്നല്ലവഴിയല്ലലെന്നു മൊളങ്ങെളറെന്തൊരും
തളരുമാറുവരും വമ്പിറവിയാം
ഓതയിൽക്കിടന്റു നീണ്ടുമതൊഴിഞ്ഞു കൊൾവതി
ന്നൊന്റുമില്ലതൊഴിലേതുമ്മികവെന്റു നിനവാൽ.
ആതിതേവനിലമർന്നമനകാംപൃടെയ ചീരാമെനൻപിനൊടു
ഇയംപിനതമിഴ്ക്ക വിവജ്ഞാര -
പൊതിമ്മാതിനിടമാവെരുടെൻ വീഴ്‌വളവുവിൽ
ഋപ്പോറിപോകചയെനെൻ ചരണതാരണെവെരെ.

Colophon :

ശ്രീരാമ ചരിതം സംപൂർണ്ണം.

ഇതിൽരാമായണം യുദ്ധകാണ്ഡം കഥയാണു്. ഗ്രന്ഥകർത്താവു. രാമവർമ്മ എന്ന രാജാവാണെന്നു ചിലർ സ്ഥാപിച്ചിട്ടുണ്ടു്.

No. 121. രാമരാവണ യുദ്ധം.

RĀMARĀVAṆA YUDDHAM.

Substance, paper. Size, $10\frac{3}{4} \times 9\frac{3}{4}$ inches. Pages, 15. Lines, 20 on a page. Character, Malayalam. Condition, good. Appearance, new.

On the fight between Śrī Rāma and Rāvaṇa ; especially the part relating to the slaying of Kumbhakarṇa by Śrī Rāma.

Beginning :

വാണീദേവിയും വാണീമണാളനും
ക്ഷോണീദേവന്മാരിന്ദ്രാദിദേവന്മാർ
ഏണനേർമിഴിയാളായ ലക്ഷ്മിയും.
വാണിടേണമെന്നുള്ളിലനാരതം.
മൽഗ്ഗുരുനാഥന്മാരും മുനികളും
വഗ്ഗ്ഗുദാക്ഷിണി പാർവ്വതിദേവിയും
സൽഗ്ഗുണജ്ഞന്മാരായ ബുധന്മാരും.
സൽഗതിമമസംഭവിച്ചീടണം.
രാമരാവണന്മാരുടെ യുദ്ധത്തിൽ
രാമബാണങ്ങളേററുവിക്ഷണ്ഡനായ്
രാവണൻ പുറംവാങ്ങീക്രമത്താലെ
ധാവനംചെയ്തു ലങ്കയിലുൾപ്പുക്കു.
എന്തിനിക്കരണീയം നമുക്കെന്നു
ചിന്തിച്ചുള്ളിലുറപ്പിച്ചുരചെയ്തു
യാതുധാനന്മാരാകുന്ന വീരന്മാ -
രേതുമൊന്നു കുലുങ്ങാത്തതെന്തെടോ

End :

പരവശമായിതുകപികുലമഖിലം
നരപതിചരണം ശരണം ശരണം.
വാനരസേനകളിങ്ങിനെസരസം

ദീനതപൂണ്ടു പറഞ്ഞൊരുസമയെ
ദിനകര കുലമതിലതിശയമുടെയവ-
നനുപമഗുണനിധി രഘുവീരൻ താൻ
എടുത്തുവിരവൊടു കാർമ്മുകമപ്പോ-
ളെടുത്തു കരമതിലതി ബലശാലി.
തൊടുത്തുശരവര മരിയുടെ മാറ്റെ
തടുത്തു പടപൊരുവതിനു തുടർന്നു,
കുംഭികോടി ബലവിക്രമനാകും
കുംഭകർണ്ണനെ വധിച്ചിതു രാമൻ
ജംഭവൈരിയുടെ മാനസതാരിൽ
സംഭ്രമംസപദിതീർത്തു വസിച്ചാൻ.

ഇതിൽ രാവണൻ ശ്രീരാമനോടു യുദ്ധത്തിൽ തോററുമടങ്ങി അനുജനായ കുംഭകർണ്ണനെ വിളിച്ചുണർത്തി യുദ്ധത്തിന്നയക്കുന്നു. ഭീതരായ വാനരന്മാർ ശ്രീരാമനെ അഭയം പ്രാപിക്കയും അദ്ദേഹം കുംഭകർണ്ണനെ വധിക്കയും ചെയ്യുന്നു. ഇതാണ് കഥാസാരം. ഇതിന്റെ കർത്താവാരെന്നു പറയുന്നില്ല.

No. 122. രാമായണം (കുറത്തിപ്പാട്ടു).

RĀMĀYAṆAM (KURATTIPPĀTTU).

Fol. 2. Lines, 13 on a page.

Begins on foll. 63-*a* of the MS. described under No. 69

Songs, in the *Kurattipattu* style, purporting to contain the predictions of a supposed gipsy woman palmist, who looks at the palm of Śrī Sītā, while the latter is unmarried, and foretells the events of the *Rāmāyaṇa*.

Beginning :

ശ്രീ ഭുവനം നാടുതോറും, നാടുനല്ലദേശം
ഇഭുവനം തന്നിലെ പ്രസിദ്ധമായനാട്ട്
കന്ദവനം തന്നിലെപിറന്നൊരു കുറത്തി
വിഷ്ണുവിങ്കൽ ഭക്തിയോടെ വിശ്വസിച്ചൊരുത്തി
ഭക്തനായ നൽകുറവൻ വേട്ടുകൊണ്ടവളെ
ഇഷ്ടമായ പട്ടണത്തിൽ തുഷ്ടിയോടെ വാണാൻ
ഏകചക്രനെന്നതൊരു ബാലനും പിറന്നു.
ആറുമാസം ബാലനു കഴിഞ്ഞുതേയുള്ളു.
അന്നൊരു നാളക്കുറവനക്കുറത്തിതന്നെ
മന്ദമായ് വിളിച്ചരികെ ചേർത്തവനും ചൊന്നാൻ.
ഇന്നിലത്തുനിന്നു നാം പുറപ്പെടുക ബാലെ
മന്നിടത്തിലങ്ങു ചെന്നിരുന്നു കൊൾവാനായി.
നമ്മുടെയ ജാതിധർമ്മങ്ങിനെയതുള്ളു
ജാതിധർമ്മം വിട്ടുവെങ്കിൽ പാതകവുമുണ്ടാം.

End :

രാവണനനുമായത്താലെ മാനിനെയയക്കും
മാനിനെപ്പിടിപ്പതിന്നായ് രാമനനംനടക്കും.
രാമനെത്തിരവതിന്നായ് ലക്ഷ്മണനംപോകും
നാരിമണിസീതതന്നെ കട്ടുകൊണ്ടുപോകും.
ലങ്കതന്നിൽ കൊണ്ടുവെച്ചു രാവണനിരിക്കും
സീതയെ തിരഞ്ഞു കൊണ്ടു രാമനനംനടക്കും.
കേണുകിടന്നീടിനജടായുവിനെ കാണും
സൽഗതികൊടുത്തവനു കാട്ടിലകംപൂകും
ശക്തനായുരുവിനകബന്ധനേയും കാണും
യോഗിനിയായ് മേവിന ശബരിയേയും കാണും
സുഗ്രീവനെ കണ്ടുടനെ സഖ്യമതുചെയ്യും
ബാലിയേയും കൊന്നവനു രാജ്യമതുനൽകും
സീതയെതിരവതിന്നായനുമാനണ്ടുപോകും.
ലങ്കചുട്ടുവങ്കടലും ചാടിയവൻപോരും
വാനരരമൊന്നു ചിറകെട്ടുമവിട്ടന്ന
അക്കരെക്കടന്നരചൻവെന്തലമുടിക്കും
രാവണനെക്കൊന്നു ലംകാവിഭീഷണനനൽകും.
നാരിമണിസീതതന്നെ വീണ്ടുകൊണ്ടുപോരും . . .

ഈ ഗ്രന്ഥത്തിൽ ഒരു കുറത്തി ദശരഥൻെറ പത്നിമാരുടെ കൈനോക്കി ഭാവിരാമായണ കഥയെ പറയുന്നു. ഈ ഗ്രന്ഥം അപൂർണ്ണമാകുന്നു.

No. 123. രാമാനുകരണം തുള്ളൽ.

RĀMĀNUKARAṆAM TULLAL.

Fol. 1. Lines, 13 on a page.

This work begins on fol. 47 of the MS. described under No. 69

Incomplete.

Verses on a quasi-Purānic episode. After His supposed amours with the *Gōpis*, Śrī Kṛṣṇa appears at midnight before the closed doors of the room of the jealous and indignant Rukmiṇī, His Consort, and requests her to open the doors.

Beginning :

ബന്ധുകാധരിമാർ കൂപ്പും ബന്ധുരാംഗിവാതിൽ
ബന്ധിച്ചു കിടപ്പാനെന്തു ബന്ധംബാലെ
അന്തിനേരവു മിരുട്ടുംവന്നു ക്രുടിനിൻെറ
അന്തികെശയിപ്പാനെല്ലോവന്നു ഞാനും
പന്തിടഞ്ഞപോർമുലകൾ പുൽവാനെല്ലോവന്നു.
മന്ദിഗാമിനിനിൻ കാന്തൻ വാസുദേവൻ.

End :

മററുള്ളമാനിനിമാരെ കൈവെടിഞ്ഞു ഞാനും
മററും നിന്നോടുരമിപ്പനെല്ലോവന്നു.
മാരന്റെ ശരങ്ങളേററു മാഴ്കീടുന്നുദേഹം
ആരെന്റെ മാലറിയുന്നു നീയല്ലാതെ.
പാരമുണ്ടു പരിതാപം പങ്കജാക്ഷി ബാലെ
പാരാതെതുറക്കവാതിൽ രുക്മിണീനീ.

ഇതിൽ ഗോപികാവല്ലഭനായ കൃഷ്ണൻ അദ്ധരാത്രിസമയത്തു വന്നു പ്രണയകുപിതയായ രുക്മിണിയോടു അനുനയപൂവ്വം വാതിൽ തുറക്കുവാൻ അപേക്ഷിക്കുന്നു. ആദ്യന്തരഹിതമായതുകൊണ്ടു ഇതു അപൂണ്ണമാകുന്നു. ഇതിന്റെ കത്താവു കഞ്ചൻ നമ്പ്യാരാണ്

No. 124. രുക്മിണീസ്വയംവരം പാട്ടു.

RUKMIṆĪSVAYAMVARAM PĀṬṬU.

Foll. 4. Lines, 13 on a page.

Begins on fol. 22-*a* of the MS. described under No. 69.

Complete.

On the Svayamvaram of Rukmiṇi, an episode from the "Śrī Bhāgavata."

Beginning :

പഞ്ചവർണ്ണപൈങ്കിളിയെ പഞ്ചസാരപാൽപഴവും
അഞ്ചാതെനീഭുജിച്ചുനന്നായി സഞ്ചരിച്ചതളച്ചുതീത്ത
പങ്കജാക്ഷൻ ലീലചൊൽക പങ്കമെല്ലാമകലുവാനായ്
എന്നതുകേട്ടക്കിളിയും വന്ദിച്ചവകൾതിന്നു ചൊന്നാൾ
വിണ്ണവർതൻപുരിയൊടൊത്ത കുണ്ഡിനമാംപുരത്തിൽ പണ്ടു
മന്നവനാം ഭീഷ്മകനു കന്യകയൊന്നുണ്ടായെല്ലോ.
പേരവൾക്കു രുഗ്മിണിതാൻ നാരിമാരില്ലവളൊടൊപ്പം
സവ്വഗാത്രസുന്ദരിക്കു യൌവനവും വന്നകാലം
രുക്മിണിതൻസോദരനാം രുക്മൻതാനുമന്നൊരുനാൾ
തന്നുടെയ്താതൻമുമ്പിൽ ചെന്നുവന്ദിച്ചേവം ചൊന്നാൻ
മേദിനിയിലിന്നു പാത്താൽ ചേദിനാഥതനയനായ
ശൂരനായ ശിശുപാലന്നനേരായിട്ടിന്നാരുമില്ല.

End :

നവദയിത സംഗമലജ്ജകൊണ്ടു
നമിതമുഖിയായ്ക്കണ്ടു രുക്മിണിയെ
ചതുരതരനായൊരു ശൌരിതാനും
ചടുവചനമോരോന്നിവണ്ണം ചൊന്നാൻ
കമലദളലോചനെ കണ്ടായോ നീ
കനകമയ പഞ്ജരപൈങ്കിളിയെ

മദനകരമമ്പിളി ബിംബം തന്നെ
മ (തിമുഖി)......ലുംഗവാക്കുത്തുടെ
കുവലയപത്രേക്ഷണെ കുന്ദദന്തി
കുയിലുകൾ കൂകുന്നതും കണ്ടായോ നീ.
കളഭവരഗാമിനീ കേട്ടായോ നീ
കള മളികൾ മൂളുന്ന നാദംതന്നെ.
മധുരതര മോരോന്നിവണ്ണം ചൊല്ലി
മതികുതുകമുണ്ടാക്കി രുഗ്മിണിക്ക്
മധുമഥനൻ രുഗ്മിണിയോടുംകൂടി
മദനവിലാസേന സുഖിച്ചുവാണാൻ
ഹരിചരിതമിങ്ങനെ ചൊല്ലിപ്പിന്നെ
ഹരിവനിതാകാര്യനീതിന്നുരുന്നാൾ.

Colophon :

ഇതി രുഗ്മിണീസ്വയംവരം.

ഇതിൽ ഭഗവാൻ കൃഷ്ണൻ രുഗ്മിണിയെ പരിണയനം ചെയ്യുന്നതായി പ്രതിപാദിച്ചിരിക്കുന്നു.

No. 125. വ്യാസോല്പത്തി.

VYĀSŌTPATTI.

Substance, paper. Size, $10\frac{3}{4} \times 10$ inches. Pages, 22. Lines, 20 on a page. Character, Malayalam. Condition, good. Appearance, new.

Begins on page 73. The other works herein are.—medinicandrotava 1 Vetayuddha 78. Kāathaviryārjuna Vijoya 87.

On the birth of Vyāsa to Matsyagandhī by Parāśara.

Beginning :

മത്തേഭാസ്യംസുശുണ്ഡോൽഭവപവനഗുരാപാളിനാദാനുമോദം
മർത്ത്യാമർത്ത്യാദിസേവ്യം ശശികലിതജടാബദ്ധഭാസ്വൽകിരീടം . . |
നിത്യാനന്ദസ്വരൂപം നിജപദവിനമദ്വിഘ്നവിച്ഛേദദക്ഷം
സത്യാകാരം തമീഡേമഹദസനലതാനായകം വിഘ്നരാജം ൧
നതവിഹിതകടാക്ഷം ദത്തഭദ്രലോകദക്ഷം
പദനതസുരയക്ഷം ത്ര്യക്ഷമത്യർത്ഥദക്ഷം . . |
ദുരിതഹരണദക്ഷം സൂര്യചന്ദ്രാനലാക്ഷം
ശ്രിതകമലഭവാക്ഷം നൌമിനിദ്ധ്യുതദക്ഷം . . ൨.
ഭസിതധവളഭാസം ഭാസ്വദബ്ജാവതംസം
വിബുധഹൃദധിവാസം ചന്ദ്രികാചാരുഹാസം.
ജിതതിലസുമനാസം നൌമിസംഗ്രഹൂദാസം
വിഹിതരിപുനിരാസം ഭോഗിശാലാധിവാസം.

End :

ഏവം രമിച്ചു പരിശോടെ ജനിച്ചു വ്യാസൻ
വന്ദിച്ചു തത്ര പിതൃപാദസരോരുഹാണി.
നന്ദിച്ചുകൊണ്ടു പരമേവ കൊടുത്തനുജ്ഞാം"
നന്നായ്ഗമിച്ചേവനമേവ തപോവിരക്ത്യം.

Colophon :

ഇതി വ്യാസോല്പത്തി :

ഇതിൽ മത്സ്യഗന്ധിയിൽ പരാശരപുത്രനായി വ്യാസൻ ജനിച്ചതായി പറയുന്നു. ഇതു കഥകളിയാണ്.

No. 126. ശംബരവധം.

ŚAMBARA VADHAM.

Fol. 4. Lines, 12 on a page.

Begins on fol. 58-*a* of the MS. described under No 69.

Complete.

Contains the *Sri Bhāgavata* story of the slaying of Śambarāsura by Pradyumna.

Beginning :

ചൊല്ലു കിളിപ്പെണ്ണേ മല്ലാരി തന്നുടെ
നല്ല ചരിതങ്ങളുള്ളവണ്ണം.
ഉല്ലാസമേറുന്ന കല്യാണശീലന്റെ
ലീലാമൃതം കേട്ടാൽ നീങ്ങും പാപം.
ശാരീരമുള്ളോരു ശാരികപ്പൈതലെ
ശൌരീചരിതമത്ര ചൊല്ലെന്നോട്.
ഉള്ളംതെളിവോടു കിളളിക്കുറുശ്ശിയിൽ
വാണരുളും ദേവൻ കാത്തിടേണം.
ഉണ്ണിഗ്ഗണേശനും കണ്ണൻ ഭഗവാനും
വിണ്ണോർവീരന്മാരും കാത്തിടേണം.
ഏണമിഴിയാളാം വാണീഭഗവതി
വാണീടേണമെന്റെ നാവുതന്മേൽ
എങ്കിലൊ കേട്ടാലും മങ്കമാരെല്ലാരും
ശങ്കാകളഞ്ഞു പറഞ്ഞിടുന്നു.
വൃഷ്ണികുലോത്തമൻ കൃഷ്ണൻ തിരുവടി
രുഗ്മിണിദേവിയെ വേട്ടശേഷം
ദ്വാരാവതിതന്നിൽ സ്വൈരം വസിച്ചിങ്ങു
കാരണപൂരുഷൻ വാഴുംകാലം
ആരോമൽപെണ്ണിന്റെ ചാരുവിലാസങ്ങ
ളോരോന്നെകണ്ടു രമിച്ചു കൃഷ്ണൻ
അക്കാലമമ്പോടു മുക്കണ്ണനീശന്റെ
തൃക്കണ്ണിലാശു ദഹിച്ചു കാമൻ.

End :

അംഗജജനകനും തിങ്ങിന സേനയും
തങ്ങളിലാശു പടപൊരുതി
മാനിയാം പ്രദ്യുമ്നൻ ദാനവക്കൂട്ടത്തെ
താനേവധംചെയ്തു വേഗത്തോടെ
പാരിൽപരക്കുന്ന ചോരപ്പുഴകളും
നേരെ ചമച്ചിതു കാമദേവൻ.
ശംബരനോരോരോ മായാപ്രയോഗങ്ങൾ
അംബരെനിന്നു പലതും ചെയ്തു.
ഒന്നുംഫലിച്ചീല കന്ദർപ്പനോടപ്പോൾ
എന്നല്ല കൊന്നിതു ശംബരനെ
ശംബരനെക്കൊല ചെയ്തുഹരിസുതൻ
പെൺമണിയായ രതിയുമായി
അംബരമാർഗ്ഗമെ ദ്വാരാവതി പുക്കു
അമ്മയെക്കണ്ടു ജനകനേയും
എന്നുപറഞ്ഞു പറന്നു കിളികൾ
കന്ദർപ്പൻ സൌഖ്യേന വാണുമോദാൽ.

Colophon :

ഇതി ശംബരവധം കഥാ.

ഇതിൽ ശിവന്റെ തൃക്കണ്ണിൽ ദഹിച്ച മന്മഥൻ രുഗ്മിണിയുടെ ഗർഭത്തിൽ പ്രദ്യുമ്നനായി അവതരിച്ചു ശംബരാസുരനെ കൊല്ലുന്നു. ഈ കഥ ഭാഗവതത്തിലുള്ളതാകുന്നു.

No. 127. ശാകുന്തളം പാട്ടു.

ŚĀKUNTALAM PĀṬṬŪ.

Fol. 7. Lines, 13 on a page.

Begins on fol. 38 of the MS. described under No 69.
Complete.
Gives an account of Śakuntalā and her husband, Duṣyanta.

Beginning :

മധുരമൊഴി ശാരികെ വന്നാലും നീ
മധുഗുളവും പാലും പഴവും നൽകാം.
മനുജപതി ദുഷ്ഷന്തനായ വീരൻ
മുനിസുതയാകുന്ന ശകുന്തളയെ
കുതുകമോടു ഗാന്ധർവ്വമായിവേട്ടു
കഥപറകവേണംനീ യെന്നോടിപ്പോൾ
വിരവൊടതുകേട്ടു കിളിക്കിടാവും
ഗുരുചരണം ചിന്തിച്ചു ഭക്തിയോടെ
കരുണകലർന്നീടുന്ന നെല്ലുവായിൽ

കരിമുകിൽവർണ്ണൻതന്നെ കൈവണങ്ങി.
കരിവദനഭാരതീ കൃഷ്ണന്മാരെ
കരളിലുറപ്പിച്ചു പറഞ്ഞാളപ്പോൾ
പുകൾപെരിയ സോമകുലത്തിൽപണ്ടു
പ്രകൃതിഗുണശീലാ ചാരങ്ങളോടെ
പുരുഷമണി ദുഷ്ഷന്തനെന്നുപേരാ
യൊരുധരണി നായകനുണ്ടായ്വന്നു.
അഴകൊടവൻനാട്ടിൽ പ്രജകൾക്കെല്ലാ-
മഴലൊഴിയുമാറു പരിപാലിച്ചു
സചിവപരിചാരക വൃന്ദത്തോടെ
രുചിരതരകീർത്ത്യാ വസിക്കും കാലം.
ഒരുദിവസം നായാട്ടിന്നായിക്കൊണ്ടു
കരമതിലമ്പും നല്ലവില്ലുമായി
പെരിയ രഥം തന്നിൽ കരേറിട്ടവൻ
കരിതുരഗ കാലാൾപ്പടകളോടും

End :

അരികെമരുവിന സരസിജമുഖിയോടു
സരസംനരവര നുരചെയ്തു
അരുണാധരി ശൃണു മാമകവചനം
അരുതെ, നീരസ മകതളിരിൽ
പരമാർത്ഥംതവ പരിചയമൊട്ടുമെ
പരിചൊടു തോന്നീടാഞ്ഞതിനാൽ ഞാൻ
പരുഷം ഞാൻ തവ പറഞ്ഞതുകൊണ്ടൊരു
പരിഭവമുള്ളിലുദിക്കരുതെ.
ദയയില്ലാതൊരു ശഠനിവനെന്നതു
ദയിതെ ! തവ ഹൃദി തോന്നരുതെ
കൃപയാലെ പലമപരാധം മമ
സപദിസഹിക്ക സമസ്തമിദം.
സതതം ഞാൻ തവഹിതമതു നൽകുവാൻ
അതിമോദേന വസിച്ചുകൊൾക.
ഭരതൻ നമ്മുടെ തനയൻ മേദിനീ
ഭരണം ചെയ്യുതിനെന്നറിക
പെരുകുന്നു മമ മന്മഥവേദന
തരികധരാമൃത മാശു മുദാ
വിരവൊടെ നൃപഗിര മിതികേട്ടവ
ളുരചെയ്താളതി സരസതരം.
കുലനാരീകുല മതിലൊരുവൾക്കിഹ
കലഹം കാന്തനൊടുളവാമോ.
പ്രിയമെന്നാകിലു മപ്രിയമാകിലു

മയിതവ വചനം മമമധുരം
ഹൃദയം ചേന്നവരങ്ങടിനമിങ്ങിനെ
അതിമോദേന വസിച്ചു സുഖം.

Colophon :

ശാകുന്തളം.

ഈ ഗ്രന്ഥത്തിൽ ദുഷ്യന്ത മഹാരാജാവു നായാട്ടിനു വനത്തിൽ പ്രവേശിച്ചപ്പോൾ യദൃച്ഛയാ കണ്വാശ്രമത്തിൽ ശകുന്തളെ ഏകാകിയായിക്കാണുന്നു. കാമാത്തനായ രാജാവു അവളുടെ ഇഷ്ടപ്രകാരം ഗാന്ധവ്വവിവാഹം ചെയ്യുന്നു. ഈ കഥ ഭാരതത്തിൽ പറഞ്ഞിട്ടുണ്ടു്.

No. 128. ശീലവതീചരിതം.

ŚĪLAVATĪCARITAM.

Foll. 27. Lines, 7 on a page.

Begins on fol. 47-a of the MS. described under No. 74

Contains the story of Śīlavatī. She implicitly obeys her diseased husband, and at his wish carries him, one night on her shoulders to the house of a prostitute. On the way total darkness sets in, and his body rubs against that of the sage Māṇḍavya, who is impaled on a pike as a punishment. The sage curses him with death on the following morning. By means of the power of her chastity, Śīlavati prevents the sun from rising. This causes great suffering to the whole world, and the Divine Trinity appear before Śīlavati, and grant her wish. The sun then dawns.

Beginning :

ശ്രീരാമ ഗോവിന്ദ നാരായണാനന്ദ
ശ്രീവാസുദേവ മുകുന്ദ ഹരേ.
വില്പാമല തന്നിൽ പള്ളികൊണ്ടീടുന്ന
വില്ലാളിവീര ശ്രീരാമചന്ദ്ര.
കല്യാണവാരിധെ കാത്തരുളേണമെ
കാരുണ്യമൂത്തെ ഞാൻ കൈതൊഴുന്നേൻ.
കിള്ളികുറിച്ചിമഹാദേവനെന്നുടെ
ഉള്ളിൽ വിളങ്ങേണ മെല്ലാനാളും
വെള്ളിമലതന്നിൽ പള്ളികൊണ്ടീടുന്ന
വേദസ്വരൂപമെ പാലയമാം.
തുള്ളിക്കളിക്കുമരവങ്ങളും നല്ല
പുള്ളിമറിമാനും വെൺമഴുവും
അമ്പിളിത്തെല്ലുമങ്ങാകാശഗംഗയും
തുമ്പയും ചാമ്പൽപുലിത്തൊകിലും

ശൂലംകപാലം കട്ടന്നൂടി തുടക്കം
ചാലെ ധരിക്കമത്തമ്പുരാനെ.
ശ്രീശുകമന്ദിരാ നാഥജഗന്നാഥ
ശ്രീശൂലപാണെ ഞാൻ കൈതൊഴന്നേൻ.
ചിത്തമഹേശനെ ചിന്തിച്ചുവാഴന്ന
തത്തെ വരിക നീ വൈകിടാതെ
ശീലവതിയുടെ ചാരിത്രശുദ്ധിയും
ശീലഗുണങ്ങളും സൌന്ദര്യവും,

Colophon :

ഇതി ശീലാവതി കഥ പ്രഥമപാദം സമാപ്തം.

End :

സർവ്വേശനാകന്ന നിൎന്റകോപം
ദുർവ്വാസമെന്ന പ്രസിദ്ധം
അത്രിക്കുപുത്രനായ് വന്നസുവ
വിത്രചരിത്ര സമേതൻ.
പിന്നെവിരിഞ്ചന്റെ യോഗാൽ
കൃതിതന്നെ ശരീരമതായി.
ചന്ദ്രനെന്നുള്ളോരു നല്ലമുനി
ചന്ദ്രാമൃതകൃതി ശീലൻ.
അത്രിമഹാമുനി ശ്രേഷ്ഠൻതന്റെ
നേത്രത്തിൽനിന്ന ജനിച്ച
ശൃംഗാരകോമളരൂപീശശി
ശൃംഗാരയോനിക്ക ബന്ധു.
ഇങ്ങിനെ മൂർത്തികൾ മൂന്നം
ബഹുമംഗലമോടെ വിളങ്ങി.
ഇക്കഥ പാടിക്കളിക്കുന്നോൎക്കു
ദുഃഖങ്ങളൊക്കവെ നീങ്ങും.
സന്തതിയും നെടുമംഗല്യവും
കാന്തിസമ്പത്തുമായുസ്സുമുണ്ടാം.
ഇക്കഥപറഞ്ഞു കിളിമകൾ സുഖി-
ച്ചുത്താനന്ദം പൂണ്ടിരുന്നാൾ.

Colophon :

ശീലാവതി നാലുപാദം സമാപ്തം.

കൊല്ലം 1032-ാമതു മേടമാസം 6-ാംനു രോഹിണിനാൾക്കൂടിയ ദിവസം ശനിയാഴ്ച ദിവസം നാലുമണിയാകുമ്പോൾ എഴുതിക്കഴിഞ്ഞ ശീലാവതി പാട്ട സമാപ്തം.

ഇതിൽ ഉഗ്രതപസ്സെന്ന മഹൎഷിയുടെ പത്നിയായ ശീലാവതി രോഗപീഡിതനായ ഭൎത്താവിന്റെ ഇച്ഛാനുസരണം അദ്ദേഹത്തെ വഹിച്ചുകൊണ്ടു ഒരു ദാസീഗൃഹത്തിലേക്കു കൊണ്ടുപോകുന്നു. രാത്രിയായതുകൊണ്ടു കണ്ണുകാണാതെ ശൂലത്തിലിട്ടിരിക്കുന്ന മാണ്ഡവ്യമഹൎഷിയുടെ ശരീരത്തിൽ സ്വഭൎത്തൃശരീരം തട്ടുന്നു. തട്ടിയതുകൊണ്ടു വേദന സഹിക്കുവാൻ കഴിയാതെ മഹൎഷി ഉഗ്രതപസ്സിനെ ശപിക്കുന്നു. നാളെ സൂൎയ്യോദയമാകു

മ്പോൾ നീ മരിക്കുമെന്നുള്ള ശാപത്തെ കേട്ടു ഭയപ്പെട്ടു ശീലവതി പാതിവ്രത്യബലം കൊണ്ടു സൂര്യോദയമില്ലാതാക്കുന്നു. അതുകൊണ്ടു പീഡിതരായ ജനങ്ങൾ ത്രിമൂർത്തികളെ ആശ്രയിക്കുന്നു. ത്രിമൂർത്തികൾ അത്രിമഹർഷിയുടെ പത്നിയായ അനസൂയയെ കൂട്ടിക്കൊണ്ടുപോയി ശീലവതിയുടെ അടുത്തുചെല്ലുന്നു. അനസൂയയുടെ അപേക്ഷയനുസരിച്ചു ശീലവതി സൂര്യനെ ഉദിക്കുന്നതിന്നനുവദിക്കുന്നു. സൂര്യൻ ഉദിക്കുന്നു. സന്തുഷ്ടരായ ദേവന്മാർ ശീലവതിയുടെ കാന്തന്നു ആയുരാരോഗ്യസമ്പൽസൌന്ദര്യാദികളെ പ്രദാനം ചെയ്യുന്നു. ഇതാണ് കഥാസാരം.

No. 129. ശ്രീകൃഷ്ണചരിതം മണിപ്രവാളം.

ŚRĪKṚṢṆACARITAM MAṆIPRAVĀLAM.

Substance, paper. Size, $11 \times 9\frac{3}{4}$ inches. Pages, 54. Lines, 20 on a page. Character, Malayalam. Condition, good. Appearance, new. Incomplete.

Gives the story of God, Śrī Kṛṣṇa, as found in the Śrībhāgavata Purāṇa. The author is Kuñjan Nambiyār.

Beginning :

പൃച്ഛിക്കു ഹന്ത ......കാരണമാരണനാ-
രിച്ഛിക്കു .... ക്ഷമവൾക്കു വേണ്ടു
ഗോവർദ്ധനത്തിനു മശേ .... ന്നീസുരക്ഷം
ഭാവപ്രിയായ .... നം തുടരേണമിപ്പോൾ.
എന്നുള്ള .... ഭാരതി കേട്ടനേരം
നന്ദിച്ചു നന്ദകുല .... ന്ദ മശേഷമപ്പോൾ.
വന്ദിച്ചു ഭൂമിധര .... മിസുരൌഘമെല്ലാം
മന്ദേതരം മഹിതമാം മഖവും തുടങ്ങി.
ഗോവർദ്ധനാകൃതിചമഞ്ഞു മഖം ഭുജിച്ചു
ഗോവിന്ദനിന്ദ്രനുടെ ഹുംകൃതിപോക്കുവാനായ്.
ആവർദ്ധിതാഭിരുചി സുന്ദരമിന്ദ്രനായി
ഭാവിച്ചവസ്സു ഗിരിവിപ്രരിലാവഹിച്ചു
വൃത്രാരിതൻ മനസി കോപമുടൻ ജനിച്ചു.
നേത്രങ്ങളായിരവുമങ്ങു കലങ്ങിമാത്രം
...... ധികം മഴചൊരിഞ്ഞുമഖം മുടക്കീ
ധാത്രീതലം ജലധിയാക്കുവനെന്നുറച്ചു.

Colophon :

ഇതി ശ്രീകൃഷ്ണചരിതെ പഞ്ചമഃസർഗ്ഗഃ.

End :

ഇക്കാര്യം കൃഷ്ണലീലാമൃതകഥ ... ഹാ പാവനം ഭാവനീയം
തൽക്കാരുണ്യം ലഭിപ്പാനൊരു പെരുവഴിയെന്നോർത്തുമർത്ത്യൻ ഗ്രഹിച്ചാൽ
ഉൾക്കാമ്പിൽ ബോധമുണ്ടാമഖിലദുരിതവും നഷ്ടമാമിഷ്ടയാകും
സം(സൽ)കീർത്തിസ്ഫൂർത്തിയുണ്ടാമവനവികലമാം മോക്ഷവും സംഭവിക്കും.

Colophon :

ഇതി ശ്രീകൃഷ്ണചരിതെ സന്താനഗോപാലം നാമദ്വാദശഃ സർഗ്ഗഃ.

ഈ ഗ്രന്ഥത്തിൽ കൃഷ്ണാവതാരത്തേയും കൃഷ്ണലീലയേയും സാരസ്യരം പ്രതിപാദിക്കുന്നു. കേരളത്തിൽ ഈ ഗ്രന്ഥത്തിന്നു മണിപ്രവാളം എന്നുമാത്രമെ പേർ പറയാറുള്ളു. ഇതിൽ പന്ത്രണ്ടു സർഗ്ഗങ്ങളുണ്ട്. ഒന്നു മുതൽ അഞ്ചു സർഗ്ഗം വരേയുള്ള ഭാഗം ഈ പ്രതിയിൽ ഇല്ല. അവിടവിടെ ഗ്രന്ഥപാതവും ഏല്പെട്ടിട്ടുണ്ട്. ഇതിൻെറ കർത്താവു പ്രസിദ്ധനായ കലക്കത്തു കുഞ്ചൻ നമ്പ്യാരാകുന്നു. ഈ ഗ്രന്ഥം കേരളത്തിൽ പലസ്ഥലങ്ങളിലും അച്ചടിച്ചു പ്രസിദ്ധം ചെയ്തിട്ടുണ്ട്.—ഗ്രന്ഥാവസാനത്തിൽ രണ്ടു പൃഷ്ഠങ്ങളിൽ ജ്യോതിശ്ശാസ്ത്രോപയുക്തമായ ചില ക്രിയാക്രമങ്ങളെ പ്രതിപാദിച്ചിട്ടുണ്ട്.

No. 130. ശ്രീകൃഷ്ണകർണ്ണാമൃതം.

ŚRĪKṚṢṆA KARṆĀMṚTAM.

Substance, paper. Size, $10\frac{1}{2} \times 9\ 6/8$ inches. Pages, 32. Lines, 20 on a page. Character, Malayalam. Condition, good. Appearance, new. Complete.

Verses in praise of God Śrī Kṛṣṇa worshipped at Guruvāyūr. The author is Pūntānam Nampūtiri.

Beginning :

കർണ്ണാമൃതംവാതപുരാധിവാസിൻ
നിന്നാൽമതം കിഞ്ചനഭാഷയായ്ഞാൻ.
എന്നാൽവരംവർണ്ണമുദാരകീർത്തേ
ചൊന്നാലതും പ്രീണനമാസ്തുരേണം.
ആകംപൂണ്ടഷ്ടമീരോഹിണിയൊരുമകലന്നൊരു
നാളർദ്ധരാത്രൌ
ചൊല്ലേറുംചിങ്ങമാസേ മുഴുമതിയു(മു)ദിക്കുന്ന
മുഖ്യമുഹൂർത്തെ
തൃക്കയ്യിൽ ശംഖചക്രാംബുജഗദകൾ ധരിച്ചോരു
ബാലസ്വരൂപം
തക്കത്തിൽ ദേവകിയാം കണ്വനുമറിയെട്ടർശിതം
കൈതൊഴുന്നേൻ.

Colophon :

ഇതി ഭാഷാകർണ്ണാമൃതെ പ്രഥമഃ പ്രവാഹഃ

End :

പീതാംബര പ്രോല്ലസിതാഖിലേശം
ഹേമാ(ം)ഗദോദ്ഭാസിത ബാഹുദണ്ഡം
സാമാംബുജശ്രീവദന(ാ)രവിന്ദം
വാതാലയസ്ഥം(സ്ഥം)ഭജവാസുദേവ(ം).

Colophon :

ഇതി ഭാഷാകർണ്ണാമൃതെ അഷ്ടമഃ പ്രവാഹഃ

Adds :

സ്മൃതെമനസി ഗോവിന്ദെ ദൂരതൊയാന്തിപാതകാഃ
ഉദയാചലമാരൂഢെ ദിനനാഥെ തമോ യഥാ.

Colophon :

ഇതി ശ്രീകൃഷ്ണകർണ്ണാമൃതം സമാപ്തം.

ഈ ഗ്രന്ഥത്തിൽ ഗുരുവായൂരപ്പനെപ്പററി ഒരു ഭക്തൻ സ്തുതിക്കുന്നു. ഇതിന്റെ കർത്താവു പൂന്താനം നമ്പൂതിരിയാകുന്നു. ഈ ഗ്രന്ഥം കേരളത്തിൽ പല സ്ഥലങ്ങളിലും അച്ചടിച്ചു പ്രസിദ്ധംചെയ്തിട്ടുണ്ടു്. ഗ്രന്ഥത്തിൽ അക്ഷരവീഴ്ചകൾ ധാരാളമുണ്ടു്. ഇതിൽ എട്ടു പടലങ്ങളുണ്ടു്.

No. 131. ശ്രീകൃഷ്ണകർണ്ണാമൃതം.

ŚRĪKṚṢṆA KARṆĀMṚTAM.

Substance, paper. Size, 10¾ × 9¾ inches. Pages, 34. Lines, 20 on a page. Character, Malayalam. Condition, good. Appearance, new.

Same work as the above.

The other work "Kṛṣṇalīla in Sanskrit." begins on page 34.

No. 132. സീതാസ്വയംവരം.

SĪTĀSVAYAMVARAM.

Pages, 3. Lines, 20 on a page.

Begins on page 103 a of the MS. described under No 68.
Complete.

Verses on the *Svayamvaram* of Sītā.

Beginning :

അരികിൽവരികാരോമൽ വ(പൈ)ങ്കിളിയെ
അരനിമിഷം കാലഃകളഞ്ഞിടാതെ
അരുമയൊടു സീതാസ്വയംവരത്തെ
അരുണമുഖിചൊൽകെന്നു കേട്ടവളും
അഖിലപതി നെല്ലുവായ് മാധവനും
അകതളിരിലോർത്തു കിളിയുംചൊന്നാൾ
അരശർകുലകാലം(ൻ) ദശരഥനും
അരശർമണി വാണിതയോദ്ധ്യതന്നിൽ
അവനുസുതന്മാരുണ്ടങ്ങംബുജാക്ഷൻ
അവതരണംചെയ്തീതു രാമനായി
അവര(ന)നുജൻ(ർ)മൂവ്വരുളവായ്വന്നു
അവരൊടൊരുമിച്ചു വസിക്കുംകാലം
അവിടെയൊരുനാൾ വന്നു വിശ്വാമിത്രൻ
അവനിപതിവീരനെക്കണ്ടുചൊല്ലി.

End :

ഈവണ്ണം ജനകനുടെ പുത്രിമാരെ
മൂവ്വരിളയകുമാരന്മാരും വിവാഹംചെയ്തു.
ഈവഹിതംസാധിച്ചെല്ലാരുമായിപോകുന്നേരം
ഇടയിൽവന്ന ഭാൎഗ്ഗവനേയും ജയിച്ചു
ഈശ്വരൻ രഘൂത്തമനയോദ്ധ്യതന്നിൽ പുക്കു
ഇരവുപകൽ സീതയോടും സുഖമായിവാണു.
ഈവൃത്തങ്ങളെല്ലാം ചൊല്ലിവ(പൈ)ങ്കിളിയുംപോയി
ഇതിലുള്ള പിഴകളെല്ലാം പൊറുത്തുകൊൾവിൻ.

Colophon :

ഇതി സീതാസ്വയംവരം കഥാസാര സംക്ഷേപം.

ഈ ഗ്രന്ഥത്തിൽ രാമായണം കഥ സീതാസ്വയംവരപൎയ്യന്തം ചുരുക്കി പാടിയിരിക്കുന്നു. ഗ്രന്ഥത്തിൽ അക്ഷരവീഴ്ചകളും അബദ്ധങ്ങളും ധാരാളമുണ്ട്.

No. 133. സീതാസ്വയംവരം.

SĪTĀSVAYAMVARAM.

Fol. 8. Lines, 12 on a page.

Begins on fol. 88 of the MS. described under No. 69.

Complete.

On the *Svayamvaram* of Śrī Sītā in a kind of verse different from that of the last No.

Beginning :

കോസലത്തിലയോദ്ധ്യയിൽ സൂൎയ്യവംശം തന്നിൽ
വാസവ സന്നിഭനൊരു മന്നനുണ്ടായി.
പേരവന്നു ദശരഥൻ മൂവ്വരുണ്ടായല്ലോ
ഭാൎയ്യമാരവന്നു ഗുണഭാജനങ്ങൾ.
വല്ലഭമാരൊടുംകൂടി നീതിയോടെ രാജ്യം
നല്ലവണ്ണം പാലിച്ചുവൻ വാഴുംകാലം.
സന്തതിയില്ലാഞ്ഞു പാരം സന്താപത്തോടവൻ
അന്തരംഗെ വസിഷ്ഠനാമാചാൎയ്യന്റെ,
സന്നിധിയിൽ ചെന്നുനിജ സന്താപത്തെയെല്ലാം.
ചൊന്നനേരം വസിഷ്ഠനുമോൎത്തു ചൊന്നാൻ.
പുത്രകാമേഷ്ടിചെയ്താൽ പുത്രരുണ്ടാം തവ.
സത്വരമൃശ്യ ശൃംഗനെക്കൊണ്ടു ഭൂപ !
എന്നുകേട്ടു ഭൂപൻതാനു മൃശ്യശൃംഗമുനി-
തന്നെയും വരുത്തിസ്സത്രമാരംഭിച്ചാൻ.
അക്കാലം രാവണൻ തന്നാൽ—പാരം
ധിക്കൃതന്മാരായ് സുരന്മാർ.

പാൽക്കടൽപ്പുക്കു ഭഗവാൻ തന്റെ
കാൽക്കൽ വീണേററം സ്തുതിച്ചു.
സംകടമെല്ലാം പറഞ്ഞനേരം
പങ്കജനേത്രനും ചൊന്നാൻ.

End :

സരസിജസംഭവപുത്രൻ മുമ്പാം മാമുനിമാർതമ്മിൽ
സരസംയാത്രപറഞ്ഞു പിരിഞ്ഞിതു സൌഖ്യമൊടെ.
ദശരഥനൃപനും പുത്രകളത്രാചാര്യന്മാരുംകൂടി.
വ്യഥയും തീർന്നു നടന്നിതു സർവ്വജനങ്ങളൊടും
മാർഗ്ഗം തന്നിലടുത്തു തടുത്തുകയർത്തുനിന്നീടുന്ന
ഭാർഗ്ഗവരാമൻ ദർപ്പമടക്കിഗമിച്ചു രാമൻ.
വാനോർപുരിയോടു തുല്യമതായൊരയോദ്ധ്യാപുക്കെല്ലാരും
നാനാസുഖമൊടു തത്രസുഖിച്ചു വസിച്ചാരെല്ലോ.

Colophon :

ഇതി സീതാസ്വയംവരം.

ഇതിൽ ശ്രീരാമൻ സീതാവിവാഹം കഴിഞ്ഞു അയോദ്ധ്യയിൽ മടങ്ങിവരുന്നതുവരെയുള്ള രാമായണം കഥയെ പ്രതിപാദിക്കുന്നു.—

No. 134. സീതാസ്വയംവരം കിളിപ്പാട്ടു്.

SĪTĀSVAYAMVARAM KILIPPĀTTU.

Pages, 5. Lines, 20 on a page.

Begins on page 79-a of the MS. described under No. 106.

Verses, in the *Kiḻippāṭṭu* style, on the *Svayamvaram* of Sītā.

Beginning :

നല്ല കുളുർക്കാവിൽ മേല്ലെയിണയുമാ-
യല്ലൽ കൂടാതെയിരിക്കുന്ന തത്തമ്മേ.
നല്ല കദളിപ്പഴവും നറുംതേനു-
മെല്ലാം തരുവൻ ഞാൻ മെല്ലെയരികിരി
ചൊല്ലുക നല്ല കഥകളെ വല്ലതും
എന്നനേരത്തു പറഞ്ഞു കിളിമകൾ
സീതാവിവാഹം കഴിഞ്ഞ വിശേഷങ്ങൾ
സീമയില്ലാതോളമുണ്ടുപറവാനു-
മാനമുഖവനും വാണിയും കൃഷ്ണനും
വാല്മീകിയും ഗുരുവും തുണയെങ്കിൽ ഞാൻ.
മാനസെയുള്ളതു ചൊല്ലുന്നതുണ്ടിപ്പോൾ
മാനസമോടു ചെവിതന്നു കേട്ടാലും.

End :

പാദസരോജം തുടങ്ങി മുടിയോളം
പാൎത്തുകണ്ടാൽ ശിവശയെന്നെ പറയാവൂ.
അംഗഗുണങ്ങളെക്കാണുന്നനേരത്തു
തിങ്ങിനെയോരോജനങ്ങൾ പറയുന്നു.
ആരിവളാണെന്നതേതു മറിഞ്ഞീല
പാരിടത്തിങ്കൽവന്നുണ്ടായതിങ്ങിനെ.
ഉൎവ്വശി മേനക രംഭതിലോത്തമ
ഇവരിലൊരുത്തിയിതത്രെയെന്നു ചിലർ.
പാൎവ്വതീയോരതീയോ ശശിയോയിത
പൂമാതുവാണിയോ ഭൂമിയോ ഗംഗയോ.
ഉൎവ്വിയിലിങ്ങിനെവന്നു ചമെകയോ.
. . . .

സീതാസ്വയംവരം എന്ന ഈ ഗ്രന്ഥത്തിൽ സീതയുടെയൌവനാരംഭം വരെയുള്ള കഥയെ പ്രതിപാദിച്ചുകാണുന്നു. ശേഷം ഭാഗം കണ്ടുകിട്ടീട്ടില്ല. അപൂൎണ്ണമായ ഈ ഗ്രന്ഥത്തിന്റെ കൎത്താവു ആരെന്നും നിൎണ്ണയിച്ചിട്ടില്ല.

No. 135. സുഭദ്രാഹരണം.

SUBHADRĀHARAṆAM.

Fol. 6. Lines, 13 on a page.

Begins on fol. 47-a of the MS. described under No.

Complete.

Verses on the "carrying away" of Subhadrā by Arjuna, —an episode from the *Mahābhārata*.

Beginning :

വാരണ വക്ത്ര വിനായകനീ
വാരണം ചെയ്യേണം വിഘ്നമെല്ലാം.
ചാരണസേവിത ചാരുമൂൎത്തേ
കാരണം നീയേ ജഗത്തിനെല്ലാം.
പാരായനല്ല ഞാനെന്നാകിലും
. . . .
പാരാതെ ഞാനൊരു പാട്ടുതീൎപ്പാൻ
ഓരാതെ ഞാനിന്നു ഭാവിക്കുന്നേൻ
സാരമാം നിന്റെ കടാക്ഷമാകും
സാരമാം തോണി ലഭിച്ചു ഞാനും
പാരം തിരിയാ കഥാംബുധീടേ
പാരം കടക്കുമെന്നോൎത്തു ഞാനും
ഭൂരികരിച്ചതു ഖേദദാരം.
സാരാംബുജങ്ങളെ (മൈലി) ചേൎത്തു
ള്ളരെ വണങ്ങി നമിച്ചിടുന്നേൻ.

കളമൊഴിമാർ മൌലെ ശുകതരുണി
തെളിവിനൊടു ചൊൽകനി സൽക്കഥകൾ.
ഇതിമൊഴികൾ കേട്ടൊരു ശാരികയും
മതിതെളിയുമാറു പറഞ്ഞാളെല്ലോ.
കരിവദനൻതാനും സരസ്വതിയും
മുരഹരനും മൽഗുരുനാഥൻതാനും
അവിരതമെൻ ചിത്തെ വിളങ്ങിടേണം
കമലദളനേത്രന്റെ ബന്ധുപാർത്ഥൻ
കമല മുഖിയാകും സുഭദ്രതന്നിൽ.

End :

ദേവകി സുതൻതാനു മിന്ദ്രനു
ദേവം തമ്മിൽ സമയംചെയ്തു.
ഇന്ദ്രസോദര സോദരിതന്നെ
ഇന്ദ്രപുത്രനും വേട്ട ശേഷം
ഇന്ദ്രനാദി സുരന്മാരെല്ലാരും
ചെന്നുമന്ദിരം തന്നിൽ പുക്കാർ.
കോപം മുഴുത്തുഹല:യുധനപ്പോൾ
കേശവനോടുര ചെയ്തിതു ഘോരരാൽ.
കേട്ടീലെ മാധവ വാർത്തകളെല്ലാം
ഇക്ഷനാംനിന്റെ വയസ്യനുമിപ്പോൾ
ശിക്ഷനെന്നുള്ളൊരു ധാർഷ്ട്യതകാട്ടി
കട്ടുഗമിച്ചു മൽസോദരിതന്നെ.
ധിക്കാരം ചെയ്യൊരു മൂഢനെ ഞാനും
ഒട്ടുമെവൈകാതെ സംഹരിക്കുന്നേൻ.
കാമപാലൻതന്റെ വാക്കുകൾകേട്ടു
കോമളനായൊരു കൈതവ മൂർത്തി
രാമനെച്ചെന്നു പുണർന്നരുൾചെയ്തു
ഇക്ഷനാം പാർത്ഥനെനിഗ്രഹിച്ചീടിൽ
അംഗനാരത്നമാം തൽഭഗിനിക്കു
മംഗല്യഹാനി ഭവിച്ചീടുമല്ലോ.
ചെന്നവൻ തന്നെനാം സൽക്കരിക്കേണം
ഇത്ഥംമുകുന്ദന്റെ ഭാഷിതം കേട്ടു
ചിത്തംതെളിഞ്ഞു ഹലായുധനപ്പോൾ
വാസുദേവനോടും വൃഷ്ണികളോടും
വാസവപ്രസ്ഥമാം മന്ദിരം പുക്കു
ധർമ്മജനാദികൾ ചെന്നുവണങ്ങി
തമ്മിലങ്ങോരോരോ വാർത്തകൾ ചൊല്ലി
സമ്മോദമുൾക്കൊണ്ടു വാണുയഥേഷ്ടം.

Colophon :

സുഭദ്രാഹരണം ദ്വാദശവൃത്തം.

ശ്രീ കൃഷ്ണസോദരിയായ സുഭദ്രയെ അർജ്ജുനൻ വിവാഹം കഴിക്കുന്നതായി ഇതിൽ പറയുന്നു.

No. 136. സുഭദ്രാഹരണം പാട്ട്.

SUBHADRÂHARAṆAM PÂTTU.

Fol. 3. Lines, 14 on a page.

Begins on fol. 1-*a* of the MS. described under No. 69.

Complete.

Similar to the above.

Beginning :

പണ്ടുകിരീടി പാരതിൽ നീള-
ക്കണ്ടൊരു തീർത്ഥമാടി രൈവതകത്തിൽ
ചെന്നൊരു കാലം ദൈവനിയോഗാൽ തത്ര
നല്ല സുഭദ്രഗുണങ്ങളെല്ലാമേകേട്ടു പാർത്ഥൻ
മാരവശനായി മസ്കരിവേഷം പാരാതെ പൂണ്ടുധീരൻ
മാധവൻതന്നെ മാനസംതന്നിൽ സാദരം ചേർത്തു വാണാൻ.
ദിവ്യനായുള്ളൊരു സന്യാസിയുണ്ടുപോൽ
രൈവതകാദ്രിയിലെന്നുകേട്ടു.
രേവതീവല്ലഭൻ താനുംയദുക്കളും
ദേവകീനന്ദനനോടും കൂടി
മന്ദേതരംചെന്നു മസ്കരിതന്നെയും
വന്ദനംചെയ്തു വണങ്ങിനിന്നാർ.
ഉള്ളതറിഞ്ഞുള്ള കൃഷ്ണനുമപ്പോര-
മുള്ളത്തിലേററം രസവുമുണ്ടായ്.
കൈതവമില്ലാത കാളിന്ദിഭേദനൻ
പീതാംബരനോടു ചൊന്നാൻ പിന്നെ.
സന്യാസിതന്നുടെ ചാതുർമ്മാസ്യം കൃഷ്ണ
നന്നായിവിടെ കഴിപ്പിക്കേണം.
നമ്മുടെ സോദരിയായ സുഭദ്രയെ
കർമ്മന്തി ശുശ്രൂഷക്കാക്കീടുക.
എന്നാലഭീഷ്ട വരപ്രാപ്തി മൂലമായ്
കന്യകക്കുണ്ടാകും മംഗലവും.
ഇങ്ങിനെ കേട്ടു മുകുന്ദനുരചെയ്യാ-
നങ്ങുന്നു കല്പിച്ച പോലെതന്നെ.

End :

ഇത്ഥം പറഞ്ഞു കൃഷ്ണനീടുററ കോപം തീർത്തു
സത്വരം രാമനോടും മിത്രവർഗ്ഗങ്ങളോടും.
വടിവിനൊടു വാസവപ്രസ്ഥമകം പുക്ക

വാദ്യഘോഷങ്ങളും ചെയ്തുടൻ സ്ത്രീധനം.
പലതരവു മനവധികൊടുത്തു രാമനും തദാ
പാണ്ഡവന്മാർ തെളിഞ്ഞാർ.
കല്യാണവും കഴിച്ചു കനിവോടെ യാത്രചൊല്ലി
മല്ലാരിരാമനോടും മാത്ര ബന്ധുക്കളോടും
പറവടഹതുടികൾ കടതകിൽ മുരശുമദ്ദളം
പഞ്ചവാദ്യങ്ങളും കൊമ്പുകുഴൽ കാഹളം
ദശദിശികളിളകുമളവുതരം ഘോഷിച്ചു
ദ്വാരകാപുക്കുവാണാൻ.

Colophon :

സുഭദ്രാഹരണം.

No. 137. സുഭദ്രാഹരണം പാന.

SUBHADRĀHARAṆAM PĀNA.

Substance, paper. Size, 10½ × 10 inches. Pages, 62. Lines, 20 on a page. Character, Malayalam. Condition, good. Appearance, new.

Complete.

Similar to the above.

Beginning :

വിഘ്നരാജ വിരിഞ്ചാദി പൂജിത
വിഘ്നം തീർത്തെന്നെ കാത്തരുളീടണം.
വാണിദേവിയു മെന്നുള്ളിലെപ്പൊഴും
വാണിടേണം വണങ്ങുന്നേനേഷ ഞാൻ
ചന്ദ്രചൂഡനും പാർവ്വതീദേവിയും
ചന്ദ്രാർക്കന്മാരും ദേവമുനികളും
ഇന്ദ്രനാദി സുരന്മാരുമാദരാ-
ൽ ചിന്തനമ്മെത്തുണച്ചരുളീടണം.
വ്യാസവാല്മീകി നാരദന്മാരുടെ
ദാസഭാവം നമുക്കുവരേണമെ.
ഭൂസുരോത്തമനെന്റെ ഗുരുനാഥൻ
വാസരംപ്രതിദാനം തരേണമെ.
ബാലഗോപാല കൃപാജനാർദ്ദന
ചാലവെമമമുന്നിൽ വിളങ്ങണം.
പീലിക്കാർ മണിക്കുന്തലും കാന്തിയും
ബാലക്രീഡയും പുഞ്ചിരിക്കൊഞ്ചലും
നീലക്കൺമിഴിത്തെല്ലിൻ വിലാസവും

ലീലക്കൊത്തൊരു വേഷപ്രകാരവും.
ലോലപൊന്മണിക്കിങ്ങിണിയും കോലും
നീലക്കാർവണ്ണ നിന്നെവണങ്ങുന്നേൻ.
എങ്കിലോ പണ്ടുലോകൈക നാഥനാം
പങ്കജാക്ഷന്റെ ബന്ധുവാമജ്ജുനൻ.
മങ്കമാർ മണിയാളാം സുഭദ്രയെ
തങ്കലാക്കുവാനാഗ്രഹിച്ചാദരാൽ.

Colophon :

ഇതി പ്രഥമപാഠം സമാപ്തം.

End :

നരവരനാകിയ ധർമ്മാത്മജനെ
പരിചോടുചെന്നു നമസ്കൃതി ചെയ്യു.
തദനു വൃകോദര ചരണോപാന്തെ
യദുതനയാപതിചെന്നു നമിച്ചാൻ.
വന്ദിച്ചാനഥ കുന്തീദേവീം
നന്ദതനൂജയും ചെന്നുവണങ്ങി
മാദ്രീതന്നുടെ തനയന്മാരും
ഭദ്രാവതിയുടെ ചരണെ വീണാർ.
അപ്പൊഴുതുടനെ ബലഭദ്രാദിക
ഉല്പുരിതന്നിൽ നി (റ)റഞ്ഞു ദശായാഃ.
കൌന്തേയന്മാരെവരുമുടനെ
സന്തോഷിച്ചു നമസ്കൃതി ചെയ്യാർ.
സമ്മാനിച്ചു പരസ്പര മവിടെ
സമ്മോദേന സുഖം പലദിവസം
ബഹളമഹോത്സവ ഘോഷം പോലെ
സഹൃദയ തരസാ സാദരമോദാൽ.
ഹലധരദേവൻ സന്തോഷിച്ചഥ
പലദിവസങ്ങൾ കഴിഞ്ഞുദശായാം.
ധർമ്മാദികളൊടു യാത്രയുമരുൾചെ-
യ്യുമ്പു.ഠി പ്രതിഗമനം ചെയ്യു.
മധുസൂദനനഥ പാണ്ഡവ നഗരെ
മധുരമനോഹര ലീലകളോടും.
ബന്ധുജനങ്ങൾക്കാനന്ദാമൃത
സിന്ധു സുഖേന വ ::ിച്ചരുളീടിനാ (ര) ർ (ന്ദ്ര).

Colophon :

സുഭദ്രാഹരണം സമാപ്തം.

മുൻപറഞ്ഞ സുഭദ്രാഹരണം കഥതന്നെയാണ് ഇതിലും പറയുന്നു്.

No. 138, സോമവാരവ്രതമാഹാത്മ്യം.

SŌMAVĀRAVRATA MĀHĀTMYAM.

Fol. 13. Lines, 8 on a page.

Begins on fol. 74-*a* of the MS. described under No. 74.

Contains the story of King Citravarma's daughter, who, by virtue of the sacred power of her *Somavāravrata* (Vow observed on Mondays) brings back to life Candrāṅgada, her husband, who was fatally drowned in the Ganges.

Beginning :

ചെമ്പകപ്പൂഞ്ചോലതന്നിലണ്ടു്
ചെമ്മെസുഖിച്ചുടൻ കാന്തനോടും
ഒന്നിച്ചുതന്നെ മരുവീടുന്ന
സുന്ദരിപൈങ്കിളിപ്പെൺകിടാവെ.
തേനും കദളിപ്പഴവും പാലും
വേണ്ടുന്നതെല്ലാം തരുന്നുണ്ടു്.
ഒന്നുണ്ടുനിന്നോടു ചോദിക്കുന്നു.
നന്നായിട്ടെന്നോടു ചൊല്ലിടേണം.
സോമവാരത്തിന്റെ നന്മയെല്ലാം
മോദമോടെന്നോടു കേൾപ്പിക്കേണം.
ആർക്കെല്ലാം പണ്ടിതു സേവിച്ചിട്ടു്
വായ്ക്കുന്ന നന്മകളുണ്ടായെന്നും.
മംഗലം നൽകുന്ന സോമവാരം
എങ്ങിനെ സേവിച്ചു കൊണ്ടുയെന്നും.
വിസ്തരിച്ചെന്നോടു ചൊല്ലിടേണം
തത്വമായുള്ളതു സത്വരം നീ—

End :

പന്നഗരാക്ഷസ ബാലന്മാരെ
ഖിന്നതയെന്നിയെ യാത്രയാക്കി.
പിന്നെപ്രതികർമ്മം ചെയ്തുകൊണ്ടു്
കണ്ണൽ മിഴിയാളാം കന്യകയ്ക്കു.
മംഗല്യസൂത്രമലംകരിച്ചു
പാർത്ഥിവനന്ദനൻ കാന്തയോടും
കീർത്തിവളർത്തി മരുവുംകാലം.
പുഷ്ടിതനിക്കു വളരുമാറു
തുഷ്ടിജനങ്ങൾക്കു വായ്ക്കുമാറു്:
അഷ്ടവസുക്കളോടൊത്തുതന്നെ
എട്ടുസുതന്മാരുമുണ്ടായ്വന്നു.
മാതാപിതാക്കന്മാരോടുംകൂടി-.
സാദര ബന്ധുജനങ്ങളോടും.

ഒന്നിച്ചുവാണൊരനേകകാലം.
ഇക്കഥചൊല്ലുന്ന മങ്കമാർക്ക്
ദുഃഖമകന്നുതൻ കാന്തനോടും
ഒന്നിച്ചിരിപ്പതിനുള്ളയോഗം.
വന്നീടുമെന്നങ്ങുറച്ചുകൊൾക.
എന്നുപറഞ്ഞൊരു പൈങ്കിളിയും
മന്ദംപറന്നങ്ങു പോയാളല്ലോ.

ഇതിൽ ചിത്രവർമ്മാവെന്നു പേരായ രാജാവിൻെറ പുത്രി സീമന്തിനിയുടെ സോമവാരവ്രതംകൊണ്ട്, ഗംഗയിൽ മുങ്ങി മരിച്ചുപോയ ചന്ദ്രാംഗദനെന്ന ഭർത്താവിൻെറ പുനരുജ്ജീവനത്തെ പറയുന്നു. ഇതാണ് കഥാസാരം.

No. 139. സ്യമന്തകം പാട്ട്.

SYAMANTAKAM PĀṬṬU.

Fol. 3. Lines, 12 on a page.

Begins on fol. 20-a of the MS. described under No. 69.

Sets forth the story of Syamantaka, the gem of Purāṇic fame. Satrājit obtains the gem from the Sun-God, and gives it to Prasēna, his brother, who goes out for a hunt. In the forest a lion kills Prasēna, and takes away the gem, which passes into the hands of Jāmbavān, when he kills the lion. Śrī Kṛṣṇa fights with Jāmbavān and restores the gem to Satrājit. Śrī Kṛṣṇa marries Satyabhāmā, the daughter of Satrājit. Jāmbavān also gives his daughter, Jāmbavatî in marriage to Śrī Kṛṣṇa.

Beginning :

സാത്രജിത്തെന്നൊരുയാദവൻതാൻ പണ്ടു
മിത്രനെസേവിച്ച കാരണത്താൽ.
എട്ടെട്ടുഭാരം കനകത്തെ മുട്ടാതെ
ചട്ടവും നൽകി വിളങ്ങി നില്ക്കും.
നല്ലസ്യമന്തകമെന്നു പേരായുള്ള
ചൊല്ലാർന്നരത്നം ലഭിച്ചവനും.
തന്നുടെ ബന്ധുജനത്തോടും മോദേന
മന്ദിരെവാഴുന്ന കാലത്തിങ്കൽ.
മാധവൻ ചെന്നതു ചോദിച്ചനേരത്തു
യാദവൻതാനും മുകുന്ദനോടു
എന്നുടെ ജീവനമായുള്ള രത്നത്തെ
യെന്നുംതരികയില്ലെന്നു ചൊന്നാൻ.
അന്നാളിലേകദാ ധന്യനാം യാദവൻ
തന്നുടെസോദരനാം പ്രസേനൻ

നന്മണിതന്നെകഴത്തിലണിഞ്ഞിട്ടു
സമ്മോദത്തോടെ വനത്തിൽ പുക്കു.
അഞ്ചാതെ നായാട്ടു ചെയ്യുന്നനേരത്തു
പഞ്ചാസ്യൻവന്നു പ്രസേനൻതന്നെ
കൊന്നുമണിയേയും കൊണ്ടങ്ങുപോകുമ്പോൾ
വന്നുയദൃച്ഛയാ ജാംബവാനും.

End :

മുരമഥനമധുമഥന മൂഢനായുള്ളഞാൻ
മോഹേനചെയ്തു പിഴകൾ പൊറുക്കേണം.
പരിചൊടു പറഞ്ഞിവണ്ണംതന്റെ പുത്രിയെ
ഭാസുരരത്നമോടും.
മാധവനായിക്കൊടുത്താൻ മോദമോടെ മുകുന്ദൻ
സാദരംകന്യയുംരത്നവും വാങ്ങിവേഗാൽ
നിജപുരമകം പുക്കുനീലമേഘാഭനും
നിർമ്മലമായുള്ള രത്നംപുനരുടൻ.
വിരവിനൊടു സത്രാജിതെകൊടുത്തീടിനാൻ
വിശ്വൈകനാഥനപ്പോൾ
സത്രാജിത്തന്നേരം ലജ്ജയുംപൂണ്ടുപാരം
പുത്ര്യാതമൈദകരത്നം തത്രമുകുന്ദനേകി.
അതുപൊഴുതു കൃഷ്ണനും സന്തുഷ്ടചിത്തനായി
തന്മണിതന്നെതിരിച്ചു കൊടുത്തുടൻ.
മതികുതുകമുൾക്കൊണ്ടു മന്ദിരംപ്രാപിച്ചു
സത്യഭാമാസമേതം.

Colophon :

സ്യാമന്തകം കഥാ.

ഇതിൽ സത്രാജിത്തു എന്ന ഒരു യാദവന്നു സൂര്യനിൽനിന്നു ലഭിച്ച സ്യമന്തകം എന്ന രത്നം അനുജൻ നായാട്ടിന്നു പോയപ്പോൾ കൊണ്ടുപോകയും അവനെ കൊന്ന് ഒരു സിംഹം ഗ്രഹിക്കയും സിംഹത്തിന്റെ കയ്യിൽനിന്നു ജാംബവാൻ അപഹരിക്കയും ചെയ്യുന്നു. ഈ ക്രിയ ശ്രീകൃഷ്ണൻ ചെയ്തതായി സത്രാജിത്ത് വിശ്വസിക്കയും അതു നാടെല്ലാം പരത്തുകയും ചെയ്യുന്നു. അപവാദഭീരുവായ ശ്രീകൃഷ്ണൻ ഈ വിവരമറിഞ്ഞു രത്നമപേക്ഷിച്ചു ജാംബവാന്റെ കയ്യിൽനിന്നു യുദ്ധംചെയ്തു രത്നംകൊണ്ടുവരുന്നു. പ്രീതനായ ജാംബവാൻ തന്റെ പുത്രിയായ ജാംബവതിയെ ശ്രീകൃഷ്ണന്നു ദാനംചെയ്യുന്നു. രത്നംലഭിച്ച വൃത്താന്തമെല്ലാം സത്രാജിത്തിനോടു ശ്രീകൃഷ്ണൻ പറഞ്ഞു അതിനെ കൊടുക്കുന്നു. പ്രീതനായ സത്രാജിത്തു താൻ പരത്തിയ അപവാദം അവിവേകപൂർവ്വകം സംഭവിച്ചതാണെന്നു ഭഗവാനോടു പറഞ്ഞു മകളെ കൃഷ്ണന്നു കൊടുക്കുന്നു. ഇതാണ് പ്രതിപാദ്യമായ കഥ. ഈ കഥ ഭാഗവതത്തിലുണ്ട്. കർത്താവു ആരെന്നു നിശ്ചയമില്ല. അച്ചടിച്ചിട്ടുള്ളതായും അറിവില്ല.

No. 140, ഹരിനാമകീർത്തനം.

HARINĀMA KĪRTANAM.

Pages, 7. Lines, 20 on a page.

Begins on a page 49-a., of the MS. described under No. 13.

Songs in praise of God Hari (Viṣṇu). By Tuñcathu Rāmānujan Ezhuttaccan.

Beginning :

ഹരിനാമകീർത്തന മതുരചെയ്യുതിന്നുഗുരു
വരുളാലെ ദേവകളുമുരചെയ്യു ഭൂസുരരും
നരനായ്പിറന്നുടനെ മരണംഭവിപ്പളവു
മുരചെയ്യുതിന്നരുൾക നാരായണായനമഃ.
ശ്രീമൂലമായ പ്രകൃതികൾ തുടങ്ങിജനനാന്ത-
ത്തോളം പരമഹാമായതന്റെ ഗതിജന്മങ്ങളും
പലകഴിഞ്ഞാലുമില്ലവധികർമ്മത്തിനും
പരമനാരായണായനമഃ
ഗർഭവ്യനായി ഭുവിജനിച്ചുംമരിച്ചു
മുദകപ്പോളപോലെ ജനനത്തിന്നനിത്യ ഗതി
തൽഭക്തിവർദ്ധന മുദിക്കേണമെന്മനസി
നിത്യം തൊഴാമതിനു നാരായണായനമഃ
മനത്താരിൽ മാനിനി മണോളൻ പുരാണെപുരുഷൻ
ഭക്തവത്സലനന്താദിഹീനനിതിമുക്തിക്കത
ക്കൊരുപദേശം തരുംപരനെ
ഉൾത്താരിലോക്കഹരിനാരായണായനമഃ.

End :

ഭക്ഷിപ്പതിന്നു ഗുഹപോലെ പിളന്നു മുഖ
മച്ഛ്ഛാകൃതാന്തനഥപിമ്പെവരുന്നു.
മീഹകത്തുന്ന ദൂർദ്ദുരമുരത്തൊടുപിമ്പെയൊരു
സർപ്പംകണക്കെ ഹരിനാരായണായനമഃ

കന്നിങ്കൽ വന്നിഹപിറന്നന്നുതൊട്ടു പുരെന്തൊന്നു
ദേഹങ്ങൾചെയ്യതു മെന്തിന്നു മേലിലതുമെല്ലാം
നിനച്ചുഹൃദി സന്തോഷമാസ്വരിക നാരായണായന(മഃ)
യാതൊന്നു കണ്ടതതു നാരായണപ്രതിമ
യാതൊന്നുകേട്ടതതു നാരായണ ശ്രുതികൾ
യാതൊന്നു ചെയ്യു(ത)തു നാരായണാർച്ചനകൾ,
യാതൊന്നതോക്ക ഹരിനാരായണായനമഃ.

Colophon :

സമാപ്തം.

ഈ ഗ്രന്ഥത്തിൽ ശ്രീകൃഷ്ണ പരമാത്മാവിനെ സ്തുതിക്കുന്നു. ഗ്രന്ഥകർത്താവു പ്രസിദ്ധനായ തുഞ്ചത്തു രാമാനുജനെഴുത്തച്ഛനാകുന്നു. ഈ ഗ്രന്ഥം അച്ചടിച്ചു പ്രസിദ്ധംചെയ്തിട്ടുണ്ട്.

No. 141. അംബരീഷ ചരിതം (കഥകളി).

AMBARĪṢA CARITAM (KATHAKALI).

Pages, 14. Lines, 20 on a page.

Begins on page 77 of the MS. described under No. 59.

A work in the *Kathakali* style, embodying the following story. King Ambarīṣa of the Solar race once invited the sage, Durvāsas, to be his guest on the twelth day of a lunar half month. The sage did not turn up even some time after the hour of breakfast had elapsed. Unable to violate his vow of breaking his fast at the proper hour on that day, the King consulted some learned Brahmins, and upon their advice, invited a Brahmin, and fed him, and broke his fast. Just then the sage turned up ; and in his wrath-(he was easily provoked)—, he created a monster for the purpose of killing the king. By the grace of God Viṣṇu, whose ardent devotee the king was, he overcame the monster and the sage. Thereafter the King lived on happily. This story is based on a *Puranic* episode.

Beginning :

ത്രൈലോക്യാങ്ക കണജ്ഞാംഘ്ര്യ(ഘ്രി)ജ്ഞോ(കോ)ഭട ഭുജാടോഃ പേനയേനാജനി
സാഗ്ഗ്വസ്ത്രീകുച കുംഭപത്രരചനാ വൈജ്ഞാനികോവാസവഃ.
സോയംഭാനു കുലാബ്ധി കൌസ്തുഭ മണിന്നാഭാഗ ഭാഗ്യോദയഃ
സോജന്യാം ബുധിരംബരീഷ നൃപതിഃ ശ്രീമാനഭൂൽവിശ്രുതഃ.

ഭാനുവംശകുമുദിനീ ഭാസുരശശാങ്കൻ
മാനനീയഹരിപാദ മാനനതല്പരൻ
അംബരചരതരുണ്യാ ആനനപങ്കജ
ചുംബിതകീർത്തി കലാപൻ അംബരീഷഭൂപന്
വാരിധിമേഖലയാകും പാരിടമഖിലം
സൈപരംപാലിച്ചു തന്നുടെ സാകേതസമാനം.
പല്ലവാംഗിമാരാം നിജ വല്ലഭമാരോട്ടും
കല്യരാമമാത്യരോട്ടും കൌതുകേനവാണു.

End :

കേശവൻതന്നുടെയ ദാസജന വൈഭവം
ആശയേപാക്കിലോ അത്ഭുതമഹോ.
ക്ലേശദന്മാരിലും കുശലമവർ ചിന്തിച്ചു
കേവലംവാഴുന്നു പൂർണ്ണമോദം.

തൃപ്തനായേഷഞാൻ പാൎത്ഥിവഭവാനിനി
ഭുക്തിചെയ്തീടുക പുണ്യകീൎത്തേ
സത്തമ ഭവാനോടു സക്തിയുണ്ടാകയാൽ
ശുദ്ധമായുന്നമെ ചിത്തമധുനാ. (ജയജയമഹാരാജദീനബന്ധോ)
കലയാമി ചാരു കലയാമിനീപതി
പ്രതിമാനനം കലിതമാനനം ജനൈഃ.
അളികാന്തലോല ദളികാന്തകുന്തളം
മഹദിന്ദ്രനീല മണിമേചകം മഹഃ.

Colophon :

അംബരീഷ ചരിതം സമാപ്തം.

ഇതിൽ സൂൎയ്യവംശജനായ അംബരീഷൻ എന്ന രാജാവ് വിഷ്ണുവ്രത തല്പരനായി കാലം കഴിക്കുമ്പോൾ ദുൎവ്വാസമഹൎഷിയെ കാണുകയും അദ്ദേഹത്തെ ദ്വാദശി ദിവസം പാരണക്കു മാന്യാതിഥിയായി ആമന്ത്രണംചെയ്കയും ചെയ്യുന്നു. കൃത്യസമയത്തു മഹൎഷിയെ കാണാതെ രാജാവു കുഴങ്ങി. സമയം തെററിയാൽ ദ്വാദശിയുടെ മുഹൂൎത്തവും കഴിയും. ഇങ്ങിനെ ചിന്താകുലനായി നില്ക്കുന്ന രാജാവ് മററു ചില സദസ്യന്മാരുടെ ഉപദേശാനുസാരേണ ജലപാരണ മാത്രം കഴിച്ചു. ഉടനെതന്നെ ആമന്ത്രിതനായ ദുൎവ്വാസസ്സും വന്നു. തന്നെ ക്ഷണിച്ചു വരുത്തി ഇങ്ങിനെ അവമാനിച്ചതിന്നു രാജാവിനെ ശിക്ഷിക്കേണമെന്നു കരുതി ഒരു കൃത്യയെ സൃഷ്ടിച്ചു. ഭഗവദനുഗൃഹീതനായ അംബരീഷനെ രക്ഷിക്കുന്നതിന്നും ദുൎവ്വാസസ്സിനെ ശിക്ഷിക്കേണ്ടതിന്നും വിഷ്ണുഭഗവാൻഉടനെ ശ്രീ ചക്രമയക്കുന്നു. ഭീതനായ ദുൎവ്വാസസ്സ് ഗത്യന്തരമില്ലാതെ ഒടുവിൽ അംബരീഷനെത്തന്നെ ആശ്രയിക്കുന്നു. അംബരീഷൻ രക്ഷിക്കുന്നു. ഗ്രന്ഥകൎത്താവ് അശ്വതിതിരുനാൾ മഹാരാജാവാണ്.

No. 142. കാൎത്തവീൎയ്യാൎജ്ജുന വിജയം (കഥകളി).

KĀRTHAVĪRYĀRJUNA VIJAYAM (KATHAKALI)

Pages, 7. Lines, 20 on a page.

Begins on page 87 of the MS. described under No. 125.

Songs, in the *Kathakali* style, on the Puranic story of Kārtavīryārjuna's victory over Rāvaṇa, whom the former puts in prison, but, whom, at the request of his grandfather Pulastya, he later releases and sends home with courtesy. The author's name is not known. This work is different from the work of Putiyakkal Tampan, bearing the same name.

Beginning :

ഭാസ്വൽ ശൌൎയ്യാംബുരാശീ രജനിചരവരോ രാവണശ്ശൌൎയ്യഭക്ത-
സ്സമ്പ്രാഹൈഹയനാമ്നന്നു കലബലകരസ്യോദിതം വൎത്തമാനം.
രാജന്നസ്വാകൎണ്യ വേഗാദപനയ ഹൃദയാമന്ത്രിണസ്സംഗൃഹീത്വാ-
[illegible]ചേവാചം തൂരേവാതടമുപഗതസ്സത്ര മദ്ധ്യാഹ്നകാലേ

End :

പിന്നെ മാമുനീന്ദ്രൻതന്റെ
ആശയം തെളികകൊണ്ടു മാദരവിൽ I
ബാഹുജശ്രേഷ്ഠനായ കാർത്തവീര്യന്റെ ചൊല്ല-
ലാധിയുംതീർന്നു ലങ്കാനാഥനും നടന്നുവേഗാൽ II

Colophon :

ഇതി കാർത്തവീര്യാജ്ജുന വിജയം സമാപ്തം.

ഇതിൽ കാർത്തവീര്യാജ്ജുനൻ രാവണനെ ജയിച്ചു ബന്ധനത്തിലാക്കുന്നു. പിന്നീടു രാവണന്റെ പിതാമഹനായ പുലസ്ത്യ മഹർഷിയുടെ അപേക്ഷയനുസരിച്ചു ബന്ധനത്തിൽനിന്നു മോചിച്ചു ബഹുമാനപുരസ്സരം പറഞ്ഞയക്കുന്നു. ഇതിൽ അക്ഷര വീഴ്ചകളും അബദ്ധങ്ങളും ധാരാളമുണ്ടു്. പുതിയക്കൽ തമ്പാനുണ്ടാക്കിയ കാർത്തവീര്യാജ്ജുന വിജയം കഥകളിയിൽനിന്നു വ്യത്യസ്തമായ ഒന്നാണ് ഈ ഗ്രന്ഥം. കർത്തൃനാമം ഇതിൽ നിർദ്ദേശിച്ചു കാണുന്നില്ല.—

No. 143. പരശുരാമവിജയം (കഥകളി).

PARAŚURĀMAVIJAYAM (KATHAKALI).

Pages, 18. Lines, 20 on a page.

Begins on page 57-*a* of the MS. described under No. 59.

Complete.

A play, in the *Kathakali* style, on the story of God Paraśurāma's triumph over Kārtavīryārjuna, who is slain in the struggle. The name of the author is not known. This is different from the *Parasurāma Vijaya* by Kēraḷa Varma.

Beginning :

ആഗാഢാഞ്ചിത ഭോഗിജാല മുഖവാതോദ്യൽ ത്രിണേത്രാനല-
ജ്വാലാസക്ത ജടാശശാങ്കശകല പ്രസ്യന്ദമാനാമൃതം.
വൈകുണ്ഠാദ്യമരേന്ദ്രവന്ദിത പദാംഭോജം കൃപാംഭോനിധിം
ശ്രീകണ്ഠം കളയ്യൂരിൽ വാണരുളിടും ശ്രീപാർവ്വതീശം ഭജേ
ജംഭാരിപ്രമുഖാ മരൌഘമകുടപ്രോത് ഭാസിതസ്രൿചയ-
പ്രോൽഭൂതാൽഭുതസൽ പരാഗമസൃണച്ഛായാംഘ്രിപങ്കേരുഹം.
ജംഭദ്വേഷ്യുപലമേചകാംബര മുമാമാപ്രാണ നാഥാത്മജം
തംഭൂതേശമഹം ഭജാമി കരിപൂർവ്വാരണ്യനാഥംവിഭും.

ശ്രീമദ്ഭാരി. .മേഖലാവനിതലാലംകാര ഹീരായിതഃ
ശ്രീമാനർത്ഥിജനാർപ്പിതാർത്ഥ വിലയെകല്പദ്രുമാല്പേതരഃ
ശ്രീമദ്വ്യാരമണാംഘ്രി പങ്കജമരന്ദാസ്വാദനെക്ഷട്പദഃ
ശ്രീമത്സ്വാമചലാപതിന്നിവസതാം നൈലിംപപൂർവ്വാം ചിരം.

End :

ഹത്വാതം കാർത്തവീര്യാർജ്ജുന മമിതബലം തൽബലം ചാവിരാമോ
ഗത്വാതാതം പ്രസന്നം മുനികലമഖിലം മോദയന്നാത്മശക്ത്യാ 1
ക്ഷ്മാക്ഷത്രാന്തകം തംഹരിമവനിഗതം രാമമാലിംഗ്യഭൂയോ
ഭൂയസ്സൈവാചമൂചുഃപ്രിയ മിതിമുനയോ മാനയന്തോമുനീന്ദ്രം.

മാമകബാലക വീരരാമകുമാരക കേൾനീ
ദുർജ്ജനപാലകനാകും അർജ്ജുനനെകൊന്നതിനാൽ
സജ്ജനമാനസമോദം ഇജ്ജനം മൂലമായ്വന്നു.
ഇങ്ങവനീതലംതന്നിൽ ഭംഗിയോടെ വാഴ്ക ചിരം
തുംഗരിപു ദമന ഭവ ഭംഗമനോഹരമൂർത്തേ.
മാധവനായുള്ളൊരു നീമേദിനിയെപാലിപ്പാൻ
മാമുനി മാരതുള്ളകയാൽ മാനുഷനായവതരിച്ചു.
ജയജയമാമുനിമാരെ കൈതൊഴുന്നേനധുനാഞാൻ
സജ്ജനസംഗമമതിനാൽ സൽഗുണമായ് വരവേണം.

Colophon :

പരശുരാമ വിജയം സമാപ്തം.

ഇതിൽ ഭഗവദംശമായ പരശുരാമൻ കാർത്തവീര്യാർജ്ജുനനെ യുദ്ധത്തിൽ വധിക്കുന്നു. ഈ ഗ്രന്ഥം വലിയ കോയിത്തമ്പുരാൻ ഉണ്ടാക്കിയ പരശുരാമവിജയത്തിൽ നിന്നും വ്യത്യസ്തമാകുന്നു.

No. 144. മീനാക്ഷീസ്വയംവരം (കഥകളി).

MĪNĀKṢĪSVAYAMVARAM (KATHAKALI).

Substance, paper. Size, $10\frac{3}{4} \times 9\frac{3}{4}$ inches. Pages, 57. Lines, 20 on a page. Character, Malayalam. Condition, good. Appearance, new.

Complete.

A play, in the *Kathakali* style, on the story of the "bridal choice" of Goddess Mīnākṣī. Goddess Mīnākṣī was born under the name of Taṭātakā, and as the daughter of King Malayadhvaja of Madura. As she was an incarnation of Goddess Pārvatī, she easily destroyed demons like Tāmrākṣa and triumphed in Her campaigns. She then chose God Paramēśvara for her husband, and together with him, ruled happily over Her Kingdom. The name of the author is not known. This *Kathakali* is intended to be enacted on four successive days.

Beginning :

മധുരാപുരേശ്വരി മധുരിപു സഹോദരി
മധുരാകൃതെ പാഹിദേവി മീനാക്ഷി(ജയജയ)
സുന്ദരേശ്വര രമണി സുന്ദരിശിവേ മധുരാ-
മന്ദിരവാസിനിദേവി മീനാക്ഷി (ജയജയ)
ത്രിജഗതിവിലസിതപരികീർത്തേ

ത്രിപുരദഹന ഹൃദയാനന്ദപൂർത്തേ
നിജമുഖമുഖരിതവിപികവാർത്തേ
നിർമ്മലമൂർത്തേ ജയജയ.
ഹാലാസ്യപരികലിത ദഹലാസ്യഹോഗൌരി-
ഹേലാസ്യകാരിണി ദേവി മീനാക്ഷി (ജയജയ)
വരദെ മമ പരദേവതെ പരമേശ്വര ദയിതെ-
സുരദാനവമുനിമാനവ പരിപൂജിതമഹിതെ-
ചരണാംബുജയുഗളംമിളദരുണാംഗുളികിരണം
കരുണാമയികമലായതനയനെ മമ ശരണം.

Colophon :

ഇതി മീനാക്ഷീ സ്വയംവരം പ്രഥമദിന കഥാ സമാപ്താ.

End :

ലീലാസുന്ദരവേഷ വിശേഷ:-
നീലേന്ദീവരലോചന ശീലം
ഹേലാപാലിത മാനുഷലോകം
ഹാലാസ്യേശ്വരമീശംവന്ദെ
മീനാക്ഷീകുച മണ്ഡലകലശീ
മാലാമലമസൃണാംകിതദേഹം.
നാനാവിഹരണ ശീലമുദാരം
ദീനാവനരതമീശംവന്ദെ.
ഹാസകിരീട പരീതശരീരം
കാരുണികം കമലായതനേത്രം.
സാരതരാഞ്ചിത ചാരുളക്രലം.
വീരവരം സുകുമാരം വന്ദെ.
വീരംഹാര കിരീട കുണ്ഡലധരം കാഞ്ചീഗുണൈരഞ്ചിതം
ധീരം കാരുണികം വിശേഷവിലസൽപീതാംബരാലംബിനം
സാരംഭം മധുരാപുരെ സുമധുരം മീനേക്ഷണാവല്ലഭം
സ്മേരന്തം നിവസന്തമന്തര നിശം ഹാലാസ്യ നാഥംഭജെ.

Colophon :

മീനാക്ഷീസ്വയംവരം നാലാം ദിവസത്തെ കഥാ സമാപ്താ.

മധുരാപുരിയിൽ മലയദ്ധ്വജ രാജാവിന്റെ മകളായി തടാതകാപരാഭിധാനയായി മീനാക്ഷീദേവി ജനിച്ചു. പാർവ്വത്യംശ സംഭൂതയായ മീനാക്ഷീദേവി താമ്രാക്ഷൻ മുതലായ രാക്ഷസാദികളെ ഹനിച്ചു, മധുര രാജ്യം ഭരിച്ചുവാണു. പിന്നീട് ദിഗ്ജയത്തിന്നു പുറപ്പെട്ടു സർവ്വരേയും ജയിച്ചു ഒടുവിൽ ശ്രീപരമേശ്വരനെ ഭർത്താവായി വരിച്ചു മധുരാപുരിയിൽ സുഖമായി നിവസിച്ചു. ഇതാണ് കഥാസാരം. ഇതിൽ നാലുദിവസത്തെ കഥകളടങ്ങിയിരിക്കുന്നു. ഗ്രന്ഥകർത്താവാരെന്നു ഇതിൽ പറയുന്നില്ല.

No. 145. വേടയുദ്ധം (കഥകളി.)
VĒTAYUDDHAM (KATHAKALI.)

Pages, 10. Lines, 20 on a page.

Begins on page 78 of the MS. described under No. 125.

Songs, in the *Kathakaḷi* style, on the *Puranic* story of the duel between God Siva, in the guise of a hunter, and His devotee, Arjuna. The God is pleased with Arjuna's valour and devotion, and, appearing before him in His divine form, grants him the boons wished for. The author's name is not known.

Beginning :

ശ്രീവാസുദേവാങ്ക നിഷണ്ണ ദേഹാ
ശ്രീമൽസുഹാരാംബലിസൽകുചാന്താ
ശ്രീയന്ത്രചാമീകര വർണ്ണചേലാ
ദിശന്തുനഃ കേശവ ധർമ്മദാരാഃ

യാവൽകുദ്യൂതയോഗാൽ കുമതിഭിരധികം ധാർത്തരാഷ്ട്രൈഃ സ്വരാഷ്ട്രം
നീതാപാസാദ്ധ്യം സമാപൂർവ്വഹൃഗ്ഗുണനിലയാഃ കാനനം കാലജാദ്യാഃ
താവത്തദ്ധർമ്മപുത്രം കുചകലശജിതാഖണ്ഡലേഭേന്ദ്രകുംഭാ
പാഞ്ചാലീ ചഞ്ചലാക്ഷീകലികലിതമതാ വാചമേവംബഭാഷേ.

End :

ഏവംസ്തുതസ്തേന പുരാപുരാരിഃ
സ്തുത്യസ്സ്തുതുഷ്ടായ വിഗർവ്വകായ
അന്തർദ്ദധെ പാശുപതാസ്ത്രമസ്മൈ
ദത്വാസുഖക്ഷ്പ്രാപമുദഗ്ര മുഗ്രഃ

സമാവൽ പ്രിയതരമവസൽ. മാതലീ പ്രോക്തമേവം
ജന്തൂനാംചാനുകമ്പാലവമപിഹിവിധേരബ്ധിചേൽകൃച്ഛ്രഗമ്യം
സർവ്വേഷാം സന്തിഭാഗ്യാന്ന്യപിചഹിസസാനിദ്ധ്യിതാന്യലതാനി

Colophon :

ഇതിവേടയുദ്ധം സമാപ്തം.

ഇതിൽ ഭഗവാൻ പരമേശ്വരൻ കിരാതവേഷം ധരിച്ചു അർജ്ജുനന്റെ മുമ്പിൽ പ്രത്യക്ഷീഭവിച്ചു അഭീഷ്ടവരത്തെ ദാനം ചെയ്യുന്നു. ഗ്രന്ഥകർത്താവു് ആരെന്നു നിശ്ചയമില്ല. ഗ്രന്ഥം പൂർണ്ണമാകുന്നു.

No 146. സംഗീതബാലചരിതം (കഥകളി).
SAṄGĪTABĀLACARITAM (KATHAKAḶI).

Substance, paper. Size, $10\frac{3}{4} \times 9\frac{1}{2}$ inches. Pages, 64. Lines, 20 on a page. Character, Malayalam. Condition, good. Appearance, new.

Complete.

Songs, in the *Kathakali* style, on the tale of a woman living together with five paramours. Hatred and jealousy made these paramours quarrel with one another. At last, by the mediation of one of them, the quarrel is made up; and thereafter all the six of them live on happily. From the last verse of this work it is made out that the author is a Brahmin of Malabar; but his name is not known. The metres of some of the songs are those found in Sanskrit literature; while those of others follow Tamil models.

Beginning :

കഴലിണകലയെ കാലഭയംകരം നി
കാമംതുണചെയ്യണം മമചീത്തമെകരീ
അരികിലെത്തിയൊരുപുരുഷരെയെല്ലാം
കരവീര്യമൊടെ പുണൎന്നവളെ
അനുദിനമെന്നുടെ അഴലുകൾ പോവാൻ
കരുണാനിലയെ പരിപാലയമാം
കരിവരതനു തവകഴലിണയെ—ഇതഗീതം

ഇനിതോടയം.

Colophon :

ഇതി സംഗീതബാല ചരിതെ പ്രഥമഭാഗഃ

End :

പ്രാണൻപോകിലുമിന്നി ഞങ്ങൾ ഇടയുന്നില്ലെന്നു ചൊല്ലിത്തദാ
പാണൌപാണികൊടുത്തു സംഖ്യമുടനെ ചെയ്യൊരുശേഷംമുദാ
പ്രാണങ്ങൾക്കു സമാനരായ കണവന്മാരോടു മൊന്നിച്ചസൌ
ചേണാൎന്നീടിന മന്ദിരത്തിലഴകോടേണാക്ഷിവാണീടിനാൾ.

Colophon :

ഇതി സംഗീത ബാലചരിതം ദ്വിതീയ ഭാഗം സമാപ്തം.

പാട്ടുണ്ണി തന്റെ ചരിതം പലരും ഗ്രഹിപ്പാൻ
പാട്ടായ്ചമച്ചധരണീസുരനെത്രവിദ്വാൻ,
പാട്ടിന്നിവേണ്ട കവിതക്കു വിശേഷിതന്നെ
കേട്ടാലറയ്ക്കുമിതു ദുഷ്കവിയാകമൂലം.

ചെറുപ്പുളശ്ശേരിയിലുള്ള ഒരു സ്ത്രീക്കു നാലഞ്ചു കണവന്മാരുണ്ടായെന്നും ഒരവസരത്തിൽ അവരിൽ ചിലർ തമ്മിൽ വിരോധമുണ്ടായെന്നും മദ്ധ്യസ്ഥത പറഞ്ഞ് അവരുടെ വിരോധം തീർന്നു അവസാനം അവർ സുഖമായി കാലംകഴിച്ചുവെന്നും ആണ് ഇതിലെ കഥാസാരം—കർത്താവാരെന്നു ഇതിൽ പറയുന്നില്ല.

No. 147. അപസ്മാര ചികിത്സ.

APASMĀRACIKITSA.

Substance, paper. Size, $10\frac{3}{4} \times 9\frac{3}{4}$ inches. Pages, 20. Lines, 20 on a page. Character, Malayalam. Condition, good. Appearance, new.

Complete.

On the treatment of eighteen kinds of epilepsy.

Beginning :

ഗുരുപാദ സരോജം ഞാനനിശം കൈവണങ്ങിനേൻ.
ഗുരുകാരുണ്യമുണ്ടാവാൻ തൊഴുതേൻവിഘ്നരാജനെ.
താരേശവദനെ ദേവീഭാരതീവിശ്വ സൃട്പ്രിയെ.
താരണിക്കുഴലീനീയെൻ ജിഹ്വാരംഗെ വിളങ്ങുക.
ഗോപാല ബാലകൻ കൃഷ്ണൻ കാരണൻ കമലേക്ഷണൻ.
ഗോകുലേശനിതെൻ ചിത്തെ . . . വാണീടുകസന്തതം.
കാലനെക്കൊന്നര(വ)ൻ തന്റെ മകളായ ഭയങ്കരി
കാലിണക്കിതകൂപ്പുന്നേൻ കാത്തുകൊള്ളുകവേണമെ.
അപസ്മാരം പതിനെട്ടുണ്ടെന്നു ചൊല്ലുന്നറിഞ്ഞവർ.
അപസ്മാരത്തിനും ബാധിപ്പാനുണ്ടു മൂർത്തിയുമങ്ങിനെ.
വാതപിത്തകഫത്താലുണ്ടായ വ്യാധിയതെങ്കിലും.
വ്യാധിക്കും മൂർത്തിയാലത്രെ ചാവാനുള്ളവകാശവും.
ചികിത്സജപഹോമാദി കോഴിവെട്ടിബലിക്രിയാ.
ഇവയോരോന്നു ചെയ്തിട്ടുവേണം രോഗം മടക്കുവാൻ.

End :

കൊമ്പഞ്ചും കിരിയാത്ത ചീനമുളകും കായം ചീന(കരിം)ജീരകം
തുമ്പപ്പൂവു വയമ്പുമുന്തിരിഫലം ജാതിക്കപ്പീനാറിയും
കസ്തൂരി പുഴ അമ്പരുത്രികടുവും കർപ്പൂരമേലത്തരി
ഇത്ഥ്യേവം ഗുളികാർദ്രനീരിൽ നിലെയാം പാരിച്ചപസ്മാരവും.

ഈ ഗ്രന്ഥത്തിൽ അപസ്മാരത്തെ പതിനെട്ടായി വിഭാഗിച്ചു അതിന്നുള്ള ചികിത്സ പ്രതിവാദിക്കുന്നു. പദ്യരൂപമായ ഈ ഗ്രന്ഥത്തിൽ കർത്താവിന്റെ പേർ നിർദ്ദേശിച്ചു കാണുന്നില്ല.

No. 148. അശ്വചികിത്സ.

AŚVACIKITSA.

Substance, paper. Size, $10\frac{3}{4} \times 9\frac{1}{2}$ inches. Pages, 47. Lines, 20 on a page. Character, Malayalam. Condition, good. Appearance, new. Complete.

A short treatise on the treatment of the diseases of horses. The author's name is not known.

Beginning :

കുതിരയെപ്പരിചോടു ഭരിക്കുവാൻ
ചതുരമായൊരുപായ മറിഞ്ഞിടാൻ.
മധുരമായൊരു കേരളഭാഷയാ
മതിയിലുള്ള മരുന്നു പറഞ്ഞിടാം.

ഇഞ്ചി പലം അര, മുളകു പലം അര, വെളുത്ത ഉള്ളി കഴഞ്ചു കാൽ, കടുകരോഹിണി കഴഞ്ചു ഒന്നു, ഇവക(ൾ) നാലുനാളെക്കൽ മുടക്കം കൂടാതെ കൊടുത്തു വരണം; അതുകൊണ്ടു പുല്ലും കാണവും വഴിപോലെ, തിന്നില്ലെങ്കിൽ കാൽ പലം കപ്പല്ലുമുളകും ഒരു പുകയിലയും ഒരു പിടി ആവണക്കിന്റെ വേരിന്മേലെ തൊലിയും ഒരു കഴഞ്ചു ഇന്തുപ്പും കൂട്ടി കൊടുക്കണം. എന്നാൽ വഴിപോലെ പുല്ലും കാണവും തിന്നും.

End :

കുതിര ചടച്ചുപോയാൽ തടിക്കേണ്ടുന്നതിന്ന ഇതു്. പീച്ചുന്നിനെയ്യും പന്ത്രണ്ടു തവി ചാരായവും ഒരു കഴഞ്ചു കടുകരോഹിണി പൊടിയും മൂന്നുംകൂട്ടി ഇളക്കികുഴലിലാക്കി കാക്കകരയുന്നതിന്ന മുമ്പെ കൊടുത്തുകൊള്ളണം. ഇങ്ങിനെ അഞ്ചു ദിവസം കൊടുത്താൽ ചടപ്പുമാറും ഇതു ഏത്രയും വലിയ സാരമെന്നറിക.

ഗുരൂണാം ചരണാംഭോജപരാഗപര മാണവഃ
മനോമുകരമസ്മാകം പുനീയുരനുവാസരം.
യാദൃശം പുസ്തകെ ദൃഷ്ടംതാദൃശം ലിഖിതംമയാ
യദിയുക്തമയുക്തം വാ മമദോഷോ ന വിദ്യതെ.

Colophon :

അശ്വചികിത്സാ സമാപ്താ.

ഈ ഗ്രന്ഥത്തിൽ കുതിരയുടെ രോഗങ്ങൾക്കുള്ള ചികിത്സ സവിസ്തരം പറയുന്നു. കർത്തൃനാമം ഇതിൽ എഴുതികാണുന്നില്ല.

No. 149. അഷ്ടാംഗഹൃദയവ്യാഖ്യാനം.

AṢṬĀṄGAHṚDAYA VYĀKHYĀNAM.

Substance, paper. Size, $10\frac{3}{4} \times 9\frac{1}{2}$ inches. Pages, 120. Lines, 20 on a page. Character, Malayalam. Condition, good. Appearance, new.

Incomplete.

A commentary in Malayalam, on the *Aṣṭāṅgahṛdaya* of Vāgbhaṭa. The name of the author of the commentary is not known.

This work contains the commentary from the Eighth to the Sixteenth Adhyāya of the section dealing with the treatment of the eye in the *Uttarasthāna*.

Beginning :

അഥാതഃവർത്മരോഗവിജ്ഞാനീയമിതി ഋഷയഃ
സർവ്വരോഗനിദാനോക്തൈരഹിതൈഃകുപിതാ മലാഃ
അചക്ഷുഷ്യൈർവ്വിശേഷേണ പ്രായശ്ചിത്താനുസാരിണഃ
സിരാഭിരൂർദ്ധ്വം പ്രസൃതാഃ നേത്രാവയവമാശ്രിതാഃ
വർത്മസന്ധിംസിതം കൃഷ്ണംദൃഷ്ടിം വാസർവ്വമക്ഷി വാ.
രോഗാൻ കുർയ്യുഃമലസ്തത്ര പ്രാപ്യവർത്മാശ്രയാഃ സിരാഃ
സുപ്തോത്ഥിതസ്യകുർവ്വതെ വർത്മസ്തംഭം സവേദനം.
പാംസുപൂർണ്ണാഭ നേത്രത്വം കൃച്ഛ്രോന്മീലന മശ്രു ച.
വിമർദ്ദനാൽ സ്യാച്ഛമഃ കൃച്ഛ്രോന്മീലം വദന്തിതം.
ചാലയൻവർത്മ നി വായും നിമേഷോന്മേഷണം മുഹുഃ
കരോത്യരുങ്ങ് നിമേഷോസൌ വർത്മയത്തുനിമീല്യതെ.

Colophon :

ഉത്തരെ അഷ്ടമോദ്ധ്യായ :,

End :

രണ്ടു കാലിന്റെയും ഉള്ളം കാലിൽ നടുവിൽ വിസ്തീർണ്ണമായുള്ള ദിക്കിൽ രണ്ടു ഞരമ്പുകളുണ്ടു്. ആ ഞരമ്പുകൾ അനേകം പ്രകാരമായിട്ടു ചെന്ന നേത്രത്തിൽ വ്യാപിച്ചിരിക്കുന്നു. അതുകൊണ്ടു് കാലിന്മേൽ പൊടികളക. തേച്ചുകഴുകുക. തണുത്ത മരുന്നുകൾ തേക്ക ഇത്യാദികൾ ഉള്ളംകാലിൽ പ്രവർത്തിച്ചാൽ നേത്രരോഗം ശമിക്കും. മലോഷ്ണസംഘട്ടനേതി വാതാദികൾ മലബന്ധംകൊണ്ടും ഉഷ്ണംകൊണ്ടും ഇത്യാദി ഉപദ്രവങ്ങളെ കൊണ്ടു് കോപിച്ച നേത്രത്തിൽ രോഗങ്ങളെ ഉണ്ടാക്കുന്നു. ആയതുകൊണ്ടു സർവ്വകാലം ദൃഷ്ടിഹിതങ്ങളായിരിക്കുന്ന അഭ്യംഗം ചെയ്കയും കാളമേലേറി നടക്കയും വിരേചനം ചെയ്കയും ഇത്യാദി നേത്രരക്ഷണം ചെയ്തുകൊൾക.

Colophon :

ഇതിനേത്ര ചികിത്സാ—

ഇതിൽ അഷ്ടാംഗ ഹൃദയം ഉത്തരസ്ഥാനത്തിൽ പറയുന്ന നേത്ര ചികിത്സാഭാഗം എട്ടു മുതൽ പതിനാറദ്ധ്യായംവരെയാണു് ഉള്ളതു്. ആരംഭത്തിൽ തന്നെ ഈ എട്ടദ്ധ്യായവും എഴുതി അവസാനത്തിൽ ഭാഷാവ്യാഖ്യാനം എഴുതിച്ചേർത്തിരിക്കുന്നു. വ്യാഖ്യാതൃനാമം ഇതിൽ നിർദ്ദേശിച്ചുകാണുന്നില്ല.

No. 150. അഷ്ടാംഗഹൃദയം ഭാഷാവ്യാഖ്യാ സഹിതം.

ĀṢṬĀṄGAHṚDAYAM WITH MALAYALAM COMMENTARY.

Substance, palm-leaf. Size, $9\frac{1}{4} \times 1\frac{3}{4}$ inches. Foll. 133. Lines, 9 on a page. Character, Malayalam. Condition, good. Appearance, new.

Contains 13 Adhyāyas in the Sūtrasthāna in the following order 1, 8, 11, 13, 15, 16, 17, 18, 20, 21, 22, 19, 4.

Same as the above.

Beginning :

അഷ്ടാംഗഹൃദയം ആയുഷ്കാമീയം എന്ന അദ്ധ്യായം. ആദി അഞ്ചരശ്ലോകം ഈശ്വരവന്ദനയും തന്ത്രനിർണ്ണയവും ആകയാൽ അതു തള്ളിയിരിക്കുന്നു.

വായുഃപിത്തം കഫശ്ചേതി ത്രയോദോഷാസ്സമാസതഃ |
വികൃതാവികൃതാദേഹം ഘ്നന്തിതെ വർത്തയന്തിച ||

വാതമെന്നും പിത്തമെന്നും കഫമെന്നും ചുരുക്കമായിട്ടു ദോഷം മൂന്നാകുന്നു. ആ ദോഷങ്ങൾക്കു വികാരം വന്നാൽ ദേഹത്തെ നശിപ്പിക്കും. ഇല്ലെങ്കിൽ ദേഹത്തെ രക്ഷിക്കുന്നതുമാകുന്നു. വികാരം ഏററക്കുറച്ചിൽ.

തെവ്യാപിനോപി ഹൃന്നാഭ്യോരധോ മദ്ധ്യോർദ്ധ്വ സംശ്രയാഃ.
വയോഹോരാത്രി ഭുക്താനാം തെന്തമദ്ധ്യാദികാഃക്രമാൽ.

അവററകൾ ശരീരം മുഴുവനും വ്യാപിച്ചിരിക്കുന്നു. എങ്കിലും ഹൃദയത്തിന്മേൽ ശിരസ്സുവരെ കഫവും ഹൃദയം മുതൽ നാഭിവരെ പിത്തവും നാഭി മുതൽ പാദംവരെ വാതവും പ്രധാനമായി ആശ്രയിച്ചിരിക്കുന്നു. ഇവററകൾ മനുഷ്യന്റെ ആയുസ്സു മൂന്നു ഭാഗമാക്കിയാൽ ആദിയിൽ കഫവും നടുവിൽ പിത്തവും ഒടുക്കം വാതവും, ഇങ്ങിനെ

തന്നെ പകൽ പത്തുനാഴിക കഫവും മേൽ പത്തുനാഴിക പിത്തവും മേൽ പത്തുനാഴിക വാതവും, രാത്രിയിലും ക്രമം ഇങ്ങിനെ തന്നെ. ഭക്ഷണസമയം കഫവും ദീപന സമയം പിത്തവും ദഹനം കഴിഞ്ഞാൽ വാതവും ആകുന്നു.

End :

കാലോനുകൂലോ വിഷയാ മനോജ്ഞാ
ധർമ്മ്യാഃ ക്രിയാഃ കർമ്മസുഖാനുബന്ധി.
സത്വം വിധേയം വിശദാചബുദ്ധി-
ർഭവന്തി ധീരസ്യ സദാസുഖായ.

അനുകൂലമായ കാലവും മനോജ്ഞങ്ങളായ വിഷയങ്ങളും ധർമ്മ്യകളായ ക്രിയകളും സുഖാനുബന്ധിയായ കർമ്മവും വിധേയമായ സത്വവും വിശദയായ ബുദ്ധിയും ധീരനായിരിക്കുന്നവനു എല്ലായ്പ്പോഴും സുഖത്തിനായിട്ടു ഭവിക്കുന്നു. അനുകൂലമായ കാലം ദൈവാനുകൂല്യമുള്ള സമയം. മനോജ്ഞങ്ങൾ, മനസ്സിന്നു ഇഷ്ടമുള്ള വിഷയങ്ങൾ, അനുഭവവസ്തുക്കൾ, ധർമ്മ്യകൾ, ധർമ്മത്തോടു കൂടിയവ, ക്രിയകൾ, പ്രവൃത്തികൾ, സുഖാനുബന്ധി, സുഖത്തോടു കൂടിയതു, കർമ്മം പ്രവൃത്തി, വിധേയം സ്വാധീനം, സത്വം ബലം, വിശദം രാഗദ്വേഷാദിയോടു കൂടാത്തതു്. ബുദ്ധി, അറിവു്, ധീരൻ, അറിവുള്ളവൻ.

Colophon :

മൂന്നാം പുസ്തകം സമാപ്തം.

ഈ ഗ്രന്ഥം വാഗ്ഭടകൃതമായ അഷ്ടാംഗഹൃദയത്തിന്റെ ഒരു ഭാഷാവ്യാഖ്യാനമാണ്. മൂല ഗ്രന്ഥവും ഇതിൽ എഴുതീട്ടുണ്ട്. ഭാഷാ വ്യാഖ്യാനം മൂലവ്യാഖ്യാതാവായ അരുണദത്തനെ അനുസരിക്കുന്നു. ഇതിൽ (1) ആയുഷ്കാമീയാദ്ധ്യായം, (2) മാത്രാശിതീയാദ്ധ്യായം (3), ദോഷാദി വിജ്ഞാനീയാദ്ധ്യായം (4), ദോഷോപക്രമണീയാദ്ധ്യായം (5), ശോധനാദിഗണ സംഗ്രഹാദ്ധ്യായം (6), സ്നേഹാദ്ധ്യായം (7), സ്വേദവിധ്യദ്ധ്യായം (8), വമനവിരേചന വിധ്യദ്ധ്യായം (9), നസ്യ വിധിരദ്ധ്യായം (10), ധൂമപാന വിധിരദ്ധ്യായം (11), ഗണ്ഡൂഷാദി വിധിരദ്ധ്യായം (12), ബസ്തി വിധിരദ്ധ്യായം (12), രോഗാനുല്പാദനീയാദ്ധ്യായം (13) എന്നീ അദ്ധ്യായങ്ങൾ ഈ ക്രമത്തിൽ തന്നെ പ്രതിപാദിച്ചിരിക്കുന്നു. വ്യാഖ്യാതൃനാമ ഇതിൽ ഇല്ല.

No. 151. അഷ്ടാംഗഹൃദയ ഭാഷാവ്യാഖ്യാ.

AṢṬĀṄGAHṚDAYA BHAṢĀVYĀ KHYĀ.

Substance, paper. Size, $10\frac{3}{4} \times 9\frac{5}{8}$ inches. Pages, 314. Lines 20 on a page. Character, Malayālam. Condition, good. Appearance, new.

Incomplete.

Same as the above.

Contains the Malayālam commentary for the first 29 Adhyāyas of the Sūtrasthāna of Aṣṭāṅgahṛdaya. In certain places the commentary follows *Sundari*, a commentary on the Aṣṭāṅgahṛdaya, by Aruṇadatta.

Beginning :

ശാസ്ത്രത്തെ ആരംഭിപ്പാനായിക്കൊണ്ടു ഇച്ഛിച്ചിരിക്കുന്ന ആചാൎയ്യൻ അതിൻെറ വിഘ്നോപശമനത്തെ ചെയ്യാനായിക്കൊണ്ടു് ഇഷ്ടദേവതാ നമസ്ക്കാരത്തെ ചെയ്യുന്നു.

രാഗേതി—

രാഗദ്വേഷാദികളാകുന്ന രോഗങ്ങൾ മനശ്ശരീരങ്ങളെ തപിപ്പിക്കുന്നവററെ യാവനൊരുത്തൻ ശമിപ്പിക്കുന്നതു ആ അപൂൎവ്വ വൈദ്യനായ്ക്കൊണ്ടു നമസ്കാരം. എല്ലാ കാലത്തിങ്കലുമെല്ലാ ദേഹത്തിങ്കലും മുഴുവൻ വ്യാപിച്ചിരിക്കുന്നോ ചില രാഗാദി ദോഷങ്ങൾ, "അശേഷൊ ബുദ്ധിരാത്മാച" എന്നിട്ടു മനസ്സിങ്കലും വ്യാപ്തങ്ങളായിരിക്കുന്നു. അശേഷാൻ എന്നു മൂലമാകുന്ന അജ്ഞാനത്തോടുകൂടി എന്റെ താൻ ഒട്ടും ശേഷിയാതവണ്ണം എന്നു താൻ പിന്നെ അലബ്ധ വിഷയത്തിങ്കലെ രാഗത്തേയും അജ്ഞാനത്തെയും ശയനാസനാദികളിലൊരിടത്തു സ്ഥിരത ഇല്ലായ്കയും ഇവററെ ഉണ്ടാക്കിയിരുന്നോ ചിലവ ഔത്സുക്യമോഹാരതിദങ്ങൾ അസാദ്ധ്യങ്ങൾ എന്നുണ്ടു്. എന്നിട്ടവററെ ശമിപ്പിക്കയാൽ ആശ്ചൎയ്യഭൂതനായിരിപ്പോരു വൈദ്യൻ എന്നിസ്സൎവ്വോൽകൃഷ്ടതം കൊണ്ടു നമസ്കാര യോഗ്യതയുണ്ടു്.

Colophon :

ഇതി പ്രഥമോദ്ധ്യായഃ.

End :

ത്ര്യഥേവീതി—

പുണ്ണു ഉണങ്ങിയാലും ചെയ്യാസ്സുവയററ മൈഥുനം എന്നിവററെ വൎജ്ജിക്കേണം. ആറുമാസം താൻ ഏഴുമാസം താൻ ആദരത്തോടുകൂടി ഇച്ചൊല്ലിയ പത്ഥ്യവിധിയെ അനുസരിക്കേണം. 'ഉൽപാദ്യമാനാസു'—ഇത്യാദി വ്രണത്തിങ്കൽ അവയവ അവസ്ഥകളുണ്ടാകുമ്പോൾ ദോഷാദികളുടെ ബലത്തെ അനുസരിക്കുന്ന വൈദ്യൻ അവയവ ഉപായങ്ങളെക്കൊണ്ടു പ്രയത്നത്തോടുകൂടി ചികിത്സിക്ക ഉത്തരത്തിൽ വിസ്തരിച്ചു ചൊല്ലുന്ന വ്രണചികിത്സയെക്കൂടി ഓൎത്തുകൊള്ളേണം വൈദ്യൻ.

Colophon :

ഇത്യഷ്ടാംഗഹൃദയെ ഏകൊനവിംശോദ്ധ്യായഃ.

ഈ അഷ്ടാംഗ ഹൃദയ വ്യാഖ്യാനം 29 അദ്ധ്യായത്തിന്നേ കാണുന്നുള്ളു. ഈ ഗ്രന്ഥത്തിലെ ഭാഷാ പഴയതാണു്. സുന്ദരി മുതലായതിനെയും ചില ദിക്കിൽ അനുസരിച്ചു കാണുന്നുണ്ടു്. ഇതു ഒരു വെറും തൎജ്ജമയെന്നു ഒരിക്കലും കരുതുവാൻ പാടില്ലാത്ത വ്യാഖ്യാനമാണെന്നുള്ളതിന്നു സംശയമില്ല. ഗ്രന്ഥകൎത്താവിൻെറ പേർ ഗ്രന്ഥത്തിൽ പ്രതിപാദിച്ചിട്ടില്ല.

No. 152. കാലവഞ്ചനം.

KĀLAVAÑCANAM.

Substance, paper. Size, $10\frac{6}{8} \times 9\frac{6}{8}$ inches. Pages, 14. Lines, 20 on a page. Character, Malayālam. Condition, good.

This work, begins on page 33. Other work herein is Vishaharam 1-a.

Beginning :

Explains, in detail, the antidotes to snake-poison.

കുപ്പമെനി വെളയിലെ ക്രൂട്ടിയിടിത്ത ചാർകൊണ്ടു ശരീരമെങ്കും
തൊളയിട്ടുതാനെ യരവംപിടിത്താൽ കാൽ എല്ലൊക്കടിയാതെന്ത
ശൊല്ലി—യമനാണ നിശ്ചയമെ.
ശെങ്കകപ്പുവിൻ നീററിൽ ചെത്തിട്ടും കായംകാരം മരുവിയ അരി
താരകൾ മനോലയും രസം ചായില്യം കനമുള്ള ഉരുക്കപ്പൊടിയും
കനക്കവെ പ്രാണകിഷ്ടും തിരമുള്ള കരിമ്പിൻ നീററിൽ ശിരക്ക
വെത്ത ശെന്തകളിയിൽ വെന്ത ശീരക്കവെ ശംമ്പലാക്കി പി
ണ്ടത പുകറിടക്കെല്ലാം പിറവിയെ കുടിപ്പിററകിൽ കൊണ്ട ശെമ്പ
കത്തിൻ നീററിൽ കുടിത്തിട വിഷങ്കൾ പോമെ.
ഐങ്കൊലത്തോലും വേരും അമൽന്തതോ സോമനാദി മരുവിയ
കഞ്ചാ പിത്തമററത കാടി തന്നിൻ അരത്തിട മോരിൽത്താനെ.
അകണ്ടമണ്ഡലി വിഷങ്കൾ കടിത്തിടെ കുടിപ്പീരാകിൽ കാലനാം
മരുന്തതാനെ.
അത്തലെ വിഷങ്കളേറി അതികമാക്കെലമേൽക്കൊണ്ടാൽ കയ്യുനെ
വിഷങ്കൾമിഴ്ക്ക കരുത്തുളള മരുന്നു കെളായി. പിത്തകക്കാവി
മണ്ണും മികത്തിട്ടും ചായില്യം താൻ മററത പിലാവുളളിതാനും
മരുവിയ ഇഞ്ചിനീരിൽ കുടിത്തതോർ മണ്ടലിക്ക കുടിത്തിട
മരുന്നുതാനെ.
ചെപ്പുടൻ മഞ്ചൾതാനും ശിരക്കവെ ശെമ്പരുത്തി മരുവിയ
ചെറുശീരതാൻ മററത ഉപ്പുനീററിൽ അരത്തുടൻ നസ്യം
ചെയ്യാൽ അകണ്ടമണ്ഡലി വിഷങ്കൾ കടിത്തിട്ടും മണ്ഡലിക്ക കാല
നാം മരുന്നുതാനെ.
കൊട്ടവേലി മുല്ലവേരും ക്രൂടിയ കായം ചേർത്ത
മരുവിയ ചെറുനീർതന്നിൽ മട്ടിക്കവെ അരച്ചുകൊണ്ട
കടുകിന മൂക്കിൽ നസ്യം കലങ്കെവെ ചെയ്യുകൊണ്ടാൽ
കടിവിഷം അകണ്ടപോകും കാലനാം മണ്ടലിക്ക.
ഉളളിയും വെളളതാനും കളളിയുട കമ്മട്ടിപ്പാൽ
മഞ്ചളിൽ നഞ്ചും കായം കൊന്നയും കോലരക്ക.
ഈ വക എട്ടും ക്രൂടി കററവാളയിൽ അരച്ചു
കുന്നിതൽ പ്രാമണത്താൽ ഗുളീക നീ ചെയ്യുണക്ക
കുടിത്തിട്ടും വിഷങ്കൾക്കെല്ലാം തുമ്പനീർ തന്നിൽ കൊളെള.
പൊന്നരിതാരം താനെ പൊരുന്തവെകിളിതാൻ കെട്ടി
മൂന്നെ ശുണ്ണാമ്പിൽ വെച്ചു ഉണ്ണിയെ നീരുവെന്താൽ
എണ്ണവെ എടുത്തകൊണ്ട ഈരവെകായ നീററിൽ
പൊന്നരിതാരം താനെ ശിവക്കവെ വറുത്തകൊളേള
കൊണ്ടതു പൊടിയാക്കി കൊടുപ്പതു വിഷത്തുക്കെല്ലാം
വിണ്ടതു വിഷങ്കൾ മീൾവതു നസ്യം ചെയ്യാൽ പണ്ടുവേൽ മേനിയാകും
പാങ്കടൻ ചെയ്യുകൊണ്ടാൽ ചെന്തു വിഷങ്കൾ പോകും
ശിരക്കവെ ചെയ്യുകൊളെള.

End :

മുളകുടൻ ചിററാമൃതം മുതിരവെ വയമ്പുകൂട്ടി
മരുവിയ പാൽമുളക മററത ത്രിഫലയും
ഈവക കാടിനീററിൽ ഇയമ്പിയെ അരച്ചുകൊണ്ടു
തെരുതെരെ മെതൊയു ശതീന്തിടുംരാൽ വിഷങ്ങൾ
അങ്കോലംണ മുക്കിരംതാനും അമരിയും കരളേകംതാൻ
മരുവീയ ശെങ്കവള്ളി മററത ത്രീകടുക
ഈവക മരുന്തെ എല്ലാം ഇടിത്തുടൻ പൊടിയതാക്കി
കുടിത്തിടും വിഷങ്കൾക്കെല്ലാം പാലത്തിത്രിൽ കൊടുക്കമീളും.
കീരി കിളിങ്ക അമുക്കുരം താൻ കിളറും ഇരട്ടിമധുരം താൻ
കൂട്ടി അരത്ത കാടിയിൽ അധികമായി കുടിച്ചാലപ്പോൾ
കരുതിയരാൽ വിഷങ്കൾ കടിവിഷം അകണ്ടുപോമെ.
അങ്കോലം ചെറുചീരതാൻ അതിനുടൻ പെരികരുമ്പെ
മരുവിയ കരുവികിളങ്കമാറുടൻ വേപ്പിൻതോലും.
ഈവക അഞ്ചുംകൂട്ടി എടിത്തിടും കാടിനീരിൽ
അരച്ചുടൻ മേലെപൂശ അമ്മുന്തിടും വിഷങ്കൾ പോമെ.

Colophon :

കാലവഞ്ചനം മുററും.

പ്രസ്തുത ഗ്രന്ഥത്തിൽ വിഷത്തിന്നു നസ്യം ചെയ്യുവാനും കുടിപ്പാനും പുരട്ടുവാനുമുള്ള ഔഷധങ്ങളെ പ്രതിപാദിക്കുന്നു. ഗ്രന്ഥകർത്താവിന്റെ നാമം ഗ്രന്ഥത്തിൽ പ്രതിപാദിച്ചിട്ടില്ല. കാലവഞ്ചനം മുററും എന്നവസാനത്തിൽ കാണുന്നതുകൊണ്ടു ഗ്രന്ഥം പൂർണ്ണമെന്നൂഹിക്കാം. ഭാഷയ്ക്കു തമിഴിന്റെ ഛായയുണ്ടു്.

No. 153. ഗണഗ്രന്ഥം.

GAṆAGRANDHAM.

Substance, paper. Size, $10\frac{3}{4} \times 9\frac{3}{4}$ inches. Pages, 28. Lines, 20 on a page. Character, Malayalam. Condition, good. Appearance, new.

Begins on page 1. The other work herein is Viṣavaidya 29

A short treatise on emetics and purgatives. Follows the 15th Adhyāya of the *Sutrasthana* of *Astangahṛdaya.* Contains also some verses in Malayālam, on medicine.

Beginning :

മദനമധുകലംബാനിംബബിംബീവിശാലാ
ത്രപുസകുടജമൂർവ്വാ ദേവദാലീ കൃമിഘ്നം.
വിദുലദഹനചിത്രാ കോശവത്യൗകരഞ്ജഃ
കണലവണവചൈലാസർഷപാഃഛർദ്ദനാനി ॥

അഥാസ്യഭാഷാ,—മദനം = മലങ്കാര മധുകാ = ഇരട്ടിമധുരം. ലംബാ = വേപ്പുര. നിംബം = വേപ്പു്. ബിംബീ = തൊണ്ടി. വിശാലാ = കാട്ടുവെള്ളരി. ത്രപുസം = തവുക്ക,

കടജം=കടകപ്പാലയരി. വിളളം=കാനാഞ്ചി. ദഹനം=കൊട്ടുവേലി. ചിത്രാ=ആവണക്ക. കോശവതികൾ=പൊട്ടപ്പീരവും തുളക്കാപ്പീരവും. കരഞ്ജം=ഉങ്ങ്. കണാ=തിപ്പലി, ലവണം=ഇന്തുപ്പ്. വചാ=വയമ്പ്. ഏല=ഏലത്തരി. സർഷപം=ചെറുകടുക. ഇത ഛർദ്ദനദ്രവ്യങ്ങൾ. മദനാദിപ്രഥമഗണഃ

End :

ശിവലോചനദവജീനകമരിചാമയ ജടിലാ
ശിഖിപിഞ്ഛഭസിത ശേഖരസുമവിദ്രുമമധുകം.
അഭയാഖില കടുകം ഗ്രകഗ്രഹികാരവിചപലാ
സുരസാഹരിണകശൃംഗകനക മൌക്തികരജതം.
സുസമീകൃത പരിപേക്ഷിതമബലാ കുചപയസാ
മധുസംയുത മുപലോപരി രസനാമധിവിലിപേൽ.

അഥാസ്യഭാഷാ—ശിവലോചനഭവം=രുദ്രാക്ഷം. ജീനകമരിചം=വാൽമുളക. ആമയം=കൊട്ടം, ജടിലാ=വയമ്പ്. ശിഖിപിഞ്ഛഭസിതം=മയിൽപീലിചുട്ട കരി. ശേഖരസുമം=കരാമ്പൂവ്വ്. വിദ്രുമം=പവിഴം. മധുകം=എരട്ടിമധുരം. അഭയ=കടുക്ക. അഖിലം=ചുക്ക കടുക=കടുകരോഹിണി. അഗ്രഗ്രാഹി=അക്കിക്കറുക, കാരവി=കരിഞ്ജീരകം ചപല=തിപ്പലി. സുരസ=അരത്ത. ഹരിണശൃംഗം=കലങ്കൊമ്പു. കനക=സ്വർണ്ണം, മൌക്തികം=മുത്തു. രജതം=വെള്ളി.

Colophon :

ഇതിഗണ ഗ്രന്ഥം.

ഇതിൽ കാണുന്ന വമനവിരേചനാദ്യൌഷധ ഗണങ്ങൾ അധികവും അഷ്ടാംഗഹൃദയം 15-ാം അദ്ധ്യായത്തിൽ നിന്നെടുത്തെഴുതിയതാണ്. ഭാഷാ പദ്യങ്ങളായവ മാത്രം അതിലുള്ളവയല്ല. ഇതിൽ പല ഗ്രന്ഥങ്ങളിൽനിന്നും എടുത്തെഴുതിയ പദ്യങ്ങളാണ്. സംസ്കൃതമായ ഔഷധപദങ്ങളുടെ പദാർത്ഥം ഭാഷയിൽ കൊടുത്തിരിക്കുന്നു. കർത്തൃനാമം ഇതിൽ നിർദ്ദേശിച്ചുകാണുന്നില്ല.

No. 154. ഗർഭചികിത്സ.

GARBHACIKITSA.

Substance, paper. Size, $10\frac{3}{4} \times 9\frac{3}{4}$ inches. Pages, 142. Lines, 20 on a page. Character, Malayalam. Condition, good. Appearance, new.

A treatise on the treatment of antenatal and infantile diseases.

Beginning :

സ്ത്രീകൾ സാധാരണയായിട്ടു പന്ത്രണ്ട് വയസ്സു മുതൽ അമ്പതു വയസ്സുവരെ ഋതുവാകുന്നു. ഋതുവാകാറാകുമ്പോൾ മുഖപ്രസന്നതയുണ്ടാകയും ശ്രോണിപയോധരങ്ങൾ പൂരിക്കുകയും വയർ കമ്പിക്കുംവണ്ണം തോന്നുകയും ചെയ്യും. ഋതുവാകുന്ന രക്തം പാടയുള്ളതായും കറഞ്ഞൊന്നു കൃഷ്ണവർണ്ണമായും ഇരിക്കും. ആ രക്തം ഞരമ്പിലൂടെ പുറപ്പെട്ടു യോനിവായുവിനോടു കൂടി മൂന്നു ദിവസംവരെ സ്രവിക്കും. നാലാം ദിവസം സ്നാനം ചെയ്യുന്ന മുതൽ പന്ത്രണ്ടു ദിവസത്തിനകം പ്രജോല്പാദനയുണ്ടാകും. എന്നാൽ അടുത്തവണ്ണം തീണ്ടാരിക്കയും തീണ്ടായിരുന്നാൽ കറപ്പെടാതേയും ഉണ്ടായാൽ ഗർഭമുണ്ടാകയില്ല. അതിന്നു പുളിങ്കുഴമ്പു ചമച്ചു സേവിക്ക. എന്നാൽ ഗർഭാശയശുദ്ധി വരും. ഗന്ധവാസനയും ശമിക്കും. ഗർഭവുമുണ്ടാകും.

Colophon :

രണ്ടാം ഭാഗം.

End :

കുംഭകാമിലക്ക്.—വേപ്പിൻ തോൽ, ത്രിഫലത്തൊണ്ട, പടവലം, മഞ്ഞൾ, ആടലോടകത്തിൽ വേർ, ചിററമൃത, നറുനീണ്ടിക്കിഴങ്ങ, ത്രികോല്പക്കൊന്ന, കഴകാനെല്ലി, കുമ്പിൾവേർ, കുറുന്തോട്ടിവേർ, അമരിവേർ, ഓരിലവേർ, എരട്ടിമധുരം ഇവ മുക്കാലിശ്ശ കഴഞ്ചു മരുന്ന ചതച്ച അഞ്ഞാഴി വെള്ളത്തിൽ വെന്തു നാഴിയാക്കി പിഴിഞ്ഞരിച്ചു കുറുക്കി ഒഴക്കാക്കി തേൻ, തിപ്പലി, കന്മദം ഇവചേൎത്തു സേവിപ്പിക്ക. കുംഭകാമിലശമിക്കും.

ഗദ്യപ്രചുരമായ പ്രസ്തുത ഗ്രന്ഥത്തിൽ ബാലന്മാൎക്ക വരുന്ന കരപ്പൻ, വാപ്പ്ൻ മുതലായ രോഗങ്ങളുടെ ചികിത്സയും നിദാനവുമാണ് അധികം പ്രസ്താവിച്ചുകാണുന്നതു്. ആദ്യത്തെ ഭാഗത്തിൽ ഗൎഭസംഭവത്തിന്നും ഗൎഭരക്ഷണത്തിന്നും മററുമുള്ള ചികിത്സകളെ പറയുന്നതുമാത്രം കൊണ്ടാണ് ഗൎഭചികിത്സ എന്ന ഗ്രന്ഥത്തിന്ന പേർ വന്നതു്. രണ്ടും മൂന്നും ഭാഗങ്ങൾ ബാലചികിത്സ എന്ന ഗ്രന്ഥത്തിൻെറ ശരിപകൎപ്പ് തന്നെ എന്ന പറയാം. നാലിലും അഞ്ചിലും കരപ്പൻ, വാപ്പ്ൻ എന്ന പറയുന്ന രോഗങ്ങളുടെ ചികിത്സയും നിദാനവുമാണ്. മററു ചില രോഗങ്ങളുടെ ചികിത്സയും ഇല്ലാസ്സയില്ല. ഏററവും ചെറിയ ആറാമത്തെ ഭാഗത്തിൽ വിവിധരോഗങ്ങളുടെ സംക്ഷിപ്തമായ ചികിത്സയും കാണുന്നു. ഗ്രന്ഥകൎത്താവിൻെറ പേരോ മറേറാ ഗ്രന്ഥത്തിൽ ഒരിടത്തും പ്രയോഗിച്ചു കാണുന്നില്ല.

No. 155. ചികിത്സ.

CIKITSA.

Substance, paper. Size, $10\frac{7}{8} \times 9\frac{6}{8}$ inches. Pages, 52. Lines, 20 on a page. Character, Malayalam. Condition, good.

A short treatise on the treatment of piles and other diseases; contains also spells whose repetition is believed to cure such diseases.

Beginning :

മൂലം പുറത്തുവന്നാൽ

അമൃച്ചക്കൊടിയുടെ വേർ പറിച്ചു അരച്ചു ചെറുനാരങ്ങയോളം ഉണ്ടാക്കി നാനാഴി വെള്ളവും ഇരുനാഴിമോരുംക്രട്ടി അറുനാഴി നീരിൽ മരുന്ന കലക്കി മുന്നാഴി ആവോളം കുറുക്കി ഒഴക്ക അരിയിട്ടു അതു വെന്താൽ വാങ്ങി കുടിക്ക. മൂലം പുറപ്പെട്ടുപോയാൽ മേപ്പടി മരുന്ന സമൂലം പറിച്ചുകൊണ്ടുവന്ന അരികെ കാട്ടിയാൽ പോകും

കാപ്പിരി മന്ത്രം.

ഓം കാപ്പിരികാപ്പിരി പാതാള ഉഗ്രകാപ്പിരി നിന്നെ ഞാൻ അറിഞ്ഞുവണ്ണം പഠിച്ചു സേവിക്കുമ്പോൾ കിഴക്ക ഉദയാനപൎവ്വതത്തിന്മേൽ ഇട്ടു കെട്ടിയൊരു കെട്ട് അഴിപ്പാൻ വാ മകനെ. പാതാള ഉഗ്രകാപ്പിരി പടിഞ്ഞാറു അസ്തമനപൎവ്വതത്തിന്മേൽ ഇട്ട്കെട്ടിയൊരു കെട്ടും അഴിപ്പാൻ വാ മകനെ. പാതാളകാപ്പിരി തെക്കെ ശ്രീകൈലാസ പൎവ്വതത്തിന്മേൽ ഇട്ടുകെട്ടിയൊരു കെട്ട് അഴിപ്പാൻ വാ മകനെ. പാതാള ഉഗ്രകാപ്പിരി വടക്ക മഹാമേരു പൎവ്വതത്തിന്മേൽ ഇട്ടുകെട്ടിയൊരു കെട്ട് അഴിപ്പാൻ വാ മകനെ. പാതാള കാപ്പിരി മേലാകാശത്തു ഇട്ടകെട്ടിയൊരു കെട്ട അഴിപ്പാൻ വാ മകനെ. പാതാള ഉഗ്രകാപ്പിരി മേലാകാശത്തിന്ന ഭൂമിയിൽ ഇട്ടകെട്ട് അഴിപ്പാൻ വാ മകനെ. പാതാള കാപ്പിരി എട്ടു

ദിക്കിലും എന്ത്രകൊടിയിൽ ഇട്ടകെട്ട അഴിപ്പാൻ വാ മകനെ. പാതള കാപ്പിരി പത്തു ദിക്കിലും പതിനാറു സഹസ്ര്യം ഇട്ട കെട്ട അഴിപ്പാൻ വാ മകനെ. പാതാള ഉഗ്രകാപ്പിരി ഒരുത്തൻ കെട്ടിയകെട്ടും അടിക്കെട്ടും മുടിക്കെട്ടും ഫറഫറ തുണ്ടം തുണ്ടമാക്ക സ്വാഹാ—.

End :

ദേവത പിടിച്ചുവാങ്ങാൻ.

ഓം ഹ്രീം രക്തേശ്വരി ആശരീരത്തിൽ പിടിച്ച ദേവത എല്ലാം ഈ പ്രതിബിംബം ഉണ്ടാക്കിയ ശരീരത്തിൽ വാങ്ങിപോക സ്വാഹാ. ഒരു കോഴി കീറി അരിയും പൂവ്വമിട്ടു വൈറത്തു പിടിച്ചു മന്ത്രം ജപിച്ചു മുതുകത്തു ഊതുകാ വാങ്ങുകാ. ഒഴിഞ്ഞുപോരും.

ശർദ്ദിക്ക (ഛർദ്ദിക്ക).

ക്രുവളത്തിൻ വേർ, മലർ, കൊത്തമ്പാലരി, കുറുന്തോട്ടിവേർ, ചുക്കു, ചെറുപയറു, ഇവ കഷായം പഞ്ചാരമേമ്പൊടിയിട്ട സേവിക്ക, മൈലൻപീലി മൊളിയിലയിൽ പൊതിഞ്ഞു പൊകക്കാ, മാറും, 7 (ഏഴ) കുഴിയാനയെ പിടിച്ചു ചീന്തതുണിയിൽ വെച്ചു കെട്ടി ഓരേ കെട്ടിൽ ഓരോന്നിനെ വെച്ചുകെട്ടി കഴുത്തിൽ കെട്ടുകാ, കയ്യിലും കെട്ടാം, ഛർദ്ദിമാറും.

ഇതിൽ പലതരത്തിലുള്ള രോഗങ്ങളുടെ ചികിത്സ, ഇഷ്ടസാദ്ധ്യത്തിനുള്ള പലമന്ത്രൌഷധ പ്രയോഗങ്ങൾ മുതലായതു സവിസ്തരം പറയുന്നു. അക്ഷരപ്പിഴകൾ ധാരാളമുണ്ടു്. ഇതു പലഗ്രന്ഥങ്ങളിൽ നിന്നും ക്രോഡീകരിച്ചെഴുതിയതാണു്. കർത്തൃനാമം ഇവിടെ പറഞ്ഞുകാണുന്നില്ല.

No. 156. ചികിത്സ.

CIKITSA.

Substance, paper. Size, $10\frac{3}{4} \times 9\frac{3}{8}$ inches. Pages, 35. Lines, 20 on a page. Character, Malayalam. Condition, good. Appearance, new.

Begins on page 65. The other works herein are Viṣacikitsa 1 and Maraṇalakṣaṇam 101.

Complete.

On the treatment of fever, consumption, diseases of the genitals, the alimentary canal, and the bones, and urinary and other diseases. This is a compilation from many other works.

Beginning :

തമിഴ്മണി സംസ്കൃത പവിഴം
കൊക്കന്നേൻ വൃത്തമായചെന്നമേൽ
ശ്ലോകാനാം പഞ്ചശതം
പശ്ചാത്തയെ മന്ദബുദ്ധയെ കഥിതും.

മൂന്നം പട്ടിണിനിന്നല്ല പനിയിനാലൊന്നു മൂന്നേഴനാൾ.
പിന്നെത്തിപ്പലി കൊത്തമല്ലിയഖിലൈഃ സാദ്ധ്യം മലർകഞ്ഞിയും
അമ്ലാർത്ഥികുടിതാളി മാതളരസംക്രുട്ടീട്ടതത്സൈന്ധവം.
ഉണ്ടാൽ വന്നപനിക്കു നന്നവ മനാസത്യശ്ശമിച്ചാൻ ഗുലേം.

വേണ്ടാപട്ടിണി ശുദ്ധവാതജനിതെ പിത്തെചകാമാലിജെ
തേക്ഷാം വേണ്ടുവതാമഥാമമവിടെത്തോന്നീലകന്ദിനം.
വാതെവാതന(ഹ)രാക്രിയാചന്തരാംപിത്തെച ശീതാക്രിയാ.
ക്രോധംതന്നവികാമജെചപനിയിൽ ക്രോധെചകാമംതഥാ.

End :

എരട്ടിമധുരം, തിപ്ലലി (തിപ്പലി) എത്തലി, എലമഞ്ഞ, പച്ചില, ഞെരിഞ്ഞിൽ, കാവി, സഹസ്രവേധി, അമുക്കിരം, കുമ്പളക്കരു, വെളെ(ള)രുക്കില, താറുതാവിൻവേർ, ശതാവരി, നെല്ല, പന, പഞ്ചസാര, ഇതുപൊടിച്ചു തേനിൽ സേവിച്ചാൽ അസ്ഥിസ്രാവം ശമിക്കും.

ലാക്ഷാധാത്രീ പരിഃമോചനാളികേര പ്രസൂനകൈ.
സിതാംജനാഢ്യം സംസിദ്ധ അസ്ഥിസ്രാവംബ്യപൂജിതം.
ത്രിഫലാവഹ്നിനിശാ
പ(ാ)ഠന്തീമുകുളമളിരസെപിഷ്ടാ .|.
തൽഗുളികാ മധുലീഢാ
കുഷ്ഠകുലം നാശയത്യ ചിരാൽ. ||
ഇന്ദുപ്പുരുവയുടെ നീണ്ടവിതിൻ കുരുന്നും
കയ്യുന്നിചുക്കരജനീമ്മരിചംച മോരും.
മുഷ്ടുഞ്ഞു നാളിലിവ മുക്കുടിയായ്ക്കൂടിച്ചാം
ലെങ്ങൾക്കുനാശമതിനാൽവരുമേളു(മേളു)ചെയ്യു.
നെല്ലിക്കത്തുവകയ്യുന്നിക്കരുന്നും ചുക്കുമായ്പുരം.
മോരിൽമുക്കുടിമുന്നാളിൽകുടിച്ചാലെങ്ങൾപോയിടും.

Colophon :

ഇതി ചികിത്സാ സമാപ്തം—.

ഇതിൽ ജ്വരം, കാസം, പ്രമേഹം, ഭഗന്ദരം, അസ്ഥിസ്രാവം മുതലായ രോഗങ്ങളുടെ ചികിത്സ നല്ലവണ്ണം പ്രതിപാദിക്കുന്നു. അക്ഷരപ്പിഴകൾ ധാരാളം കാണുന്നുണ്ടു്. 'ചികിത്സാ' എന്നു കാണുന്ന മററു ഗ്രന്ഥത്തിൽനിന്നു ഇതു വ്യത്യസ്തമാണു്. പല ഗ്രന്ഥങ്ങളിൽനിന്നും എടുത്തെഴുതിയ ഒരു ഗ്രന്ഥമാണിതെന്നു പറയാവുന്നതാണു്. കർത്തൃനാമം ഇതിലും നിർദ്ദേശിച്ചിട്ടില്ല.

No. 157. ചികിത്സ.

CIKITSA.

Substance, paper. Size, $10\frac{6}{8} \times 9\frac{6}{8}$ inches. Pages, 127. Lines, 20 on a page. Character, Malayalam. Condition, good. Appearance, new.

Begins on page 28. The other work here in is Marmacikitsā 1.

Explains the treatment of many diseases. Appears to contain the traditional method of curing diseases, followed by successive generations of physicians; and is thus different from the previous work that bears the same name. The author's name is not known.

Beginning :

പൂവ്വാംകുറുന്തല, വയമ്പ്, വിഷ്ണുക്രാന്തി, കടുക, മുഞ്ഞ ഇല, തൃച്ചട ഇവ നെയ്യിൽ വിരട്ടി പുകെക്ക. പനി തീരും. ശിവനിർമ്മാല്യംകൊണ്ടു പുകക്കിലുമാം. ഗുൽഗുലു, അകില, വയമ്പ്, കൊട്ടം, കടുക്ക, വേപ്പില ഇവററെ പുകക്ക. പനി ഇളെക്കും. തുള്ള പനിക്ക പൂച്ചക്കാട്ടംകൊണ്ടു പുകക്ക. വിറയലും പനിയുമിളെക്കും. കടലാടി വേർ പറിച്ച് കഴുകിത്തലയിൽ കെട്ടുക. എല്ലാ പനിയും തീരും അരയാൽ കുരുന്നരെച്ച് പാലിൽ സേവിക്ക. രാപ്പനി തീരും. വെളുത്ത പൂവ്വാംകുറുന്തല വേർ വടക്കു നോക്കിനിന്നു പറിച്ച് കാതിൽ കെട്ടുക. നാലുനാൾ പനി ഇളെക്കും.

End :

ഇരിമ്പും പുരാണകിട്ടവും ഗോമൂത്രത്തിലും ഇഞ്ചി, മഞ്ഞൾ, മുത്തൂൾ, കരിന്താളി ഇവററിൻ രസത്തിൽ പുഴുങ്ങി ശോധന വരുത്തി ഗുളികകൾക്കു കൂട്ടിക്കൊൾക.

—പാത്രാപാത്ര വിശേഷോക്തി
ധേനു പന്നഗയോരിവ.
തൃണാൽ സംജായതെ ക്ഷീരം
ക്ഷീരാൽ സംജായതെ വിഷം.

— അക്ഷരം യൽ പരിഭ്രഷ്ടം
മാത്രാഹീനംതു യൽ ഭവേൽ.
ക്ഷന്തുമർഹന്തി വിദ്വാംസഃ
കസ്യനാസ്തി വ്യതിക്രമഃ

Colophon :

(മർമ്മ) ചികിത്സാ മുടിഞ്ഞിതു്.

ഇതിൽ പല രോഗങ്ങളുടെയും ചികിത്സയെ പറയുന്നു. ഗ്രന്ഥാവസാനത്തിൽ "മർമ്മ ചികിത്സാ മുടിഞ്ഞിതു" എന്നു എഴുതിക്കാണുന്നതു പ്രമാദമാണ്. 27-ാം ഭാഗം വരെയാണ് മർമ്മ ചികിത്സ ഇതിൽ പ്രതിപാദിക്കുന്നതു്. പാരമ്പര്യ സിദ്ധമായ ചികിത്സാമുറയാണ് ഇതിൽ കാണുന്നതെന്നു ഗ്രന്ഥപരിശോധനയിൽ നിന്നറിയാവുന്നതാണ്. ഇത്തരത്തിലുള്ള ഒരു വൈദ്യഗ്രന്ഥം അച്ചടിച്ചിട്ടുള്ളതായി തോന്നുന്നില്ല. അക്ഷരപ്പിഴകൾ ചില സ്ഥലങ്ങളിൽ ഇല്ലെന്നില്ല. ഗ്രന്ഥം മുഴുവനും ഗദ്യമാണ്.

No. 158. ചികിത്സാക്രമം.

CIKITSĀKRAMAM.

Substance, paper. Size, $10\frac{5}{8} \times 9\frac{1}{2}$ inches. Pages, 29. Lines, 20 on a page. Character, Malayālam. Condition, good. Appearance, new.

Begins on page 1. The other works herein are Roganidānam 29 and Vaidyacintāmaṇi 113.

Gives the details about the three *doṣas*, namely, *Vata*, *Pitta* and *Kapha*; and explains the remedies for certain diseases.

Beginning :

രാഗാദിദോഷാൻ സതതാനുഷക്താ-
നശേഷകായ പ്രസൃതാനശേഷാൻ.
ഔത്സുക്യമോഹാരതിദാൻ ജഘാന
യോപൂർവ്വ വൈദ്യായ നമോസ്തുതസ്മൈ.

ഹേമാലങ്കാരകാന്താരധാമാ സുപുത്രകോത്തമഃ.
ശ്രീമാനമൃതഹംസാഖ്യഃ ക്ഷേമായാസ്തു ഭിഷഗ്മണിഃ
വാതം പിത്തം കഫശ്ചേതി മൂന്നു ദോഷങ്ങളിങ്ങിഹ.
സ്ഥാനത്തുനിൽക്കിലാരോഗ്യം നൽകുമല്ലായ്കിലാമയാൻ.
മെയ്യിലെല്ലാടവും വ്യാപിച്ചിരിപ്പു പുനരെങ്കിലും . .
ഹൃന്നാഭികൾക്കു താഴത്തും മദ്ധ്യമേലും ക്രമാൽ സ്ഥിതാഃ .
വയസ്സു, രാവും പകലും ഭുക്തമെന്നിവനാലിലും . . .
ഒടുക്കത്തു മരുൽകാലം പിന്നെ പിത്തത്തിനാകിലോ
യൌവനം ദിനരാത്ര്യർദ്ധം ഭുക്തമദ്ധ്യഞ്ചകാലമാം
ബാല്യംപകൽക്കു രാത്രിക്കു മുമ്പിനെ പത്തുനാഴിക

End :

പോക്കിങ്കൽ കുടകപ്പാലവേർ മേൽതൊലിയുമിങ്ങിനെ
ഉറസ്സിലാസ്സയെത്തുമ്പോൾ വൻപാൽ മാഹിഷവും പരം.
ശിരസ്സസ്ഥാംസബാഹുക്കൾ നൊവ്വിൽ നസ്യം പ്രശസ്യതെ.
നസ്യം കമ്പളവും സർവ്വമുഖരോഗേഷു പൂജിതം.
നേത്രരുക്കഞ്ജനം നസ്യം തർപ്പണഞ്ചാതി ഭദ്രമാം.
അർദ്ദിതെ വെണ്ണഖണ്ഡം വാവിഡൌ രക്തമോക്ഷണം.
വൻപാലാജം പയോമാംസമിവയക്കുണി നല്ലവ.
ബ്രഹ്മീവിസംസ്മൃതൌശസ്താ ത്രിഫലാഗുഗ്ഗുലുപ്രണെ.
ഗോക്ഷുരം മൂത്രകൃച്ഛ്രേഷു കാശ്മര്യമാംസംച ശസ്യതെ

Colophon :

ഇതി പഞ്ചമൂലഗണവ്യാധി വിപരീതൌഷധി വർഗ്ഗഃ.

ഇതിൽ ത്രിദോഷകാലങ്ങൾ, സ്വരൂപം മുതലായതു സവിസ്തരം പ്രതിപാദിച്ച് അതനുസരിച്ചുള്ള ചികിത്സയുടെ ക്രമത്തെ പ്രതിപാദിക്കുന്നു. കർത്തൃനാമം ഇതിലും നിർദ്ദേശിച്ചിട്ടില്ല.

No. 159. ചികിത്സാമഞ്ജരി.

CIKITSĀMAÑJARI.

Substance, paper. Size, $10\frac{1}{2} \times 9\frac{1}{2}$ inches. Pages, 477. Lines, 20 on a page. Character, Malayālam. Condition, good. Appearance, new.

Complete in two volumes.

Explains, in detail, the causes of many diseases and the remedies for them.

Beginning :

അമ്പിളിക്കല ചൂടുന്ന തമ്പുരാൻതൻ തനൂജനെ
അമ്പിൽതൊഴുതു കുമ്പിട്ടേ(ൻ) മുമ്പിൽകുംഭിവരാനനം.
ദുഃഖത്രയോപശമനാൽ
വിതനുതേ ശാശ്വതം സുഖം ജഗതഃ |
ഹരയെ ധന്വന്തരയെ
കരുണാനിധയെ ഭിഷക്തമായ നമഃ ||
ചികിത്സാമഞ്ജരീസേയം ചികിത്സാംഗപ്രകാശിനീ.
അനത്സാർത്ഥപ്രയോഗാഢ്യൈസ്സമുദ്ധാർത്ഥമയോച്യതേ.
രോഗങ്ങളെല്ലാം വായ്ക്കുന്ന വൃഥാവേഗങ്ങൾ ചെയ്കയും
കാലത്തു ചെയ്യായ്കയുമെന്നിവ ചൈകനിമിത്തമായ്.
ദക്ഷാവസാനസംക്രുദ്ധരുദ്രനിശ്വാസസംഭവഃ
ജ്വരോഷ്ടധാപൃഥക്ദ്വന്ദ്വസംഘാതാഗന്തുജഃ സ്മൃതഃ
ബിഡൌജാ ഇവ ദേവാനാം ജ്യോതിഷാമിവ ഭാസ്കരഃ
ചന്ദ്രമാ ഇവ താരാണാം വ്യാധീനാമീശ്വരോ ജ്വരഃ

End :

യുക്തം രസം വാരതശർക്കരാഭ്യാം
ഭുവഃ കദംബസ്യവിലിപ്യ ലിംഗെ.
രതേ ഘനാരീംസ്വവശാംകരോതി
നാരിചയോന്യാംനരമഞ്ജസൈവ.

Colophon :

ഇതി ഗുഹ്യരോഗ ചികിത്സാധികാരഃ
കാൽത്താരിൽ കൈവണങ്ങി കരിവരവദനം
ഭാരതീംതാംചദേവീം.
ചേർത്താത്മാവിങ്കലാമ്മാറനുസൃത ഗുരുപാ
ദാംബുജന്മാച്ഛനോഹം.
പ്രീത്യാ പത്മോത്ഭവം ദക്ഷനയുമഴകിനോ
ടശ്വിനൌ വാസവന്താ-
നാത്രേയാദീൻ മുനീൻ വാഹടമപി വഴിയെ
ഭക്തിപൂർവ്വം നതോസ്മി.
അകൃശംകുചയോഃ കൃശംവിലഗ്നേ
വിപുലം ചക്ഷുഷി വിസ്തൃതം നിതംബെ |
അധരേരുണ മാവിരസ്തു ചിത്തെ
കരുണാശാലികപാലി ഭാഗധേയം. ||
കൈലാസസാനു ശിഖരോപവനെ നിഗൂഢാം
ദേവീംപ്രതിപ്രലപിതാമദനദ്വിഷേതി |
ക്വാസിപ്രിയെ കലയമാജഗതീതിവാർത്താ
ഭസ്മീചകാര ഗിരിശം കിലചിത്തജന്മാ. ||
ദിക്ഷോദനെ സ്ഖലനിപാതിനികാപി ശംഭോഃ
പാത്രംനസമ്യഗിതിപാണിഗതം ജഗർഹേ.

ദ്വിതീയദ്വക്ഷരണഹേതുക ഏവമൈത്ത്ര്യ-
സ്സ്വൈവ്വിധേശ്ശിരസിപാത്യത ഏവമോക്ഷഃ.
ബിന്ദുസല്പവിവിസർഗ്ഗവീചികാ
പങ്ക്തിഭേദ പദഭേദലക്ഷണം.
ഹ്രസ്വദോഷജമബുദ്ധി പൂർവ്വജം
ക്ഷന്തുമർഹതി സമീക്ഷ്യ സജ്ജനഃ.

ഈ ഗ്രന്ഥത്തിൽ കായാദി ചികിത്സകളെ നിദാനത്തോടുകൂടി വിസ്തരിച്ചു പ്രതിപാദിക്കുന്നു. ഗ്രന്ഥം പൂർണ്ണമാണ്. ഗ്രന്ഥകാരന്റെ പേർ ഇതിൽ നിർദ്ദേശിച്ചുകാണുന്നില്ല. ഗദ്യപദ്യമയമായ ഈ ഗ്രന്ഥം ചികിത്സയിൽ സാമാന്യം വ്യുൽപാദകമാകുന്നു. മററു വൈദ്യഗ്രന്ഥങ്ങളിലെന്നപോലെ ഇതിലും സംസ്കൃതപദ്യങ്ങൾ ധാരാളം ഉണ്ട്.

No. 160. ചികിത്സാമഞ്ജരി.

CIKITSĀMAÑJARI.

Substance, paper. Size, $10\frac{1}{2} \times 9\frac{1}{2}$ inches. Pages, 310. Lines, 20 on a page. Character, Malayālam. Condition, good. Appearance, new.

This work begins on page 1-*a*. The other work herein is Vaidyaviṣaya 310-*a*.

Incomplete.

Though bearing the same name as the previous work, this is different from that. This work contains many gaps, especially in the section dealing with the remedies for *Vataroga*. Certain diseases are mentioned out of their proper context.

Beginning :

അമ്പിളിക്കല ചൂടുന്ന തമ്പുരാൻ തൻതനൂജനെ
മുമ്പിൽതൊഴുതു കുമ്പിട്ടേ നമ്പിൽ കാഭിവരാനനം.
ദുഃഖത്രയോപശമനാ-
ഉചിതനപതെ ശാശ്വതം സുഖം ജഗതാം ഃ |
ഹരയെധന്വന്തരയെ
കരുണാനിധയെ ഭിഷക്തമായനമഃ ||
രോഗങ്ങളെല്ലാം വായ്ക്കുന്ന വ്യഥാവേഗങ്ങൾ ചെയ്കയും
കാലത്തുതചെയ്യായ്കയുമെന്നിവ ചെയ്യുനിമിത്തമായി
ദക്ഷാവമാനസംക്രുദ്ധരുദ്ര നിശ്വാസസംഭവഃ.
ജ്വരോഷ്ടധാപൃഥൽ ദ്വന്ദ്വസംഘാതാഗന്തുജഃ സ്മൃതഃ.
ബിഡൌജാളവ ദേവാനാം ജ്യോതിഷാമിവ ഭാസ്കരം.
ചന്ദ്രമാള വതാരാണാം വ്യാധീതാമീശ്വരോജ്വരഃ.

Colophon :

ഇതി ചികിത്സാ മഞ്ജര്യ്യാം ജ്വര ചികിത്സാധികാരഃ—.

End :

ഘൃഷ്ടേഷുദന്തമാംസേഷു സംരംഭോ ജായതെമഹാൻ.
‘ യസ്മിംശ്ചപ്രചലാദന്താസ്സ വിദർഭോഭിഘാതജഃ.

ഇതിന്നു മുമ്പിൽകാണിച്ച ചികിത്സാമഞ്ജരീ എന്ന ഗ്രന്ഥത്തിന്നും ഇതിന്നും ചില ദിക്കിൽ വ്യത്യാസം കാണുന്നുണ്ട്. ചില ഭാഗങ്ങൾ ഇതിൽ വിട്ടുപോയിട്ടും ഉണ്ട്. വാതരോഗ ചികിത്സയിലാണ് അധികഭാഗം ഇല്ലാത്തത്. ഗ്രന്ഥമദ്ധ്യത്തിൽ അപ്രകൃതമായ ചില രോഗങ്ങളുടെ ചികിത്സയും കാണുന്നുണ്ട്. ഗ്രന്ഥം ദന്തരോഗചികിത്സയുടെ മദ്ധ്യത്തിൽ അവസാനിക്കുന്നു. ഗ്രന്ഥത്തിൽ കർത്തൃനാമം നിർദ്ദേശിച്ചിട്ടില്ലെന്നു മാത്രമല്ല “ ചികിത്സാമഞ്ജരീസേയം ” എന്ന ഗ്രന്ഥത്തിന്റെ പേരിനെ കാണിക്കുന്ന ശ്ലോകവും കാണിച്ചിട്ടില്ല.

No. 161. ചികിത്സാമഞ്ജരി.

CIKITSĀMANJARI.

Substance, palm leaf. Size, $11\frac{3}{4} \times 2$ inches. Pages, 316. Lines, 9 on a page. Character, Malayālam. Condition, good. Appearance, old.

The other work herein is Vaidyaviṣaya 317-*a*.

Same work as the above.

No. 162. ചിത്രാരൂഢം.

CITRĀRŪDHAM.

Substance, paper. Size, $10\frac{3}{4} \times 9\frac{3}{4}$ inches. Pages, 5. Lines, 20 on a page. Character, Malayālam. Condition, good. Appearance, new.

Begins on page 53. The other works herein are silpaviṣaya 1 a, Viṣavaidya 57-a.

Explains the various kinds of serpents, and the remedies for their bite. The language of this work has a large admixture of Tamil. From the word “ Pillaya . . . ” at the end of this work, it appears that it contains part of the work entitled “ *Pillaiyar Patalam* ” and dealing with remedies for poisons.

Beginning :

വേടിയൻകടയൻ ജാതിവിഷത്തിനാൽ തുഞ്ചുവോരെ
മാത്രയമരുന്നു മന്തിരത്താൽ ഉണർത്തുഓർകൾ
ജാതിയിൽ നാലുഭേദം വെതം തലവനായി പിറന്തവിന്നും
ആട്ടിയിൽ ബ്രഹ്മവാദം അമന്തവീട്ടിരിപ്പതാമെ.
കാശിവക്കുററദേവീകളു വിനതഎന്നും
വേശ്ശുവാർ തിരുവമന്തവെടി നൂററഇരുവത്തൊന്ന
വീശിയ പടങ്കൾ പാമ്പ് മിക്കവർ തലവരിന്നും
മാശില്ലാ അഷ്ടനാഗം എണ്ണുതാൻ വകുക്കലാമെ.

End :

സരീനിരൈ നീപ്പ്ളം ശ്രുത്തിചെയ്യിരട്ടിക്കുട്ടി.
കമ്പും എരുകലമ്പാൽ പിട്ടന്ധിയിൽ നടത്തിയൊരുശാമം
ചെന്തപിറക വെപ്പെണ്ണവിട്ട നടത്തിവളിത്തൊരു
ശീമിൽമീതിലടത്തപാമ്പിൻ മുതലാകവൽവീ
പെട്ട പലവിഷത്തക്കൊരുവയറളവ
ചെററിലതന്നിൽ കൊട്ടുക്ക ഉടൻവിഷമീണ്ടിട്ട്
മൈമൈനീരിൽമററിന്ത കളമ്പുതന്നെ
കരുത്തൊട്ടുവായിൽക്കൊട്ടുക്കവിഷം ഓടീട്ടുമെ.
പത്തിയംമോരും ചോറുംകൊട്ടപ്പുളുപാമ്പുതന്നെ
പിടിക്കപറെയാ...............

Colophon :

പിള്ളയ.

ഇതിൽ സൎപ്പോല്പത്തി, സൎപ്പങ്ങളുടെ ജാതിവിഭാഗം, ചികിത്സ മുതലായതു പറയുന്നു. ഭാഷ തമിഴധികം കലൎന്നപ്രാചീന മലയാളമാണ്. അക്ഷരപ്പിഴകളും ഗ്രന്ഥപാതവും ചില സ്ഥലങ്ങളിൽ ഉണ്ട്. ഗ്രന്ഥാവസാനത്തിൽ "പിള്ളയ" എന്നു അപൂൎണ്ണമായ ഒരു പദം കാണുന്നതുകൊണ്ടു് "പിള്ളയാർപടലം" എന്ന വിഷ വൈദ്യഗ്രന്ഥമാണോ ഇതെന്നു സംശയിക്കേണ്ടിയിരിക്കുന്നു. ആരംഭത്തിൽ "ചിത്രാരൂഢം" എന്നു എഴുതിയിരിക്കുന്നതുകൊണ്ടു് ആ പേർ തന്നെയാണ് ഇതിന്നു ഇവിടെ കൊടുത്തിട്ടുള്ളതു്. വാസ്തവത്തിൽ സിദ്ധർ ആരൂഢം എന്നു പറയുന്ന തമിഴ് വിഷ വൈദ്യഗ്രന്ഥമാണിതു്.

No. 163. ജ്യോത്സ്നിക.

JYŌTSNIKA.

Substance, paper. Size, $10\frac{1}{2} \times 8\frac{3}{4}$ inches. Pages, 88. Lines, 20 on a page. Character, Malayālam. Condition, good. Appearance, new.

Complete.

On the treatment of people bitten by serpents.

By Nārāyaṇa, the disciple of Vāsudēva.

Beginning :

വന്ദേവരദമാചാൎയ്യ മന്തരായോപശാന്തയെ.
ഗണനാഥംചഗോവിന്ദം കുമാരകമലോദ്ഭവൌ
മുടിയിൽത്തിങ്കളും പാമ്പുംമടിയിൽ ഗൌരിയുംസദാ.
കുടികൊണ്ടൊരുദേവൻ തന്നടിയാം പങ്കജംഭജെ.
ഗതാസസ്സജ്ജ മതന്ദ്രിതസ്സുരവരംജിതാസുധാംബാഹുഭിഃ
ധൃതാമാതരമേത്യ വിധൂതതരം ദതാശ്രുതസ്ത്രൈതതഃ
ഹൃതാദാസ്യമനേക കദ്രൂതനയാൻഹതാ മുഹുൎമ്മാതരം
നതായസ്സുവിരാജതേ തമനിശം വന്ദേഖഗാധീശ്വരം
ഏ(യേ) നവിഷ്ണോരദ്ധ്വജസ്സാക്ഷാദോജതേ പരമാത്മനഃ
തസ്മൈന്നമോസ്തു സതതംഗരുഡായ മഹാത്മനെ

വിഷപീഡിതരായുള്ള നരാണാംഹിതസിദ്ധയെ.
തച്ചികിത്സാംപ്രവക്ഷ്യാമിപ്രസന്നാസ്തുസരസ്വതി.
ഗുരുദേവദ്വിജാതിനാം ഭക്തശ്ശുദ്ധോദയാപരഃ
സ്വകർമ്മാഭിരതഃ കുർയ്യാൽഗരപീഡിതരക്ഷണം.

Colophon :

ഇതിജ്യോത്സ്നികാ നാമഭാഷാ ചികിത്സായാം ഗുരുഗണേശവന്ദനാധികാരെ പ്രഥമാനികാരഃ—

End :

താഭ്യാംഗുരുഭ്യാം ആജ്ഞപ്തംകൃപയാവൈദ്യകർമ്മണി.
വിശേഷമാതുലേനാഹം നിയുക്തോഹംസയോഗിനാ.
തേഷാംകൃപാബലാവാപ്ത വൈദ്യലേശേന നിർമ്മിതാ
നാരായണേന ഭാഷേയം ചികിത്സാജ്യോത്സ്നികാഭിധാ.
ആചാർയ്യകരുണാപൂർണ്ണസുധാഭാനുവതെപ്പൊഴും.
ആധാരമായ് ഭവിക്കേണം മൽകൃതജ്യോത്സ്നികക്കിഹ.
സാധുക്കളതിലേതാനും പിഴയുണ്ടെങ്കിലൊക്കയും.
പാലിൽകീലാല ബിന്ദുക്കളെന്നപോലോൎത്തു കൊള്ളുവിൻ.
കല്യാണമായ വാക്യത്തിൽ അകല്യം തെല്ലിരിക്കിലും.
അതും കല്യാണമായിട്ടു വായ്മ്കേരന്ദു ഭ്രുതിവൽ.
തസ്മാൽ ഗുരൂണാം ദേവാനാം സതാംച വിദുഷാമപി.
അസ്തുസമ്യക് സദാമോദസ്തേഭ്യഃ പ്രതിദിനാനമഃ
ഇയംലോകോപകാരാർത്ഥം ചികിത്സാജ്യോത്സ്നികാനിശം.
ഗുരോരുദ്ദേകോരുണ്യാൽ വിലസത്വവനീതലെ.

Colophon :

ഇതിജ്യോത്സ്നികായാം ദശനവാധികാരഃ.—

കൊല്ലം..........മത മീനമാസം,.......നു സൂർയ്യവാരെ ഉത്രാടവും കൃഷ്ണപക്ഷെ അഷ്ടമിയും കൂടിയ ദിനെ കന്നിരാശികൊണ്ടു ഗുരുമുഖാൽ ലബ്ധന്തെ കൃഷ്ണേനലിഖിതം എഴുതിത്തീൎത്ത ജ്യോത്സ്നികഗ്രന്ഥം —"കരകൃതമപരാധം ക്ഷന്തുമർഹന്തിസന്തഃ"

ഇതിൽ ഭൂതവിജ്ഞാനം, വികൃതിവിജ്ഞാനം, വിഷഭേദങ്ങൾ, വിഷചികിത്സ, വിഷം പാമ്പിനെ വരുത്തി ഇറക്കുക മുതലായ പലതും നല്ല ഭാഷയിൽ പദ്യരൂപേണ സവിസ്തരം പ്രതിപാദിക്കുന്നു. കാശ്യപഗോത്രജാതനായ വാസുദേവന്റെയും തൽപുത്രനായ വാസുദേവന്റെയും ശിഷ്യനായ നാരായണൻ എന്ന ഒരു മഹാശയനാണ് പ്രകൃതഗ്രന്ഥത്തിന്റെ കർത്താവ്. ഗ്രന്ഥം പൂർണ്ണമാണ്. ഇതിൽ 19 അധികാരങ്ങൾ (അദ്ധ്യായം) ഉണ്ട്. അക്ഷരവീഴ്ചകൾ ചിലസ്ഥലങ്ങളിൽ കാണുന്നുണ്ട്.—

No. 164. ജ്യോത്സ്നിക.

JYOTSNIKA.

Substance, paper. Size, $10\frac{1}{2} \times 9\frac{1}{2}$ inches. Pages, 107. Lines 20 on a page. Character, Malayalam. Condition, good. Appearance, new.

Same work as the above.

Complete.

No. 165. ജ്വരാദിചികിത്സ.

JVARĀDICIKITSA.

Pages, 125. Lines, 20 on a page, new.

Begins on page 1 of the MS. described under No. 52.

Explains the remedies for fever and other diseases. Seems to be a compilation from other medical works.

Beginning :

സർവ്വരോഗാഃപ്രവൃത്തന്തെവേഗോദീരണധാരണാഃ.
സർവ്വേചലഘുതാം യാന്തിതേഷാമേവവിധാരണാൽ.
കടുതിക്തകഷായശ്ച പ്രാവൃഗ്വാനിലകോപനാഃ.
കട്വ(ാ)മ്ലലവണക്ഷാരകേ(ക്രു)ാധമദ്യാനിലാതപാഃ.
ഗ്രീഷ്മം ( ) ജീർണ്ണവിദാഹ്യന്നംഘനാന്താ പിത്തകോപനാഃ.
അവ്യായാമദിവാസ്വപ്ന മധുരസ്നിഗ്ദ്ധശീതളൈഃ.
വസന്താഗ്രൂപവിശിതൈഃ(കോപ)നൈഃ കുപ്യതെകഫഃ.
രൂക്ഷാശ്യാവാരുണാവാതാനേത്രമൂത്രശകൃത്ത്വചഃ.
പിത്തേപീതാകഫേശ്വേതാ ഭവന്തികുപിതേസതി.
കഷായതിക്തമധുരാവാത പിത്തകഫാർത്തിഷു.
വ്യാധിതാനാം മുഖരസാജീർണ്ണാജീർണ്ണാശിതെ ബല.
ശീതശ്ചോഷ്ണശ്ചനിയതഃ സമാസേനദ്വിധാജ്വരഃ.
ഹിതൽ(ം)ബുദ്ധിമതാം വക്ഷ്യേസമാസേന ചികിത്സിതം.
ആസപ്തരാത്രം തരുണജ്വരമാഹുശ്ചികിത്സകാഃ.

End :

സ്നേഹനംസ്നേഹസംയുക്തം പക്ഷാഘാതെ വിരേചനം.
സാലപർണ്ണ്യാദികമേരണ്ഡതൈലം പിബേൽ.
ദശമൂലകഷായെ വാതാശനികല്ക സിദ്ധേനതൈലേനാഭ്യഞ്ജയേൽ.
പ്രഭഞ്ജനവിമർദ്ദനം ബലാതൈലം ചസേവേത.

വാതശ്ലേഷ്മാത്തരെ ധാന്യാ(ദേ)മ്ലന ഗവാംമൂത്രം ഇത്യാദികംചിഞ്ചാ തൈലംസശിഗ്രു ചിഞ്ചാവരണസ്യാദികം പ്രസാരിണീതൈലവിശേഷാംശ്ചസേവേത.

കാർപ്പാസാസ്ഥി കുലത്ഥാനാം രസെസിദ്ധംചവാതനുൽ.

ഇതിൽ ജ്വരാദി രോഗങ്ങളുടെ ചികിത്സയെ പ്രതിപാദിക്കുന്നു. പല വൈദ്യ ഗ്രന്ഥങ്ങളിൽനിന്നും പദ്യങ്ങൾ എടുത്തു കാണുന്നതുകൊണ്ടു് ഇതൊരു സ്വതന്ത്ര ഗ്രന്ഥമെന്നു പറയുവാൻ വഴികാണുന്നില്ല. കർത്തൃനാമം ഇതിലും നിർദ്ദേശിച്ചിട്ടില്ല. അക്ഷരപ്പിഴകൾ അധികം സ്ഥലങ്ങളിൽ കാണുന്നുണ്ടു്.

No. 166. നാരായണീയ വ്യാഖ്യാ.

NĀRĀYAṆĪYĀVYĀKHYĀ.

Substance, paper. Size, $10\frac{3}{4} \times 9\frac{1}{2}$ inches. Pages, 120. Lines, 20 on a page. Character, Malayalam. Condition, good. Appearance, new.

Complete.

A commentary on the Sanskrit work, Nārāyaṇīya. The commentary for the first six *Patalas* is in Sanskrit and the character is *Grantha*; that for the remaining twenty-six *Patalas* is in the Malayālam language and script. Contains remedies for poisons and for the unfavourable position of planets, spells relating to these, etc.

Beginning :

ആലോച്യ സർവ്വശാസ്ത്രാണി വ്യാഖ്യാത്വാപിയതസ്തതഃ.
നാരായണീയ തന്ത്രസ്യ ക്രിയതെ ഗ്രന്ഥയോജനാ.

അഥനാരായണാര്യ്യ വിപ്രഃ സർവ്വവിദ്യാപാരഗഃ സകലലോകരക്ഷണായൈഹികാമുഷ്മികഫലദായസിദ്ധ്യർത്ഥാനിഷട്കർമ്മാണി വിഷബാധംധ (സ) ഗ്രഹബാധംസസാമയബാധംസാഭിചാരകാമികാഖ്യാനി പ്രദൎശയിതുകാമഃ ഷട്കർമ്മോപായാ മന്ത്രബ്ധ്യാനൌഷധീനാം നാനാശാസ്ത്രേഷു വ്യാകീൎണ്ണാനാമേകത്രസമാജിഹീൎഷയാശാസ്ത്രമാരിപ്സമാനോവിഷാദിബാധംസനഹേതുതച്ഛാസ്ത്രാണാം ച ദൈവം മഹാദേവം പ്രഥമം നമസ്കരോതി. തദനു മഹാദേവേന വിഷഗ്രഹാദിബാധംസനൈന്റിയുക്തസ്തച്ഛാസ്ത്രാണാം ചപ്രണേതാരം തന്മന്ത്രാണാം ച ദൈവം ഗരുഡം ഗുരൂംശ്ച നമസ്കരോതി—ശ്രീവല്ലഭമിതി.

Colophon :

ഇതിപ്രഥമഃ പടലഃ.

End :

ശിവാഗമോക്ത ക്രമേണസായമിതി ആചാര്യ്യോവ്യോമമൂലേനഹോമമയേദിതി. പരവ്യോമമാദ്ദേശേന മൂലമന്ത്രേണ ഹോമഃ കർത്തവ്യഃ. പൃഥഗിതി. പൃഥിവ്യാദിഹോമേഷുപ്രത്യേക മന്ത്രമന്ത്രേണാഹുതീഃ കൎയ്യാൽ. കിംജെല്കെകൎണ്ണികായാം സ്ഥദീക്ഷോ അഭിഷേകാസാദന പ്രാഭൃതം ഉപഹാരഃ. ദേശിക ആചാര്യ്യഃ നീളാമനദീനാനാം-ജാതിഃ ബ്രാഹ്മണതാദിജാതയ:. താസാംക്രിയാ: കർമ്മാണി പൃഥക് കർത്തവ്യാനി. തൈരാഢ്യാൻ സംപൂൎണ്ണാൻ. ദീപ്യദേഹം—അജരാമരദേഹം പ്രാപ് നയാദിതിശിവം—ഇതി.

Colophon :

നാരായണീയെ ദ്വാത്രിംശഃ പടല:.

സമാപ്ത:.

ബിന്ദുസല്ലിപിവിസൎഗ്ഗവീചികാ
ശൃംഗപങ്ക്തിപദഹീനളക്ഷണം.
ഹസ്തവേഗജമബുദ്ധിപൂർവ്വകം
ക്ഷന്തുമർഹതിസമീക്ഷ്യസജ്ജന:||

ബാലതിങ്കളുമന്നിലവദ്ധ്വനിം വൈരിഞ്ചമുണ്ഡങ്ങളും
വ്യാളത്തിൻ ഫടയും തഴച്ചജടയും ഫാലാനലജ്വാലയും.
ചാലേകുണ്ഡലി കുണ്ഡലങ്ങളുമിരിങ്ങീട്ടുന്നനിൻ കണ്ഠവും
കാലധ്വംസനമാനസെ മമ പുലം വേണം കൃപാംഭോനിധേ.

കൊല്ലം ഒരായിരത്തി ഇരുപത്തൊമ്പതാമതു മിഥുന മാസം ഇരുപത്തൊന്നാം തീയതി തിങ്കളാഴ്ച നാലര നാഴിക പകലെ പറപ്പൂര മൂഴെ പുഴക്കൽ മടപ്പാട്ടിൽനിന്ന പുന്നത്തൂർ വലിയ തമ്പുരാൻെറ പണ്ടാരത്തിലേക്കു തലപ്പള്ളി കൃഷ്ണൻ എഴുതി തീൎത്ത നാരായണീയ വ്യാഖ്യാനം ഗ്രന്ഥമിദം.—

നാരായണീയം എന്ന സംസ്കൃതഗ്രന്ഥത്തിൻെറ ഒരു ഭാഷാവ്യാഖ്യാനമാണ് പ്രകൃത ഗ്രന്ഥം. മൂലഗ്രന്ഥപ്രതീകം മാത്രമെ ഇതിൽ പറയുന്നുള്ളു. പ്രാരംഭത്തിൽ ഉള്ള അഞ്ചാറു പടലങ്ങളിലെ വ്യാഖ്യാനം സംസ്കൃതത്തിലും ലിപിഗ്രന്ഥാക്ഷരത്തിലും ആകുന്നു. പിന്നീടുള്ള പടലങ്ങളിലെ ലിപിയും വ്യാഖ്യാനവും ഭാഷയിൽതന്നെയാണ്. ആകെ മുപ്പത്തിരണ്ടു പടലങ്ങളുള്ളതിൽ വിഷധ്വംസ ഗ്രഹധ്വംസാദി ഷൾകൎമ്മപ്രയോഗം, തദംഗഭൂതമന്ത്രം, ധ്യാനം, വശ്യാദിമന്ത്രം, മുതലായതു പ്രതിപാദിക്കുന്നു. വ്യാഖ്യാതൃനാമം ഇതിലു നിർദ്ദേശിച്ചു കാണുന്നില്ല. ചിലസ്ഥലങ്ങളിൽ ഗ്രന്ഥപാതവും ഉണ്ട്. വിഷവൈദ്യവിഷയവും ഇതിൽ പ്രതിപാദിക്കുന്നതുകൊണ്ടാണ് ഈ ഗ്രന്ഥത്തേയും ആ ഇനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

No. 167. നാനാരോഗചികിത്സ.

NĀNĀRŌGACIKITSA.

Substance, paper. Size, $10\frac{6}{8} \times 9\frac{1}{2}$ inches. Pages, 176. Lines, 20 on a page. Character, Malayalam. Condition, good. Appearance new.

Complete.

On the treatment of various diseases.

Beginning :

മിത്ഥ്യാചാരവിഹാരോത്ഥാദോഷാഹ്യാമാശയാശ്രയാഃ
ബഹിൎന്നിരസ്യകോഷ്ഠാഗ്നിംജ്വരദാസ്സ്യുരസാനുഗാഃ
പനിതാനഥവെവ്വേറെമൂന്നദോഷങ്ങളാൽ പുനഃ
ഈരണ്ടിനാൽ മൂന്നിനാലും ആഗന്തുവിധിചാഷ്ടധാ.

ഇങ്ങിനെ പതിനെട്ടു പ്രകാരം വാതപിത്തശ്ലേഷ്മങ്ങളാലും വെവ്വേറേയും ഈരണ്ടു കൂടിയും മൂന്നും കൂടിയും ശാപം, ദേവതാകോപം, മാരണം, ക്ഷതം ഇങ്ങിനത്തവററ കൊണ്ടു് ഉണ്ടാകുന്നതു്. ആഗന്തുകജ്വരം. ഇങ്ങിനെ നാമങ്ങൾ. ഇവററിൻെറ ലക്ഷണങ്ങൾ, വാതപനിക്കു, ശരീരം നോക, കാൽസന്ധുക്കൾ ബന്ധമഴിഞ്ഞുതോന്നുക, വിറെക്കു, കാൽവണ്ണയുരുളുക, ചുഴൽക, തളരുക, എല്ലു് മുറിഞ്ഞുതോന്നുക, നെഞ്ഞടക്കു, നാവു നോക, ചെവിമൂളുക, ശംഖങ്ങൾ, ശൂലം, മലബന്ധം ഇവയുണ്ടാം.—

End :

പത്രംവേണു ഭവം ദളം ച തുളസീജാതം ഹരിക്രാന്തിജം
പത്രംവാസ്തുനിഷണ്ണജം ബദരജം പത്രം ചവാടംദളം.
പത്രംചോത്തമകന്യകാഖ്യ സ്വക്ഷ്വീനാരംഗ പത്രം പൃഥക്
സർവ്വംനാഗര പാതികം പ്രഹരതിപ്രാഗുപ്രവജീ (ശീ) തജ്വരം.

വേണുഭവം പത്രം = മുളളില. തുളസീജാതം ദളം — തൃത്താക്കരുന്ന്. ഹരിക്രാന്തിജം വിഷ്ണുക്രാന്തി. . . . . വാടംദളം = പേരാൽമൊട്ട്.

ഇതിൽ ജ്വരം മുതലായ പലതരത്തിലുള്ള രോഗഭേദവും അതിന്നുള്ള ചികിത്സയും സവിസ്തരം പ്രതിപാദിക്കുന്നു. പലതരത്തിലുള്ള കഷായം യോഗം, ഘൃതയോഗം, തൈലയോഗം മുതലായതും പ്രതിപാദിക്കുന്നു. അക്ഷരപ്പിഴകൾ ഇതിൽ കുറച്ചൊന്നുമല്ല. ഗ്രന്ഥം പൂർണ്ണമാണെന്നു നിർണ്ണയിച്ചു പറയുവാൻമാത്രം ലക്ഷ്യങ്ങളൊന്നുമില്ല. എങ്കിലും ഒരുയോഗം കൊണ്ടവസാനിക്കുന്നതുകൊണ്ടു പൂർണ്ണമാണെന്നു കല്പിച്ചിരിക്കുന്നു. കർത്തൃനാമം ഇതിലും നിർദ്ദേശിച്ചു കാണുന്നില്ല.

No. 168. ബാലചികിത്സ.

BĀLACIKITSA.

Substance, paper. Size, $10\frac{3}{4} \times 9\frac{1}{2}$ inches. Pages, 85. Lines, 20 on a page. Character Malayalam. Condition, good. Appearance, new.

Complete.

On the treatment of the diseases of children. Contains also an explanation of some rites for warding off the evil effects on children of the position of the planets.

Beginning :

പൃഥിവി, അപ്പ്, അഗ്നി, വായു, ആകാശം, മുച്ചതുരം, മൂലാധാരം, സ്വാധിഷ്ഠാനം, മണിപൂരകം, അനാഹൃദയം, വിശുദ്ധി, ആജ്ഞ, ആറാധാരം, അഞ്ചുഭൂതി, ആറാധാരം വിളങ്ങി ഇരിക്കുന്ന ശരീരത്തിങ്കൽ മുച്ചതുരത്തിന്നുള്ളകമെ വിന്ദുബീജം ചെന്നുത് ഭവിച്ചു ഗർഭപാത്രത്തിൽ വിന്ദുചെന്നു വീണു ബീജമുറി ഉരുത്തിരിഞ്ഞു ഉരുവായ കരുവിങ്കൽ ബാധിക്കും ദേവത യക്ഷൻ, യക്ഷി, പിള്ളതിന്നി, ക . . . ക്കി തട്ടർ വാവകറങ്കറ ക്കാളി ഉടലിൽക്കുത്തി ഉതിരഭയങ്കരി ചാഞ്ഞിൽ മാല ഗർഭം കലക്കി കൈലാസമ(ാ)ലവയറുമ്മൽ പരശുഗ്രമാകാളി വഴകിക്കുന്നു. ദേവകന്നിക്ക് അന്നബാധിക്കുന്നു. ആന്ത്രക്കമഹാകാളിയന്നോൽ അവാൾ കാട്ടും പണീഗർഭിണിക്കു പനിക്കയും യോനിനോകലും നാഭികനക്കയും ചെയ്യും. അവൾക്ക പഞ്ചേന്ദ്രിയമെന്നു കല്പിച്ച് പഞ്ചരസമഞ്ചും കൂട്ടി അമൃതു പഞ്ചാക്ഷരം കൂട്ടി വെലികൊടുക്ക. തീരും. പിണിഗർഭം നില്ക്കും.

End :

ഓം ഗണപതിയെത്രെയും ബാലേനമതനമാം ആലും പാലും പുഷ്പവും തോന്നുക സ്വാഹാ, ഇത ഗണപതി പൂജിപ്പാൻ ധ്യാനം ഓം വിഷ്ണു മുഖമെ അഗ്നിമുഖനെ സ്വാഹാ, ഇതു വിളക്ക പൂജിപ്പാൻ ധ്യാനം. ആനന്ദഭൈരവി ത്രിപുരസുന്ദരിയെസ്വാഹാ. ഇതു മന്ദനം അർച്ചിപ്പാൻ ധ്യാനം. ക്രീം, ഹ്രീം, ക്ഷീം, ജൃണം, മഹിഭഭ വിഷ്ണവെനമ:. ഇത പൂർവ്വാരാധിപ്പാൻ ധ്യാനം. അസുരാന്തക ദേവതമാരെ അന്തരമാക്കത്തിങ്കൽ തേരേറുക

ദേവന്മാരെ, ഇതു തേരേററുവാൻ ധ്യാനം. ഓംനമോ ഭഗവതെ ഭദ്രകാളി ബ്രഹ്മകാളി കാളി വിഷ്ണുകാളി കാളി ഈശ്വര കാളി കാളി പ്രേത കാളി ഭൂത കാളി സർവ്വലോകക്ഷം മാതാവെല്ലോ നിന്തിരുവടി വശമായി ശത്രു അടിക്കി . . . ശരീരാ ചീക്കനാ പൂക്ക. ഞെട്ടിത്തുള്ളുക, തുററുക.

സുന്ദ്യപേക്ഷം ച ബാലാനാം പരപ്പിന്നുള്ള ലക്ഷണം.

അച്ചടിച്ചിട്ടുള്ള ബാല ചികിത്സയും ഇതും ഭിന്നമാണ്. പ്രസ്തുത ഗ്രന്ഥത്തിൽ അധികം ബാലന്മാൎക്കുണ്ടാകുന്ന പീഡകൾ, കരപ്പൻ, വാപ്പൻ, മുതലായരോഗങ്ങൾക്കുള്ള ചികിത്സയെ പറയുന്നു. ബലി ഉഴിഞ്ഞുകളക മുതലായ പ്രയോഗങ്ങളും തളുപയോഗിയായ മന്ത്രങ്ങളും ധാരാളമായി കാണുന്നുണ്ട്. ഗ്രന്ഥകൎത്താവിൻെറ പേർ ഗ്രന്ഥത്തിൽ പറഞ്ഞു കാണുന്നില്ല. അക്ഷരപ്പിഴകൾ പലസ്ഥലങ്ങളിലും ഉണ്ട്.

No. 169. മരണലക്ഷണം.

MARAṆALAKŚAṆAM.

Pages, 16. Lines, 20 on a page.

Begins on page 101 of the MS. described under No. 156.

A treatise on the foretelling of a person's death by observing his health, his eyes and other organs and certain other indications. Contains also some matter relating to human respiration.

Beginning :

ഷട്ശതാനിസഹസ്രാണ്യേയുതകേതകൈ തഥൈവച.
ശ്വാസ:പ്രയാന്തി നിര്യാന്തി ജന്തൂനാം തുദിനേദിനെ.
ഇഡയാം പിംഗലായാം ച ശ്വാസരൂപേണ വൎത്തതെ.
ഇഡാചന്ദ്രകലാജ്ഞേയാ പിംഗലാഭാസ്കരസ്യതു.
സുഷുമ്നാഗ്നികലാജ്ഞേയാതിസൃഭിശ്ച സദാവഹേൽ.
സുഷുമ്നാവഹനം തത്രനൈവജാനന്തിമാനവാ:
തയാവിന്ദന്തി സഞ്ചാരോദേവാ: പരമയോഗിന:
ഷഷ്ട്യുത്തരേണ ത്രിശതൈ: ശ്വാസേരേകാതുനാഡികാ
പഞ്ചഭിന്നാഡികാഭിസ്തു രാശിരേക: പ്രകീൎത്തിത:
ദിനമേഷാദി മീനാന്തെ രേകം ദ്വാദശരാശിഭി:
ചരസ്ഥിരോഭയാത്മാനോ മേഷാദ്യാരാശയഃ ക്രമാൽ.

End:

സദ്യ ഏവഭവേത്ത (൧) സ്വപ്നിനാശോനാത്ര സംശയ:
യസ്യാന്നം ഭുജ്യമാനന്തുകദാചിൽ ഭുജ്യതെസ്ത്രീയാ.
തസ്യാപിസദ്യ ഏവസ്യാന്മൃത്യുരത്രനസംശയ.
പശ്ചാൽ ഭോജനകാലെയ(ഖരമദ്ധ്യെ വൃഷവാഹനം.
അന്യം വാദണ്ഡിനം പശ്യേൽ സോപിസദ്യോമരിഷ്യതി.
ഭുജ്യമാനം തഥാത്മീയം അന്നം ഗൃദ്ധ്രേണ ഭുജ്യതെ.

യസ്യ തസ്യാപി മൃത്യു: സ്യാൽ സദ്യ ഏവനസംശയ:
രോഗാദിഭി:ഭ്രതമർത്ത്യാനാം ഔഷധം യസ്യരക്ഷവൽ.
മൃത്യുതെസദ്യ ഏവസ്യാൽ മൃത്യുരത്രനസംശയഃ.
ഇതികാല ഗതിംബ്ബാഹ്യാഭ്യന്തരലക്ഷണം.

Colophon :

ഇതിസമാപ്തമിദം.

ഇതിൽ മരണപ്രാഗ്ഭാവിയായ ലക്ഷണത്തെ പറയുന്നു. തട്ടപോദ്ഘാതമായി മനുഷ്യന്റെ ദിനം പ്രതിയുണ്ടാകുന്ന ശ്വാസോച്ഛ്വാസ സംഖ്യ മുതലായതും പ്രതിപാദിക്കുന്നു. സംസ്കൃത പദ്യമയമായ ഈ ഗ്രന്ഥത്തിൽ ഭാഗശകലമെങ്കിലുമില്ലെന്നു തന്നെ പറയാം. അക്ഷരപ്പിഴകൾ പല സ്ഥലങ്ങളിലും ഉണ്ട്. കർത്തൃനാമം ഇവിടെ പറഞ്ഞു കാണുന്നില്ല.

No. 170. മർമ്മചികിത്സ.

MARMACIKITSA.

Pages, 27. Lines, 20 on a page.

Begins on page 1 of the MS. described under No. 157.

On vital organs, and the treatment of their diseases.

Beginning :

എല്ലാ ശരീരങ്ങളിലും നൂറേറഴ മർമ്മം. കാല്‌രണ്ടിന്മേലും വെവ്വേറെ പതിനൊന്നീതു്. വയററിൽ മൂന്ന്. മാറത്ത് ഒമ്പതു്. പിമ്പുറത്തു് പതിനാലു്. പൂണെല്ലിന്മേൽ കഴുത്തിൽ പന്തിരണ്ടു്. അതിന്മേൽ ഇരിപത്തഞ്ചു്. ഇങ്ങിനെ നൂറേറഴ മർമ്മം. ഉള്ളംകയ്യടെ നടുവിൽ തലഹൃത്ത എന്ന മർമ്മം. അതു മാംസാശ്രയമായര വിരലളവു്. അവിടെ മുറിഞ്ഞാൽ ചോരമാറാ. മാംസം കഴകിയ നീർ പോലെയൊഴുകും.

End :

അരക്ക. നെല്ലിക്ക. ശതാവരിക്കിഴങ്ങു്. ഇലവുംപയ തെങ്ങിൻ പൂക്കല, ഇവകൊണ്ടു കഷായം വെച്ചു നാലൊന്നാക്കി പിഴിഞ്ഞരിച്ചു് മുഴക്കാക്കി അഞ്ജനപ്പൊടിയും പഞ്ചതാരെയും ഇട്ട സേവിക്ക. ചർമ്മത്തിന്നു് പാടക്കിഴങ്ങ്പാലിൽ കൊടുക്ക. നിലമ്പരണ്ട പാലിൽ കൊടുക്ക. മുഴക്ക ഉമ്പപ്പൂവ്മുഴക്ക പാലിൽ മുന്നാഴി വെള്ളം വെച്ചു് കുറുക്കി കൊടുക്ക. ചർമ്മിളെക്കും. പിത്തകംതെക്ക മരുന്നു. കഷായത്തിന്നു പടവലം, പാടക്കിഴങ്ങ്, കൊട്ടത്തൂവ്വവേർ, പപ്പ്ടം, ബ്രഹ്മി, മുത്തെങ്ങാക്കിഴങ്ങ്. ചുണ്ടവേർ. നന്നാറിക്കിഴങ്ങ്, പാവ്വള്ളിക്കിഴങ്ങ്. ചിററമൃത, വേപ്പിൻ തൊലി, കടുകരോഹിണി, മരമഞ്ഞൾ, കല്ലത്തിന്നു് കടകപ്പാലേരി, തിപ്പലി, ചന്ദനം, ബ്രഹ്മി, ചുണ്ടവേർ, ചെറുകതളി, ചോര നിൽക്കും, ഇങ്ങിനെ ഇച്ചൊല്ലിയവണ്ണം ചികിത്സ ചെയ്യുകൊൾകെയെന്നം തീരും നിശ്ചയം.

മർമ്മ ചികിത്സ എന്ന ഈ ഗ്രന്ഥത്തിൽ മർമ്മവിഭാഗത്തേയും മർമ്മം മുറിഞ്ഞാലുള്ള ചികിത്സയേയും വ്യക്തമായി പ്രതിപാദിക്കുന്നു. കർത്തൃനാമം ഇതിലും നിർദ്ദേശിച്ചു കാണുന്നില്ല.

No. 171. മർമ്മചികിത്സ.

MARMACIKITSA.

Substance, paper. Size 11 × 9½ inches. Pages, 29. Lines, 20 on a page. Character, Malayalam. Condition, good. Appearance, new.

Begins on page 15. The other works herein are Marmavibhagam 1 and Sannipātajvaralakṣaṇavum Cikitsayum 44.

A different work on the same subject as that of the above.

Beginning :

കല്യാണാലയ മെപ്പൊഴും ഗജമുഖം വന്ദിച്ചുവാണീംകൃപാ-
കല്ലോലാമവിരേള ബാഹടമുഖാചാര്യാന്നമസ്കൃത്യ ഞാൻ.
ചൊല്ലേറും ഭിഷജാം നിയോഗമനിശം കൈക്കൊണ്ടു മർമ്മാക്ഷതെ
ചൊല്ലുന്നേൻ വിധിവച്ചികിത്സിത മഹാപ്രായേണ ഭാഷാപദൈഃ.
സാമാന്യേന ചികിത്സിതം മുറിവണങ്ങെല്ലാററിനും കൊള്ളമാ-
റാധൌധാരകളംകുഴമ്പു ഗുണി(ളി)കാ മററും കഷായങ്ങളും.
നൈതൈലാദികൾ വെച്ചുകെട്ടുക വിശേഷിച്ചും ചികിത്സാക്രമം
മർമ്മംതോറു മഥാംഗ ഭംഗമൊഴിയം പിത്ഥം ക്രമാദചക്ഷ്യതെ.
രക്തംനില്ലായ്കിൽ നിർത്തീടുക മുറികിലുടൻ തത്രനീർ കൊണ്ടുധാരാ-
മത്യന്തം ചെയ്കചണ്ടിത്തളിരു മുടനരച്ചുക്ഷണം വെയ്ക്കപുണ്ണിൽ
പുത്രശപാ വിഞ്ചപത്രഞ്ചെയെതു വിഹിതം പുള്ളടിംകൊണ്ടുമാറു-
ങ്ങപ്പപ്പത്രത്തൊടൊപ്പം രുധിരമിഹ തട്ടപ്പൊന്നു നൽതാഴ്വതാവൽ.

End :

വീണന്തലേറു മെററിട്ടപിചതകിലതിണ്ണെ വേണ്ടീലകാച്ച
പാത്രൈഃ പഞ്ചാംഗുലാദ്യൈഃ നവരയരിയിടിഞ്ഞിൽതപചം ചാവിപിഷ്ടാ
ശ്ലക്ഷ്ണീകം കേരിളഗ്ധെഢംട്ടവൃകനവനീതെന നാലഞ്ചുനാളിൽ
പിന്നെ സർജ്ജാശപ ഗന്ധങ്ങളുമിട്ടുകറിലെ ക്രൂടെനേരാവൊളന്നാൾ.
തല്ലുംപാറയുമേററു നഞ്ഞുടനതിൽ കാണായ പുൺതീരുവാൻ
ചെഞ്ചന്ദന മാണ്ടിലെന്നിവയരെച്ചിട്ടങ്ങിനെ പുണ്ണിലും
പിന്നെ പാൽപ്പകയെററി വീക്കമുടനെപോയാൽ പറഞ്ഞീടുവാൻ
ചെയ്യും ഭേക്ഷജമുണ്ണമേറുമവകൊണ്ടെല്ലാ കണക്കെന്നിയെ
മേൽ തങ്ങീട്ടുളവായ പുണ്ണിനധികം നന്നേഴിലംപാലവേർ
വീക്കത്തിന്നു മുരത്ത പുനർന്നവം കെട്ടീടവും വേണ്ടുകിൽ.
നാലാന്നാളെതിരേയഴിച്ചു കഴകിപ്പുണ്ണെങ്ങു ശോധിച്ചുടൻ
പിന്നെത്തേക്കമരുന്നു നല്ലതധികം പുണ്ണിന്നു നല്ലോചില.

ഹിമമിസിമരിചാനിശ്രേയസീ കുംകുമാനി
മലഃവളർ മരുതാകം ചന്ദനൈഃ
ഇവമനുജ സമൂഹൈദപന്ദ്വ യുദ്ധെവ്രണൈസ്സിൻ
എലിച്ചെഷിജലസിദ്ധം തൈലമാപ്നേന ഭേയം.

ഓരോ മർമ്മം മുറിഞ്ഞാൽ ചെയ്യേണ്ട ചികിത്സാ വിധികളെയാണ് ഇതിൽ പറയുന്നതു്. അക്ഷരപ്പിഴകൾ ധാരാളമായി ഇതിലുണ്ടു്. ഗ്രന്ഥം പദ്യമയമാണ്. മർമ്മ ചികിത്സ എന്ന പേരുള്ള മറ്റൊരു ഗ്രന്ഥവും ഇവിടെയുണ്ടു്. പക്ഷെ ഇതു രണ്ടും വ്യത്യസ്തങ്ങളാണ്.

No. 172. മർമ്മവിഭാഗം.

MARMAVIBHĀGAM.

Pages 15. Lines 20 on a page.

Begins on page 1 of the MS. described under No. 177.

Explains the nature of the vital parts of the body and the treatment of their diseases.

Beginning :

ദക്ഷാരാതി സുതം ഗണേശമനിശം നത്വാ ഗിരാം ദേവതാം
നിക്ഷിപ്യാത്മനി പദ്മനാഭ ദയിതാമഷ്ടീന്ദ്രപുത്രീമപി.
അക്ഷീണോദയമെപ്പൊഴും ഗുരുപദാംഭോജം നമസ്കൃത്യ ഞാൻ
വക്ഷ്യേ മർമ്മവിഭാഗമത്രതു ബുധാസ്സർവ്വേ പ്രസീദന്തുനഃ.
വെവ്വേറേ പതിനൊന്നു മർമ്മമുദിതം കാൽമേലുമവ്വണ്ണമെ
കൈമേലും ജഠരെ ചമൂന്ന തഥാ മാറത്തതുണ്ടൊൻപതു
ഈരേഴ(ഷ)ാം മുതുകത്തു തത്ര തലയിൽ പൂണെല്ലിനുമധ്യം ഭവേ-
മ്മുപ്പത്തേഴതിലക്ഷണാനി ച പൃഥക് വക്ഷ്യാമി നൂറേഴിനും
ഉള്ളംകാൽ കൈതലത്തിൽ നടുവിലരവിരൽ പാട
മദ്ധ്യാംഗുലീനാം
നേരെ മാസോപജാതം കൊടിയള തലഹൃത്തെന്നു
മർമ്മാവഗമ്യ.
തസ്മിൻ മദ്ധ്യേ മുറിഞ്ഞാലവിരതമൊഴുകും ചോര
നീർത്തുല്യമുണ്ടാ-
മേറ്റം നോവിന്ദ്രിയാണാം മറിയരുതുറയും പാണ്ഡു-
താമൃത്യുമേതി.

End :

ഛർദ്ദിക്കും ദാഹമുണ്ടാമുടനെവിട്ടുമരങ്ങാവലിക്കും വിരാകം
(ച്ഛർദ്ദിക്കും ദാഹമുണ്ടാമുടനെ ഞരടുമന്നാൽ വലിക്കും വികാരം)
മൂത്രം തല്ലെ ചൊരിക്കും പറയുമപിപിരാന്തും തഥാ സന്ന്യസിക്കും.
ഇത്ഥം ചിഹ്നങ്ങൾ കണ്ടാൽ മരണമറിക മുന്നാളകത്തത്ര സപ്താ
(ഹ)ത്തിന്നിങ്ങുട പിതല്ലെങ്കിലുമതുകരുതുവേ.ാ മല്ലോസിരാപി.
വേധെ ശൃംഗാടകാനാം ഝടുതി മരണമുണ്ടാമതെല്ലും കിലെന്നും
ബോധന്താൻ കെട്ടെഴാന്ദിന മതുകമതു ഭൂയോഥ സീമന്തവേധെ
ചെഞ്ചോരക്കടിവായു ഭ്രമമപി ചുഴലും മോഹമുന്മാദമന്തം
വന്നീടുംപിന്ന വേധാദധിപതി മരണം നൽകുമന്നേരമേവ.

Colophon :

മർമ്മചികിത്സാ.

ഇതിൽ മർമ്മങ്ങളുടെ വിഭാഗം മർമ്മചികിത്സ മുതലായതു സവിസ്തരം പറയുന്നു. അക്ഷരപ്പിഴകൾ ധാരാളമുണ്ട്.

No. 173. മർമ്മവിഭാഗം.

MARMAVIBHĀGAM

Substance, palm leaf. Size, 13 × $1\frac{3}{4}$ inches. Pages, 42. Lines, 8 on a page. Character, Malayalam. Condition, good. Appearance, old.

Begins on page 1-a. The other works herein are Sahasrayoga, fol. 22-a, Mantravādagrantha fol. 72-a.

Same work as the above.

No. 174. മഹാവൈദ്യസാരം.

MAHĀVAIDYASĀRAM.

Substance, paper. Size, $10\frac{3}{4}$ × $9\frac{3}{4}$ inches. Pages, 58. Lines 20 on a page. Character, Malayālam. Condition, good. Appearance new.

Complete.

Explains the treatment for various diseases. Explains also how one and the same remedy can be used for curing many different diseases. Contains also some sacred spells.

Beginning :

ഗുരുപാദം വിചാരിച്ച് ചൊല്ലുന്നേൻ രോഗശാന്തയെ
ഏകമൂലികമുമ്പായ സാരമന്ത്രൌഷധങ്ങളും.
മുസ്താപർപ്പടക കഷായം സർവ്വജ്വര വിനാശനം.
ധന്വയാസശൃതം തോയം ജ്വരാതി സാരനാശനം
സഹദേവീ ശിഫാമൂലം തരുണജ്വരനാശനം
അരണ്യ തുളസീമൂലകഷായം ശീതജ്വരാപഹം,
തേനൈവഖളവും നന്നശീതകെകമ്പസംയുതെ.
ത്രിദിനം ഭക്ഷയേൽ പ്രാതഃ മക്കുണം ഗുളസംയുതം.
ചാതുർത്ഥികവിനാശായ തഥാഹിഘ്മാപ്രശാന്തയെ.
കാട്ടുമുല്ലയുടെ മൂലകഷായം ചാതുർത്ഥികെഹിതം.
ഗോമൂത്രേണ ഹരീതക്യാം വ്യാഘ്രജ്ജീർണ്ണേനതത്സമം.
ഉഷ്ണതക്രേണ പാനേന സർവ്വജ്വര വിനാശനം.
അമൃതാദി കഷായത്തിൽ പിപ്പലീശുണ്ഠിശർക്കരാ.
ചൂർണ്ണയേൽ കഷായസംയുക്തം ത്രിദോഷ ജ്വരനാശനം.

End :

ഉപ്പില മരത്തിന്റെ വേർ പാലിൽ അരെച്ച് കുത്തിന്റെ മറുപുറത്ത് കാലിന്റെ പെരുവിരൽ പൊതിക. കൊടിഞ്ഞികുത്തുമാറും.

അശ്വതിനാള പിറന്ന കൃഷ്ണനെന്ന പേരായിരിക്കുന്ന ശരീരത്തിന്മേൽ വലത്തുപുറം സൂര്യകുത്തു ഇന്നു തുടങ്ങി കുത്തരുതു. കുത്തിയെങ്കിൽ അമ്മയെയും പെങ്ങളെയും തെക്കിനിലെ തൂണിന്മേൽ പിടിച്ചുകെട്ടി അടിച്ച് തൊലി പൊളിച്ച്ളെങ്ങ സ്വാമി എൻ ഗുരുവിനാണ ഹ്രൂം ഫൽ സ്വാഹാ. ഇതു മുഖത്തുനോക്കി പതിനാറുരുജപിച്ച് പിന്നെ സൂര്യനെ നോക്കി "ശ്രീ സൂര്യായ നമഃ" എന്നു അയ്മ്പത്തൊന്നുരു ജപിച്ചാൽ കൊടിഞ്ഞികുത്തു മാറും. നിലമ്പരണ്ട അരച്ച് കുത്തിന്റെ മറുപുറത്തു കാലിന്റെ പെരുവിരലിന്മേൽ പൊതിക, കുത്തുമാറും. ഊറാമ്പുലി ചത്തതും മഞ്ഞപ്പൊടിയും കൂട്ടിത്തുണിയിൽ തിരച്ചു നെയ്യിൽ നനച്ച് മൂക്കിൽ പുകക്ക, കൊടിഞ്ഞിൽ കുത്തു മാറും.

ഇതിൽ പലതരത്തിലുള്ള രോഗങ്ങളുടെ ചികിത്സ പ്രതിപാദിക്കുന്നു. കൊടിഞ്ഞികുത്തു മുതലായ ചില വ്യാധികളുള്ള മന്ത്രങ്ങളും പറയുന്നു. പല ഒററ മരുന്നുകളും ഇതിൽ വിശേഷ വിധിയായി കാണുന്നു. കർത്തൃനാമം ഇതിൽ പറയുന്നില്ല.

No. 175. മാതംഗലീല-ഭാഷാവ്യാഖ്യാസഹിതം.

MĀTAṄGALĪLA, WITH MALAYALAM COMMENTARY.

Substance, paper. Size, $9\frac{6}{8} \times 10\frac{6}{8}$ inches. Pages, 56. Lines, 20 on a page. Character, Malayālam. Condition, good. Appearance new.

Incomplete.

A short treatise on the treatment of the diseases of elephants. The author of the text of the work, *Matangalila* is Nilakaṇṭha. The name of the author of the Malayalam Commentary is not known.

Beginning :

ശരൽകാലത്തും ഗ്രീഷ്മകാലത്തും രാവിലെ നെയ്യും ശർക്കരയുംക്കൂട്ടി ചോറുകൊടുക്ക. വൈകുന്നേരം ഇന്തുപ്പും എണ്ണയുംക്കൂട്ടി ചോറുകൊടുക്കുക. മററുള്ള ഋതുക്കളിൽ രാവിലെ ഇന്തുപ്പും എണ്ണയുംക്കൂട്ടി ചോറുകൊടുക്കുക. വൈകുന്നേരം നെയ്യും ശർക്കരയുംക്കൂട്ടി ചോറു കൊടുക്കുക. തോരപ്പരിപ്പും ശർക്കരയുംക്കൂട്ടി ചോറുകൊടുത്താൽ ആനകൾക്കു തേജസ്സും ബലവും അഗ്നിബലവും ഉണ്ടാകും, ശർക്കരക്കൂട്ടി നല്ല ചോറുകൊടുക്കയും നന്ന്.

ശൈശിര കാലത്ത് വീര്യവും രസവും വഴിപോലെ ഉണ്ടായിട്ടുള്ള പടലങ്ങൾ, വള്ളികൾ, വള്ളിമേൽ ചേനകൾ. ഇവ ഭക്ഷിക്കകൊണ്ടും മഞ്ഞുകൊണ്ടു മെലിഞ്ഞ ചൂട് കുറകകൊണ്ട് ചളിനൊടി വെള്ളങ്ങളിൽ കുളിക്കകൊണ്ടും ആനകൾക്കു മിക്കവാറും കഫംവർദ്ധിക്കുന്നു. ജാംഗലസ്ഥലഭൂക്കൾ എന്നു പറഞ്ഞാൽ വെള്ളവും മരങ്ങളും കുന്നുകളും കുറഞ്ഞ പ്രദേശങ്ങൾ ദേശങ്ങളിൽ ഇങ്ങിനെ യാവചിലപ്രദേശങ്ങൾ ശോഭിക്കുന്നതും ഉണ്ട്. അവിടെ ഉണ്ടാകുന്ന പയറ തിന്നാൻകൊടുക്കയും കാലുകളിലും തലയിലും നനക്കയും എണ്ണക്കൂട്ടിയ മഷിതേക്കയും ആനയ്ക്കു പത്ഥ്യമാകുന്നു.

Colophon :

ഇതിമാതംഗ ലീലായാംഗജരക്ഷാദിനത്തു
ചഷ്യാധികാര ഏകാദശഃപടലഃ.

End :

ഓടക്കണ്ണി, ചിററമൃത, കൊഴപ്പ, ശതാവരിക്കിഴങ്ങ്, കാഞ്ഞിരത്തില, പൂവ്വാംകുറുന്തല, എലിച്ചെവി, കൃഷ്ണക്രാന്തി, നിലപ്പനകിഴങ്ങ് ഇവ ഓരോ പലം, എണ്ണ എടങ്ങഴി ഒന്ന്, വെള്ളം എടങ്ങഴി നാലു, അത്രപാലുംക്രട്ടി കല്ക്കത്തിന്നമരുന്നു, ചന്ദനം, രക്തചന്ദനം, ത്രിഫല, ചുക്കു ഇവ സമംക്രട്ടി അരച്ച് കലക്കികാച്ചിയരിച്ച് തലക്രന്നിടുക. എല്ലാ നോവും പഴപ്പും ശമിക്കും. ചിതടാശ്രയത്തിന്ന രണ്ടു വിരലിനകം മുറിച്ചാൽ നടന്നാലും വീണ്ടും വിറക്കം നടുക്കമുണ്ടാം നടമുടങ്ങും തറിച്ചുററിനടക്കും. ഇരിക്കും ഉടനുടൻ.

അരിന്നു ചികിത്സ —എണ്ണയും നെയ്യും സമംക്രട്ടി കാച്ചിധാരയിടുക. 10.

വാങ്ങിയാൽ ത്രിഫല, അമൃത, എള്ള, കഴങ്ങിൻ പൂക്കിലരി.

ഇതിൽ നീലകണ്ഠ കൃതമായ മാതംഗലീല എന്ന സംസ്കൃത ഗ്രന്ഥവും അതിന്നൊരു ഭാഷാവ്യാഖ്യാനവും ഉണ്ട്. ഭാഷാവ്യാഖ്യാന കർത്താവു ആരാണെന്നു പറഞ്ഞുകാണുന്നില്ല. ഗ്രന്ഥം പതിനൊന്നാമത്തെ പടലത്തിൽ 39-ാം ശ്ലോകം മുതൽ 51-ാം ശ്ലോകംവരെയാണ് ഇതിൽ ഉള്ളതു്. ആദിയിലും അവസാനത്തിലും ഗദ്യമായി വല ഔഷധയോഗങ്ങളും ഇവിടെ പറയുന്നുണ്ട്. ഗജലക്ഷണത്തെ ഇതിൽ പറയുന്നില്ല. ചികിത്സാക്രമത്തെ സവിസ്തരം എഴുതിയിട്ടുണ്ട്. അക്ഷരപ്പിഴകൾ ചില സ്ഥലങ്ങളിൽ ഉണ്ട്.

No. 176. മുണ്ടൻയോഗം.

MUṆTANYŌGAM.

Substance, paper. Size, $10\frac{3}{4} \times 10$ inches. Pages, 393. Lines, 20 on a page. Character, Malayalam. Condition, good. Appearance, new.

Complete.

A treatise on various kinds of medicine, compiled from *Astangahridaya* and other works on Indian Medicine. From the word " Muṇtan " in the title of the work, its author seems to have belonged to the *Tiyya* or *Ezhuva* caste. In this work there are some recipes not found in other works.

Beginning :

അരിസദരജല്ലക: ശാസ്ത്രപീയൂഷകുംഭഃ
പ്രതിഘടിതകരാബ്ജ: കാന്തപീതാംബരാഢ്യ:
സിതവസനവിരാജന്മൌലിരാരോഗ്യദായീ
ശതമഖമണിവർണ്ണ: പാതുധന്വന്തരീർവ്വ:.
അമൃതോശീരവാശാബ്ദ വിശ്വാദിവൃകനിംബജം.
കഫോജ്വരേഷുസർവ്വേഷു പരംപാചനമിഷ്യതേ.
തോയതോയദഭദ്രനിംബ വാശാധാന്യമഹൌഷധൈ:.
കൃത:കഷായ: സർവ്വേഷാംജ്വരാണാംപാചനംപരം
ഘനചന്ദനശുണ്ഠ്യംബു പർപ്പടോശീരസാധിതം
ശീതംതേഭ്യോഹിതംതോയം പാചനംതൃട്ജ്വരാപഹം.

പാഠാഗ്നിമന്ഥബൃഹതീദ്വയനാഗരാണാം
ച്ഛിന്നോദ്ഭവാവൃക്ഷകിരാതകപർപ്പടാനാം.
വാശാമൃതാംബുദപടോല മഹൌഷധാനാം
ക്വാഥംപിബേദിഹമരുൽ പ്രഭവെജ്വരെതു.

End :

യഃ ശ്യാവദന്തോഷ്ഠ നഖോല്പസംജ്ഞഃ
ച്ഛർദ്ദ്യർത്തിതോന്തർഗ്ഗതതാമ്രനേത്രഃ
ക്ഷാമസ്വരഃസ്രസ്തസമസ്തസന്ധിഃ
ജയാന്നരഃ സോപുനരാഗമായ.
വിപാച്യമൂത്രാമ്ല പട്ടനിഃന്തി
പിണ്ഡീതകൃഷ്ണാഗുരുസപ്പൈഃശ്യ.
വത്തിഃകരാംഗുഷ്ഠനിഭാം ഘൃതാക്താം
ഗുദെതുജാനാഹകരീ വിദധ്യാൽ.
ശീതപാനീയസംസ്പർശാൽ ശീതകാലെ വിശേഷതഃ
ശയ്യാസ്യഃശിശിരാർത്താനാമുദർദഃ കഫസംഭവഃ.
സമദോഷസ്സമാഗ്നിശ്ച സമധാതു മലക്രിയഃ
പ്രസന്നാത്മേന്ദ്രിയമനാ- സ്സ്വസ്ഥഇത്യഭിധീയതെ .
ജംബീരപഥ്യാകലിതെ പിണ്യാകെ ശ്യാമതാംഗതെ.
. . . . . കൈഡര്യ്യസംയുക്താലശുന ചമൂർച്ഛിതാ.
സർഷപൈർജീരകൈശ്ചൈവ സംസ്കൃതാ ഗുളതാംഗതാ.
പിണ്യാകീനാമസാജ്ഞേയാപിഷ്ടപിണ്യാകസംഭവാ.
ഹേമവിട്ഗമയുക്താചതുരാക്ഷാകൃഷ്ണജീരകം.
രാക്ഷാത്രിജാതത്ര്യൂഷം ചജാതീഷൽക്കംചസംയുതാ.
വാശാപത്രരസൈസ്സിതാമധുയുതം കൽക്കണ്ടി ചേർക്കുന്നതിൽ
മുമ്പെചെക്കോരുവെള്ളിയും മറവിവന്നീടൊല്ല ചേർത്തിടുവാൻ.
ഏകശ്വാസമടച്ചുവന്ന കഫമങ്ങപ്പോഴെ ഖണ്ഡിച്ചുടൻ
മുന്നംചൊന്നസ്ഥലത്തു പോയ്മരുവുമങ്ങന്നാളിലേകേവലം.

ഇതിൽ, അഷ്ടാംഗഹൃദയം, ധാരാകല്പം, യോഗാമൃതം, മർമ്മവിഭാഗം, നാഡീപരീക്ഷ മുതലായ പല ഗ്രന്ഥങ്ങളിൽ നിന്നും എടുത്തെഴുതിയ യോഗങ്ങളാണ് അധികമായിട്ടുള്ളതു്. മുണ്ടൻ യോഗം എന്ന പേരുകാണുന്നതുകൊണ്ടു് ഒരു സമയം കർത്താവു് 'മുണ്ടൻ' എന്ന ഒരു ശൌണ്ഡികനാകാൻ വഴിയുണ്ടെന്നു തോന്നുന്നു. മററു ഗ്രന്ഥങ്ങളിലൊന്നുമില്ലാത്ത പലയോഗങ്ങളും ഇതിലുണ്ടു്. അക്ഷരപ്പിഴകൾ ചിലേടങ്ങളിൽ കാണുന്നുണ്ടു്.

No. 177. മുറിവൈദ്യം (മർമ്മചികിത്സ).

MURIVAIDYAM (MARMACIKITSA).

Substance, paper. Size, $10\frac{7}{8} \times 9\frac{5}{8}$ inches. Pages, 80. Lines, 20 on a page. Character, Malayalam. Condition, good. Appearance new.

Incomplete.

On the treatment of cuts, bruises and other injury of the vital organs of the body.

Beginning :

ഗണേശംവാണിയും സർവ്വഗുണാനാമാലയംഗുരും
പ്രണമ്യ ക്രൂരവാണീനാമക്ഷരസ്യസ്യാപവിഘ്നതാ.
കാല്മേലുമഥകൈമേലും പ്രത്യേകംപതിനൊന്നവ
വയററിൽ മൂന്നു മർമ്മാണിമാർവ്വത്തുപുനരൊമ്പതു്.
മുതുവത്തുപതിന്നാലു പിമ്പുപൂണെല്ലി നൂൽപതാ.
മൂപ്പത്തേഴിവ നൂറേറഴം കഥിതാനി വിവാഗതാ.

ഉള്ളംകാലിലുമുള്ളംകയ്യിലുമുള്ള മർമ്മം പേർ ഹൃതെ നന്ന മർമ്മമുണ്ടു്. അവിടെ മുറിആയ ഏഴു ദിവസവും പതിന്നാലു നാഴികയും വിരസം. അതിന്നു തണ്ണീർധാരയിടുക. എള്ള പാലിലരച്ചു് പൂശുക. എണ്ണയും നെയ്യുംകൂടെ ചാലിച്ചു് സർവ്വാംഗം തേക്കാ ശമിക്കും.

ക്ഷിപ്രമെന്ന വർമ്മം മുറിഞ്ഞാൽ വായു അകത്തുനോക്കി വലിക്കും, ചെന്നിവലിക്കും. തണ്ണീർ ദാഹമുണ്ടാം ഒമ്പതുനാളും പതിന്നാലു നാഴികയും വിരസം മരിക്കുമെന്നറിക. അതിന്നു വെണ്ണയും പാലുമായി ചാലിച്ചു ചന്ദനവും മുല്ലയിലയുംകൂട്ടി ഇടുക. അതിന്നു പോരാസ്സിൽ ഉടൻ എണ്ണയും നെയ്യും കണ്ണീരുമായി ചാലിച്ചിടുക.

End :

തവ്യം=മാക്കീരക്കല്ലു. ദാർവ്വ്യത്വചം=മരമഞ്ഞൾതൊലി. ചവ്യ=കാട്ടു മുളകിൻവേര്. ഗ്രന്ഥികം=കാട്ടുതിപ്പലിവേര്. ദേവദാരു=തേവദാരം. വ്യോഷാദിനവകം, വ്യോഷം തുടങ്ങി ഒമ്പതും. അത്തു്, ചുക്കു്, മുളകു്, തിപ്പലി, കൊടുവേലിക്കിഴങ്ങു്, വിഴാലരി, ത്രിഫല, മുത്തെങ്ങാക്കിഴങ്ങു്, ചൂർണ്ണം=പൊടി. ദ്വിഗുണം—എരട്ടി. മണ്ഡൂരം=പുരാണകിട്ടം. അഞ്ജനം=അഞ്ജനക്കല്ലു്. ഗോമൂത്രത്തിൽ വേവിച്ചു് ഒണക്കി പൊടിച്ച ഗുളികമഞ്ചാടിയിൽ അധികംപ്രമാണം, മണ്ഡൂര വടകം എന്നു പേർ. പാണ്ഡുരോഗിക്കു പ്രാണങ്ങളെകൊടുക്കുന്നവ.

വാരാഹിനല്ലതുടി ചിററമൃതിൽഭവിക്കും
നൂറുംകണാചമരമഞ്ഞൾത്വകാസിതാച.
ചൂർണ്ണിച്ചുകൊണ്ടിരുകഴഞ്ചു നനെച്ചുതേനിൽ
നക്കീടുവോർക്കരിയ കാമിലമൂന്നുമില്ല.

വാരാഹി നിലപ്പനക്കിഴങ്ങു്. നല്ലതുടി-നല്ല ഏലത്തരി ചിററമൃതിൽഭവിക്കും . . . .

മർമ്മാശ്രിതമായ മുറികൾക്കുള്ള ചികിത്സയാണു് ഇതിൽ പ്രധാനമായി പറയുന്നതു്. മർമ്മചികിത്സയിൽ പറയുന്ന വിഷയംതന്നെയാണു് ഇതിൽ പറയുന്നതെങ്കിലും ഭിന്നകർത്തൃകമാണു്. സഹസ്രയോഗത്തിലെ പലയോഗങ്ങളുമാണു് 37-ാം ഭാഗം മുതൽ ഇതിൽ കാണുന്നതു്. അതുകൊണ്ടു ഇവിടെ മററു ചികിത്സകളെപ്പററി വിവരിക്കുന്നുണ്ടെങ്കിലും പ്രധാനമായി മുറിവൈദ്യത്തെപ്പററയുന്നതുകൊണ്ടു് "മുറിവൈദ്യം" എന്നു പേർ കൊടുത്തിരിക്കുന്നു. ഗ്രന്ഥം അപൂർണ്ണമാണു്. അക്ഷരപ്പിഴകൾ ധാരാളമുണ്ടു്.

No. 178. മൂലികാപ്രയോഗം.

MŪLIKĀ PRAYŌGAM.

Substance, paper. Size, $10\frac{1}{2} \times 9\frac{3}{4}$ inches. Pages, 34. Lines 20 on a page. Character, Malayalam. Condition, good. Appearance, new.

A treatise on the curing of diseases with the help of herbal remedies. There are also in this work, some rules and directions relating to magical incantations. Some of the recipes found here are taken from other *Ayurvedic* works.

Beginning :

ഇത്തിക്കണ്ണികളപ്പെ ചില സാരങ്ങളായുള്ള ഇത്തിക്കണ്ണികൾ പറയുന്നു.
അക്കബ്രധ്നംമരിചവും സേവിച്ചാൽ ജ്വരനാശനം.
അക്കബ്രധ്നം വചയതും സേവിച്ചാൽ ജ്വരനാശനം.
അക്കബ്രധ്നം ദീപ്യകവും തക്രെശൂലഹരംപിബേൽ.
അക്കബ്രധ്നംചസിതമാം വിഷ്ണുക്രാന്തിയുമായുടൻ.
അരച്ചുഫാലെ തിലകം ചേർത്തീടിൽ ബഹുവശ്യമാം.
അക്കബ്രധ്നം ചന്ദനവുംകൂട്ടി നന്നായരച്ചുടൻ
കുറിയിട്ടിട്ടു ചെന്നീടിൽ രാജാവു വശനായ്വരും.
അക്കബ്രധ്നം വെററിലയിൽ വായിലാക്കീട്ടു ചൊല്ലുകിൽ
സ്ത്രീകളൊക്കെച്ചൊന്നപടി കേൾക്കുമില്ലൊരു സംശയം.
അക്കബ്രധ്നം ക്ഷീരപീതാശേഷവിഷനാശനം
മുക്കുററിയുംചാക്കബ്രധ്നം നൂററിൽകൂട്ടിക്കൊടുക്കുകിൽ
പുരുഷന്മാരൊക്കെ വശമതിനില്ലൊരു സംശയം.

End :

വിഷ്ണുക്രാന്തിയെരിക്കിലാ തുളസിയും ശാകോത്ഥപത്രങ്ങളും
നിർഗ്ഗുണ്ഡീമരിചാക്കപത്രമമരീ നൽപപ്പടം തുല്യമായ്
ഒക്കെക്കൂട്ടിയിടിച്ചു കേരസലിലെ നന്നായ്പിഴിഞ്ഞുള്ള നീർ.
തൈച്ചിപ്പൂക്കൾ പചിച്ചുവാത്തജലവും ഛാഗസ്യപാലെന്നിവ
ജീവന്ത്യാമയനാഗഫേനമധുകാരാസ്നാശതാഹ്വാംനിശാ-
ദ്വന്ദ്വം ദീപ്യകവും കടുത്രയവരാദേവദ്രുമംശാരിബാ.
മഞ്ജിഷ്ഠാശരപുംഖജീരകയുഗം നാഗംവരാളാപുന-
ർഗ്ഗന്ധംരണ്ടിവ കല്ക്കമാക്കി വിരവിൽക്കൂട്ടീട്ടു തൈലം പചേൽ.
തത്തൈലം ഹരിതൈലമെന്നശ്രുതമാം തേച്ചാലൊടിക്കുംക്കണാൽ
നാസാരോഗശിരോഗദങ്ങൾ വ്രണവും വിസ്ഫോടവും വിദ്രധി.
കണ്ഡൂ സവ്വമുഖാമയാനപി കപാലാർശസ്സുകർണ്ണാമയം
പ്രാതർഭാസ്കരദർശനനതിമിരംപോകുംകണക്കെ പരം,

Colophon :

വിഷവൈദ്യവും മൂലികാദി പ്രയോഗങ്ങളും സമാപ്തം.

ഇതിൽ ഗണ്ണഗ്രന്ഥത്തിൽ പ്രതിപാദിച്ചിരിക്കുന്ന ചില യോഗങ്ങളും ഇത്തിക്കണ്ണി ക
ല്പംമുതലായ കല്പങ്ങളും കനകതാമ്രാദി ഗുളികാ യോഗങ്ങളും ചില വശ്യാദ്യൌഷധങ്ങളു

പ്രതിപാദിക്കുന്നു. ഗ്രന്ഥാവസാനത്തിൽ "വിഷവൈദ്യവും" എന്നു കൂടി കാണുന്നതു ഒരേ ആൾ എഴുതിയിരുന്നതുകൊണ്ടു രണ്ടിന്റെയും പേർ അവസാനത്തിൽ ചേർത്തെഴുതിയതാണു്. കർത്തൃനാമം ഇതിൽ നിർദ്ദേശിച്ചിട്ടില്ല.

No. 179. യോഗാമൃതം.

YŌGĀMṚTAM.

Substance, paper. Size, 11 × $9\frac{1}{2}$ inches. Pages, 201. Lines, 20 on a page. Character, Malayalam. Condition, good. Appearance, new.

Complete.

This is a very old and important treatise, on medicine, in Malayalam verse. An edition of this work has been printed at the Vāṇikalēbaram Press. In many places this printed edition contains readings different from those of the manuscript under notice.

Beginning :

കാൽത്താരിൽ കൈവണങ്ങിക്കരിവരവദനം ഭാരതീം താം ച ദേവീം
ചേർത്താത്മാവിങ്കലാമ്മാറനുസൃതഗുരുപാദാംബുജന്മാച്ഛന്നോഹം
പ്രീത്യാപത്മോദ്ഭവാം ദക്ഷനെയുമഴകിനോടശ്വിനൌവാസവന്താ-
നാത്രേയാദീൻമുനീൻവാഹടമപി വഴിയെ ഭക്തിപൂർവ്വം നതോസ്മി.
ചെല്ലൂരാവാസിദേവംപ്രദിശതു സശിവംധാമമെ ഞാൻ ചുരുക്കി
ച്ചൊല്ലീടുന്നേൻ ചികിത്സാസരണി ചിലർ ധരിപ്പാൻ ഭിഷക്ബാലകാനാം.
കൊള്ളാമെന്നോർത്തു കൺകൊണ്ടരുളുക ഭിഷജോ വീക്ഷ്യ യോഗാമൃതം തൽ
കല്യാണംമൽപ്രബന്ധാം പുനരിഹ തൊഴുതേനേഷ സൽഭ്യോപിതേഭ്യഃ.
പൂമാതാൻവീക്ഷ്യമാണം കലശജലനിധേർമ്മഥ്യമാനാൽ പുറപ്പെ-
ട്ടാമോദോദ്വെല്ലാല കല്ലോലജജലകണ മേറ്റേറ്റു വിഭ്രാജമാനം
ഹേമാലംകാരകാന്താരഗമിത തൊഴുതേൻ ധാമധന്വന്തരം തൽ
ക്ഷേമാബദ്ധോത്തമാംഗം കരലസദരിശംഖാബ്ജപീയൂഷകുംഭം.

Colophon :

ഇതി രക്തപിത്തചികിത്സാധികാരഃ.

End :

വിഷ്ണുവഹ്നികരിമുത്തിൾ മുസ്തയും
തെച്ചിപുഷ്പമൊടു കാട്ടുതിപ്പലി.
നൽചെറിയ കടലാടി ആവലും
പച്ചിഞ്ചി നിശികരുന്തകാളിയും
കാനനേ മരിച ഹേമകണ്ണിയും
ക്ഷീരപാദപമതിൽത്വചങ്ങളും
അരുധടയുമിവ നൽപ്പടവലം.
ഒപ്പമൊക്കവെ ഇടിച്ചുകൊണ്ടുടൻ

നെയ്യിരട്ടിയതു കൊൾക നീരുമായ്
പാലുമാജ്യമൊട്ടതൽ സമാനമായി.
പാതിമാനുഷ വയസ്സുകൊള്ളുക.
മൂന്നുജീരകമൊടാ . . . . രികളും.
ദാരുകോഷ്ഠമൊട്ടു ജാതിമുസ്തയും
താളിമാതളമൊടമൃശീരവും.
നാഗപുഷ്പമൃണാളമഴാജി കായവും
ജീനമരിചമൊട്ടുകടിംബുപുഷ്പം.
കാച്ചിയെല്ലുവെ അരിച്ചുകൊണ്ടുടൻ
സേവിതംഗ്രഹിണി ബാലപീഡയും.
പോവിതാന്നിനിശി നേത്രരോഗവും.
കിടാങ്ങൾക്കു ഗ്രഹിണിക്കു നൈ സേവിപ്പാൻ.

Colophon :

സമാപ്തം.

ഭാഷാഭിജ്ഞന്മാരുടെ നെററി ചുളിപ്പിക്കുന്ന പ്രയോഗങ്ങളുള്ളതും വൈദ്യഗ്രന്ഥങ്ങളിൽവെച്ച് അതി പ്രാചീനവും പ്രധാനവും സിദ്ധങ്ങളുമായ അനവധി യോഗങ്ങളെ തിരഞ്ഞെടുത്തു സ്വന്തമായ ഒരു ഭാഷയിൽ പ്രതിപാദിക്കുന്നതും ആയ ഈ ഗ്രന്ഥം വാണീകളേബരം അച്ചുകൂടത്തിൽനിന്ന അച്ചടിച്ചുവിട്ടിരിക്കുന്ന യോഗാമൃതത്തിൽനിന്ന ഭിന്നമല്ല. പക്ഷെ പലേടങ്ങളിലും പാഠഭേദങ്ങൾ ഉണ്ടെന്ന പറയണം. "സമാപ്തം" എന്നെഴുതി ഗ്രന്ഥം അവസാനിച്ചതിൻെറ മുമ്പിലായി 195-ാം ഭാഗത്തു ഗ്രന്ഥം സമാപിക്കുന്നതായി അന്തിമമംഗളം ചെയ്തുകാണുന്നുണ്ട്. ഇതിൻെറശേഷം എഴുതികാണുന്ന ഭാഗം ഒരുസമയം പിന്നീടെഴുതിച്ചേർത്തതാണെന്ന വിചാരിക്കാം. ഈ പ്രതിയുടെ മൂലമായ താളിയോലഗ്രന്ഥത്തിൽ ഈ അവസാനഭാഗത്തു മാത്രം മഷി കൊടുത്തു കാണാത്തതു തന്നെ എഴുതിച്ചേർത്തതാണെന്നുള്ള ഊഹത്തെ ഉറപ്പീകരിക്കുന്നുണ്ട്. വാജീകരണചികിത്സാപര്യന്തമാണ് ഈ ഗ്രന്ഥം. അച്ചടിച്ച പുസ്തകത്തിൽ അഗ്നിവ്രണചികിത്സാപര്യന്തംമാത്രമെ കാണുന്നുള്ളൂ.—കർത്തൃനാമം കാണുന്നില്ലെങ്കിലും "ചൊല്ലൂരാവാസിഭദ്രം" എന്നതുകൊണ്ടു ചൊല്ലൂർ ദേശീയനാണ് കർത്താവെന്ന പറയാം.

No. 180. യോഗാമൃതം.

YŌGĀMṚTAM.

Substance, paper. Size, 11 × 9½ inches. Pages, 196. Lines, 20 on a page. Character, Malayalam. Condition, good. Appearance, new.

Begins on page 1. The other works herein are Srutabodham 197-a, Mangalāṣṭakam 201 and Srīkṛṣṇacavacam 203.

These three works are in Sanskrit.

This treatise is different from the previous one of the same name. The former contains remedies for certain diseases not mentioned in the latter, and contains also some five or six Sanskrit verses taken from other works.

കാൽത്താരിൽ കൈവണങ്ങിക്കരിവരവദനംഭാരതീംതാം ചദേവീം
ചേത്താത്മാവിങ്കലാമ്മാറനുസൃത ഗുരുപാദാം ബുജന്മാച്ഛനോഹം.
പ്രീത്യാപദ്മോത്ഭവം ദക്ഷനയുമഴകിനോടശ്വിനൌവാസവന്താ-
നാത്രേയാദീൻ മുനീൻവാഹട മപിവഴിപോയ ഭക്തിപൂർവ്വം നതോസ്മി.
ചെല്ലൂരാവാസിദേവം പ്രദിശതുസശിവം ധാമമെ ഞാൻ ചുരുക്കി
ച്ചൊല്ലീടുന്നേൻ ചികിത്സാസരണി ചിലർധരിപ്പാൻ ഭിഷക്ബാലകാനാം.
കൊള്ളാമെന്നോർത്തുകയ്യ്ക്കൊണ്ടരുളുക ഭിഷജോവീക്ഷ്യയോഗാമൃതം തൻ
കല്യാണം മൽപ്രബന്ധം പുനരിഹതൊഴുതേനേഷ സദ്ഭ്യോപിതേഭ്യഃ.

Colophon :

ഇതി യോഗാമൃതെജ്വര ചികിത്സാധികാരഃ.

End :

സ്ത്രീണാംതുസ്മൃതി സംസ്പർശദർശനൈശ്ചലൽസ്രുതെ
ശുക്ലെവ്യവാസജാന്ദോഷാനസംസൃജ്യ വ്യവാപ്നയാൽ
നവംധാന്യംതിലം മാഷാന്മദ്യം മാംസമജാംഗലം.
ക്ഷീരേക്ഷുവികൃതീരല്ലലവണം കടുകംത്യജേൽ
യച്ചാന്യദപിവിഷ്ടംഭി വിദാഹിഗ്ഗുരുശീതളം.
വർഗ്ഗോയം നവധാന്യാദിർവ്വ്രണിനഃ സർവ്വദോഷജിൽ.

ഇവറെറ വർജ്ജിക്ക. പഥ്യമായുളളതിന്നെ മാത്രയോടുക്രൂടെ ഭുജിക്കയും വേണം.

യോഗാമൃതത്തിലെ പ്രാരംഭത്തിലുള്ള ശ്ലോകങ്ങൾ ; ജ്വരം, അസൃഗ്ദരം, അസ്ഥിസ്രാവം, ശുക്ലസ്രാവം, എന്നീ രോഗചികിത്സ മുതലായതു പലസ്ഥലങ്ങളിലും പകർത്തിയെഴുതിക്കാണുന്നതുകൊണ്ടുമാത്രമാണു ഈ ഗ്രന്ഥത്തിന്നും യോഗാമൃതമെന്ന പേർ പറയുന്നതു്. യോഗാമൃതമെന്ന പ്രസിദ്ധഗ്രന്ഥത്തിന്നും ഇതിന്നും തമ്മിൽ മററുഭാഗങ്ങൾ നോക്കുമ്പോൾ പല വ്യത്യാസവും കാണുന്നു. ഇതിൽ ചികിത്സയുടെ ആദ്യഭാഗങ്ങളിൽ രോഗനിദാനത്തേയും സംസ്കൃത ഗ്രന്ഥങ്ങളിൽനിന്നു പകർത്തിക്കാണുന്നതിന്നു പുറമെ ഗദ്യവും പല സ്ഥലങ്ങളിലും ഉണ്ടു്. സാക്ഷാൽ യോഗാമൃതത്തിൽ ഭാഷാപദ്യങ്ങൾമാത്രമേയുള്ളു. കർത്തൃനാമം ഇതിലും കാണുന്നില്ല. അക്ഷരപ്പിഴകൾ കുറച്ചൊന്നുമല്ല.

No. 181. യോഗാമൃതം.

YOGĀMṚTAM.

Substance, palm leaf. Size, $14\frac{1}{4} \times 1\frac{1}{4}$ inches. Pages, 168. Lines, 8 on a page. Character, Malayalam. Condition, good. Appearance, old.

Same work as the above.

Begins on page 1-a. The other works herein are Ratnākara 169-a and Sulinīdurgavidhāna 203-a.

No. 182. രത്നാകരം.

RATNĀKARAM.

Pages, 34. Lines, 8 on a page.

Begins on page 169 of the MS. described under No. 181.

Complete.

On the worship of Vaṭayakṣī and the employment of magical spells and incantations for purposes like the ruining of an adversary and the like.

Beginning :

തംയസ്യഗേഹെ (സ) വൈസവ്വൈഃശീഘ്രമുച്ചാട്യതെഗൃഹാൽ
ഓംനമോ ഭഗവതികുരുകുരുസ്വാഹ
നിംബകീലക മരോയാംനിഖനേൽ സപ്തമന്ത്രിതം
യസ്യഗേഹെസവൈശത്രുഃ ശീഘ്ര മുച്ചാടിതോഭവേൽ.
ഓംനമോഭഗവതീ കാമരൂപിണീസ്വാഹ.
ശിവാലയാൽ ഭൌമവാരെ ആദായചതുരിഷ്ടികാഃ
പ്രത്യേകപ്രതി കോണെഷുനിഖനേൻ ശത്രുമന്ദിരെ.
നിഖനേത്തൽ ഗൃഹദ്വാരെ അധോപുഷ്പീംസചന്ദനാം.
സപ്തരാത്രൊന്നസന്ദേഹോ മഹദുച്ചാടനംഭവേൽ.

End :

ത്രിപഥസ്ഥെവടാഥസ്ഥോ രാത്രൌ മന്ത്രം ജപേൽസദാ.
ലക്ഷത്രയം തതസ്സിദ്ധാദേവീസ്യാ ദ്വടയക്ഷിണീ.
വസ്ത്രാലങ്കരണം ദിവ്യംരസസിദ്ധിം രസായനം.
ദിവ്യാഞ്ജനംച സാളുഷ്ഠാസാധകായപ്രയച്ഛതി.
ഓംഹ്രീം വടവാസിനീയക്ഷകുലപ്രസൂതെ വടയക്ഷിണീ ഏഹ്യേഹി
സ്വാഹാ.

വടവൃക്ഷംസമാരുഹ്യ ലക്ഷമേകം മനുംജപേൽ.
തതസ്സപ്താഭിമന്ത്രേണകാഞ്ചികൈഃ ക്ഷാളയേ മുഖം.
യാമദ്വയംജപേദ്രാത്രൌ വരം യച്ഛതിയക്ഷിണീ.
രസംരസായനം ദിവ്യംക്ഷുദ്രകമ്മമനേകധാ.
സിദ്ധാനിസർവ്വകാര്യാണി നാന്യഥാശങ്കരോദിതം.
ഓംനമശ്ചന്ദ്രാസ്യായൈകകർണ്ണാകർണ്ണകരണെ സ്വാഹാ.
ഓംനമോഭഗവതെ രുദ്രായ ചണ്ഡവേശിനെ സ്വാഹാ.

ഇതിൽ ഉച്ചാടനാഭിചാരാദിപ്രയോഗങ്ങൾ വടയക്ഷ്യുപാസനാക്രമം തന്മന്ത്രം മുതലായതു പ്രതിപാദിക്കുന്നു,

No. 183. രസഗന്ധകാദിപ്രയോഗം.

RASAGANDHAKĀDI PRAYŌGAM.

Substance, paper. Size, $10\frac{3}{4} \times 9\frac{1}{2}$ inches. Pages, 51. Lines, 20 on a page. Character, Malayalam. Condition, good. Appearance, new.

Incomplete.

On the preparation of the compounds of mercury, sulphur, etc., used in Indian Medicine. Contains also the magical spells that, when repeated, make these medicines very effective. The words "iti rasamañjar prakaraṇe", occurring at the end of the first and second Adhyāyas, indicate that some of the Sanskrit verses in this work are borrowed from the *Rasamanjari* of Śālikanātha, son of Vaidyanātha.

Beginning :

ശിവബീജംസൂതരാജം പാരതസ്സ്യരസേന്ദ്രകം
ഹരജാസൂതരാജശ്ച മുകുന്ദശ്ചേതിനാമതഃ

സ്വഗുരുവിങ്കൽ ഭക്തിയുള്ളവൻ, ദേവതാഹോമങ്ങളിൽ തല്പരനായിട്ടുള്ളവൻ, സൎവ്വശാസ്ത്രങ്ങളെ അറിഞ്ഞവൻ, സത്യവാദിയായുള്ളവൻ, ദൃഢവ്രതനായുള്ളവൻ, വ്യാധിയില്ലാത്തവൻ സ്വധൎമ്മനിരതൻ, ദേവീഭക്തനായിരിക്കുന്നവൻ ശിഷ്യനായിക്കൊണ്ടകിൽ പെരികെനന്നു. ശിവബീജമെന്നും സൂതരാജമെന്നും പാരതമെന്നും രസേന്ദ്രമെന്നും ഹരജമെന്നും മുകുന്ദമെന്നും രസത്തിന്നുപേരായതു്.

ഏതാനി ശിവനാമാനിതാതാന്യാനിശിഃവയഥാ.

ശിവന്റെ പേരുകൾ ഒക്കയും ചൊല്ലാം

Colophon :

ഇതി വൈദ്യനാഥ സുതശാലിനാഥ വിരചിതെ രസമഞ്ജരീപ്രകരണെ സശോധനം നാമ പ്രഥമോദ്ധ്യായ:—

End :

ചെങ്ങഴിനീർക്കിഴങ്ങു തേങ്ങാപ്പാലിൽകൊടുക്ക. ചോരപോക്കശമിക്കും. കററുവാഴനീരിൽ തേററാമ്പരൽ അരച്ചുകൊടുക്ക. നീർവഴങ്ങും. കദളിപ്പഴ്വും എണ്ണയും ചുണ്ണാമ്പും വെണ്ണയും കൂടെക്കൊടുക്ക നീർവഴങ്ങും. പന്നിയെലിക്കാട്ടവും വെള്ളരിക്കാക്കുരുവും സഹസ്രവേധിയും കൂട്ടി എണ്ണയിൽ സേവിക്ക. നീർവഴങ്ങും. താമ്രംപൊടിച്ചു പുളിയിലച്ചാററിലരച്ചു കലക്കിക്കൊടുക്ക. മലമൂത്രം (ശമിക്കും) ഒഴിയും. പാഷാണഭേദി എണ്ണയിൽ കൊടുക്ക. കല്ലടപ്പുതീരും. ശ്യമ (ം) കൃകലാസസ്യ കൈ്യൊർന്നനഖം വറുത്തു പൊടിച്ചു കപിലാഘൃതത്തിൽ മഷിയെടുത്തതിലകം ആകൎഷണം മൈലോശികയും സൂകരചക്ഷുസ്സും പൊടിച്ച ഉരുവുതൈലത്തിൽ ചാലിച്ചു ശീലയിലും ചട്ടിയിലും തേച്ച മഷി അഞ്ജനം ദിവട്ടി കാണാതാക്കതോ.

ഇതിൽ രസം, ഗന്ധകം, മാക്ഷികം മുതലായതുകളുടെ ശുദ്ധിക്രമം, രസം മുതലായതിനെ ഭസ്മമാക്കേണ്ടുന്ന സംപ്രദായം, വശ്യാദ്യുപയുക്തമായ മന്ത്രൌഷധപ്രയോഗങ്ങൾ, വിഷവേഗലക്ഷണങ്ങൾ, തന്നാശകമന്ത്രങ്ങൾ, ഔഷധങ്ങൾ എന്നിവ സവിസ്തരം പ്രതിപാദിക്കുന്നു. മൂലമായ സംസ്കൃതപദ്യങ്ങളും ഇതിൽതന്നെ അവിടവിടെ കൊടു

ത്തിട്ടുണ്ട്. പ്രഥമാദ്ധ്യായാവസാനത്തിലും ദ്വിതീയാദ്ധ്യായാവസാനത്തിലും "രസമഞ്ജരീപ്രകരണെ" എന്നു കാണുന്നതുകൊണ്ടു ഇതിൽ കാണുന്ന സംസ്കൃതപദ്യങ്ങളെല്ലാം അതിൽ നിന്നെടുത്തെഴുതിയതാണ്. രസമഞ്ജരീകർത്താവു വൈദ്യനാഥപുത്രനായ ശാലികനാഥനാകുന്നു. രസമഞ്ജരീ ഗ്രന്ഥത്തിന്റെ ഒരു ഭാഷാവ്യാഖ്യാനമെന്നേ ഇതിന്നു പേർ കല്പിക്കുവാൻ വഴികാണുന്നുള്ളു. പക്ഷെ ഇതിൽ എഴുതിയ വിഷയത്തെ അടിസ്ഥാനപ്പെടുത്തി "രസഗന്ധകാദി പ്രയോഗം" എന്നു പേർ കല്പിക്കുന്നതിലും അസാംഗത്യമില്ലാത്തതിനാൽ ആ പേർതന്നെ ഇതിന്നു ഇവിടെ കൊടുത്തിരിക്കുന്നു. ഗ്രന്ഥം പൂർണ്ണമാണെന്നു പറയുവാൻ ഗ്രന്ഥാന്തത്തിൽ ലക്ഷ്യങ്ങളൊന്നുമില്ലാത്തതിനാൽ അപൂർണ്ണമെന്നു പറയാവുന്നതാണ്. ഭാഷാവ്യാഖ്യാനകർത്താവു ആരെന്നു ഇതിൽ പറഞ്ഞു കാണുന്നില്ല. അക്ഷരപ്പിഴകൾ ചിലസ്ഥലങ്ങളിൽ ഉണ്ട്.

No. 184. രോഗനിദാനം.

RŌGANIDĀNAM.

Substance, paper. Size, $10\frac{7}{8} \times 9\frac{5}{8}$ inches. Pages, 66. Lines, 20 on a page. Character, Malayalam. Condition, good. Appearance, new.

Complete.

A treatise on the causes of various diseases. The word Bālacikitsā both at the beginning and end of this treatise is an error of the scribe. The processes for preparing medicines, from certain substances like arsenic, are also given here.

Beginning :

കൈരവഗ്രാമനിലയാം ഭൈരവീം കൈവണങ്ങി ഞാൻ.
പരപ്പുള്ള നിദാനത്തെ ചുരുക്കിപ്പറയുന്നിതു്
ഗുരുക്കന്മാർ ഗണാധീശൻ വാണിമാതാവു ദേവിയും.
തുണച്ചിടേണമായുർവ്വേദാചാര്യന്മാരുമാദരാൽ.
പനിയും രക്തപിത്തഞ്ച ചുമയുംപിന്നെയക്കിളും.
കാസശ്വാസങ്ങളും യക്ഷ്മാസ്വരസാദാരുചീതതഃ
കഫപ്രസേകവും ഛർദ്ദിഹൃദ്രോഗം തൃഷ്ണയുംതതഃ.
മദമൂർച്ഛയുമർശസ്സു മുദാവർത്താതിസാരവും.
വിഷൂചീഗ്രഹണീ കൃച്ഛ്രമശ്മരീചപ്രമേഹവും.
വിദ്രധീവൃദ്ധിഗുന്മം ച ശൂലപ്ലീഹമഹോദരം
പാണ്ഡുകാമിലശോഫം ചവിസർപ്പഞ്ചമസൂരികാ.
പുളകംശീതപിത്തഞ്ച ചർമ്മകുഷ്ഠംച ചിത്രകം.
കൃമിഭേദങ്ങളും വാതവാതശോണിതമിങ്ങനെ.

End :

അശ്സ്സുംപ്ലീഹ (യാ) നാഹമൂത്രസ്തംഭംച ഗുന്മവും.
ഞരമ്പുകൾ അടഞ്ഞുംപോയുണ്ടായാതചിയെങ്കിലും.
ഇവയെല്ലാം ശമിപ്പിപ്പാൻ ഗുണമുള്ളൊന്നിതേററവും.
നെല്ലിയ്ക്കായ്ക്കു കടുക്കായെപ്പോലെതന്നെ ഗുണംതുലോം.

തണ്ണത്തിട്ട പുളിച്ചുള്ള നെല്ലിക്കാ കഫപിത്തജിൽ.
അരുചീദാഹമാനാഹം കൃമീകാസാംച നാശയേൽ.
താന്നിയ്ക്കാക്കുള്ള ഗുണമൊട്ടപ്പുണ്ണം തന്നെയായ് വരും.
പാകത്തുങ്കിലുള്ള എരിച്ചു ശീതാകേശത്തിനും ഗുണം.

ഇതിൽ സർവ്വരോഗനിദാനങ്ങളേയും സവിസ്തരം പ്രതിപാദിക്കുന്നു. ഇതിൻെറ അവസാനത്തിൽ കോഴിക്കഷായം, വ്യൈശുദ്ധി, ഗന്ധകശുദ്ധി, വത്സനാഭിശുദ്ധി, അരിതാലശുദ്ധി, മനോലശുദ്ധി, ഗൌരീപാഷാണശുദ്ധി, കാരീയശുദ്ധി മുതലായതും പറയുന്നുണ്ട്. ഗ്രന്ഥാരംഭത്തിലും അവസാനത്തിലും ബാലചികിത്സ, ബാലചികിത്സാസമാപ്താ, എന്നും കാണുന്നതു ലേഖകപ്രമാദമാണ്. ഗ്രന്ഥം അച്ചടിച്ചിട്ടുണ്ടെങ്കിലും പാഠത്തിന്നു പലേടങ്ങളിലും വ്യത്യാസം കാണുന്നു. ഈ ഗ്രന്ഥംതന്നെ ഇവിടെ രണ്ടെണ്ണം കൂടിയുണ്ട്. അതിലൊന്നിൽ യോനിരോഗനിദാനപര്യന്തവും മറെറാന്നിൽ ശിരോരോഗനിദാനപര്യന്തവും ആണു് കാണുന്നതു്. കർത്തൃനാമം ഒന്നിലും നിർദ്ദേശിച്ചു കാണുന്നില്ല.

No. 185. രോഗനിദാനം

RŌGANIDĀNAM.

Pages, 85. Lines, 20 on a page.

This work begins on page 29 of the MS. described under No. 158

Same work as the above.
Incomplete.

No. 186. രോഗനിദാനം

RŌGANIDĀNAM.

Substance, paper. Size, $10\frac{6}{8} \times 9\frac{1}{2}$ inches. Pages, 80. Lines, 20 on a page. Character, Malayalam. Condition, good. Appearance, new.

Begins on page 1-. The other work here in is Vaidyamālika 80.

Same work as the above.

No. 187. ലക്ഷണാമൃതം

LAKṢAṆĀMṚTAM.

Substance, paper. Size, $10\frac{3}{4} \times 9\frac{1}{2}$ inches. Pages, 72. Lines, 20 on a page. Character, Malayalam. Condition, good. Appearance, new.

Complete.

Explains the remedies for various kinds of poisons, the different kinds of snakes, and the rules for prognostication with regard to the possibility or otherwise of curing cases of poison.

Beginning :

അത്തെ പിതാമാതുലതാൻ സുമാതാ
പൃഷ്ഠാ സമാസാ പിതൃമാതുലാൻതാൻ.
പൃഷ്ഠ്യേഷ്ഠമന്താനഥതേഷ്ഠമാതാ.
തഥാ പിതാ മാതുല മംശകഷ്ഠ

ഏകാദശി, തിങ്കളാഴ്ച നവമി ഞായർ ദ്വാദശി, ഇവ ദശ്ധയോഗങ്ങൾ.

സംക്രമെ ചാഷ്ടമെരാശൌവാരെ ചകഃമന്ദയോഃ
ഉദയെചതയോ രാഹോരുദയെചവിശേഷതഃ

സംക്രാന്തി, അഷ്ടമരാശി, ചൊവ്വാഴ്ച, ശനിയാഴ്ച, ചൊവ്വാ ഉദയം, ശനി ഉദയം, രാഹൂദയം പററാ.

ജന്മനി പ്രത്യകെ ചൈവ വിപത്തെര വാരധ്കെതഥാ.
ഗ്രഹണെ പരിവേഷെചവിഷ്യ്യാന്നക്ഷോനജീവതി.

പിറന്നാളും അഞ്ചാന്നാളും മൂന്നാം നാളും ഏഴാം നാളും പക്കപ്പിറന്നാളും ഗ്രഹണം പരിവേഷം വിഷ്ഥിയിൽ കടിച്ച(ാ)ത്തീരാ.

Colophon :

ഇതി ഭട്ടഹലായുധെ സുന്ദരവീരചിതെ ലക്ഷണാമൃതെ പ്രഥമഃപടലഃ

End :

വചാസശുണ്ഠീലവണേനയുക്താ
സപിപ്പലീന്താ മരിചേന സാർദ്ധം.
വാര്യ്യാസമം പാനവിലേപനാദ്യൈ-
ഹ്രരേൽ ഗവാംജംഗമജം വിഷംതൽ.

വയമ്പു, ചുക്കു, മുളകു തിപ്പലിയൊക്കെക്കൊണ്ടു കാടിയാട്ടിയരച്ചു പശുവിനെ കടിപ്പിക്ക, തേക്കയും ചെയ്ക, വിഷം തീരും.

ക്ഷപാദ്വയം മേഘരവം ചനീലീ
ശിരീഷ പഞ്ചാംഗമിദഃ പ്രവിഷ്യ.
വാര്യ്യാസമം പാനവിലേപനാദ്യൈ
ഹ്രരേൽ ഗവാംജംഗമജം വിഷം തൽ.

മഞ്ഞൾ, മരമഞ്ഞൾ, ചെറുചീര, അവരി, നെന്മേനി പഞ്ചാംഗമിവ കാടിയാട്ടിയരച്ചു തേക്കയും കഴിപ്പിക്ക.

Colophon :

ഇതിലക്ഷണാമൃതം സമാപ്തം.

വിഷചന്ദ്രികയിൽ പറയുന്ന വിഷയങ്ങൾ തന്നെയാണ് ഇതിലും പറയുന്നതു് പക്ഷെ ചികിത്സാരീതി വ്യത്യസ്തമാണ്. മൂലഗ്രന്ഥം സുന്ദരകർത്തൃകമാണെന്നു ഇതിൽ പറയുന്നു. അക്ഷരപ്പിഴകൾ പലസ്ഥലങ്ങളിലും കാണുന്നുണ്ട്.

No. 188. വിഷചന്ദ്രിക.

VISACANDRIKA.

Substance paper. Size, $10\frac{3}{4} \times 9\frac{1}{2}$ inches. Pages, 100. Lines, 20 on a page. Character, Malayalam. Condition good. Appearance, new.

Complete in 16 Adhyāyās.

This work contains, in addition to the matter contained in the previous work, traditional rules regarding the preparation of certain classes of medicine of the Āyurvedic pharmacopœia.

Beginning :

പയഃപായോധിമഥനെ ജാതം ഹാലാഹലം മുദാ
യഃ പീതവാച സുഖീഭാതി സഃപായാൽ ഗിരിജാപതിഃ.
ഗജാനനംഗിരാം ദേവീംഗോവിന്ദം വിനതാസുതം
ഗുരൂനപി പ്രണമ്യാഹം വദാമി വിഷ ചന്ദ്രികാം.
ഓരോതരം വ്യാധി പെട്ടും വിഷം പെട്ടീട്ടുമൊട്ടപി.
ബ്രഹ്മാണ്ഡവാസികൾക്കൊക്കെ നാശമായി വരുന്നതു്.
കാൺകകൊണ്ടു വിധാതാവു ചിന്ത ചെയ്തിട്ടു സത്വരം.
ആയുർവ്വേദത്തെയുണ്ടാക്കി പ്രജാപതി മജിഗ്രഹൽ.
അവനശ്വിനി ദേവന്മാർക്കായിട്ടു ആകൊടുത്തതു.
അവരന്നു സുരേന്ദ്രന്നു പാഠവും ചെയ്തു ശക്രനും
അത്രീടെ സുതരായുള്ള മുനിമാർക്കു കൊടുത്തുപോൽ.

Colophon :

ഇതിവിഷചന്ദ്രികായാം പ്രഥമോദ്ധ്യായഃ

End :

വിഷാന്ധകാരം പോക്കീടാൻ ചന്ദ്രികാമിഹചൊന്നതു്.
വിദഗ്ദ്ധജ്ഞനങ്ങൾ കാണുമ്പോൾ കുററ മുണ്ടാസ്സതും ദൃഢം.
അതിനാലങ്ങുകളയാകവിനാലിക്കും ദണ്ഡവൽ.
ചിന്തിച്ചു പൂർവ്വേഷു ശാസ്ത്രേഷു ചമനീഷികൾ.
ചൊന്നവാക്യങ്ങളെക്കൊണ്ടു ചേർത്തു തീർത്തുളവായതു.
പരപീഡാഹരം സാദ്ധ്യമെന്നുള്ളതു നിമിത്തമായ്
സത്തുക്കളെല്ലാം നോക്കീട്ടു് ദോഷമൊക്കെക്കളഞ്ഞുടൻ.
ഗുണമാക്കിച്ചമച്ചീടുമെന്നു ബുദ്ധ്യാനിനക്കയാൽ.
പൂർവ്വന്മാർ ചൊന്നതാല്പര്യ്യ മറിവാൻ ബുദ്ധിവൈഭവം.
ഇല്ലാത്ത ജ്ഞാനന്മദിനം ഗുരുസ്മരണ ചെയ്തുടൻ.
വിഷ സംഹരണം ചൈവാനുപായം ചൊന്നതൊക്കയും
സജ്ജനങ്ങളറിഞ്ഞിട്ടു് ദോഷമൊക്കെയകററണം.
—ഗരുഡായ നമസ്തുഭ്യംപക്ഷിരാജായ ധീമതെ
വിനതാനന്ദ സന്ദോഹഹേതവെ പരമാത്മനെ

Colophon :

ഇതി വിഷ ചന്ദ്രികായാം ഷോഡശോദ്ധ്യായഃ

കൊല്ലം ഒരായിരത്തി എഴുപത്തി മൂന്നാമാണ്ടു വൃശ്ചിക മാസം 25-ാംനു ശുഭമായ നേരം കൊണ്ടു കിരാങ്ങാട്ടു മനക്കൽ അനുജൻ തമ്പുരാൻ തിരുമനസ്സു കൊണ്ടു അരുളി ചെയ്തു പടിക്ക പാളനാത്തു കൃഷ്ണൻ എഴുതിതീർത്ത വിഷചന്ദ്രിക പുസ്തക മിദം.

ഇതിൽ വിഷത്തിന്നുള്ള ചികിത്സ, ദൂതലക്ഷണം, പ്രാണ സഞ്ചാര ഭേദം, മൂർഖാദി ജാതി ഭേദം, കടികൊണ്ടെഴിക്ക്, മർമ്മസ്ഥാന വിഭാഗം, അമൃതാദികലാഗതി മുതലായതു സവിസ്തരം പദ്യത്തിൽ എഴുതിയിരിക്കുന്നു. അക്ഷരപ്പിഴകൾ പലേടങ്ങളിലും ഉണ്ട്. ഇതിൽ പതിനാറദ്ധ്യായങ്ങളാണ് കാണുന്നതു്. ഗ്രന്ഥാവസാനത്തിൽ ഗ്രന്ഥം എഴുതിത്തീർത്ത കൊല്ലവും മാസവും തിയ്യതിയും പറയുന്നുണ്ട്. അതിന്നു ശേഷം വിഷത്തിന്നു തന്നെ ഉപദേശ പരമ്പരാഗതമായ ചില ഔഷധ യോഗങ്ങളും ഒരു ഭാഗത്തു എഴുതിച്ചേർത്തിരിക്കുന്നു. മററു ഗ്രന്ഥങ്ങളെപ്പോലെതന്നെ ഇതിലും കർത്തൃനാമം നിർദ്ദേശിച്ചിട്ടില്ല.

No. 189. വിഷ ചികിത്സ.

VIṢACIKITSA.

Pages, 62. Lines, 20 on a page.

Begins on page 1 of the MS. described under No. 156

On the treatment of the bite of snakes, mice and other poisonous creatures. This work is different from other works bearing the same name or dealing with the same subject.

Beginning :

അടിഗരുഡൻ മുടിഗരുഡൻ ചുററും മുററും ശ്രീ ഗരുഡനെക്കണ്ടഞ്ചുന്നപോലെ അഞ്ചിപ്പോക. എന്നെക്കണ്ട മഹാനാഗങ്ങളും പത്തുവിരലും പിന്നിയും കീരിയുമായി ധ്യാനിച്ചേൻ മുട്ടമയിലായി ധ്യാനിച്ചേൻ ചിററും മററും ശ്രീ ഗരുഡനെ കൊണ്ടു ധ്യാനിച്ചേൻ ശ്രീ ഗരുഡനെക്കണ്ടഞ്ചും പോലെഅഞ്ചിപ്പോക എന്നെക്കണ്ടാൽ മഹാനാഗങ്ങളും.

End :

ഉഴിഞ്ഞിയും ശംഖപുഷ്പവും വിലാവില പഴത്തും മഞ്ഞളെന്നിവ സേവിച്ചാലരണയുടെ വിഷം കെടും.

തുമ്പച്ചാറെണ്ണയും മെററും നൂറും പാനാദി തഥൈച്ചെ
വെള്ളിലയുടെ തൻവേരു മരണയുടെ വിഷത്തിന്നു
ഫലത്രയം രണ്ടുമഞ്ഞൾ എരിക്കിൻ കുരുപാലിലും
പ്ലാകർപ്പൊടി മഞ്ഞും പയ്യിടെ വിഷനാശനം.
നന്നാറി മഞ്ഞളും നെയ്യിൽ തേച്ചാലട്ടവിഷം കെടും.

Colophon :

ഇതി വിഷചികിത്സാസമാപ്ത:—

ഇതിൽ, പാമ്പ്, എലി, അരണ മുതലായ വിഷജന്തുക്കൾ കടിച്ചാലുള്ള വിഷത്തിന്നുള്ള ചികിത്സയെ സവിസ്തരം പ്രതിപാദിക്കുന്നു. പുറമെ തദുപയോഗികളായ മന്ത്രങ്ങളും അവിടവിടെ പറയുന്നതുമുണ്ട്. മററു വിഷചികിത്സാഗ്രന്ഥങ്ങളിൽ നിന്നും വ്യത്യസ്തമാണ് ഇതു്. കർത്തൃനാമ കാര്യത്തിൽ മററു സാധാരണ ഗ്രന്ഥങ്ങൾ അനുകരിച്ച നയം തന്നെ ഇതും അനുസരിക്കുന്നു.

No. 190. വിഷപ്രമോചനം.

VIṢAPRAMŌCANAM.

Substance, paper. Size, $10\frac{3}{4} \times 9\frac{3}{4}$ inches. Pages, 25. Lines 20 on a page. Character, Malayalam. Condition, good. Appearance, new.

Complete.

On the treatment of the poison caused by the biting of a snake or other creature. This work is a compilation from many other works on its subject, and contains two *Adhyāyas*, the first of which is devoted to the treatment of the snake's bite, and the second to that of other creatures. The name of the author is not known.

Beginning :

സ്ഫടികേന സമച്ഛായാ മക്ഷമാലാധരാം ശിവാം.
വന്ദെ സരസ്വതീം ദേവീം വിദ്യാജ്ഞാനായ സർവ്വദാ.
കാരാവണ്യസ്ഥിതംശംഭുപുത്രം ഗജാനനം
വന്ദെസ്വർണ്ണ സമച്ഛായം സഹായായ സദാമമ.
കാരകാനനമധ്യസ്ഥംശംഭുപുത്രംഷഡാനനം.
മയൂരവാഹനം ദേവം ബ്രഹ്മാദ്യൈർവ്വന്ദിതം പരം.
ദേവർഷിഗണൈസ്സേവ്യം
വടമൂലനിവാസിനം ദേവം.
സ്മർത്താം ജ്ഞാനദമീശം
സതതം പ്രണതോസ്മി ദക്ഷിണാമൂർത്തിം
ഗുരുവായുപുരാധീശം ശർവ്വാദ്യൈർവ്വന്ദിതം ഹരിം.
ദാനവാരിം ചതുർബാഹും വന്ദെ ലക്ഷ്മീപതിംസദാ.
അശ്വാരൂഢം ചാപധരം ത്രിനേത്രതനയം സദാ
നായകം ജഗതാമന്തി മഹാകാളം നമാമ്യഹം.
സുരാസുരൈരത്ര ദത്താർഗ്ഘ്യം ദാരികം ദാനവം പുരാ.
ഹത്വാശ്രേഷ്ഠ പുരസ്ഥാന്തു വന്ദെ ഭഗവതീം ശിവാം.

Colophon :

ഇതിപ്രഥമാധ്യായം സമാപ്തം.

End :

ശുണ്ഠ്യാന്നദ്യ്വൃതുഗാന്ധാരീം മുതിരക്കഞ്ഞ വെണ്ണയും
ത്രാവണക്കെണ്ണ സേവിക്കിൽ കടലാടി കഷായവും.
വാഭ്ദിഗന്ധവ്വഹസൂസ്യ തൈലം സേവിക്കിൽ ഗന്ധമാം.

നെയ്യിന്നു തക്രം പീതാന്നു മൂല്യന്തെപ്രാപ്യതിഷ്യതാം.
പനസത്തിന്നു ചൂതസ്യഫലം സേവിക്കിലാമെടോ.
മാങ്ങയ്ക്കു നാളികേരന്നു ഭോജ്യം തസ്യഗുളം ദൃഢം.
പകചാദികൾക്കു വിശചംതുവരകാം ലവണത്തിന്ന്.
ശതത്തിന്നു ഗിശാചാപിതിന്ത്രിണീ ദളവും തഥാ.
വരിച്ചിങ്ങസ്യ പത്രന്നു പിക്ഷ്ചാലോഹെതുകാച്ചിയാൽ.
സേവിക്കിൽ വിഷമപ്പോഴെ ശമിക്കും സംശയം നഹി.
സർവ്വേഷാം ച വിഷാണാം തു നിശയും കറളേക ചൂം.
സസ്യേഭ്യശ്ചൌഷധേഭ്യശ്ചനന്നെന്നതുവിദുർബ്ബുധാഃ-
മൂഷികാദി വിഷസ്യാത്ര വൈദ്യം സർവ്വോപകാരകം.
അദ്ധ്യായേന ദ്വിതീയേന ഭാഷിതം ഗുരുശാസനാൽ.

Colophon :

വിഷപ്രമോചനം സമാപ്തം.

ഇതു് നാരായണീയം, ഉഡ്ഡീശം, ഉല്പലം, ഹരമേഖലം, ലക്ഷണാമൃതം, അഷ്ടാംഗഹൃദയം, കാലവഞ്ചനം, പിള്ളയാർ പടലം, പക്ഷി പ്രയോഗസാരം, ശാരദാതിലകം, പ്രപഞ്ചസാരം, മന്ത്രസാരം, യന്ത്രസാരം, പ്രത്യംഗരീ കല്പം, ശൂലിനീകല്പം, കക്ഷികല്പം, യക്ഷികല്പം, സ്വയംവരകല്പം, ത്രിപുരാകല്പം, ദുർഗ്ഗാപുരാണം, ഹാലാസ്യപുരാണം, മുതലായ ഗ്രന്ഥങ്ങളുടെ സാരത്തെ സംഗ്രഹിച്ചെഴുതിയ ഒരു വിശിഷ്ട വിഷവൈദ്യഗ്രന്ഥമാണു്. ഇതിൽ രണ്ടദ്ധ്യായങ്ങളുണ്ടു്. പ്രഥമാദ്ധ്യായത്തിൽ സർപ്പ വിഷചികിത്സയും ദ്വിതീയാദ്ധ്യായം തുടങ്ങി മററു ജന്തു വിഷ ചികിത്സയും സവിസ്തരം പ്രതിപാദിക്കുന്നു. ഇവിടെ ഗുരുകല്പനയനുസരിച്ചു താൻ ഗ്രന്ഥനിർമ്മാണത്തിന്നൊരുമ്പെട്ടതായി പറയുന്നതല്ലാതെ സ്വനാമധേയം നിർദ്ദേശിച്ചു കാണുന്നില്ല.

No. 191. വിഷപ്പാട്ടുസാരം.

VIṢAPPĀṬṬUSĀRAM.

Substance, paper. Size, $10\frac{1}{2} \times 9\frac{1}{2}$ inches. Pages, 40. Lines, 20 on a page. Character, Malayalam. Condition, good. Appearance, new.

Begins on page 1. The other work herein is Rāmāṣṭaka 41 in Sanskrit.

Contains the same subject matter as the work entitled *Viṣaharam* (No. 193). The title of this work is found at its end. The author of this work is different from the author of *Viṣaharam*. The title "Viṣanārāyaṇīyam" at the beginning of this work is due to a mistake, perhaps of the scribe.

Beignning :

ഏകസ്വത്രുപൻ നരൻ മകൻ താനുമ-
ങ്ങേററം മനതളിർ തന്നിൽ വാണീടുക.
എന്മൊഴികേറുവാൻ വായ്മകൾ താനുമ-
ങ്ങെന്റെ ജിഹ്വാഗ്രെ വസിച്ചു വാണീടുക.

ഏകസ്വരൂപനായീടും മുകുന്ദനും
എപ്പോഴുമെന്നിൽ തുണയരുളീടുക.
തപ്പുകൂടാതെ വിഷഹരം ചൊല്ലുവാൻ
മാമുനിമാരും ഗുരുജനം മുഖ്യരും.
വാനവർകോനു മമരകളെന്നിവർ
പാരം കനിഞ്ഞിനിക്കാശു നൽകീടണം.
സർപ്പജാലങ്ങളെല്ലതല്ലമെവുന്നു
ദർപ്പമവാരിലേയും വിഷം കൊണ്ടല്ലൊ.
മൂന്നുനൂറായിരം പന്നഗക്കൂട്ടങ്ങൾ
മൂന്നുവിധമായ് പകുക്കുകിൽ പാതാള-
ഭൂമിയിൽ സ്വർഗ്ഗലോകത്തുമിരിക്കുന്നു.

End :

അപ്രകാരം ഞാനിഹിടെയും ചൊല്ലിനേൻ
സാരങ്ങളായായതൊക്കെ ഗ്രഹിച്ചി-
ട്ടാചാര്യപാദകമലം മനസ്സിൽ കൂടി
ചേരുന്നവണ്ണം നിരൂപിച്ചു ചെയ്യുവർ-
ക്കാധാരമീശ്വരൻ ചാരുകീർത്തി ഫലം
മൃത്യുകാലത്താ ശിവഭൂതന്മാർ ഭക്തർ
വിഷഹരനെന്നു കൊണ്ടാദരാൽ.
ഷൾഗുണമോടു പടിച്ചുകൊണ്ടാദരാൽ
ഭാഷയിൽ പാട്ടായെന്നാരും കരുതാതെ
ഭാനരക്ഷന്മാരെ അറിഞ്ഞു കൊള്ളേണമെ.
ഇത്ഥം കിളിമകൾ ചൊല്ലി അനന്തരം
ശിക്ഷയോടെയിരുന്നാളനേകം കാലം.

Colophon :

ഇതി വിഷപ്പാട്ടുസാരം സമാപ്തം.

വിഷഹരത്തിൽ പറയുന്ന വിഷയങ്ങളാണ് ഇതിലും അധികമായി പറഞ്ഞു കാണുന്നത്. "തപ്പുകൂടാതെ വിഷഹരം ചൊല്ലുവാൻ" എന്നു ഇതിലും "കെല്പുതരിക വിഷഹരം ചൊല്ലുവാൻ" എന്ന വിഷഹരത്തിലും പറയുന്നതു വിചാരിക്കുമ്പോൾ ഇതുകൾ ഭിന്നകർത്തൃകമാണെങ്കിലും ഒരേ പേരുള്ളവയാണെന്നു പറയാവുന്നതാണ്. എന്നാൽ ഗ്രന്ഥാവസാനത്തിൽ "ഇതി വിഷപ്പാട്ടുസാരം സമാപ്തം" എന്നെഴുതികാണുന്നതുകൊണ്ടു ഈ പേരാണ് ഇതിന്നു ഇവിടെ കൊടുക്കുന്നത്. അക്ഷരപ്പിഴകൾ പലസ്ഥലങ്ങളിലും ഉണ്ട്. കർത്തൃനാമം ഇതിൽ പറയുന്നില്ല. ഗ്രന്ഥത്തിലും പട്ടികയിലും വിഷനാരായണീയം എന്നെഴുതികാണുന്നതു അബദ്ധമാണ്.

No. 192. വിഷമചികിത്സ.

VIṢAMACIKITSĀ.

Substance, paper. Size, $10\frac{1}{2} \times 9\frac{1}{2}$ inches. Pages, 42. Lines, 20 on a page. Character, Malayalam. Condition, good. Appearance, new.

Begins on page 41. The other work herein is Kṛṣiśāstra 1.

On charms, incantations and drugs that are believed to help in bewitching a person, and bringing him or her under one's control.

Beginning :

ഓം വെള്ളൊടിമൂൎത്തി വെള്ളാലിമ്പമണിഞ്ഞവളെ എന്റെ മാററാന്റെ കരള കടിച്ചൊടച്ചു കലപൊക്കിത്തരിക. ഓം വെള്ളോടി മൂൎത്തിയെ സ്വാഹാ. ആദിത്യന്മാരും മഹാമേരു പ്രദക്ഷിണം എന്നിവരുംപോലെ എന്നടിക്കീഴവീണകിടക്ക സ്വാഹാ. ഈ മന്ത്രം ജപിച്ചാൽ ആകൎഷണം.

ആനഅടിയൻ കുത്തിപ്പിഴിഞ്ഞ നീർ കുറുകി ഇളനീർ വെള്ളവും തേനും ശക്കരയും കൂട്ടി യോനിയിൽതേച്ചു സംഗം ചെയ്യാൽ അവൻ എങ്ങുംപോകയില്ല. ഇതു കൈകണ്ട വിദ്യ. ആവണക്കിൻ കുരുവും കർപ്പൂരവും എട്ടുവരിയുള്ള വെററിലയും ഇവയൊക്കെ കൂട്ടിയരച്ചു മാറത്തുതേച്ചു സ്ത്രീയെ തഴുകി താൻ കിടക്കുന്നേടത്തു കിടക്ക. ആകൎഷണം.

Colophon :

അശ്വാരൂഢകല്പംസമാപ്തം.

End :

നണൊത്തെ കിഴക്കെ മണ്ഡപത്തിൽ വലഭാഗം കരിങ്കുട്ടി, ഇടഭാഗം അഗ്നിഭൈരവൻ, തെക്കെ മണ്ടകത്തിൽ വലഭാഗം ഭദ്രകാളി, ഇടഭാഗം ഭണ്ഡാരമൂൎത്തി പിരക്കൂടാതെ നിലം മെഴുകി നിവേദ്യം കൊടുക്കുന്ന ഒരു പിശാചിക്കൂടി ഉണ്ടു്. കലശംചെയ്തു മൂൎത്തിസ്ഥാപനം ചെയ്യിപ്പിച്ചതു് ൧൦൨൫ കുംഭം 2-ാനു- യാകുന്നു. അതിനാൽ ആണ്ടുതോറും മേപ്പടി മാസം രണ്ടാന്തിക്കു മുടക്കംക്കൂടാതെ നടത്തിവരുന്നതും (വരേണ്ട) വരേണ്ടതും ആകുന്നു ആ ദിവസത്തിന്നു ആ സ്ഥലവാസികളായ അന്നത്തെ കൎത്താവിന്നും കുഡുംബികൾക്കും ആശൌചദീക്ഷാ സംബന്ധങ്ങൾ സംഭവിച്ചു ഇപ്പോഴും അടിയന്തരാദികൾക്കു മുടക്കം ചെയ്യുമാറില്ല.

ഇതിൽ സ്ത്രീപുരുഷവശ്യങ്ങളായ ഔഷധയോഗങ്ങളും അല്പം ചില മന്ത്രങ്ങളും ചക്രാദികളും എഴുതിക്കാണുന്നു. മന്ത്രം, ചക്രം എന്നിരണ്ടും അല്പമായതുകൊണ്ടും ഔഷധയോഗങ്ങൾ അധികമായതുകൊണ്ടുമാണ് ഇതിനെ വൈദ്യഗ്രന്ഥമായി പരിഗണിച്ചിരിക്കുന്നതു്.

No. 193. വിഷഹരം.

VIṢAHARAM.

Pages, 32. Lines, 20 on a page.

Complete.

Begins on page 1- of the MS. described under No 152.

A treatise, in verse, on the treatment of the bites of poisonous creatures. Its contents are the same as those of the work entitled *Visappattusara*. The readings are largely erroneous.

Beginning :

എരുതുമൂതുകേറുവോൻ ഹരനുമകനാംക(ഗ)ണൻ
ഏററംമനതളിർ തന്നിൽവാണീടുക.
ഏകസ്വരൂപനായിട്ടും മുകുന്ദനും
എപ്പൊഴുമെന്നിൽ വിളങ്ങിവാണീടുക.

തപ്പുക്രൂടാതെ ഗുരുപാദമോർത്തുടൻ
കെല്പുതരിക വിഷഹരം ചൊല്പുവാൻ.
അപ്പോടല മററും പലതും ചൂണക്കിലോ
ഇപ്പോഴൊരു മൊഴിയുണ്ടു പറയുന്നു.
മുപ്പോടൊരുവക്കൊരു വിഷമേല്കയ
വിപ്പോടൊരുവിഷഹാരിയോടോതുവാൻ.
തപ്പാതൊരുവൻ വരുന്നൊരുനേരത്ത
മുമ്പിൽവിഷഹാരി വേണ്ടതുകേൾപ്പിത[ം.]
ന്തെ(എന്തു) കുലമവൻ എന്തുരാശിയും
എന്തവനായുധ മെത്രയാളുണ്ടെന്നും
എന്തവനങ്ങതാ അംഗഭംഗക്കൊട്ടും
എത്രനിലനീങ്ങിനിന്ന[ു] നി(മി)രുന്നതും.
എന്തുമൊഴിയെഴുത്താദിയിൽ ചൊന്നതും
ഏതെഴുത്താദിയിൽ ചൊന്നാനിതെന്നതും.
ഏതിൽശരം തനിക്കെന്നുമറിവിത
ഏതഭാഗമവൻ മുന്നിട്ടുനിന്നതും
ദേഹമേവിടേക്കെ വെച്ചവ(ൻ) നിന്നതും
എന്തുവൻ ഭാവപ്പകർച്ചഭേദങ്ങളും
മീണ്ടാതെനിന്നു വിചാരിച്ചുചൊൽകയോ
കണ്ടയടയാളങ്ങമാക്കെ പറകയൊ.
ശുദ്ധമശുദ്ധമവൻ താനിരുന്നതും
എന്തുവിശേഷ മടുത്തുള്ളതെന്നതും
എന്തുനാൾപക്കം കടിയേറെയാഴ്ചയും
എന്തവൻനാളെന്ത ക്രൂടിയോഗങ്ങളും
സക്രാന്തിയെന്നിവയൊ..ക്കു നിരൂപിക്കാം.

Colophon :

ഒന്നാംപാദം സമാപ്തം.

End :

മുന്നെ അവനെത വേണ്ടതകേൾപ്പിത
അപ്പോലെതന്നെ ഗരുഡപഞ്ചാക്ഷരം
എന്നവരേതും വഴിപട്ടം വിന്നിടാ
നിന്നനിലയിലും വന്നാലറിവിത.
വേണ്ടുന്നവരിതുതേ ടി വിട്ടിക്കണം
മേൽനിലവേണമിനിയെന്നതേറുകിൽ
നൂറുനൂറായിരം സൂര്യസോമാഗ്നി . .
നേരന്നറിവിത വിഷത്തിന്നവേണ്ടത
വേണ്ടുവോളമങ്ങു ഗുരുവുള്ളം കളിപ്പിച്ച്
വേണ്ടിച്ചുകൊള്ളുക വിഷഹാരിയായവൻ.
നീലകണ്ഠത്രി അക്ഷരത്തിനാലെടൊ
വേണ്ടുംപ്രകാരം ഗുരുവാലറിവിത.

പിന്നെശിവങ്ങൽ തന്നെ ഇത്ത(ത്ര)ന്നുടൽ
മൂന്നുനൂറായിട്ടു മുറവുജപിക്കണം.
സാധകംവന്നങ്ങു വീഴ്‌വതുനിർണ്ണയം
എന്നതുചെയ്യു വിഷഹാരിയായവൻ.
എല്ലാംമനസ്സിലും മുറവുജപിക്കേണം
അല്പനവരും വിക്ഷംബലം സാധിപ്പാൻ.
നന്നായിക്കച്ചിച്ച ഗുരുനിലകയ്യൊണ്ടു
ആടൽക്കൂടാതെയിരിക്കണം പിന്നയും
എന്നതിൽനാല്‌വരും തീക്കുംപ്രകാരങ്ങൾ
മന്ത്രനാര ഇവൻ മുന്നെയറിഞ്ഞാലും.
മൂന്നുപ്രകാരത്താൽ ഉപദേശിച്ചീടുക
പുൺവായവിടെ മണം നോക്ക കെല്പോടെ
പിന്നെയൊരുവിഷമില്ലെന്നതുംവരും.
തന്നെക്കരുതി യുറച്ചിട്ടുവേണമെ.
ദക്ഷകൻമേനി പിണികണ്ടവിടത്ത
എന്നതിലൊന്നു പറഞ്ഞുതരുവൻ ഞാൻ.
ദക്ഷകൻതന്റെ അണയത്തുട്ടത്തിട്ട
മൂന്നുകമ്പുള്ളൊരു ചൂരക്കോൽവേണമെ.
ദക്ഷകൻ തന്നുടെ നെററിമേൽ മാറത്ത
നാഭിയിൽ മൂന്നുസ്ഥലത്തിലുമക്ഷരം.
ചൊല്ലു മുതൽ വഴിയായി . സ്ഥാപിക്കാ
പിന്നെത്തെളുത്തുടൻ മാറത്തസ്ഥാപിക്കാ.
പിന്നെപ്പറഞ്ഞതു നാഭിയിൽ സ്ഥാപിക്ക
മൂന്നു നിലത്തിലുംവെച്ചുകൊൾ . . .
അക്ഷരം നൂററെട്ടു ആകിലും ഏററമോടാകിലും
തന്റെ ഗുരുവിനെ നിനച്ചുജപിക്കണം.
മൂന്നുനിലത്തിലും ഇവ്വണ്ണംജപിച്ചുകൊൾ
പിന്നെയതിനെ അവിടുന്നിളക്കുക.
നെററിമേൽവെച്ചതു മാറത്തുതാത്തുകാ
മാറത്തുവച്ചതു നാഭിയിലാക്കുക.
നാഭിയിലായതു നെററിമേലാക്കുക.
പിന്നെ അതിനെ നെററിമേലാക്കണം
എന്നുജപിക്ക വിഷംതീരുവോളവും.
ഇങ്ങിനെമുന്നെ ഉരുവും നൂററെട്ടു
നന്നായ്ജപിച്ചാലവിടുന്നു മുൻപോലവെ.
നെററിമേൽ മാറത്ത നാഭി സ്ഥലങ്ങളിൽ
നെററിമേൽനിന്നതു നാഭിയിലാക്കുക.
ചൊല്ലി ഉരുവുംകരെയേററിയാൽപിന്നെ
ശ്രൂലമൂഓ അക്ഷരത്തിനാലെടോ.
നീരിനെമന്ത്രിച്ച ദക്ഷകൻമെനിക്കുള്ളുക്കുക തുള്ളമെ

ആദിയാമക്ഷരം നെററിമേൽനിർത്തുകാ
മന്ത്രമാമക്ഷരം മാറിലുംവെച്ചുകൊൾ
അന്തമാമക്ഷരം നാഭിയിൽവെക്കണം
നൂറുരുവും അതിനെ ജപിക്കണം.
ചീട്ട. ശൂലമുഖാക്ഷരം തന്നാൽജലത്തിനെ
ദഷ്ടകൻ മേനികളുക്കകാതുള്ളമെ.
ഈവകയായാൽ ഒഴിയാത്ത വിഷത്തിനെ
ഈശ്വരനും പണിയുണ്ടെന്നുതേറുക.
ഇന്നംഗരുഡ മഹാപഞ്ചാക്ഷരത്തിനാൽ
തന്നാൽ ഗുരുവും താനത്തുവന്നിടാം.
ഇനിപ്പറെവാനും ഒന്നുകൊണ്ടില്ലല്ലോ
ഏററംവലിയ മൂലമതുതാനുമെ.
കാശിമുനിയവൻ തന്നോടുണർത്തിനാൽ
എന്നമയോടരൻ സാരമതൾചെയ്യു.

പാദംനാല്.

Colophon :

ഈ ഗ്രന്ഥത്തിൽ വിഷചികിത്സയെ പറയുന്നു. ഇതിൽ നാലു പാദങ്ങളുണ്ട്. ഈ ഗ്രന്ഥത്തിൽ അധികം അക്ഷരപ്പിഴകളുണ്ട്. ഗ്രന്ഥത്തിൻെറ കർത്താവ് ആരെന്നു ഇതിൽ പ്രതിപാദിച്ചിട്ടില്ല.

No. 194. വിഷവൈദ്യം.

VIṢAVAIDYAM.

Pages, 28. Lines, 20 on a page.

Begins on page 57. of the MS. described under No 162.

A treatise, in verse and prose, on the symptoms and treatment of poisonous bites. The title of this work is not found in this copy ; and the title found above has been given on account of the subject matter of this work.

Beginning :

ആട്ടമയ്യൂററും ഗുരുവിനെഞാൻ നമസ്കരിച്ചേൻ.
അടിതുടെയാലക്ഷണത്തെ ഉരപ്പേനിപ്പേനിപ്പോൾ.
വടിവുടെയാഗിനെശനങ്ങൾക്കഭയം പുക്കേൻ.
മടിയാതെ തുണക്കേണം മലർമായിതെമ്പാൽ.
കടിപെട്ടവാൻ എന്തതിൻെറ മൂലമെന്നും.
കടിച്ചതിൻെറപേരും തന്നെ ഉരപ്പെനിപ്പോൾ
പടിപ്പട്ടിയേ ഉരക്കുന്നേൻ പന്നഗത്തിൻ പടലമേഴും.
തോന്നൃതൊന്നും പഴുതാകാതെ
പഴുതാകാ ഗുരുവിനുടെ വചനംതന്നെ.

End :

ചിലന്തിവാങ്കാത്തൈലം, താൻവാരൽ, കാട്ടുപീച്ചിങ്ങക്കുരു, ആങ്കോലത്തിൻകുരു, വെങ്കന്നിക്കുരു, ഉമ്മത്തിൻ പഴുത്ത ഇല വെള്ളത്തിൽ ഇടിച്ചുപിഴിഞ്ഞു് ചാററിൽ അരച്ചു വേറെ പാത്രത്തിലാക്കി വെയ്യിലത്തു വെച്ചാൽ ഉണ്ടാകുന്ന തൈലം മൂന്നുംകൂട്ടി നാലുകഴഞ്ചു. രസം കഴഞ്ചു ഒന്നു്. ഗന്ധകം കഴഞ്ചു ഒന്നു് അരച്ചുചേൎത്തു് കാച്ചി മുൻപറഞ്ഞ കുഴമ്പിൽ പകൎന്നു കയററുക. വെററിലയിൽ തേച്ചു തിന്നാൻ കൊടുപ്പതു നന്നു്.

Colophon :

സമാപ്തം.

ഇതിൽ വിഷം ഓരോ ധാതുക്കളിൽ പ്രവേശിച്ചാൽ ഉള്ള ലക്ഷണങ്ങൾ, അതിന്നുള്ള ചികിത്സ മുതലായതു പ്രതിപാദിക്കുന്നുണ്ടു്. ഗ്രന്ഥനാമം ഇതിൽ നിൎദ്ദേശിച്ചു കാണുന്നില്ല. വിഷ ചികിത്സാ പ്രതിപാദകമായതുകൊണ്ടു മാത്രം ഇവിടെ വിഷവൈദ്യം എന്നു പേർ കല്പിച്ചിരിക്കുന്നു. അക്ഷരപ്പിഴകളും മററും ഇതിൽ അവിടവിടെ കാണുന്നുണ്ടു്.

No. 195. വിഷവൈദ്യം.

VIṢAVAIDYAM.

Substance, paper. Size $10\frac{7}{8} \times 9\frac{1}{2}$ inches. Pages, 17. Lines, 20 on a page. Character, Malayalam. Condition, good. Appearance, new.

Complete.

A treatise, in prose and verse, on the treatment, by drugs as well as charms and incantations, of poisonous bites. Contains also rules relating to the divination of the nature, curability, etc., of the poisonous bite, by putting questions to the messenger carrying the news of the bite to the physician.

Beginning :

അടിമയുററു ഗുരുവിന ഞാൻ നമസ്കരിച്ചേൻ
അടിതുടയ ലക്ഷണത്തെയുരെപ്പാൻ.
വടിവുടയ ഗണപതിക്കഭയംപുക്കേൻ
മടിയാതെ തുണക്കിനിക്ക മലമാതൻ.
പാമ്പുക്കടിപെട്ടവാനെന്തതിൻെറ മൂലമെന്നും
കടിച്ചതിൻെറ പേർതന്നെ ഉരെപ്പാനിപ്പോൾ.
പടിപ്പടിയെയുരെക്കുന്നേൻ
പന്നഗത്തിൽ പടലമേഴിൽ-
തോന്നിയതോപഴുതാക്കാതെ
പഴുതാകാ ഗുരുവിനുടെ പന്ന്യനന്തന്നെ.

End :

മുരിക്കില ഇടിച്ചുപിഴിഞ്ഞു നസ്യംചെയ്ക, വിഷം തീരും. അങ്കോലത്തിൻെറ വേർ അരെച്ചു കൊടുക്ക, വിഷം തീരും. തുവിശി രണ്ടുമരെച്ചു കൊടുക്ക, വിഷം തീരും. ശംഖപുഷ്പം ഇടിച്ചുപിഴിഞ്ഞു നസ്യം ചെയ്കയും കുടിക്കയും എല്ലാ വിഷവും തീരും.

Colophon :

ഇത അമ്പഴവേലി ഇട്ടിമാക്കോത എഴുത്ത.

ഈ ഗ്രന്ഥത്തിൽ വിഷ ചികിത്സയെ സംബന്ധിച്ചുള്ള ഭൂതവിജ്ഞാനത്തെ വിസ്തരിച്ചും മരുന്നുകളേയും മന്ത്രങ്ങളേയും ചുരുക്കിയും പ്രതിപാദിക്കുന്നു. കർത്തൃനാമം ഇതിലും നിർദ്ദേശിച്ചു കാണുന്നില്ല.

No. 196. വിഷവൈദ്യം.

VIṢAVAIDYAM.

Pages, 34. Lines, 20 on a page.

Begins on page 29-a of the MS. described under No. 153.

A treatise on the treatment of the bites of mice, cats, tigers, monkeys, human beings, horses, camels, dogs, jackals and bees, and of the sting of scorpions. This work does not deal with the treatment of snake-bite. Thus this work is different from other works having the same title. The treatment of wounds and incantations and spells for stopping bleeding are also given in this work.

Beginning :

മൂഷികൻ വ്യാഘ്രവും കീശൻ വാജിയുഷ്ട്രം വിഡാളവും
ശ്വാവും ജംബുകനും പിന്നെ ചിലന്തികീരി വൃശ്ചികം
അർണ്ണസാരസ്വതം പിന്നെത്തേരട്ടയു മഥാപിച.
ഈരാമ്പിലീ മധുകരം ഗൌളിയും പുഴുവും തഥാ.
തൊട്ടാരട്ടി നരൻനക്രം മത്സ്യം കക്കടിഭേകവും
ഇവററിൻെറ വിഷത്തിൻെറ ക്രമാൽ ചൊല്ലാം ചികിത്സകൾ.
കരഘ്നൻ ഭൂതകൻ തീക്ഷ്ണൻ മേഘനാദൻ ഭയാനകൻ
ഉഗ്രൻ സിംഹമുഖൻ ക്രൂരൻ കുലചന്ദ്രൻ സുനാസികൻ
സുദന്തൻ സുബലന്നേകചാരിയും വൃക്ഷഘാതിയും
സുദർഭൻ കുമുദൻ എന്നും പതിനാറെലി ജാതികൾ
പുണ്ണുണങ്ങാഴ്കിലും പുൺവാതഴമ്പായിക്കിടക്കിലും
വിഷമുണ്ടെന്നു കല്പിക്കാ മെലിദഷ്ടന്നു നിർണ്ണയം
കരഘ്ന ഗരളാത്തന്നു ഛർദ്ദിയും അഗ്നിമാന്ദ്യവും
വീക്കം രുചികെട്ടും ദേഹം വെളുത്ത തളരും പുനഃ.

End :

സുരസാ നീലകുസുമം മായൂരം സിന്ദുവാരകം
പാരന്തി സുമമേതേഷാം രസപ്രസ്വേദനീയകം
മൂലം ലവങ്കദേവാഹ്വ ഗന്ധമാഗധി ചോരകം.
ഏതേഷാമപി സർവ്വേഷാം കൽക്കീ കൃത്യ പലം പചേൽ
തൈലസ്യ കുഡുബ പാത്രെ ജാതീഫല മപിന്യസേൽ
മഹാ കാളാഭിധം തൈലം മഹാകാളമനൽബണം
ഗരശോഭ വ്രണാദീനാം രോപണം ലേപനാൽപരം.

ചെറുതേക്കിൻ വേർ, കുമിഴിൻ വേർ, ചിററീന്തൽ വേർ, നന്നാറിക്കിഴങ്ങ്, മുത്തങ്ങക്കിഴങ്ങ്, ഇരിപ്പക്കാതല്, പാച്ചോററിത്തൊലി, താമരയല്ലി, താമരവളയം, ഇരുവേലി, രാമച്ചം, എരട്ടിമധുരം, പതിമുഖം, ചന്ദനം, നെല്ലിക്ക, മുന്തിരിങ്ങാപ്പഴം.

ഇതു മററു വിഷ വൈദ്യങ്ങളിൽനിന്ന വ്യത്യസ്തമാണ്. എലി, പുലി, കടന്നൽ, കുതിര, ഒട്ടകം, പൂച്ച, പട്ടി, കുറുക്കൻ, ചിലന്തി, കീരി, തേൾ, അരണ, പഴുതാര തേരട്ട, ഈററാമ്പുലി, വണ്ട്, ഗൌളി, പുഴു, തൊട്ടാരട്ടി, മനുഷ്യൻ, മുതല, മീൻ, ഞണ്ട്, തവള, എന്നീ ജന്തുക്കളിൽ നിന്നുണ്ടാകുന്ന വിഷത്തിന്നുള്ള ചികിത്സമാത്രമെ ഇതിൽ പറയുന്നുള്ളു. ഓരോ ജന്തുക്കളേയും തരം തിരിച്ചു ലക്ഷണപുരസ്സരം ചികിത്സ പ്രതിപാദിക്കുന്നു. കർത്തൃനാമം നിർദ്ദേശിച്ചിട്ടില്ല. പത്തൊമ്പതു ഭാഗം മാത്രമെ വിഷ വൈദ്യത്തെ ഇതിൽ പറയുന്നുള്ളു. ബാക്കിയുള്ള പതിനാറു പൃഷ്ഠം കൊണ്ടു മററു വ്രണാദി സാമാന്യ ചികിത്സയും പ്രതിപാദിക്കുന്നു. ചോര നിർത്തുന്നതിന്നും മററും ചില മന്ത്രങ്ങൾ കൂടി ഇതിൽ ഉണ്ട്.

No. 197. വിഷവൈദ്യം.

VIṢA VAIDYAM.

Substance, paper. Size, $10\frac{1}{2} \times 9\frac{1}{2}$ inches. Pages, 31. Lines, 20 on a page. Character, Malayalam. Condition, good. Appearance, new.

Begins on page 1. The other work herein is Viṣavaidya 31. Complete.

On the same subject as the above.

Beginning :

അനന്തൻ, വാസുകി, തക്ഷകൻ, കർക്കോടകൻ, പദ്മൻ, മഹാപത്മൻ, ശംഖപാലൻ, ഗുളികൻ ക്രമത്താലിയെട്ടു നാഗങ്ങളുളവായിതെപുരം.

വിപ്രൌവഹ്നി സുരാവനന്ത ഗുളികൌ സന്ധ്യാരുണാദിപ്രഭൌ
ത്ര്യൈതൌ വാസുകിശംഖ പാലഭുജഗൌ ദേവേന്ദ്രജൌ ക്ഷത്രിയൌ
വൈശ്യൌ വാസുസുതൌ ചതക്ഷക മഹാപദ്മാവപി ശ്യാമളൌ
ശൂദ്രാവംബുധിസംഭവൌ ഹിമനിഭൌ പദ്മാഖ്യകാർക്കോടകൌ

അഗ്നീന്ദ്രവായു വരുണന്മാൎക്കു പുത്രന്മാരായി യഥാക്രമം
സഹസ്രമഞ്ഞൂറു മെണ്ണൂറും മൂന്നൂറും ഫണമായ് വരും
അടയാളമവററിൻെറ ഫണത്തിന്നു യഥാക്രമം
ചക്രം കരുവിപോലെയും ഛത്രം സ്വസ്തികവൽഭവേൽ
എണ്ണൎക്കും പുത്രരുണ്ടായി മുതലഞ്ഞൂര ചൈതവ
ജരാമരണമില്ലാൎക്കും തേഷോരാഃ കാമരൂപിണഃ
അവർപെററിട്ടുളവായിതസംഖ്യംസൎപ്പജാതികൾ
സ്വൎഗ്ഗേ സമുദ്രെപാതാളെ ഭൂതലെചവസന്തിതെ.

End :

അടി ഗരുഡൻ മുടിഗരുഡൻ മൂലാധാരം ഗരുഡൻ ചിററും മുററും ശ്രീ ഗരുഡനെ ശ്രീ ഗരുഡനെ കണ്ടഞ്ചിനാലെ പോലെ അഞ്ചിപ്പോക എന്നെക്കണ്ടൊരു മഹാനാഗങ്ങളെല്ലാം നെഞ്ചടങ്ങി നാവേഴാതെയിരിക്ക യൻഗുരുവിനാണെ. പാരെടൊ നാഗരാജാവേ ! മയിലും പന്നിയും കീരിയും ഒട്ടു വിഷം ഒട്ടു പററാത്തതു് നീലകണ്ഠരാണെ തിരി തിരിയൻ ഗുരുവിനാണെ.

മുററും ചുററും ശ്രീ ഗെരുഡൻ മൂലാധാരം ശ്രീ ഗെരുഡൻ വട്ടംകൊണ്ടാൻ ശ്രീ ഗെരുഡൻ പലമെ പൊന്നാനാദിത്യൻ അപ്പുട്ടു കെട്ടി അരവിട്ടു താൾട്ടുപൂട്ടി അംകെ കിടക്ക സ്വാഹാ.

ഇതിലും സാധാരണ വിഷവൈദ്യ ഗ്രന്ഥങ്ങളിലുള്ള വിഷയത്തെത്തന്നെയാണ് പ്രതിപാദിക്കുന്നത്. മന്ത്രങ്ങൾ തദുപയോഗികളായവയും അവിടവിടെ എഴുതിയിട്ടുണ്ട്. അക്ഷരപ്പിഴകൾ കുറച്ചൊന്നുമല്ല.

No. 198. വിഷവൈദ്യം.

VIṢAVAIDYAM.

Pages, 21. Lines, 20 on a page.

Begins on page 31-a of the MS. described under No. 197.

On the treatment of the bites of snakes and other reptiles. Contains also rules for prognostication with the help of questions put to the messenger bringing the news of the bite.

Beginning :

വിഘ്നേശവാണീംഗുരുമദ്രികന്യാ
ശിവംചതാർക്ഷ്യം പ്രണിപത്യചാഹം.
വദാമികിഞ്ചിൽ ശിശുബോധനാർത്ഥം
ചേഷ്ടാം ചികിത്സാം വിഷദഷ്ടകസ്യ.
ദൂതൻ വരുമ്പോഴെവിടം മികപ്പൂ
കടിച്ചതഭാഗമിതെന്നു ചൊല്ലാം.
ദന്തങ്ങൾ നാലും കടിപെട്ടുതാകിൽ
പൊറുക്ക ഇല്ലന്നതു ചൊല്ലവേണം.
ദൂതന്നിടത്തും ശരമപ്പുറത്തും
ചൊല്ലൂ വിഷം വല്ലതുമില്ല എന്നും
രണ്ടുംവലത്താകിലതുണ്ടുതീരും
ചികിത്സകൊണ്ടും ജലധാരകൊണ്ടും.
ദൂതൻവലത്തും ശരമങ്ങിടത്തും
മോഹിച്ചുവെന്നങ്ങറിവീടവേണം.
ദൂതന്നിടത്തു ശരം വലത്തും
മരിക്കുമെന്നിത്ഥ മറിഞ്ഞുകൊൾക.

End :

ചൂർണ്ണംതക്രഭവം മഹാതരുശിഫാപകാൽ(ം) കദള്യാഫലം
തുംബീഹിംഗുമുനിശിരോശ്ലിവജലം നീലീസഗുഞ്ജാശിഫാ.|
ചൂർണ്ണം നാഗലതാദലം ദധിവ്രവൈരലോണസ്യ പിണ്ഡത്രയം
യാഗാന്നാമിദമാശുമണ്ഡലി വിഷം ലേപേന നിർമ്മൂലയൽ.||
വ്യോഷം ത്രികൽക്കം ത്രിഫലാ മഹിഷ്യാ
തക്രോദ്ഭവം സൈന്ധവ മാക്ഷികെച.|
യെതൽപ്രലേപാൽ വിഷജാതിനാശം
യാന്തിക്കണാൽ മണ്ഡലിനാം ക്ഷതാനീർ.

കാർപ്പാസനീളാവശ കീർത്തിലാന്നാം
പൃപാദപിക്ഷം നശ്യതിഘോനേടസാത്ഥം.
തഥാ മൂഗതപക്തിലവോത്രപിക്ഷ്ടാ
മായൂരപിഞ്ഞെ് ഛരവ്വിഹിതഞ്് ഛര ധ പാൽ.

ഇതിൽ വിഷഹരങ്ങളായ ഔഷധങ്ങൾ, ഭൂതവിജ്ഞാനീയം, വികൃതിവിജ്ഞാനീയം മുതലായവ സവിസ്തരം പ്രതിപാദിക്കുന്നു. കർത്തൃനാമം ഇതിൽ നിർദ്ദേശിച്ചുകാണുന്നില്ല.

No. 199. വിഷ വൈദ്യം.

VIṢAVAIDYAM.

Substance, paper. Size, $10\frac{1}{2} \times 9\frac{3}{4}$ inches. Pages, 16. Lines, 20 on a page. Character, Malayalam. Condition, good. Appearance, new.

Similar to the work described under No. 196.

Incomplete.

No. 200. വിഷ വൈദ്യസാരം

VIṢAVAIDYASĀRAM.

Substance, paper. Size, $10\frac{1}{2} \times 9\frac{1}{2}$ inches. Pages, 34. Lines, 20 on a page. Character, Malayalam. Condition, good. Appearance, new.

Complete.

A treatise on the various medicinal preparations for curing poisonous bites. Towards the end of this work, the preparation of certain aphrodisiacs is explained. The words "Iti Viṣavaidyasāram samāptam" at the conclusion of the section relating to aphrodisiacs must be taken to refer to the previous portion of this work, where the treatment of cases of poison is dealt with.

Beginning :

ഇന്ദുചൂഡൻ കൃപയെങ്കലൊണ്ടു എങ്കിലിന്നു മുക്തിപറയുന്നതൊണ്ടു ഞാൻ ഭൂതരാൽ ചെഞ്ഞാന്നുകലമറിപ്പതും ഭൂതനാകുന്നവൻ വന്നുതാനിന്നു കുറവാകും സ്വംഭാവമുമനിർശക്കുന്ന ഭാഗിയും ഒക്കെ പ്രകൃതി വികൃതി ഭേദങ്ങളുമേടമാം രാശിയിൽനിന്നു ചൊല്ലീട്ടുകിൽ കേൾക്ക ചെയ്യിതു ശംഖപാലൻ തദാ.

പിന്നെ ഈ ഭവത്തിൽ നിന്നു പുറകിലോ വന്ന മൂർഖനുള്ളതു നിർണ്ണയം ചൊല്ലാം. മിഥുനത്തിൽനിന്നു ചൊല്ലീട്ടുകിൽ ചൊല്ലെഴും ചെന്തിരനാകുന്നു എന്നതും

കർക്കടരാശിയിൽനിന്നു ചൊല്ലീട്ടുകിൽ
കർക്കേശനായുള്ള മൂഷികൻ നിർണ്ണയം,
ചിങ്ങത്തി(ൽ)ലാകിലോ ചേര എന്നുള്ളതും
ശംകികാ(കൃശാംഗികാ) മെത്തപരവാൽ മഹാമതെ.
കന്നിയിലോകില നീർക്കോലി എന്നതും
തന്നിലാകണ്ടു പറകിലൊക്കും ദുഘം,
ചെല്ലുന്ന തെരലിയിൽ മണ്ണേലി എന്നതും
ചൊല്ലുക വൃശ്ചികരാശിയിൽ തേളെന്നും.

End:

ഇങ്ങിനെ ഇറക്കം പ്രകാരം മരിമേറി മൂർഖൻ കടിച്ചുവെങ്കിൽ വിഷമേറിയും ഇറങ്ങിയും ഇരിക്കും അതിനു ചുടലഭസ്മം കൊണ്ടുന്ന വെന്നീരിൽ കൊടുക്ക. പിന്നെ ഒരു കോഴിയെ കൊന്നു അതിന്റെ കരളെടുത്തു പുൺവായിൽതേച്ചു വെച്ചു കെട്ടുക. മന്ത്രംകൊണ്ടു പ്രയോഗിക്ക. പിന്നെ അക്കോഴിപ്പിണം കൈകൊണ്ടും കാലുകൊണ്ടും ചൊരിഞ്ഞു അഗ്നികൊണ്ടിലിട്ടു മാവിറകിട്ടു ചുടുക. അതിന്നു പാമ്പു കടിച്ചവനെ ചുടുന്നുവെന്നു നിയോഗിച്ചു ചുടുക. എന്നാൽ പാമ്പു നിലത്തിറങ്ങും വിഷവും തീരും.

Colophon :

ഇതി വിഷ വൈദ്യസാരം സമാപ്തം.

ഇതിലും വിഷഹരങ്ങളായ പല യോഗങ്ങളും പറയുന്നു. ഈ ഗ്രന്ഥം ഗദ്യപദ്യമിശ്രമാണ്. ഗ്രന്ഥാവസാനത്തിൽ രണ്ടുഭാഗത്തിൽ വാജീകരണങ്ങളായ ചില യോഗങ്ങളും എഴുതിച്ചേർത്തിരിക്കുന്നു. വാജീകരണ വിധ്യനന്തരം "ഇതി വിഷവൈദ്യസാരം സമാപ്തം" എന്നു എഴുതിയിട്ടുള്ളതു് ലേഖകപ്രമാദമാണ്.

No. 201. വൈദ്യം.

VAIDYAM.

Substance, paper. Size, $10\frac{7}{8} \times 9\frac{1}{2}$ inches. Pages, 11. Lines, 20 on a page. Character, Malayalam. Condition, good. Appearance, new.

Complete.

Explains the treatment for fever, diseases incidental to child-birth etc. Contains also magical incantations and spells for destroying mice and insects injuring foodgrains. Some of these incantations are not to be found in many other works on the same subject. The author's name is not known. Not printed.

Beginning :

ലക്ഷ്മീ ശ്രീസാദ്ധ് . . . . . യ ഓം. ശ്രീം. ഹ്രീം ശ്രീം നമഃ
ബ്രഹ്മാഋഷിഃ, അനുഷ്ടുപ് ഛന്ദഃ. നരസിംഹോദേവതാ. ലക്ഷ്മീനരസിംഹ മന്ത്രം.

"വിശ്വാമിത്രകുലെ ജാതാ വിശ്വാമിത്രസ്യസൂനവഃ.
വിശ്വാമിത്രാദ്യനുജ്ഞാതാസ്സർവ്വേഗച്ഛന്തുമൂഷികാഃ"

ഈ മന്ത്രം ജപിച്ചു് സസ്യാദികളിൽ എട്ടുദിക്കിലും നടുവിലുമിട്ടാൽ അവിടെനിന്നു മൂഷികൻ പോവും.

End :

കുവ്വളത്തും വേർ പറിച്ചു് ചുരണ്ടി പുതുക്കലത്തിൽ വെള്ളം പകന്നു നെൽപൊരിയുമിട്ടു തുറയിലെ മണ്ണും വറുത്തുപോട്ടു് ഊറിയാൽ തണ്ണീർ ചോദിക്കുമ്പോൾ കൊടുക്ക. മദംനിക്കും. മേലൊക്കൊ പുണ്ണുകൾക്കും ഒരു തുലാം ഉപ്പു ഇടിച്ചു് പിഴിവാൻ അണ്ണാന്താളി 10 പലം അരച്ചു ചേർപ്പാൻ ക . . . . ള്ളായും മാറാ ചെമ്പും കിഴങ്ങും

ഈരണ്ടു പലം, തേററൻ പരൽ അരപ്പലം. മൊട്ട 15. പടിക്കാരം ൪ ($\frac{1}{4}$) പലം. വെള്ളം ഇ(ടങ്ങഴി) തികത്തി വാങ്ങിക്കൊൾക. പത്തു പലം ഉപ്പ്. ഒന്നേകാൽ പലം കന്തകം. രണ്ടെഅരക്കാൽ പലം കരി. ഇങ്ങിനെ വെടിമരുന്നു ഇടിക്കേണ്ട പ്രകാരം.

———

ഇതിൽ മൂഷികനെ അകററുക, നെല്ലിലെ പുഴുവിനെ കളയുക മുതലായതിന്നു പയുക്തമായി ചില ക്ഷുദ്ര മന്ത്രപ്രയോഗവും ജ്വരാദിരോഗ ചികിത്സയും കൃച്ഛ്രസാദ്ധ്യമായ പ്രസവചികിത്സയും മററും പ്രതിപാദിക്കുന്നു. സാധാരണ മന്ത്രവാദ ഗ്രന്ഥങ്ങളിലില്ലാത്ത ചില അപൂൎവ്വ വിധികൾ ഇതിലുണ്ടു്. അക്ഷരവീഴ്ച ധാരാളമുണ്ടു്. അച്ചടിച്ചിട്ടുള്ളതായും അറിവില്ല. കൎത്താവാരെന്നു ഇതിലും പറഞ്ഞുകാണുന്നില്ല.

———

No. 202. വൈദ്യഗ്രന്ഥം.

VAIDYAGRANDHAM.

Substance, paper. Size, $10\frac{1}{2} \times 9\frac{3}{4}$ inches. Pages, 251. Lines, 20 on a page. Character, Malayalam. Condition, good. Appearance, new.

Complete.

Explains the treatment for illnesses like *Sannipatājvara.* The language is, in many places, faulty ; but this work is a compilation from many other works on Indian Medicine. The explanations found in this work are very lucid and elaborate. The name of the author is not known.

Beginning :

സന്നിയുടെ ലക്ഷണത്തെ ചൊല്ലുന്നിതു്. ശരീരമെല്ലാം നൊന്തസന്ധുക്കൾ തോറു എരിപൊരിയെടുത്ത ഓടിനടക്കും അനേകം ജനം പിടിച്ചാൽ നില്ല. സദാഗതി പനിക്കും വായിൽ നുരവരും. ഇത സദാഗതി സന്നിയെന്നു പേർ. അതിന്ന കടകപ്പാലയരി, ദേവതാരം, താർതാവൽ വേർ, കാട്ടുമുല്ല വേർ, മുരിങ്ങവേർ, ചൊകന്നതാർതാവൽ വേർ ഇവ ഈരണ്ടു കഴഞ്ചു് ഒന്നേകാൽ (ഇടങ്ങഴി) വെള്ളത്തിൽ വെന്ത നാഴിയാക്കി പിഴിഞ്ഞരിച്ച ഒഴക്കാഴക്കാക്കി ചീരകവും ചെന്നിനായകവും മേൽപൊടിയിട്ടു് സേവിക്ക മൂന്നു നേരവും സദാഗതി പനിനിൽക്കും.

തണ്ണീർ ദാഹിക്കും, നെടുവീൎപ്പിടും, നാലുദിക്കിലും നോക്കും, തുള്ളും ഉള്ളു വിശക്കും എക്കിൾ ഇടുക്കും, ശ്ലേഷ്മം കെട്ടും. രാവിലെ തുള്ളിപനിക്കും, മയങ്ങിക്കിടക്കും, അത സന്ത്രകസന്നിയെന്നു പേർ—അതിന്നു മുത്തങ്ങാക്കിഴങ്ങു, ചുക്ക, കീഴാനെല്ലിവേർ ചൊകന്ന താർതാവൽവേർ, ഇവ ഒരോന്നമുക്കാലിശ്ശകഴഞ്ചു് ഒന്നേകാൽ (ഇടങ്ങഴി) വെള്ളത്തിൽ വെന്തു് നാഴിയാക്കി പിഴിഞ്ഞരിച്ചു് പിന്നെ കുറുക്കി ഒഴക്കാഴക്കാക്കി ചുക്ക മേൽപൊടിയിട്ടു സേവിക്ക സന്ത്രകസന്നി ശമനം—.

End :

പുളിഞ്ചുള അരെച്ചു കള്ളിപ്പാലിൽ ചാലിച്ചു് ഉണക്കി ഉരുട്ടിതൊലിച്ചു് അടക്കപ്രമണം ഇളനീർ വെള്ളത്തിൽ സേവിക്ക. വിരേചിക്കും. കുളുപ്പോളം തലയിൽ നീരൊഴുക്കി കുളിക്ക. ഉണ്ണാക്കച്ചോറും തൈരുമായുൺക. പൂവാംകുറുന്തലയും കൊടിയാവ(ണ)ക്കു

വേരും ചെങ്കൊഴിഞ്ഞിൽ വേരും മൂന്നും കൂടെ പിരിച്ച് നാവിന്റെ കീഴും വശം കുമഞ്ഞാൽ നീർ, ചീലയിൽ നനച്ച് കത്തിച്ച് മൂക്കിൽ പുകക്ക. കൊടിഞ്ഞിൽ ശമിക്കും. പുല്ലാനികുരുന്ന, വേപ്പിൻകുരുന്ന, മുരിക്കിൻ തോൽ, ആട്ടാഞ്ഞടിയൻ കുരു നൊച്ചി കുരുന്ന, ചുരത്തണ്ട്, പച്ചമഞ്ഞൾ, നാല്പാമരത്തിൻ കുരുന്ന, പിച്ചകത്തില ഇവ ഇടിച്ച പിഴിഞ്ഞ നീർ നാന്മടങ്ങ എണ്ണയും നെയ്യും സമം അതിമതിരം കല്ക്കം കാച്ചി അരിച്ച ധാരയിടുക. സർവ്വ പുണ്ണും ശമിക്കും.

ഇതിൽ പലതരത്തിലുള്ള സന്നിമുതലായ വ്യാധികളുടെ ചികിത്സ സവിസ്തരം പ്രതിപാദിക്കുന്നു. അക്ഷരപ്പിഴകൾ ധാരാളമുണ്ട്. വൈദ്യനാകാതെതന്നെ ചികിത്സ നടത്തുവാൻ ഈ ഗ്രന്ഥംകൊണ്ടു സാധിക്കും. അധിക ഭാഗവും ഗദ്യമാണ്. കർത്തൃനാമം ഇവിടെയും നിർദ്ദേശിച്ചു കാണുന്നില്ല. പല ഗ്രന്ഥങ്ങളിൽനിന്നും സാരം സംഗ്രഹിച്ച് എഴുതിയതാണ് ഈ ഗ്രന്ഥമെന്നു പറയാം.

No. 203· വൈദ്യ ചിന്താമണി - ഭാഷാവ്യാഖ്യാസഹിതം.

VAIDYACINTĀMAṆI with Malayalam Commentary.

Pages, 57. Lines, 20 on a page.

Begins on page 113-a of the MS. described under No. 158.

Explains, in detail, the causes and symptoms of, and the remedies for, the various kinds of *Sannipātajvara* (a dangerous fever caused, according to the *Áyurveda*, by a morbid condition of the three humours or of the blood). The text here is in the form of Sanskrit verse ; and the author of it is Vallabhēndra. The commentary on this text is in the Malayalam language. In the concluding portion of this work the process of purifying medical substances is also explained.

Beginning :

സന്ധികം താന്ത്രികം ചൈവ പ്രലാപം ചിത്തവിഭ്രമം.
ജിഹ്വകം കർണ്ണികം ചൈവ ഷൾ സാദ്ധ്യം സപ്തമാരിതം.

ഇത് സന്നിടെ പേർ. സന്ധികമെന്നും താന്ത്രികമെന്നും പ്രലാപമെന്നും ചിത്തവിഭ്രമമെന്നും ജിഹ്വകമെന്നും കർണ്ണികമെന്നും. ഇത് ആറും സാദ്ധ്യം.

രുഗ്ദാഹമന്തകോ ഭുഗ്നകർണ്ണകുചന മേവച.
രക്തേക്ഷ്ടി ശീതഗാത്രഞ്ച അഭിന്യാസാദി ദാരുണം.—ഇതി.

രുഗ്ദാഹമെന്നും അന്തകമെന്നും ഭുഗ്നത്രമെന്നും കർണ്ണകുചക
മെന്നും രക്തേക്ഷ്ടിയെന്നും ശീതഗാത്രമെന്നും അഭിന്യാസമെന്നും ഇതു
എട്ടും അഭയകരം. കൊല്ലുമെന്നറിക.

Colophon :

ഇതി വല്ലഭേന്ദ്ര വിരചിതേ വൈദ്യ ചിന്താമണൌ
ഭേഷ്യ ശുദ്ധിലോഹസാധനം നാമദ്വിതീയ വിലാസഃ.

End :

പഞ്ചാഗ്നിം പഞ്ചലവണം ദ്വൌക്ഷാരൌരാമഠംവചാ.
കടുത്രികാജമോജഞ്ച ജീരകദ്വയസർഷപം.
വഷാഭ്രലശുനം ചൈവശുദ്ധസൂതംസഗന്ധകം.
സ (ർവ്വാണി) ശ്ലേഷ്മാം സമഭാഗാനി സ്നുഹീക്ഷീരേണ പേഷയേൽ.
സൂരണാത്ഭ്യന്തരെ ക്ഷിപ്ത്വാപചേൽ ഗോമയഹ്നിനാ.
പയസാ സർപ്പിഷാവാപിതക്രേണോഷ്ണോദകേനവാ.
പിബേൽ ഗുന്മാംനിഹന്ത്യാശുവസാപൂഞ്ച ശൂലവിനാശനം.
യകൃദാദി മഹാവ്യാധിപ്ലീഹോദര വിനാശനം.
ഗുന്മഘ്ന ഗുളികാനാമ്നാമഹോദര വിനാശിനീ.

മണ്ണ പന്ത്രണ്ട്. ഉമിക്കരി ആറ്, വെള്ളാരംകല്ല ഒന്ന കഴുതകാഷ്ടം രണ്ട്. ഇവകൂട്ടി അരച്ച് മൂശ ഉണ്ടാക്കുക. ഇതവജ്ര മൂഷാ. ഉമിക്കരി ഒമ്പത്. പുററു മണ്ണ് ഒന്ന് ഇരിമ്പിൻ കീടം ഒന്ന്, രോമം ചുട്ടകരി ഒന്ന്, ഇവ എരിക്കിൻ പാലിൽ അരച്ച് മൂശ പിടിച്ച് ഉണക്കി ചുടുക. ഇതും വജ്രമൂഷാ.

ഈ ഗ്രന്ഥത്തിൽ സന്നിനാമങ്ങളും അതിൻെറ ഭേദങ്ങളും നിദാനവും ചികിത്സയും മററും സവിസ്തരം പ്രതിപാദിക്കുന്നു. കാരികസംസ്കൃത ഭാഷാ പദ്യങ്ങളാണ്. വ്യാഖ്യാനം മാത്രം ഭാഷയിലാണ്. അക്ഷരപ്പിഴകൾ ധാരാളമുണ്ട്. കർത്തൃനാമം ഇതിലും കാണുന്നില്ല. മൂലഗ്രന്ഥം വല്ലഭേന്ദ്രകർത്തൃകമാകുന്നു. ഭേഷ്യശുദ്ധി, മുതലായതും പ്രതിപാദിക്കുന്നുണ്ട്.

No. 204. വൈദ്യമാലിക.

VAIDYAMĀLIKA.

Substance, paper. Size, $10\frac{1}{2} \times 9\frac{1}{4}$ inches. Pages, 135. Lines, 20 on a page. Character, Malayalam. Condition, good. Appearance, new.

Complete.

Explains the treatment of fevers and other diseases, and points out the symptoms of approaching death. This work is largely in Malayalam verse, though here and there Malayalam prose also is used.

Printed.

Beginning :

വന്ദേസിന്ദൂരരമ്യം കരിവരവദനം ഭാരതീമിന്ദുചൂഡാം
വന്ദേ ചന്ദ്രാഭിധാനം ഗുരുമമരധുനീശാംഘ്രിയുഗ്മെനിലീനാം.
വന്ദേധന്വന്തരിം ചാമൃതകലശകരം വാഹടം ചാശ്വിനൌവ-
പ്യാത്രേയാദീൻ മുനീന്ദ്രാനപി മമകുമുദഗ്രാമാം ചദേവീം ॥.
ഇന്ദിന്ദിരാസിതാകാരമിന്ദീവര വിലോചനം.

വൃന്ദാരക ധ്വനീലോല മിന്ദിരാരമണംഭജെ.
ഗോവിന്ദ ഗുരുകല്പദ്രു സിദ്ധൌഷധ മയൈഃ സുമൈഃ.
ബാലപ്രബോധനായേനാ. കലയെ വൈദ്യമാലികാം
ആയുസ്സാസ്ത്രമിതാവശ്യം ജനാനാമുപകാരകം.
ഇസ്സാസ്ത്രത്തെ ഗ്രഹിക്കുന്നോൻ ഗുണവാനായിരിക്കണം.
നല്ലോരു ബുദ്ധിയും വേണം കല്യണ്യം ഗുരുഭക്തിയും.
ഇതിന്നു ഫലമാകുന്നതാശുരോഗവിനാശനം.

End :

മുത്തങ്ങാ കുരുവിക്കന്ദം മുതുകമൃതുംവരി.
നന്നാറി ക്രവനെല്ലിക്ക ജീവന്തി മുസലീതഥാ.
ഏതേഷാമൂറൽ നാഴിശ്ശെ കുന്നാരം ചെന്നിനായകം.
കന്മദം കുന്തുരുക്കംച പിന്നെ ഗരുഡപച്ചയും.
സഹസ്രവേധിയും നന്നാലുകഴഞ്ചിവ മരുന്നുകൾ.
കഷായത്തിന്നു മരുന്നുകൾ.
നാല്പാമരത്തിൻ മൊട്ടു വെവ്വേറെ പൊന്നങ്ങാണി കടുക്കയും
. . . . കല്ലൂർവഞ്ചി ഞെരിഞ്ഞിലും
ഇരുവേലീതകരവും രാമച്ചം തലനീളിയും
ഞൊട്ടാഞൊടുങ്ങയും നന്നാലു പലമിത മരുന്നുകൾ.
മണ്ണുകൊണ്ടുള്ള പാത്രത്തിൽ കഷായം വെച്ചുകൊള്ളണം.
കഷായത്തിലരച്ചിട്ടു ഗുളികാകരണം സ്മൃതം.

ഈ ഗുളിക മുറിവിന്നും വികാരത്തിന്നും എല്ലാ ദണ്ണങ്ങൾക്കും സദൃശംകണ്ടുകൊൾക.

ഇതിലും ജ്വരാദിരോഗങ്ങൾക്കുള്ള ചികിത്സ നല്ലവണ്ണം പറയുന്നു. പ്രാരംഭത്തിൽ തന്നെ മരണ ലക്ഷണമാണ് വിസ്തരിക്കുന്നതു്. ഗ്രന്ഥം പൂൎണ്ണമാകുന്നു. കൎത്തൃനാമം ഇവിടേയും കാണുന്നില്ല. ഗ്രന്ഥം അധികഭാഗവും ഭാഷാപദ്യങ്ങളാണ്. അവസാനത്തിൻകുറെ ഭാഗം ഗദ്യമായിത്തന്നെ എഴുതിയിരിക്കുന്നു— ഇതു അച്ചടിച്ചിട്ടുണ്ടു്.

No. 205. വൈദ്യമാലിക.

VAIDYAMĀLIKA.

Pages, 5. Lines, 20 on a page.

Begins on page 80 of the MS. described under No. 186.

Same work as the above.

Incomplete.

No. 206. വൈദ്യവിഷയം.

VAIDYAVIṢAYAM.

Pages, 141. Lines, 20 on a page.

Begins on page 310 of the MS. described under No. 160.
Complete.

This is a compilation from many other works on Indian Medicine, especially *Sahasrayōga* and *Cikitsāmañjari.* The language is very faulty. Contains also some incantations and charms, believed to have the power of giving a person mastery over others, of destroying his enemies, etc.

Beginning :

രാഗാദി രോഗാൻ സതതാനുഷക്താ-
നശേഷകായ പ്രസൃതാന ശേഷാൻ. |
ഔത്സുക്യമോഹാരതിദാൻ ജഘാന
യോപൂൎവ്വവൈദ്യായ നമോസ്തു തസ്മൈ. ||
ഘനചന്ദനശുണ്ഠ്യംബു പൎപ്പടോശീരസാധിതം. |
ശീതംതേഭ്യോഹിതം തോയം പാചനം തൃൾജ്വരാപഹം. ||

ഘനം—മുത്തങ്ങ. ചന്ദനം, ശുണ്ഠി—ചുക്കു, അംബു—ഇരുവേലി, പൎപ്പടം, ഉശീരം—രാമച്ചം, ഇവ ഓരോന്ന ഈരണ്ടു കഴഞ്ചു. ചുക്കു അവസ്ഥക്കു തക്കവണ്ണം, പനി പാരമെങ്കിൽ മുത്തങ്ങയും പൎപ്പടവുമേറികൊൾവൂ.

End :

ഇതിന്റെ കഷായത്തിന്ന അവിൽപൊരി വേർ, കരളെകം, കല്ലാൽതോൽ, ചെറുവഴുതിനതോൽ, കാട്ടുപ്പ ഇവ കഷായംവെച്ചു കൽകം അരിയാറും ചീരകം മൂന്നും മഞ്ഞൾ രണ്ടും ഉള്ളി, ചെറുതേക്കു, ഉലുവ, ആശാളി, കൊട്ടം, ദേവതാരം ഇവ കൽകമിട്ടു വെളിച്ചെണ്ണയതും എരട്ടിമധുരം, ത്രികടുക, കടുകരോഹിണി, വേപ്പന്തോൽ കൽകംവെന്തു നട്ടെല്ലളിഞ്ഞാൽ. അരിക്ഷതിതൈലെണ്ണ എന്ന പേർ. സന്നിമതും ശമിക്കും.

പല ഗ്രന്ഥങ്ങളിൽനിന്നും തിരഞ്ഞെടുത്ത ഔഷധയോഗങ്ങളാണ് ഇതിൽ ഉള്ളത്. ചികിത്സാമഞ്ജരി, സഹസ്രയോഗം മുതലായതിൽനിന്നാണ് അധികം എടുത്തിരിക്കുന്നത്. അക്ഷരപ്പിഴകളും മററും ധാരാളമായിട്ടുണ്ട്. ഗ്രന്ഥം അവസാനിക്കുന്നതും 450-ാം ഭാഗത്തിലാണ്. അതുമുതൽ 469-ാം ഭാഗംവരെ വശ്യം, അഭിചാരം, മുതലായതും അതിന്നുപയുക്തമായ മന്ത്രൌഷധാദികളും ചക്രാദികളും കാണിച്ചിട്ടുണ്ട്.

No. 207. വൈദ്യവിഷയം.

VAIDYAVISAYAM.

Pages, 136. Lines, 6 on a page.

Begins on page 317 of the MS. described under No. 161.
Same work as the above.

No. 208. വൈദ്യസാരം.

VAIDYASĀRAM.

Substance, paper. Size, $10\frac{1}{2} \times 9\frac{3}{4}$ inches. Pages, 358. Lines, 20 on a page. Character, Malayalam. Condition, good. Appearance, new.

Complete.

A medical treatise generally based on the *Aṣṭāṅgahṛdaya*. The author's name is not known.

Beginning :

വാതം പിത്തം കഫശ്ചാഥ മൂന്നു ദോഷങ്ങളിങ്ങിനെ.
സ്ഥാനത്തുനില്ക്കിലാരോഗ്യം നഷ്കമല്ലാസ്സിലാമയാൻ.
മെയ്യിലെല്ലാടവും വ്യാപിച്ചിരിപ്പു പുനരെങ്കിലും
ഹൃന്നാഭികൾക്കു താഴത്തും മദ്ധ്യേ മേലും ക്രമാൽസ്ഥിതാഃ.
വയസ്സു രാവും പകലും ഭുക്തമെന്നിവനാലിലും
ഒടുക്കത്തു മരുൽക്കാലം പിന്നെ പിത്തത്തിനാകിലൊ
യൌവനംദിനരാത്ര്യർദ്ധം ഭുക്തമദ്ധ്യംചകാലമാം.
ബാല്യം പകല്ക്കുരാത്രിക്കും മുമ്പിലെ പത്തുനാഴിക.
ഭുക്തത്തിന്നും തഥാമുമ്പിൽ കഫത്തിൻ കാലമിങ്ങിനെ.
പാഞ്ചഭൌതികമാം മെയ്യിൽസ്വഗ്ഗുണൈഃ കാലഭേദതഃ
രസാനുഗങ്ങളാം ചെമ്മെ വെളിച്ചപ്പെട്ടൊന്നിവ.
ഏഴവാതം മികച്ചീടിൽ അഗ്നിർവിഷമനാസ്ഥുതം.
തീക്ഷ്ണതാം പിത്തമേറീടിൽ കഫമേറുകിൽ മന്ദനാം.
ഇമ്മൂന്നമൊത്തുനിന്നീടിൽ സമാഗ്നിതാമുദീരിതം.

Colophon :

ഇതി വൈദ്യസാരെ ആയുഷ്കാമീയമദ്ധ്യായം സമാപ്തം.

End :

മൂലപ്പെരുകിന്നിലയും വ്രണരോപണമായിടും.
മുറികൾക്കൊക്കെ നന്നല്ലോ മുക്കുറ്റീതലനീളിയും.
വ്രണരോപണമാം കാത്തഗോപീശോഫവിനാശനം.
ജാതീദളം തുളസി വേഴരയാൽ കുരുന്നും
പാവിട്ടമൂർവ്വസുഷവീ ചെറുപൂളനീററിൽ.
സ്നേഹത്രയം പചിതുകൽക്കിതു പച്ചമഞ്ഞൾ
ഏതദ്ഘൃണം ജയതി ഗുഹ്യഭവം വിശേഷാൽ.
ഗ്രാമോപലന്യപാലസ്യനിയോഗാനുഗനായ ഞാൻ.
വൈദ്യസാരത്തിലദ്ധ്യാ(യ)മെമ്പത്തുമാറുമോതിനേൻ.

Colophon :

ഇതി വൈദ്യസാരെ സദ്യോവ്രണപ്രതിഷേധം
നാമഷഡശീതിതമോദ്ധ്യായഃ സമാപ്തഃ

ഇതിൽ ആകെ 86 അദ്ധ്യായങ്ങളുണ്ട്. പല ഭാഗങ്ങളും അഷ്ടാംഗഹൃദയത്തെ അനുസരിച്ചു കാണുന്നു. അദ്ധ്യായക്രമങ്ങളെമാത്രം പല സ്ഥലങ്ങളിലും മാറ്റീട്ടുണ്ട്. രോഗനിദാനം, ചികിത്സ മുതലായതു ഇതിൽ സവിസ്തരം പ്രതിപാദിക്കുന്നു. ഗ്രന്ഥസോപലന്യപാലൻെറ കല്പനയനുസരിച്ചെഴുതുന്നുവെന്നല്ലാതെ സ്വനാമധേയം ഗ്രന്ഥകർത്താവ് ഇവിടെ പറയുന്നില്ല. അക്ഷരവീഴ്ചകൾ ചില സ്ഥലങ്ങളിൽ ഉണ്ട്.

No. 209. വൈദ്യസാരസംഗ്രഹം.

VAIDYASĀRASAṄGRAHAM.

Substance, paper. Size, $10\frac{1}{2} \times 9\frac{3}{4}$ inches. Pages, 105. Lines, 20 on a page. Character, Malayalam. Condition, good. Appearance new.

Complete.

Deals with the diagnosis and treatment of diseases, including the ante-natal and infantile. Also contains some magical incantations and spells, regarded as efficacious remedies for certain illness of children.

Beginning :

ഗുരുപാദാരവിന്ദത്തെ വിരവോടു വിചിന്ത്യ ഞാൻ.
ചുരുക്കീട്ടുത ചൊല്ലുന്നേൻ സാരം ഗദസമുത്ഭവം.
തീണ്ടായിരുന്ന നാലാന്നാൾ കുളിച്ചാലന്നുതൊട്ടുവി.
പതിമൂന്നു ദിനം പിന്നെ ഗർഭോല്പാദനകാലമാം.
നാരീപുരുഷ സംയോഗം ചെയ്യീടിലദിനങ്ങളിൽ.
ശുക്ലംപതിക്കുമപ്പോഴെ ഗർഭപാത്രത്തിൽ നിർണ്ണയം,
രക്തവും വീഴുമപ്പോഴെ അതിലോഭേദമുണ്ടുപോൽ,
ശുക്ലമേറീട്ടുവന്നാലോ പുത്രിയെന്നതറീയണം.
തുല്യത്വം ശുക്ലരക്താനാം വന്നുവെങ്കിൽ നപുംസകം.
പിന്നെയേകദിനംകൊണ്ടു ശുക്ലവും രക്തവും പുനഃ.
തദാകലലമായിട്ടുവരും സലിലതൈലവൽ,
പിന്നെയഞ്ചുദിനംകൊണ്ടു ബുൽബുദാകാരതുല്യമാം.

Colophon :

ഇതി വൈദ്യസാരെ പ്രഥമോദ്ധ്യായ.

End :

അതിയായി ഭുജിപ്പൂലും വിശക്കാതെ ഭുജിക്കിലും
ഏറെവെള്ളം കുടിപ്പൂലും ഗുരുദ്രവ്യം ഭുജിക്കിലും.
പിന്നെപ്പരിചയിക്കാത്ത ദ്രവ്യമേറെ ഭുജിക്കിലും
ഹൃദയത്തിങ്കലും പിന്നെ പാർശ്വങ്ങളിൽ വയററിലും.
അതിയായിട്ടു നോവുണ്ടാം ഭുക്തിദോഷത്തിലേതു്.
കച്ചുടച്ചേറെ വദ്ധിച്ചാൽ മുതുകും പാർശ്വവും തുട.
നാഭീമൂലമരക്കെട്ടെന്നുള്ള ഭാഗങ്ങളിൽ തുലോം.
നോവുണ്ടായി വരുന്നേരം ശക്കരാശ്രൂലയെന്നുപേർ,
വളന്നവാതഗുന്മംകൊണ്ടുണ്ടാം നോവെന്നു പാരമായി.

അതുകൊണ്ടു മലം മൂത്രം ഒട്ടുംപോകാതെയും വരും.
പാരം വിയൎക്കും ഓക്കാനം മോഹിക്ക ഇവ പാരമായ്.
ഈവണ്ണം ലക്ഷണം കാണാം ഗുന്മശൂല തുടങ്ങിയാൽ.

Colophon :

വൈദ്യസാരസംഗ്രഹം സമാപ്തം.

ഇതിൽ ഗൎഭോല്പാദനകാലം ഗൎഭചികിത്സ, ബാലചികിത്സ, സാമാന്യ ചികിത്സ, നിദാനം മുതലായതു സവിസ്തരം പ്രതിപാദിക്കുന്നു. അദ്ധ്യായാന്ത്യത്തിൽ ഇതി "വൈദ്യസാരെ" എന്നു കാണുന്നുണ്ടെങ്കിലും ഗ്രന്ഥാന്തത്തിൽ "വൈദ്യസാരസംഗ്രഹം സമാപ്തം" എന്നു കാണുന്നതുകൊണ്ടു ആ പേർ ആണു ഇതിന്നു കൊടുത്തിരിക്കുന്നതു്. "വൈദ്യസാരം" എന്നു മറെറാരു ഗ്രന്ഥം ഇതിൽനിന്നു വ്യത്യസ്തമായി ഇവിടെയുണ്ടു്. പക്ഷിപീഡ മുതലായതിന്നു ചില യന്ത്രപ്രയോഗങ്ങളും എട്ടാമത്തെ അദ്ധ്യായം മുതൽ പറയുന്നുണ്ടു്.

No. 210. ശൂലിനീദുൎഗ്ഗാവിധാനം.

ŚŪLINĪDURGĀVIDHĀṆAM.

Pages, 6. Lines 8 on a page.

Begins on page 203 of the MS. described under No. 181.

Incomplete.

Verses in praise of Goddess Śūlinīdurgā. The recital of these verses is believed to absolve a person of all his sins and to secure the fulfilment of all his desires. All these verses are in the Sanskrit language, and only the script is Malayalam.

Beginning :

സൎവ്വശാന്തിം പ്രവക്ഷ്യാമി ദുരിതാൽ സകലാത്മനാം.
യസ്യ സ്മരണമാത്രേണ ശാന്തിമാപ്നോത്യഖിലതഃ.
സാധകാനാമശേഷാണാം കേവലാനാം ദ്വിജാത്മനാം.
നാനാവിധമഹാപാപ രോഗമോഹോപശാന്തയെ
ഗ്രഹക്ഷുദ്രാദിപാപൌഘരോഗസൎപ്പാരിസങ്കടെ.
നാനാമൃത്യുഭയെ പ്രാപ്തെ ചോരവ്യാഘ്രോപപീഡനെ.
ദുൎന്നിമിത്തെ ച ദുസ്വപ്നെ ദുസ്സഹെ ദുഃഖസംകുലെ.
അനാവൃഷ്ടിഭയെ രാജക്ഷോഭേ ക്ഷാമേതി മാരുതെ.
ശാസ്ത്രാഗ്നികൃത്രിമവിഷെ മുഖാവസ്ഥലിലേഷു ച.

End :

ചിത്തശുദ്ധിമനശ്ശുദ്ധിമാത്മാശുദ്ധിംസു നിവൃതിം.
ചിരംപ്രാപ്യസദേഹാന്തെ ബ്രഹ്മാനന്ദമയോഭവേൽ.
സൎവ്വശാന്തിസ്തവോമന്ത്രീ യോജയേൽശ്രാവയേൽ പഠേൽ.
നാനാപായാ പ്രമുച്യേതൽതരസാനൈവസംശയഃ

കാമീകാമംലഭേൽ തൂൎണ്ണം രോഗീരോഗാൽ പ്രമുച്യതെ.
വിജയീജയമാപ്നോതി നിത്യംശൃണ്വൻപഠേന്നരഃ
കന്യാചത്രുവിണാംകാന്തം സുപുത്രം ഗൎഭിണീലഭേൻ.
കാരാഗൃഹാദിബാധെ . . . . ദ്ധ്യമാനാഃ പ്രമുച്യതെ
ദാരിദ്ര്യമോഹാദിമഹാന്ധകാരെ
സംപീഡിതോയഃ പ്രജപേൽത്രിസന്ധ്യം.
വിപുലകരുണസൌഖ്യം ബ്രഹ്മവിദ്യാനുഭൂതിം
പ്രഥിതപദമവാപ്യ ശ്രീരിമാകാരമേതി.

Colophon :

ശൂലിനിദുൎഗ്ഗാവിധാനെ സൎവ്വശാന്തിസ്ഥവം നാമവിംശോദ്ധ്യായഃ

മനുഷ്യന്നു സംഭാവ്യമായ സകലവിധ ദുരിതനിവൃത്തിയുടെയും അപേക്ഷിതമായ സകലഫലങ്ങളുടേയും സാധകമായിട്ടുള്ളതാണ് ഈ സ്തോത്രം. ഇതിലെ പദ്യങ്ങളെല്ലാം സംസ്കൃതമാണ്. സ്തോത്രപഠനംകൊണ്ടു ഐഹികഫലങ്ങളാണ് പ്രധാനമായി സിദ്ധിക്കുന്നതെന്നു ഫലശ്രുതിയിൽ പറയുന്നു. ഗ്രന്ഥാന്തത്തിൽ "സൎവ്വശാന്തിസ്ഥവം നാമവിംശോദ്ധ്യായ," എന്നു എഴുതിയിരിക്കുന്നതുകൊണ്ടു ഗ്രന്ഥം ഇതോടുകൂടി അവസാനിക്കുന്നില്ലെന്നു പറയാം. പ്രകൃതഗ്രന്ഥത്തിൽ ഇരുപതാം അദ്ധ്യായം മാത്രമായി കാണുന്നതുകൊണ്ടും ഇതു അപൂൎണ്ണമാണ്.

No. 211. സന്നിപാതജ്വരലക്ഷണവും ചികിത്സയും.

SANNIPĀTAJVARALAKṢANAVUM CIKITSAYUM.

Pages, 14. Lines 20 on a page. Begins on page 44-a of the MS. described under No. 171.

Contains a rendering, into Malayālam, of a portion of the Sanskrit Āyurvēdic work, *Vaidyacintāmaṇi*, and a commentary, in Malayālam, on the same portion. Deals with the cause and cure of different kinds of *Sannipata*.

Printed.

Beginning :

കളിയും ഗുളവും നല്ല മധുവും തിലതൈലവും
ഘൃതവും പശുവിൻപാലും ദധിയും തക്രമെന്നിവ.
ജ്വരമഞ്ഞൊമ്പതിൽ പൂൎവ്വം സന്നിപാതസ്യ ഹേതുവാം.
ഉദരം നോകയും താപംസഞ്ചാരം ശ്ലേഷ്മശുഷ്കവും.
പനിയും പാരമുണ്ടാകും മൂത്രമേററം ചുമന്നിടും.
സന്ധുതോറും കഴച്ചീട്ടും കണ്ഠത്തിന്നമവീക്കവും.
ഈവണ്ണം ലക്ഷണം കാൺകിൽ സന്ധികസ്സന്നിയെന്നു പേർ.
സംഭ്രമം ദാഹവും താപം ശിരഃകംപം ഛൎദ്ദിയും
പനിയും തലനോവുണ്ടാം സഞ്ചാരം സഹവേദനം,
സന്ധുതോറും കറുപ്പുണ്ടാം മൂത്രസ വമതേററവും.
ഇവണ്ണം ലക്ഷണം കാണ്കിൽ ര തകസ്സന്നിയെന്നുപേർ.

End :

ദശമൂലം, ചുണ്ടിൽ തോല്, ചുക്ക, ഇവ ഓരോപലം, വെള്ളം, ഇ. 12. രണ്ടിടങ്ങഴിയാവോളം കുറുക്കി ഇരുനാഴുരിയെ നെയ്യും ഇക്കഷായവും കൂട്ടി മൂന്നാഴി തൈരുവീഴ്ത്തി ഇന്തുപ്പ്, തേവതാരം, തിപ്പലി, കാട്ടുതിപ്പിലിവേർ, കൊട്ടുവേലിവേർ, അതിവിടയം ഇവ ഈരണ്ടു കഴഞ്ചു, അരെച്ചു കല്ക്കമിട്ടു കുറുകത്തണ്ടു ഒടിയാറാകുവോൾ വങ്ങി അരിച്ചു പന്ത്രണ്ടുനാഴിയായ കഴിയൽക്ക ഒരേ കഴിയൽ സേവിക്ക—പാടക്കിഴങ്ങ്, ചിററമൃത, മുത്തങ്ങ, ചുക്ക, ഇവ മുമ്മൂന്നു കഴഞ്ചു, വെള്ളം നാനാഴിയുഴക്കാക്കി അരിച്ചു അവററാൽ കൊറയ വെള്ളത്തിൽ ഒരേ ഗുളിക പാതികൊടുക്ക.

Colophon :

സമാപ്തം—.

പ്രസ്തുത ഗ്രന്ഥത്തിൽ സന്ധികം, താന്ത്രികം മുതലായ സന്നിപാതഭേദങ്ങളുടെ ലക്ഷണവും ചികിത്സയും വിവരിച്ചു കാണുന്നു. ഈ ഗ്രന്ഥം വൈദ്യചിന്താമണി എന്ന സംസ്കൃത ഗ്രന്ഥത്തിന്റെ ഒരു ഭാഗമായ സന്നിലക്ഷണത്തിന്റെയും ചികിത്സയുടേയും സ്വതന്ത്രതർജ്ജമയാണെന്നു പറയാം. ഈ സംസ്കൃത ഗ്രന്ഥത്തിന്റെ ഈ ഭാഗത്തിന്നു തന്നെ ഇവിടെ മറെറാരു ഭാഷാവ്യാഖ്യാനം കൂടിയുള്ളതു മറെറാരിടത്തിൽ വിവരിച്ചിട്ടുണ്ടു്. ഈ ഗ്രന്ഥം അച്ചടിച്ചു പ്രസിദ്ധം ചെയ്തിട്ടുള്ള സഹസ്രയോഗത്തിൽ ഉണ്ടു്.

No. 212. സഹസ്രയോഗം.

SAHASRAYŌGAM.

Pages, 100. Lines, 20 on a page.

Begins on page 142-a of the MS. described under No. 173.

Contains so many recipes that it is called *Sahasrayōgam* (or book of "numerous recipes"). This is a compilation from numerous works on Indian Medicine. Contains verses, in Sanskrit and Malayālam.

Printed.

Beginning :

അരിസദരജല്ലകാരത്ത പീയൂഷകുംഭ-
പ്രതിഘടിതകരാന്തഃകാന്ത പീതാംബരാഢ്യഃ.
അതനുമണി വിരാജന്മൗലിരാരോഗ്യദായീ
ശതമഖമണിനീലഃ പാതുധന്വന്തരിർവ്വഃ
ഉള്ളിൽ വെന്തഴലും ലോകക്കല്ലൽ തീർപ്പാനൊരൗഷധം.
നല്ലതിന്നായ് വണങ്ങുന്നേൻ ചെല്ലൂർനാഥം സദാശിവം.
ഘനചന്ദനശുണ്ഠ്യംബു പർപ്പടോശീരസാധിതം.
ശീതം തേഭ്യോഹിതം തോയം പാചനം തൃൾജ്വരാപഹം.

ഘനം—മുത്തങ്ങ, ചന്ദനം'ശുണ്ഠി—ചുക്ക, അംബുദം—ഇരുവേലി, പർപ്പടം, ഉശീരം—രാമച്ചത്തിൻവേർ, തേഭ്യഃ ജ്വരിതേഭ്യഃ.

End :

ത്രികടുകമജമോജം സൈന്ധവം ജീരകെദ്വെ
സമധരണ ധൃതാനാമക്ഷമോഹിംഗുഭാഗഃ
പ്രഥമകബളഭോജ്യഃ സർപ്പിഷാ ചൂർണ്ണകോയം
ജനയതിജഠരാഗ്നിം വാതഗുന്മം നിഹന്തി.

ത്രികടു— ചുക്ക, മുളക, തിപ്പലി, അജമോജം-അയമോദകം സൈന്ധവം— ഇന്തുപ്പ ജീരകെദ്വെ—ചീരകവും കരിഞ്ചീരകവും, സമധരണധൃതാനാം — സമപ്രമാണസ്ഥാപിതാനാം. പ്രഥമകബളഭോജ്യം. അന്നാദൌസേവ്യ ഇത്യർത്ഥഃ.

ഞെട്ടാഞെട്ടങ്ങ സഹയും തെച്ചികായാവുകാഞ്ഞിരം.
കീഴാനെല്ല്യാഞ്ഞിലേതേഷാം കരുന്നം സുമർദ്ദിതം.
പാലിലിട്ടു ഞെരുടിച്ചരതിച്ചു വിഗാളിതം.
ഒഴക്കിനാൽ ശമിച്ചീട്ടും ചെങ്കണ്ണു ദിവസത്രയാൽ.

ഇതിൽ അനേകം ഔഷധയോഗങ്ങളെ പറയുന്നു. മുഴുവൻ യോഗങ്ങളും ഇതിൽ കാണാത്തതിനാൽ ഇതു അപൂർണ്ണമാണു്. ഈ ഗ്രന്ഥം തൃശ്ശിവപേരൂർ മംഗളോദയം പ്രസ്സിൽ നിന്നും അച്ചടിച്ചു പ്രസിദ്ധം ചെയ്തിട്ടുണ്ടു്. പാഠഭേദങ്ങൾ ഇതിൽ പലേടത്തും കാണുന്നുണ്ടു്. അഷ്ടാംഗഹൃദയം മുതലായ ആയുർവ്വേദ ഗ്രന്ഥങ്ങളിൽനിന്നു എടുത്തിട്ടുള്ള പല ശ്ലോകങ്ങളും പലഭാഷാ പദ്യങ്ങളും ഇതിലുണ്ടു്.

No. 213. സിദ്ധൌഷധഗ്രന്ഥം.

SIDDHAUṢADHAGRANDHAM.

Substance, paper. Size, $10\frac{1}{2} \times 9\frac{3}{4}$ inches. Pages, 88. Lines, 20 on a page. Character, Malayalam. Conditin, good. Appearance, new.

Complete.

Contains recipes current in the *Siddha* School of Indian Medicine. Seems to be a rare and valuable work. The recipes here appear to have been formulated as a result of the experience of many generations.

Beginning :

മത്തേഭാനനനാദി ദേവനമലൻ മംഗല്യമെല്ലാററിനും
മുല്പാടായു് നിലനിന്നവൻ ദശഭുജോ ദേവോഗണാനാം പതിഃ
സത്യാനന്ദമയീ ചരാചരമയീ വാണീച ധന്വന്തരീ-
ന്നിത്യാത്മാ ചകരോതു സന്തതജഗദ്രക്ഷാവിധൌ മംഗളം.
പാരംപര്യേണസിദ്ധൈർദ്ദിതമവധൃതംയൽ പുരാഭേഷജാനാം
വ്രാതം പ്രത്യക്ഷസിദ്ധം വിട്ടരിഹമുനയസ്താനിസിദ്ധൌഷധാനി.
വക്ഷ്യേത്യേഷാം പ്രസാദാദഹമതി കൃശധീഃ കാനിചിത്തേക്ഷപീദാനീ
മയുർവ്വേദോപദേശേഷ്വപതി ശയനിപുണാഃ ക്ഷുണ്ണമഹന്തിസന്തഃ
ആഹാരേഷു വിഹാരേഷു ഹീനമിത്ഥ്യാതിയോഗതഃ.
ദേഹാദികളിലുണ്ടാകും രോഗാദ്യാമയമാമയം.
തനിച്ചു മോരോന്നിലൊരൊന്നുചെന്നു-

മുഴുത്തു മുണ്ടാകിന ദോഷഭേദൈഃ.
വികല്പിത വ്യാധി നിദാനമേററം
ചുരുക്കമായ്ക്കൊണ്ടുപപാദയാമി.
അഴൽ മതികതിരോനെന്നിങ്ങിനെ വിശ്വരക്ഷാ-
മൂത്തമഖിലവദൈത്ഥോക്ഷപാഹൃതം ത്രിപ്രകാരം.
അഖിലതനുഷു തത്ത്വദീപകം യൽപദാർത്ഥ-
വ്യതികര സമദമതദ് ഭേഷജം ദോഷഹാരി.

End :

അഥ വേകാത ചോറുണ്ട വച്ചിയാംനൃണാമിഹ
തൊലിച്ചു പെരുനാരങ്ങാനീർ പിഴിഞ്ഞു കുടിപ്പിത്
വിഷൂചശാകജെരോഗെ വിശിഷ്ടതരമൌഷധം.
മാങ്ങാക്കുലവത്തൊയ്യും പടോലല ഭസ്മവാരിച.
മോരിൽ വേകിച്ചു കഴകല്പോമതിൽ ഫലതിക്തതഃ.
അലക്കലാവണക്കിന്നു കുടിക്ക മലയോത്ഭവം.
ശമിക്കുമഹിരേണാസ്യ വിഷസ്യ വികൃതിഃക്ഷണാൽ.
വാഴപ്പഴത്തിനതികത്തിനമോർ കുടിക്ക
ചാലെപ്പഴത്തകദളിക്കിഹ വാത്തകഞ്ഞി.
കോഷ്ണോദകത്തിൽ മിളകിൻ പൊടി ചിഞ്ചുമാകി
ലേപം വദന്തി ഭിഷജഃശമനൌഷധാനി.
വെപ്പീരത്തിനു നീരദം ചകണ വീരത്തിന്നുപത്ഥ്യാസ്സ്വഹി,
ക്കാഖ്യാതാഹ്യ പരാവിവസപതിതിലം ധുദ്ധൂര കാഖ്യൈ വിസം.
മേത്തോ(ന്നി)ക്കിഹ ചുക്കചേത്ഥ പീലാശം കാഞ്ഞിരങ്ങാവലെ
ന്നാഖ്യാതാന്യഖിലേഷു കൊൾവിതുവരിൽ പ്രത്യൌഷധാനിക്രമാൽ.

ഇതിൽ ജ്വരാദിരോഗങ്ങൾക്കുള്ള ചില സിദ്ധൌഷധങ്ങളെ പറയുന്നു. ചികിത്സാഭാഗങ്ങളെ പരിശോധിക്കുമ്പോൾ ഇതൊരു വിശിഷ്ട വൈദ്യഗ്രന്ഥമാണെന്നു പറയണം. പാരമ്പര്യസിദ്ധമായ പല യോഗങ്ങളും ഇതിലുണ്ടു്. കർത്തൃനാമം നിർദ്ദേശിച്ചിട്ടില്ല.

No. 214. ആദിത്യാദിബാധ.

ĀDITYĀDIBĀDHA.

Substance, paper. Size, $9\frac{3}{4} \times 10\frac{3}{4}$ inches. Pages, 10. Lines, 20 on a page. Character, Malayalam. Condition, good. Appearance, new.

This work begins on page 49. The other works herein are, Sangrahasādhanakriyā 1-a, Putracinta 59.

Explains the astrological consequences of the changes in the positions of the sun and other planets. The language is generally faulty.

Printed.

Beginning :

മിത്രനാദി ഗ്രഹങ്ങൾക്കു ഭക്ത്യാനിത്യം നമാമ്യഹം.
ബാധചൊല്ലീടുവാനേററം ബോധമുള്ളവ(ർ) ചൊന്നതു്.
ആദരാൽ പറവാനെൻെറ ആചാൎയ്യപദപങ്കജം.
സുഖമെകരുതീടുന്നേനകമെ തെളിവാനിഹ.
ബുദ്ധികൌശലമില്ലെന്നാലുത്തമന്മാർ പൊറുത്തിടും.
ഭൂസുത(ര)ക്കെക്ക നെന്നാകിൽ ബാധശൈവത്തിലുള്ളതാം.
ദേവ പ്രതിഷ്ഠ മേടത്തിൽ പത്തു തീയതിയോളവും
ഭൂസുരന്മാർ പ്രതിഷ്ഠിച്ചൊന്നത്രെ പത്തിന്നു മേലതും.

End :

ശത്രുസ്ഥാനാധിപൻ തന്നെ പത്തിലെ വേറെ കമ്മമാം.
സൈപരമായിട്ടിരിക്കുന്നോർ വൈരമായിച്ചമഞ്ഞുപോം.
ദുക്രിയാതത്ര ഭാഗത്തുമോൎക്കണം തത്രഹേതുകൾ പിന്നെയും
യുക്തികൊണ്ടുരചെയ്യേണം ഭക്തിയേററം വളൎക്കണം.
ചന്ദ്രൻ ബാധ കൊടുക്കുമ്പോൾ നിന്നരാശ്യധിപന്നെയും
ഓൎത്തു ചൊല്ലുകിലെ രോഗം തീൎത്തുകൂട്ടും നമുക്കെടോ.
ബാധകാധിപനും കേന്ദ്രെ വാസമായീടിലും ദൃഢം.
ചിലനാളേറുമെ രോഗം ചിലനാൾ കുറയും ദൃഢം.
കാരകൻ കണ്ടകെ നിന്നാൽ പാരമായുള്ള രോഗവും
ബാധയാലുള്ളതും ചൊല്ലാം ഗുരു ഭക്ത്യാ വിശേഷതഃ

Colophon :

സൂൎയ്യാദി ബാധകൾ സമാപ്തം.

ഈ ഗ്രന്ഥത്തിൽ സൂൎയ്യാദിനവഗ്രഹങ്ങളുടെ ബാധ, ഗ്രഹങ്ങൾ ഓരോ രാശികളിൽ നിന്നാലുള്ള ഫലങ്ങൾ മുതലായതു പറയുന്നു. കൎത്തൃനാമം ഇതിൽ നിർദ്ദേശിച്ചു കാണുന്നില്ല ഗ്രന്ഥം സംപൂൎണ്ണമാകുന്നു. അക്ഷരവീഴ്ചകൾ ചിലെടങ്ങളിൽ കാണുന്നുണ്ടു്.

No. 215. ആൎയ്യഭടീയവ്യാഖ്യാ.

ĀRYABHAṬĪYAVYĀKHYĀ.

Substance, paper. Size, $10\frac{6}{8} \times 9\frac{6}{8}$ inches. Pages, 91. Lines 20 on a page. Character, Malayalam. Condition, good.

This work begins on page 9. The other work herein is Āryabhaṭīya in Sanskrit, page 1.

A commentary, in Malayālam, on the *Āryabhaṭīya* by Ghaṭīgōpa. This contains the *Gaṇita* portion. The name of the author of this commentary is not given.

Beginning :

ഹരിഃ ഗണിതപാദത്തിങ്കൽ മുപ്പത്തിമൂന്നാര്യകളെക്കൊണ്ടു യുക്തിസിദ്ധമായി ഇരിക്കുന്ന ഗണിതത്തെ ചൊല്ലുവാൻ തുടങ്ങുന്ന ആര്യഭടാചാര്യൻ നടെത്തെ സൂത്രംകൊണ്ടിഷ്ടദേവതാനമസ്കാരവും ചികീർഷിത പ്രതിജ്ഞയും ചെയ്യുന്നു.

ബ്രഹ്മകുശശിബുധഭൃഗുരവികുജഗുരുകോണ ഭഗണാന്നമസ്കൃത്യ.
ആര്യഭടസ്ത്വിഹനിഗദതി കുസുമപുരെഭ്യർച്ചിതംജ്ഞാനം. ഇതി

നടെ ബ്രഹ്മനയും ഭൂമിയെയും ചന്ദ്രബുധശുക്രരവികുജഗുരുശനി ഭഗണങ്ങളേയും നമസ്കരിച്ചിട്ടു കുസുമപുരവാസികളാൽ അഭ്യർച്ചിതമായിരിക്കുന്ന ഗണിതാദ്യഭിജ്ഞാനത്തെ വർഗ്ഗമൂലാദിക്ഷേത്രച്ഛായാശ്രേഢീ സമകരണ കുട്ടകാരാദ്യഭിജ്ഞാനത്തെ ചൊല്ലുന്നു ഇനി ഇങ്ങിനെയുമൊരർത്ഥ (ർത്ഥം) മൂഹിക്കാം. ഭൂമി നിശ്ചല എങ്കിലും ജ്യോതിശ്ചക്രസ്ഥകളായിരിക്കുന്ന അശ്വ്യാദിതാരകൾ? ഭൂമിയെ പ്രാങ്മുഖമായിട്ടു പരിഭ്രാന്തിയായി കല്പിക്കിന്നു. തദപേക്ഷയാ ഭൂമിയുമറുവഴനാഴികകൊണ്ടു ഒരു പരിവൃത്തി നടക്കും. അവിടെ പരിവർത്തനാധിക്യം ഭൂമിക്കാകയാൽ ബ്രഹ്മണോ നമസ്കാരാനന്തരം ഭൂമിയെ നമസ്കരിക്കുന്നു. തദനന്തരം ധരയെക്കാൾ (ൾ) ന്യൂനപരിവർത്താത്മകനായ ചന്ദ്രനെ ത്രിഘനദിവസൈശ്ചന്ദ്രസ്യൈകതപം പരിവർത്തനം ബുധസ്യദേഹദിനൈഃ ശുക്രസ്യമൂരാരിദിനൈഃ രവേർമതംശദിനൈഃ കുജസ്യസുജാതദിനൈഃ ഗുരോഃ പ്രബലവദിനൈഃ ശനെസ്സുതരാസനികദിവസൈഃ തദനന്തരം പരിവർത്തനഹീനങ്ങളായ അശ്വിന്യാദി നക്ഷത്രങ്ങളെ നമസ്കരിക്കുന്നു.

Colophon :

ആര്യഭടീയസ്യാസ്മിൻപാദെ ഗണിതാഭിധെതിഗംഭീരെ.
യദിഹഘടീഗോപേനപ്രോക്തം കിഞ്ചനബുധാഃക്ഷമദ്ധ്വമിദം.

ഗണിതപാദഭാഷാ സമാപ്തം.

End :

ആര്യഭടീയമിതിപൂർവ്വം സ്വയംഭുവാപ്രണിതം യൽ ജ്യോതി (ഃ) ശാസ്ത്രംതന്മൂലം കൃതമിദം തന്നാമ്നാ ആര്യഭടീയമിതിഖ്യാതി പ്രാപ്നോതി സദാസത്യം മഹതികാലാന്തരെ വിസ്ഫുടാർത്ഥം ഭവതിയഃ. അസ്യപ്രതികഞ്ചുകം ദോഷാശംകിതപാൽ പ്രതികഞ്ചുകം വിരോധംസഃ ആത്മനഃ സകൃതായുക്തഃ പ്രണാശമവകരോതി. അനേനയാഭക്തിപുരസ്സരം അസ്യശാസ്ത്രസ്യ അദ്ധ്യയനശ്രവണാദീനികരോതിസഃ ചിരകാലം സുകൃതായുക്ഷീലബ്ധ്വാ ഐഹികാമുഷ്മികഫലഭോഗീഭവതീത്യുക്തം.

പരമേശ്വരപാദാബ്ജ പാംസ (സു) പാവിതമൂർത്തിനാ.
ഏതദാര്യഭടീയസ്യാൽ യൽകിഞ്ചിദ്വ്യാഹൃതംമയാ
ഗ്രഹ്ണന്തുഗാഢധിക്ഷണാഃ കരുണാനമ്രിതചേതസഃ.
സന്തോവിഹായദോഷൌഘം ഗുണലേശാദൃതാശയാഃ.
ഘടീഗോപാഭിധാനസ്യവാങ്മനഃ കായവൃത്തിഭിഃ.
യൽകൃതംപദ്മനാഭസ്യ പൂജാതദഖിലംഭവേൽ.

ഈ ഗ്രന്ഥം ഘടീഗോപകൃതമായ "ആര്യഭടീയം" എന്ന സംസ്കൃതഗ്രന്ഥത്തിന്റെ ഭാഷാവ്യാഖ്യാനമാകുന്നു. ജ്യോതിശ്ശാസ്ത്രോപയുക്തമായ ഗണിഭാഗത്തെയാണ് ഇതിൽ പ്രതിപാദിച്ചിട്ടുള്ളതു്. ഭാഷാവ്യാഖ്യാനകർത്താവ് ആരാണെന്നുള്ളതിന്നു യാതൊരു തെളിവും ഗ്രന്ഥത്തിൽനിന്നു ലഭിക്കുന്നില്ല. ഇതു അച്ചടിച്ചിട്ടുള്ളതായും തോന്നുന്നില്ല.

No. 216. ഉപരാഗക്രിയാക്രമം. ഭാഷാവ്യാഖ്യാസഹിതം.

UPARĀGAKRIYĀKRAMAM WITH MALAYALAM COMMENTARY.

Substance, paper. Size, $10\frac{3}{4} \times 9\frac{3}{4}$ inches. Pages, 47. Lines, 20 on a page. Character, Malayalam. Condition, good. Appearance, new.

Begins on page 1-a. The other work herein is Ēkaviṁśatipraśnottara 48.

A directory, in Sanskrit verse, for the rites to be performed, by the Hindus, during solar and lunar eclipses, together with a commentary, in the Malayālam language upon it. The name of the commentator is not given in this work.

Not printed.

Beginning :

ഗുരൂണാം ചരണാംഭോജ പരാഗ പരമാണവഃ
മനോമുകുരമസ്മാകം പുനീയുരനുവാസരം. ഇതി

തിഥിയെ പ്രത്യക്ഷമാക്കുന്ന പ്രമാണത്തെ അറിവാൻ സാധനമായുള്ള സൂര്യഗ്രഹണ (ം) പ്രതിപാദിക്കുന്ന കരണത്തെ ചമപ്പാൻ തുടങ്ങുന്ന കവി മംഗലാർത്ഥമായിട്ടു ഇഷ്ടദേവതാനമസ്കാരത്തെ മുന്നിട്ടു ചമപ്പാൻ ഇച്ഛിക്കപ്പെട്ടതിനെ പ്രതിജ്ഞ ചെയ്യുന്നു.

മാർത്താണ്ഡഃ ഖ്യംപരഃ ജ്യോതിർന്നത്പാന്മാഭിവ്യിലിഖ്യതെ -
ഹിതായ മന്ദ ബുദ്ധീനാമുപരാഗക്രിയാക്രമം.

Colophon :

ഇതി ക്രിയാക്രമെ പവ്വാന്തവിഷയഃ പ്രഥമോദ്ധ്യായഃ

End :

പ്രാണേകലാ.
യുദ്ധേനരാജന്യ വീസാരിരന്തിഗെ
നിദേശവസർഗ്ഗേണ കരോതിഗോനസം
ഗജാസനംധിങ്മദനം ബബന്ധനം
പ്രാജ്ഞോന്നവേപാജാതനയോധരാപട്ടഃ
മലാത്മ്യയോ- ഭണ്ഡരയോ ഭുജപ്രിയോ
വിരാഗകൃദ്ധർമ്മലയോദദർഗയെ.
അയാവകശ്ചോരഭയം തിലാഢകോ
നവാനപയോപക്രമചാപലിപ്തികാഃ.

സൂര്യഗ്രഹണം, ചന്ദ്രഗ്രഹണം മുതലായവയുടെ ക്രിയാക്രമത്തെയാണ് ഇതിൽ പറയുന്നത്. മൂലഗ്രന്ഥം സംസ്കൃതഭാഷയാണ്. വ്യാഖ്യാനം കേരളഭാഷയിൽ എഴുതിയിരിക്കുന്നു. കർത്താവാരെന്നു ഇതിൽ നിർദ്ദേശിച്ചുകാണുന്നില്ല.

No. 217. ഏകവിംശതി പ്രശ്നോത്തരം.

ĒKAVIṀŚATIPRNŚNŌTTARAM.

Pages, 14. Lines, 20 on a page.

Begins on page 48 of the MS. described under No. 216.

A work on astrological calculations.

Not printed.

Beginning :

ഖസ്സൂര്യശ്ചന്ദ്രനേത്രസ്സുരിദധിപസുതാ തുംഗവക്ഷോജലഗ്നൈഃ
കാശ്മീരൈർല്ലോഹിതാംഗോ ബുധഃഹികഃവദഃ ശ്രീഗുരുർവ്വീക്ഷവാനാം |
സ്വച്ഛശ്രീമന്ദഹാസഃ ഫണിപതിശയനഃ താർക്ഷ്യകേതുഃ പരന്ത -
ജ്ജ്യോതിശ്ശാസ്ത്രൈകഗമ്യഃ സഭവതുഭവതഃശ്രേയസെ പദ്മനാഭഃ ||
നാനാശാസ്ത്രപയോധിതന്നിലുളവാം സദ്യുക്തിശുക്ത്യുദ്ഭവ -
പ്രൗഢാക്കസ്ഫുട മൗക്തികാവലിധരിച്ചീടും ഭവാനാന്തരം.
വിജ്ഞേയഃ പുനരേകവിംശതിവിധപ്രശ്നക്രമം ഭാഷയായ്
വിസ്താരേണവിലിഖ്യപത്രികയിലിന്നമ്പോടു സംപ്രേക്ഷയെ.
തന്ത്രസംഗ്രഹസംപ്രോക്ത ദശപ്രശ്നാനുസാരതഃ. |
അത്രൈകവിംശതിപ്രശ്ന ക്രമസ്സംവദപിലിഖ്യതെ. ||

അനന്തരം ഏകവിംശതി പ്രശ്നോത്തരത്തെ ചൊല്ലുവാൻ തുടങ്ങുന്നേടത്തു് നടെ അതിന്റെ സ്വരൂപത്തെ ചൊല്ലുന്നു.

End :

ജലെവലകൃതെസ്സമക' ജലെവലദലന്ത്യജെ.
തസ്മാല്ലം മസ്ഥഭക്തഞ്ചെ ജലെവലകൃതദ്ഭവേൽ.

ഈ ക്രിയചെയ്താൽ ഗാനകന്ദർപ്പദർപ്പകൃൽ, യന്നവരും.

ഇതിൽ ജ്യോതിശ്ശാസ്ത്ര സംബന്ധമായ ക്രിയാഭാഗത്തെയാണു് പറയുന്നതു്.

No. 218. കരണപദ്ധതി ഭാഷാവ്യാഖ്യാസഹിതം.

KARAṆAPADDHATI WITH MALAYALAM COMMENTARY.

ubstance, paper. Size, $10\frac{5}{8} \times 9\frac{1}{2}$ inches. Pages, 109. Lines, 20 on a page. Character, Malayalam. Condition, good. Complete.

This work begins on page 14-b. The other work herein is Karaṇapadhati in Sanskrit, page 1.

Contains the text of *Karaṇapaddhati* in Sanskrit and a commentary, in the Malayālam language, upon it. The name of the author of the commentary is not known. Astronomical calculations are dealt with in these two works.

Not printed.

Beginning :

നൂതനഗൃഹസോമസുതാ
രചിതായാഃ കരണപദ്ധതേർവ്വിദുഷാ.
ഭാഷാംവിലിഖതികശ്ചിൽ
ബാലാനാം ബോധനാൎത്ഥമല്പധിയാം. ||

അവിടെ ആചാൎയ്യൻ പ്രബന്ധത്തെ ചമപ്പാൻ തുടങ്ങുന്നേടത്തെ അതിന്റെ അവിഘ്നപരിസമാപ്തിക്കായ്ക്കൊണ്ടു ഇഷ്ടദേവതാവന്ദനത്തേയും പ്രബന്ധസ്വരൂപത്തേയും കാട്ടുന്നു.—

മാൎത്താണ്ഡാദീൻ ഗ്രഹാന്നത്വാ തൽപ്രസാദാദ്വിലിഖ്യതെ.
ഗുണഹാരഗുണാദീനാം കരണേകാപി പദ്ധതിഃ.

മാൎത്താണ്ഡാദികളായ ഗ്രഹങ്ങളെ നമിച്ചിട്ടു അവരുടെ പ്രസാദം ഹേതുവായിട്ടു ഗുണഹാരകജ്യോതി (സ്സു) കളുടെ കരണത്തിങ്കലേക്കു ഒരു മാൎഗ്ഗമെന്നാൽ ലേഖനം ചെയ്യപ്പെടുന്നു.—(1).

Colophon :

കരണപദ്ധതി ഭാഷായാം (പ്ര) ഥമോദ്ധ്യായഃ സമാപ്തഃ.

End :

അനന്തരം നക്ഷത്രങ്ങളുടെ മദ്ധ്യാഹ്നകാലലഗ്നത്തിൽ രാശിയിൽ ചെന്ന നാഴികകളെ വരുത്തുവാൻ ചൊല്ലുന്നു.

നക്ഷത്രമദ്ധ്യാഹ്നജകാലലഗ്നാ
ത്സ്വാസന്നരാശ്യന്ത്യജകാലലഗ്നം,
ത്യക്ത്വാവശേഷസ്യ ലവാഷ്ഷഡാപ്താ
സ്തദ്രാശിയാതാഘടികാ ഭവന്തി.—ഇതി.

അവിടെ നക്ഷത്രമദ്ധ്യാഹ്നത്തിങ്കലുണ്ടാക്കി കാലലഗ്നത്തിങ്കൽനിന്നു തന്റെ ആസന്നരാശ്യന്ത്യത്തിങ്കലേക്കുള്ള കാലലഗ്നത്തെ വാങ്ങി ശേഷത്തെ തിയ്യതിയാക്കി ആറിൽ ഹരിച്ചാൽ ആ രാശിയിൽ ചെന്ന നാഴികകൾ ഭവിക്കുന്നു.— ഇതി.

ഇതി കരണപദ്ധതി ഭാഷായാം നവമോദ്ധ്യായഃ സമാപ്തഃ. സമാപ്തോയം ഗ്രന്ഥഃ— ശുഭമസ്തു.

ഈ ഗ്രന്ഥം "കരണപദ്ധതി" എന്ന സംസ്കൃത ഗ്രന്ഥത്തിന്റെ ഒരു ഭാഷാവ്യാഖ്യാനമാകുന്നു. മൂലശ്ലോകവും ഇതിൽതന്നെ എഴുതിയിട്ടുണ്ടു്. ഭാഷാവ്യാഖ്യാനകൎത്താവിന്റെ പേർ ഇതിൽ എഴുതിക്കാണുന്നില്ല. അക്ഷരവീഴ്ചകൾ ധാരാളമുണ്ടു്. ഇതിൽ ഒമ്പതദ്ധ്യായം ഉണ്ടു്. ഇതു അച്ചടിച്ചിട്ടുള്ളതായും തോന്നുന്നില്ല. ജ്യോതിശ്ശാസ്ത്രീയമായ ക്രിയാഭാഗങ്ങളെയാണു് ഇതിൽ പ്രതിപാദിക്കുന്നതു്.

No. 219. കാലജ്ഞാനദീപം.

KĀLAJÑANADĪPAM.

Substance, paper. Size, 10 × 11 inches. Pages, 116. Lines, 20 on a page. Character, Malayalam. Condition, good. Appearance, new.

Complete.

Begins on page 1-a. The other works herein are Bhadradīpa 116-b and Muhūrtapadavī 173-a.

A treatise on the fixing up of auspicious hours for *Upanayanam* and other such religious functions.

Printed.

Beginning :

ധാത്രിയിൽ കരസംപക്കാൽ സൽഗ്രഹക്കാവിരാജതെ
തസ്മൈസ്സ്വാത്മനേജായ ഭാസ്കരായ നമോനമ-.
നത്വാവിശ്വേശപരം വാചം ഗുരുംചാധകരോമ്യഹം.
ശുഭകർമ്മസുബാലാനാം കാലജ്ഞാനായ ദീപകം.
ക്ഷമിപ്പരത്രെ സാധുക്കൾ ഇഹവിദ്യാബ്ധിപാരഗാഃ
മററുള്ളവർ ചിരച്ചാലും എന്തുചേതംനമുക്കിതിൽ
ഗുളികോവിഷ്ടിഗണ്ണാന്ത വിഷോദ്ഗ്ലകാള്ഗളാ അമീ

End :

ലഗ്നാംശകത്തിനും ഗ്രഹയോഗന്താൻ ഈക്ഷണം താൻ വന്നതുവണ്ണം പ്രായേണ പൂർവ്വോത്തരത്തിന്ന് പശ്ചിമം ദക്ഷിണവും അംശകഭേകോണം മൂന്നു വകയിലും മേടമാദിയായി ശിരസ്സിങ്കൽ ബ്രഹ്മവർഗ്ഗം പുഷ്പരാശിയായിവരും. രാത്രിയാകിൽ തന്റെ ജാതിയിലൊന്നു പിടിച്ചുവരും. മുഖത്താകിൽ ബ്രഹ്മചാരി ദണ്ഡധാരിയായി രാത്രിയാകിൽ ബ്രഹ്മവർഗ്ഗം സൂത്രധാരിയായി കഴുത്തിൽ മിഥുനം വാരിജംതാൻ.

Colophon :

എല്ലാടവും ചൊല്ലൊല്ലാ. ഇങ്ങിനെ പാരമ്പര്യം.

ഈ "കാലജ്ഞാനദീപം" എന്ന ഗ്രന്ഥത്തിൽ കാലനിർണ്ണയത്തേയും തൽഫലാദികളേയും മററും പ്രതിപാദിക്കുന്നു. ഗ്രന്ഥം അച്ചടിച്ചിട്ടുണ്ട്.

No. 220. കാലദീപികാവ്യാഖ്യ.

KĀLADĪPIKĀVYĀKHYA.

Substance, paper. Size, $10\frac{7}{8} \times 9\frac{3}{4}$ inches. Pages, 393. Lines, 20 on a page. Character, Malayalam. Condition, good. Appearance, new.

This is otherwise known as Bālaśaṅkaram, and is a commentary on *Kāladīpika.* It consists of three parts ; in the first part are explained the characteristics that make a particular time inauspicious, in the second part the auspicious hours for sixteen rites are described, and in the third part are explained auspicious hours for installing images of gods and goddesses, for the coronation of kings, etc. Author of this work is Mazhamangalam Sankaran Nambudiri, Desciple of Parameś varan Poṭṭi

Printed.

Beginning :

തുമ്പിതിങ്കളൊടുകേക(കൈത)തന്നെയും
ചൂടുമപ്പനുടെ യോമലുണ്ണികൾ.।
ബാലകായ പൊഴുതോടു ഭാഷയാ
ചൊല്ലുവാനിഹതുണപ്പു(ക)താകമെ. ।।
ധാത്രിയിൽ കരസംപൎക്കാൽ സംഗ്രഹക്ഷാവിരാജതെ.
തസ്മൈസൎവ്വാത്മനേത്രായ ഭാസ്കരായനമോനമഃ
വന്ദെഗിരീശം ഗിരിജാ സമേതം.
കൈലാസ ശൈലേന്ദ്രഗൃഹാഗ്രഹസ്ഥം.।.
അങ്കെനിഷണ്ണേന വിനായകേന
സ്കന്ദേനചാത്യന്ത സുഖായമാനം. ।।
കരോമിവാചാനത്വാഹം ഗുരുംചപരമേശ്വരം
ശുഭകൎമ്മസുബാലാനാം കാലജ്ഞാനായദീപികാ.

ഇതി യാതൊരു പൊഴുതു നിരൂപിപ്പാൻ തുടങ്ങുമ്പോൾ അങ്ങോട്ടു ഇങ്ങോട്ടു പരിഭ്രമിച്ചു നിരൂപിയാതെ ഇക്രമത്താലെ നിരൂപിച്ചു കൊൾകിൽ എളുപ്പവുമുണ്ടു്.

Colophon :

ഇതിബാലശങ്കരനാമ്നി ദിനവിഭാഗാദികഥനംനാമ
തൃതീയോദ്ധ്യായഃ സമാപ്തഃ.

End :

കാൎത്തികാമകവുംതൊട്ടു ചൈത്രാവിട്ടംതുടങ്ങിയും
മുമ്മൂന്നിലൊന്നിലാദിത്യൻ നില്പതൊക്കവെറുംകടം.
പുണൎതംചിത്രഉത്രാടം രേവത്യാദികളുംതഥാ
അത്തമാതിരപൂരാടം ഉത്രട്ടാതീചനാലുതുൺ
ഇരിപത്തെട്ടുനാൾകൊണ്ടു് മൂന്നുക്രുട്ടങ്ങളിങ്ങിനെ.
രവിനില്ലാത്തക്രുട്ടങ്ങൾ പൂൎണ്ണകുംഭങ്ങളായ് വരും.

Colophon :

ഇതി പരമേശ്വരപ്രിയശിഷ്യേണ ശങ്കരേണ വിരചിതെ കാലദീപികാ വ്യാഖ്യാനെ ബാലശങ്കരനാമ്നി പഞ്ചവിംശോദ്ധ്യായഃ

ഇതി—സമാപ്തോയം ഗ്രന്ഥഃ

കാലദീപികാ വ്യാഖ്യാനമെന്ന ഈ മുഹൂൎത്ത ഗ്രന്ഥത്തെ മൂന്നു ഭാഗങ്ങളായി പിരിച്ചിരിക്കുന്നു. അതിലെ പൂൎവ്വഭാഗത്തിൽ മുഹൂൎത്തദോഷങ്ങളെക്കുറിച്ചും മദ്ധ്യമഭാഗത്തിൽ ഷോഡശകൎമ്മങ്ങളുടെ മുഹൂൎത്തങ്ങളെകുറിച്ചും ഉത്തരഭാഗത്തിൽ പ്രതിഷ്ഠ, രാജാഭിഷേകം

മുതലായ പല വക വിഷയങ്ങളുടെ മുഹൂർത്തങ്ങളെക്കുറിച്ചും വിസ്തരിച്ചു പ്രതിപാദിക്കുന്നു. ഗ്രന്ഥകർത്താവ് ചെങ്ങന്നൂർ വാഴമാവേലി പരമേശ്വരൻ പോററിയുടെ ശിഷ്യനായ മഴമംഗലത്തു ശങ്കരൻ നമ്പൂതിരിയാണ്. ഈ ഗ്രന്ഥത്തിന്നു "ബാലശങ്കരം" എന്നും പേർ പറഞ്ഞുകാണുന്നുണ്ട്. ഇതു്, തിരുവനന്തപുരം ശ്രീവഞ്ചി സേതു ലക്ഷ്മീ ഗ്രന്ഥാവലിയിൽ നിന്നു അച്ചടിച്ചു പ്രസിദ്ധംചെയ്തിട്ടുണ്ട്.

No. 221. ക്രിയാക്രമം.

KRIYĀKRAMAM.

Substance, paper. Size, 11 × $9\frac{3}{4}$ inches. Pages, 86. Lines, 20 on a page. Character, Malayalam. Condition, good. Appearance, new. Complete.

A treatise on the *Sphuṭa gaṇita* or correct calculation of the motion of the planets.

Not printed.

Beginning :

മാസവും ദിവസവും സങ്ക്രാന്തിശേഷവും വെച്ച യോഗ്യാദി സംസ്കരിച്ചാൽ ആദിത്യസ്ഫുടംവരും. യോഗ്യാദിയജ്ഞാദിധനം രത്നാദിഋണം. പിന്നെ അറുവതിൽ അന്നത്തെ യോഗ്യാദിസംസ്കരിച്ചാൽ ആദിത്യന്റെ ഗതിവരും. പിന്നെ വാക്യം വെച്ചു ധ്രുവംകൂട്ടി അഹർമ്മാനവും ധ്രുവസംസ്കാരവും സംസ്കരിച്ചാൽ ആദിത്യോദയത്തിങ്കലെ ചന്ദ്രസ്ഫുടംവരും.

Colophon :

ഇതിക്രിയാക്രമെ പ്രഥമ:ഖണ്ഡഃ.

End :

ആഷാഢമാസത്തിൽ പഞ്ചമീഞായറാഴ്ച തുടങ്ങി കൂട്ടിയാൽ ക്രമേണ ഫലത്തെ ചൊല്ലുന്നു. വർഷമില്ല. അതിവർഷം യുദ്ധം വളരെ ഉണ്ടാകുക കാറേറുക സുഭിക്ഷം പ്രളയാതാപം ഇത്യാദി ലക്ഷണങ്ങളത്രെ സംഹിതയിലാകുന്നതു്. ഇതിന്റെ വിസ്താരം വരാഹസംഹിത തുടങ്ങിയുള്ള ഗ്രന്ഥങ്ങളിൽ ഉണ്ടു എന്നറിക. ഇങ്ങിനെ പല ഗ്രന്ഥങ്ങളിൽനിന്നും എടുത്ത അത്യാവശ്യമായി ജ്യോതിശ്ശാസ്ത്രത്തെ ചുരുക്കിപറഞ്ഞതായെന്നറിക. ഇതെല്ലാം സജ്ജനങ്ങൾ വഴിപോലെ നിരൂപിച്ച് ശോധിച്ചുകൊള്ളേണം.

Colophon :

ഇതി ഗ(ണി)തസംഗ്രഹത്തിന്റെ ഭാ൧ സമാപ്തം.

ആദിത്യസ്ഫുടം മുതലായതു ഇതിൽ ഒരു വിധം വിവരിച്ചു പറയുന്നുണ്ട്.

No. 222. ജാതകപദ്ധതി.

JĀTAKAPADDHATI.

Substance, paper. S!ze, $10\frac{7}{8}$ × $9\frac{3}{4}$ inches. Pages, 80. Lines, 20 on a page. Character, Malaya/am. Condition good. Appearance, new.

Begins on page 328, The other works herein are Praśnasāra 1-a. Praśnajñanam 263.

Explains the astrological results of the relative positions of the planets.

Beginning :

അവിടെ നടെ ആചാൎയ്യൻ ഗുരുപ്രണാമത്തെ മുമ്പെട്ടത്ത ചികീൎഷിതത്തെ പ്രതിജ്ഞ ചെയ്യുന്നു.

നത്വാതാംഗുരുദേവതാം ത്രിസമയജ്ഞാനോദ്ഗതേഃകാരണം
തൽപാദാംബുരുഹപ്രസാദ വികസദ്ബോധോബുധശ്രീപതിഃ
ശിഷ്യപ്രാൎത്ഥനയാവിചാൎയ്യ സകലാൻഹോരാഗമാൎത്ഥാൻമുഹു-
ൎല്ലക്ഷ്യജാതകകൎമ്മപദ്ധതി മഹാഹോരാവിദാംപ്രീതയെ.

End :

ഉത്രാടമുത്രംമൃഗമാൎദ്ദ്രബുദ്ധ്നീ
ചിത്രാദിനാലും ഭുജഗാത്തമൂലം
നല്ലാൎദ്ദ്രയുംനന്നു ജലധിചാൎദ്ധൻ
നോക്കുന്നരാശൌകൊടി ഇട്ടുകൊൾക.
തൽസൂൎയ്യവാസരെ അന്നൊക്കതാരാസപംബൃഹൽ ാസസംയുതേ
അധോമുഖെ ചരെരാശൌ അന്തൎവ്വത്ന്യൌഷധംപിബേൽ.
കമേശാമ്പിതം കൊളംബാന്മാസാപൈൎക്കരയനംസ്മൃതം ||.

ഇതിൽ ജാതകംനോക്കി ഗ്രഹസ്ഥിതിയനുസരിച്ചു പറയേണ്ട ഫലങ്ങളെ പറയുന്നു.

No. 223, ജാതകഫലം.

JĀTAKAPHALAM.

Substance, paper. Size, 11 × 10 inches. Pages, 5. Lines, 20 on a page. Character, Malayalam. Condition, good. Appearance, new Incomplete.

This work begins on page 1-a. The other works herein are Jyotisham, 9. Jātakasāra, 17. Laghujātakapaddhati. 33 Jyotiṣa, 73.

Explains the astrological results of the relative positions of the planets in the twelve *Bases* (signs of the Zodiac) of the horoscope.

Beginning :

മദീയഹൃദയാകാശെ സൎവ്വസൂൎയ്യാദയോഗ്രഹാഃ.
ഉദയാന്താ വക്രഗത്യാവിനാസ്തന്നഃ പ്രയാന്തുച.
ശ്രീമൽ ഗുരുപദാംഭോജം നമസ്കാരപുരസ്സരം
ജാതകസ്യ ഫലം കിഞ്ചിൽ ലിഖ്യതെ ഭാഷയാ മയാ
ബാലൻ പിറന്നാലപ്പോഴെ ബാലാരിഷ്ടങ്ങളോൎക്കണം.
അപവാദങ്ങളും തത്ര സൂക്ഷിക്കേണം യഥാവലെ
പാപന്മാരൊക്കെ രാശിടെ ഒടുക്കത്തെ നവാംശകെ
നില്ക്കുമ്പോളിന്ദുഹോരായാം സന്ധ്യയിങ്കൽ പിരക്കിലും
കേന്ദ്രത്തിലൊക്കെനിന്നാലും ചന്ദ്രനും പാപിമൂൎത്തരും.
നാലാംഭാവം തുടങ്ങീട്ടു പത്താം ഭാവത്തിലുള്ളില്ല്.

End :

ശുഭവൎഗ്ഗസൌമ്യന്മാരെന്നാൽ നീക്കമരിഷ്ടകം.
മൂന്നാറ പതിനൊന്നിങ്കൽ ശുഭൻ നോക്കിയ രാഹുവും
സൎവ്വാരിഷ്ടം കളഞ്ഞീടും അന്നേരമൊരു ശോഭനൻ
യുദ്ധത്തിങ്കൽ ജയിച്ചാലും കൂടിട്ടു ശുഭദൃഷ്ടികൾ.
വ്യാഴം ചന്ദ്രനുടെ കേന്ദ്രെ നിന്നീടുകിലരിഷ്ടഹാ.
ഗജകേസരിയാം യോഗം ഇതപാരം പ്രധാനമാം.
ഏററവും ബലമുണ്ടായി ലഗ്നാധിപതി കേന്ദ്രതാ
ശുഭദൃക്കിയുമുണ്ടായി നിന്നാലായുസ്സു ദീർഘമാം.
ലഗ്നത്തിൽ . . . .

ഈ ഗ്രന്ഥത്തിൽ ഓരോ രാശിയിൽ ഗ്രഹങ്ങൾ നിന്നാലുള്ള ഫലങ്ങളെ പറയുന്നു. ഗ്രന്ഥം അപൂൎണ്ണമാണ്. ഇതു കേരളത്തിൽ ചില സ്ഥലങ്ങളിൽ അച്ചടിച്ചിട്ടുണ്ട്. കൎത്തൃനാമം ഇതിൽ നിർദ്ദേശിച്ചിട്ടില്ല.

No. 224. ജാതകസാരം ഭാഷാവ്യാഖ്യാസഹിതം.

JĀTAKASĀRA WITH MALAYALAM COMMENTARY.

Pages, 14. Lines, 20 on a page.

Complete Putrachintādhyāya.

Begins on page 17 of the MS. described under No. 223.

A work on Horoscopy.

Not printed.

Beginning :

ജയതി ജഗദേകഹേതു
ൎവ്വിശദാത്മാ സൎവ്വലോക ദീപകരഃ.
അനുദിനമുദയ വിനാശ
സ്ഥിതി കൎത്താ ഭാസ്കരോ ദിനാധീശഃ.

ദിനാധീശഃ അനുദിനം ഉദയവിനാശ സ്ഥിതികൎത്താ ഭാസ്കരഃ ജയതി. . .

ദിവസങ്ങൾക്കു അധിപതിയായി ദിവസം പ്രതിസൃഷ്ടിപ്പാനും രക്ഷിപ്പാനും സംഹരിപ്പാനും കൎത്താവായിരിപ്പോരു ശ്രീസൂൎയ്യൻ സൎവ്വസ്മാദുപരിവൎത്തി വൎത്തിക്കുന്നു. എല്ലാ ലോകങ്ങൾക്കും ഹേതുഭൂതനായിട്ടും സൎവ്വസ്ഥാവരജംഗമങ്ങളുടെയും ആത്മാവായി സൎവ്വലോകങ്ങൾക്കും പ്രകാശത്തെ ഉണ്ടാക്കുന്ന രശ്മികളോടു കൂടിയിരിപ്പോരുത്തൻ.

ഇനി ഇന്ന വ്യാഴത്തിൽ സന്തതി എന്നു ചൊല്ലുമാൻ അഞ്ചാമേടത്തുടയവന്നിന്ന രാശിയിലും നവാംശകത്തിലും ഗുളികൻ നിന്ന രാശിയിലും ഇവററിന്റെ ത്രികോണങ്ങ

End :

ളിലും ജീവാഷ്ടകവർഗ്ഗത്തിങ്കൽ പരലേറിയ രാശിയിലും വ്യാഴത്തിൻെറ അഞ്ചാമേടത്തുട യവൻ നിന്ന രാശിയിലും നവാംശകങ്ങളുടെ ത്രികോണങ്ങളിലും സന്താന യമകണ്ടകൻ നിന്ന രാശി ത്രികോണങ്ങളിലും വ്യാഴം ചെല്ലുന്ന നാൾ സന്തതി ഉണ്ടാകും—

ജീവെത്തു ജീവാത്മ ജനാഥ ഭാംശക
ത്രികോണഗെ പുത്ര ജനിർവ്വേന്നൃണാം
അഥാന്യശാഃസ്ത്രേണ ച ജന്മകാലതൊ
നിരൂപയേൽ സന്തതി ലക്ഷണം ബുധഃ.

Colophon :

ഇതി ജാനകസാരെ പുത്രചിന്താദ്ധ്യായഃ പഞ്ചമഃ.

സംസ്കൃത ഭാഷയിൽ ഉള്ള ജാതകസാരം പുത്രചിന്താദ്ധ്യാത്തിൻെറ ഒരു ഭാഷാ വ്യാഖ്യാനമാണ് ഇതു്. പുത്രചിന്താദ്ധ്യായം മൂലവും ഇതിൽ തന്നെ കാണുന്നുണ്ടു്. അക്ഷരവീഴ്ചകൾ ധാരാളമുണ്ടു്. ഭാഷാവ്യാഖ്യാനകർത്താവ് ആരെന്നു ഇവിടെ പറഞ്ഞു കാണുന്നില്ല. അച്ചടിച്ചതായും പ്രസിദ്ധിയില്ല.

No. 225 ജ്യോതിഷം.

JYŌTIṢAM.

Pages, 5. Lines, 20 on a page.

Incomplete.

This work begins on page 9 of the MS. described under No. 223

On the astrological consequences of the various changes in the positions of the planets, etc. The name of the author is not known.

Beginning :

ഇങ്ങിനെ ചക്രം വരച്ചാൽ അതിൻെറ ഈശാന്തം മേൽപുറത്തുനിന്ന തുടങ്ങികാർത്തിക നാൾ തുടങ്ങി എടമെ എണ്ണു അന്നേ ഞായററു നിലയോളം എണ്ണംപ്രകാരം ഈശാന്ത മേൽപുറത്തു വരമേൽ നടെ പിന്നെ നട്ടുവിൽ പിന്നെ അകത്തെ വരമേൽ പിന്നെ നട്ടമിററത്തു പിന്നെ വടക്കകത്തെ വരമേൽ നട്ടുവിൽ പുറത്തു പിന്നെ വായുകോണത്തു പുറത്ത പരനട്ടുപ അകത്തെ വര. പിന്നെ നട്ടമിററം, പിന്നെ ക്രമത്താലെ പടിഞ്ഞാറു പുറപ്പെട്ട നിഋതിയുടെ അകത്തു പുക്ക നട്ടമിററത്തു വന്നാൽ തെക്ക പുറപ്പെട്ട അഗ്നികോണിലകം പുക്കമിററത്തു വന്നാൽ കെഴക്ക പുറപ്പെട്ടു.

End :

ഉൽത്തി പടിക്കും അപ്പുരംപര ധരിക്കും. വൃക്ഷം വീണതാൻ വൃക്ഷത്തിന്മെന്ന വീണു താന്മരിക്കും. ന (11) ധനു (ന) ലാഭം. നിധികിട്ടുകിലുമാം. പന്ത്രണ്ടാമെടത്താകിൽ ശയനവിരോധം വ്യയവും ദുഃഖവും ഫലം. ഇങ്ങിനെ ധൂമാദികളുടെ ഭാവഫലങ്ങൾ.

Colophon :

ഇതി ധൂമാദികളുടെ ഭാവഫലങ്ങൾ സമാപ്തം.

ഈ ഗ്രന്ഥത്തിൽ, സൂർയ്യാദിഗ്രഹനക്ഷത്രാദികൾ കാലചക്രത്തിൽ നിന്നാലുള്ള ഫലങ്ങളെ ചുരുക്കത്തിൽ പ്രതിപാദിക്കുന്നു. കാലചക്രത്തെ ഇതിൽ ആരംഭത്തിൽതന്നെ വരച്ചുകാണിച്ചിട്ടുണ്ടു്. ഇതു അച്ചടിച്ചിട്ടുള്ളതായി അറിവില്ല. കർത്തൃനാമം ഇവിടെ കാണുന്നില്ല.

No. 226, ജ്യോതിഷം.

JYŌTIṢAM.

Pages, 12. Lines, 20 on a page.

This work begins on page 73 of the MS. described under No. 223.

A treatise on prognostication.

Not printed.

Beginning :

ഏവം വിലിഖ്യ ബഹുധാദശാസ്സൂക്ഷ്മാവിചാരയേൽ
ഉച്ചനീചം തതശ്ചക്രം തതോനാക്ഷത്രമേവച
അന്യാ ദശാശ്ചസംവീക്ഷ്യസംവാദമപി ചിന്തയേൽ
മാതാപിത്രോസ്സു നിർയ്യാണം പുത്രോല്പത്തിം തഥൈവ ച.
ആത്മനസ്സു ഗുണാദോഷാനേവമേവ വിചാരയേൽ
നിർയ്യാണാനി തതോ ദൃഷ്ട്വാപാസ്ഥാപ്യമന്ദാർയ്യ ഭാസ്കരാൽ,
ദശാസംവാദമാലോക്യ നിർയ്യാണം വിലിഖേൽ ബുധഃ.

End :

കർമ്മമരുതിയിൽ വ്യാധിയാരംഭിച്ചു. ഉപാധിമരുതിയിൽ മറവിതുടങ്ങുക. പ്രശ്നമരുതിയിൽ മരണം നിശ്ചയം. പ്രശ്നമരുതിയെക്കാൾ കർമ്മമരുതി മികച്ചിരിക്കിൽ ഒരുകവണ്ണം കർമ്മം മുടിഞ്ഞീല കർമ്മപ്രവൃത്തിയാൽ സാധിക്കും.

ഹേമാദ്രൌഹേമപീഠസ്ഥിതി രഖിലജനൈരീഡ്യമാനാം വിരാജൽ
പുഷ്പേ പക്ഷിക്ഷപാസപാശാങ്കുശകര കമലാ [മ] രക്തവേഷാദി രക്താ.
ഇക്ഷ്വാദ്യൈർഭിത്ത്വ തുഭിർമ്മണി മയകലശൈ പഞ്ചശക്ത്യഞ്ചിതൈസ്സാ.
വ്യാക്ഷെ ! . . . .

Colophon :

സമാപ്തം

ഈ ഗ്രന്ഥത്തിൽ പ്രഷ്ടാവു് പ്രശ്നം ചെയ്യുമ്പോൾ ആ കാലത്തിന്നു അനുഗുണമായ ഫലങ്ങളെയും രാശി ഫലങ്ങളേയും മററും പ്രതിപാദിക്കുന്നു.

No. 227. പുത്രചിന്ത.

PUTRACINTA.

Pages, 16. Lines, 20 on a page.

This work begins on page 59 of the MS described under No. 214.

On the prediction of the merits and defects of new-born sons by observing the *Lagna* in which they were born. The name of the author is not known.

Beginning :

പുത്രസ്ഥാനാധിപന്മാരെങ്കിലും ബലഹീനനാകിലും പുത്രൻ ബലവാനല്ല. നീചാരി മൂഢഗതനാകിലും പാപദൃയോഗദൃക്കി ഉണ്ടാകിലും ശോഭനമല്ല. പുത്രസ്ഥാനാധിപൻ ദുശ്ശ്യാലഗതനാകിൽ ശുഭം. നീചാരി ഗ്രഹദർശനമാകിൽ നേഷ്ടം. നീചാരിമൂഢഗതന്മാരാകിൽ പാപികളാകിൽ ശുഭമല്ല, ശുഭന്മാരാകിൽ രോഗിയായിരിക്കും. അശുഭനാകിൽ ഗുളികകാൽ നിന്നരാശിയിൽ ഗ്രഹംചെല്ലുന്നാൻ മരണം. ആദിത്യൻ നിന്നരാശിയിൽ താൻ അഷ്ടമാധിപന്റെ രാശിയിൽതാൻ ചെല്ലുന്നാൽ ദോഷം ചൊല്ലുക.

End :

മൃതവിനെക്കാൾ പ്രാണൻ വലുതാകിൽ മുന്നം ചൊല്ലിയപോലെ ഗുളികസംഖ്യയുടെ കൂററിൽ മോഹിച്ചു് ഉദയലഗ്ന സംഖ്യയുടെ കൂറു തുടങ്ങിജ്ജീവിക്കും. ഇതു് അത്യാസന്നത്തിങ്കൽ നിശ്ചയമായി ഒക്കും.

Colophon :

പുത്രചിന്താ സമാപ്താ

ഈ ഗ്രന്ഥത്തിൽ പിറക്കുന്ന കുട്ടിയുടെ ഗുണദോഷങ്ങളെപ്പററി വിവരിക്കുന്നു. ഗ്രന്ഥം പൂർണ്ണമാകുന്നു. കർത്തൃനാമം, ഇതിൽ പ്രതിപാദിക്കുകാണുന്നില്ല.

No. 228. പ്രശ്നജ്ഞാനം.

PRAŚNAJÑĀNAM.

Pages, 65. Lines, 20 on a page.

Begins on page 263 of the MS. described under No. 222.

The religious rites preliminary to the answering of Astrological queries, etc., are explained. The name of the author is not known.

Beginning :

ഗുരൂണാംചരണാംഭോജ പരാഗപരമാണവഃ.
മനോമുകുരമസ്മാകം പുതിയൂരനുവാസരം.

പ്രശ്നഗ്രന്ഥത്തെച്ചമെപ്പാൻ തുടങ്ങുന്ന ആചാര്യൻ അതിനേററം അവിഘ്നപരിസമാപ്തിക്കായിക്കൊണ്ടു ഇഷ്ടദേവതാനമസ്കാരത്തെച്ചെയ്തു ചമെപ്പാൻ ഇച്ഛിക്കപ്പെട്ടതിനെ പ്രതിജ്ഞചെയ്യുന്നു.

End :

ഏത ഋക്തം ഭവതി. സ്വാംശകസ്ഥോ ഗ്രഹഃ സ്വാംശകയുക്തം ലഗ്നം പശ്യതി. തഥാത്രിനവകകോണേന നവകോണേന നവമെ വാസ്ഥിതാ സ്വമേവാംശം പശ്യതി. നവമസ്ഥാനം പഞ്ചമം സ്വാംശയുക്തം പശ്യതി തദാധാളുചിന്താം പ്രവദേൽ. തത്രാപി ധാമ്യ പ്രവിഭാഗോ ഗ്രഹാംശകവശം പാപഗ്രഹാംശകസ്ഥിതസ്യധാമ്യഃ സൌമ്യഗ്രഹാംശകസ്ഥിതസ്യാധർമ്മ്യപരാംശകസ്ഥത്ത്വ കഃരാതി ജീവഃയഃ

ഇരിൽ പ്രശ്നഫലങ്ങളെയും മററും പ്രതിപാദിക്കുന്നു. ഇതിൽ വേറെ പലജ്യോതിശ്ശാസ്ത്ര ഗ്രന്ഥങ്ങളിൽനിന്നും പല ഭാഗങ്ങളും എടുത്തെഴുതീട്ടുണ്ട്.

No. 229. പ്രശ്നരീതി.

PRAŚNARĪTI.

Substance, paper. Size, 11 × 10 inches. Pages, 143. Lines, 20 on a page. Character, Malayalam. Condition, good. Appearance, new.

Complete.

On prognostication by observing the peculiarities of the messenger sent to the astrologer.

Beginning :

ഗ്രഹങ്ങളെ വണങ്ങീട്ട് ഗ്രഹിപ്പാൻ മന്ദചേതസാം.
യത(ത്ന)ം ചെയ്യുന്നേനാവോളം പ്രശ്നരീതികൾ കാട്ടുവാൻ.
ശപാസമുള്ളോരുഭാഗത്തു ദൂതൻനിന്നുരചെയ്യിലോ.
വദ്ധിക്കു കാര്യമായുസ്സും മറിച്ചാകിൽ ക്ഷയിച്ചിടും.
ഇവരണ്ടും വലത്താകിൽ പുരുഷനെ(ന്ന)ററ[വു?] മുത്തമം.
സ്ത്രീണാംസുഖമിടത്താകിൽ കിഞ്ചിൽ ഭേദവുമുണ്ടിഹ.
ഉണങ്ങിയ മരം തീ നീർ ചുടലക്കളമുള്ളിടം.
സുഖമില്ലാത്തടം കാട്ടും ചോദ്യത്തിന്നശുഭങ്ങളാം
കുടിവാങ്ങിയപുരയിന്നും
കുന്നിൻമുകളിന്നു മണ്ടുകുഴിയിന്നും
പിണ്ഡ[ം]ശവം സംസ്കാരവു-
മെന്നിത്തമുള്ളെടം മഹാകഷ്ടം.

Colophon :

പ്രശ്നരീതിയിലീവണ്ണം ഭൂതലക്ഷണമാദിയിൽ
ലീലാപദ്യങ്ങളെക്കൊണ്ടു പറഞ്ഞു സ്പഷ്ടമായിതു്.

End :

ഫഴക്കുവല്ലതുംചെയ്യും മൂന്നാസ്സുരികിലേവനും
നാലിൽവല്ലാൻ വഴക്കേതും വൃദ്ധൻ മരണമഞ്ചിന്നു്.
അഞ്ചിൽകിഴിവതുടനെതന്നെ നാലിൽ കിഴിപ്പിതു്.
വരുംശേഷിച്ചവററിന്നു വാംശംക്ഷത്രിയനാദിയായ്.

രണ്ടിന്നുവൈശ്യൻ മൂന്നിന്ന് ശൂദ്രൻവിപ്രനതഃപരം
ഇവമൂന്നിൽ കിഴിച്ചിട്ട് ഒന്നാകിൽ വിലി ഒന്നപോൽ.
രണ്ടാകിൽ രണ്ടുതന്നെ മൂന്നാകിൽ മിഴി ഇല്ലപോൽ.
നീളംനട്ടവിടം തോതഃലദൃനുള്ള[അ]ംശ(ക)ങ്ങളെ.
പന്ത്രണ്ടിൽ (പന്തിരണ്ടിൽ) കിഴിച്ചിട്ടുശേഷംവന്നതു വംശമാം.
മേദിപാലും പൊൽതെടി ചെന്നവൻകഴിലാം,
ഇടവൈവൈശ്യൻ വംശംപോൽ ഉഡംവാണിഭക്കാരിയാം.
മിഥുനാന്നിന്നംനാ? ശൂദ്രനൊന്നിന്നും വ്യസനങ്ങൾവരാപുനഃ
കുളീരം ബ്രാഹ്മണഃവംശം കുളീരം രണഭൂമിയിൽ.
ത്രികോണിച്ചപ്പിനെക്കണ്ടാൽ വികാരം പിന്നെയൊക്കുമെ.

ഈ ഗ്രന്ഥത്തിൽ പ്രശ്നത്തിന്നു വേണ്ടിവരുന്ന ഭൂതൻെറ സ്ഥിതികൊണ്ടു പറയേണ്ടുന്ന ലക്ഷണങ്ങളേയും ഗണിതവും ഫലഭാഗവും മററും വിസ്തരിച്ചു പറയുന്നു. ഗ്രന്ഥകർത്താവ് ആരാണെന്നു ഇതിൽ പറഞ്ഞിട്ടില്ല. അക്ഷരവീഴ്ചകൾ ധാരാളമുണ്ട്.

No. 230. പ്രശ്നരീതി.

PRAŚNARĪTI.

Substance, paper. Size, 11 × 10 inches. Pages, 35. Lines, 20 on a page. Character, Malayalam. Condition, good. Appearance, new.

Same work as the above.
Incomplete.

No. 231. പ്രശ്നവിഷയം.

PRAŚNAVIṢAYAM.

Substance, paper. Size, 11 × 10 inches. Pages 28. Lines, 20 on a page. Character, Malayalam. Condition, good. Appearance, new.

Complete.

In Malabar, as elsewhere, some people open their religious works at random, and by noting the contents of the page so opened, predict the success or otherwise of the plans then in their minds. This work is written for use on such occasions.

Not printed.

Beginning :

എതാനുംപിഴഞ്ഞാനറിഞ്ഞു മറിയാതേകണ്ടു ചെയ്തീടിലും
മാതാവാകിയ നീപൊറുത്തു കൃപയാകാത്തീട വേണംനമാ.
കാത്തോളംവളരും കടാക്ഷമതുകൊണ്ടൊന്നെന്നെ നോക്കീട്ടുകിൽ
ഖേതംവന്നു ഭവിക്കുമോ തവശിവെ! ഹേമാഞ്ചികെ പാഹിമാം.

ഈ ദേശത്തു ചെന്നാൽ അതിഗുണംവരും. ഈ രാജാവിനെ സേവിച്ചാൽ ഗുണം വരാ. ഈ രാജാവ് കോപിച്ചുതുതീരും. ഈ കേട്ട വാർത്ത പരമാർത്ഥമല്ല. ഈ വഴക്കു ചെന്നു

കാണുകിൽ തീരും. ഈ കറുത്തമഴ പെയ്യാൻ താമസം. ഇവന്ന വിദ്യ പഠിച്ചാൽ വിദ്യ ഉണ്ടാം. ഈ ആളുടെ അനന്തരം ഭത്താ ഉണ്ടാം. ഈ യന്ത്രരക്ഷ ചെയ്യാൽ ഗുണംവരും. ഈ മന്ത്രം സേവിച്ചാൽ പ്രാപ്തുണ്ടാം. ഈ ആൾക്കു പുലയാട്ടും കളവുണ്ടാം.

End :

ഈ നിരൂപിച്ചകാൎയ്യം സാധിക്കം. ഈ നിരൂപിച്ച കാൎയ്യം ഗുണം പാൎത്താൽ. ഇവന്ന വിദ്യപഠിച്ചാൽ വിദ്യയുണ്ട്. ഈയാളുടെ അനന്തരം പ്രയാസം. ഈ യന്ത്രരക്ഷചെയ്യാൽ ഗുണംവരും. ഈ മന്ത്രസേവ ചെയ്യാൽ പ്രാപ്തുണ്ടാം. ഈ വരുവാൻ പറഞ്ഞ ആൾ ഒത്തുവരും. ഈ ദേശത്തു ചെന്നാൽ ഗുണം പ്രയാസം. ഈ രാജാവിനെ സേവിച്ചാൽ വള. ഈ രാജാവു കോപിച്ചതു തീരാ ഈ കേട്ട വാൎത്ത പരമാൎത്ഥംതന്നെ. ഈ വഴക്കാൎയ്യായതു തീരാൻ പ്രയാസം. ഹരിഃ ഈ നിരൂപിച്ചകാൎയ്യം അതിഗുണം. ഇവന്ന വിദ്യ പഠിച്ചാൽ വിദ്യപാൎത്താലുണ്ടാകും. ഈ ആൾക്കു അനന്തരം ഒരുക . . . . . ഈ യന്ത്രരക്ഷ ചെയ്യാൽ ഗുണം. ഈ ആൾക്കു പുലയാട്ടില്ല ദ്രവ്യം പറയാൻ, എന്ന,ഇതെല്ലാം "ഈ പശുവിനെ വാങ്ങിയാൽ ഗുണമോ ദോഷമോ" ഇത്യാദി ചോദ്യങ്ങൾക്കു ഉത്തരമായി ഭവിഷ്യം.

ഈ ഗ്രന്ഥം, രാമായണവും മററും കേരളീയർ പകുത്തുനോക്കി വിചാരിച്ച കാൎയ്യത്തിന്റെ ശുഭാശുഭ ഫലങ്ങളെ എങ്ങിനെ കണക്കാക്കാറുണ്ടോ അപ്രകാരം പകുത്തുനോക്കി "സാദ്ധ്യമോ അസാദ്ധ്യമോ" ഉണ്ടോ ഇല്ലയോ" എന്നും മററും നിർണ്ണയിക്കുന്നതിന്നു പററിയ ഒന്നാകുന്നു. ഗ്രന്ഥകൎത്താവിന്റെ നാമം ഗ്രന്ഥത്തിൽ പറഞ്ഞുകാണുന്നില്ല. ഇതിന്റെ മൂലമായ താളിയോലഗ്രന്ഥവുംഇവിടെയുണ്ട്. ഇതു അച്ചടിച്ചിട്ടും ഉണ്ടെന്നു തോന്നുന്നില്ല.

No. 232. പ്രശ്നവിഷയം.

PRAŚNAVIṢAYAM.

Substance, palm-leaf. Size, $5\frac{1}{2} \times 1\frac{1}{2}$ inches. Fol. 73. Lines, 6 or 7 on a page. Character, Malayalam. Condition, injured. Appearance, old.

Complete.

Same work as the above.

No. 233. പ്രശ്നസാര (പ്രശ്നമാൎഗ്ഗം).

PRAŚNASĀRAM

Substance, paper. Size, $10\frac{7}{8} \times 9\frac{3}{4}$ inches. Pages, 262. Lines, 20 on a page. Character, Malayalam. Condition good. Appearance, new.

On prognostication. The religious rites preliminary to the answering of astrological queries, etc., are explained. The name of the author is not known.

Beginning :

അജ്ഞാനതിമിരാന്ധസ്യ ജ്ഞാനാഞ്ജനശലാകയാ
ചക്ഷുരുന്മീലിതം യേന തസ്മൈ ശ്രീ ഗുരവെ നമഃ
സ്വസ്ഥചിത്തോ വിവിക്തസ്ഥഃ സമഭ്യർച്ച്യ ഗണാധിപം.
നിജാൻ ഗുരൂൻ ദേവതാംശ്ച സൂര്യാദീംശ്ച നവഗ്രഹാൻ.
സൂര്യാഭിമുഖ ആസിത്വാ മൌനീ സമ്യക ഹൃദീശ്വരം.
ധ്യായന്നാലോച്യ ശകുനാൻ പ്രശ്നം പ്രാരഭതാം ബുധഃ.

അനന്തരം വിളക്കും ഗണപതിയുംവെച്ച് അഷ്ടമംഗലവും വെച്ചാൽ രാശിചക്രംവരെപ്പൂ. അതിൽ അക്ഷതവും വിതറിയേപ്പൂ പിന്നെ ഗണപതി നിവേദിപ്പൂ. അഷ്ടമംഗല ദേവതകളേയും പൂജിപ്പൂ. ആത്മാരാധനചെയ്വൂ. പിന്നെ രാശിചക്രത്തുങ്കൽ ജലഗന്ധാദികളെക്കൊണ്ടു പൂജിപ്പൂ. ശ്രീ പഞ്ചാക്ഷരികൊണ്ടു അതിന്റെ പരിവാരത്രപേണമേഷാദി ദ്വാദശരാശികളെ തന്റെ തന്റെ സ്ഥാനത്തു പൂജിപ്പൂ. നവഗ്രഹങ്ങളേയും പൂജിപ്പൂ.

Colophon :

ഇത്യായുഃ പ്രശ്നഃ പ്രഥമോഽധ്യായഃ.

End :

തത്തനയസനിജായാസൂനുധന്യസ്സടാസ്സൻ
നരഇതി വിട്ടരബ്ദാൻ വഹ്നിപൂർവ്വോഡുപാനാം
രവിശശികുജനാഗ സ്വർഗ്ഗസംപൂജ്യതാക്ക-
പ്രഭവവിധുജകേതു സ്വച്ഛസംജ്ഞാധിപാനാം.

. . . . . . ണത്തിൽ ചന്ദ്രൻ നിൽക്കിൽ ഇരിപത്തനാളകത്തു ദോഷം ഇളെക്കം.—

"പ്രശ്നസാരം" എന്ന ഈ ഗ്രന്ഥത്തിൽ പ്രശ്നഫലങ്ങളെയും പ്രശ്നപ്രാരംഭത്തിൽ ചെയ്യേണ്ടതായ പൂജാദികളേയും മററുംപററി വിസ്തരിച്ചു പറയുന്നു. ഇതിൽ നാലദ്ധ്യായം പൂർണ്ണവും അഞ്ചാം അദ്ധ്യായം അസംപൂർണ്ണവും ആകുന്നു. പലജ്യോതിശ്ശാസ്ത്ര ഗ്രന്ഥങ്ങളിൽനിന്നും ഇതിൽ പ്രമാണങ്ങൾ ഉദ്ധരിച്ചുകാണുന്നുണ്ട്. കർത്തൃനാമം ഇതിൽ നിർദ്ദേശിച്ചു കാണുന്നില്ല.

No. 234. ഫലസാര സമുച്ചയം ഭാഷാവ്യാഖ്യ.

PHALASĀRASAMUCCAYAM BHĀṢĀVYĀKHYA.

Substance, paper. Size, 11 × 10 inches. Pages, 237. Lines, 20 on a page. Character, Malayalam. Condition, good. Appearance, new. Condition, good.

Incomplete.

A commentary on a work on Astrology. The authorship of the text and its commentary seems to belong to one and the same person.

Beginning :

മലയാളത്തിൽ ജ്യോതിശ്ശാസ്ത്രം അഭ്യസിക്കാത്തവര അഭ്യസിക്കുന്നു. അവരോട്ട് ബ്രാഹ്മണര് മുഹൂർത്തജാതകപ്രശ്നാദികൾ ചോദിക്കുകയും ചെയ്യുന്നു. അത രണ്ടും അധർമ്മമാകുന്നു. എന്നിട്ട് അതുകൊണ്ടു ബ്രാഹ്മണർക്കു പലർക്കും ജ്യോതിശ്ശാസ്ത്രമുണ്ടാകേണം. അതിനായിക്കൊണ്ടു ഏററവും ആവശ്യമായിരിക്കുന്നവയൊക്കവെ സംഗ്രഹിച്ചു ജ്യോതിശ്ശാസ്ത്ര സം

ഗ്രഹത്തിൽ ചൊല്ലി. പിന്നെ സംഗ്രഹത്തിന്ന ഭാഷയും സംസ്കൃതമായി ഒരു വ്യാഖ്യാനവും ഉണ്ടാക്കി. പിന്നെ സംഗ്രഹത്തിൽ പറഞ്ഞു കിടക്കുന്നവറ്റെ വരുത്തുവാൻ സാധനക്രിയ യെന്നൊരു ഗ്രന്ഥവും അതിൻെറ ഭാഷയും ഉണ്ടാക്കി. പിന്നെ ജാതകസാര സംഗ്രഹവും അതിന്നു ഒരു ഭാഷയും ഉണ്ടാക്കി. പിന്നെ ജാതകം വരുത്തുവാൻ ജാതകാദീതിമാർഗ്ഗവും അതിന്നു ഒരു ഭാഷയും ഉണ്ടാക്കി. പിന്നെ ആശ്രയഭാവാദിഫലങ്ങളെ അറിവാൻ ഫലസാരസമുച്ചയമെന്ന ഒരു ഗ്രന്ഥം എഴുതിയുണ്ടാക്കി. അതിൻെറ ഭാഷ ഉണ്ടാക്കുന്നു.

End :

സ്ഥാനേതി.—ബുധഗുരു മന്ദയോഗമാകിൽ സ്ഥാനവും ധനവും ഐശ്വര്യവും വിദ്യയുമുണ്ടായി വളരെ സുഖാനുഭവങ്ങളെ അനുഭവിക്കുന്നവനായി നല്ല ഭാര്യയുണ്ടായി ധൈര്യവും സൌഖ്യവുമുണ്ടായി സുഭഗനായിരിക്കും. മുഖര ഇതി ബുധശുക്ര മന്ദയോഗമാകിൽ വളരെ പറയുന്നവനായി ധൂർത്തനായി പൊളിപറയുന്നവനായി പരസ്ത്രീസക്തനായി വിഷമസ്വഭാവനായി കലാവിദ്യാവിത്തായി തൻെറ ദിക്കിൽ രമിക്കുന്നവനായിരിക്കും. നൃന ഇതി ഗുരുശുക്ര മന്ദയോഗമാകിൽ നീചകുലത്തിൽ ജനിച്ചുവെങ്കിലും രാജാവായി വളരെ കീർത്തിയുണ്ടായി നല്ല ശീലമായിരിക്കും. പിന്നെ ത്രിഗ്രഹയോഗങ്ങൾ മുപ്പത്തഞ്ചുണ്ടാകും. അതു അഞ്ചിൻെറ സങ്കലിത സങ്കലിതമായിരിക്കും. അതു വരുത്തുവാൻ അഞ്ചിനെ ആറുകൊണ്ടും ഏഴുകൊണ്ടും ഗുണിച്ചു ആറിൽ ഹരിക്കണം. അവിടെ സൂര്യചന്ദ്ര കുജയോഗം. സൂര്യചന്ദ്ര ബുധയോഗം സൂര്യചന്ദ്ര ഗുരുയോഗം സൂര്യചന്ദ്ര ശുക്ര . . . .

ഫലസാര സമുച്ചയം എന്ന സംസ്കൃത ഗ്രന്ഥത്തിൻെറ ഭാഷാ വ്യാഖ്യാനമാണ് പ്രകൃത ഗ്രന്ഥം. ഭാഷാ വ്യാഖ്യാനകർത്താവും മൂലഗ്രന്ഥകർത്താവും ഒരാൾ തന്നെയാണെന്നു ഊഹിക്കുവാൻ ഇതിൽതന്നെ ചില തെളിവുകളുണ്ട്. വ്യാഖ്യാനത്തിൽ മൂലഗ്രന്ഥ പ്രതീകം മാത്രമെ എഴുതികാണുന്നുള്ളു. ഓരോ രാശികളിൽ ജനിച്ചാലുള്ള ഫലങ്ങളെ ഇതിൽ നല്ലവണ്ണം പറയുന്നുണ്ട്. ഗ്രന്ഥം അപൂർണ്ണമാണ്.

No. 235. ബൃഹജ്ജാതകം ഭാഷാവ്യാഖ്യ (ഹോരാ).

BṚHAJJĀTAKAM BHĀṢĀVYĀKHYA.

Substance, paper. Size, 11 × 10 inches. Pages, 344. Lines 20 on a page. Character, Malayalam. Condition good. Appearance, new.

Incomplete.

A commentary, in Malayalam, on the *Bṛhajjataka* of Varāha Mihira.

Not printed.

Beginning :

യോഖിലാത്മാജഗൽ സൃഷ്ടി സ്ഥിതിസംഹാരകൃൽപ്രഭുഃ.
സനൈകകി(കി)രണോ ദേവോരവിരിഷ്ടം ദധാതുനഃ.
ഹോരാതന്ത്രാബ്ധി താരായ ശാസ്ത്രപോതോനിരൂപിതം.
വരാഹമിഹിരേണാസ്യ വ്യാഖ്യാസ്യാമ്യസമാക്ഷരം.
മൂർത്തിത്വേ പരികല്പിതഃശശ ഭൃതോ വർത്മാപുനർജ്ജന്മനാം-
മാത്മേത്യാത്മവിദാംക്രതുശ്ചയജതാം ഭർത്താമരജ്യോതിഷാം.

ലോകാനാം പ്രളയോദയസ്ഥിതി വിഭുശ്ചാനേകധായഃശ്രുതോ
വാചാംനസ്സദധാതു നൈകകിരണസ്ത്രൈലോക്യ ദീപോരവിഃ.

ഇശ്ശാസ്ത്രത്തിങ്കലെസ്സംബന്ധാഭിധേയ പ്രയോജനങ്ങളെ ചൊല്ലുന്നു. വാച്യവാചക ലക്ഷണം സംബന്ധമാകുന്നതു്. വാച്യമെന്നൎത്ഥം. വാചകമെന്ന ശബ്ദം, എന്നിയെ ഉപായോപേയേ ലക്ഷണാ സംബന്ധം ഉപായമെന്ന ഇശ്ശാസ്ത്രം. ഉപേയമെന്ന ജ്ഞാനം. പിന്നെ അഭിധേയത്തെ ചൊല്ലിന്നു.

Colophon :

ഇതി ഹോരാശാസ്ത്രേ പ്രഥമോദ്ധ്യായഃ.

End :

നൃപസമ്മത പണ്ഡിതാപ്തവാക്യോ
നവമേന്ത്യേജിതസേവഃകാന്ത്യശില്പ.
പരകൎമ്മകൃദസ്വശില്പ ബുദ്ധി
സ്ത്ഥണവാൻ വിഷ്ടികരോ ബുധേക്കജേക്ഷ്.

'നവമെ' എന്ന ധനുവിൽ നില്ക്കുന്ന ബുധനുടെ ഫലത്തെച്ചൊല്ലുന്നു എന്നൎത്ഥം. "നൃപസമ്മത പണ്ഡിതാപ്തവാക്യഃ" എന്ന രാജാവിന്നിഷ്ടനായിരിക്കും. വിദ്വാനായിരിക്കും. വാക്കു കേട്ടാൽ എല്ലാവൎക്കും സുഖമുണ്ടായിരിക്കും എന്നൎത്ഥം. അന്ത്യെ എന്ന മീനത്തിൽ നില്ക്കുന്ന ബുധനുടെ ഫലത്തെ ചൊല്ലുന്നു, എന്നൎത്ഥം. ജിതസേവക എന്ന സൎവ്വജനങ്ങളേയും സേവിച്ചു സന്തോഷിപ്പിപ്പാൻ വിദഗ്ദ്ധനായിരിക്കും എന്നൎത്ഥം. അന്ത്യശില്പ എന്ന നീചകൎമ്മത്തെചെയ്യും എന്നൎത്ഥം, ബുധെ അക്കജക്ഷെ് എന്ന മകരത്തിലും കുംഭത്തിലും നില്ക്കുന്ന ബുധനുടെ ഫലത്തെ ചൊല്ലുന്നു എന്നൎത്ഥം, പരകൎമ്മകൃൽ. എന്ന എല്ലാന്നാളും ആക്കാനുംവേണ്ടി ഭൃത്യത്വം ചെയ്യും എന്നൎത്ഥം. അസ്വശില്പബുദ്ധി എന്ന നിൎദ്ധനനായിരിക്കും. ശില്പ വിദ്യയിങ്കൽ ബുദ്ധിയുണ്ടായിരിക്കും എന്നൎത്ഥം ഋണവാ

. . . .

ഇതു് വരാഹമിഹിരാചാൎയ്യൻ സംസ്കൃതത്തിൽ ഉണ്ടാക്കിയിരിക്കുന്ന ബൃഹജ്ജാതകത്തിന്റെ ഒരു ഭാഷാ വ്യാഖ്യാനമാകുന്നു. മൂലശ്ലോകവും ഇതിൽതന്നെ കൊടുത്തിട്ടുണ്ടു്. ഭാഷാ വ്യാഖ്യാന 15 അദ്ധ്യായം മുഴുവനും 16-ാം അദ്ധ്യായത്തിൽ കുറെ ശ്ലോകവും വരെയാണു് ഇതിൽ കാണുന്നതു്. ബൃഹജ്ജാതകത്തിന്റെ ഭാഷാവ്യാഖ്യാനങ്ങൾ പലതും പലേടത്തും അച്ചടിച്ചിട്ടുണ്ടെങ്കിലും അവയെല്ലാം ഈ ഭാഷാവ്യാഖാനത്തിൽനിന്നു വ്യത്യസ്തമാണു്. ഗ്രന്ഥകൎത്താവും ആരെന്നു നിൎണ്ണയിച്ചിട്ടില്ല.

No. 236. ഭദ്രദീപം.

BHADRADĪPAM.

Pages, 57. Lines, 20 on a page.

Complete.

Begins on page 116 of the Ms. deserited under No 219-

On Astrological calculations and arithmetic. The auther of the work is Dāmōdara.

Beginning :

വിഘ്നേശം കവിമാതിനേയുമുടനെ കൃഷ്ണം ഗുരും വ്യാസനെ
സൂര്യാദീംശ്ചനവഗ്രഹാന്ദ സുഗണ ാല്ലക്ഷ്മീപുരാധീശ്വരം.
വന്ദിച്ചിട്ടുടനിന്ദിരാപതിമജം വിഷ്ണുംപുരാണംപരം
വന്ദേഹം പെരുമണ്ʼപുരാഖ്യഭവനെ വാഴുന്ന നാരായണം.
വിഷ്ണ്വാജ്ഞാംഗമമാലയം ഭൂവിജനായം ദൈവവ[ദ]ന്തിദചിജം
ശിക്ഷ്യാന്നഃ പരിപാതിയഃ ഖലുസദാസ്സിദ്ധാപലോകോക്ഷണൈഃ
വിദ്യാനാമെശസാം ശ്രീയാശ്രേനിലയം ദാമോദരോ നിത്യദാ
വന്ദേഹം പെരുമൺപുരാഖ്യ തടവു ശ്രീമംഗളശ്രേണിയെ.

എടക്രമഞ്ചേരി ചമെപ്പതിന്ന-
ങ്ങുപക്രമിക്കുന്നിതു ഭദ്ദീപം.
പിടിച്ചു കൊണ്ടാലിതു കൊണ്ടുമങ്ങൊ-
ട്ടറിഞ്ഞു കൊള്ളാം ഗണിതപ്രകാരം.

Colophon :

ഇതി ഭദ്ദീപെ പ്രഥമോദ്ധ്യായഃ.

End :

അവ്വണ്ണമെവരെക്കുമ്പോൾ
ചന്ദ്രം ചന്ദ്രെങ്കൽ വന്നതു്.
വെളുപ്പിച്ചിട്ടു കാണുമ്പോൾ
ശൃംഗോന്നത്യാവതും വിധുഃ.

Colophon :

ഇതി ഭദ്ദീപെ ഏകാദശോദ്ധ്യായഃ.
ഭദ്ദീപം സമാപ്തമിദം ലേഖനം.

ഈ ഗ്രന്ഥത്തിൽ ജ്യോതിഃഷോപയുക്തമായ ഗണിത ഭാഗങ്ങളെ പറയുന്നു. ഇതിൽ പതിനൊന്നദ്ധ്യായങ്ങളുണ്ടു്. ഗ്രന്ഥത്തിൽ അക്ഷരപ്പിഴകൾ ധാരാളമുണ്ടു്. ഗ്രന്ഥകർത്താവിൻെറ പേർ ദാമോദരൻ എന്നാണു്.

No. 237. ഭദ്രദീപം.

BHADRADĪPAM.

Substance, paper. Size, 11 × 10 inches. Pages, 64. Lines, 20 on a page. Character, Malayalam. Condition, good. Appearance, new.

Complete.

Same work as the above.

No. 238. ഭീമയോഗം.

BHĪMAYŌGAM.

Pages, 6. Lines, 20 on a page.

Begins on page 93-a of the Ms. described under No. 59.

A treatise on divination with the help of observing the movements of certain creatures, and sounds like the chirping the house-lizard. The name of the author is not known.

Printed.

Beginning :

ഭോഗീ, സീതാ, കനകം, വലയം, സന്താപം, ധീധൈര്യം, കഗിരു. ഗതരു, ഗളരു, ഗരുഡോ, രാമാംബ, സ്നേഹാംബ, സുനവാ, വിലവൽ, സശിവാ, നിദാഘ, യതേശ, പാത്രാണി, ധീഗുണ, മമ്മണി, നസമോ, രോഹണ, ഗൌളീശ, നാനാസ്ഥി, ഇതി മകരാദി വിക്ഷേപ ചലനജ്യാവ.

End :

യോഗിന്ദ്ര്യഭി മുഖോഗച്ഛേന്മരിക്ഷ്യതിന സംശയഃ.
വാമെത്തു കലഹം വിദ്യാൽ പൃഷ്ഠെ ദക്ഷിണതഃ ശുഭം.
ആദിത്യൻ ഭരണിക്ക ചിത്തിര ശശാങ്കന്ന ചൊവ്വാതനെ-
കത്തിരാടം ബുധനങ്ങ വിട്ടമുടെനെ വ്യാഴത്തിന്ന തൃക്കേട്ടയും.
പൂരാടത്തിന്നുവെള്ളി രേവതി ശനിക്കിത്ത്യ വമെഴാഴ്ചയും
നാളും കൂടിവരുന്നതാകിലവിടം പററാഇതേതൊന്നിനും.

Colophon :

ഇത ഭീമയോഗം സമാപ്തം.

ഇതിൽ മകരാദി വിക്ഷേപ ചലനജ്യാക്കളെയും വ്യതീപാത ചന്ദ്രക്രിയകളെയും മററും ചുരുക്കത്തിൽ പ്രതിപാദിച്ച അവസാനത്തിൽ ഗൌളൃാദി പ്രാണികളുടെ സ്ഥാന വിശേഷങ്ങളിൽ നിന്നുണ്ടാകുന്ന ശബ്ദംകൊണ്ടു മനുഷ്യൎക്കുണ്ടാകുന്ന ഫലങ്ങളേയും പറയുന്നു. കൎത്താവാരെന്നു ഇതിൽ പറയുന്നില്ല.

No. 239. മുഹൂൎത്ത പദവി.

MUHŪRTAPADAVI (SANSKRIT).

Pages, 9. Lines, 20 on a page.

This work begins on page 173 of the Ms. described under No. 219.

A treatise, in Sanskrit, on the "auspicious" hours for various functions.

No. 240. ലഘുജാതക പദ്ധതി.

LAGHUJĀTAKAPADDHATI.

Pages, 38. Lines, 20 on a page.

Complete.

This work begins on page 33 of the Ms. described under No. 223.

This is a free rendering in Malayalam from the "Laghujātaka-paddhati" in Sanskrit. The author is not known.

Beginning :

പ്രണമ്യൈവം ശ്രീരാമം വിഘ്നേശം ച ഗുരൂൻ ഗ്രഹാൻ
താല്പര്യം പറയുന്നുണ്ട് ലഘുജാതക പദ്ധതേഃ
ലഗ്നാൽ സായനതോനയേച്ചര കലാഃപ്രാണാന്തരെ തൽകൃതാ-
ല്ലഗ്നാച്ചാസുകലാന്തരം ത്രയമപിസംവർണ്ണന്തി ശാഖൈസുഖൈ.
ത്ര്യംശോനഞ്ച തദന്തികെ തനുമദെ നാന്യേഷു തത്ര്യംശകം
ഭാവാസ്ത്യുഗ്രഹ ജാസ്തുതെസ്പ്ടട സമാസ്സന്ധിർദ്വയൈക്യാർദ്ധിതെ.

ഇതി—

ലഗ്നത്തിൽ അയന ചലനം കൂട്ടുപിന്നെ. അയന ചലനം കൂട്ടു. ചരപ്രാണ കലാന്തരങ്ങൾ കൊള്ളു. പിന്നെ ക്രമത്തിന്നു തക്കവണ്ണം അതിനെ സംസ്കരിച്ചാൽ കാലലഗ്നം അതിൽ പിന്നെ പ്രാണ കലാന്തരംകൊള്ളു. നടെത്തെ ചരപ്രാണങ്ങളും പിന്നെ ഉണ്ടാക്കിയ പ്രാണ കലാന്തരവും മിക്കിന്നു തക്കവണ്ണം യോഗാന്തരം ചെയ്വൂ. ആ യോഗാന്തരം മുഴുവനെ സംസ്കരിക്കേണം.

Colophon :

ലഘുജാതക പദ്ധതി സമാപ്തം.

End :

ലോകാനാം ലക്ഷ്മണാഗ്രെ ഭവഗ ബുധ പതൌ ധുവ്വി ധൌശർമ്മശീഘ്ര്യം
ത്യമ്പാസ് തപന്നോ ഘരക്ഷോജയ ധനക്ഷിഖരാൻ കാലമേഘാം ബൃശോഭാൻ
ദസ്യാൻ ഭിതപാസിഭിസ്സെ വിഗണ്യഹയഫാൻ സർവ്വസൈന്യാദ്ധ്യഗാത്രൈ-
ശ്ശ്ലോരാൻ കുർവ്വീതഹോർവ്വീം സപഗതക്ലശമമും മൃക്ഷ്ടികം ബാണക്രൂടം.
മദ്ധ്യഭുക്തിഘ്ന മന്ദജ്യാഖണ്ഡം ശിഖരഭാജിതം
കർക്ക്യണദിവശാം സപർണ്ണം ഭുക്തൌ മന്ദഗതിസ്ഫുടാ.
തല്പനശീഘ്ര ഭുക്തിഘ്ന ശീഘ്രജ്യാ ഖണ്ഡമാഹൃതം.
ശരീരെ മൃഗകർക്ക്യാദൌ സപർണ്ണം മന്ദഹതൌഗതിഃ.
തത്രശോധ്യഫലാധിക്യെ വക്രഭുക്തിസ്സമ(ം) തരം
പരാൽചതെപതു ജീവായാംധനം ഭുക്തിഫലം സദാ.

Colophon :

ലഘുജാതക പദ്ധതി.
സമാപ്തം.

ഈ ഗ്രന്ഥത്തിൽ ജാതകവശാൽ ഉണ്ടാകാവുന്ന ഫലങ്ങളേയും മററും പ്രതിപാതിക്കുന്നു. "താല്പര്യം പറയുന്നുണ്ട് ലഘുജാതക പദ്ധതേഃ" എന്നു ഗ്രന്ഥാരംഭത്തിൽ കാണുന്നതുകൊണ്ട് ഈ ഗ്രന്ഥം ലഘുജാതക പദ്ധതി എന്ന സംസ്കൃത ഗ്രന്ഥത്തിൻെറ ഒരു വ്യാഖ്യാനമെന്നു പറയാവുന്നതാണ്. ഗ്രന്ഥമദ്ധ്യത്തിൽ ഒരിടത്തു "ലഘുജാതക പദ്ധതി സമാപ്തം" എന്നു എഴുതിക്കാണുന്നതു് അബദ്ധമാണെന്നു അവസാനത്തിലും അതേ വിധം എഴുതിക്കാണുന്നതുകൊണ്ടു തീർച്ചയാക്കാം. അക്ഷര വീഴ്ചയും അബദ്ധവും ഇതിൽ പലേടങ്ങളിലും കാണുന്നുണ്ട്.

No. 241. വിദ്യാമാധവീയം ഭാഷാവ്യാഖ്യാ സഹിതം.

VIDYĀMĀDHAVĪYAM WITH COMMONTARY.

Substance, paper. Size, 11 × 9½ inches. Pages, 185. Lines, 20 on a page. Character, Malayalam. Condition, good.

A treatise on the "auspicious" hours for functions like marriage. Only the text has been printed.

Beginning :

ജയത്യമേയാംശുനിധിർജ്ജഗത്രയീ
പ്രബോധ ഹേതുസ്സവിതാ ത്രയീമയഃ.
നസർവ്വദർശിത്വ മിതോ വിനാഭവെ
ദിതീവയം നേത്രമധത്ത ശങ്കരഃ.

സവിതാജയതി. ആദിത്യൻ എല്ലാരിലും മേൽവർത്തിക്കുന്നോൻ. എല്ലാരക്കാട്ടിൽ പ്രധാനമെന്തെന്നെടുത്തു ചൊല്ലുന്നു' ജഗത്രയീ പ്രബോധ ഹേതുഃ—എന്ന ഭൂമ്യന്തരിക്ഷ സ്വർഗ്ഗവാസികളായുള്ള ജന്തുക്കളുടെ പ്രബോധത്തിന്ന ഹേതുവായിരിപ്പൊരുത്തൻ. അമേയാംശുനിധിഃ. എന്ന അപരിച്ഛേദ്യങ്ങളായിരിപ്പൊരു ചില രശ്മികളോടും കൂടി ഇരിപ്പൊരുത്തൻ, ത്രയീമയഃ എന്ന വേദസ്വരൂപനായിരിപ്പൊരുത്തൻ, ശങ്കരഃയം നേത്രം അധത്ത—ശ്രീ പരമേശ്വരൻ യാതൊരു ആദിത്യനെ കണ്ണായിദ്ധരിച്ചു. ഇതഃ വിനാ സർവ്വദർശിത്വം നഭവേൽ ഇതി ഇവ--ആദിത്യൻ കണ്ണാകിലേ എല്ലാം കാണാവു. എന്നിട്ടു കണ്ണാക്കി എന്ന തോന്നും. ഈവണ്ണമിരിക്കുന്ന ആദിത്യൻ എല്ലാരക്കാട്ടിലും പ്രധാനനായി വർത്തിക്കുന്നോൻ..||.

Colophon :

ഇത്ഥം വിദ്യാ മാധവീയാഭി ധാനെ
ചത്വാരിംശൽ സംയുതൈരഷ്ടഭിശ്ച.
ശ്ലോകൈർവ്വിദ്യാ മാധവേനാത്ര ശാസ്ത്രേ
സംജ്ഞാദ്ധ്യായോഗുംഫിതസ്സോയ മാദ്യഃ.|

End :

ശ്ലോകൈർഗ്ഗുണ ശ്ലാഘിഭിരേകയുക്തൈഃ
പഞ്ചാശതാ നിർമ്മിത മൂർത്തിരിത്ഥം.
പ്രാപ്തഃ സമാപ്തിം സുമുഹൂർത്ത ശാസ്ത്രേ
പാണിഗ്രാഹാദ്ധ്യായ ഇഹാഷ്ടമോയം.

പരിഗ്രഹിപ്പാനും ഗജവാജി ദർശന വിധൌ ആനകാണ്മാനും കുതിരകാണ്മാനും തൽസംഗ്രഹാരോഹയോഃ ആനകൊള്ളുവാനും കുതിരകൊള്ളുവാനും ആനമേൽ കരയേറുവാനും കുതിര മേൽ കരേറുവാനും സദ്വർമ്മായുധ കാർമ്മുകാദി ഭരണെ കവചം ധരിപ്പാൻ ആയുധമെടുപ്പാൻ വില്ലു തുടങ്ങി ഉള്ളവ എടുപ്പാൻ.

സ്വർണ്ണാദ്യമാത്രാശനെ—പൊന്നിൻ തളിക തുടങ്ങി ഉള്ള പാത്രങ്ങളിൽ ഉണ്മാൻ നവവർഷ്യ ഏഷ്യ കാലം അഖിലം ബാലാന്ന ഭുക്ത്യാ സമം, ഇച്ചൊല്ലിയ എല്ലാററിന്നും അന്നപ്രാശനം പോലെ മുഹൂർത്തം.

ദേവ പ്രതിഷ്ഠാപന ഭൂമിപാല
രാജ്യാഭിഷേകാദി വിധാനശംസീ.
സൈകഃ കൃതോക്തോ ദശഭിഃ സുപദ്യൈ-
രേകാദശോദ്ധ്യായ ഇഹൈഷപൂൎണ്ണഃ.

ഈ ഗ്രന്ഥം സംസ്കൃത ഭാഷയിൽ വിദ്യാമാധവൻ ഉണ്ടാക്കിയ "വിദ്യാമാധവീയം" എന്ന ഗ്രന്ഥത്തിന്റെ ഒരു ഭാഷാ വ്യാഖ്യാനമാകുന്നു. ഇതിൽ 12 അദ്ധ്യായങ്ങളുണ്ട്. ഭാഷാ വ്യാഖ്യാന കൎത്താവ് ആരെന്നു ഗ്രന്ഥത്തിൽ പറഞ്ഞു കാണുന്നില്ല. അക്ഷരവീഴ്ചകൾ ധാരാളമുണ്ട്. മുഹൂൎത്തങ്ങളെയാണ് ഇതിൽ പ്രതിപാദിക്കുന്നതു് മൂലശ്ലോകങ്ങളും ഇതിൽ ചേൎത്തു കാണുന്നു. മൂലഗ്രന്ഥം മൈസൂർ ഓറിയൻറൽ ലൈബ്രറിയിൽ നിന്നു അച്ചടിച്ചു പ്രസിദ്ധം ചെയ്തിട്ടുണ്ട്. ഭാഷാ വ്യാഖ്യാനം ഇതുവരെ പ്രസിദ്ധം ചെയ്തതായി അറിവില്ല.

No. 242. സംഗ്രഹ സാധനക്രിയാ ഭാഷാ.

SAṄGRAHASĀDHANAKRIYĀBHĀṢA.

Pages, 36. Lines, 20 on a page.

This work begins on page 1-a of the Ms. described under No. 214.

Complete.

On Astrological calculations and arithmetic. This work consists of the text in Sanskrit and a commentary in Malayālam thereon. The date of the composition of the commentary is given at the end of this work.

Beginning :

അവിടെ മലയാളത്തിൽ ബ്രാഹ്മണരിൽ ഗണിതക്കാര കുറഞ്ഞുപോകകൊണ്ടും വേദാനധികാരികൾക്കു ജ്യോതിശ്ശാസ്ത്രത്തിന്നു അധികാരമില്ല എന്ന വഴിപോലെ അറിയാകകൊണ്ടും ജ്യോതിശ്ശാസ്ത്രത്തിന്നു അധികാരമില്ലാത്ത ആളുകൾ മുഹൂൎത്താദികൾ വിധിക്കയും അവരോട് ചോദിക്കയും ആചാരമായിപ്പോയി. എന്നിട്ട് അതു നീങ്ങാനായിക്കൊണ്ടു് ബ്രാഹ്മണൎക്കു പലൎക്കും ജ്യോതിശ്ശാസ്ത്രം ഉണ്ടാകേണം --എന്നിട്ടു ആവശ്യകമായ ഗണിതാദികളേ സംഗ്രഹിച്ച് ജ്യോതിശ്ശാസ്ത്രം സംഗ്രഹത്തിൽ ചൊല്ലി. ജ്യോതിശ്ശാസ്ത്രം വളരെ ഉണ്ട്യെന്നു വച്ചുപഠിക്കാതെ പോകരുതു്. യന്നിട്ടു പിന്നെ അതിന്റെ വ്യാഖ്യാനം സംസ്കൃതമായിട്ടും ഭാഷയായിട്ടും ഉണ്ടാക്കി. പിന്നെ അതിലെ സാധനങ്ങളെ വരുത്തുവാൻ സംഗ്രഹസാധനക്രിയയെന്നു ഒരു ഗ്രന്ഥം ഉണ്ടാക്കി.

End :

ഇങ്ങിനെ സംഗ്രഹത്തിൽ പഠിച്ചുകിടക്കുന്നവററിൽ ഗണിച്ചുവരുത്തേണ്ടവററിനെ ഒക്കവരുത്തുവാൻ പറഞ്ഞു നൂററാറുശ്ലോകം കൊണ്ടു്. കൊല്ലം (1050)-ാമത ധനുമാസം തുടങ്ങുന്ന സങ്ക്രാന്തി നാൾ സങ്ക്രാന്തി കഴിഞ്ഞു നാലു നാഴിക രാച്ചെന്നപ്പോൾ ഉത്രട്ടാതിയും പൂൎവ്വപക്ഷത്തിൽ നവമിയും വ്യാഴാഴ്ചയും കൂടിയനേരത്ത ഈ ഭാഷാ ഗ്രന്ഥം ഉണ്ടാക്കിക്കഴിഞ്ഞു.

സംഗ്രഹ സാധനക്രിയ എന്ന സംസ്കൃത ഗ്രന്ഥത്തിന്റെ ഒരു ഭാഷാ വ്യാഖ്യാനമാണ് പ്രകൃതഗ്രന്ഥം. ഗണിതഭാഗത്തെ ഇതിൽ സംഗ്രഹേണ പ്രതിപാദിക്കുന്നു. മൂലഗ്രന്ഥത്തിന്റെ പ്രതീകം മാത്രമെ ഇതിൽ കൊടുത്തിട്ടുള്ളു.

No. 243. സദ്രത്നമാലാ വ്യാഖ്യാ.

SADRATNAMĀLĀVYĀKHYĀ.

Substance, paper. Size, 10-¼ × 9⅝ inches. Pages, 84. Lines, 20 on a page. Character, Malayalam. Condition good.

On Astrological calculations and arithmetic.

Not printed.

Beginning :

സ്ഫുരജ്ജടാഹി ഗണഭസ്മ കപാലമാലാ
കാകോള ചർമവഹനാദശിവം ശിവാംഗം
തന്മംഗലാകൃതിരിഹഖിലമംഗലായാഃ
സാന്നിദ്ധ്യതൊഹി ജഗദംബ ഭജാമൃതസ്വരൂപാം.
ഗോവിന്ദം മാധവം വിഷ്ണും നത്വാകൃഷ്ണാ ജധാമഗം.
സദ്രത്നമാലാ വ്യാഖ്യാനം ലിഖ്യതെ ദേശഭാഷയാ.

ഭൈമീഃ ഘടോൽകചഃ അവിടെ നടെ ഗണിതപ്രത്യക്ഷം സംഖ്യാരൂപേണ ആകയാൽ അതിന്റെ സംജ്ഞകളെ പറയുന്നു. ഏകമിത്യാദി. പരാദ്ധ്യം ഇങ്ങിനെ പതിനെട്ടു സ്ഥാനത്തിനും മേല്പട്ടും സംഖ്യകൾക്കു അവധി ഇല്ല. എങ്കിലും അവററകൾക്കു വേറെ പേരിട്ടിട്ടില്ല. ഒന്നിന്റെ കീഴപ്പെട്ടും ഒന്നിന്റെ ദശാംശം ശതാംശം സഹസ്രാംശം കോട്യംശം പരാദ്ധ്യാംശം ഇങ്ങിനെ ഊഹിച്ചു കൊള്ളുക.|| ൧ ||

അനന്തരം ഈ സംഖ്യകളെ കൊണ്ടുള്ള വ്യവഹാര ഭേദത്തെ പറയുന്നു. സംഖ്യാനാമിത്യാദി ഈ എട്ടു സാധനങ്ങളെകൊണ്ട് അസാധാരണമായിട്ട് സാധിക്കുന്നതിനേയും പൂർവ്വാചാര്യന്മാർ ഗണിതമെന്നു പറയുന്നു. ഛായാഗ്രഹണാദികൾക്കു ചക്ഷുരിന്ദ്രിയ പ്രത്യക്ഷ സാദ്ധ്യത്വം കൂടി ഉണ്ട്. തൽഗണിതത്തിന്നു യുതിവിയുത്യാദി പരികർമ്മാഷ്ടക സാദ്ധ്യത്വമല്ലാതെ നിർവ്വാഹമില്ലായ്കയാൽ ഏതത്സാദ്ധ്യത്വമത്വം നിർദ്ദോഷമായിരിക്കുന്നല്ലോ || ൨ ||.

Colophon :

ഇതി സദ്രത്നമാലാവ്യാഖ്യാനേ ഏകോനവിംശതി ശ്ലോകൈഃ പ്രഥമം പ്രകരണം സമാപ്തം.

End :

ഇതിനെ അർക്കകക്ഷ്യയായ സന്തതി സഹോദരനെക്കൊണ്ട് ഗുണിച്ച് ചക്രലിപ്തയായാ. .അനന്തപുരം കൊണ്ട് ഹരിച്ച് വന്നത് യോജനാത്മകമായിട്ട് ൪൪൩൧൪൩ (443143) ഗാംഭീര്യാംഗോ ഭാസ്വാൻ എന്ന തല്കാലത്തിങ്കലെ സ്ഫുടയോജന ശ്രുതി എന്ന പേരായ സൂര്യകക്ഷ്യാവ്യാസാർദ്ധമാകുന്നു. ഇപ്രകാരം ഉത്തരായണാന്ത സൂര്യനെ കൊണ്ട് തീർത്താൽ പാർശ്വലിഖസ്ഥം ഭന്നകക്ഷ്യാവ്യാസാർദ്ധ യോജനം തീരും. മേൽപറഞ്ഞ കാലങ്ങളിൽ ജഗന്നേത്രം എന്ന പരഹിതായനമാകയാൽ ഇത്തയനം ശ്രേഷ്ഠോധനദ

എന്നും ക്രൂരോധനീന്ദ്ര എന്നും ഉള്ള ഇഷ്ടസ്ഫുടാക്കന്മാരിൽ സംസ്കരിച്ചാൽ ഒമ്പതു രാശിയും മൂന്നു രാശിയും കൃത്യമായിവരും. ആയതു ധനുമാസം ധ (9) നു-യും മിഥുന മാസം ധ (9) നു-യും ആകയാൽ ആ കാലങ്ങൾ അയനങ്ങളും ആകുന്നു.

ഇതി സന്തേമാലാ വ്യാഖ്യായാം ദ്വാത്രിംശൽ പദ്യൈഃ ഷഷ്ഠംപ്രകരണം സമാപ്തം.

ജ്യോതിശ്ശാസ്ത്രമായ സന്തേമാലാ എന്ന സംസ്കൃത ഗ്രന്ഥത്തിൻെറ ഒരു ഭാഷാ വ്യാഖ്യാനമാണ് പ്രകൃത ഗ്രന്ഥം. ഗ്രന്ഥത്തിൽ മൂല ഗ്രന്ഥത്തിൻെറ പ്രതീകംമാത്രമെ കാണിച്ചിട്ടുള്ളൂ. ഇതിൽ ആറുപ്രകരണങ്ങളുണ്ട്. ഭാഷാഗ്രന്ഥം അച്ചടിച്ചിട്ടുള്ളതായി പ്രസിദ്ധിയില്ല.

No. 244 തച്ചുശാസ്ത്രം.

TACCUŚĀSTRAM.

Substance, paper. Size, $10\frac{1}{2} \times 9\frac{3}{4}$ inches. Pages, 35. Lines, 20 on a page. Character, Malayalam. Condition, good. Appearance, new.

Begins on page 1. The other work herein is Manuṣyālayacandrika 35 in Sanskrit.

On carpentry, architecture and other allied subjects. This work contains a large number of verses in Sanskrit. The name of the author is not known.

Printed.

Beginning :

പാദോന ത്രികരാദി പഞ്ചദശ ഹസ്താംശാംഗുലാന്തോത്തരേ-
ഷ്വഷ്ടാഷ്ടാംഗുലവൃദ്ധിതോന്തര ഭവദ്വ്യാനിപ്രഭേദേഷ്വഥ
പ്രത്യക് പ്രാഗവദന ക്രമേണവിഹിതെഷ്വഷ്ടേഷുവാന്യേഷ്വവാ
പ്രാസാദേഷ്ടവിശിഷ്ടജാതിഷു യഥേഷ്ടം കാരയേൽ കാരുഭിഃ

ഈശാദിപ്രേതേശപര്യന്ത ദിക്സ്ഥാഃ
പ്രാസാദാഗ്രാമാദികേഷുദ്ധ്വജോത്ഥാഃ
ഗേയോന്യൃത്ഥാശ്ലേഷ ദിക്സംസ്ഥിതാസ്യ-
സ്തൽസ്ഥാപ്യാച്ഛാചേഷ്യതെ തൽസയോനിഃ.

End :

൨ധ൩ കോൽ ഇടം. ൨ കോലെ ൨ധ വിരൽ ചുററ. ൩ധ൩ കോലെ ധ൩ വിരൽ വ്യയം. ൩. ആയം ൫. ചതയം, ദശമി, വെള്ളി, യൌവനം.

൨ധ൮ കോൽ ഇടം, ൩. കോലെ ൮ വിരൽ ചുററ്, ൩ധ൩ കോലെ ൨ വിരൽ വ്യയം, ൩., ആയം, ൨., തൃക്കേട്ട, ഷഷ്ഠി, വെള്ളി, സൂത്രം, വാദ്ധ്യകം.

൨ധ൫ കോൽ നീളം ഇടം, $9\frac{1}{4}$ ചുററ്, ൩ധ൩ വ്യയം, ധ൲ ആയം, പൂർണ്ണം ഉത്രം, ദ്വാദശി, വെള്ളി, സൂത്രം, മരണം.

ഇവ്വണ്ണം കാൺക.

ഈ ഗ്രന്ഥം ഗൃഹനിൎമ്മാണോപയുക്തമായ ദേശകാലാദികളെ സവിസ്തരം പ്രതിപാദിക്കുന്നു. ശ്ലോകങ്ങൾ മുഴുവനും സംസ്കൃതഭാഷയിലുള്ളതാണ്. അവസാനത്തിൽമാത്രം ആയവ്യയാദികളുടെ കണക്കു കേരള ഭാഷയിൽ പ്രതിപാദിക്കുന്നു. കൎത്തൃനാമം ഇതിൽ നിൎദ്ദേശിച്ചുകാണുന്നില്ല.

No. 245. ദേവാലയചന്ദ്രിക.

DĒVĀLAYACANDRIKA.

Substance, paper. Size, $10\frac{3}{4} \times 10$ inches. Pages, 64. Lines, 20 on a page. Character, Malayalam. Condition, good. Appearance, new.

Begins on page 23. The other work herein is Manusyālayachandrika1.

Contains rules relating to the building of temples.

Printed.

Beginning :

ပ്രണമ്യ വിശ്വസ്ഥപതിം പിതാമഹം
നിസൎഗ്ഗസിദ്ധാഖില ശില്പനൈപുണം. |.
മയാ വിവിച്യാഗമസാര മീൎയ്യതെ
സമാസ്യ ദേവായതനാദിലക്ഷണം . . ||. ഇതി.

വിശ്വത്തെ മുഴുവനെ ചമക്കുന്ന ആശാരി ആയി എല്ലാറ്റെയുമഴകതായി ചമക്കുന്നെടത്തു വൈദഗ്ദ്ധ്യം സ്വയമെ ഉണ്ടായിരിക്കുന്ന ബ്രഹ്മാവിനെ നമസ്കരിച്ചു താൻ വാസ്തുലക്ഷണങ്ങളെ ചൊല്ലുന്നു. മൂലാഗമങ്ങളിൽ സാരങ്ങളായിരിക്കുന്നവററെ വിചാരിച്ചു ദേവാലയ ബിംബപ്രകാരാദികളുടെ ലക്ഷണത്തെ ചുരുക്കി ചമക്കുന്നു. ഇതി തീൎത്ഥസമീപത്തിങ്കൽ താൻ നദീതീരത്തിങ്കൽ താൻ സമുദ്രതീരത്തിങ്കൽതാൻ നദികൾ തങ്ങളിൽ കൂട്ടുന്നേടത്തുതാൻ നദീസമുദ്രസംഗമത്തിൽതാൻ പൎവ്വതത്തിൻെറ താഴ്വരകിൽതാൻ വനത്തിങ്കൽതാൻ ഗ്രാമസമീപത്തിങ്കലെ വനത്തിങ്കൽതാൻ ഉദ്യാനത്തിങ്കൽതാൻ തപസ്സിദ്ധന്മാർ തുടങ്ങിയുള്ളവരുടെ സ്ഥലങ്ങളിൽതാൻ ഗ്രാമത്തിങ്കൽതാൻ രാജധാനിയുടേടത്തുതാൻ മററു മനോഹരമായുള്ള ദേശത്തിങ്കൽതാൻ ഗുരുവരൻ ദേവപ്രതിഷ്ഠക്കായികൊണ്ടു ഭൂമിയെ കല്പിപ്പുതാക.

End :

ക്രവസ്തംഭം വരുത്തൊല്ല കണ്ണ്മദ്ധ്യമസൂത്രതയാൽ പാദത്തിൽ പതിനാററൊന്നു മുക്കോൽ ഇരുവിരൽ ക്രവം വൃത്തം വാമചതുര(ം)ശ്ര(ം)കം വ്യ (8) ക്രറിട്ടു ഒരംശംകൊണ്ടു അക്കാലാറു ദൂരവും കണപത്തതിൽ നാലാശാക്രിയാവും പരിചക്രതർ കയ്യൂരികണയുതുല്യം കാട്ടെനികണമേട്ടത്തിൽ കൊടകുളവും മാൎഹന്ദ്രവാ.

Colophon :

ഇതി മനുഷ്യാലയചന്ദ്രികാ സമാപ്താ—

ഇതിൽ ദേവാലയം സ്ഥാപിക്കേണ്ട സ്ഥാനം, അതിൻെറ പരിമാണം ഈശ്വരഭേദേന സ്ഥാനഭേദം മുതലായതു സവിസ്തരം പറയുന്നുണ്ട്. ഗ്രന്ഥാവസാനത്തിൽ "ഇതി മനുഷ്യാലയചന്ദ്രികാ സമാപ്താ" എന്നു കാണുന്നതു ശരിയല്ല. മനുഷ്യാലയം ഈ ഗ്രന്ഥത്തിൽതന്നെ 22-ാം ഭാഗംവരെയാണ് പറയുന്നത്. അതിന്നുശേഷം ദേവാലയമാണ്.

അതുകൊണ്ടു ഇതു ലേഖകപ്രമാദകൃതമാണെന്നു വിചാരിക്കണം. കത്തൃനാമം ഇതിലും നിർദ്ദേശിച്ചുകാണുന്നില്ല. പക്ഷെ ഈ പുസ്തകത്തിലുള്ള രണ്ടു ഗ്രന്ഥങ്ങളുടെയും കർത്താവു ഒരാളുതന്നേയാണെന്നുള്ളതു തീച്ചയാണ്. ഇതിലും അബദ്ധങ്ങൾ ധാരാളമുണ്ട്.

No. 246. ഭാഷാശില്പിരത്നം.

BHĀṢĀSILPIRATNAM.

Pages, 69. Lines, 20 on a page.

Begins on page 1-a of the MS. described under No. 42.

A free rendering, into Malayālam, of the work entitled Ś*ilpiratna* by Śrīkumāra. Contains rules relating to the making of the images of gods, sacred spells, etc.

Beginning :

വന്ദിച്ചുകൊണ്ടു ഗുരുപാദസരോരുഹം ഞാൻ
മന്ദോചിമന്ദമതിബോധനമർത്ഥമായി.
നന്നായ്ചുരുക്കി വിബുധാലയമന്ത്രബിംബ-
വിന്യാസരീതി പറയുന്നതറിഞ്ഞവണ്ണം.
ഏവനൊരുത്തനു ഭർത്താ
പരദൈവത പൂജയിങ്കൽ മനമുള്ള
ആയവനുടെ നേരെ ചെയ്യു
ഗുരുവരണം ശില്പിഭിസ്സാദ്ധം
പിന്നെത്താനും ഗുരുവും
ശില്പിയുമായന്വേഷിച്ചു കല്പിപ്പു
ദേവപ്രതിഷ്ഠ ചൈവാൻ
അത്യന്തം നല്ലഭൂമിയും ദിക്കും.

End :

ഏവംകൃതപാമണ്ഡലെ പൂജയിത്വാ
തത്തന്നാമ്നാ ദേവതാഭ്യോബലിംച.
ദദ്യാന്മന്ത്രീഃ സവ്വകാര്യാർത്ഥസിദ്ധ്യൈ
ഗേഹാരംഭെവാ സമാപ്തൌസുഖായ

ഇതി മനുഷ്യാലയ വിധിഃ

ഭാഷാമിത്ഥം ശില്പിരത്നാഖ്യമേവം
ബാലാനാമൊട്ടിഷ്ടമോത്തിട്ടു തീർത്തേൻ.
തച്ചാപല്യം ... കൃപാസാന്ദ്രചിത്തൈഃ
ക്ഷന്തവ്യം വിദഗ്ദ്ധിരാനൈരമിതേഭ്യഃ.

Colophon :

ഇതി ഭാഷാശില്പിരത്നം സമാപ്തം.

ഭാഷാശില്പിരത്നം എന്ന ഈ ഗ്രന്ഥം സംസ്കൃത ഭാഷയിലുള്ള ശ്രീകുമാരപ്രണീതമായ ശില്പിരത്നത്തിലുള്ള ഉത്തരഭാഗത്തിന്റെ ഒരു സ്വാതന്ത്ര്യതർജ്ജിമയാണ്. ദേവബിംബലിംഗമന്ത്രാദിസംബന്ധമായ വിധികളാണ് ഇതിൽ പറയുന്നതു്. കർത്തൃനാമം ഇതിൽ നിർദ്ദേശിച്ചുകാണുന്നില്ല. അക്ഷരവീഴ്ചകളും അബദ്ധങ്ങളുംധാരാളമുണ്ട്.

No. 247. ഭാഷാശില്പിരത്നം.

BHĀṢĀSILPIRATNAM.

Substance, paper. Size, $10\frac{3}{4} \times 9\frac{3}{4}$ inches. Pages; 79. Lines, 20 on a page. Character, Malayalam. Condition good. Appearance, new.

Begins on page 1. The other work here in is Kūtiyattakrama 81.

Same work as the above.

ത്രിലിംഗവിധി പര്യന്തമാണ് ഇതിൽ കാണുന്നതു്. ശേഷം ഭാഗങ്ങൾ ഇല്ല. അക്ഷരവീഴ്ചകൾ ഇതിലും ധാരാളമുണ്ടു്.

No. 248. മനുഷ്യാലയചന്ദ്രിക.

MANUSYĀLAYACANDRIKA.

Pages, 22. Lines 20 on a page.

Begins on page 1 of the MSS. described under No. 245.

A rendering, into Malayālam prose, of the Sanskrit work entitled *Manusyalayacandrika.* The name of the author is not known. This copy abounds in errors, probably committed by the scribe.

Beginning :

പ്രണമ്യവിശ്വസ്ഥപതിം പിതാമഹം
നിസർഗ്ഗസിദ്ധാഖില ശില്പനൈപുണം.
മയാവിവിച്യാഗമസാരമീര്യതെ
സമാസതൊ മാനവ: വാസ്തുലക്ഷണം.—ഇതി.

വിശ്വത്തെ മുഴവൻ ചമക്കുന്ന ആശാരിയായി എല്ലാരേറയും അഴകരായി ചമക്കുന്നേടത്തു വൈദഗ്ദ്ധ്യം സ്വതയേവ ഉണ്ടായിരിക്കുന്ന ബ്രഹ്മനെ നമസ്കരിച്ചിട്ടു|വാസ്തുലക്ഷണങ്ങളെ ചൊല്ലുന്നു. മൂല(ാ)ഗ്ര(ന്ഥ)ങ്ങളിൽ സാരങ്ങളാകുന്ന വാത്തെ വിചാരിച്ച് മനുഷ്യലക്ഷണത്തെ ചുരുക്കി ചമക്കുന്നു: അവിടെ പുരം ചമപ്പാൻ നല്ല ഭൂമിയുടെ ലക്ഷണത്തെ ചൊല്ലുന്നു. ഇതി.

End :

ചതുര ശാല, ഭിന്നശാല, ഭിന്നശാലയിൽ ചതുരശാല, ഏകശാല, ഭിന്നശാലയിൽ ചതുരശാലയെല്ലാവക്കും കൊള്ളാം. ഇനി തൊണ്ടമണ്ഡലം, ചോളദേശം, പാണ്ടിരാജ്യങ്ങളിൽ കാവേരി, താമ്രപർണ്ണീനദീതീരത്തു ആശ്രയിച്ചിട്ടു കിഴക്കു പടിഞ്ഞാറു വീഥിയും ഗൃഹങ്ങൾ എന്നാകിൽ സൂര്യവാസ്തുയെന്നു പേർ. തെക്കു വടക്കു വീഥിയും ഗ്രാമാഗ്രഹങ്ങൾ എന്നാകിൽ ഗരുഡവാസ്തുയെന്നു പേർ. അഗ്രഹാരങ്ങൾ വീഥിക്കു പുറവും ഒരുമിച്ചു നീളത്തിൽ ഉള്ളതിന്നു ദണ്ഡശാലയെന്നു പേർ.

ഇതിൽ മനുഷ്യാലയങ്ങളുടെ സ്ഥാനം, ത്യാജ്യമായ ഭൂമി, ഗൃഹങ്ങളുടെ കണക്കു മുതലായതു സവിസ്തരം പ്രതിപാദിക്കുന്നു. സംസ്കൃത ഭാഷയിലുള്ള മനുഷ്യാലയചന്ദ്രികയുടെ അർത്ഥത്തെതന്നെയാണ് ഇവിടെ ഗദ്യരൂപമായി എഴുതിയിരിക്കുന്നതു്. കർത്തൃനാമം ഇതിൽ നിർദ്ദേശിക്കുന്നില്ല. അക്ഷരവീഴ്ചകളും അബദ്ധങ്ങളും ധാരാളമുണ്ടു്.

No. 249. വാസ്തുലക്ഷണം.

VĀSTULAKṢAṆAM.

(ഷട്പഞ്ചാശിക.)

(ṢATPANCĀŚIKĀ.)

Substance, paper. Size, $10\frac{3}{4} \times 9\frac{3}{4}$ inches. Pages, 54. Lines, 20 on a page. Character, Malayalam. Condition, good. Appearance, New. Complete.

A work on Architecture. The text is in Sanskrit, and the commentary is in Malayālam. As it contains 56 couplets, it is also otherwise known as *Ṣaṭpañcāśika.*

Beginning :

പ്രണമ്യ വിശ്വസ്ഥപതിം പിതാമഹം
നിസൎഗ്ഗസിദ്ധാഖില ശില്പനൈപുണം.
മയാവിവിച്യാഗമ സാരമീൎയ്യതെ
സമാസതോമാനവവാസ്തുലക്ഷണം.

ഇതി(ഇ)ഗ്രന്ഥാരംഭത്തിങ്കൽ മംഗലാൎത്ഥമായിട്ടുള്ള ശ്ലോകം.—

അഹം, നിസൎഗ്ഗസിദ്ധാഖില ശില്പനൈപുണം, വിശ്വസ്ഥപതിം, പിതാമഹം, പ്രണമ്യ, മയാ, ആഗമസാരം വിവിച്യസമാസതഃ, മാനവവാസ്തുലക്ഷണം ഈൎയ്യതെ.—

ഞാൻ സ്വതസ്സിദ്ധമായിരിക്കുന്ന ശില്പത്തിങ്കൽ നൈപുണ്യമുണ്ടായി വിശ്വകൎത്താവായിരിക്കുന്ന ബ്രഹ്മാവിനെ നമസ്കരിച്ച് യന്നാൽ ആഗമസാരത്തെ ഒക്കവിചാരിച്ചു മനുഷ്യൎക്ക് വേണ്ടുന്ന പറമ്പിന്റെ ലക്ഷണത്തെ ഒക്കച്ചൊല്ലുന്നു.—

End :

യാനാംഗാദിഷു കേതുഃ സ്യാൽ
സിംഹഃ പീഠാസനാദിഷു.
കൃപണാണ്ഡാദിഷുവൃക്ഷഃ
പൎയ്യങ്കാദിഷ്വിഭഃ ശുഭഃ
യവൈരാഭരണാദീനാ
മംഗുലൈരാസനാദിഷു.
അനാമികാം ഗുളദണ്ഡ
പ്രമാണേനായുധാദിഷു.
മുഷ്ടിഭിൎദ്ധ്വജം പാത്രാദൌ
താലേന പ്രതിമാദിഷു.
വിതസ്തിമാനതൊഗ്രാഹ്യം
വസ്ത്രപ്രാവരണാദികം.
ഗേഹാദീനാംതുഹസ്തേന
വാസ്തോൎദ്ദണ്ഡേന കീൎത്തിതം
ഗ്രാമാദീനാന്തുരജ്ജ്വാച
നാഹമാനം വിദുൎബ്ബുധാഃ.— ഇതി.

യോനിർവ്യയായ നക്ഷത്ര
വയാംസിതിഥിവാരകൌ.
ഏവമാദീനിചിന്ത്യാനി
ശില്പിഭിഃ ശില്പകർമ്മണി.

Colophon :

ഇതി ഷൾപഞ്ചാശികാ സമാപ്താ.

ഈ ഗ്രന്ഥത്തിന്നുതന്നെ വാസ്തുലക്ഷണമെന്നുകൂടി പേർ കാണുന്നുണ്ട്. മൂലശ്ലോക സംഖ്യയെ അടിസ്ഥാനപ്പെടുത്തിയാണ് ഈ ഷൾപഞ്ചാശികാ എന്ന സംജ്ഞ ... ഇതിലെ ഭാഷാവ്യാഖ്യാന കർത്താവ് വാസ്തുലക്ഷണ ഭാഷാവ്യാഖ്യാതാവിൽനിന്നും വ്യത്യസ്തനാണ്. വ്യാഖ്യാനരീതി രണ്ടു വിധത്തിൽ ആണ് ഇവയിൽ കാണുന്നതു്.—

No. 250. വാസ്തുലക്ഷണം.

VĀSTULAKṢAṆAM.

(ഷൾപഞ്ചാശിക.)

(Ṣaṭpañcāśikā.)

Substance, paper. Size, $10\frac{3}{4} \times 10$ inches. Pages, 45. Lines, 20 on a page. Character, Malayalam. Condition, good. Appearance, new.

Same work as the above but with a different commentary.

Beginning :

പ്രണമ്യവിശ്വസ്ഥപതിം പിതാമഹം
നിസർഗ്ഗസിദ്ധാഖില ശില്പനൈപുണം.
മയാവിവിച്യാഗമസാരവീഥ്യതെ
സമാനതോ മാനവവാസ്തുലക്ഷണം.

വിശ്വത്തെ മുഴുവനും ചമക്കുന്ന ആശാരിയായി എല്ലാററേയും അഴകുള്ളതായി ചമക്കുന്നേടത്തെ വൈദഗ്ദ്ധ്യ സ്വതഃ ഉണ്ടായിരിക്കുന്ന ബ്രഹ്മനെ നമസ്കരിച്ച് വാസ്തുലക്ഷണങ്ങളെച്ചൊല്ലുന്ന മൂലാഗമങ്ങളിൽ സാരങ്ങളാകുന്നവററെ വിചാരിച്ചു മനുഷ്യാലയലക്ഷണത്തെച്ചുരുക്കിച്ചമക്കുന്നേൻ.

End :

കൂപദണ്ഡാദിഷു വൃക്ഷഃ
പര്യ്കാദിക്ഷ്വിഭഃ ശുഭാ.
യവൈരാഭരണാദീനാം
സിംഹപീഡാസനാദിഷു
അനാമികാം ശൂലദ്വംദ്വ
പ്രമാണേനായുധാദിഷു.
മുഷ്ടിഭിഃ മൺപാത്രാദൌ
താലൈഃപ്രതിമാദിഷു.
വിതസ്തിമാനതൈഃഗ്രാഹ്യം
വധൂപ്രാവരണാധികം.
ഗേഹാദിനാന്തുഹസ്തേന

Colophon :

ഇതി വാസ്തുലക്ഷണം സമാപ്തം.

ഇതിലും മനുഷ്യ ഗൃഹനിർമ്മാണോപയുക്തമായ വിധികളെ പ്രാചീനമതാനുരോധേന സവിസ്തരം പ്രതിപാദിക്കുന്നു. ഭാഷാവ്യാഖ്യാനം ആരുതെടയാണെന്നു ഇതിൽ പറഞ്ഞുകാണുന്നില്ല. മൂലമായ സംസ്കൃതഭാഷാപദ്യവും ഇതിൽ കൊട്ടത്തിട്ടുണ്ട്. ഗ്രന്ഥം പൂർണ്ണമാകുന്നു. ഇതിന്നു ഷൾപഞ്ചാശികാ എന്നുകൂടി പേർ കാണുന്നുണ്ട്. ഇതിൽ 56 ശ്ലോകങ്ങളാണുള്ളത്. അതുകൊണ്ടു ഈ പേരും ഇതിന്നു സംഗതമാണ്.

No. 251. ശില്പിശാസ്ത്രം.

ŚILPI ŚĀSTRAM.

Substance, paper. Size, $10\frac{3}{4} \times 9\frac{3}{4}$ inches. Pages, 100. Lines, 20 on a page. Character, Malayalam. Condition, good. Appearance, new.

This work is a compilation from many other works on Architecture.

Beginning :

വന്ദിച്ചുകൊണ്ടു ഗുരുപാദസരോരുഹം ഞാൻ-
മന്ദോപി മന്ദമതിബോധനമർത്ഥമായി.
നന്നായ് ചുരുക്കി വിബുധാലയ മന്ത്രബിംബ-
വിന്യാസരീതി പറയുന്നിതറിഞ്ഞവണ്ണം.
ഏവനൊരുത്തനു ഭക്ത്യാ
പരദൈവതപൂജയിങ്കൽ മനമുള്ളു.
ആയവനുടനെ ചെയ്‌വൂ
ഗുരുവരണം ശില്പിമാരോടും.

End :

ഇന്ദ്രതീകാന്തനാമേതി പാദം തൽസംവിധീയതെ
പഞ്ചപ്രാസാദസംയുക്ത സപ്തപ്രാകാരമേവച.
(ക) മണ്ഡജാതിർവ്വിധീയന്തെ മണ്ഡികാഭാരമേവവാ.
പാദുകാഭാരമേവം സ്യാൽദ്വിവിധം ഭാരമിഷ്യതെ.

Colophon :

ഇതി ദീപമാലാവിധീയതെ സമാപ്തഃ

ഇതു അനവധി ശില്പഗ്രന്ഥങ്ങളെ ക്രോഡീകരിച്ചെഴുതിയ ഒരു ഗ്രന്ഥമാണ്. മയമതം, വാസ്തുസാരം മുതലായ സംസ്കൃത ഗ്രന്ഥങ്ങളിൽനിന്നു പല ഭാഗങ്ങളും ഇതിൽ ചേർത്തുകാണുന്നുണ്ട്. ആരംഭത്തിൽ നാലഞ്ചു ഭാഗങ്ങൾ ഭാഷാശില്പിരത്നത്തിലുള്ളതാണ്. ആ ഭാഗങ്ങളിൽ അബദ്ധങ്ങളും ധാരാളമുണ്ട് ഇതിന്നു നിർദ്ദിഷ്ടമായ നാമം ഗ്രന്ഥാരംഭത്തിൽനിന്നോ അവസാനത്തിൽനിന്നോ അറിയുന്നില്ല. കേവലം വിഷയത്തെ അടിസ്ഥാനപ്പെടുത്തിമാത്രം ഈ പേർ ഇതിന്നു കല്പിച്ചതാണ്.—

No. 252. കവളപ്പാറ ചരിത്രം.

KAVALAPPĀRACARITRAM.

Substance, paper. Size, $10\frac{3}{4} \times 10$ inches. Pages, 83. Lines, 20 on a page. Character, Malayalam. Condition, good. Appearance, new.

Gives an account of the *Kavalappāra Nāyar* family.

By Śaṅkara Menon and Gaṇapati Nair.

Beginning :

കവളപ്പാറ നാടൊന്നുക്കു 32. തറ. ദേശം 96. ക്കു തറ ഒന്നിൽ ഉദ്ദേശ വിവരം എറു പ്പെ തറ ഒന്നിന്നു മേപ്പടി ദേശം. ൧. ആമ്മൂര ദേശം, ൧. ആകെ ദേശം 2, ത്രാങ്ങാലി ത്തറ ഒന്നിന്നു മേപ്പടി ദേശം ൧. ചെണ്ണമ്പററ ദേശം, ൧. വെള്ളംപട്ടി ദേശം ൧. ആ കെ ദേശം മൂന്നു.

End :

വിളക്കിങ്കൽ ഗണപതിക്കു നാക്കിചവെച്ച് അഞ്ഞാഴി അവിലും തേങ്ങ പൂണ്ടതും പ ഴവും ഇട്ട് ഉപസ്ഥരിച്ച് അടപ്പില ഇട്ട് നാല്കെട്ടി അണിഞ്ഞതിൻെറ പടിഞ്ഞാററ കോ വിൽക്കൽ ഇരിപ്പാൻ വലതു പുറത്തു അണിഞ്ഞ പീഠം.

Colophon :

ഗ്രന്ഥകത്താക്കന്മാർ.

1 നീലുതൊടിയിൽ ശങ്കര മേനോൻ.

2 മേലുവീട്ടിൽ കണപതി നായർ.

ഇതിൽ കവളപ്പാറ നായർവംശ ചരിത്രത്തേയും അവക്കു ബന്ധമുള്ള മററു രാജകു ടുംബചരിത്രത്തേയും പറയുന്നതിന്നു പുറമെ ലന്തക്കാർ, പറങ്കികൾ, സാമൂതിരി മുത ലായവർ ഓരോ കേരളരാജ്യഭാഗങ്ങൾ കൈവശപ്പെടുത്തിയ കാലവും പ്രതിപാദി ക്കുന്നു.

No. 253. കേരളോല്പത്തി.

KERALŌTPATTI.

Substance, paper. Size, $10\frac{3}{4} \times 10$ inches. Pages, 111. Lines, 20 on a page. Character, Malayalam. Condition, good. Appearance, new.

On the origin and early history of Malabar.

Beginning :

ഗണപതിയും സരസ്വതിയും കൃഷ്ണനും ശ്രീപാവ്വതിയും ശ്രീഭഗവതിയും ശ്രീഭദ്രകാളി യും അയ്യൻ, അറുമുഖൻ എന്നിങ്ങിനെയുള്ളവരെ നമസ്കരിച്ചുകൊണ്ടു ഗുരുവിനേയും വണങ്ങിക്കൊണ്ടു ഭാവത്തെയറിയിപ്പാൻ തുടങ്ങുന്നേൻ.

End :

അപ്പോൾ ഞാൻ വേഷം മാറി പൊയ്ക്കൊള്ളുന്നതുമുണ്ട്. അപ്രകാരം പറഞ്ഞു പൊറ ളാതിരികോട്ടയൊഴിഞ്ഞു പോകയും ചെയ്തു. താമൂരിപ്പാട്ടിൽ വലിയ തമ്പുരാൻ കോട്ട പിടിച്ചു രാജാവായി വാഴ്കയും കഴിഞ്ഞു.

രണ്ടാമതു എഴുതിയ കേരളോല്പത്തി നോക്കി എഴുതിയ ഗ്രന്ഥം.

Colophon :

സമാപ്തം.

ഈ ഗ്രന്ഥത്തിൽ പൌരാണിക കഥകളെ അടിസ്ഥാനമാക്കി മലയാളത്തിന്റെ ഉല്പത്തിയേയും ചരിത്രത്തേയും വിവരിക്കുന്നു. ഇരുപത്തൊന്നു വട്ടം ക്ഷത്രിയന്മാരെ മുടിച്ചു വീരഹത്യാദോഷം ആൎജ്ജിച്ച പരശുരാമൻ പ്രസ്തുതദോഷം തീൎക്കാനായി കൎമ്മം ചെയ്യുവാൻ വരുണനെ സേവിച്ചു ഭൂമിദേവിയെ വന്നിച്ചുണ്ടാക്കിയ നൂററുപത്തുകാതം വഴിയായിട്ടാണു് കേരളത്തെ ഇതിൽ പ്രതിപാദിക്കുന്നതു്. ഭൂമിയുടെ ഇളക്കം മാററുവാനു നാല്പത്തീരടികളേയും ഭഗവതികളേയും സൃഷ്ടിച്ചതായും ബ്രാഹ്മണൎക്കു ശസ്ത്രഭിക്ഷ കൊടുത്തതായും കേരളത്തെ ഭാഗിച്ചു ബ്രാഹ്മണൎക്കു ഭരണാവകാശം കൊടുത്തതായും മററുമുള്ള കഥകളേയും ഇതിൽ പ്രതിപാദിക്കുന്നു. മുവ്വാണ്ടു ഭരിക്കുന്ന തളിയാതിരി ഭരണം ഉപേക്ഷിച്ചു പരദേശത്തു പോയി പന്തീരാണ്ടു വാഴുവാൻ ക്ഷത്രിയനേയും ക്ഷത്രിയ സ്ത്രീയേയും കൊണ്ടുവന്ന കഥയും രാജാക്കന്മാരുടെ ഭരണകാലത്തെ ചരിത്രവും ശങ്കരാചാൎയ്യരുടെ ജനനവും അദ്ദേഹം വരുത്തിയ നിബന്ധനകളേയും ഇതിൽ പറയുന്നു. ശങ്കരാചാൎയ്യരുടെ അമ്മക്കു അടുക്കളദോഷംകൊണ്ടു ഭ്രഷ്ടുണ്ടായ അനന്തരം ഉണ്ടായ ശങ്കരാചാൎയ്യരെ ശിവപുത്രനായിട്ടും ജ്ഞാനിയാകയാൽ ദിവ്യനായിട്ടും പ്രാമാണികനായിട്ടും ഇതിൽ പ്രതിപാദിക്കുന്നു. അടുക്കളദോഷത്താൽ ശങ്കരാചാൎയ്യരുടെ അമ്മയുടെ ശവ സംസ്കാരത്തിന്നു ബ്രാഹ്മണർ കൂടിയില്ലെങ്കിലും ശങ്കരാചാൎയ്യരെ ജാതിമത വ്യവസ്ഥാസ്രഷ്ടാവായിട്ടാണു് ഇതിൽ നിന്നു മനസ്സിലാകുന്നതു്. പറങ്കികൾ ഇംഗ്ലീഷുകാർ മുതലായവരേയും ഇതിൽ പറയുന്നതിനാൽ ഗ്രന്ഥം അതി പ്രാചീനമല്ല. കൎത്താവു ആരെന്നു പറയുന്നില്ലെങ്കിലും ഒരു പട്ടരാണു് ഇതെഴുതിയതെന്നു പറയുവാനുള്ള ലക്ഷ്യങ്ങളുണ്ടു്. ഈ പുസ്തകത്തിൽ 82 മുതൽ 111 വരെയുള്ള കേരളവംശ ചരിത്രമെന്നു പറയുന്ന ഭാഗവും കേരളോല്പത്തിയുടെ ഒരു ഭാഗം തന്നെയാണു്. അതുകൊണ്ടു് അതൊരു പ്രത്യേക ഗ്രന്ഥമായി ഗണിച്ചിട്ടില്ല. ഇതു അച്ചടിച്ചിട്ടുണ്ടു്. പക്ഷെ വളരെ പാഠഭേദമുണ്ടു്.

No. 254. കേരളോത്പത്തി.

KERALŌTPATTI.

Pages, 115. Lines, 20 on a page.

Begins on page 1. of the MS. described under No. 72

Same work as the above.

മുൻ പ്രസ്താവിച്ച ഗ്രന്ഥത്തിന്നും ഇതിന്നും വ്യത്യാസമില്ല. 81-ാം ഭാഗത്തിൽ "98 കുംഭമാസം 8-ാംനു എഴുതിയതാവിതു" എന്നു കാണുന്നു. 85-ാം ഭാഗം മുതൽ 115-ാം ഭാഗംവരെ (കേരളരാജവംശ) മെന്നു കേരളോല്പത്തിയും ഇതിൽ ഉണ്ടു്. പട്ടികയിൽ അതും കേരളോല്പത്തിയുടെ ഒരു ഭാഗമായതിനാൽ ഒരു പുസ്തകമായിത്തന്നെ പരിഗണിച്ചിരിക്കുന്നു. അതിന്റെ അവസാനത്തിൽ 973-ാം മത മിഥുനമാസം 3-ാംനു എഴുതിയതായി പറഞ്ഞിരിക്കുന്നു. ഇരുപത്തിനാലു വൃത്തവും ഈ ഗ്രന്ഥത്തിൽ ഉണ്ടു. മേൽ നമ്പറുകളിൽ കാണുന്ന കേരളോല്പത്തികളിൽ അല്പാല്പം പാഠഭേദങ്ങളുണ്ടെങ്കിലും പ്രധാന വിഷയം ഒന്നുതന്നെയാണു്. ചിലതിൽ ചില ഭാഗങ്ങൾ മാത്രമെ കാണുകയും ചെയ്യുന്നുള്ളു.

No. 255. കേരളോല്പത്തി.

KĒRALŌTPATTI.

Substance, palm leaf. Size, 6 × 1½ inches. Fol. 114. Lines, 7 on a page. Character, Malayalam. Condition, good. Appearance, old.

Same work as the above.

മുൻപ്രകാണിച്ച പ്രതിയും ഈ പ്രതിയും ഒരു പോലെ ഏറെക്കുറെ ശുദ്ധവും പരസ്പരസദൃശവുമാണ്. ഈ പുസ്തകത്തിൽ "ഗണനാഥനെ വന്ദിച്ചു" എന്നു തുടങ്ങുന്ന പതിനെട്ടുവിധം വ്യവഹാരങ്ങളെ പ്രതിപാദിക്കുന്ന പുസ്തകവുമുണ്ട്.

No. 256. കേരളോല്പത്തി.

KĒRALŌTPATTI.

Substance, palm leaf. Size, 9¼ × 1⅜ inches. Fol. 77. Lines, 6 on a page. Character, Malayalam. Condition, injured. Appearance, old.

Same work as the above.

ഈ ഗ്രന്ഥത്തിന്നും മുമ്പു പ്രസ്താവിച്ച ഗ്രന്ഥത്തിന്നും വ്യത്യാസമില്ല. ഇതിന്റെ അവസാനത്തിൽ 981 കുംഭമാസം എഴുതിയതു് എന്നു കാണുന്നുണ്ട്. ഇതിലും കേരള രാജവംശ ചരിത്രമുണ്ട്. അലേഖകൾ അധികവും തുളച്ചെട്ടുകയാൽ വായിക്കുവാൻ പ്രയാസമുണ്ട്.

No. 257. കേരളോല്പത്തി.

KĒRALŌTPATTI.

Fol. 20. Lines, 9 on a page.

Begins on fol. 75 of the MS. described under No. 45.
Same work as the above.

No. 258. കേരളോല്പത്തി.

KĒRALŌTPATTI.

Fol. 53. Lines, 8 on a page.

Begins on fol. 1-*a* of the MS. described under No. 45.

No. 259. കേരളോല്പത്തി.

KĒRALŌTPATTI.

Substance, palm-leaf. Size, 9 × 1½ inches. Pages, 14. Lines, 9 on a page. Character, Malayalam. Condition, injured. Appearance, old.

Same work as the above.

No. 260. കേരളോല്പത്തി.

KĒRALŌTPATTI.

Substance, paper. Size, $10\frac{3}{4} \times 10$ inches. Pages, 67. Lines, 20 on a page. Character, Malayalam. Condition, good. Appearance, new.

Begins on page 1. The other works here in are Akkannal 69, Kirtanannal 71.

Same work as the above.

ഇതിൽ കേരളോല്പത്തിയിൽ ഉള്ള "ജാത്യാചാര നിർണ്ണയം" എന്ന ഭാഗം മാത്രമെയുള്ളു. ഓരോ ജാതികളേയും ജാത്യാചാരങ്ങളേയും ഇതിൽ പറയുന്നു.

No. 261. കേരളോല്പത്തി.

KĒRALŌTPATTI.

Substance, paper. Size, $10\frac{3}{4} \times 10$ inches. Pages, 10. Lines, 20 on a page. Character, Malayalam. Condition, good. Appearance, new.

Same work as the above.

ഈ ഗ്രന്ഥത്തിൽ ആദ്യം ബ്രാഹ്മണരേയും ദേവതമാരേയും ക്ഷേത്രങ്ങളേയും സംബന്ധിച്ചുള്ള ചരിത്രം പറഞ്ഞുകൊണ്ടു ഒരാൾ "കോഴിക്കോട്ടു മാനവിക്രമൻ പണിക്കർ" എന്നു തനിക്കു പേരുകിട്ടുവാനുള്ള കാരണം പറയുന്നു. ഗ്രന്ഥം പരിപൂർണ്ണമല്ലായ്കയാൽ ഇദ്ദേഹത്തിന്റെ ചരിത്രവും പരിപൂർണ്ണമല്ല. ഇദ്ദേഹം പറയുന്ന കഥയേയും ശൌണ്ഡികോല്പത്തിയേയും തട്ടിച്ചു നോക്കിയാൽ ഇദ്ദേഹം ഒരു ശൌണ്ഡിക കുലജാതനായ ഒരു പ്രഭുവായിരിക്കാമെന്നു മനസ്സിലാക്കാം.

No. 262. കേരളോല്പത്തി.

KĒRALŌTPATTI.

Substance, paper. Size, $18\frac{3}{4} \times 12$ inches. Pages, 68. Lines, 25 on a page. Character, Malayalam. Condition, good. Appearance, old.

Same work as the above.

ഈ ഗ്രന്ഥത്തിനും മുൻപ്രസ്താവിച്ച ഗ്രന്ഥത്തിനും അവസാന ഭാഗത്തിൽ അല്പം വ്യത്യാസമുണ്ടു്. പ്രയോഗദോഷങ്ങളും അക്ഷരപ്പിഴകളും അധികമില്ല. ഈ പുസ്തകത്തിൽ മററു പല ഭാഷയിലുള്ള ഗ്രന്ഥങ്ങളും ഉണ്ടു്.

No. 263. ചേരമാൻ പെരുമാൾ.

CĒRAMĀNPERUMĀL.

Substance, paper. Size, $10\frac{3}{4} \times 10$ inches. Pages, 5. Lines, 20 on a page. Character, Malayalam. Condition, good. Appearance, new.

Begins on page 1. The other work herein is Tarūsvarvūpam Charitram, 9.

Narrates the story of Cēramān Perumāḷ, a King of Kēraḷa (Malabar)r who attained *Svarga* (the celestial abode of bliss) after partitioning his Kingdom among his nephews, sons and other relations and commanders of his army.

Beginning :

൧-ാമത് "രവിലോകേ രാജ്യഃ" എന്ന കലിക്ക് പെരുമ്പടപ്പു സ്വരൂപം കൊടുത്തിരിക്കുന്നു. ൨-ാമത് "ചിദ്ഗോഷ്ഠാംശ രാജ്യഃ" എന്ന കലിക്ക് കുന്ദന (നല)ക്കോനാതിരിക്കും വള്ളുവക്കോനാതിരിക്കും കൊടുത്തിരിക്കുന്നു.

End :

അവിടെ നിന്നു ശത്രുക്കളെ കൊല്ലേണ്ടവരെ കൊന്നും ഒതുക്കേണ്ടവരെ ഒതുക്കിയും ചെയ്തതിന്റെ ശേഷം തന്റെ സ്വരൂപത്തിങ്കൽ തമ്പുരാക്കന്മാരും ഉണ്ടായി രാജ്യഭാരം ചെയ്തു കുറയകാലം കഴിഞ്ഞതിന്റെ ശേഷം എത്രെ നട്ടുവട്ടത്തോടു കൂട കുനിശ്ശേരിയും അടക്കി അന്നു സ്വന്തരാജ്യമായി തന്നെ മിമ്പനാട്ടും അടക്കി പെരുമ്പടപ്പു സ്വരൂപത്തെ ഒഴിപ്പിക്കയും ചെയ്തു.

ഇതിൽ ചേരമാൻ പെരുമാൾ തന്റെ അവകാശികളായവർക്കു രാജ്യം വിഭാഗിച്ചു കൊടുത്ത കാലവും മററും പറയുന്നു. ചരിത്രപരമായി പലതും ഈ ഗ്രന്ഥത്തിൽനിന്നു നമുക്കറിയുവാൻ കഴിയും.

No. 264. ടിപ്പുയുദ്ധം.

TIPPUYUDDHAM.

Pages, 3. Lines, 20 on a page.

Begins on page 24 of the MS. described under No. 61.

Describes the destruction of Hindu temples, the conversions to Islam and other results of an invasion of Malabar by Tippu Sultan of Mysore.

Beginning :

ടിപ്പുയുദ്ധം നടന്നപ്പോൾ ഉള്ള ആകൃത്യവിവര ചരിത്രം. ടിപ്പുയുദ്ധക്കാർ മലയാളത്തിൽ കടന്നു ജനങ്ങളെ പിടിച്ചും കൊണ്ടു കൊന്നുകൊന്നും ഇരിക്കുമ്പോൾ ആ ദേശാധിപതികളായിട്ടുള്ള രാജാക്കന്മാരും രാജസ്ത്രീകളും സൎവ്വബ്രാഹ്മണരും വലിയ തറവാട്ടുകാരും മുഖ്യക്കാരും അവർകളുടെ കുഞ്ഞുകുട്ടി സംസാരങ്ങളും കൃഷി സമൂഹക്കാരും കച്ചവടക്കാരും മററുമുള്ള ജാതിക്കാരെല്ലാരും കൂടി അധികം ഭയത്തോടു കൂടെ പലപല വഴിയിലൂടെ രാക്കാലത്തിലും പകൽ കാലത്തിലും ഒളിച്ചോടിപ്പോകാൻ ഭാവിച്ചപ്പോൾ അതിൽ അനേകം സ്ത്രീകളേയും പുരുഷന്മാരേയും ടിപ്പുയുദ്ധക്കാർ കണ്ടുപിടിച്ചു പിടുത്തം കൂടി പുരുഷന്മാൎക്കെല്ലാം കുഡുമ്മ ചെത്തി.

End :

ഈ വക ദുഷ്കാന്താനുഭവം പെട്ടവരിൽ അനേകം പേർ ഇപ്പോൾ മലയാളത്തിൽ വാസം ചെയ്യുവരുന്നു.—

ഇതിൽ ടിപ്പുവിന്റെ കേരളാക്രമണത്തിൽ നടന്ന അക്രമങ്ങളെ പ്രതിപാദിക്കുന്ന ഗ്രന്ഥം അച്ചടിച്ചിട്ടില്ല.

No. 265. ടിപ്പുയുദ്ധം.

TIPPUYUDDHAM.

Substance, palm-leaf. Size, $9\frac{1}{2} \times 1\frac{3}{4}$ inches. Fol. 2. Lines, 10 on a page. Character, Malayalam. Condition, injured. Appearance, old.

Begins on fol. 40 a. The other works herein are Pancatantra, fol. 1-a, mallayuddhakrama 26-a. Paramahadaprakāśavazhi 30-a. upāyatantrabala 39-a, Tuñcattezhuttaccan 41-a, Pallivānarcaritra 43 a.

Same work as the above.

No. 266 തരൂസ്വരൂപം ചരിത്രം.

TARŪSVARŪPAM CARITRAM.

Pages, 23. Lines, 20 on a page.

Begins on page 9-a of the MS. described under No. 263.

An account of a royal family of Malabar, called *Tarūsvarūpam.* Historically valuable.

Beginning :

കൊല്ലം 931-ാമതിൽ ചേറുകോതം ഇടത്തിൽ ഒരു വഷ്വും ആറുമാസവും നാടു വാണതമ്പുരാൻ നാടുനീങ്ങിസ്വൎഗ്ഗം പുക്കതിന്റെ ശേഷം എളയച്ചന്ടത്തിൽ രാമൻ കോമ്പി എന്ന തമ്പുരാന്ന് തിരുമ്മപ്പു കിട്ടി, പതിന്നാലു സംവത്സരവും രണ്ടു മാസവും നാടു വാണതമ്പുരാൻ കാലത്തു നെടിയിരിപ്പു സ്വരൂപം കല്പിച്ചു. 932-ാമത കൎക്കിടകമാസത്തിൽ.

End :

നാലുസ്വരൂപത്തിങ്കൽ നിന്നും കൂടിപ്പുറപ്പിട്ടു കൃഷ്ണരായരോടു യുദ്ധം ചെയ്തു രായരെ നീക്കകയും ചെയ്തു, പിന്നേയും ഒന്നു രണ്ടു പ്രാവശ്യം രാമയ്യനും ദേവപ്പയ്യനും പടയും കൂടി കേരളം നാടു ആക്രമിപ്പാൻ വരികയും മുമ്പിലത്തെപ്പോലെ അവരെ . . . . ആമതു ധനുമാസത്തിൽ പുളികലടത്തിൽ തമ്പുരാൻ നാടു നീങ്ങിയിട്ടു അരിയിട്ടു വാഴ്ചക്കു എത്ര പട്ടോലനോക്കിത്തുടങ്ങിയ . . . ത . .

ഇതിൽ കേരളത്തിലുള്ള തരൂസ്വരൂപം രാജവംശ ചരിത്രം സൂക്ഷ്മമായി പറയുന്നു. ഗ്രന്ഥം പൂർണ്ണമല്ല

No. 267 തുഞ്ചത്തെഴുത്തച്ഛന്റെ ചരിത്രം.

TUÑCATTEZHUTTACCANTE CARITRAM.

Pages, 4. Lines, 20 on a page.

Begins on page 26 of the MS. described under No. 61.

A biographical account of Tuñcattu Rāmānujam Ezhuttaccan. The name of the author is not known.

Beginning :

മലയാള ഭൂമിയിൽ രാമായണഭാരത കൃത ഗ്രന്ഥകർത്താവുടെ ജനന വിവര ചരിത്രം. മലയാളം കോഴിക്കോട്ട ദേശത്തു നിന്നു ഒരു ദിവ്യശാസ്ത്രിബ്രാഹ്മണൻ ആ ദേശത്തിൽനിന്നു മൂന്നു ദിവസം വഴി ദൂരത്തിൽ വിവാഹപ്പെണ്‍ വീടിരുന്നു. ആ ബ്രാഹ്മണപ്പെണ്ണിനു ശോഭന മുഹൂർത്തം കഴഞ്ഞതിൽ പിന്നെ ഭാര്യവീട്ടിൽ പോകാൻ നല്ല മുഹൂർത്തനാൾ ഇല്ലാതിരുന്നു.

End :

ആ എഴുത്തച്ഛൻ കാരണത്താൽ ഇന്നും മലയാളത്തിൽ തുഞ്ചത്തു എഴുത്തച്ഛനെന്നു പ്രസിദ്ധമായി. ആ കുഡുംബക്കാരിൽ ചിലർ ഇന്നും ഇരിക്കുന്നു.

ഇതിൽ തുഞ്ചത്തു രാമാനുജനെഴുത്തച്ഛൻ ഒരു പരദേശി ബ്രാഹ്മണൻെറ പുത്രനാണെന്നും മററുമുള്ള കഥയെ പറയുന്നു.

No. 268. തുഞ്ചത്തെഴുത്തച്ഛൻെറ ചരിത്രം.

TUÑCATTEZHUTTACCANTE CARITRAM.

Fol. 3. Lines, 10 on a page.

Begins on fol. 41 of the MS. described under No. 265
Same work as the above.

No. 269. പടപ്പാട്ട്.

PAḌAPPĀTTU.

Substance, paper. Size, 10 6/8 × 9 6/8 inches. Pages, 57. Lines, 20 on a page. Character, Malayalam. Condition, good.

Songs, in the *Kiḷippāṭṭu* style, on the arrival of foreigners in the Cochin State for trade, on the war between the rulers of Cochin and Calicut and on the help given to Cochin by the foreign traders there.

Printed.

Beginning :

കല്പകവൃക്ഷത്തിൻെറ ശില്പമാം കൊമ്പ(ന്പ) ത (ന്നിൽ)
കല്പിതമായ കൂട്ടിൽ വസിക്കും കിളി (പ്പെണ്ണേ)
(കെ)ല്പോടെന്നരികിരീ പാൽപഴം തരാ(ം) നിന
ക്കൽപ്പൂപ്ലിൽ തെളിവോടെ ചൊല്ലൊരു വിശേഷത്തെ.
എന്നതുകേട്ടു മെല്ലെ വന്ദിച്ചു കിളിമകൾ
മാനിനീയുടെ നന്ദനൻ വിനായകൻ.

. . . .

സുന്ദരഗജവരവദന പാദങ്ങളും
സുന്ദരിവാണിപ്പെണ്ണിൻ പാദപങ്കജങ്ങളും
മാതരം പിതരാദി മാതുലൻ വണങ്ങുന്നേൻ

ചേതോദർപ്പണ വിശുദ്ധ്യായ ജ്ഞാനനന്ദ ദിനം
വാനിടത്തംപിളിത്തെല്ലന്നോട്ട കണ്ടുകരാ
താനെടുത്തുയർത്തി നിന്നേക്ഷ കേഴുന്ന ബാലൻ
ജ്ഞ (ഞ്ഞാ) നെടുത്തതിന്നു ചഞ്ചാത മെന്നറിവുള്ളോർ
മാനസത്തിങ്കൽ കുറിച്ചീട്ടുമെന്നിരിക്കിലും
ഞാനൊന്നു ചൊല്‌വാൻ ചെറുപ്പം കൊണ്ടു തുനിഞ്ഞതി
ന്നാനന്ദിച്ചനുഗ്രഹിക്കേണമെ മഹത്തുക്കൾ.
സർവ്വസിദ്ധാന്ത ശാസ്ത്ര മിതിഹാസാദിയെല്ലാം.
സൽകാലവും തെളിഞ്ഞബ്ധിയിൽ തിരപോലെ.
ചേതസി വാഴ്കാ സൌഖ്യ കന്ദമാജീവനാന്തം
പാദതാരതിന്നു ഞാനെപ്പോഴും നമസ്കാരം.
ചൊല്ലുവാൻ വിശേഷമോ ചോദിക്കാൽ ഇല്ലന്നില്ല,
ചൊല്ലുമ്പോൾ വിശേഷമുണ്ടെന്നിരിക്കിലെ നല്ലു.
ചൊല്ലുവാനുള്ള ഗുണം വേണ്ടതുണ്ടിതുപല
തില്ലതിലൊന്നു മിനിക്കെങ്കിലും ചൊല്ലുന്നുണ്ട്.
ഭാഷയിൽ പലപടപ്പാട്ടുണ്ടു കേരളത്തിൽ
കോഴകൾ കുറഞ്ഞു വിദ്വാന്മാർ ചമച്ചിട്ട്.
ഭോഷൻ ഞാനതുപോലെ ചൊല്ലുവാൻ ഭാവിച്ചതു്
ദോഷമല്ലെന്നു വരുത്തീടണം തമ്പുരാനെ.
കുംപഞ്ഞി കൊച്ചിക്കോട്ട പോരതിൽ പിടിപ്പതി-
ന്നമ്പോടെ മുമ്പുണ്ടായ ബന്ധം ഞാൻ ചൊല്ലീടുവൻ.
കേട്ടുകൊണ്ടാലുമെങ്കിലാദിയെ ചുരുക്കത്തിൽ
ഒട്ടൊഴിയാതെ ചൊൽവാൻ വേലയെന്നിരിക്കിലും
കേരളമടക്കി വാണീടിന മുടിമന്നൻ
ചേരമാൻ മരുമകനാദിയിൽ കൊടുത്തോരു
നാടംപത്തിരുകാതം വാഴും പെരുംപടപ്പിൽ
കൂടലർ കി(കാ)ലന്മാരാം മന്നവർ പലർവാണു,

Colophon :

ശേഷം ചൊല്ലുവാൻ പണിയുണ്ടെന്നു കിളിമകൾ
തോഷം പൂണ്ടിരുന്നു കൊണ്ടീടിനാരക്കാലമെ.

End :

ഉത്തരമിത്തരം ചൊല്ലിയയച്ചവർ
കുത്തിയവെള്ളക്കൊടി കണ്ടുലന്തയും
വെച്ചുവെടി മുറിഞ്ഞാശു വീണകൊടി
ആശ്ചര്യപ്പെട്ടു കണ്ടവരെവരും.
പാച്ചിൽ പിടിച്ചിതു ശേഷിച്ചവമ്പടാ
കാശ്യപനന്ദനൊടുരഗം പോലെ
പക്ഷിമൃഗങ്ങളെന്നാ ജന്തുക്കളും
പക്ഷം തളർന്നു പറന്നു വെടി കേട്ടു.
ചാഞ്ഞു പോമെന്നതു കണ്ടു വടക്കരും

പാഞ്ഞുതെയ്യുള്ളെന്നുറച്ചു പാഞ്ഞീടിനാർ.
കുന്നല മന്നവനുമിളംകൂറായ
മന്നനും മങ്ങാട്ടു മേനവനും.
പിന്നെ മങ്ങാതൊ പാങ്ങി നല്ല.
തിനയം ചെരി വാഴമിളയതും.
നല്ലനാം കോഴിക്കോട്ടു തലച്ചന്നൂരും
വാങ്ങിച്ചെറുവെള്ളി മേനവനും പിന്നെ
മങ്ങാതെ മററുള്ള മാടമ്പികളുമെ.
വാങ്ങി ഒഴിച്ചുറച്ചു ചെന്നലന്തയും
മങ്ങാതെ യഞ്ചിക്കുളത്തു തെക്കുള്ളോരും.
ചേർപ്പ്യയിൽ ചേരമാൻ വാണിരുന്നാതിരു-
വഞ്ചിക്കുളത്തു മുക്കാൽ വട്ടം തന്നുടെ
ചുററു (ം) മീരണ്ടു(ങ്ങ) ണീയിട്ടുമതിലതും
തെററെന്നടച്ചു നിരത്തിതു ലന്തകൾ.
പട്ടക്കോട്ടയതും തട്ടിപ്പൊടിച്ചുടൻ
വാട്ടമൊഴിഞ്ഞു സൂക്ഷിച്ചിരുന്നാരെല്ലോ.
കൊല്ലമെണ്ണൂററുനാല്പത്തഞ്ചായനാൾ
നല്ലമാസം കന്നിയെന്നതിൽ പാതിമേൽ.
കുസാദരമത്തിരുവഞ്ചിക്കുളത്തിനു
കാതം വഴിപോരെ നേരെ വടക്കുള്ള
കോതപറമ്പിൽ തോട്ടിങ്കൽ ചമച്ചിതു
കൊതിയലാതെ ചിറാമ്പിയും പടയും
കാവലും വച്ചങ്ങുറച്ചോരനന്തരം
കേവലം വാങ്ങിതു ബന്ധുക്കളേവരും.
കൊച്ചിയിൽ വാങ്ങിതു മൂത്തോരും മന്നനും.
വാച്ചമരക്കോട്ടയും വിട്ടുപോന്നുടൻ
കൊച്ചിയിൽ കാട്ടക്കരികിലകം പുക്കു
ഒട്ടു നേരം പാഞ്ഞോടരുതെന്നുടൻ
വാട്ടമൊഴിഞ്ഞിരുന്നാളതുകാലത്തു
കൂട്ടരോടും പരമാനന്ദവും പൂണ്ടു
കേടൊഴിഞ്ഞോരു കിളിമകൾ താനുമ
കാലമെ . . . . . .
ശ്രീ ഗുരുഭ്യോനമഃ.—

Colophon :

ആറാം പാദം സമാപ്തം.

ഇതിൽ കൊച്ചി രാജ്യത്തു ലന്തക്കാർ വന്നു കച്ചവടം തുടങ്ങിയതും അന്നുണ്ടായിട്ടുള്ള സാമൂതിരിയുടെയും കൊച്ചിയുടെയും യുദ്ധവും മററും കിളിപ്പാട്ടായി പാടിയിരിക്കുന്നു. ഇതിൽ നിന്നു കൊച്ചിരാജ്യ ചരിത്രം പലതും അറിയുവാൻ കഴിയും—ഇതിൽ ആറു പാദങ്ങൾ ഉണ്ടു്. ഗ്രന്ഥം അച്ചടിച്ചിട്ടുണ്ടു്.

No. 270. പള്ളിവാണർ ചരിത്രം.

PALLIVĀNARCARITRAM.

Pages, 5. Lines, 20 on a page.

Begins on page 29 of the MS. described under No. 61.

An account of Pallivāṇar, a King of Kēraḷa.

Beginning :

മലയാളത്തിൽ പള്ളിവാണർ എന്ന രാജാവ് ബൌദ്ധമതം അനുസരിക്കേണ്ടി വന്ന കാരണവിവര ചരിത്രം. പള്ളിവാണർ എന്ന രാജാവിന്നു മലയാള ഭൂമി മുഴുവനും അടക്കി അധികാരമിരിക്കും കാലം ഏററവും അഴകായും ബാല്യമായും ഉള്ള ഒരു ഭാൎയ്യയോടു കൂടെ എപ്പോഴും ചിന്തനാപ്ര സൌഖ്യ രാജ്യപരിപാലനം ചെയ്തുകൊണ്ടിരിക്കും കാലം ആത്മാവിന്നു വളരെ സത്യവിവേകമുള്ളവരായും ഭക്തിജ്ഞാനമുള്ളവരായും രാജസേവനീതി അറിവുള്ളവരായും പടവല നായര് എന്ന ഒരു കാൎയ്യസ്ഥനുണ്ടായിരുന്നു.

End :

ആ കാരണം തന്നെ മലയാളത്തിൽ പതിന്നാലു രാജാക്കന്മാരും മററും ഉള്ള അധികാരികൾ പലപ്രകാരത്തിൽ രാജ്യം അധികരിച്ചു വരുന്നതു്. ഇതുവൃത്താന്തപൂൎവ്വിക പരമാത്മമെന്നറിക.

ഇതിൽ കേരളത്തിൽ പള്ളിവാണർ എന്ന ഒരു രാജാവുണ്ടായതും അദ്ദേഹം ബൌദ്ധമതം സ്വീകരിച്ചതിന്നുള്ള കാരണവും മററും പ്രത്യേകിച്ചു പറയുന്നു.

No. 271. പള്ളിവാണർ ചരിത്രം.

PALLIVĀṆARCARITRAM.

Fol. 3. Lines, 10 on a page.

Begins on fol. 43-a of the MS. described under No. 265

Same work as the above.

No. 272. പ്രഭുചരിത്രം.

PRABHUCARITRAM.

Pages, 4. Lines, 20 on a page.

Begins on page 18-a of the MS. described under No. 43.

An account of the noble and aristocratic families of Malabar, their origin and powers. The language of this work is faulty.

Not printed.

Beginning :

മലംക മൂന്നു പ്രഭുക്കള തെക്ക വേണാട്ട് അടികള, വടക്ക കോലത്തിരി, നടുവിൽ നൊമ്പടെ തമ്പുരാൻ മഹാരാജാവു കുന്നലകൊനാതിരി തമ്പുരാൻ യെന്നു കേട്ടിരിക്കുന്നു. എന്നെ നൊമ്പടെ തമ്പുരാൻ തിരുനെററിക്കനേരെ മൂന്നുനൂറായിരത്തമ്പത്തീരായിരംപ്രഭുംകോലത്തിരിയും കല്പിച്ചിട്ടില്ലാ എന്നു കേട്ടിരിക്കുന്നു.

End :

വെള്ളത്തേടനും വെളക്കത്തറവനും അല്ലാതെയവർ പരക്ക ഒന്നായി ചെകിക്ക ചെയ്യുതു വെള്ളത്തേടനും വിളക്കത്തറവനും ചെകിച്ച വരിയടങ്ങിട്ട പിന്നെ ആയ്യുഴത്തിൽ ചെകമരു പിന്നെ വേണുന്നതു അടത്തുഴി എഴുതുക രണ്ടു എഴുതുന്നതും നാലു എഴുതുന്നതും ആറോളം കണ്ടൊന്നുമുണ്ട്.

ഇതിൽ മലയാളത്തിലെ പ്രഭുക്കളായ വേണാട്ട് അടികൾ, കോലത്തിരി, സാമൂതിരി മുതലായവരുടെ ചില സമ്പ്രദായ വിശേഷങ്ങളെയും ചരിത്രത്തെയും മററും പ്രതിപാദിക്കുന്നു. അക്ഷരപ്പിഴകൾ ധാരാളമുണ്ട്.

No. 273. പ്രഭുചരിതം.

PRABHUCARITAM.

Fol. 3. Lines 9 on a page.

Begins on fol. 65 of the MS. described under No. 45.

Same work as the above.

No. 274. അക്കപടം.

AKKAPAṬAM.

Substance, paper. Size, $10\frac{3}{4} \times 10$ inches. Pages, 17. Lines, 20 on a page. Character, Malayalam. Condition, good. Appearance, new.

Complete.

Deals with mantras relating to black magic.

Beginning :

അക്കപടത്തിൻെറ പ്രകാരങ്ങൾ—പത്തിലെ അക്കം എഴുതി നാടൻ പുഴവും പച്ച മഞ്ഞളും കൂടി അരച്ച് മഷിതേച്ച കയ്യിലിരിക്ക. മററവൻ കണ്ടാൽ പിണങ്ങുകയില്ല.

End :

10-ലെ അക്കം പനയോലയിൽ എഴുതി തലയിണമേൽവെയ്ക്ക—സ്ത്രീയ്ക്ക പുരുഷൻ വശം

ഇതു ഒരു മന്ത്രവാദ ഗ്രന്ഥമാണ്. മാന്ത്രികന്മാർ രക്ഷക്കും മററും വേണ്ടി എഴുതി കൊടുക്കാറുള്ള ചില ചക്രങ്ങളും മററും ഇതിൽ കാണുന്നുണ്ട്.

No. 275. ഭാഷാമന്ത്രസാരം.

BHĀṢĀMANTRASĀRAM.

Substance, paper. Size, $10\frac{3}{4} \times 10$ inches. Pages, 108. Lines, 20 on a page. Character, Malayalam. Condition, good. Appearance, new.

Begins on page 9. The other work herein is Sāmudriha, 1.

Deals with some mantras.

Beginning :

വന്ദേവിഘ്നേശ്വരം വാണീം കൃഷ്ണം സർവ്വാത്മനാ ഭജെ.
ചിന്തയെ ചേതസി വ്യാസം ഋഷ്യശൃങ്ഗ ഗുരവോഹൃദി.
പരോപകാരമായിട്ടു് ഭാഷാമന്ത്രങ്ങളുള്ളതിൽ.
സാരമായുള്ള മന്ത്രങ്ങൾ ചിലതയേ്പാട്ടു ചൊല്ലിടാം.

End :

ഓം നമോ ഓം ഭഗവതോ ഓം സ്സും, സ്സും, രം, രം, ഹ്രീം, ഹ്രീം, ളും, ശ്ലോം, ക്ലീം, നിന്നാണപോക, എന്നാണപോക, എന്നേയും നിന്നേയും, വടത്തച്ചൻ ഒരുവനാണ തസ്സുരനാണ പോക, ഉദയ ശംഖ്യന്റെ നാഗമണി മുല്ലെക്കൽ പിറന്ന സുലൈമാൻ ഖേമാമ്പരാണ.

യശോദാനന്ദനഃ കൃഷ്ണോ, ഗോപസ്ത്രീ സുരതപ്രിയഃ.
നാരീതാപം കുസുമംഗൃഹ്ണൻ ഭൂർഭുവഃ സ്വവശംഭവേൽ.
വസ്ഥാണരസ്തു കലിഹാവര ദാതാകില.
ഭൃത്യസ്യ കൃത്താരിശ്ശുംസൻകാല ഹതിംപരഃ.

ഇതിൽ കാര്യസാധകങ്ങളായ പല മന്ത്രങ്ങളും അതിന്റെ അനുഷ്ഠാനക്രമങ്ങളും. ദേവത, ഛന്ദസ്സ് മുതലായതും വിസ്തരിച്ചു പറയുന്നു.—

No. 276. മന്ത്രവാദം.

MANTRAVĀDAM.

Substance, paper. Size, $10\frac{3}{4} \times 9\frac{5}{8}$ inches. Pages, 25. Lines, 20, on a page. Character, Malayalam. Condition, good. Appearance, new.

This work begins on a page 1-a. The other work herein is Keralāchāra in Sanskrit language 29-a.

Deals with mantras relating to black magic for the destruction of the enemy, for the purpose of winning over persons, etc.

Beginning :

ഒമ്പതു വിരൽ നീളത്തിൽ ഒരു കാഞ്ഞിരപ്പലക ചമച്ചു ചുടലക്കരികൊണ്ടു ഈ ചക്രം വരച്ചു മുക്കോണു കുഴികുഴിച്ചു പലകവെച്ചു പുവ്വംപഴത്തിൽ അവന്റെ നാളും പേരും അവന്റെ അടിയിൽ മണ്ണും കടുകും സർപ്പത്തിൻ വളയും പുവ്വംപഴത്തിൽ വെച്ചു മേമ്പടി പലകമേൽ വെക്കുക. അതിന്മീതെ കാഞ്ഞിരവിറകും കള്ളിവിറകു

ഏതുക്കിൻ വിറകും സമംകൂട്ടി തീപ്പിടിപ്പിച്ച നൂറെറൊന്നു കാഞ്ഞിരത്തിലകൊണ്ടു അവൻെറ പേരുചൊല്ലി ഹോമിക്ക. പിന്നെ മുഴക്ക ഗുരുസി പകരം ക ഇങ്ങിനെ രണ്ടു ദിവസം, മൂന്നാം ദിവസം തടിമരത്തിൽ കരിയും ഓട്ടും വെണ്ണീറും കൂട്ടി ഹോമിക്ക. പിന്നെ കാഞ്ഞിരത്തിലകൊണ്ടു മേൽപ്രകാരം ഹോമിക്ക. പിന്നെ നാളും പേരും നിറവും തൈവാട്ടു പേരും കൂട്ടി എഴുതി നശിച്ചു പോയ പുറത്തറയിന്മേൽ മുളച്ചു അപ്പു അരച്ചു മഷിയിട്ടു ഹോമിക്ക. പിന്നെ ഗുരുസി തപ്പിക്ക. അതാതണിഞ്ഞെടുത്ത വീട്ടിലും പടിക്കലും കുറെ സമുദ്രത്തിലും ഇടുക. എന്നാൽ സ്ത്രീയും പുരുഷനും തമ്മിൽ തല്ലി പിരിഞ്ഞുപോകും നിശ്ചയം.

End :

ഈ മന്ത്രം പതിനാറു ഉരുജപം കഴിച്ചു തൊണ്ണൂറു ദിവസം ജലസേവ ചെയ്ക തൊണ്ണൂറെറാന്നാം ദിവസം ഒരുകം ശുദ്ധിവരുത്തി ഒരു കെട്ടു വെററിലയും അടക്കയും ഒരു കണ്ണി ചക്കരയും മുഴക്ക ഒന്നങ്ങല്ലരിയും അവിലും കദളിപ്പഴവും ചാന്തും ചന്ദനവും വെച്ചു പൂജിക്ക. അന്നു അകത്തുകിടക്ക. നൂറെറട്ടുരു കണ്ണടച്ചിരുന്നു ജപിക്ക. എന്നാൽ കണ്ണ വിശാച പ്രത്യക്ഷമാകും. ഇതു കൈകണ്ട വിദ്യ. യെന്നാൽ സകല ലക്ഷണവും (പ) പറയാം. ഓം ഭദ്രകാളി നിന്നെ ഞാൻ പറിച്ചു സേവിക്കുംപോൾ നിയ്യെന്നെ കാത്തു രക്ഷിച്ചു ശ്രീ ഭദ്രകാളി ദാരുകനെ കൊന്നു ശ്രീകൈലാസം വലത്തുവെച്ചു ഭൂമിയാരത്തിൽ കൂടിയിരുന്നാരെപ്പോലെ എന്നുള്ളിൽവന്നു കുടിയിരുന്ന മാററാനേയും മറുതലയും ശത്രുക്കളെയും ദുഷ്ടഭൂതവും ദുഷ്ടമൂർത്തിയും വെട്ടി ഹരംചെയ്വാൻ ഭദ്രകാളിയെ സ്വാഹം. ഈ മന്ത്രം ശത്രുസംഹാരത്തിന്നു നാലുവിരൽ സമചതുരത്തിൽ ഒരു തകിട്ടിൽ എഴുതി പടിക്കൽ സ്ഥാപിക്ക ശത്രുക്കള.

ഈ ഗ്രന്ഥത്തിലും ആഭിചാരം, വശ്യം, കണ്ണയക്ഷീസേവ മുതലായ പ്രയോഗങ്ങളെ പ്രതിപാദിക്കുന്നു. ഗ്രന്ഥം അച്ചടിച്ചിട്ടില്ല. അക്ഷരപ്പിഴകളും ധാരാളമുണ്ട്.

No. 277. മന്ത്രവാദഗ്രന്ഥം.

MANTRAVĀDAGRANDHAM.

Fol. 126. Lines, 8 on a page.

Begins on fol. 72-a. of the MS. described under No. 173.

Beginning :

മലമകളൊടു കാനലിലാടിയൊടി വളന്നകാലം വളർ ചിടയൊൻ നെഴുന്നങ്കിടാവൊരനവടിവതാകും. വീരൽ വിലസി എഴുന്ന ഞാനവിളക്കിൻ മുമ്പിലോ ഞാൻസ്തുതിപ്പാൻ വിരവിൽ നല്ലൊരുതാളവു മൊത്തുവാടവല്ലൊൻകൾ ചെമ്മെ അലവൊടിയപ്പം നല്ല കരിമ്പു മുന്തിരിങ്ങാപ്പഴം പാലവ നല്ല കെരങ്ങൾകൊണ്ടു ഭോജനം ചെയ്യുമേമൽ നല മൊട്ടുവാഴും നാട്ടിനുമോക്ഷമതായ തൃക്കോയിൽ വാഴും നമനമനൻ ഗണശനു ഞാനതെന്നിതക്കൊ തൊഴുന്നേൻ. ❀.

End :

യദയി ത്രൈലോക്യമോഹിനി മഹാമായേ പശു ഒജനമനക്ഷാതിരകളിത്തി കുരു കുരു സ്വാഹാ ത്രൈലോക്യമോഹിനി ഇശ്ശക്രവും മന്ത്രവും സർവ്വ വശ്യം.

ഈ ഗ്രന്ഥത്തിൽ വശ്യം അടക്കം ആഭിചാരം മാരണം ദേവതയെതുള്ളിക്കുക മുതലായ പലവിധ മന്ത്രങ്ങളേയും ഔഷധങ്ങളേയും പ്രതിപാദിക്കുന്നുണ്ട്. ഇതിൽ അബദ്ധങ്ങൾ ധാരാളം കാണുന്നുണ്ട്. ഇതു കേരളത്തിൽ ഒരിടത്തും അച്ചടിച്ചു പ്രസിദ്ധം ചെയ്യിട്ടില്ല.

No. 278. മന്ത്രവാദചികിത്സ.

MANTRAVĀDACIKITSA.

Substance, paper. Size, $9\frac{3}{4} \times 10\frac{1}{2}$ inches. Pages 131. Lines, 20 on a page. Character, Malayalam. Condition, good. Appearance, new. Begins on a page 1-a. The other works herein are Mātamgalilāpraśika 133-a and Vaidyanighandu 164-a.

A miscellaneous work containing mantras for the destruction of the enemy, medical treatment of a cow, finding out the nature of the serpent, by observing the characteristics of the person, who brings the information of a snake-bite, etc.

Beginning :

മേടമാദി കളിരശഃ അകമെകന്നി പുറം ധനുമകരം തുലാം മിഥുനം അക്കത്തെ മീനമദ്ധ്യമാം പിന്നെവേണ്ടുംന്നാതി ചിങ്ങം വൃശ്ചികം മീനവും അകമെമിഥുനം പിന്നെ പുറമെ യിടവം കുംഭവും അകത്തെ ധനുവും നല്ലപുറത്തെ കന്നിയമദ്ധ്യമാം ഇങ്ങനെ അക്കമെഴുതും പ്രകാരം.

ശ്രീ ഖണ്ഡം വരച്ചു് അതിൽ മേടം തിടങ്ങീട്ടു് യെട്ടു് പിന്നത്തെ തട്ടും ചിങ്ങം തിടങ്ങീട്ട പുറത്തെ കന്നിയിലും യിട്ടും ശ്രീ. ധ. ൽ പകയൊഴിയും ധന്നൃ. ശ്രീയുണ്ടാം. ആകരി ഷണം ജയമുണ്ടാം വിഷം തീക്കാം ധവൃ. ആററിൽനീർവററിക്കാം വശ്യംസ്തംഭനം.

End :

ഈമന്ത്രം ആവോള ജെപിച്ചു കുറുഞ്ഞിയിൽ മരുന്നുനിറെക്ക കെട്ടും. മററൊന്നുമേൽക്കയില്ല. കരിന്തൊഴി പൂവെനെ ഇരിമ്പു തൊടാതെകൊന്ന ഇരവള്ളിയെടുത്ത അതിൽ കൊട്ടുവേലി വേർ കരെററി അച്ചോരയിൽ മുക്കിയുണക്കി നൂൽകൊണ്ടു ചുററി നിഴൽ തട്ടാതെ ഉണക്കി ശത്രുവിന്റെ സുരം കെട്ടൊടിക്ക ശത്രുവൊടിഞ്ഞു വീഴും. തീപ്പ്വാൻ നാല്പാമരം നാഴികക്കകത്തു ചെത്തിക്കൊണ്ടു പൊന്ന ദശപുഷ്പവും ഇവസമംകൊണ്ട മുന്നാഴി ഗോമൂത്രത്തിൽ പുഴുങ്ങി എടുത്ത ഗുളികൻനേരത്തരക്ക നിഴലുണക്കി നിഴൽ കാണുന്ന വെള്ളിലനീരിൽ അരച്ചതെക്കയും കുടിക്കയും ചെക. എന്നാൽ എല്ലാ ഒടിയും ശമിച്ചുപോം. പനിച്ച മെലിത്തുക്കണ്ണി ഭരണിനാൾ പറിച്ചു് വലത്തെ കൈമേൽ കെട്ടി കടത്തിൽ നിന്നാൽ ആളുമാറി കാണാം. കടൽ നാക്കും കുരുപ്പും മാനുഷന്റെ.

Colophon :

മന്ത്രവാദ ചികിത്സ.

ഈ ഗ്രന്ഥത്തിൽ ആകൎഷണം, ആഭിചാരം, ബാധയൊഴിക്കുക, ശത്രുമാരണം, വിഷഹരമായ മന്ത്രങ്ങൾ, ഔഷധങ്ങൾ, പശുചികിത്സ മുതലായ പല സംഗതികളും പ്രതിപാദിക്കുന്നു. ഇതിലെ ഭാഷ അതിപ്രാചീനമാകുന്നു. വിഷഹരമായ യോഗങ്ങൾ പദ്യത്തിലാണു് എഴുതീട്ടുള്ളതു്. ഇതിൽ ഭൂതലക്ഷണവും ഉണ്ടു്. ആകപ്പാടെ ഈ ഗ്രന്ഥം പലതും കൂട്ടിക്കലൎത്തി എഴുതീട്ടുള്ള ഒരു സംകീൎണ്ണ ഗ്രന്ഥമാകുന്നു. ഈ ഗ്രന്ഥം ഒരു ക്രമത്തെ അനുസരിച്ചു എഴുതിയതല്ല. മന്ത്രവാദ മദ്ധ്യത്തിൽ പശു ചികിത്സയും പശു ചികിത്സയിൽ വിഷ വൈദ്യവും മററും പ്രതിപാദിച്ചുകാണുന്നു. ഇതു അച്ചടിച്ചിട്ടില്ല.

No. 279. മഹാസാരം.

MAHĀSĀRAM.
(മന്ത്രാവലി)
(MANTRAVALI).

Substance, paper. Size, $10\frac{1}{2} \times 9\frac{1}{2}$ inches. Pages, 397. Lines, 20 on a page. Character, Malāyalam. Condition, good. Appearance, new. Deals with some mantras.

Beginning :

നമഃ ശിവായ നാരായണായ നമഃ. അച്ചുതായ നമഃ. അനന്തായ നമഃ അമൃതായ നമഃ ഗോവിന്ദായ നമഃ. ശ്രീ കൃഷ്ണായ നമഃ. വിഷ്ണവെ നമഃ.

നമഃശിവായശാന്തായ സഗുണായ സൂസൂനവെ
സനന്ദനെ സഗംഗായ സകൃഷ്ണായനമശ്ശിവാൽ.

നമശ്ശിവായ അച്ചുതായ ഹരായ അനന്തായ ശിവായ ഗോവിന്ദായ രുദ്രായ കേശവായ ശങ്കരായ നാരായണായ മഹേശ്വരായ മാധവായ ത്ര്യംബകായ ഗോവിന്ദായ ത്രിപുരാന്തകായ വിഷ്ണവെ മൃത്യുംജയായ മധുസൂദനായ മഹാദേവായ ത്രിവിക്രമായ ഗൌരീസഹായായ വാമനായ ഗംഗാധരായ ശ്രീധരായ ഗംഗാധരായ ചന്ദ്രശേഖരായ ഋഷീകേശായ ഉഗ്രായ പത്മനാഭായ ത്രിനേത്രധരായ ദാമോദരായ സാംബായ ശിവായ നമഃ ശിവായ.

End :

മൂലാധാരീ മഹാത്മീ ഹുതവഹസഹിതാ മൂലമന്ത്രീ ത്രിനേത്രീ
ഹാരാകേയൂരവല്ലീ അഖിലഗുണനിധീ അംബികായീ ശിവായീ.
വേദീവേദാന്തസാരീ വിബുധസുഖകരീ സുന്ദരീ, സൌഃ നമസ്തെ.

യാദൃശം പുസ്തകം ദൃഷ്ടം താദൃശം ലിഖിതം മയാ
സന്തഃസമീക്ഷ്യ ഗൃഹ്ണന്തു ഗുണംവാ ദോഷമേവവാ.
ഘോരാം ഘോരാട്ടഹാസാം കരകലിതകപാലാസിരൌദ്രാം ത്രിനേത്രാം
ശത്രൂണാം പ്രാണഹന്ത്രീം ശിശുശശിമകുടെ ഭാവയെ ഭദ്രകാളീം.
ഐം ക്ലീം സൌഃ ഹ്രീം സൌ ഹ്രീം ക്ലീം ഹ്രീം ഐം ഹ്രീം
ഭദ്രകാള്യൈ നമഃ

ശ്രീ ബീജമായാ സ്മരയോനി ശക്തിഃ
താരഞ്ചമായാ കമലാ ച വിദ്യാ
ശക്രാനി ബീജാനി വിലോമിതാനി
ശ്രീഷോഡശാൎണ്ണാ പരദേവതായാഃ

ഇതു മഹാ ഷോഡശി.

അനവധി മന്ത്രശാസ്ത്ര ഗ്രന്ഥങ്ങളിലുള്ള മന്ത്രങ്ങളുടെ ഒരു സകലനമാണ് പ്രസ്തുത ഗ്രന്ഥം. ഈ മന്ത്രങ്ങൾ മന്ത്രവാദ ചികിത്സക്കും ദേവതാ സേവനത്തിന്നും ഉപയോഗപ്പെടുന്നവയാണ്. വിഷയക്രമീകരണം ഈ ഗ്രന്ഥത്തിലില്ല. മന്ത്രങ്ങളുടെ വിനിയോഗം കരാദിന്യാസം മുതലായതും ഈ ഗ്രന്ഥത്തിൽ പ്രതിപാദിക്കുന്നുണ്ട്.

അനവധി ചക്രങ്ങളുടെ സ്വരൂപങ്ങളും ലക്ഷണങ്ങളും ഈ ഗ്രന്ഥത്തിലുണ്ട്. ഇതിൽ 1-മുതൽ 132-ാം ഭാഗംവരെ മററു പല ചികിത്സകളും ചില ഔഷധയോഗങ്ങളും പറയുന്നുണ്ട്.

No. 280. യുദ്ധമന്ത്രം.

YUDDHAMANTRAM.

Substance, paper. Size, $10\frac{3}{4} \times 9\frac{1}{2}$ inches. Pages, 9. Lines, 20 on a page. Character, Malayalam. Condition, good. Appearance, new. Complete.

Begins on a page 7-*a*. The other works herein are Verumkaipituttam 1-*a* and Āyudhalakṣanam 16-*a*.

Deals with the "mantras" to be recited at the time of departure for battle, and at the time of directing arrows towards the enemy. The name of the author is not known.

Beginning :

ഓം കിഴക്കു മഹേന്ദ്ര പൎവ്വതത്തിന്മേൽ വെൺമുത്തുതാ പടത്തിന്മേൽ പുലിത്തോൽ വിരിച്ച തപസ്സു ചെയ്യുന്ന ശ്രീപരശുരാമൻ ഞാനാക ധ്യാനിച്ചേൻ. വില്ല യമരാജനാക ധ്യാനിച്ചേൻ, അമ്പു യമദൂതനാകധ്യാനിച്ചേൻ, ഞാണ് കാലചക്രമാക ധ്യാനിച്ചേൻ, കച്ചുരടു കാലപാശമാക ധ്യാനിച്ചേൻ, ചവിട്ടിനിന്ന നിലം ബ്രഹ്മദണ്ഡാക ധ്യാനിച്ചേൻ, എന്റെ പ്രതിയോഗി സ്ഥാനത്തു നില്ക്കുന്ന മാററാനെ ഞാനടിയിന്നു മുടിയോളം ഉഴിഞ്ഞു മുറുക്കകെട്ടി എന്നാചാൎയ്യൻ ചൊല്ലിയലാക്ക ഇവന്റെ മാറിടമാക ധ്യാനിച്ചേൻ, ഹ്രുംഫട് സ്വാഹാ—ഇത പരശുരാമധ്യാനം.—

End :

ഭഗവാനെ ഞാൻ പ്രയോഗിക്കുന്ന അസ്ത്രം പ്രയോഗങ്ങൾ ഒന്നു, നൂറു, ആയിരമായി ഫലിക്കപ്പെട്ടു ഞാൻ നിരൂപിച്ച ലാക്കാകവെളിച്ച തൃക്കയ്യിൽ ഇരുന്നവരാമൃതകൊണ്ടു മുടിയിന്നടിയോളം അഭിഷേകത്തെച്ചെയ്യുവരേണം. ക്ഷിപ്രപ്രസാദിയായൊരു ശ്രീ മഹാഗണപതി ഭഗവാനെ നമസ്കാരം നമസ്കാരം, നമസ്കാരം വില്ലുമമ്പും പൂജിക്കുമ്പോൾ ഇതുചൊല്ലി പൂജകഴിപ്പാൻ.

Colophon :

ഗണപതി മന്ത്രസാരം രഹസ്യം.

ഇതി യുദ്ധമന്ത്രം അഥവാ അസ്ത്രവിദ്യാസമാപ്തം.

യുദ്ധമന്ത്രം എന്ന ഈ ഗ്രന്ഥത്തിൽ ശൂരന്മാർ യുദ്ധത്തിന്നു പുറപ്പെടുമ്പോൾ ധ്യാനിക്കേണ്ടതായ മന്ത്രങ്ങൾ, അസ്ത്രപ്രയോഗാവസരത്തിൽ ധ്യാനിക്കേണ്ട മന്ത്രങ്ങൾ മുതലായവയെ പ്രതിപാദിക്കുന്നു — ഇതും അച്ചടിച്ചിട്ടുള്ളതായി കേട്ടിട്ടില്ല.

No. 281. വശ്യപ്രയോഗം.

VAŚYAPRAYŌGAM.

Pages, 16. Lines, 20 on page.

Begins on page 1 of the MS. described under No. 49.

Deals with mantras relating to black magic for the destruction of the enemy for the purpose of winning over persons, etc.

Beginning :

ശിവമൂഴിവാൻ തുടങ്ങുമ്പോഴെത്തന്നെ താൻ ഭജിക്കിൻറ മൂൎത്തി എൻറ കല്പിച്ചു കൊൾക. പിന്നെ കാലു കഴുകി ഗുരുവന്ദനം ചെയ്തു ഭൂതസംഹാരം ചെയ്തു ആവാഹിച്ചു തലിവ്യക്ഷരം ചെയ്തു മൂലം ജപിപ്പു ശ്രീ പഞ്ചാക്ഷരി താൻ ഭജിക്കിൻെറ മൂൎത്തിയയും ജപിപ്പു.

പിന്നെ ശംഖ പൂരണം ചെയ്തു ആത്മാരാധനം ചെയ്തു കുറിയിട്ടു പുഷ്പാംജലി ചെയ്തു മൂലം ജപിപ്പൂ. മെഴുതിരി വിളക്കും ഗണപതിയും ശിവവും വച്ചു പ്രതികൃത്ത വടക്കെപ്പുറ ശൈവപൂജ ചെയ്തു വടക്കെ പുറത്തു വെച്ചുകരിയും പൊരിയും ഹവിസ്സും നിണവും രക്തവും എല്ലാം പടക്കെ പുറത്തു വച്ചുകൊണ്ടു ശൈവപൂജ ചെയ്തു ഗണപതിന്നിവേദിച്ചു ശിവത്തിന്നും പ്രതികൃത്തിന്നും കോൽതിരികത്തി മൂൎത്തികല്പിച്ചു ആവാഹിച്ചു ന്യാസം ചെയ്തു ശിവന്നു ആവരണ പൂജചെയ്തു നിവേദിച്ചു പുഷ്പാംജലിചെയ്തു ബ്രഹ്മപൂൎണ്ണം ചെയ്തു രക്ഷയും ചെയ്യുക.

End :

ചാരവളെയൻ പാറ പെഴവളെയൻ കണ്ടികണ്ടിചെ വരപ്പാഹി പരപ്പ-1. അകചാസപ്പവും പാപ്പ അകവരി കപ്പായം പുറവരിക്കപ്പായം എന്നി ചൊല്ലപ്പെട്ട നാലുനാം കനാംപ്പുളു നൂറായിരം കൊടി ചിലന്തിക്കരു പാദന്തിക്കരു പാദംകിലും വെ—1 കെട്ട ഇടകെലതാ-1. കെട്ട പോക. കൊടിയ വിഷം കൊണ്ടരിയിപ്പ.

കലയാനകൊണ്ടകതിപ്പെൽ പേരാംവെപത കണ്ടമെവും പുത്തിരഞ്ഞി എണ അവുണഞ്ഞിയലെപ്പൊലെ അവണഞ്ഞി പൊകഎ— ഇരുവിനാണ ഹവാഗ്ദതകരുവിനു കരപ്പനും ഇതുവാം ഓം ശ്രീം ഹ്റ്റീം ചക്ഷുദോഷം നാശയനാശയ. അനുഗ്രഹ, മഥ, മഥ, ജിഹ്വാ പിശാചീ മുത്സാദയ മഥ മഥ ശഹശഹഹ്ഹും സ്വാഹാ—.

Colophon :

ഇതു ജിഹ്വാദോഷത്തിന്നു.

ഈ ഗ്രന്ഥത്തിലും വശ്യം ആകൎഷണം, ആഭിചാരം, മുതലായ പല ദുൎമ്മാന്ത്രിക പ്രയോഗങ്ങളേയും പ്രതിപാദിക്കുന്നു. ഗ്രന്ഥത്തിൽ അക്ഷരവീഴ്ചകൾ ധാരാളമുണ്ട്.

No. 282. വശ്യാകർഷണാദിപ്രയോഗം.

VAŚYĀKARṢAṆĀDIPRAYŌGAM.

Pages, 45. Lines, 20 on a page.

Begins on page 87 of the MS. described under No. 65.

Deals with "mantras" relating to black magic for the destruction of the enemy for the purpose of winning over persons, etc.

Beginning :

തംയസ്യഗേഹെസവൈ്വ സവൈ്വശ്ശീഘ്ര മുച്ചാട്യതെ ഗൃഹാൽ.
ഓം നമോ ഭഗാ'തീ കുരുകുരു സ്വാഹ.
നിംബകീലക മദായാം നിഖനേൽ സപ്തമന്ത്രിതം
യസ്യഗേഹെ സവൈശത്രുശ്ശീഘ്ര മുച്ചാടിതോഭവേൽ.
ഓംനമോ ഭഗവതീ കാമരൂ..ിണീ സ്വാഹ.
ശിവാലയാൽ ഭൗമവരെ ആദായ ചതുരിഷ്ടികാംഃ.
പ്രത്യേക പ്രതികോണെതുനിഖനേൽ ശത്രുമന്ദിരെ.
നിഖനേ—ത്തൽഗൃഹ—ദ്വാരെ
അധോ പുഷ്പ്പീംസചന്ദനാം.
സപ്തരാത്രാന്നസംദേഹോ.
മഹദുച്ചാടനം ഭവേൽ
ഓം നമൊ ഭഗവതെ ഒസ്സാമരേശ്വരായ വായുരൂപായ
ബ്വല്വ ബ്വല്വറഃ റഃ—1.
ഗുഞ്ജാമൂലം ഗൃഹദ്വാരെ നിഖന്യോച്ചാടനം ഭവേൽ.
തൈലെവമൂലനക്ഷത്രെ ന്യസ്തംഖാദിരബധ്നകം.

End :

ലക്ഷത്രയം തതസ്സിദ്ധാദേവീസ്യാദ്വടയക്ഷിണീ.
വസ്ത്രാലങ്കരണം ദിവ്യം രസസിദ്ധിം രസായനഃ
ദിവ്യാഞ്ജനം ചസാതുസംഷ്ടാധകായ പ്രയച്ഛതി
ഓംഹ്രീം വടവാസിനീയക്ഷ കലപ്രസൂതെ വടയ
ക്ഷിണീ ഏഹ്യേഹി സ്വാഹാഃ വടവൃക്ഷം
വടവൃക്ഷം സമാരുഹ്യ ലക്ഷമേകം മനുംജപേൽ
തതഃസപ്താഭിമന്ത്രേണ കാഞ്ചികൈഃക്ഷാളയെന്മുഖം
യാമദ്വയം ജപേദാത്രൌവരം യച്ഛതിയക്ഷിണീ
രസംരസായനം ദിവ്യംക്ഷുദ്രകമ്മമനേകധാ.
സിദ്ധാനി സർവ്വകാർയ്യാണി നാന്യഥാശം കരോദിതം.
ഓന്നമത്ത്രന്ദ്രാസ്യാംവെകർണ്ണാകർണ്ണകരണെ സ്വാഹാ.
1 ശ്രീ 1 ഹരിഃ. ശ്രീ.

Colophon :

സമാപ്തം.

ഈ ഗ്രന്ഥത്തിൽ വശ്യം, ആകർഷണം മുതലായ പ്രയോഗങ്ങളേയും വടയക്ഷി മുതലായ ദേവതകളുടെ സേവാക്രമങ്ങളേയും പ്രതിപാദിക്കുന്നു.

No. 283. അക്കങ്ങൾ.

AKKAṆṆAL.

Pages, 2. Lines, 20 on a page.

Incomplete.

Begins on page 69 of the MS. described under No. 260.

On the Numeral Figures used in *Kēraḷa*.

Beginning :

൧. ൨. ൩. ൪. ൫. ൬. ൭., etc.,

ഇതിൽ മലയാളത്തിലെ അക്കങ്ങളെ എഴുതിയിരിക്കുന്നു. എന്നാൽ ഇതു് അപൂൎണ്ണമാകുന്നു. —

No. 284. അക്കങ്ങൾ.

AKKAṆṆAL.

Substance, palm-leaf. Size, 12 × $1\frac{1}{4}$ inches. Fol. 2. Lines 3 on a page. Character, Malayalam. Condition, injured. Appearance, old.

Begins on fol. 1 (*a*). The other works herein are Adhārappakarppukal, fol. 3-a. Kīrthanaṅṅal, fol. 5 a.

Same work as the above.

No. 285. ആധാരപ്പകൎപ്പുകൾ.

ĀDHĀRAPPAKARPPUKAL.

Fol. 4. Lines, 4 on a page.

Begins on fol. 3 a of the MS. described under No. 284.

A copy of a Malayālam document.

ഇതു പ്രാചീനകാലങ്ങളിൽ ഉണ്ടായിരുന്ന ആധാരങ്ങളുടെ ഒരു പകൎപ്പാണു്.

No. 286. ആയുധലക്ഷണം.

ĀYUDHALAKṢAṆAM.

Pages, 13. Lines, 20 on a page.

New.

Complete.

Begins on page 16 of the MS. described under No. 280.

Explains the astrological results to be inferred from the peculiarities of appearance, etc., of messengers and weapons in times of war.

Beginning :

അമ്പിളിത്തെല്ലു ചൂടുന്ന തമ്പുരാനെ വണങ്ങിഞാൻ
അമ്പിനോടു ഗണേശനും വാണിയും കടൽവർണ്ണനും
ഇമ്പമോടുതുണക്കേണം ചൊല്ലാനായുധലക്ഷണം
ആരാനുംകേട്ടു നില്ക്കുന്നോരായുധത്തിൻ ഫലങ്ങളെ.
വാളും, പരിച, കട്ടാരം ഉറയിലിട്ടങ്ങിരിക്കിലും.
ഊനം ചൊല്ലുമുൽപ്പാട്ട് സ്ഥാനം തൊട്ടതുകണ്ടത്.
ഭൂതൻതന്നുടെയംഗത്തെ പന്തിരണ്ടംഗമാക്കുക
ആയുധത്തിന്നു മംഗങ്ങളിങ്ങിനെ കണ്ടുകൊള്ളുക.

End :

വർണ്ണംപകർന്നു ചൊല്ലേണം നിർണ്ണയം വാക്കുലക്ഷണം
സിംഹക്കരണമാകുമ്പോൾ കലസിച്ചരിയകലം.
കരണം പുലിവന്നാകിൽ ഫലമില്ലതിനൊട്ടുമെ.
പശുവാകിൽ വഴക്കുതെൻവശ മേക്കുതസവാൻ
കഴുതക്കരണം.

Colophon :

ഇതി ആയുധലക്ഷണം.

ഇതിൽ യുദ്ധാവസരങ്ങളിൽ ആയുധങ്ങളെ ഓരോ സ്ഥാനങ്ങളിൽ ആദ്യം തൊട്ടാലുള്ള ഫലങ്ങളേയും ആഭൂതനായ ഭൂതലക്ഷണങ്ങളെയും അതിന്റെ ഫലങ്ങളെയും മററും പ്രതിപാദിക്കുന്നു.

No. 287. ഉദ്യോഗസംജ്ഞാരോപാദികൾ.

UDYŌGASAMJÑĀRŌPĀDIKAL.

Substance, paper. Size, $10\frac{3}{4} \times 10$ inches. Pages, 154. Lines, 20 on a page. Character, Malayalam. Condition, good. Appearance new.

Complete.

On certain offices, their powers, certain rules relating to printing, etc.

Beginning :

കിരിസ്തു ഉണ്ടായ ൧൮൭൩-ാമതിൽ ആ മ(റ)ാമത് റികിലേശൻ. ഈ രാജ്യസ്ഥരായ കമീശന്മാരുടെ ഉദ്യോഗത്തെക്കൊണ്ടു ഇതിന്നുമുമ്പെ ഉണ്ടാക്കിയ നിശ്ചയങ്ങളേയും ചേൎത്ത ഒരു നിശ്ചയമായി നിശ്ചയിക്കുന്നതിന്നായും അവർ വ്യവഹാര വിസ്താരം ചെയ്യുന്നതിലും വിധിക്കുന്നതിലും ആയവരെ അധികാരത്തെ വേർപെടുത്തെ വേർപെടുത്തേണ്ടതിന്നായും അധികാരപ്പെടുത്തേണ്ടതിന്നായും ആയവൎക്കു താലൂക്കു മുനിസിപ്പുകളെ പറയുന്ന പേരുകൊടുത്തു ഇനിയും ചില കാൎയ്യങ്ങളെ പുതുതായി അധികാരപ്പെടുത്തി നടത്തിക്കുംപ്രകാരം അധികാരത്തെ കൊടുക്കുന്നതിന്നായും.

End :

രണ്ടാമതു് കലക്ടർ തങ്ങൾതങ്ങളുടെ ജില്ലാകോട്ടുകൾക്കു ഉൾപ്പെട്ട തറ മുൻസിപ്പുകൾക്കു് സഹായമായി അതാതു തറ മേനോന്റ് മുഖേക്കടലാസ്സു്, മുഖ ഓല, അതാതു വിവര

മായി ഇത്രവില എന്നും മേല്പറഞ്ഞ മുക്കോടലാസ്സിന്നു മുഴ കാലെക്കും വില മേടിക്കേണ്ട തിന്നും ഇത്രാം തിയ്യതിയിൽ നിശ്ചയിച്ചു എന്നും വിവരമായി ഒരു കണക്കു എഴുതിക്കൊടുക്കുകയും വേണം.

ഇതിൽ ആംഗ്ലേയഭരണം നടപ്പിൽ വന്നതിന്നശേഷം ഉണ്ടായിട്ടുള്ള ചില ഉദ്യോഗങ്ങൾ, ഉദ്യോഗസ്ഥന്മാർ, അവരുടെ പ്രവൃത്തി, വ്യവഹാരം മുതലായതിനെ വിവരിച്ചു പറയുന്നു. ഈ ഗ്രന്ഥം ഇതേ രൂപത്തിൽ അച്ചടിച്ചിട്ടില്ല.

No. 288. ഉപായതന്ത്രബലം.

UPĀYATANTRABALAM.

Pages, 2. Lines, 20 on page.

Begins on page 22 of the MS. described under No. 61.

Narrates how the Rāja of Calicut (*Kolikkōṭṭurāja*) and the *Kolattiri-rāja* tested the intelligence of each other, and how the former came out successful in the test.

Beginning :

892-ാം വൎഷം കന്നിമാസം 20-ാംനു മലയാളം കോഴിക്കോട്ടു രാജാവിന്നും തലശ്ശേരി ചേൎന്ന കോലത്തിരി രാജാവിന്നുംകൂടി നടന്ന ഉപായതന്ത്രബലാബല യുദ്ധചരിത്രം. ആദ്യം കോലത്തിരിരാജാവു് ഒരു പെരിയപെട്ടിക്കുള്ളിൽ അനേകം തന്ത്രബാണങ്ങളും തന്ത്രവെടികളും എന്ത്രവഴിയായി വെച്ചു ആ പെട്ടി തുറക്കുമ്പോൾ അവ എല്ലാററിന്നും തീപററി മനുഷ്യന്മാരുടെ മുറിപെടുംപ്രകാരം വെച്ചുപൂട്ടി വളരെ ആളുകളെക്കൊണ്ടു എടുപ്പിച്ചു കോഴിക്കോട്ടുരാജാമന്ത്രിസേനാസമൂഹത്തിലേക്കു കൊടുത്തയപ്പാൻ.

End :

ആ രാജാക്കന്മാരുടെ കുടുംബക്കാരുതമ്മിൽകൂടി ഒന്നൊരുമധിശപാസം നടപ്പില്ല. അതു മുതൽ ഇതുവരെയും ഒരു ഉപായബലാബല പരീക്ഷയും ഇല്ല. 994-ാം വൎഷം മുതൽ 1008-ാം വൎഷംവരേയും മലയാളത്തിൽ.—

ഇതിൽ കോഴിക്കോട്ടു രാജാവും കോലത്തിരിരാജാവും തമ്മിൽ നടന്ന ഒരു ഉപായബലാബല പരീക്ഷയാണു് പറയുന്നതു്. ഗ്രന്ഥം അച്ചടിച്ചിട്ടില്ല.

No. 289. ഉപായതന്ത്രബലം.

UPĀYATANTRABALAM.

Fol. 2. Lines, 10 on a page.

Begins on fol. 39 (*a*) of the MS. described under No. 265.

Same work as the above.

No. 290. ഒററക്കോൽ പിടുത്തം.

OTTAKKŌLPIḌUTTAM.

Substance, paper. Size, $10\frac{3}{4} \times 10$ inches. Pages, 12. Lines, 20 on page. Character, Malayalam. Condition, good. Appearance, new.

Complete.

On Fencing with a stick.

Beginning :

ധനുസ്സ്പ്രമാണമായിരിക്കും ഒററക്കോലിൽ പ്രയോഗത്തിൻെറ ക്രമം.—ആദി. കുട്ടിത്തൊഴുതു കമ്പിട്ടു മുന്നിട്ടു കെട്ടിത്തൊഴുതു ഒത്തിപ്പൊങ്ങി വലത്തു ചവിട്ടി വലത്തെ ടുത്തുകെട്ടി പകരിതിരിഞ്ഞു പൊങ്ങി യടത്തേതിൽ താണ് എടത്തെ ചുമല്ക്കുവലത്തേതു വെച്ചു ടെ ട്ടുതട്ടുവാങ്ങി.

End :

ഈ നീട്ട് മൂന്നും കോൽ പഴുതു നോക്കി നീട്ടിക്കൊൾക. നീട്ടുകളിലും വെട്ടുകളിലും തട്ടുകളിലും മുതിവന്നുപോകും നിശ്ചയം. ഇതു സമ്പ്രദായങ്ങളിൽ അല്ലാതെ പലക്കും കാണിച്ചുകൊടുക്കയും അരുത്. ഇത് കൈകണ്ട വിദ്യ. പിഴക്കയില്ല നിശ്ചയം. ഗുരു പാദം തന്നെ പ്രമാണം.

Colophon :

ഇതി ഒററക്കോൽ പിടിത്തം സമാപ്തം.

ഇതിൽ ഒററക്കോൽകൊണ്ടു അഭ്യാസികൾ ചെയ്യുവരുന്ന തട്ട്, തട, മുതലായ ക്രമങ്ങളെ പറയുന്നു. ഇവക അഭ്യാസങ്ങൾ ഇന്നും കേരളത്തിൽ പലേടങ്ങളിലും നടപ്പുണ്ട്.

No. 291. കണക്കുസാരം.

KAṆAKKUSĀRAM.

Substance, palm-leaf. Size, $5\frac{1}{2} \times 1\frac{1}{2}$ inches. Foll. 77. Lines, 9 on a page. Character, Malayalam. Condition, good. Appearance, new.

A treatise on Arithmetic.

Beginning :

ഏണാങ്കശേഖരസുതം ഗണനാഥമേററം
വന്ദിച്ചുവാണിയെ വണങ്ങി ഹരിംഗുരും ച. |
നാനാമുനീൻ തൊഴുതുകൊണ്ടു കണക്കുസാരം
നേരെ ചമപ്പതിനു സാംപ്രതമാരഭേഞാൻ. ||
ലീലാവതീ മുഖികണക്കധികാരവും ക -
ണ്ടേന്നോടു മൽഗുരു പറഞ്ഞതുമോർത്തുകൊണ്ട്.
ബാലപ്രബോധകരണായ മണിപ്രവാളൈ -
രക്ഷരംമയാല്പഹൃദയേന കണക്കുസാരം.

End :

ഇതയെല്ലാം തങ്ങളിൽ കൂട്ടിയാൽ 9. പണമുണ്ടെന്നറിക.

Colophon :

ഇതി കണക്കുസാരം സമാപ്തം.

ഇതിൽ പലതരത്തിലുള്ള കണക്കുകൾ പറയുന്നുണ്ട് ലീലാവതി, കണക്കധികാരം മുതലായ പല ഗ്രന്ഥങ്ങളേയും വായിച്ചുകൊണ്ടാണ് ഈ ഗ്രന്ഥത്തെ എഴുതുവാൻ തുടങ്ങുന്നതെന്നു ഗ്രന്ഥകർത്താവു ഇതിൽ പറയുന്നതിനാൽ ഇതൊരു വിശിഷ്ടഗ്രന്ഥമായി കണക്കാക്കാവുന്നതാണ്.

No. 292. കണക്കുസാരം.

KAṆAKKUSĀRAM.

Substance, palm-leaf. Size, $5\frac{3}{4} \times 1\frac{1}{4}$ inches. Foll. 149. Lines, 6 on a page. Character, Malayalam. Condition, good. Appearance, old.

Incomplete.

Two treatises on Ar;thmetic.

Beginning :

ഘനവും ഘനമൂലവും മിവ ചില്ലനങ്ങൾക്കുമുണ്ടു ചൊല്ലീട്ട്, ഇവററിനു പൊരുൾ ഒന്നിൻെറ കീഴുള്ള കണക്കു, മേലുള്ള കണക്കു, ഇടങ്ങഴിടെ കണക്കു, കാതത്തിൻെറ കണക്കു, കഴഞ്ചിൻെറ കണക്കു, കാലത്തിൻെറ കണക്കു, ത്രൈരാശികം കൊണ്ടുള്ളവ, പൊൻകണക്കു, മരക്കണക്കു.—

End :

അവററിൻെറ വെവ്വേറെയുള്ള നീളമൊക്കെ തങ്ങളിൽ കൂട്ടി ഒതുക്കിൻെറ സംഖ്യ കൊണ്ടു കിഴിച്ചാൽ നിരവുവരും. എടത്തിന്നു മീവണ്ണംതന്നെ ഒതുക്കിൻെറ വെവ്വേറെ ഉള്ള എടങ്ങളൊക്കെക്കൂട്ടി ഒതുക്കിൻെറ എണ്ണം. . . .

ഇതിലും പലതരത്തിലുള്ള കണക്കുകൾ പറയുന്നുണ്ട്. ഇതും ഇതേ രൂപത്തിൽ അച്ചടിച്ചിട്ടില്ല.

No. 293. കീർത്തനങ്ങൾ.

KĪRTANAṄGAL.

Pages, 6. Lines, 20 on a page.

Begins on page 71 of the MS. described under No. 2C0.

Songs set to Indian tunes, mostly in Sanskrit.

Beginning :

ഗംഗാധരപാഹിമാം ഗംഗാധര.
അംഗജമദഭംഗവിബുധ. . . .
. . . . വൃക്ഷതുംഗതുരഗ. .
. . . . . . ങ്ഗ. . .
കുമാരാംഗധൃതരഥാംഗ—ഗംഗാ—

End :

രുചിരവസന പുരുഹൂതതനുജ
മണിനികര ഖചിത രഥസൂത
സകലമുനി വന്ദിതപദ
കഞ്ജാതകാമതാതാബ്ജലോചനാ.

ഇതിൽ പല കീൎത്തനങ്ങളും അടങ്ങിയിരിക്കുന്നു. കീൎത്തനങ്ങൾ അധികവും സംസ്കൃത ഭാഷയാണു്. ഇതു അച്ചടിച്ചു പ്രസിദ്ധം ചെയ്യിട്ടുള്ളതാണു്. പ്രാരംഭത്തിൽ കുറച്ചു ഗ്രന്ഥപാഠം ഏറ്റപ്പെട്ടിട്ടുണ്ടു്.

No. 294. കീൎത്തനങ്ങൾ.

KĪRTANAṄGAL.

Foll. 3. Lines, 5 on a page.

Begins on fol. 5-*a* of the MS. described under No. 284.

Same work as the above.

No. 295. കൃഷിഗീത.

KṚṢIGĪTA.

Pages . Lines, 20 on a page.

Begins on page 33 of the MS. described under No. 45.

Contains information relating to the cultivation of the cocoanut-palm, cereals, etc.

Beginning :

രാമ രാമ ജയജയ ഭാൎഗ്ഗവരാമരാമ.
ജമദഗ്നി നന്ദനാ രാമരാമ
പരശ്ശധര വീര രാമരാമ
